# സമകാലിക മലയാളനോവലുകളിലെ പ്രവാസജീവിതാവിഷ്കാരങ്ങൾ – ഒരു സാംസ്കാരികപഠനം

**ജെയ്സി ഡേവിഡ്**

***കോഴിക്കോട് സർവ്വകലാശാലയിൽ മലയാളം ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി സമർപ്പിക്കുന്ന പ്രബന്ധം.***

***സംശോധിത പതിപ്പ്***

**മാർഗ്ഗദർശകൻ**

**ഡോ. എ.എൻ.കൃഷ്ണൻ**

**മലയാള വിഭാഗം**

ശ്രീ. കേരളവർമ്മ കോളേജ്

(കോഴിക്കോട് സർവ്വകലാശാല)

തൃശ്ശൂർ

ആഗസ്റ്റ് 2015

# Manifestation of Emigrants Life in Contemporary Malayalam Novels - A cultural study.

**JAISY DAVID**

*Thesis submitted to the University of Calicut for the Degree of Doctor of Philosophy in Malayalam*

*Corrected Copy*

**Supervising Teacher**

**Dr. A. N. Krishnan**

**Department of Malayalam**

SREE KERALA VARMA COLLEGE

(University of Calicut)

THRISSUR

August - 2015

ഡോ. എ.എൻ കൃഷ്ണൻ
മാർഗ്ഗദർശകൻ
അസ്സോസിയേറ്റ് പ്രൊഫസർ (റിട്ട.)
എൻ.എസ്.എസ്.കോളേജ്
ഒറ്റപ്പാലം
പാലക്കാട്, തൃശ്ശൂർ.

# സാക്ഷ്യപത്രം

എന്റെ കീഴിൽ "**സമകാലീക മലയാള നോവലുകളിലെ പ്രവാസ ജീവിതാവിഷ്കാരങ്ങൾ- ഒരു സാംസ്കാരിക പഠനം**" എന്ന വിഷയത്തിൽ ഗവേഷണം പൂർത്തിയാക്കിയ ജെയ്സി ഡേവിഡിന്റെ പ്രബന്ധം മൂല്യ നിർണ്ണയം ചെയ്ത എജ്യുഡിക്കേറ്റേഴ്സിന്റെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി തെറ്റുകൾ തിരുത്തിയ സംശോധിത പതിപ്പാണ് ഇതെന്ന് സാക്ഷ്യപ്പെടുത്തുന്നു.

തൃശ്ശൂർ

23-07-2016 ഡോ.എ.എൻ.കൃഷ്ണൻ

**Dr. A.N. Krishnan**
Supervising Teacher,
Associate Professor (Rtd.),
N.S.S. College,
Ottappalam.
Palakkad, Kerala.

# CERTIFICATE

This is to certify that the thesis entitled **"സമകാലിക മലയാള നോവലുകളിലെ പ്രവാസജീവിതാവിഷ്കാരങ്ങൾ - ഒരു സാംസ്കാരിക പഠനം"** submitted to University of Calicut for the fulfillment of the Degree of Doctorate of Philosophy in Malayalam is the original work carried out by Jaisy David carried out in the Department of Malayalam, Sree Kerala Varma College, Thrissur, under my supervision and that the thesis has not been previously submitted for the award of any Degree/ Diploma/ Fellowship or other similar titles and it has not been published so far either in full or part.

Thrissur

05.08.2015 Dr. A.N. Krishnan

**JAISY DAVID**
Research Scholar,
Depatment of Malayalam,
Sree Kerala Varma College,
Kanattukara P. O.
Thrissur, Kerala - 686011

# DECLARATION

I hereby declare that the thesis entitled **"സമകാലിക മലയാള നോവലുകളിലെ പ്രവാസജീവിതാവിഷ്കരണങ്ങൾ - ഒരു സാംസ്കാരിക പഠനം"** submitted to University of Calicut for the fullfillment of the Degree of Doctorate of Philosophy in malayalam is the original work carried out by me in the Department of Malayalam under the guidence of Dr. A. N. Krishnan, Supervising Teacher, Department of Malayalam, Sree Kerala Varma College, Thrissur - II and it has not formed the basis full or partial for the award of any Degree, Diploma or other similar titles earlier and no part of the thesis has been published or sent for publication at the time of submission.

Thrissur

05.08.2015 JAISY DAVID

**JAISY DAVID**

Research Scholar,
Department of Malayalam,
Sree Kerala Varma College,
Kanattukara P. O.
Thrissur, Kerala - 680 011

# CERTIFICATE

I hereby declare that the thesis entitled **"സമകാലിക മലയാള നോവലുകളിലെ പ്രവാസജീവിതാവിഷ്കാരങ്ങൾ - ഒരു സാംസ്കാരികപഠനം"** submitted to University of Calicut after a pre submission seminar conducted on 16.05.2015 at Sree Kerala Varma College, Thrissur. The suggetions from the pre submission committee are also incorporated in this thesis.

Thrissur

05.08.2015 JAISY DAVID

**JAISY DAVID**
Research Scholar,
Department of Malayalam,
Sree Kerala Varma College,
Kanattukara P. O.
Thrissur, Kerala - 680 011

# DECLARATION

I hereby declare that in my knowledge and wisdom the thesis entitled "**സമകാലിക മലയാള നോവലുകളിലെ പ്രവാസജീവിതാവിഷ്കാരങ്ങൾ- ഒരു സാംസ്കാരികപഠനം**" under the supervision and guidance of Dr. A.N. Krishnan, Department of Malayalam, Sree Kerala Varma College, Thrissur, is strictly has followed all kinds of criteria of plagiarism mentioned by University of Calicut. I also declare that the thesis has completed with my own efforts and it has not included any documents or part of it without clear reference.

Yours faithfully,

Thrissur

05.08.2015

JAISY DAVID

# കൃതജ്ഞത

പ്രബന്ധരചനയ്ക്ക് ആവശ്യമായ പ്രോത്സാഹനവും തിരുത്തലുകളും ക്രിയാത്മകനിർദ്ദേശങ്ങളും നൽകിയ എന്റെ മാർഗ്ഗദർശിയായ ഡോ. എ. എൻ. കൃഷ്ണൻ മാഷിന് വിനയപുരസ്സരം നന്ദി രേഖപ്പെടുത്തുന്നു. ഗവേഷണത്തിനു നിരന്തരം പ്രേരണചെലുത്തുകയും ഗവേഷണപാതയിലെ ഓരോ ഘട്ടത്തിലും സ്നേഹപൂർണ്ണമായ നിർദ്ദേശങ്ങളും പ്രോത്സാഹനവും നൽകിയ ഡോ. ഹേമ മാലിനി മിസ്സിനോടുള്ള നന്ദി വാക്കുകളിൽ ഒതുക്കാവുന്നതല്ല. അഭിമുഖ ത്തിനും ചർച്ചകൾക്കും സ്നേഹപൂർവ്വം തയ്യാറായ ഡോ. ഖദീജാ മുംതാസി നോടും ബെന്യാമിനോടും ഏറെ കടപ്പാടുണ്ട്.

ഈ കാലയളവിൽ ഗവേഷണത്തിനായി വേണ്ടത്ര സഹായങ്ങൾ ചെയ്തുതന്ന ശ്രീ. കേരളവർമ്മ കോളേജിലെ മലയാളവിഭാഗം മേധാവിക ളായിരുന്ന ഡോ. കെ. എൻ. അനിൽമാഷിനും ഡോ. കെ. കൃഷ്ണകുമാരി ടീച്ചർക്കും മറ്റ് അധ്യാപകർക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

ശ്രീ. കേരളവർമ്മ കോളേജ് ലൈബ്രറി, കേരളസാഹിത്യഅക്കാദമി ലൈബ്രറി, തൃശ്ശൂർ പബ്ലിക് ലൈബ്രറി, ശ്രീ. അപ്പൻതമ്പുരാൻ സ്മാരക ഗ്രന്ഥ ശേഖരം, അയ്യന്തോൾ അപ്പൻതമ്പുരാൻ സ്മാരകവായനശാല എന്നീ സ്ഥാപ നങ്ങളാണ് ഗവേഷണത്തിനായി പ്രധാനമായും ഉപയോഗിച്ചിരുന്നത്. ഈ സ്ഥാപനങ്ങളിലെ ജീവനക്കാരോട് പ്രത്യേകം കൃതജ്ഞത രേഖപ്പെടുത്തുന്നു. ഡി.ടി.പി. സഹായത്തിന് ആമിനയ്ക്കും ബുൾസ്.നെറ്റ് അധികൃതർക്കും നന്ദി.

ഗവേഷണത്തിന്റെ വിവിധഘട്ടങ്ങളിൽ സഹായിച്ച ഡോ. വി. ശോഭ, മിഥുൻ കെ. എസ്സ്, അമൃത ജോസ് എന്നിവരെ പ്രത്യേകം നന്ദിയോടെ സ്മരിക്കുന്നു. ഗവേഷണ കാലയളവിൽ പ്രോത്സാഹനവും പിന്തുണയും നൽകിയ കുടും ബാംഗങ്ങൾ, അയൽക്കാർ, സുഹൃത്തുക്കൾ എന്നിവരോടുള്ള നിസ്സീമമായ നന്ദി മനസ്സിൽ സൂക്ഷിക്കുന്നു.

**ജെയ്സി ഡേവിഡ്**

# ഉള്ളടക്കം

**ആമുഖം** **1–9**

**അദ്ധ്യായം 1** **10–29**

**പ്രവാസം – ചരിത്രം നിർവചനം വിശദീകരണം**

1. പ്രവാസം – നിർവചനങ്ങൾ

1.1 പ്രവാസത്തിന്റെ ചരിത്രം.

1.1.1 കേരളീയ പ്രവാസത്തിന്റെ ചരിത്രം

1.2 കേരളീയ പ്രവാസത്തിന്റെ സ്വഭാവം

1.2.1 ആഭ്യന്തര പ്രവാസം

1.2.2 ബാഹ്യാന്തര പ്രവാസം

1.3 പ്രവാസ കാരണങ്ങൾ

പിൻകുറിപ്പുകൾ

**അദ്ധ്യായം 2** **30–70**

**പ്രവാസം – സാമൂഹ്യ സാംസ്കാരിക പരിപ്രേക്ഷ്യത്തിൽ**

2 സംസ്കാരവും സംസ്കാര പഠനങ്ങളും

2.1 സംസ്കാര പഠനങ്ങൾ കേരളത്തിൽ

2.2 സംസ്കാര പഠനങ്ങളും പ്രവാസ ജീവിതവും

2.3 പ്രവാസികളുടെ സാംസ്കാരിക പ്രതിസന്ധികളും സമന്വയവും

2.3.1 പ്രവാസികളുടെ തൊഴിൽമേഖലകളും ആവാസവ്യവസ്ഥയും

2.3.2 പ്രവാസിസമൂഹം അനുഭവിക്കുന്ന അന്യവത്ക്കരണം

2.3.3 പ്രവാസിയുടെ ജീവിതക്രമത്തിൽ വന്ന പരിണാമങ്ങൾ

2.3.4 പ്രവാസിയുടെ ദേശീയത

2.4 പ്രവാസവും സാംസ്കാരികപരിണാമവും

2.4.1 ഭാഷ

2.4.2 മതം

2.4.3 ഭക്ഷണം

2.4.4 വസ്ത്രം

2.4.5 സാമ്പത്തികപരിണാമങ്ങളും അനന്തരഫലങ്ങളും

2.4.6 പാരിസ്ഥിതിക മുന്നേറ്റവും പ്രവാസികളും

2.5 ദ്വന്ദ്വസംസ്കൃതിയുടെ പ്രശ്നങ്ങൾ

പിൻകുറിപ്പുകൾ

**അദ്ധ്യായം 3** **71–85**

**പ്രവാസവും സാഹിത്യവും**

3 പ്രവാസത്തിന്റെ സൈദ്ധാന്തികതലം – വ്യത്യസ്ത സമീപനങ്ങൾ

3.1 പ്രവാസം മലയാള സാഹിത്യത്തിൽ

പിൻകുറിപ്പുകൾ

**അദ്ധ്യായം 4** **86–128**

**അറേബ്യൻ പ്രവാസികളുടെ ഭൗതികസാഹചര്യങ്ങളും അവ സൃഷ്ടിക്കുന്ന സംഘർഷങ്ങളും.**

4. ദേശമാറ്റം സൃഷ്ടിച്ച സംസ്കാരസംഘർഷങ്ങൾ

4.1 വ്യക്തിമനസ്സിലെ സംഘർഷങ്ങൾ നോവലുകളിൽ

4.2 പ്രവാസിയുടെ ഭൗതികസാഹചര്യങ്ങൾ

4.3 പ്രാകൃത ജീവിതക്രമങ്ങൾ

4.3.1 പ്രാഥമികാവശ്യങ്ങളുടെ നിരാസം

4.3.2 വിശപ്പും ദാഹവും തളർത്തുന്ന ജീവിതങ്ങൾ

4.3.3 പാർപ്പിടപ്രശ്നങ്ങൾ

4.3.4 വസ്ത്രത്തിന്റെയും മറ്റ് അടിസ്ഥാന ആവശ്യങ്ങളുടെയും നിരാസം

4.4 തൊഴിലും തൊഴിലിടങ്ങളിലെ പ്രശ്നങ്ങളും

4.4.1 ആടുജീവിതത്തിലെ തൊഴിലിടങ്ങൾ

4.4.1.1 മരുഭൂമിയിലെ ആട്ടിടയജീവിതം

4.4.2 'അറേബ്യയിലെ അടിമ'യിലെ തൊഴിലിടങ്ങൾ

4.4.3 'ഒരു തക്കാളികൃഷിക്കാരന്റെ സ്വപ്ന'ങ്ങളിലെ തൊഴിലിടങ്ങൾ

4.4.3.1 തക്കാളിതോട്ടത്തിലെ കൃഷിപണിയുടെ കാഠിന്യങ്ങൾ.

4.5 ഉടമകളും അടിമകളും

4.5.1 മാനസികവും ശാരീരികവുമായ പീഡനങ്ങൾ

4.5.1.1 നിർബന്ധിത തൊഴിലെടുപ്പ്

4.5.1.2 ലൈംഗിക പീഡനങ്ങൾ

4.6 പ്രവാസികൾ നേരിടുന്ന രാഷ്ട്രീയ സാഹചര്യങ്ങൾ

പിൻകുറിപ്പുകൾ

**അദ്ധ്യായം 5** **129–214**

**പ്രവാസിയുടെ ആന്തരിക സംഘർഷങ്ങൾ**

5 പ്രവാസിയുടെ ആന്തരിക സങ്കീർണ്ണതകൾ – വിശദീകരണം

5.1. ഭാഷ

5.1.1 ഭാഷയും സംസ്കാരവും

5.1.2 ഭാഷയും പ്രവാസിയും

5.1.3 ഭാഷാസംഘർഷങ്ങൾ – പ്രവാസകൃതികളിൽ

5.1.3.1 മാതൃഭാഷ ദേശനഷ്ടത്തെ പ്രതിരോധിക്കുന്നു.

5.1.3.2 അറേബ്യൻപ്രവാസികൾ നേരിടുന്ന ഭാഷാനഷ്ടം എന്ന പ്രതിസന്ധി

5.1.3.3 ബഹുസാംസ്കാരികത വഴിയായി സംഭവിക്കുന്ന ഭാഷാപരമായ സംഘർഷങ്ങൾ.

5.1.3.4 അതിജീവനഭാഷ(അറബി)യിൽ നിന്നും അന്യമാക്കപ്പെട്ട പ്രവാസിന്യൂനപക്ഷങ്ങളുടെ സംഘർഷങ്ങൾ

5.1.3.5 പ്രവാസികൾ അനുഭവിക്കുന്ന ഭാഷാപരമായ ദ്വന്ദ്വസംഘർഷം

5.2 മതം

5.2.1 മതവും പ്രവാസവും

5.2.2 മതം – പ്രവാസികളായ സ്ത്രീപുരുഷന്മാരിൽ ജനിപ്പിക്കുന്ന വൈരുദ്ധ്യങ്ങൾ

5.2.3 മതവും സ്ത്രീയും

5.2.4 മതവും രാഷ്ട്രസംവിധാനങ്ങളും

5.2.4.1 അറേബ്യൻ സാംസ്കാരികത – മതരാഷ്ട്രമെന്ന നിലയിൽ

5.2.4.2 ഇന്ത്യ – മതേതര രാഷ്ട്രമെന്ന നിലയിൽ

5.2.4.3 കേരളത്തിന്റെ മത–സാംസ്കാരിക പശ്ചാത്തലം

5.2.5 പ്രവാസിയുടെ മതസംഘർഷങ്ങൾ – ബർസയിൽ

5.2.5.1 സ്ത്രീപ്രവാസിക്ക് നേരിടേണ്ടി വന്ന മതരാഷ്ട്രത്തിന്റെ സങ്കീർണ്ണതകൾ

5.2.5.2 കേരളത്തിലെ മതപ്രവാസം

5.2.5.3 അറേബ്യൻ മതരാഷ്ട്രത്തിലെ പ്രവാസം

5.2.5.3.1 പ്രാദേശികതയെ ഇല്ലായ്മ ചെയ്ത മതരാഷ്ട്രം

5.2.5.3.2 സ്ത്രീസ്വത്വത്തെ പരിക്കേല്പിച്ച മതരാഷ്ട്രം

5.2.6 മതാവിഷ്കാരം ആടുജീവിതത്തിൽ

5.3 ഗൃഹാതുരത്വം

5.3.1 ഗൃഹാതുരതയും പ്രവാസിയും

5.3.2 ഗൃഹാതുരത നോവലുകളിൽ

5.3.2.1 ദേശവുമായി ബന്ധപ്പെട്ട പ്രവാസിയുടെ ഓർമ്മകൾ

5.3.2.2 വീടുമായി ബന്ധപ്പെട്ട ഓർമ്മകൾ

5.4 ലൈംഗികസംഘർഷങ്ങൾ

5.4.1 പ്രവാസിയുടെ ലൈംഗികസംഘർഷങ്ങൾ – നോവലുകളിൽ

5.5 അന്യവത്ക്കരണവും പ്രവാസികളും

5.5.1 പ്രവാസികളുടെ സാമ്പത്തികമായ അന്യവത്ക്കരണം

5.5.2 സാമ്പത്തികമായ അന്യവത്ക്കരണം – പ്രവാസ കൃതികളിൽ

5.5.2 പ്രവാസികളുടെ സാമൂഹികമായ അന്യവത്ക്കരണം

5.5.2.1 അടിമസ്വത്വം

5.5.2.2 പ്രവാസി നേരിട്ട ഏകാന്തത

5.5.3 രാഷ്ട്രീയമായ അന്യവത്ക്കരണം

പിൻകുറിപ്പുകൾ

**അദ്ധ്യായം 6** **215–244**

**പ്രവാസകാലത്തെ സാംസ്കാരിക സമന്വയപ്രക്രിയകൾ**

6 പ്രവാസം – സാംസ്കാരിക സമന്വയം

6.1 തൊഴിൽസാഹചര്യങ്ങളുമായി താദാത്മ്യപ്പെടുന്ന പ്രവാസിലോകം – നോവലുകളിൽ

6.2 ബഹുസാംസ്കാരികതയും പ്രവാസിയും

6.2.1 ബഹുസാംസ്കാരികത – പ്രവാസകൃതികളിൽ

6.2.1.1 ബഹുസാംസ്കാരികത വഴിയായി പ്രവാസികൾക്കു ലഭിച്ച വ്യത്യസ്ത സാംസ്കാരികാനുഭവങ്ങൾ

6.2.1.2 ബഹുസാംസ്കാരികത പ്രവാസിയിൽ സൃഷ്ടിച്ച സംഘർഷങ്ങൾ.

6.2.1.3 വ്യത്യസ്ത ദേശഭാഷാഭേദങ്ങൾക്കപ്പുറത്ത് സമാനമായ സംഘർഷങ്ങളെ നേരിടുന്ന ഒറ്റ പ്രവാസി സമൂഹം.

6.3 വേരുകളിലേക്കുള്ള പ്രവാസിയുടെ മടക്കം.

6.3.1 പ്രവാസിയുടെ നാട്ടിലേക്കുള്ള പിന്മടക്കം - നോവലുകളിൽ

6.3.2 പരിസ്ഥിതിബോധവും പ്രവാസികളും

പിൻകുറിപ്പുകൾ

**അദ്ധ്യായം 7** **245–256**

**ഉപസംഹാരം**

പിൻകുറിപ്പുകൾ

**ഗ്രന്ഥസൂചി** **257–269**

**അനുബന്ധം 1** **270–274**

ഖദീജാ മുംതാസുമായി നടത്തിയ അഭിമുഖം

**അനുബന്ധം 2** **275–282**

ബെന്യാമിനുമായി നടത്തിയ അഭിമുഖം

**അനുബന്ധം 3** **283–284**

ഗവേഷണപ്രബന്ധവുമായി ബന്ധപ്പെട്ട ലേഖനങ്ങളുടെയും പ്രബന്ധാവതരണങ്ങളുടെയും വിവരങ്ങൾ

# ആമുഖം

ദേശമാറ്റം വ്യക്തിയിൽ സൃഷ്ടിക്കുന്ന സവിശേഷമായ അവസ്ഥയാണ് പ്രവാസം. തന്നെ ആശ്രയിച്ച് നിൽക്കുന്നവർക്ക് മെച്ചപ്പെട്ട ജീവിതസൗകര്യങ്ങൾ നേടിക്കൊടുക്കാനായി വീടിനെയും പ്രിയപ്പെട്ടവരെയും ഉപേക്ഷിച്ച് പുറംനാടുകളിലെ പ്രതികൂല ഇടങ്ങളിൽ കഠിനമായി അധ്വാനിക്കാൻ വിധിക്കപ്പെട്ടവരാണ് പ്രവാസികൾ. ജന്മനാടിനേയും വീടിനെയും അവിടെനിന്നുമാത്രം ലഭ്യമാകുന്ന ഊഷ്മളമായ ജീവിതാവസ്ഥയെയും സ്വപ്നത്തിൽ സൂക്ഷിക്കുന്ന പാർശ്വവൽകൃത ന്യൂനപക്ഷമാണവർ. പട്ടിണിയകറ്റാൻ വേണ്ടി മാത്രം വീടുവിടേണ്ടിവന്ന സാധാരണക്കാരാണ് പ്രവാസികളിൽ ഭൂരിഭാഗവും. ദാരിദ്ര്യത്തിൽനിന്നും തൊഴിലില്ലായ്മയിൽ നിന്നും ഉടലെടുത്ത ദുരിതപൂർണ്ണമായ ജീവിതസാഹചര്യങ്ങളാണ് സമൂഹത്തിന്റെ താഴെത്തട്ടിലുള്ള ഭൂരിഭാഗം കേരളീയരെയും പ്രവാസികളാക്കിയത്. അന്യനാടുകളിൽ വിയർപ്പൊഴുക്കേണ്ടിവന്ന ഇക്കൂട്ടരിൽ സാമ്പത്തികമായി നേട്ടം കൈവരിച്ചവരെക്കാൾ കൂടുതലും ജീവിതം നഷ്ടപ്പെടുത്തിയവരാണ്. ഇവർക്ക് പ്രവാസദേശങ്ങളിൽ അനുഭവിക്കേണ്ടിവന്ന യാതനകളും ഒറ്റപ്പെടലും ഇന്നേറെ ചർച്ചചെയ്യപ്പെടുന്ന വിഷയമാണ്.

സമൂഹത്തിന്റെ പ്രതിഫലനമാണ് സാഹിത്യത്തിലും അനുഭവവേദ്യമാകുന്നത് ജന്മദേശത്തുനിന്നും താമസം മാറ്റേണ്ടി വരുന്ന മലയാളിയുടെ ജീവിതവും ഗൃഹാതുരത്വവും മറ്റു സാഹിത്യരൂപങ്ങളെക്കാൾ സൂക്ഷ്മവും സമഗ്രവുമായി ആവിഷ്കരിച്ചത് മലയാളനോവലുകളാണ്. പ്രവാസി ജീവിതങ്ങളുടെ അവതരണവും കാലങ്ങളിലൂടെ അതിനുവന്ന മാറ്റങ്ങളും മലയാളനോവലിന്റെ ആരംഭം മുതൽ പ്രധാന പ്രമേയമായി ആവിഷ്കരിക്കപ്പെട്ടു. ഗൾഫ്പ്രവാസം വർദ്ധിതമായതോടുകൂടി പ്രവാസികൾ നാട്ടിലേക്കൊഴുക്കിയ ഗൾഫ്

പണത്തിനുമപ്പുറത്ത് പുറംലോകം കാണാതെപ്പോയ അറേബ്യൻ പ്രവാസ ജീവിതത്തിന്റെ കഠിനതകളാണ് സമകാലിക മലയാളനോവലുകൾ ആവിഷ്കരിച്ചത്. സാഹിത്യപരമായ പൂർണ്ണതയ്ക്കപ്പുറത്ത് ഇത്തരം നോവലുകളുടെ പ്രധാനലക്ഷ്യം പ്രവാസിയുടെ ജീവിതാനുഭവങ്ങൾ പങ്കുവെയ്ക്കുക എന്നതായിരുന്നു. അതിനാൽതന്നെ സമകാലിക നോവലുകൾ ആവിഷ്കരിച്ച അറേബ്യൻ പ്രവാസത്തിന്റെ രാഷ്ട്രീയവും, സാമൂഹികവും, സാംസ്കാരികവുമായ അവതരണങ്ങളെ ഗൗരവത്തോടെ സമീപിക്കേണ്ടിയിരിക്കുന്നു.

## പ്രബന്ധതലക്കെട്ട്

'സമകാലിക മലയാള നോവലുകളിലെ പ്രവാസ ജീവിതാവിഷ്കാരങ്ങൾ - ഒരു സാംസ്കാരീക പഠനം' എന്നതാണ് പ്രബന്ധത്തിന്റെ തലക്കെട്ട്. സമകാലിക നോവലുകളിലെ അറേബ്യൻ പ്രവാസജീവിതാവിഷ്കാരങ്ങളെ സംസ്കാരപഠനരീതിയനുസരിച്ച് പരിശോധിച്ച് വിശകലനം ചെയ്യുകയാണ് ഉദ്ദേശിക്കുന്നത്.

## പഠനമേഖല

ഈ പ്രബന്ധപഠനത്തിനു അറേബ്യൻ പ്രവാസജീവിതത്തെ ആസ്പദിച്ചെഴുതിയ നാലു നോവലുകളാണ് തെരെഞ്ഞെടുത്തിരിക്കുന്നത്. ബെന്യാമിന്റെ ആടു ജീവിതം (2008) റഷീദ് പാറയ്ക്കലിന്റെ ഒരു തക്കാളി കൃഷിക്കാരന്റെ സ്വപ്നങ്ങൾ (2009), നിസാമുദ്ദീൻ റാവുത്തരുടെ അറേബ്യയിലെ അടിമ (2013), ഖദീജാ മുംതാസിന്റെ ബർസ (2007) എന്നീ നോവലുകളാണ് പ്രധാനമായും പഠനവിധേയമാക്കുന്നത്. പ്രബന്ധ വിഷയമാണ് നോവലുകളുടെ തെരെഞ്ഞെടുപ്പിന് മാനദണ്ഡമാക്കി യിരിക്കുന്നത്.

## പ്രസക്തിയും പ്രാധാന്യവും

ഇന്നേറെ പ്രാധാന്യമർഹിക്കുന്ന വിഷയമാണ് പ്രവാസം. ചരിത്രത്തിലെ കുടിയേറ്റങ്ങളുടെ ഫലമായുണ്ടായ സാംസ്കാരിക മാറ്റങ്ങളും, സാംസ്കാരിക വൈവിധ്യങ്ങളും ഇന്ന് സംസ്കാര പഠനങ്ങളിൽ നിർണ്ണായകമാണ്. മൂന്നാംലോകരാജ്യപ്രവാസികൾ മുതലാളിത്ത രാജ്യങ്ങളിൽ അനുഭവിക്കുന്ന പ്രശ്നങ്ങളെയും പ്രതിസന്ധികളെയും പ്രമേയമാക്കിയ കൃതികളെ പ്രവാസസിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ അപഗ്രഥിക്കുന്ന പഠനങ്ങൾ മലയാളത്തിൽ അധികവും നടന്നിട്ടില്ല. അറേബ്യൻനാടുകളിൽ മലയാളി പ്രവാസികൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന അടിമത്തസാഹചര്യങ്ങളും മനുഷ്യാവകാശപ്രശ്നങ്ങളും ഗൗരവമേറിയ പ്രമേയമായി ആവിഷ്കരിക്കപ്പെട്ട 'ആടുജീവിതം', 'ഒരു തക്കാളി കൃഷിക്കാരന്റെ സ്വപ്നങ്ങൾ', 'അറേബ്യയിലെ അടിമ' എന്നീ നോവലുകളെയും സ്ത്രീപ്രവാസത്തിന്റെ കഠിനതകളിലേക്കും സാംസ്കാരിക വൈരുദ്ധ്യങ്ങളിലേക്കും ആഴത്തിൽ ഇറങ്ങിച്ചെന്ന 'ബർസ' എന്ന നേവലിനേയും സാംസ്കാരിക പഠന, നിരൂപണ പദ്ധതിയിലൂന്നിക്കൊണ്ട് സൂക്ഷ്മവും സമഗ്രവുമായി അപഗ്രഥിച്ച പഠനങ്ങൾ നടന്നിട്ടില്ല. എന്നാൽ ഈ കൃതികളെ പ്രവാസത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിക്കൊണ്ട് പ്രവാസത്തിന്റെ വിവിധ വശങ്ങളെ വിഷയമാക്കിയുള്ള ചുരുക്കം ഗ്രന്ഥങ്ങളും ലേഖനങ്ങളും എഴുതപ്പെട്ടിട്ടുണ്ട്. സംസ്കാരപഠനത്തിന്റെയും സാമൂഹിക ശാസ്ത്രത്തിന്റെയും വെളിച്ചത്തിൽ മുതലാളിത്തരാജ്യങ്ങളിൽ പാർശ്വവത്കൃതരായ മൂന്നാംലോകരാജ്യപ്രവാസികളുടെ അന്യവത്കരണത്തെയും, ചൂഷണത്തെയും പഠനവിധേയമാക്കിക്കൊണ്ട് അവരുടെ നിലനില്പ്പിന്റെ പ്രശ്നങ്ങളെയും, സാംസ്കാരിക പ്രതിരോധങ്ങളെയും,

സാംസ്കാരിക സമന്വയപ്രക്രിയകളെയും വിശദമായി പഠിക്കുന്നതുവഴി അവർ അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്ന സവിശേഷ പ്രവാസ സാഹചര്യങ്ങളെ കണ്ടെത്താൻ സാധിക്കും. അതുകൊണ്ടുതന്നെ അറേബ്യൻ പ്രവാസ കൃതികൾ പ്രതിഫലിപ്പിക്കുന്ന ന്യൂനപക്ഷ സംസ്കാരത്തെ ആസ്പദമാക്കിയുള്ള ഈ പ്രബന്ധത്തിന് പ്രസക്തിയുണ്ട്.

## പൂർവ്വ പഠനങ്ങൾ

പാശ്ചാത്യരും പൗരസ്ത്യരുമായ നിരവധി പണ്ഡിതന്മാർ പ്രവാസമെന്ന ആഗോളപ്രതിഭാസത്തെ സൈദ്ധാന്തികമായി സമീപിച്ചിട്ടുണ്ട്. ഹോമി കെ ബാബയുടെ 'Location of Culture' (1994), ബ്രാ അവതാറിന്റെ 'Cartographies of Diaspora' contesting identities (1997), കോഹൻ റോബിന്റെ 'Global Diasporas' : An Introduction (1997) തുടങ്ങി നിരവധി കൃതികൾ പ്രവാസത്തിന്റെ സൈദ്ധാന്തിക വശങ്ങളെ വിശദീകരിക്കുന്നുണ്ട്. പ്രവാസസിദ്ധാന്തങ്ങളെ അടിസ്ഥാനമാക്കി സാഹിത്യകൃതികളെ അപഗ്രഥിക്കുന്ന പഠനങ്ങൾ മലയാളത്തിൽ വിരളമാണ്. വി. രാജകൃഷ്ണന്റെ 'ഭ്രഷ്ടിന്റെ നാനാർത്ഥങ്ങൾ' (1998) പ്രവാസത്തെ പ്രതിപാദിക്കുന്ന ഗ്രന്ഥമാണ്. ഇതിൽ നാടുകടത്തപ്പെട്ടവരുടെ ജീവിതവും ചരിത്രവും വിശദീകരിച്ച് സാഹിത്യകൃതികളെ അപഗ്രഥിച്ചിരിക്കുന്നു. ഡോ. വി. പ്രകാശ്ബാബുവിന്റെ 'പ്രവാസവും നോവലും' (2008) എന്ന ഗ്രന്ഥം നോവലിന്റെ ആരംഭംമുതൽ ആധുനിക നോവലുകൾ വരെയുള്ള എഴുത്തുകളിലെ പ്രവാസഘടകങ്ങളെ പ്രതിപാദിക്കുന്നു. ഉസ്മാൻ ഇരുമ്പുഴിയുടെ 'പ്രവാസത്തിന്റെ പുസ്തകം' (2001) എന്ന ഗ്രന്ഥം പ്രവാസം വഴിയായുണ്ടായ സാമൂഹിക മാറ്റങ്ങളെ അടയാളപ്പെടുത്തുന്നു. അറേബ്യൻ പ്രവാസ ജീവിതത്തെ അടിസ്ഥാനമാക്കുന്നതാണ് ഡോ.വി.ശോഭ

എഡിറ്ററായ 'വീടു മാറുന്നവർ'- അറേബ്യൻ പ്രവാസസാഹിത്യം (2014) എന്ന ഗ്രന്ഥം. പ്രവാസ തത്വങ്ങളേയും, സാഹിത്യത്തിലെ തെരെഞ്ഞെടുത്ത ചില പ്രവാസാഖ്യാനങ്ങളേയും ഇതിൽ പരാമർശിക്കുന്നു. ഷാജി ജേക്കബിന്റെ 'നോവൽ ചരിത്രത്തിന്റെ പാഠഭേദം' (2003) എന്ന ഗ്രന്ഥത്തിൽ നോവലുകളിലെ പ്രവാസാവിഷ്കാരങ്ങളെ ക്കുറിച്ചുള്ള ചില പരാമർശങ്ങൾ കാണാം. ജി. മധുസൂദനന്റെ 'ഭാവുകത്വം ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ' (2006) എന്ന ഗ്രന്ഥത്തിൽ ബഹുസാംസ്കാരികത, കുടിയേറ്റം എന്നിവയെ വിശദീകരിക്കാൻ ശ്രമിക്കുന്നുണ്ട്. കെ.പി. ഉമ്മർ എഡിറ്ററായ 'ആഗോളീകരണം, അർത്ഥം, വ്യാപ്തി, സിദ്ധാന്തം' (2006) എന്ന ഗ്രന്ഥത്തിലെ പി. ആർ. ഗോപീനാഥൻ നായരുടെ 'അന്താരാഷ്ട്ര കുടിയേറ്റങ്ങൾ' എന്ന ലേഖനം കുടിയേറ്റങ്ങളുടെ ചരിത്രവും വർത്തമാനവും വിശകലനം ചെയ്യുന്നു. 'ദേശാടനത്തിന്റെ മിശിഹകൾ'- കേരളീയ പ്രവാസത്തിന്റെ അമ്പതു വർഷം (2008) എന്ന മുസാഫിറിന്റെ ഗ്രന്ഥം കേരളീയ പ്രവാസത്തിന്റെ ചരിത്രവും പ്രത്യേകിച്ച് ഗൾഫ് കുടി യേറ്റസാഹചര്യങ്ങളും വിശദീകരിക്കാൻ ശ്രമിക്കുന്നു. പ്രവാസികളുടെ ജീവിതത്തെ അടിസ്ഥാനമാക്കി എഴുതിയ ഗ്രന്ഥമാണ് മുസാഫിർ അഹമ്മദിന്റെ 'കുടിയേറ്റക്കാരന്റെ വീട്' (2014). ഇ.കെ. ദിനേശൻ എഡിറ്ററായ ഗ്രന്ഥമാണ് 'ആടു ജീവിതം'- വായന വിചാരണ (2011). ഇതിൽ ആടുജീവിതത്തെ അടിസ്ഥാനമാക്കിയുള്ള പഠനങ്ങൾ കാണാം. ഗൾഫ് അനുഭവങ്ങളും ഓർമ്മകളും ഉൾക്കൊള്ളുന്ന ഗ്രന്ഥമാണ് ഇ.കെ. ദിനേശൻ എഡിറ്റു ചെയ്ത പ്രവാസ ജീവിതം (2013) എന്ന ഗ്രന്ഥം.

കരുണാകരന്റെ 'ഭാവനയിലെ ദേശം'(മാതൃഭൂമി ആഴ്ച്ചപ്പതിപ്പ് 2008), സി. അഷറഫിന്റെ 'ദേശാന്തര ജീവിതം' (ഭാഷാപോഷിണി. 2011),

കൃഷ്ണദാസിന്റെ 'പ്രവാസത്തിന്റെ അടയാളങ്ങൾ' (ചന്ദ്രിക ആഴ്ചപ്പതിപ്പ് 2014), ഷാജഹാൻ മാടമ്പാട്ടിന്റെ 'പ്രവാസിയുടെ നേരുകളും നോവുകളും' (മാതൃഭൂമി ആഴ്ചപ്പതിപ്പ് 2011), സച്ചിദാനന്ദന്റെ 'പുറത്തുനിന്നെഴുത്ത്' (പ്രവാസിശബ്ദം, 2011), ഇ.എം ഹാഷിമിന്റെ 'പ്രവാസ ജീവിതത്തിന്റെ മലർപ്പൊടികൾ' (അകം 2014), ബാബു ഭരദ്വാജിന്റെ 'നമ്മുടെ പ്രവാസം അവരുടെ പ്രവാസം' (അകം 2014) തുടങ്ങി നിരവധി ലേഖനങ്ങൾ പൊതുവെ പ്രവാസത്തിന്റെ ചരിത്രത്തേയും അനുഭവങ്ങളേയും അടിസ്ഥാനമാക്കി എഴുതപ്പെട്ടവയാണ്. പി.കെ. രാജശേഖരന്റെ 'പ്രവാസരേഖകൾ' (ഭാഷാപോഷിണി 2011) എന്ന ലേഖനം നോവലുകളിലെ പ്രവാസാവിഷ്കാരങ്ങളെ വിശദീകരിച്ച് പ്രവാസ ചരിത്രത്തെ അവലോകനം ചെയ്യുന്നു. ശിഹാബുദ്ദീൻ പൊയ്ത്തും കടവിന്റെ 'ഗൾഫുകാരന്റെ കാലം' (ഭാഷാപോഷിണി 2011) എന്ന ലേഖനം ഗൾഫ് പ്രവാസികളുടെ ഗൃഹാതുരതയെ വിശദീകരിക്കുന്നു.

ഇത്തരത്തിൽ ഗ്രന്ഥങ്ങളായും ലേഖനങ്ങളായും എഴുതപ്പെട്ടവയെല്ലാം തന്നെ പ്രവാസമെന്ന പ്രതിഭാസത്തിന്റെ ഉപരിതലത്തെ മാത്രം സ്പർശിക്കുന്നവയാണ്. ഇവയൊന്നും തന്നെ സമകാലിക പ്രവാസ ജീവിതത്തിന്റെ സംഘർഷങ്ങളിലേക്കും കഠിനതകളിലേക്കും ഇറങ്ങിച്ചെന്നുകൊണ്ട് പ്രവാസിജീവിതത്തെ പഠനവിധേയമാക്കിയിട്ടില്ലെന്നു കാണാം. പൂർവ്വപഠനങ്ങളിൽ നിന്നു വ്യത്യസ്തമായി കൂടുതൽ കേരളീയർ എത്തിച്ചേർന്ന അറേബ്യൻനാടുകളിൽ അവരനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന സ്വത്വസംഘർഷങ്ങളേയും മനുഷ്യാവകാശപ്രശ്നങ്ങളേയും സൂക്ഷ്മമായും സമഗ്രമായും പഠിച്ചുകൊണ്ട് നിഗമനങ്ങളിലെത്തിച്ചേരുകയാണ് ഈ പഠനത്തിലൂടെ ചെയ്യുന്നത്.

## പഠനരീതി

സമകാലികനോവലുകളിൽ ആവിഷ്കൃതമായ അറേബ്യൻപ്രവാസ ജീവിതാവിഷ്കാരങ്ങളെ സംസ്കാരപഠനരീതിയനുസരിച്ച് വിശകലനം ചെയ്യുകയാണ് ഈ പ്രബന്ധം കൊണ്ടുദ്ദേശിക്കുന്നത്. വർത്തമാനകാല പ്രവാസികൾ നേരിടുന്ന അനുഭവകോണുകളെ സമകാലിക നോവലുകളിലൂടെ വിശദീകരിക്കുകയാണ് ചെയ്യുന്നത്. ഇതിലൂടെ ഉരുത്തിരിഞ്ഞു വരുന്ന പ്രവാസജീവിതത്തിന്റെ പ്രത്യേക സംസ്കാരിക സാഹചര്യങ്ങളെയും വിവിധതലങ്ങളിൽ അവരനുഭവിച്ചുകൊണ്ടിരിക്കുന്ന മനുഷ്യാവകാശ ധ്വംസനങ്ങളെയും പ്രബന്ധത്തിൽ അടയാളപ്പെടുത്തുന്നു. അറേബ്യൻ പ്രവാസനോവലുകളിൽ ആവിഷ്കൃതമായ മൂന്നാംലോകരാജ്യ പ്രവാസികളുടെ ജീവിതത്തെ വിശദീകരിച്ചുകൊണ്ട് അവർ നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികളെയും വ്യതിരിക്ത സാംസ്കാരിക സാഹചര്യങ്ങളെയും വിശദീകരിച്ച് അതിജീവനത്തിന്റെയും പ്രതിരോധത്തിന്റെയും സാംസ്കാരിക സമന്വയത്തിന്റേതുമായ വ്യത്യസ്ത തലങ്ങളെ കണ്ടെത്തുകയാണ് ഈ പ്രബന്ധത്തിൽ ചെയ്യുന്നത്.

## പ്രബന്ധ സംവിധാനം

ഈ പ്രബന്ധത്തിനു ആമുഖവും ഉപസംഹാരവും കൂടാതെ ആറ് അദ്ധ്യായങ്ങൾ ഉണ്ടായിരിക്കും. പ്രവാസം-നിർവ്വചനവും വിശദീകരണവും എന്ന ഒന്നാമദ്ധ്യായത്തിൽ പ്രവാസം എന്ന പദത്തെ നിർവചിച്ച് സമാന ആശയം ഉൾവഹിക്കുന്ന മറ്റു പദങ്ങളിൽനിന്ന് അതെങ്ങനെ വേറിട്ടുനിൽക്കുന്നുവെന്നും അതു സവിശേഷ മനുഷ്യാനുഭവമായതെങ്ങനെയെന്നും അന്വേഷിക്കുന്നു. പ്രവാസത്തിന്റെ ചരിത്രം, സ്വഭാവം, പ്രവാസകാരണങ്ങൾ തുടങ്ങിയവ വിശദമായി

ഒന്നാമദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു. 'പ്രവാസം - സാമൂഹ്യ സാംസ്കാരിക പരിപ്രേക്ഷ്യത്തിൽ' എന്ന രണ്ടാമദ്ധ്യായത്തിൽ സംസ്കാരത്തെ നിർവചിച്ച് സാംസ്കാരിക പഠനത്തിന്റെ ചിന്താധാരകളെ പരിചയപ്പെടുത്തുന്നു. പ്രമുഖ പഠിതാക്കളുടെ സാംസ്കാരിക ചിന്താപദ്ധതികളെ വിശദീകരിച്ച് സംസ്കാരപഠനങ്ങൾ എപ്രകാരം നടന്നു വന്നിരിക്കുന്നുവെന്ന് അടയാളപ്പെടുത്തി കേരളത്തിന്റെ സംസ്കാരപഠന സാഹചര്യങ്ങളെ വിശദീകരിക്കുന്നു. തുടർന്ന് സംസ്കാര പഠനത്തിൽ ന്യൂനപക്ഷ പഠനങ്ങളുടെ പ്രസക്തിയെപ്പറ്റി വിശദീകരിച്ചുകൊണ്ട് പ്രവാസ പഠനങ്ങളുടെ പ്രാധാന്യം തെളിയിക്കുന്നു. സംസ്കാര പഠനത്തിന്റെ അടിസ്ഥാനത്തിൽ പ്രവാസപഠനത്തെ രണ്ടായി തിരിച്ച് യഥാക്രമം ദേശാന്തരഗമനം വഴി പ്രവാസിക്കു സംഭവിച്ച സംഘർഷങ്ങളും സമന്വയവും, പ്രവാസികളിലൂടെ കേരളത്തിനു സംഭവിച്ച സാംസ്കാരിക മാറ്റങ്ങളും അടയാളപ്പെടുത്തുന്നു. ഡയസ്പോറ (Diaspora)യെക്കുറിച്ചുള്ള നിർവചനങ്ങളും സിദ്ധാന്തങ്ങളും വിവരിച്ച് ദ്വന്ദ്വസംസ്കൃതിയുടെ പ്രശ്നങ്ങളെ നിർദ്ധാരണം ചെയ്യുന്നു. 'പ്രവാസവും സാഹിത്യവും' എന്ന മൂന്നാമദ്ധ്യായത്തിൽ പ്രവാസസിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ സാഹിത്യകൃതികളെ അപഗ്രഥിച്ച് പ്രവാസഘടകങ്ങളുടെ സവിശേഷതകളെ വിശദീകരിക്കുന്നു. മലയാള സാഹിത്യത്തിലെ പ്രവാസാവിഷ്കാരങ്ങളെ വിശദീകരിച്ചുകൊണ്ട് ആധുനിക പ്രവാസനോവലുകളിൽ നിന്നും സമകാലിക അറേബ്യൻനോവലുകൾ എങ്ങനെ വ്യത്യാസപ്പെടുന്നുവെന്ന് കണ്ടെത്തുന്നു. അറേബ്യൻ പ്രവാസികളുടെ ഭൗതിക സാഹചര്യങ്ങളും അവ സൃഷ്ടിക്കുന്ന സംഘർഷങ്ങളും എന്ന നാലാമദ്ധ്യായത്തിൽ അറേബ്യൻ പ്രവാസികൾ അനുഭവിക്കുന്ന ഭൗതിക സംഘർഷങ്ങളെ നോവലുകളുടെ അടിസ്ഥാനത്തിൽ വിശദപഠനത്തിന് വിധേയമാക്കുന്നു.

പ്രവാസികളുടെ ജീവിതക്രമങ്ങൾ, അടിസ്ഥാനസൗകര്യങ്ങളുടെ നിഷേധം, തൊഴിലിടങ്ങൾ എന്നിവയെല്ലാം ഈ അദ്ധ്യായത്തിൽ വിശദമായി ചർച്ച ചെയ്യുന്നു. പ്രവാസികൾ നേരിടുന്ന മാനസികവും ശാരീരികവുമായ പീഡനങ്ങൾ, ലൈംഗികപീഡനങ്ങൾ തുടങ്ങി തൊഴിൽ മേഖലയിലെ കഠിനതകളെ വിവരിച്ച് പ്രവാസികൾ നേരിട്ടുകൊണ്ടിരിക്കുന്ന രാഷ്ട്രീയ സാഹചര്യങ്ങളെ വിശകലനം ചെയ്യുന്നു. 'ദേശമാറ്റം സൃഷ്ടിച്ച സംസ്കാര സംഘർഷങ്ങൾ' എന്ന അഞ്ചാം അദ്ധ്യായത്തിൽ പ്രവാസികൾ അനുഭവിക്കുന്ന സംസ്കാരസംഘർഷങ്ങളെ വിശദീകരിച്ചുകൊണ്ട് ഭൗതിക സാഹചര്യങ്ങളിലെ അടിമത്തസമാനമായ കഠിനതകളിൽ നിന്നും ഉരുത്തിരിഞ്ഞ ആന്തരികസംഘർഷങ്ങളുടെ വിവിധ മാനങ്ങളെ ഇഴപിരിച്ച് പരിശോധിക്കുന്നു. 'പ്രവാസകാലത്തെ സാംസ്കാരിക സമന്വയ പ്രക്രിയകൾ' എന്ന ആറാം അദ്ധ്യായത്തിൽ പ്രവാസികൾ പുതിയ ദേശത്ത് അതിജീവനം സാധിക്കുന്നതിന്റെ വിവിധ വശങ്ങൾ ചർച്ച ചെയ്യുന്നു. വ്യത്യസ്ത സംസ്കാരങ്ങളെ സമന്വയിപ്പിക്കേണ്ടതിന്റെ പ്രാധാന്യവും സ്വഭാവവും ഇതിൽ വിശദീകരിക്കുന്നു. ബഹുസാംസ്കാരികത എന്ന അനുഭവത്തെ ഈ അദ്ധ്യായത്തിൽ പഠനവിധേയമാക്കുന്നു. ജന്മനാട്ടിലേക്കു മടങ്ങാനുള്ള പ്രവാസിയുടെ തീവ്രാഭിലാഷവും കാരണങ്ങളും, ജന്മദേശഭാവനയും ഇതിൽ വിശദമായി പ്രതിപാദിക്കുന്നു.

ഈ അദ്ധ്യായങ്ങളിലൂടെ കണ്ടെത്തിയ നിഗമനങ്ങളും കണ്ടെത്തലുകളുമാണ് ഉപസംഹാരത്തിൽ ചേർത്തിരിക്കുന്നത്. കൂടാതെ മൂന്ന് അനുബന്ധങ്ങളും ചേർത്തിരിക്കുന്നു.

# അദ്ധ്യായം 1

# പ്രവാസം- ചരിത്രം നിർവചനം വിശദീകരണം

## 1. പ്രവാസം – നിർവചനങ്ങൾ

മനുഷ്യവർഗ്ഗത്തിന്റെ ചരിത്രം പരിശോധിച്ചാൽ ഓരോസമൂഹവും പലപല വഴികളിലൂടെ സഞ്ചരിച്ച് ഓരോ ഇടങ്ങളിലായി കുടിയേറിയവ രാണ് എന്നു മനസ്സിലാക്കാൻ കഴിയും. ഒരിടത്തും സ്ഥിരമായി താമസി ക്കാതെ വേട്ടയാടി ജീവിച്ചിരുന്നവർ മുതൽ മനുഷ്യചരിത്രത്തിൽ യാത്ര കൾ ആരംഭിക്കുന്നു. കാർഷികവൃത്തിയുടെ ആരംഭത്തോടെയാകണം സ്ഥിരമായി വാസമുറപ്പിക്കാൻ തുടങ്ങിയത്. ഇതു മനുഷ്യനെ മറ്റുജീവി കളിൽനിന്നും വ്യതിരിക്തനാക്കി. വീട്, ഗ്രാമം എന്നീ സങ്കല്പങ്ങൾ ഇങ്ങ നെയാണുണ്ടാകുന്നത്. ജന്മദേശം എന്നത് ജാതിയമായും സാമൂഹിക മായും ഒരാളുടെ സ്ഥാനത്തെ നിർണ്ണയിച്ചിരുന്ന അവിഭാജ്യഘടകമായി രുന്നു. ജന്മദേശത്തു തന്നെ ജാതീയമായി നിർണ്ണയിക്കപ്പെട്ടിരുന്ന തൊഴി ലെടുത്തു ജീവിക്കുക അയാളുടെ ധാർമ്മികമായ അവകാശവും സാമൂഹ്യാസ്ഥിത്വത്തിന്റെ ഭാഗവുമായിരുന്നു. തെറ്റായ ജീവിതക്രമത്തിനും കുറ്റകൃത്യങ്ങൾക്കും തദ്ദേശീയഭരണകൂടം കൊടുത്തിരുന്ന ശിക്ഷ 'നാടു കടത്തുക' എന്നതായിരുന്നു. നാട്ടിൽനിന്നും മാറ്റപ്പെടുക എന്നാൽ സ്വത്വ ത്തെ, സ്വന്തം സ്ഥാനത്തെ തകർക്കുക തന്നെയാണ്. ദേശം എന്നത് ഈയർത്ഥത്തിൽ ഒരാളുടെ സ്വത്വത്തെ നിയന്ത്രിക്കുന്നതും അയാളുടെ രക്തത്തിൽ അലിഞ്ഞു ചേർന്നിട്ടുള്ളതുമായ വികാരമാണ്. "ജീവിക്കുന്ന പ്രദേശത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യരുടെ സാമൂഹിക ജീവിതം പുനർനിർവചിക്കപ്പെടുന്നു..........ദേശം ഒരു യഥാർത്ഥ്യമാകുമ്പോൾ അത് സ്വദേശം/പരദേശം എന്ന ദ്വന്ദത്തെ സൃഷ്ടിക്കുന്നു. സമകാലിക മനു ഷ്യന്റെ പ്രവാസ ജീവിതത്തിന്റെ വൈയക്തിക സംഘർഷങ്ങളുടെ പ്രധാന ഭൂമിക ഈ ദ്വന്ദ്വമാണ്."[1] ജന്മദേശംവിട്ടുള്ള യാത്രകൾ സങ്കീർണ്ണമായ സാമൂ

ഹികപ്രശ്നവും സവിശേഷമായ മനുഷ്യാനുഭവവുമായി മാറുന്നതിവിടെയാണ്.

പ്രവാസം എന്ന പദത്തിന് ശബ്ദതാരാവലിയിൽ കൊടുത്തിരിക്കുന്ന അർത്ഥം വീടുവിട്ടുള്ള പാർപ്പ്, താൽക്കാലിക വിരഹം, സ്വയമേവ വിദേശത്തുപോയി പാർക്കൽ എന്നിങ്ങനെയാണ്.[2] ഈയർത്ഥത്തിൽ വൈയക്തികമോ സാമൂഹികമോ രാഷ്ട്രീയമോ ആയ കാരണത്താൽ ജന്മദേശം വിട്ട് അന്യദേശങ്ങളിൽ ജീവിക്കേണ്ടിവരുന്നതിനെയാണ് പ്രവാസം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സന്തോഷകരമായ ജീവിതം സൃഷ്ടിച്ചെടുക്കാൻ സാധിക്കുന്നു എന്ന അനുഭവത്തിൽ നിന്നാകണം ആദ്യകാലങ്ങളിൽ പ്രവാസം എന്ന പദം പ്രയോഗിച്ചു വന്നത്. "ദാരിദ്ര്യം, തൊഴിലില്ലായ്മ തുടങ്ങിയ ക്ലേശഭരിതമായ സാഹചര്യങ്ങളിൽ നിന്നും വിടുതൽ നേടുക. ആഡംബരപൂർണ്ണമായ ജീവിതാന്തരീക്ഷം സൃഷ്ടിച്ചെടുക്കാൻ വികസിത രാജ്യങ്ങളിലേയ്ക്ക് കുടിയേറുക തുടങ്ങി നിരവധി കാരണങ്ങൾ പിൽക്കാലത്തെ പ്രവാസത്തിനു പ്രേരണയായി. ഇതിനെത്തുടർന്നാകണം ഉപജീവനത്തിനായി വിദേശത്തു കുടിയേറിയവൻ എന്ന അർത്ഥത്തിൽ പ്രവാസിയെന്ന പദം രൂഢമായത്"[3]

ജന്മദേശംവിട്ടുള്ള യാത്രയെ സൂചിപ്പിക്കുന്ന പ്രയോഗങ്ങളാണ് പലായനം, കുടിയേറ്റം, ദേശാന്തരഗമനം തുടങ്ങിയവ. "എല്ലാ പലായനങ്ങളും അതിജീവനത്തിനായി ഒരു വംശം അല്ലെങ്കിൽ വർഗ്ഗം നടത്തുന്ന കൂട്ടയാത്രകളാണ്. പുറപ്പാടുകളാണ്"[4]. കുടിയേറി പാർക്കുക എന്നാൽ ഒരിടത്തു നിന്ന് മറ്റൊരിടത്തു ചെന്ന് സ്ഥലം കൈക്കലാക്കി വാസമുറപ്പിക്കുക[5]. ഒരു സംഘം ആളുകൾ കുടുംബത്തോടെ തങ്ങളുടെ നാട്ടിലെ വേരുകൾ അറുത്തുമാറ്റി ഒരു പ്രത്യേകപ്രദേശത്തേക്ക് വാസസ്ഥാനത്തിനായോ,

കൃഷി ഭൂമിക്കുവേണ്ടിയോ, തൊഴിൽ തേടിയോ ആസൂത്രിതമായി കൂടു മാറുന്നതിനെയാണ് ഇതു സൂചിപ്പിക്കുന്നത്. കാർഷിക ആവശ്യങ്ങൾ ക്കായും ഫലഭൂയിഷ്ഠമായ മണ്ണുതേടിയും, സ്വദേശത്തു നിന്നും കൂട്ടമായി വനപ്രദേശങ്ങളെ കേന്ദ്രീകരിച്ച് വാസമുറപ്പിച്ച ചരിത്രങ്ങളാണ് ആദ്യകാ ലങ്ങളിൽ കേരളത്തിൽ സംഭവിച്ചിട്ടുള്ള കുടിയേറ്റങ്ങൾ. അതുകൊണ്ടു തന്നെ ജന്മദേശംവിട്ടുള്ളവാസം 'കുടിയേറ്റം' എന്ന പേരിലാണ് കേരളത്തിൽ അറിയപ്പെട്ടത്. ജന്മദേശം ഉപേക്ഷിച്ച് അന്യനാടുകളിൽ വസി ക്കുന്നതിനെ പൊതുവെ ദേശാന്തരഗമനം എന്നും പറഞ്ഞുവരുന്നു. ദേശാ ടനമാകട്ടെ ദേശസഞ്ചാരമാണ് [6]. നാടുകാണുന്നതിനോ വൈയക്തിക ആവശ്യങ്ങൾക്കായോ നാടുവിട്ടു നടത്തുന്ന യാത്രകളാണിത്. തീർത്ഥാട നമാകട്ടെ പുണ്യസ്ഥലത്തേയ്ക്കുള്ള യാത്രയാണ്. മതപരമായ ആവശ്യ ങ്ങൾക്കുവേണ്ടി അതിരുതാണ്ടുന്നതിനെയാണ് തീർത്ഥാടനം എന്നതു കൊണ്ടുദ്ദേശിക്കുന്നത്.

ഇതിൽ നിന്നെല്ലാം വ്യത്യസ്തമായ പരികല്പനയാണ് പ്രവാസം എന്ന പദത്തിനുള്ളത്. ജന്മനാട്ടിൽ നിന്നും മറ്റൊരിടത്തേയ്ക്ക് മാറി പ്പാർക്കുമ്പോൾ കൈവിട്ട ജന്മദേശഓർമ്മകൾ ഗൃഹാതുരതയായി നിര ന്തരം അലട്ടുന്ന സവിശേഷ മാനസികാവസ്ഥയാണ് പ്രവാസം. ഗൃഹാ തുരത എന്ന മാനസികഭാവം പേറുന്നവനാണ് പ്രവാസി. അതിജീവനചോദ നയും ഗൃഹാതുരതയും ഒത്തുചേരുന്ന പ്രത്യേക മാനസികഭാവമാണത്. "വ്യക്തിയുടെ സ്വത്വവും സ്വാതന്ത്ര്യവും തേടിയുള്ള യാത്രകൾ, അപരി ചിതമായ ദേശങ്ങളോടുള്ള കൗതുകം മൂലമുള്ള സഞ്ചാരം, നിർബന്ധിത പലായനങ്ങൾ, നിലനില്പിനായുള്ള ഒളിച്ചോട്ടങ്ങൾ, വിഭജനമോ ലഹളകളോ മറ്റു ദുരന്തങ്ങളോ സൃഷ്ടിക്കുന്ന അഭയാർത്ഥി പ്രവാഹങ്ങൾ,

ഉപജീവനത്തിനായുള്ള യാത്രകൾ എന്നിങ്ങനെ പ്രവാസത്തിന്റെ സമകാലീനമുഖങ്ങൾ നിരവധിയാണ്. വർത്തമാനകാല സാമൂഹികജീവിതത്തിലെ അസ്വസ്ഥതകളും അസ്ഥിരതകളും അതിന്റെ എല്ലാ അളവിലും ഏറ്റുവാങ്ങുന്നവനാണ് പ്രവാസി"[8]. കേരളീയരുടെയിടയിൽ ഈ പദം പ്രയോഗിച്ച് വരുന്നത് മറുനാടുകളിലേക്കും വിദേശത്തേയ്ക്കും പോകുന്നവരെ ഉദ്ദേശിച്ചാണ്. ദാരിദ്ര്യം, തൊഴിലില്ലായ്മ, മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ എന്നിവ ജന്മദേശം വിട്ടുപോകുന്നതിനു മലയാളിക്കു പ്രേരണയായി. അറുപതുകളുടെ അവസാനവും എഴുപതുകളുടെ ആദ്യവുമായി ക്രമാതീതമായി സംഭവിച്ച മലയാളിയുടെ വിദേശവാസവും അതുമായി ബന്ധപ്പെട്ട ദേശീയവും സ്വത്വപരവുമായ സംഘർഷങ്ങളുമാണ് പ്രവാസം എന്ന പദത്തെ സൃഷ്ടിച്ചതും രൂഢമൂലമാക്കിയതും.

കേരളത്തിൽ നിന്നും മറുനാടുകളിലേക്കും വിദേശത്തേക്കും തൊഴിൽ തേടിയുള്ള പ്രയാണങ്ങൾ ധാരാളമായി നടന്നെങ്കിലും കേരളത്തിലെ സാധാരണക്കാരുടെ ജീവിതം മെച്ചപ്പെടുത്തിയത് ഗൾഫ് പ്രവാസമായിരുന്നു. അടിസ്ഥാന വിഭാഗത്തിൽപ്പെട്ട ചെറുകിടകച്ചവടക്കാരുടെയും തൊളിലാളികളുടെയും ജീവിതഗതി സാമ്പത്തികമായും സാംസ്കാരികമായും ഇതോടെ മാറ്റിയെഴുതപ്പെട്ടു. എണ്ണപ്പാടത്തേയ്ക്ക് കൂടുതൽ മലയാളികൾ എത്തിപ്പെട്ടതോടെ മരുഭൂമിയും അറബിയും ഒട്ടകവും പ്രവാസചിഹ്നമായി പരിണമിക്കുകയുണ്ടായി. സ്വത്വപരവും ദേശീയവുമായ സംഘർഷങ്ങളും പ്രശ്നങ്ങളും ഏറ്റവും കൂടുതൽ നേരിടേണ്ടിവന്നതും ഗൾഫ് രാജ്യങ്ങളിലെ പ്രവാസികൾക്കാണ്, അതുകൊണ്ടുതന്നെ പ്രവാസപഠനങ്ങളിൽ ഗൾഫ്പ്രവാസത്തിന് കൂടുതൽ പ്രധാന്യം കൈവരുന്നത് സ്വഭാവികമാണ്.

ജന്മനാടിന്റെ വേരുകളെ നഷ്ടപ്പെടുത്തി ഉപജീവനത്തിനായി മാത്രം കടൽകടന്ന പാർശ്വവത്ക്കരിക്കപ്പെട്ട അറേബ്യൻ പ്രവാസി ന്യൂനപക്ഷ ത്തിന്റെ ജീവിതാവിഷ്കാരങ്ങളുടെ സംസ്കാരപഠനമാണ് പ്രബന്ധത്തിന്റെ പഠനപരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ബെന്യാമിന്റെ 'ആടുജീവിതം', നിസാമുദ്ദീൻ റാവുത്തറുടെ 'അറേബ്യയിലെ അടിമ', റഷീദ് പാറയ്ക്ക ലിന്റെ 'ഒരു തക്കാളി കൃഷിക്കാരന്റെ സ്വപ്നങ്ങൾ', ഖദീജ മുതാംസിന്റെ 'ബർസ' എന്നീ നോവലുകൾ പ്രത്യേകം പഠനത്തിന് വിധേയമാക്കിയിരി ക്കുന്നു.

## 1.1 പ്രവാസത്തിന്റെ ചരിത്രം

എഴുതപ്പെട്ട പ്രവാസജീവിതരേഖകൾ മതഗ്രന്ഥങ്ങളിൽ നിന്നാരംഭി ക്കുന്നു. "എല്ലാ മതങ്ങളുടേയും മനുഷ്യവംശവിഭാഗങ്ങളുടെയും ഉൽപ ത്തിഗ്രന്ഥങ്ങളിലും പുറപ്പാട് കഥകളിലും പ്രവാസകഥകളാണുള്ളത്. ലോകത്തിലെ ഏറ്റവും മഹത്തായ ക്ലാസിക്ക് സാഹിത്യകൃതികൾ പ്രവാ സങ്ങളുടെ കഥകളാണ്"[9]. ആദിമമനുഷ്യരായ ആദവും ഹവ്വയും ജന്മദേ ശമായ ഏദൻതോട്ടത്തിൽ നിന്നും നിഷ്കാസിതരായി ഭൂമിയിലേയ്ക്ക് ആട്ടിയോടിക്കപ്പെടുന്നതും[10] മോശയുടെ നേതൃത്വത്തിൽ യഹൂദരുടെ ഈജി പ്തിൽ നിന്നുള്ള പലായനവും[11] ബൈബിളിൽ എഴുതപ്പെട്ടിരിക്കുന്നു. മോശ യുടെയും സംഘത്തിന്റെയും മാത്രമല്ല മിശിഹാവംശകഥകളെല്ലാം പ്രവാ സാഖ്യാനങ്ങളാണ്. രാമായണത്തിലും മഹാഭാരതത്തിലും നാടോടികഥ കളിലും പ്രവാസങ്ങളുണ്ട്. മനുഷ്യജീവിതാരംഭം മുതൽക്കുതന്നെ അതി ജീവനത്തിനുവേണ്ടിയുള്ള യാത്രകളായിരുന്നു പ്രവാസങ്ങളിൽ ഏറെയും. മനുഷ്യവംശം രൂപപ്പെട്ടതുതന്നെ ഈ പ്രവാസങ്ങൾ വഴിയാണ്.

ലോകജനതയുടെ ആദ്യകാല പ്രയാണങ്ങൾ ഭരണകൂടമോ സാമ്രാജ്യത്വ അധിനിവേശമോ ഏൽപിച്ച ദാരുണാനുഭവങ്ങളുടെ ഫല മാണ്. ആഫ്രിക്ക, അർമേനിയ, ഐറിഷ് ജനതകളുടെ ചരിത്രങ്ങളിൽ ഇത്തരം ജന്മദേശം വിട്ടുള്ള ചിതറിപ്പോകൽ അടയാളപ്പെടുത്തുന്നുണ്ട്. യുറോപ്യൻ അധിനിവേശഫലമായ അടിമവ്യാപാരമാണ് ആഫ്രിക്കൻ ജന തയെ പ്രവാസികളാക്കിയത്. തുർക്കികളുടെ പീഡനമാണ് ആർമീനിയൻ ജനതയ്ക്ക് നാടുവിടാൻ പ്രേരണയായത്. പാലസ്തീൻ, സിറിയ, ഫ്രാൻസ്, യു.എസ് തുടങ്ങിയ രാജ്യങ്ങളിലേയ്ക്ക് ഇവർക്ക് ചിതറിപ്പോകേണ്ടി വന്നു.[12] ഇരുപതാം നൂറ്റാണ്ടിലെ വംശഹത്യകളുടെ അനന്തരഫലമായിരുന്നു അന്നത്തെ പ്രവാസാനുഭവങ്ങൾ.

ലോകരാജ്യങ്ങളിലെ പ്രവാസത്തിന്റെ ചരിത്രമെടുത്താൽ സുദീർഘചരിത്രം തന്നെ അവകാശപ്പെടാവുന്ന രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. ഇന്ത്യക്കാരാണ് ലോകത്തിലെ വിവിധ രാജ്യങ്ങളിലേയ്ക്ക് ഏറെയും പലായനം ചെയ്തിട്ടുള്ളത്. സാമ്പത്തിക രാഷ്ട്രീയ സമ്മർദ്ദ ങ്ങളാണ് കൂടുതൽ പ്രയാണങ്ങളുടേയും അടിസ്ഥാന കാരണങ്ങൾ. മതപ്രചരണാർത്ഥം ധാരാളം സന്യാസിമാരും മതപ്രവാചകരും ഇന്ത്യ യ്ക്കകത്തും പുറത്തും സഞ്ചരിച്ചിട്ടുണ്ട്. റോഡ്, കടൽ ഗതാഗത മാർഗ്ഗങ്ങൾ എന്നിവ പുരോഗമിച്ചതോടെ പ്രവാസത്തിന്റെ അളവും വർദ്ധിച്ചു. ബ്രിട്ടീഷ് അധിനിവേശത്തോടെ 1830 കളിൽ ധാരാളം ഇന്ത്യ ക്കാരായ തൊഴിലാളികളെ ബ്രിട്ടീഷുകാർ അടിമകളാക്കി മറ്റു യൂറോപ്യൻ രാജ്യങ്ങളിലേയ്ക്ക് നാടുകടത്തി. ഇപ്രകാരം അടിമകളാക്കി ഇൻഡഞ്ചർ സമ്പ്രദായപ്രകാരം തൊഴിലാളികളുടെ അദ്ധ്വാനശേഷിയെ ചൂഷണംചെയ്യൽ 1917 വരെ തുടർന്നു. മൗറീഷ്യസ്, ഫിജി, ഈസ്റ്റ്

ആഫ്രിക്ക, ഗിനിയ തുടങ്ങിയ രാജ്യങ്ങളിലേയ്ക്ക് ഇന്ത്യയിലെ തൊഴിലാളികൾ കുടിയേറിയത് ഇത്തരത്തിലുള്ള നിർബന്ധിത തൊഴിൽ കരാർ വ്യവസ്ഥയുടെ അടിസ്ഥാനത്തിലായിരുന്നു.[13] ആദ്യകാലങ്ങളിലെ നിർബന്ധിത തൊഴിൽ പ്രവാസം മുതൽ ഇപ്രകാരം മെച്ചപ്പെട്ട അതിജീവനത്തിനായി വിദേശത്തേക്കു പോകുന്ന ആധുനികതൊഴിലാളികൾവരെ ഇന്ത്യൻപ്രവാസത്തിന്റെ ചരിത്രപരിധിയിൽ ഉൾപ്പെടുന്നു. കേരളീയ പ്രവാസത്തിന്റെ ചരിത്രം ഇതിനോടു ചേർത്തു പരിശോധിക്കേണ്ടതാണ്.

### 1.1.1 കേരളീയ പ്രവാസത്തിന്റെ ചരിത്രം

17,18 നൂറ്റാണ്ടുകളിലായി ഇവിടെ എത്തിച്ചേർന്ന പോർട്ടുഗീസ്, ഡച്ച്, ഫ്രഞ്ച്, ബ്രിട്ടീഷ് അധിനിവേശ ശക്തികൾ ധാരാളമായി കേരളത്തിലെ അടിമകളെ പണിയെടുക്കുന്നതിനായി യൂറോപ്യൻ കോളനികളിലേക്ക് കയറ്റുമതി ചെയ്തിരുന്നു."കേരളത്തിലെ എല്ലാ തുറമുഖങ്ങളിൽ നിന്നും നിരവധി അടിമകളെ പലഭാഗങ്ങളിലേക്കുമായി കയറ്റി അയച്ചിരുന്ന കാഴ്ച പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഒരു സവിശേഷതയായിരുന്നു...........ഡച്ചുകാരുടെ ഇവിടുത്തെ ഏറ്റവും ആദായകരമായ കയറ്റുമതിച്ചരക്ക് അടിമകളായിരുന്നു."[14] ഫ്രഞ്ചുദ്വീപുകളിലേയ്ക്ക് മാഹിയും കൊച്ചിയും കേന്ദ്രീകരിച്ച് അടിമക്കടത്തു ധാരാളമായി നടന്നുവന്നു. അടിമവ്യാപാരത്തിന്റെ ഫലമായി മലയാളികളുൾപ്പെടെയുള്ള ആയിരക്കണക്കിനു ഇന്ത്യാക്കാർ യൂറോപ്പിലും യൂറോപ്പിന്റെ കോളനികളിലും എത്തിച്ചേർന്നു. വിലക്കുവാങ്ങിയും കരാറിന്റെ അടിസ്ഥാനത്തിലും നടന്ന ഇത്തരം കച്ചവടങ്ങളുടെ ഫലമായി ധാരാളം തൊഴിലാളികൾ അന്യദേശങ്ങളിൽ വാസമുറപ്പിക്കുകയും തിരിച്ചുപോകാൻ കഴിയാത്തവർ തലമുറകളായി അവിടെ തങ്ങളുടെ ജീവിതം കരുപ്പിടിപ്പിക്കുകയും ചെയ്തു. 1834 ൽ ബ്രിട്ടീഷ്

സാമ്രാജ്യം അടിമത്തം- നിരോധിച്ചതോടെ തോട്ടങ്ങളിൽ പണിയെടുക്കാൻ ആഫ്രിക്കൻ അടിമകളെ കിട്ടാതായി. ഈ സാഹചര്യത്തിൽ പാല ക്കാട്ടുനിന്നും തിരൂരുനിന്നും മൊറീഷ്യസിലേക്കും കരീബീയയിലേക്കും തൊഴിലാളികളെ അയച്ചു തുടങ്ങി. ഭൂരിഭാഗം തൊഴിലാളികളെയും ശ്രീലങ്ക, മലയ, സിംഗപൂർ, ബർമ്മ തുടങ്ങിയ ദേശങ്ങളിലെ ബ്രിട്ടീഷ് തോട്ടങ്ങളി ലേയ്ക്കാണ് അയച്ചിരുന്നത്. "ഇൻഡെന്റർ സമ്പ്രദായം അവസാനിച്ചപ്പോൾ കങ്കാളികളും മേസ്തരിമാരും ആളുകളെ എത്തിച്ചു. തോട്ടപ്പണിക്കാരും, ആശാരിമാരും, കെട്ടിടം പണിക്കാരും ചെറുകച്ചവടക്കാരുമൊക്കെയായി ആ പ്രവാസി സമൂഹം പരദേശങ്ങളിൽ പച്ച പിടിച്ചു. 1931 ൽ ശ്രീലങ്കയിൽ മാത്രം 9618 കൊച്ചിയാന്മാരും 3393 തിരുവിതാംകൂറുകാരുമുണ്ടായിരുന്നു. ................. ഇൻഡന്റർ സമ്പ്രദായത്തിൽ തമിഴരായിരുന്നു മുന്നിൽ. തമിഴ രെക്കാൾ ഉയർന്ന സ്വാതന്ത്ര്യ ബോധവും നാട്ടിലെ മറ്റു ജീവിതാവസര ങ്ങളുമാകാം ഇൻഡന്ററിന്റെ പാതിയടിമത്തത്തിൽ മലയാളികൾ അധികം ആകൃഷ്ടരാകാതിരിക്കാൻ കാരണം"[15].

കേരളത്തിലെ പ്രധാന ഉപജീവനോപാധിയും സാമ്പത്തിക സ്രോതസ്സും കൃഷിയായിരുന്നു. ജനസംഖ്യാവർദ്ധനവും ദാരിദ്ര്യവും വഴി കൃഷിഭൂമിയുടെ ലഭ്യതയും തൊഴിലവസരവും കുറഞ്ഞപ്പോൾ മെച്ചപ്പെട്ട മണ്ണിനുവേണ്ടി കർഷകർ തങ്ങളുടെ ജന്മദേശം വിട്ട് മലയോര വനഭൂമികൾ തേടിപോകാൻ നിർബന്ധിതരായി. നല്ല കൃഷിഭൂമിക്കുവേണ്ടിയുള്ള കർഷ കരുടെ കുടിയേറ്റങ്ങൾ കേരളത്തിനുള്ളിൽ തന്നെ സംഭവിച്ചിരുന്ന സഞ്ചാ രങ്ങളായിരുന്നു. ഇത്തരം കുടിയേറ്റത്തിന്റെ പ്രത്യക്ഷഫലമാണ് 1920 കളിൽ സംഭവിച്ച മലബാർ കുടിയേറ്റം. തിരുവിതാംകൂറിൽ നിന്ന് മലബാറിലേ യ്ക്കുള്ള കർഷകരുടെ കുടിയേറ്റം കേരളചരിത്രത്തിലെ പ്രധാന സംഭവ

മായിരുന്നു. സമാന്തരമായി ഇരുപതാംനൂറ്റാണ്ടിൽതന്നെ കേരളത്തിൽ നിന്നും ഇന്ത്യയുടെ ഇതരഭാഗങ്ങളിലേയ്ക്കുള്ള മലയാളിയുടെ കുടിയേറ്റം ആരംഭിച്ചിരുന്നു. തങ്ങളുടെ വിദ്യാഭ്യാസത്തിനും കഴിവിനും അനുസരിച്ചുള്ള ജോലിസാധ്യത കേരളത്തിനു പുറത്താണെന്നു മനസ്സിലാക്കിയ ഒരു വിഭാഗം മലയാളികൾ ഉത്തരേന്ത്യൻ നഗരങ്ങളിലേയ്ക്ക് ചേക്കേറി. പൊതുമേഖലാസ്ഥാപനങ്ങളിൽ ജോലി ചെയ്യാനുള്ള അറിവും ശേഷിയും തദ്ദേശീയരേക്കാൾ കേരളീയർക്കുണ്ടായത്, ഇന്ത്യയുടെ വിവിധഭാഗങ്ങളിലേക്കുള്ള മലയാളികളുടെ പ്രയാണങ്ങളെ വർദ്ധിപ്പിച്ചു.

ഇന്ത്യയുടെ ഇതരഭാഗങ്ങളിലേയ്ക്കും വിദേശത്തേക്കുമുള്ള മലയാളികളുടെ പ്രവാസം ആരംഭിച്ചത് 1920–30 കാലങ്ങളിലായിരുന്നു. മലേഷ്യ, സിംഗപ്പൂർ, ബർമ്മ, സിലോൺ എന്നിവിടങ്ങളിലാണ് കപ്പൽകയറി അധികം മലയാളികളും എത്തിച്ചേർന്നത്. "മുപ്പതുകളിലെ വൻസാമ്പത്തികമാന്ദ്യകാലമായിരുന്നു മലയാളികളുടെ കുടിയേറ്റത്തിന്റെ പ്രഭവകാലം. വിദേശപ്രവാസം സുന്ദരാനുഭവമായിരുന്നില്ല എന്നതിനു തെളിവാണ് രണ്ടാംലോകമഹായുദ്ധം. ഇക്കാലത്ത് ബർമ്മയിലും മലേഷ്യയിലും ജപ്പാൻ ആക്രമണം അഴിച്ചുവിട്ടത് പ്രവാസികളെ ദുരതത്തിലാഴ്ത്തിയ പ്രതിസന്ധിഘട്ടമായിരുന്നു"[16].

കേരളത്തിലെ സാമ്പത്തിക സാമൂഹ്യചരിത്രം തന്നെ മാറ്റിയെഴുതിയ ഒന്നായിരുന്നു 1960–70 കാലത്ത് ആരംഭിച്ച ഗൾഫ്പ്രവാസം. സാധാരണക്കാരന്റെ ജീവിതനിലവാരം ഉയർത്തിയ പ്രയാണമായിരുന്നു. അത്. 1970 കളിലെ ഗൾഫ്കുടിയേറ്റത്തോടെയാണ് മലയാളിയുടെ വിദേശത്തേക്കുള്ള പ്രയാണം അതിന്റെ പാരമ്യത്തിലെത്തുന്നത്. 60കളിൽതന്നെ ചെറിയതോതിലുള്ള കുടിയേറ്റം ആരംഭിച്ചിരുന്നെങ്കിലും 1970–80 കളിലാണ്

വൻപ്രവാഹമായി ഇതു മാറുന്നത്. മുപ്പതുകളിൽ ഗൾഫിൽ പെട്രോൾ ശേഖരം കണ്ടെത്തിയതോടെ ഗൾഫ് മേഖലയുടെ സമ്പദ്ഘടനയിൽ വൻവർദ്ധനവുണ്ടായി. സമാന്തരമായി തൊഴിലാളിക്ഷാമം നേരിട്ടു. 1960–കളുടെ അവസാനം വരെ ജി.സി.സി രാജ്യങ്ങളിലെ മനുഷ്യശേഷി യുടെ നല്ലൊരുപങ്കും ഈജിപ്ത്, ടുണീഷ്യ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ളവരായിരുന്നു. 1950–60 കൾ അറബിലോകത്തെ സംബന്ധിച്ചിട ത്തോളം ഏറ്റവും വിപ്ലവകരമായ കാലമായിരുന്നു. ഈജിപ്തിലെ നാസ്സർ വിപ്ലവം അറബിലോകത്ത് പുതിയൊരു രാഷ്ട്രീയത്തിന്റെ സാധ്യതകൾ തുറന്നിടുകയായിരുന്നു. ഈയൊരു മാറ്റത്തെ ഏറ്റവുമധികം ഭയന്നത് ജി. സി.സി രാജ്യങ്ങളിലെ രാജകുടുംബ ഭരണങ്ങളായിരുന്നു. നാസ്സർ വിപ്ലവ ത്തിന്റെ അലയൊലികൾ ഈ രാജ്യങ്ങളിൽ പണിയെടുത്തിരുന്ന ഈജി പ്തിലും മറ്റു അറബിരാജ്യങ്ങളിൽ നിന്നുമുള്ള തൊഴിലാളികളിൽ ഗണ്യമായ സ്വാധീനം ചെലുത്തി. ജി.സി.സി രാജ്യങ്ങളിലെ ജനങ്ങളേ ക്കാൾ രാഷ്ട്രീയമായി മുന്നേറിയിട്ടുള്ള ഈ തൊഴിലാളികളുടെ സാന്നിദ്ധ്യം തങ്ങളുടെ ആധിപത്യത്തിന് ഭീഷണിയാകുമെന്ന തിരിച്ചറിവ് അവിടുത്തെ രാജഭരണകൂടങ്ങൾക്ക് വ്യക്തമായിരുന്നു. നാസ്സറിന്റെ മര ണത്തോടെ അറബി ഉയർത്തെഴുന്നേൽപ്പ് തിരിച്ചടി നേരിട്ടു. ഈ കാലഘ ട്ടത്തിൽ ജി.സി.സി. രാജ്യങ്ങളിൽനിന്നും അന്യദേശക്കാരായ ലക്ഷക്കണ ക്കിന് അറബിത്തൊഴിലാളികളെ കുടിയിറക്കുകയുണ്ടായി. ഈ കുടിയിറ ക്കലിന്റെ ഫലമായി നേരിട്ട തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗ മായാണ് കേരളംപോലുള്ള പ്രദേശങ്ങൾ ഗൾഫിലേക്കുള്ള അദ്ധ്വാനശക്തി യുടെ പ്രധാന സ്രോതസ്സുകളിലൊന്നായി പരിണമിക്കുന്നത്.[17] കേരളത്തിൽ നിന്നും അന്യസംസ്ഥാനങ്ങളിലേയ്ക്കും വിദേശത്തേയ്ക്കും നടന്ന കുടി

യേറ്റത്തിന്റെ ചരിത്രത്തിൽ, ഗൾഫ് കുടിയേറ്റം പലഭാവത്തിലും വ്യതിരിക്തമാണ്. തൊഴിൽതേടിയുള്ള കേരളീയ പ്രവാസം ചില സവിശേഷ സ്ഥലങ്ങളിൽ ഒതുങ്ങി നിന്നെങ്കിൽ ഗൾഫ് കുടിയേറ്റം കേരളത്തെ പൊതുവെ ബാധിച്ച ഒന്നായിരുന്നു.

ഉയർന്ന വിദ്യാഭ്യാസയോഗ്യത നേടിയ ചുരുക്കം മലയാളികളെയായിരുന്നു ബ്രിട്ടൻ, ജർമ്മനി, യു.എസ്. തുടങ്ങിയ രാജ്യങ്ങൾ ആകർഷിച്ചത്. ഉയർന്ന വേതനവും ജീവിതനിലവാരവും ഡോക്ടർ, നേഴ്സ്, എഞ്ചിനീയർ തുടങ്ങിയ പ്രൊഫഷണലുകൾക്ക് ഇത്തരം രാജ്യങ്ങളിലേയ്ക്ക് സ്ഥിരവാസമുറപ്പിക്കുന്നതിനു പ്രേരണയായി.

## 1.2 കേരളീയ പ്രവാസത്തിന്റെ സ്വഭാവം

ആഭ്യന്തരം, ബാഹ്യാന്തരം, താൽക്കാലികം, സ്ഥിരം എന്നിങ്ങനെ വിവിധങ്ങളായി പ്രവാസത്തെ വേർതിരിക്കാം.

### 12.1. ആഭ്യന്തരപ്രവാസം

ഇന്ത്യയ്ക്കകത്തു തന്നെയുള്ള ആവാസവ്യവസ്ഥിതിയുടെ മാറ്റമാണ് ആഭ്യന്തര പ്രവാസമാകുന്നത്. ഇന്ത്യയ്ക്കകത്തു ഇതരസംസ്ഥാനങ്ങളിൽ വസിക്കുന്ന കേരളീയ പ്രവാസികളെ മറുനാടൻ മലയാളി എന്നാണ് വിളിച്ചുപോരുന്നത്. "സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിന്റെ പഠനമനുസരിച്ച് 2011-ൽ അമേരിക്കയും ഗൾഫ് നാടുകളും ഉൾപ്പെടെ ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ താമസിക്കുന്ന മലയാളികളുടെ എണ്ണം 22.8 ലക്ഷമാണ്. ഡൽഹിയിലും പ്രാന്തപ്രദേശങ്ങളിലും മാത്രം പത്തുലക്ഷത്തിലധികം മലയാളികൾ ഉള്ളതായി കരുതപ്പെടുന്നു. മുംബൈ, പൂനെ തുടങ്ങിയ നഗരങ്ങൾ ഉൾപ്പെട്ട മഹാരാഷ്ട്രയിൽ ഇരുപതുലക്ഷത്തോളം മല

യാളികളുണ്ടെന്നാണ് കണക്ക്. തമിഴ്നാട്, കർണ്ണാടക, ഉത്തർപ്രദേശ്, രാജസ്ഥാൻ, പഞ്ചാബ്, മധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ മലയാളികളുടെ വമ്പിച്ച സാന്നിദ്ധ്യമുണ്ട്"[18].

ആദ്യകാലങ്ങളിൽ കേരളം കടന്നുപോയവർ മതപ്രവാചകരും സന്യാസിമാരുമായിരുന്നു. ഹൈന്ദവനവോത്ഥാനത്തിനായി ഇന്ത്യയിലുടനീളം സഞ്ചരിച്ച ശങ്കരാചാര്യർ മാത്രമല്ല, വൈദ്യന്മാർ, വില്പനക്കാർ തുടങ്ങിയവരെല്ലാം വിവിധ ആവശ്യങ്ങൾക്കായി ദേശാടനം നടത്തിയവരാണ്. ഇക്കാലയളവിൽ തൊഴിൽതേടിയുള്ള പ്രയാണങ്ങൾ ആരംഭിച്ചിരുന്നില്ല. കേരളത്തിനു പുറത്ത് തൊഴിലന്വേഷകരായി മലയാളികൾ ആദ്യമെത്തിയത് മദിരാശിയിലായിരുന്നു. ഈർച്ചമില്ലിൽ പണിയെടുക്കാനായിരുന്നു കൂടുതൽ പേരും തമിഴ് നാട്ടിലെത്തുന്നത്. ഇതിൽ കൂടുതലും തിയ്യ സമുദായത്തിൽ പെട്ടവരായിരുന്നു.[19] പെട്ടിക്കടകളിലും, ചായക്കടകളിലും, ഹോട്ടലുകളിലും തുണിമില്ലുകളിലും ചെറുകിടവ്യവസായസ്ഥാപനങ്ങളിലും പണിയെടുത്ത മലയാളി, മറുനാടൻ പ്രവാസജീവിതത്തിന് അങ്ങനെ തമിഴകത്ത് ആരംഭം കുറിച്ചു.

തമിഴ്നാട് കഴിഞ്ഞാൽ ആന്ധ്രയായിരുന്നു മലയാളിയുടെ ആദ്യകാല മറുനാടൻദേശം. അക്ഷരാഭ്യാസം സിദ്ധിക്കാത്ത ചെറുകിടതൊഴിലുകളിൽ ഏർപ്പെട്ടവരായിരുന്നു ആന്ധ്രയിലും തമിഴ്നാട്ടിലും കുടിയേറിയവരിൽ ഭൂരിഭാഗവും. ഇന്ത്യയ്ക്കകത്ത് മലയാളിയെ ഏറ്റവും ആകർഷിച്ച മഹാനഗരം ബോംബെയായിരുന്നു. വിദ്യാഭ്യാസയോഗ്യത നേടിയ ചെറുപ്പക്കാർ തൊഴിലന്വേഷകരായും നഗരജീവിതം സ്വപ്നം കണ്ടും എത്തിപ്പെടാൻ ആഗ്രഹിച്ച സ്വപ്നഭൂമിയായിരുന്നു ബോംബെ. വിദേശത്തേക്കു വിമാനം കയറാനുള്ള ആദ്യപ്രവേശനമാർഗ്ഗം കൂടിയായിരുന്നു അത്.

ബാംഗ്ലൂർ, ഡൽഹി നഗരങ്ങളിലും മലയാളി അമ്പതുകളോടെ തന്നെ സജീവസാന്നിദ്ധ്യം അറിയിച്ചു തുടങ്ങി. കള്ളവണ്ടി കയറിയും കഠിനയാത നകൾ അനുഭവിച്ചുമാണ് കേരളത്തിനു പുറത്തെ മഹാനഗരങ്ങളിലേയ്ക്കു മലയാളികൾ പലരും ചേക്കേറിയത്.

### 1.2.2 ബാഹ്യാന്തരപ്രവാസം

ഉപജീവനാർത്ഥം ഇന്ത്യയ്ക്കു പുറത്തുവസിക്കുന്നതാണു ബാഹ്യാന്തര പ്രവാസമായി കരുതുന്നത്. ബാഹ്യന്തര പ്രവാസികളിൽ ഇന്ത്യൻ പൗരന്മാരും വിദേശപൗരത്വമുള്ളവരുമുണ്ട്. യൂറോപ്പ്, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിൽ വിദേശിക്ക് പൗരത്വം നേടാനുള്ള നിയമങ്ങളുണ്ട്. അതുകൊണ്ടു തന്നെ സ്വാതന്ത്ര്യവും തൊഴിലുറപ്പുമുള്ളവരാണ് ഈ രാജ്യ ങ്ങളിലെ പ്രവാസികൾ. നല്ല ജോലിയും ഉയർന്നവേതനവും ലഭ്യമായ തോടെ അമേരിക്കയിലും, മറ്റു യൂറോപ്യൻ രാജ്യങ്ങളിലും കുടുംബമായി ജീവിക്കാനും കുട്ടികൾക്ക് ഉയർന്ന വിദ്യാഭ്യാസം കൊടുക്കുവാനും പ്രവാ സികൾക്കു സാധിക്കുന്നു. തലമുറകളായി ഈ രാജ്യങ്ങളിൽ വേരുക ളാഴ്ത്തി ജീവിച്ചു പോരുന്ന മലയാളികൾ സ്ഥിരപ്രവാസികളാണ്. അവി ടുത്തെ ഭരണഘടനാരീതികളും സംസ്ക്കാരവും ജീവിതക്രമവുമായി ഒത്തു ചേർന്നുപോകാൻ ഇവർക്കു കഴിയുന്നു.

സ്ഥിരതാമസമാക്കാൻ കഴിയാത്ത തൊഴിലുറപ്പുസാധ്യതകൾ കുറഞ്ഞ പ്രവാസജീവിതമാണു താല്ക്കാലികപ്രവാസം. ഗൾഫ് മലയാളികൾ ഇത്തരത്തിൽ താൽക്കാലിക പ്രവാസം നയിക്കുന്നവരാണ്. എപ്പോൾ വേണമെങ്കിലും തിരിച്ചയയ്ക്കപ്പെടാമെന്ന ഭീതിയിൽ കഴി യേണ്ടിവരുന്ന അവസ്ഥയാണ് താൽക്കാലിക പ്രവാസിക്കുള്ളത്. ഇത്തരം

പ്രവാസികളിൽ കൂടുതലും പുരുഷന്മാരാണ്. വനിതാ പ്രവാസികളാകട്ടെ ഒരു ചെറിയ വിഭാഗം മാത്രമാണ്, നേഴ്സുമാരും ഡോക്ടർമാരുമായി പോകുന്നവർ. കൂടുതൽ വനിതകളും ഗൾഫ്നാടുകളിൽ വീട്ടുജോലിക്കായി പോകുന്നവരാണ്. ഗൾഫ്നാടുകളിലെ ആഭ്യന്തരമോ രാഷ്ട്രീയമോ ആയ കാര്യങ്ങളിൽ ഇടപെടാനുള്ള സ്വാതന്ത്ര്യം മലയാളിക്കില്ലാത്തതുകൊണ്ടു തന്നെ ഗൾഫ്പ്രവാസിയുടെ ഏകലക്ഷ്യം കുടുംബം പോറ്റുക എന്നതു മാത്രമാണ്. ചെറിയ കാരണങ്ങൾ മതിയാകും ഇവരുടെ പ്രവാസജീവിതത്തിനു തിരശ്ശീലയിടാൻ എന്നതുകൊണ്ടു തന്നെ ഏതു ദുരിതവും സഹിക്കാൻ ഇവർ നിർബന്ധിതരായിത്തീരുന്നു.

വ്യത്യസ്ത സാഹചര്യങ്ങളോടിണങ്ങിപ്പോകാനുള്ള മലയാളിയുടെ വൈദഗ്ദ്ധ്യം, ശാന്തപ്രകൃതം, അനുസരണശീലം, അദ്ധ്വാനശേഷി, തൊഴിൽ മികവ്, വിവിധങ്ങളായ ഭാഷകൾ സ്വായത്തമാക്കാനും പ്രയോഗിക്കാനുമുള്ള മിടുക്ക് തുടങ്ങിയ സവിശേഷതകൾ ഏതു കോണിലും എത്തിച്ചേർന്ന് പണിയെടുക്കാനും തദ്ദേശീയരുമായി ചേർന്നു പോകാനും ഇന്ത്യക്കാരെ പ്രത്യേകിച്ചും മലയാളികളെ പ്രപ്തരാക്കിയ അടിസ്ഥാനഘടകങ്ങളാണ്.

## 1.4 പ്രവാസ കാരണങ്ങൾ

പാശ്ചാത്ത്യകൊളോണിയൻ ആധിപത്യം ഇന്ത്യൻ സംസ്കാരത്തിന്റെയും സമ്പദ്ഘടനയുടെയും യുഗസംക്രമണമായിരുന്നു. “പ്രാകൃതരീതിയിൽ കാളയും കലപ്പയും കൊണ്ടുള്ള കൃഷിയിലും ലളിതോപകരണങ്ങൾ കൊണ്ടുള്ള കരകൗശലവിദ്യയിലും അധിഷ്ഠിതമായ സ്വയംപര്യാപ്ത ഗ്രാമമായിരുന്നു ബ്രിട്ടീഷ് കാലത്തിനു മുമ്പുള്ള ഇന്ത്യൻ സമുദായത്തിന്റെ

ഒരു അടിസ്ഥാന സ്വഭാവം."[20] ആധുനിക വിദ്യാഭ്യാസം നേടിയ യുവത ലമുറയെ സൃഷ്ടിച്ചതിനും ദേശീയരാഷ്ട്രമായി ഇന്ത്യയെ ഉയർത്തിയ തിനും ബ്രിട്ടീഷ്ഭരണം കാരണമായെങ്കിലും ഇന്ത്യയിലെ കൃഷിരീതിക ളെയും അതുമായി ബന്ധപ്പെട്ടു നിലനിന്നിരുന്ന പ്രത്യയശാസ്ത്ര വ്യവ സ്ഥകളെയും അതു തകിടം മറിച്ചു. നാണ്യസമ്പദ്വ്യവസ്ഥയുടെ ഫലമാ യുണ്ടായ സാമ്പത്തിക സാമൂഹികമാറ്റങ്ങൾ, ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ മധ്യവർഗ്ഗത്തിന്റെ ഉയർച്ച, വാണിജ്യ കൃഷിരീതിയുടെ വിപുലീക രണം തുടങ്ങിയ ഘടകങ്ങൾ ലാഭത്തിലധിഷ്ഠിതമായ മുതലാളിത്തത്തിന്റെ ഉയർച്ചയ്ക്കു കാരണമായി.

മുതലാളിത്തത്തിന്റെ ഉയർച്ച വ്യവസായങ്ങളുടെ വളർച്ചയ്ക്കും വ്യാപ നത്തിനും കാരണമായി. പുതിയ നഗരകേന്ദ്രങ്ങളുടെ ഉൽഭവത്തിനും വികാസത്തിനും ഇതു വഴി തുറന്നു. നഗരങ്ങളെ വളർത്തുന്നതും, നഗര ങ്ങളിലേയ്ക്ക് വ്യക്തികളെ ആകർഷിക്കുന്നതും പണസമ്പദ്വ്യവസ്ഥ യാണ്. "പണസമ്പദ്വ്യവസ്ഥയുടെ ഈ ആധിപത്യം നഗരങ്ങളെ എക്കാ ലത്തും പ്രവാസത്തിന്റെ പ്രധാന ആകർഷണകേന്ദ്രമായി നിലനിർത്തുന്നു. നഗരവത്ക്കരണമാകട്ടെ പ്രവാസത്തിന്റെ തോത്‌വർദ്ധിപ്പിക്കുകയും ചെയ്യുന്നു."[21]

സ്വാതന്ത്ര്യസമരത്തോടനുബന്ധിച്ചു കേരളത്തിൽ ശക്തിപ്പെട്ട കർഷക സമരങ്ങളും കർഷകസംഘടനകളുടെ പ്രവർത്തനങ്ങളും ഭൂപരി ഷ്കരണനിയമങ്ങളും കേരളത്തിലെ കാർഷിക ഗ്രാമവ്യവസ്ഥയുടെ സവി ശേഷതയായ ജന്മിത്തസമ്പ്രദായത്തെ ഇല്ലായ്മ ചെയ്തു. ജന്മിത്തവ്യവ സ്ഥിതിയുടെ ഭാഗമായിരുന്ന കൂട്ടുകുടുംബ സമ്പ്രദായം ഇതോടെ തകരു കയും വ്യക്തികേന്ദ്രീകൃത അണുകുടുംബങ്ങൾ രൂപപ്പെടുകയും ചെയ്തു.

ഇത് കേരളീയരുടെ തൊഴിൽ തേടിയുള്ള ദേശസഞ്ചാരത്തെ ത്വരിതപ്പെടുത്തി.

ജാതിവ്യവസ്ഥയിൽ നിന്നും മറ്റുഅനാചാരങ്ങളിൽ നിന്നുമുള്ള മോചനം ആഗ്രഹിച്ച കേരളീയരാണ് ആദ്യകാലങ്ങളിൽ കടൽ കടന്നത്. അണുകുടുംബത്തിലേക്കുള്ള മാറ്റം കുടുംബനാഥന്റെ സാമ്പത്തിക ഉത്തരവാദിത്വങ്ങളെ വർദ്ധിപ്പിച്ചു. വ്യക്തിനിരാസത്തിൽ നിന്നും മോചനം നേടിയെങ്കിലും കുടുംബത്തെ പോറ്റുക എന്ന വെല്ലുവിളി അയാൾക്കു നേരിടേണ്ടി വന്നു. നാണ്യവിളകളെ ആശ്രയിച്ചു കൊണ്ടുള്ള കാർഷികസമ്പദ് വ്യവസ്ഥ അണുകുടുംബ സംവിധാനങ്ങളെ തൃപ്തിപ്പെടുത്താൻ അപര്യാപ്തമായിരുന്നു. അതിനാൽതന്നെ കുടുംബത്തിന്റെ സാമ്പത്തിക ബാധ്യതകൾ മൂലമുള്ള പ്രവാസമായിരുന്നു കേരളത്തിൽ കൂടുതലും സംഭവിച്ചത്. കേരളത്തിലെ ജനസംഖ്യാ വർദ്ധനവ് ദാരിദ്ര്യം, തൊഴിലില്ലായ്മ തുടങ്ങിയ പ്രശ്നങ്ങളെ സൃഷ്ടിച്ചു. മാത്രമല്ല മിഷണറിമാരുടെയും നവോത്ഥാന പ്രവർത്തനങ്ങളുടെ ഫലമായും ജാതിമതഭേദമന്യെ വിദ്യാഭ്യാസം ലഭിച്ചതും ധാരാളം വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉണ്ടായതും പുതുതലമുറയ്ക്കുയോജിച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനു കേരളത്തിലെ കാർഷികവ്യവസായസ്ഥാപനങ്ങൾ അപര്യാപ്തമായതും പ്രവാസത്തിന്റെ തോതുവർദ്ധിപ്പിച്ചു. “വർദ്ധിച്ചുകൊണ്ടിരിക്കുന്ന അന്താരാഷ്ട്ര കുടിയേറ്റങ്ങൾ, അനുക്രമം സങ്കീർണ്ണമായി വരുന്ന അന്താരാഷ്ട്ര-സാമ്പത്തിക സാംസ്കാരിക-സാങ്കേതിക രാഷ്ട്രീയ ബന്ധങ്ങളുടെ ഫലവും പ്രതിഫലനവുമാണ്. ജനസംഖ്യാ വളർച്ചയും, സാമ്പത്തികാസമത്വങ്ങളും വാർത്താവിനിയമരംഗത്തെ വിപ്ലവകരമായ മുന്നേറ്റങ്ങളും ഈ പ്രക്രിയയ്ക്ക് ആക്കം കൂട്ടിയിട്ടുണ്ട്.”[22] ആഭ്യന്തര കലാപങ്ങൾ, സമരങ്ങൾ, പ്രകൃതിദുരന്തങ്ങൾ എന്നീ പ്രശ്നങ്ങളെ നേരിടുന്നതിനും പരിഹരിക്കു

ന്നതിനും കേരളത്തിനു കഴിയാതെ പോയതും വിദേശജീവിതവാസം നയി ക്കാൻ മലയാളിക്കു പ്രേരണയായി. "രണ്ടുലോകമഹായുദ്ധങ്ങൾ, ഏഷ്യൻ രാജ്യങ്ങളിലെ തോട്ടസമ്പദ്വ്യവസ്ഥ തുറന്നുവിട്ട തൊഴിൽ സാധ്യതകൾ, ഗൾഫിലെ എണ്ണവില വർദ്ധനയെ തുടർന്നുള്ള സാമ്പത്തിക വളർച്ചയും അത് ഒരുക്കിയ തൊഴിലവസരങ്ങളും പിന്നീട് കഴിഞ്ഞ നൂറ്റാണ്ടിന്റെ അവ സാന ശതകത്തിലുയർന്ന Y2K പ്രതിസന്ധിയും അതിനെത്തുടർന്നു വിവ രസാങ്കേതികവിദ്യ ലോകമെമ്പാടും തുറന്നിട്ട തൊഴിൽ സാധ്യതകൾ"[23] തുടങ്ങിയവയെല്ലാം മലയാളിയെ വിദേശജീവിതംനയിക്കാൻ നിർബന്ധി തമാക്കിയ സവിശേഷസാഹചര്യങ്ങളാണ്.

മെച്ചപ്പെട്ട തൊഴിലവസരങ്ങളും ഉയർന്നവേതനവും വിദേശങ്ങളിൽ ലഭ്യമായതുമാത്രമല്ല, മികച്ച ആരോഗ്യപരിപാലന സൗകര്യങ്ങൾ, സമര ങ്ങളോ കലാപങ്ങളോ ഇല്ലാത്ത, ജാതീയമായ അസ്വാതന്ത്ര്യങ്ങളില്ലാത്ത സ്വസ്ഥമായ ജീവിതസാഹചര്യങ്ങൾ എന്നിവ കൂടുതൽ കേരളീയരെ പ്രവാ സികളാക്കി മാറ്റി. മികച്ച വിദ്യാഭ്യാസത്തിനായി പോകുന്ന അക്കാദമിക് പ്രവാസികളും ഇക്കൂട്ടത്തിൽപ്പെടുന്നു. ഉന്നത വിദ്യാഭ്യാസം നേടി ഇവർ അവിടെത്തന്നെ സ്ഥിരതാമസമാക്കുന്നു. ഇത്തരത്തിൽ വിദ്യാർത്ഥി കൾവരെ പ്രവാസികളായിപ്പോകുമ്പോൾ കേരളത്തിനു സംഭവിക്കുന്ന മസ്തിഷ്ക്ക ചോർച്ച (braindrain) കേരളീയ സമൂഹത്തിൽ ഗുരുതരമായ ആഘാതങ്ങൾ സൃഷ്ടിക്കപ്പെട്ടേക്കാം എന്ന വെല്ലുവിളിയും പ്രവാസം ഉയർത്തുന്നുണ്ട്.

## കുറിപ്പുകൾ

1. പ്രകാശ് ബാബു, പി. വി; (2008) പ്രവാസവും നോവലും, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്, പുറം.14.

2. പത്നാഭപിള്ള ,ജി. ശ്രീകണ്ഠേശ്വരം; (1967) ശബ്ദതാരാവലി, സാഹിത്യ പ്രവർത്തകസഹകരണ സംഘം, കോട്ടയം, പുറം.1197.

3. മുസാഫിർ; (2008) ദേശാടനത്തിന്റെ മിശിഹകൾ കേരളീയ പ്രവാസത്തിന്റെ അമ്പതുവർഷം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം.2.

4. ബാബു ഭരദ്വാജ്; (2014) നമ്മുടെ പ്രവാസം അവരുടെ പ്രവാസം, അകം, മാർച്ച്, പുറം.4.

5. മാധവൻ പിള്ള, സി; (1980) സമഗ്രമായ മലയാളം-മലയാളം ഇംഗ്ലീഷ് നിഘണ്ടു, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, പുറം.59.

6. പത്മനാഭപ്പിള്ള, ജി. ശ്രീകണ്ഠേശ്വരം; (1967) ശബ്ദതാരാവലി, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, പുറം.930.

7. ____ ____ ____ പുറം.857.

8. പ്രകാശ് ബാബു, പി. വി; (2008) പ്രവാസവും നോവലും, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്, പുറം.11.

9. ബാബു ഭരദ്വാജ്; (2014) നമ്മുടെ പ്രവാസം അവരുടെ പ്രവാസം, അകം, മാർച്ച്, പുറം.7.

10. ബൈബിൾ; ഉൽപത്തി, (വിവ) : (പ്രസി): കെ.സി.ബി.സി., പി.ഒ.സി. പുറം.4.

11. ____ ____ ____ പുറം.84.

12. Judit, M. Brown; (2007) Globel south Asians. Introducing the modern diaspora, Cambridge university Press, India, P. 98-104.

13. ____ ____ ____ P.P.96 - 110.

14. ഭാസ്കരനുണ്ണി, പി; (2000) പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, പുറം.791.

15. രാജശേഖരൻ, പി. കെ; (2011) പ്രവാസരേഖകൾ, ഭാഷാപോഷിണി, മെയ്, പുറം.65.

16. ബാബുപോൾ, ഡി; (2013) പ്രവാസിദിന ചിന്തകൾ, ജനപഥം, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം, പുസ്തകം 1, ലക്കം 11, പുറം.26.

17. സേതുനാഥ്, കെ. പി; (2013) ഗൾഫ് കുടിയേറ്റത്തിന്റെ ചരിത്രവും വർത്തമാനവും, ജനപഥം, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം, പുസ്തകം1, ലക്കം11, പുറം.43.

18. ഓംചേരി, എൻ.എൻ. പിള്ള;(2013) അന്യസംസ്ഥാനങ്ങളിലെ പ്രവാസി മലയാളികൾ, ജനപഥം, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം, പുസ്തകം1, ലക്കം 11, പുറം.29.

19. അഷ്റഫ്, സി; (2011) ദേശാന്തര ജീവിതം, ഭാഷാപോഷിണി വാർഷിക പതിപ്പ്, പുറം.174.

20. ദേശായി, എ. ആർ; (1973) ഇന്ത്യൻ ദേശിയതയുടെ സാമൂഹികപശ്ചാത്തലം. ശ്രീകുമാരൻ ഉണ്ണി കെ. (പരിഭാഷ), കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം.8.

21. പ്രകാശ് ബാബു; (2008) പ്രവാസവും നോവലും., ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്, പുറം.19.

22. ഗോപിനാഥൻ നായർ, പി. ആർ; (2000) അന്താരാഷ്ട്ര കുടിയേറ്റങ്ങൾ, ഉമ്മർ എം. എ. (സമ്പാ), ആഗോളീകരണം. അർത്ഥം വ്യാപ്തി സിദ്ധാന്തം, കേരളഭാഷഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം. 242.

23. വെങ്കിടേശ്വർ, സി. എസ്; (2013) എന്താണ് നമ്മളിവരോട് സംസാരിക്കാത്തത്, മാതൃഭൂമി ആഴ്ചപതിപ്പ്, ജൂൺ, പുസ്തകം 91, ലക്കം 12, പുറം.10.

# അദ്ധ്യായം 2

# പ്രവാസം – സാമൂഹ്യ – സാംസ്കാരിക പരിപ്രേക്ഷ്യത്തിൽ

## 2. സംസ്കാരവും സംസ്കാര പഠനങ്ങളും

സങ്കീർണ്ണവും വൈവിധ്യപൂർണ്ണവുമായ മാനുഷികവ്യവഹാര സൂചകങ്ങളുടെ പരികല്പനയാണ് സംസ്കാരം. ലളിതമായ നിർവചനങ്ങളിൽ ഒതുങ്ങുന്ന ഒന്നല്ല അത്. റെയ്മണ്ട് വില്ല്യംസ് സംസ്കാരത്തിനു കൊടുക്കുന്ന നിർവചനം 'ഒരു സമ്പൂർണ്ണ ജീവിതരീതി' (A whole way of life)[1] എന്നാണ്. വൈജ്ഞാനിക പഠനമേഖലകളിലും മനുഷ്യന്റെ സമസ്ത ചിന്താപദ്ധതികളിലും കടന്നുവന്നിട്ടുള്ള പ്രാധാന്യമർഹിക്കുന്ന പദമാണ് സംസ്കാരം (culture). ശബ്ദതാരാവലിയിൽ ഇംഗ്ലീഷ് വാക്കായ കൾച്ചറിന് സമാനമായ സംസ്കാരം എന്ന പദത്തിന് ഇന്നു സൂചിപ്പിക്കപ്പെടുന്ന അർത്ഥമല്ല ഉള്ളത്. ശുദ്ധീകരണം, പൂർത്തിയാക്കൽ, പാകപ്പെടുത്തൽ[2] തുടങ്ങിയ അർത്ഥങ്ങളാണ് കൊടുത്തിട്ടുള്ളത്. ലത്തീൻ ഭാഷയാണ് കൾച്ചർ എന്ന വാക്കിന്റെ ഉറവിടമെങ്കിലും തുല്യമായസംസ്കാരം കടന്നുവന്നിട്ടുള്ളത് സംസ്കൃതത്തിൽ നിന്നാണ്. സംസ്കാരവും സംസ്കൃതിയുമാണ് കൾച്ചർ എന്ന ഇംഗ്ലീഷ് വാക്കിനു പകരമായി ഇന്നു പ്രചാരത്തിലുള്ളത്.

സംസ്കാരം വിപുലമായ അർത്ഥതലങ്ങളിൽ വീക്ഷിക്കേണ്ട സംജ്ഞയാണ്. മനുഷ്യന്റെ ജീവിതരീതിയെ സമഗ്രമായി പ്രതിപാദിക്കുന്ന ഒന്നാണത്. ബൗദ്ധികവും കലാപരവും ആത്മീയവുമായ നിരവധി മാനങ്ങൾ കൾച്ചറിനു കൈവന്നു. സംസ്കാരമുള്ളവർ/ഇല്ലാത്തവർ, സംസ്കാരമുള്ള ജനത/അതിലാത്ത ജനത, പുരോഗമിച്ചത്/ പുരോഗതിയില്ലാത്തത്, സംസ്കൃതം/പ്രാകൃതം എന്നിങ്ങനെയുള്ള ദ്വന്ദങ്ങളിലൂടെ അതു വളർന്നു. സംസ്കൃതം എന്ന ഭാഷാപദം തന്നെ വിശുദ്ധമായത്, കറകളഞ്ഞത് ആകുന്നത് അതു വരേണ്യവർഗ്ഗ സംസ്കാരത്തെ സൂചിപ്പിക്കുന്നതുകൊണ്ടാണ് എന്നു പറയാം. ഇങ്ങനെ സംസ്കാരത്തിനു സാന്ദർഭികമായ ഒട്ടേറെ അർത്ഥഭേദങ്ങളുണ്ട്.

സാംസ്കാരിക വിശകലനത്തിന്റെ ചരിത്രത്തിൽ പ്രധാനമായും മൂന്നു ചിന്താധാരകളാണ് രൂപപ്പെട്ടിട്ടുള്ളത്. കലയെയും സംസ്കാരത്തെയും ഉത്തമമാതൃകകളായി കണക്കാക്കി കൊണ്ടുള്ള പഠനരീതിയാണ് ആദ്യത്തേത്. സൗന്ദര്യശാസ്ത്രപരമായ ഈ രീതിയിൽ നിന്നും വ്യത്യസ്തമായ നരവംശശാസ്ത്ര സമീപനരീതിയാണ് രണ്ടാമത്തേത്. സാമൂഹികശാസ്ത്രത്തിന്റെ പഠനോപാധികൾ ഉപയോഗിച്ചുകൊണ്ട് പ്രത്യേക സമൂഹങ്ങളുടെ സംസ്കാരത്തെയും ജീവിതരീതിയെയും വിശകലനം ചെയ്യുന്ന സാംസ്കാരിക പഠനരീതിയാണിത്. ഒരു സമൂഹത്തിന്റെ ജീവിതരീതിയുടെ ഭാഗമായ സവിശേഷഘടകങ്ങളെ സംസ്കാരമായി കണ്ടുകൊണ്ടുള്ള വിശകലന രീതിയാണിത്. സംസ്കാരത്തെ സംബന്ധിച്ച മാർക്സിയൻ കാഴ്ചപ്പാട് മറ്റൊരു പ്രബലമായ ചിന്താപദ്ധതിയാണ്. സമകാലിക ധാരണകളിൽ നിന്ന് വ്യത്യസ്തത പുലർത്തികൊണ്ടുള്ള മാർക്സിയൻ നിലപാട് അടിത്തറ - മേൽപ്പുര പരികല്പനയിൽ കേന്ദ്രീകൃതമാണ്.

സംസ്കാരത്തെകുറിച്ചുള്ള അടിത്തറ-മേൽപ്പുര പരികല്പന വാസ്തുശില്പരൂപമാതൃകയിലാണ് അവതരിപ്പിച്ചിട്ടുള്ളത്. "മനുഷ്യൻ ഒരു വ്യക്തി എന്നനിലയിലും സാമൂഹ്യജീവി എന്നനിലയിലും ഉപജീവനത്തിനായി ഏർപ്പെടുന്ന ഉൽപ്പാദനപ്രവൃത്തികളുടെ ഘടനയാണ് അടിത്തറ. അതിനനുസരിച്ച് നിയമം, മതം, ആചാരം, മൂല്യബോധം മുതലായവ ഉൾപ്പെടുന്ന മേൽപ്പുര രൂപംകൊള്ളുന്നു. മനുഷ്യപുരോഗതി ഉൽപ്പാദനരീതികളിൽ വരുത്തുന്ന മാറ്റങ്ങൾ അനുസരിച്ച് മേൽപ്പുരയും അതായത് സംസ്ക്കാരവും മാറിക്കൊണ്ടിരിക്കുന്നു."[3] ഉൽപ്പാദന വ്യവസ്ഥയാണ് ഒരു സമൂഹത്തിന്റെ സംസ്കാരത്തെ നിർണ്ണയിക്കുക എന്ന യഥാർത്ഥ്യം സംസ്ക്കാരം ആശയമോ കേവലവസ്തുവോ എന്നതിനപ്പുറം ഭൗതികബന്ധവ്യവസ്ഥതന്നെയായിത്തീരുന്നു.

മാർക്സിയൻ ചിന്തകളിലെ പരിമിതികൾ തിരിച്ചറിഞ്ഞുകൊണ്ട് രൂപം കൊണ്ടവയാണ് നവമാർക്സിസ്റ്റ് വിമർശനങ്ങൾ. സംസ്കാരത്തെക്കുറിച്ചുള്ള പ്രബലചിന്താധാരകളെ സമന്വയിപ്പിച്ചും പ്രതികൂലിച്ചും പുതുതത്വങ്ങൾ രൂപീകരിച്ചുകൊണ്ട് നവീനചിന്താപദ്ധതിയായി 1964-ൽ സ്ഥാപിക്കപ്പെട്ട സെന്റർ ഫോർ കൾച്ചറൽ സ്റ്റഡീസ് ആണ് പ്രത്യേക പഠനവിഷയമായി സാംസ്കാരികപഠനത്തെ സമീപിച്ചത്. റിച്ചാർഡ് ഹോഗാർട്ട്, റെയ്മണ്ട് വില്യംസ്, ഇ.പി.തോംസൺ, സ്റ്റുവർട്ട് ഹാൾ തുടങ്ങിയ പ്രതിഭാശാലികളാണ് ഈ പഠനപദ്ധതിയെ മഹാപ്രസ്ഥാനമാക്കി വളർത്തിയവരിൽ പ്രമുഖർ. റിച്ചാർഡ് ഹോഗാർട്ടിന്റെ ദി യൂസസ് ഓഫ് ലിറ്ററസി (സാക്ഷരതയുടെ ഉപയോഗം 1957) റെയ്മണ്ട് വില്യംസിന്റെ കൾച്ചർ ആന്റ് സൊസൈറ്റി (സംസ്കാരവും സമൂഹവും 1958), ഇ.പി. തോംസന്റെ ദി മേക്കിംങ് ഓഫ് ദി വർക്കിംങ് ക്ലാസ് (ഇംഗ്ലണ്ടിലെ തൊഴിലാളിവർഗ്ഗ രൂപീകരണം 1863) എന്നിവ സാംസ്കാരികവാദ ചിന്താപദ്ധതികളെ അടയാളപ്പെടുത്തുന്ന പ്രധാന കൃതികളാണ്. വില്യംസിന്റെ സാംസ്കാരിക വീക്ഷണങ്ങൾക്ക് 'സാംസ്കാരിക ഭൗതികവാദം' (Cultural materialism) എന്നാണ് അദ്ദേഹം നൽകി കാണുന്നത്. വ്യവസായികവിപ്ലവത്തെയും ജനാധിപത്യപരിവർത്തനങ്ങളെയും തുടർന്ന് വർഗ്ഗസമരങ്ങളും സാക്ഷരതയും പടർന്നു കയറിയ ബ്രിട്ടണിലെ വരേണ്യസാംസ്കാരത്തെയും അതു പ്രതിഫലിപ്പിക്കുന്ന മഹത്സാഹിത്യകൃതികളെയും മാത്രമല്ല, അധഃസ്ഥിതരുടെ സാഹിത്യം, ലഘുരേഖകൾ, നാടോടികലകൾ തുടങ്ങിയവയും ജനങ്ങളുടെ ആചാരാനുഷ്ഠാനങ്ങൾ, അവയുടെ രാഷ്ട്രീയമായ അർത്ഥമാനങ്ങൾ തുടങ്ങിയവയുമെല്ലാം വില്യംസിന്റെ അതിസൂക്ഷ്മമായ വിശകലനത്തിന് വിഷയമാകും.[4] സംസ്കാരപഠ

നങ്ങളിൽ പ്രമുഖസ്ഥാനമാണ് റെയ്മണ്ട് വില്യംസിന്റെ പഠനങ്ങൾക്കുള്ളത്. സാധാരണക്കാർ തങ്ങളുടെ ജീവിതക്രമങ്ങളിൽ നിന്നും നിർമ്മിച്ചെടുക്കുന്ന അർത്ഥങ്ങളും പാഠങ്ങളുമാണ് സംസ്കാരം. ഈ സംസ്കാരത്തെ ഗ്രഹിക്കേണ്ടത് ഉൽപാദന ഭൗതികസാഹചര്യങ്ങളിൽ നിന്നാവണം എന്ന കാഴ്ചപ്പാടാണ് വില്യംസ് സാംസ്കാരിക ഭൗതികവാദവീക്ഷണംകൊണ്ടു മുന്നോട്ടുവയ്ക്കുന്നത്.

ഇറ്റാലിയൻ കമ്മ്യൂണിസ്റ്റ് വിപ്ലവകാരിയായ അന്തോണിയോ ഗ്രാംഷി, 1923-ൽ സ്ഥാപിതമായ ഫ്രാങ്ക്ഫർട്ട് സ്കൂൾ സാംസ്കാരിക പഠനത്തിന്റെ വികാസത്തിൽ മുഖ്യപങ്കുവച്ചു. ലൂയിഅൾത്തൂസറിന്റെ (1918-1990) ചിന്തകളും ആധുനികസാംസ്കാരികപഠനങ്ങളിൽ പ്രധാനമാണ്. സംസ്കാരവും പ്രത്യയശാസ്ത്രവും സാമൂഹ്യപരിവർത്തനത്തിൽ നിർണ്ണായകമാണെന്നു വിവരിക്കാൻ രണ്ടുതലങ്ങളിലായി ഗ്രാംഷി സമൂഹഘടനയെയും പ്രവർത്തനങ്ങളെയും വേർതിരിക്കുന്നു. ആദ്യതലം പൊളിറ്റിക്കൽ സൊസൈറ്റി അഥവാ രാഷ്ട്രീയ സമൂഹം. ഇതിനാധാരം ഭരണാധികാരി കയ്യാളുന്ന മർദ്ദനോപാധിയാണ്. "സമൂഹത്തിന്റെ ചിട്ടവട്ടങ്ങളെയും അധികാരഘടനയെയും വെല്ലുവിളിക്കുന്നവർക്കെതിരെ പോലീസ്, കോടതി, സൈന്യം മുതലായവ മുഖേന പ്രയോഗിക്കുന്നതോ പ്രയോഗക്ഷമമായതോ ആയ മർദ്ദനോപാധിയാണ് സമൂഹഘടനയെയും അതിന് അടിസ്ഥാനമായ ഉൽപ്പാദന ബന്ധങ്ങളെയും ചൂഷണവ്യവസ്ഥയെയും നിലനിർത്തുന്നത്. ഒരു വർഗം അല്ലെങ്കിൽ വർഗസഖ്യം മറ്റു വർഗങ്ങളുടെമേൽ ആധിപത്യം ചെലുത്താൻ ഉപയോഗപ്പെടുത്തുന്ന ഹിംസയുടെ ഘടനയാണ് ഭരണകൂടം എന്ന പ്രസിദ്ധമായ മാർക്സിസ്റ്റ് സിദ്ധാന്തത്തിന്റെ രൂപാന്തരപ്പെടുത്തിയ സങ്കല്പനമാണ് ഗ്രാംഷിയുടെ രാഷ്ട്രീയസമൂഹം. നേരെ മറിച്ച് സിവിൽ

സൊസൈറ്റി അഥവാ പൗരസമൂഹത്തിന്റെ നിലനിൽപ് സംസ്കാരത്തിന്റെയും പ്രത്യയശാസ്ത്രത്തിന്റെയും സ്വാധീനശക്തിയെ ആശ്രയിച്ചിരിക്കുന്നു"[5].

ഗ്രാംഷിയുടെയും മാർക്സിന്റെയും സംസ്കാര പഠനവഴികളിൽനിന്നും വ്യത്യസ്തമാണ് മൂന്നാംലോകസംസ്കാരപഠനങ്ങൾ. യൂറാപ്പിനെയും അമേരിക്കയെയും കേന്ദ്രീകരിച്ചു വളർന്ന പാശ്ചാത്യ അക്കാദമിക സംസ്കാരത്തിന്റെ വിമർശനമായി ഈ മൂന്നാംലോകപരിപ്രേക്ഷ്യത്തെ തിരിച്ചറിയേണ്ടതുണ്ട്. "പഠിതാവിന്റെ കർതൃത്വത്തെ തന്നെ പ്രശ്നവത്കരിക്കുന്നു എന്നിടത്താണ് സംസ്കാരത്തെക്കുറിച്ചുള്ള പഠനം (Study of culture) എന്നതിൽനിന്നുമാറി സാംസ്കാരികമായ പഠനം (cultural studies) എന്നിടത്തേക്ക് സംസ്കാരപഠനം വികസിക്കുന്നത്".[6] സ്വന്തംനാട്ടിലെ ദേശീയ- പ്രാദേശിക സംസ്കാരത്തിന്റെ ഭാഗമായി നിന്നുകൊണ്ട് സമൂഹത്തിന്റെ രാഷ്ട്രീയ ചലനങ്ങളെ തിരിച്ചറിയുന്നിടത്താണ് മൂന്നാംലോകപഠനങ്ങൾ വ്യത്യസ്തമാകുന്നത്. കോളനീകരണം സൃഷ്ടിച്ച സംസ്കാരപഠനം മാത്രമല്ല സാമ്രാജ്യത്വവിരുദ്ധസമരങ്ങൾ സൃഷ്ടിച്ച പുതിയ സംസ്കാരത്തെക്കുറിച്ചുള്ള പഠനങ്ങൾ കൂടി ഉൾപ്പെടുന്നതാണ് മൂന്നാംലോകസംസ്കാരപഠനം. കൊളോണിയൽ സംസ്കാരത്തെ വിമർശിച്ച ആമി സിസയർ, കോളനീകരണത്തിന്റെ സ്വത്വപ്രശ്നങ്ങളെ വിശകലനം ചെയ്ത ഴാങ്പോൾ സാർത്ര്, ആഫ്രിക്കയിലെ സ്വാതന്ത്ര്യപ്രസ്ഥാന നേതാവായ അമിൽകർ കബ്രാൾ, ഘാനയുടെ വിമോചന നേതാവായ ക്വാമെ എൻക്രൂമ, തുടങ്ങി ഗാന്ധിജി ഉൾപ്പെടെയുള്ള നേതാക്കളുടെ സംസ്കാര സങ്കല്പ്പങ്ങൾക്കൂടി മൂന്നാംലോകപഠനത്തിന്റെ ഭാഗമായി വരുന്നു.[7]

## 2.1 സംസ്കാരപഠനങ്ങൾ കേരളത്തിൽ

യൂറോ-അമേരിക്കൻ പരിപ്രേക്ഷ്യത്തിന്റെ കേന്ദ്രങ്ങളായ പാശ്ചാത്യ അക്കാദമിക സ്ഥാപനങ്ങളിലൂടെ വികസിച്ച സംസ്കാരപഠനങ്ങളുടെ സാഹചര്യങ്ങളല്ല കേരളത്തിലുള്ളത്. ആഫ്രിക്ക-ലാറ്റിനമേരിക്ക തുടങ്ങിയ രാജ്യങ്ങളിലെ കൊളോണിയൽ വിരുദ്ധസമരങ്ങളുടെ തുടർച്ചയെന്നോണം കേരളത്തിലെ സംസ്കാരപഠനങ്ങളെയും അടയാളപ്പെടുത്തേണ്ടിവരും. കർഷക-തൊഴിലാളി സംഘടനകളിലൂടെ നടത്തപ്പെട്ട ഇടതുപക്ഷസമര ങ്ങളാണ് കേരളത്തിലെ ദേശീയ മുന്നേറ്റങ്ങളിൽ നിർണ്ണായകമായത്. സാമു ദായികസംഘടനകളുടെ ജാതിവിരുദ്ധസമരങ്ങളും കേരളത്തിലെ സവർണാധിപത്യ വ്യവസ്ഥിതിയെ മാറ്റി മറിച്ച സാംസ്കാരിക മുന്നേറ്റമാ ണെന്നു കാണാം. ജാതിപരവും ജന്മിത്തപരവുമായ ഫ്യൂഡൽ വ്യവസ്ഥിതിയെ ഇളക്കിമറിച്ചുകൊണ്ടാണ് ഇത്തരം ജാതിവിരുദ്ധവും സാമ്രാജ്യത്വവിരുദ്ധവുമായ സമരങ്ങൾ വഴി പുതിയൊരു സംസ്കാരം പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളത്തിൽ ഉദയം കൊണ്ടത്. സാമൂഹിക മാറ്റങ്ങൾ സാഹിത്യത്തിലും ശക്തമായി ആവിഷ്ക്കരിക്കപ്പെടുകയുണ്ടായി. കർഷകതൊഴിലാളി മുന്നേറ്റങ്ങളും അവ നിർമ്മിച്ചെടുത്ത സാമൂഹ്യവ്യവ സ്ഥിതിയും സംഘർഷങ്ങളും ചരിത്രപരതയോടെ സാഹിത്യത്തിൽ അവ തരിപ്പിക്കപ്പെട്ടു.

ഗ്രാംഷി, അൽത്തൂസർ എന്നീ നവമാർക്സിസ്റ്റ് ചിന്തകരുടെ ആശയ ങ്ങളും ഘടനാവാദഘടനോത്തരവാദ ചിന്തകരുടെ ആശയങ്ങളും 1980 കളിൽ കേരളത്തിലെ സംസ്കാരപഠന സംവാദങ്ങളിൽ പ്രധാന വിഷയ മാവുകയും സാഹിത്യകൃതികളെ ഇത്തരം സിദ്ധാന്തങ്ങളുടെ അടിസ്ഥാ നത്തിൽ പഠനവിധേയമാക്കുകയും ചെയ്തു. നവമാർക്സിസ്റ്റ്

സംസ്ക്കാരപഠനത്തിന്റെ ഒന്നാംഘട്ടവും ഘടനാനന്തരവാദപരമായ രണ്ടാംഘട്ടവും കടന്ന് ഇപ്പോൾ സ്വത്വവാദത്തിലൂന്നുന്ന മൂന്നാംഘട്ടത്തിലേയ്ക്ക് സംസ്കാരപഠനത്തിന്റെ പ്രമേയം മാറിക്കൊണ്ടിരിക്കുകയാണ്. സംസ്കാരമണ്ഡലത്തിലെ ജനാധിപത്യവത്ക്കരണത്തെ ഉറപ്പിക്കുന്ന ബഹുസംസ്കാരവാദഘട്ടവും കഴിഞ്ഞ് തനിമകളെ മാത്രം രാഷ്ട്രീയ പ്രയോഗത്തിന്റെ ഒരേയൊരു അടിത്തറയായി കാണുമ്പോഴാണ് അത് സ്വത്വരാഷ്ട്രീയമാകുന്നത്. സാംസ്കാരിക ന്യൂനപക്ഷസ്വത്വങ്ങളായ കുടിയേറ്റക്കാർ, ആദിവാസികൾ, കീഴാളർ, സ്ത്രീകൾ തുടങ്ങിയവരുടെ പ്രശ്നങ്ങളിലേക്കും പ്രതിരോധങ്ങളിലേക്കും സംസ്കാര പഠനത്തിന്റെ പ്രമേയം മാറിക്കഴിഞ്ഞു.

## 2.2 സംസ്കാരപഠനങ്ങളും പ്രവാസജീവിതവും

ഇന്നു സാഹിത്യസംസ്കാരമണ്ഡലത്തിൽ പ്രസക്തമായ ബഹുസാംസ്കാരികത്ത്വം (Multi-culturalism) ദേശാന്തരഗമനങ്ങൾ വഴി സംഭവിച്ച പ്രതിഭാസമാണ്. ലോകചരിത്രങ്ങളിൽ കുടിയേറ്റങ്ങളുടെ സ്വാധീനം തള്ളിക്കളയാവുന്നവയല്ല. ഇരുപതാംനൂറ്റാണ്ടിന്റെ ഗതാഗത സാങ്കേതികപുരോഗതിയുടെ ഫലമായി പ്രവാസികളുടെ തോത് ക്രമാതീതമായി വർദ്ധിച്ചു. നഗരങ്ങളിലേയ്ക്കും മറുനാടുകളിലേയ്ക്കും വിദേശങ്ങളിലേയ്ക്കും നടക്കുന്ന ദേശാന്തരഗമനങ്ങൾ വഴി സംഭവിച്ച ബഹുസാംസ്കാരികത ഇരുപതാംനൂറ്റാണ്ടിന്റെ അവസാനത്തോടെയാണ് ഒരു പഠനവിഷയമായി വളർന്നത്. “ബഹുസാംസ്കാരികത എന്ന സങ്കല്പനത്തിന്റെ വ്യത്യസ്തത അത് ഭിന്നതയുടെ ഘോഷമെന്നതിനപ്പുറം സാംസ്കാരികമായ വൈവിധ്യത്തെ തിരിച്ചറിയുകയും അവയുടെ നിലനില്പിന് പ്രാധാന്യവും മാന്യതയും നൽകുന്നു എന്നതാണ്.”[8]

വ്യവസായയുഗത്തിലെ പ്രതിഭാസമായ കുടിയേറ്റങ്ങൾ പ്രധാനമായും നടക്കുന്നത് വികസ്വരലോകത്തുനിന്നും വികസിതലോകത്തിലേക്കാണ്. സ്വന്തം മണ്ണും സംസ്കാരവും നഷ്ടമായ പ്രവാസി സാംസ്കാരികമായി കീഴാളസ്വത്വം പേറുന്നവരാണ്. “ഈ കുടിയേറ്റങ്ങൾ മൂലം ലോകത്ത് ഇന്ന് ഏകവംശീയ സമൂഹങ്ങൾ വിരളമാണ്. വിരുദ്ധമായ വിവിധ സാംസ്കാരിക പ്രേരണകളുടെ സമ്മർദ്ദത്തിൽ ഞെരിയുന്ന പ്രവാസികളുടെ അനുഭവം ഇന്ന് സാഹിത്യത്തിലെ വലിയൊരു സാന്നിദ്ധ്യമാണ്.”[9] മുതലാളിത്ത - സാമ്രാജ്യത്ത്വശക്തികൾ സൃഷ്ടിച്ച സംസ്കാരം മാത്രമല്ല, ദേശാന്തരഗമനം നടത്തിയവർ വിവിധ രാജ്യങ്ങളിൽ അനുഭവിക്കുന്ന സംഘർഷങ്ങളും അവർ കൊണ്ടുവന്ന സംസ്കാരവും ഇന്നു സംസ്കാരപഠനങ്ങളിൽ നിർണ്ണായകമാണ്. ഒന്നാംലോകത്ത് പ്രവാസിയായി കഴിയുന്ന മൂന്നാംലോകക്കാരുടെ രാഷ്ട്രീയ വംശീയ പ്രശ്നങ്ങളെ സ്ഥാനപ്പെടുത്തികൊണ്ടു മാത്രമേ സംസ്കാരപഠനങ്ങൾ പൂർണ്ണമാവുകയുള്ളൂ.

അന്യനാടുകളിൽ എത്തിപ്പെട്ട മലയാളി-പ്രവാസികൾ നേരിട്ട ബഹുസ്വരത കേരളീയസംസ്കാരത്തിലും സമൂഹത്തിലും അനവധിയായ പരിണാമങ്ങൾക്കു വഴിതെളിച്ചു. കേരളീയരുടെ സ്വത്വത്തേയും, ശീലങ്ങളെയും, വേഷവിധാനങ്ങളെയും മാറ്റിമറിച്ച ദൂരവ്യാപകമായ ഫലങ്ങളാണ് പ്രവാസഅതിജീവനംകൊണ്ടു സംഭവിച്ചത്. ഈ മാറ്റങ്ങളെ രണ്ടുതലങ്ങളിൽ അടയാളപ്പെടുത്താം.

I. ദേശാന്തഗമനം വഴി പ്രവാസികൾ നേരിട്ട സംഘർഷങ്ങൾ, അതിജീവനത്തിനും ഉപജീവനത്തിനും വേണ്ടിയുള്ള പോരാട്ടത്തിൽ പ്രവാസിക്കു സംഭവിച്ച സാംസ്കാരിക പ്രതിസന്ധികൾ.

II. പ്രവാസികളിലൂടെ കേരളീയ സമൂഹത്തിനു സംഭവിച്ച സാംസ്കാരിക മാറ്റങ്ങൾ.

## 2.3. പ്രവാസികളുടെ സാംസ്കാരിക പ്രതിസന്ധികളും സമന്വയവും

അന്യനാടുകളിൽ പ്രവാസികൾ അനുഭവിക്കുന്ന പ്രതിസന്ധികളും സംഘർഷങ്ങളും നിരവധിയാണ്. വിവിധ മേഖലകളിൽ അവരനുഭവിക്കുന്ന സംഘർഷങ്ങളെ വിശദപഠനത്തിന് വിധേയമാക്കുന്നു.

### 2.3.1 പ്രവാസികളുടെ തൊഴിൽ മേഖലകളും ആവാസവ്യവസ്ഥയും

മാർക്സിയൻ വീക്ഷണത്തിൽ "ഉൽപാദനോപാധികളൊന്നും സ്വന്തമായി ഇല്ലാത്തതിനാൽ ഉപജീവനാർത്ഥം തങ്ങളുടെ അദ്ധ്വാനശക്തി വിൽക്കാൻ നിർബന്ധിതരായ ആധുനിക കൂലിവേലക്കാരുടെ വർഗ്ഗത്തെയാണ് തൊഴിലാളിവർഗ്ഗം എന്നതുകൊണ്ടുദ്ദേശിക്കുന്നത്.[10] ജീവൻ നിലനിർത്താൻപോലും മതിയായ വേതനം ലഭിക്കാതെ പോകുന്ന, ജീവൻനിലനിർത്താനുള്ള തത്രപ്പാടിനിടയിൽ ഏറ്റവും ചുരുങ്ങിയ കൂലിക്ക് തന്റെ അദ്ധ്വാനം വിൽക്കാൻ നിർബന്ധിതരായ അടിസ്ഥാന വിഭാഗമാണിവർ. സ്വന്തം അദ്ധ്വാനശേഷി കൊണ്ടുമാത്രം ഉപജീവനം കഴിക്കുന്നവർ. നിത്യജീവിതത്തിന് അവശ്യംവേണ്ട നല്ലവസ്ത്രവും പാർപ്പിടവും പലപ്പോഴും ഇവർക്ക് അപ്രാപ്യമാണ്. സമൂഹത്തിലെ സ്വകാര്യസ്വത്തുക്കളുടെ ഉടമസ്ഥാവകാശം കൈവശം വെച്ചിരിക്കുന്ന ആധുനിക മുതലാളിമാരാണ് ബൂർഷ്വാസികൾ. "സാമൂഹ്യോൽപാദനോപാധികളുടെ ഉടമകളും, കൂലിവേല എടുപ്പിക്കുന്നവരുമായ ആധുനിക മുതലാളിമാരുടെ വർഗ്ഗത്തെ

യാണ് ബൂർഷ്വാസി എന്ന പദംകൊണ്ടു ഇവിടെ ഉദ്ദേശിക്കുന്നത്. എല്ലാ പരിഷ്കൃതരാജ്യങ്ങളിലും എല്ലാ ഉൽപ്പാദനോപാധികളും, ആ ഉപജീവ നോപാധികൾ ഉൽപാദിപ്പിക്കാനാവശ്യമായ അസംസ്കൃതപദാർത്ഥങ്ങളും ഉപകരണങ്ങളും ഏതാണ്ട് പൂർണ്ണമായും ഇവരുടെ വകയാണ്."[11] പട്ടികജാതി, പട്ടികവർഗ്ഗത്തിലുള്ളവർ, നിയോബുദ്ധിസ്റ്റുകൾ, അദ്ധ്വാനി ക്കുന്ന തൊഴിലാളികൾ, ഭൂരഹിതരും നിർധനരുമായ കർഷകർ, മതപര മായും രാഷ്ട്രീയമായും സാമ്പത്തികമായും ചൂഷണം ചെയ്യപ്പെടുന്നവർ – ഇവരാണ് ദലിതർ എന്ന് ഗെയിൽ ഓം വേദ്ത് അഭിപ്രായപ്പെടുന്നുണ്ട്.[12] ഇത്തരത്തിൽ ദലിതരാക്കപ്പെട്ട, കീഴാള വർഗ്ഗമായ കൃഷിയിടങ്ങളിലും തോട്ട ങ്ങളിലും, ഫാക്ടറികളിലും അദ്ധ്വാനിക്കുന്ന പ്രവാസി തൊഴിലാളിവർഗ്ഗം അന്യനാടുകളിൽ അധീശസംസ്കാരത്തിന്റെയും മുതലാളിവർഗ്ഗത്തി ന്റെയും കടുത്തചൂഷണത്തിന് ഇരകളാകുന്നു.

ഭൂമുഖത്തു കാണപ്പെടുന്ന എല്ലാ ഭൗതിക സാഹചര്യങ്ങളും പരസ്പര പൂരകമോ, വിരുദ്ധമോ ആയ ദ്വന്ദാത്മകതയിൽ അധിഷ്ഠിതമാണ്. സ്ത്രീ/ പുരുഷൻ, നന്മ/തിന്മ, എഴുത്ത്/മൊഴി എന്നിങ്ങനെ നീളുന്ന ദ്വന്ദാത്മകത മനുഷ്യചരിത്രത്തിൽ സാമ്പത്തിക ഉച്ചനീചത്വങ്ങളെ അടിസ്ഥാനപ്പെ ടുത്തിയായിരുന്നു വളർച്ച പ്രാപിച്ചത്. ഫ്യൂഡൽ കാലഘട്ടത്തിൽ ജന്മി കുടിയാൻ ബന്ധമായിരുന്നെങ്കിൽ വ്യവസായിക വളർച്ചയുടെ ഫലമായി തൊഴിലാളി/മുതലാളിവർഗ്ഗ ബന്ധങ്ങൾ രൂപംകൊണ്ടു. മാനവചരിത്ര ത്തിന്റെ സമകാലിക പരിണതികളിൽ ഇത്തരം വർഗ്ഗദ്വന്ദങ്ങളുടെ ശക്ത മായ സ്വാധീനം കാണാം. കറുത്തവൻ/വെളുത്തവൻ, മുതലാളി/തൊഴി ലാളി എന്നിങ്ങനെയുള്ള വർണ്ണ-വർഗ്ഗദ്വന്ദ വിവേചനം വികസിത-വിക സ്വര ബന്ധങ്ങളിൽ തെളിഞ്ഞുകാണാം.

വികസിതരാജ്യങ്ങൾ വികസ്വരരാജ്യങ്ങളെ കീഴടക്കി വർഗ്ഗപരമായ ആധിപത്യം ചെലുത്തുന്ന കാഴ്ചയാണ് ലോകചരിത്രങ്ങളിൽ ഇന്നോളം കണ്ടിട്ടുള്ളത്. അധീശവർഗ്ഗത്തിന്റെ മേൽക്കോയ്മയ്ക്കു (hegemony) മുന്നിൽ കീഴടങ്ങി നിൽക്കാൻ മർദ്ദിതവർഗ്ഗങ്ങൾക്കു പ്രേരണയാകുന്നത് ഉൽപാദകശക്തികളുടെ സാമ്പത്തിക അടിത്തറയാണ്. ഈ അടിത്തറയിൽനിന്നും വികസിച്ചുവന്ന സാമൂഹ്യ-രാഷ്ട്രീയ സംവിധാനങ്ങൾ അധീശവർഗ്ഗ സംസ്കാരത്തിന്റെ സാമൂഹ്യസമ്മതിയെ ഊട്ടിയുറപ്പിക്കുന്നവയാണ്. വികസ്വരരാജ്യങ്ങളിൽ നിന്നും വരുന്ന പ്രവാസികൾ സാമ്പത്തികവളർച്ച നേടിയ എണ്ണപ്പാടനാടുകളിൽ ഇത്തരത്തിൽ കടുത്ത വർഗ്ഗവിവേചനം അനുഭവിക്കുന്നുണ്ട്. യൂറോപ്യൻ സംസ്കാരം കറുത്തവനോടു കാണിച്ചതുപോലെ സാമ്പത്തികമായി മുന്നേറിയ അറബ് മുതലാളിവർഗ്ഗം പ്രവാസിതൊഴിലാളിവർഗ്ഗത്തെ കടുത്തചൂഷണത്തിനു വിധേയമാക്കുന്നു. കൂലികളായി തരംതാഴ്ത്തലും മനുഷ്യത്ത്വരഹിതമായ അടിമത്തവും കേരളീയ പ്രവാസിന്യൂനപക്ഷത്തെ സംഘർഷങ്ങളിലേക്ക് നയിക്കുന്നു. സാംസ്കാരികമായ അതിജീവനത്തിനുവേണ്ടി സ്വേച്ഛാധിപത്യത്തെ എതിർക്കാനുള്ള ത്വര അവനിൽ അനിയന്ത്രിതമാവുകയും അങ്ങനെ ചെയ്യുമ്പോഴുണ്ടാകുന്ന ദുരന്താനുഭവങ്ങൾ അവനെ അതിൽനിന്നും പിന്മാറാൻ നിർബന്ധിക്കുകയും ചെയ്യുന്ന അവസ്ഥ ഗൾഫ് പ്രവാസികളുടെ ദുര്യോഗമാണ്. ദരിദ്രലോകരാജ്യങ്ങളെ യൂറോപ്യൻ അധിനിവേശം കോളനീകരിച്ച് സാംസ്കാരിക കടന്നകയറ്റം സാധ്യമാക്കിയതുപോലെ ദരിദ്രരാഷ്ട്രങ്ങളിൽ നിന്നും എത്തിച്ചേരുന്ന പ്രവാസിന്യൂനപക്ഷത്തെ സമ്പന്നരാഷ്ട്രങ്ങൾ എങ്ങനെ സാമ്പത്തിക വർഗ്ഗാധിപത്യ ചൂഷണങ്ങൾക്കു വിധേയമാക്കുന്നു എന്നതിന്റെ വ്യക്തമായ അന്വേഷണമാണ് പ്രവാസി സംസ്കാരപഠനങ്ങൾ സാധ്യമാക്കുന്നത്.

### 2.3.2 പ്രവാസി സമൂഹം അനുഭവിക്കുന്ന അന്യവത്ക്കരണം

ദൈർഘ്യമേറിയ പ്രവാസകാലത്തിൽ സ്വദേശത്തും വിദേശത്തും വേരുകളില്ലാതെ അന്യരാക്കപ്പെടുന്നവരാണ് പ്രവാസികൾ. അവരുടെ പ്രവാസവേദനകൾ സാമ്പത്തികമായും സാമൂഹികമായും രാഷ്ട്രീയമായും തിരിച്ചറിയപ്പെടേണ്ടതാണ്. പൗരത്വാവകാശങ്ങൾക്കു സാധ്യതയുള്ള വിദേശരാജ്യങ്ങളിലെ പ്രവാസികളിൽ ഒരു പരിധിവരെ അന്യതാബോധം മാനസിക-ഭൗതിക സാഹചര്യങ്ങളെ ബാധിക്കുന്നില്ലായെങ്കിലും അന്യ നാടിന്റെ സാംസ്കാരീകതയിൽ നിലനിൽക്കുക പ്രവാസിക്കു വേദന തന്നെ യാണ്. എണ്ണപ്പാടനാടുകളിലാകട്ടെ, അദ്ധ്വാനശേഷി വിനിയോഗിക്കാൻ വേണ്ടിമാത്രം നിലനിൽക്കുന്ന സ്വത്വമാണ് ഓരോ പ്രവാസിയുടേതും. അവർക്കുകിട്ടുന്ന പ്രതിഫലം ഒഴുകിച്ചേരുക സ്വന്തംനാട്ടിലേക്കും കുടും ബസംവിധാനങ്ങളിലേക്കുമാണ്. തൊഴിലെടുക്കാൻ കഴിയുന്ന കാലംവരെ പ്രവാസിയാകാൻ വിധിക്കപ്പെട്ടവർ വാർദ്ധകൃത്തിൽ മാത്രമാണ് സ്വന്തംവേരുകളിലേക്കു മടങ്ങുക. അത്രയുംകാലം സമ്പത്തും നാടും കുടുംബവും നഷ്ടപ്പെട്ട പ്രവാസിക്ക് ആരോഗ്യകരമായ ഭൗതീകമാനസിക അവസ്ഥകൾ ആസ്വാദിക്കുവാനോ കുടുംബത്തോടൊത്ത് അദ്ധ്വാനഫല മായ സുഖജീവിതം നയിക്കുവാനോ വാർദ്ധക്യാവസ്ഥകളിൽ സാധിക്കു കയില്ല. പ്രവാസിമാത്രമല്ല അയാളുടെ കുടുംബവും സമാനമായ അരക്ഷി താവസ്ഥകളിലൂടെ കടന്നുപോകുന്നവരാണ്. ഒറ്റപ്പെടലിന്റെ വേദനയനുഭ വിക്കുന്ന ഓരോ പ്രവാസിയും മടക്കയാത്രയില്ലായെന്ന തീരുമാനത്തിലാ ണെത്തിച്ചേരുക. നാട്ടിലും വീട്ടിലും 'വിദേശമുഖം' നിലനിർത്താനുള്ള ബാദ്ധ്യത പ്രവാസിയെ വീണ്ടും വിദേശവാസത്തിലേക്കു തള്ളിവിടുന്നു. കുടുംബത്തിനും ബന്ധുക്കൾക്കും വേണ്ടി ത്യജിക്കപ്പെടുകയാണ് പ്രവാ

സികളുടെ ജീവിതങ്ങൾ. പ്രാദേശിക തനിമകളെ മനസ്സിൽ സൂക്ഷിക്കുന്ന സാധാരണക്കാരായ പ്രവാസികൾക്കാണ് സമ്പന്ന പ്രവാസിയേക്കാൾ അന്യതാബോധം അനുഭവിക്കേണ്ടിവരുന്നത്. പ്രാദേശിക സവിശേഷത കളായ ഉത്സവങ്ങളെയും ആഘോഷങ്ങളെയും ദേശപരവും കുടുംബപര വുമായ എല്ലാ ആചാരാനുഷ്ഠാനങ്ങളെയും ജീവിതത്തിന്റെ ഭാഗമാക്കിയ ഇവർ വലിയ സ്വത്വനഷ്ടവ്യഥ പേറിയാണ് ജീവിക്കുന്നത്.

വിദേശത്തുനിന്നും തൊഴിൽ നഷ്ടപ്പെട്ടു തിരിച്ചെത്തുന്ന പ്രവാ സിയെ തിരസ്കൃത മനോഭാവത്തോടെ നോക്കി കാണുന്നവരാണ് ഭൂരി ഭാഗം മലയാളികളും. സാമ്പത്തികമായി കേരളത്തിന്റെ മുഖംതന്നെ മാറ്റിമറിക്കുന്നതിൽ മുഖ്യപങ്കുവഹിച്ച പ്രവാസിക്ക് രാഷ്ട്രീയ അവകാശ ങ്ങളും ഇടപെടലുകളും അവശ്യനേരങ്ങളിൽ നിഷേധിക്കപ്പെടുകയാണ്. വിവിധതലങ്ങളിൽ വിദേശത്തും സ്വദേശത്തും പ്രവാസി അന്യനാക്ക പ്പെടുന്നു.

## 2.3.3 പ്രവാസിയുടെ ജീവിതക്രമത്തിൽ വന്ന പരിണാമങ്ങൾ

“സംസ്കാരം ഒരു വ്യക്തി സ്വമേധയാ സ്വീകരിക്കുന്ന ഒന്നല്ല. അവർ ജനിച്ചുവീഴുന്ന ചുറ്റുപാടുകളിൽ നിന്ന് അവരിൽ വന്നുചേരുന്നതാണത്. അവരുടെ കുടുംബം, ജാതി, മതം, ഭരണക്രമം എന്നിവയിലൂടെ അവ ദൃഢപ്പെടുന്നു. ഇങ്ങനെ വസ്തുക്കളും സ്ഥാപനങ്ങളും പ്രയോഗങ്ങളും എല്ലാം ചേർന്ന ഭൗതീക യാഥാർത്ഥ്യത്തിന്റെ ഭാഗമാണ് സംസ്കാരം.”[13]

ജന്മനാടിന്റെ ജൈവീകവും സാംസ്കാരികവുമായ പരിസരത്തു നിന്നും അകലുമ്പോൾ വ്യക്തിസ്വത്വം ആർജ്ജിച്ചെടുത്ത രാഷ്ട്രീയ സാമൂ ഹ്യമൂല്യ നിർമിതിയിൽ മാറ്റം സംഭവിക്കുന്നു. ജാതിയും മതങ്ങളും മത

ങ്ങൾക്കുള്ളിലെ ജാതിഭേദങ്ങളുംകൊണ്ട് സങ്കീർണ്ണമാണ് കേരളത്തിലെ സാമൂഹ്യഘടന. പൂജാദികർമ്മങ്ങൾ വഴിയുള്ള സവിശേഷ ജീവിതക്രമം കൊണ്ടായിരുന്നു സവർണ്ണവിഭാഗം സമൂഹത്തിലെ ജാതിയമായ തങ്ങളുടെ സ്ഥാനം അലങ്കരിച്ചിരുന്നത്. ജാതീയമായ തങ്ങളുടെ സ്ഥാനവും അവ സൃഷ്ടിച്ചെടുത്ത ജീവിതശൈലിയും വിദേശജീവിതത്തിൽ അവർക്ക് പൊളിച്ചെഴുതേണ്ടിവന്നു. നിലനില്പിനുള്ള ഉപാധിയെന്ന നിലയ്ക്ക് ഇത്തരം മാറ്റങ്ങളോട് സമരസപ്പെടേണ്ടത് അത്യാവശ്യവുമായിരുന്നു. തൊഴിലിടങ്ങളിൽ വ്യത്യസ്ത ജാതിമതവിഭാഗക്കാരോടൊന്നിച്ച് പണിയെടുക്കേണ്ടിവന്നതും മലയാളിയുടെ മൂല്യസങ്കല്പങ്ങളിൽ മാറ്റം വരുത്തി. ബഹുസാംസ്കാരികസങ്കലനം വഴി സാമൂഹ്യപ്രതികരണങ്ങളിലും ശുദ്ധി സങ്കല്പങ്ങളിലും മലയാളിക്ക് വ്യത്യസ്ത കാഴ്ചപ്പാടുണ്ടായി. വ്യത്യസ്ത ജാതിമതവിഭാഗങ്ങൾ എന്നതിനപ്പുറം പ്രവാസിസമൂഹം ഒരൊറ്റ വർഗ്ഗമായി (class) മാറി.

മുങ്ങികുളിച്ച് ദേഹശുദ്ധിവരുത്തി ദിവസം ആരംഭിക്കുന്ന ജീവിതശൈലിയാണ് മലയാളിയുടേത്. ഈ ശുചിത്വബോധമാണ് മറുനാടുകളിലെ ഭക്ഷണശാലകളിൽ മലയാളിക്ക് തൊഴിൽ നേടികൊടുത്തത്. ജലം സുലഭമല്ലാത്ത വിദേശരാജ്യങ്ങളിൽ എത്തിച്ചേർന്ന മലയാളിക്ക് നാട്ടിൽ ശീലിച്ച ശുചിത്വ പാഠങ്ങളെ തിരുത്തിയെഴുതേണ്ടിവന്നു. എ.സി മുറികളിൽ തൊഴിലെടുക്കുന്ന സമ്പന്നപ്രവാസിയേക്കാൾ മഴയും പുഴയും അനുഗ്രഹിച്ച നാട്ടിൽനിന്ന് മരുഭൂമിയുടെ കത്തുന്ന ചൂടിലേക്കെറിയപ്പെട്ട സാധാരണക്കാരായ തൊഴിൽ പ്രവാസികളെയാണ് ഈ അന്തരം ഏറെ ബാധിച്ചത്.

കുളിക്കാനും കുടിക്കാനും മാത്രമല്ല ഭക്ഷണത്തിലും പാർപ്പിട സൗകര്യങ്ങളിലും മലയാളിക്ക് സമരസപ്പെടലുകൾ ആവശ്യമായിവന്നു.

കുത്തരിച്ചോറും നിറവും സ്വാദുമേറുന്ന വിഭവങ്ങളുമാണ് മലയാളിയുടെ സവിശേഷ ഭക്ഷണരീതി. "ഭക്ഷണം കഴിക്കുന്നതിലും മതസംബന്ധമായ ചില ആചാരമര്യാദകളും ശുദ്ധികളും പാലിക്കുന്നവരാണ് മലയാളികൾ"[14] വിഭവവൈപുല്യത്തെയും വൈവിധ്യങ്ങളെയും അവയുടെ ആചാരക്രമമനുസരിച്ചുള്ള ക്രമപ്പെടുത്തലുകളെയും മര്യാദകളെയും കീഴ്മേൽ മറിക്കുന്നതായിരുന്നു അന്യനാടുകളിലെ മലയാളിയുടെ ഭക്ഷണരീതി. ചെന്നെത്തിയ രാജ്യങ്ങളിലെ ഏതുഭക്ഷണവും വാങ്ങിക്കഴിക്കേണ്ടിവന്നു പ്രവാസിന്യൂനപക്ഷത്തിന്. അതിജീവനം സാധ്യമാക്കാൻ തത്രപ്പെടുന്ന പ്രവാസി, തങ്ങളുടെ സാംസ്കാരിക പശ്ചാത്തലവും ഭക്ഷണക്രമവും ഉപേക്ഷിക്കാൻ നിർബന്ധിതനായി.

പച്ചക്കറി വിഭവങ്ങൾ മരീചികയായ എണ്ണപ്പാടനാടുകളിൽ ഖുബ്ബൂസും ചപ്പാത്തിയും സസ്യേതരവിഭവങ്ങളും കൊണ്ടു പ്രവാസിക്ക് തൃപ്തിയടയേണ്ടിവന്നു. കുറഞ്ഞ വേതനം കൊണ്ടു ജീവിതം മുന്നോട്ടുകൊണ്ടു പോകുന്നവർക്ക് പലപ്പോഴും ഖുബ്ബൂസ്സും വെള്ളവും മാത്രമായി ഭക്ഷണക്രമം ചുരുക്കേണ്ടിവന്നു. വർഷങ്ങൾ വിദേശത്തു കഴിയേണ്ടി വരുന്നതോടെ പ്രവാസിക്ക് കേരളീയ ഭക്ഷണത്തോട് വിരക്തിതോന്നിതുടങ്ങുകയും ഇറച്ചിഭ്രമം പ്രവാസികൾക്കിടയിൽ കൂടികൊണ്ടിരിക്കുകയും ചെയ്യുന്നത് അവരുടെ ജീവിതശൈലിയിൽ വന്ന മാറ്റത്തെയാണ് സൂചിപ്പിക്കുന്നത്. സമ്പന്നപ്രവാസികളാകട്ടെ ടിൻഫൂഡും, ജംഗ്ഫൂഡും മുന്തിയ വിദേശവിഭവങ്ങളും ശീലമാക്കിയാണ് തങ്ങളുടെ സമ്പന്നതയെ അടയാളപ്പെടുത്തുന്നത്. ഭക്ഷണം കഴിക്കുന്നതിൽ മാത്രമല്ല കുടുംബത്തിന്റെ സഹായമില്ലാതെ സ്വന്തമായി പാചകം ചെയ്യാനും, വസ്ത്രങ്ങൾ കഴുകാനും മുറിവൃത്തിയാക്കാനും വിദേശ പ്രവാസം മലയാളിയെ പഠിപ്പിച്ചു.

വ്യത്യസ്തദേശങ്ങളിലെ ആളുകളൊരുമിച്ച് വസിക്കേണ്ടിവന്ന മലയാളി, ദേശഭാഷാവൈരുദ്ധ്യങ്ങളെ അപ്രത്യക്ഷമാക്കുന്ന ദേശീയതയിൽ ജീവിക്കാൻ ശീലിച്ചു. മറുനാടൻ ഭാഷകളും വിദേശഭാഷകളും മതങ്ങളും സംസ്കാരവും കൂടിക്കലർന്ന ബഹുസംസ്കാരികതയിലാണ് പ്രവാസിയുടെ സാമൂഹികജീവിതം നിലകൊള്ളുന്നത്. ഈ ബഹുസ്വരതയിൽ ഇടപഴകുന്നതിനാൽ മതപരമായ സങ്കുചിതത്ത്വമോ വർഗ്ഗീയ നിലപാടുകളോ പ്രവാസിന്യൂനപക്ഷത്തെ ബാധിക്കുന്നില്ല.

രണ്ടാമിടത്തിൽ സംഭവിക്കുന്ന സ്വത്വരൂപീകരണം പ്രാദേശികതയിൽ നിന്നുയിർകൊണ്ട സ്വത്വനിർമ്മിതിയിൽ നിന്നും വ്യത്യസ്തമാണ്. ദ്വന്ദ്വസ്വത്വരൂപീകരണം വ്യത്യസ്ത പ്രതികരണങ്ങളാണ് വ്യക്തിയിൽ സൃഷ്ടിക്കുന്നത്. ഇത്തരം സംഘർഷങ്ങളും രണ്ടാമിടത്തിലെ മാറ്റങ്ങളോടുള്ള സമന്വയസ്വഭാവവും പ്രവാസി നേരിടുന്നുണ്ട്. വർത്തമാന പരിതോവസ്ഥകളോട് പൊരുത്തപ്പെടുമ്പോഴും കൈവിട്ട ജന്മദേശം പ്രവാസിയെ നൊമ്പരപ്പെടുത്തുന്നു. പ്രവാസി വർത്തമാനകാലത്തിലല്ല, ഭൂതകാലത്തിലാണ് ജീവിക്കുന്നത് എന്നതുകൊണ്ട് തീവ്രമായ ഗൃഹാതുരത്വമാണ് ഓരോ സാധാരണക്കാരായ പ്രവാസിയും ഉൾപേറുന്നത്.

''ഏതൊരാളുടേയും കാലം അയാളുടെ ദേശങ്ങൾക്കൊപ്പം ഒട്ടിനിന്നാണ് അതിന്റെ വിവിധങ്ങളായ വിളവെടുപ്പുകളിൽ ഏർപ്പെടുന്നത്. അനുഭവങ്ങളുടേയും പുസ്തകേതരമായ പാഠങ്ങളുടേയും ബഹുവിധമായ വിളവെടുപ്പാണത്. ദേശം എന്ന വയലിൽ അയാൾ വിതയ്ക്കുകയും കൊയ്യുകയും ചെയ്യുന്നു. ഒരാളുടെ ജീവിതത്തെ നാം അളക്കുന്നതിന്റെ പല പാത്രങ്ങളിലൊന്നാണത്. തീർച്ചയായും അതിന് സാംസ്കാരികവും രാഷ്ട്രീയവുമായ തുടർച്ചകളുണ്ട്. വിദേശമലയാളി ശരീരംകൊണ്ടു

ഗൾഫിലും മനസ്സുകൊണ്ട് കേരളത്തിലുമാണ് ജീവിക്കുന്നത്. ഓർമ്മകളാണ് സങ്കല്പങ്ങളെയും ധാരണകളെയും രൂപപ്പെടുത്തുന്നതിൽ വളരെ പ്രധാനപ്പെട്ട പങ്കുവഹിക്കുന്നത്. ഓർമ്മകളിൽ നിന്നും ഊർജ്ജംകൊണ്ട സങ്കല്പങ്ങൾ നിരന്തരം പരിഷ്കരിച്ചുകൊണ്ടിരിക്കുന്നു എന്നത് മനസ്സിന്റെ പ്രധാന ജോലികളിലൊന്നാണ്. ഓർമ്മകൾക്കുമേൽ സമകാലീന സംഭവങ്ങൾ നടത്തുന്ന അഴിച്ചുപണികൾ പക്ഷെ വിദേശമലയാളിയിൽ സ്തംഭിച്ചുനിൽക്കും."[15] ഓർമ്മകളിലൂടെ നാട്ടിലേക്കും വീട്ടിലേക്കും സഞ്ചാരം നടത്തുന്നതിന് മലയാളി കൂട്ടുപിടിക്കുന്നത് സംഗീതത്തെയാണ്. മലയാളസിനിമാഗാനാസ്വാദനത്തിലൂടെ നഷ്ടമായ കുടുംബബന്ധത്തിന്റെ ഊഷ്മളതയും നാട്ടോർമ്മകളും പ്രവാസിയിലേക്കോടിയെത്തുന്നു. കൈവിട്ട ജൈവപരിസരങ്ങളെ തിരിച്ചുപിടിക്കാനുള്ള വ്യഗ്രതകൊണ്ടാണ് മലയാളി മൺസൂൺമഴയുടെ താളവും വേഗവും കാസറ്റിലാക്കി കടൽ കടത്തുന്നത്.

### 2.3.4 പ്രവാസിയുടെ ദേശീയത

ഒരു ജനത സ്വയംനിർമ്മിച്ചതും തങ്ങളെ നിലനിർത്തുന്നതുമായ മുഴുവൻ പ്രവർത്തനങ്ങളെയും വിവരിക്കാനും നീതീകരിക്കാനും ഉദ്ഘോഷിക്കാനും ചിന്താമണ്ഡലത്തിൽ നടത്തുന്ന ശ്രമങ്ങളുടെ ഭാഗമാണ് ദേശീയ സംസ്കാരം എന്നു ഫാനൻ നിരീക്ഷിക്കുന്നുണ്ട്.[16] സ്വന്തം ഭാഷയും സംസ്കാരവും നിലനിർത്താനും പരിപോഷിപ്പിക്കുവാനും പ്രവാസി നടത്തുന്ന ഓരോശ്രമവും അവന്റെ ദേശീയഐക്യത്തിന്റെ പ്രഖ്യാപനങ്ങളാണ്. ഇതിന്റെ ഭാഗമായി സംഘടിപ്പിക്കപ്പെടുന്ന പ്രവാസിസംഘടനകളും സമിതികളും കൂട്ടായ്മകളും വിദേശങ്ങളിൽ മലയാളികളെ ഒരുമിച്ചുകൂട്ടുകയും ദേശീയ പ്രാദേശീക ആഘോഷങ്ങളും കലാ-സാഹിത്യകൂട്ടായ്മ

കളും പരിപാടികളും നടത്തുകയും ചെയ്തുവരുന്നു. ഇത്തരം രാഷ്ട്രീയ സമിതികൾ ദേശീയതയെ അരക്കിട്ടുറപ്പിക്കുക മാത്രമല്ല ന്യൂനപക്ഷസമൂഹത്തിന്റെ അവകാശങ്ങൾ വിദേശരാജ്യങ്ങളിൽ നേടിയെടുക്കുന്നതിനും ഇന്ത്യാ വിദേശബന്ധങ്ങളെ പരിപോഷിപ്പിക്കുന്നതിനും സഹായിക്കുന്നു.

"ഏതൊരു സമൂഹവും അതിന്റെ വളർച്ചയ്ക്ക് ഉപാധിയാക്കുന്നത് കലയെയും സാഹിത്യത്തെയും തന്നെയാണ്. അവിടെ ഭാഷ സാമൂഹ്യ പരിവർത്തനത്തിന്റെ മൂർത്തമായ അടയാളമാണ്."[17] നഷ്ടപ്പെട്ട നാടിന്റെ തീവ്രമായ ഓർമ്മകളും ഗൃഹാതുരത്വവും പ്രവാസസാഹിത്യത്തിനു കാരണമായി. "മാതൃഭൂമിക്കുവേണ്ടിയുള്ള തീവ്രാഭിലാഷമാണ് പ്രവാസികളിൽ അത്യധികമായി ഉണരുന്ന വികാരം. യാത്ര അപകടകരവും അസാധാരണവുമായിരുന്നപ്പോൾ ഈ വാഞ്ഛ അതിതീവ്രമായിരുന്നു. ഇനിയൊരിക്കലും നാട്ടിലേക്കു മടങ്ങാനാവില്ലെന്ന് അവർ തിരിച്ചറിഞ്ഞിരുന്നു. സാങ്കേതിക മുന്നേറ്റത്തിന്റെ കാലത്ത് യാത്ര എളുപ്പവും ദൂരം ഹ്രസ്വവുമായെങ്കിലും വിദൂര ദേശത്താണെന്ന അസംതൃപ്തി അവരുടെ ഭാവനയെ പോഷിപ്പിച്ചുകൊണ്ടേയിരുന്നു. അവരുടെ ഗൃഹാതുരതയ്ക്കൊപ്പം ജന്മനാടിന്റെ പാരമ്പര്യങ്ങളോടും മതങ്ങളോടും ഭാഷകളോടുമുള്ള വിചിത്രമായ അടുപ്പം പ്രവാസസാഹിത്യത്തിനു ജന്മംനൽകി."[18]

പ്രവാസസാഹിത്യം മത്രമല്ല ദൃശ്യമാധ്യമങ്ങളും പ്രവാസി ന്യൂനപക്ഷത്തിന്റെ ഭാഷയെയും ദേശീയരാഷ്ട്രീയ കാഴ്ചപ്പാടുകളെയും നിർണ്ണയിക്കുകയും വളർത്തുകയും ചെയ്തുവരുന്നു. "പ്രവാസികളുടെ ഭാഷാപരിണാമത്തിനും നവസ്വത്വബോധ നിർമ്മിതിക്കും പ്രധാനകാരണമായിരിക്കുന്നത് ടെലിവിഷൻ, ഇന്റർനെറ്റ്, റേഡിയോ, പത്രങ്ങൾ തുടങ്ങിയ സോഷ്യൽ മാധ്യമങ്ങളാണ്. ഈ മാധ്യമങ്ങൾ പുതിയ ഭാഷാബോധവും

ഭാഷാരാഷ്ട്രീയവും പ്രവാസികളിൽ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് പ്രവാസി ഇന്നു ഭാഷയോടും മാധ്യമങ്ങളോടും കൂടുതൽ അടുത്തുകൊണ്ടിരിക്കുന്നത്."[19]

## 2.4 പ്രവാസവും സാംസ്കാരിക പരിണാമവും

ആധുനികകാലത്തെ മനുഷ്യജീവിതത്തിൽ സംഭവിച്ച പല പരിണാമങ്ങളിൽ ഒന്നാണ് പ്രവാസം. അത് ഭാഷയെ, സംസ്കാരത്തെ, സ്വത്വബോധത്തെ, രാഷ്ട്രീയത്തെ പലതരത്തിൽ ബാധിച്ചിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ വിശദമായ പഠനത്തിന് വിധേയമാക്കിയിരിക്കുന്നു.

### 2.4.1 ഭാഷ

ഭക്ഷണം, വസ്ത്രം, ഭാഷ എന്നീ തനിമകളാണ് ഒരു ജനതയെ നിലനിർത്തുന്നത്. അവരുടെ സാംസ്കാരികസ്വത്വത്തിന്റെ ചിഹ്നമാണ് മാതൃഭാഷ. ഏതൊരു മാനവസംസ്കാരങ്ങളും രൂപം കൊണ്ടിട്ടുള്ളത് മാതൃഭാഷയുടെ മടിത്തട്ടിൽ നിന്നാണ്. "ഓരോ സംസ്കാരത്തിനുമുണ്ട് ഭാഷയെന്ന സ്വകാര്യസ്വത്ത്. മനുഷ്യൻ തന്റെ സംസ്കാരത്തനിമയെ ഭാഷയെന്ന മാധ്യമത്തിലൂടെ പുറംലോകത്തെ അറിയിക്കുന്നു."[20] ഒരു സമൂഹത്തിന്റെ ജൈവപാരമ്പര്യത്തെ നിലനിർത്തിപ്പോരുന്ന ഭാഷ ആശയവിനിമയോപാധി എന്നതിനപ്പുറം ആ  സമൂഹത്തിന്റെ ചരിത്രവും സംസ്കാരവുമാണ്.

സ്വദേശം വിട്ട് അന്യദേശത്തെത്തുന്ന ഓരോ വ്യക്തിയുടെയും ഉള്ളിലുള്ളത് മാതൃഭാഷയാണ്. എന്നാൽ മനസ്സിനു പകരം ബുദ്ധികൊണ്ട് പെരുമാറേണ്ടിവരുന്ന ചുറ്റുപാടിൽ സ്വന്തം ഭാഷ അന്യമാവുകയും പ്രവാസഭാഷ സ്വന്തമാക്കേണ്ടി വരികയും ചെയ്യുന്ന പ്രവാസിയുടെ മാനസികനില

അത്യന്തം ദുഷ്കരമാണ്. വ്യക്തിയുടെ അരികുവത്കരണം അയാളുടെ ഭാഷയെ പരിണാമത്തിനു വിധേയമാക്കുന്നു. അയാളുടെ ഭാഷ വിധേയ ത്വത്തിന്റെയോ നിലനില്പിന്റെയോ അടയാളമായി മാറുന്നു. ഒരു അപര സ്വത്വം പ്രവാസിയുടെ ഭാഷയിൽ കടന്നുവരുന്നുണ്ട്. അവിടെ സ്വത്വസം ഘർഷത്തിന്റെ അടയാളപ്പെടുത്തലായി ഭാഷ മാറുന്നു. മാതൃഭാഷയെ കൂടു തലായി അറിയുന്നതും സ്നേഹിക്കുന്നതും പ്രാദേശികവഴക്കങ്ങളെ ഭാഷ ണത്തിൽ ഉൾപ്പെടുത്താൻ ബോധപൂർവ്വം ശ്രമിക്കുന്നതും പ്രവാസിയുടെ സ്വത്വനഷ്ടനിർമ്മിതിയുടെ ഭാഗമായാണ് തിരിച്ചറിയപ്പെടേണ്ടത്.

ഭാഷയിലൂടെയും പ്രയോഗത്തിലൂടെയുമാണ് അപരിചിതങ്ങളായ ദേശ ങ്ങളിൽ വേരുകളറ്റ മലയാളി തന്റെ സ്വത്വത്തെ തിരിച്ചുപിടിക്കുന്നത്. എത്തി ച്ചേർന്ന ദേശങ്ങളിലെ ഭാഷകളും ലോകഭാഷയായ ഇംഗ്ലീഷും വശത്താ ക്കേണ്ടത് പ്രവാസിയുടെ നിലനില്പിന് അനിവാര്യമാണ്. തനിക്കന്യമായ വിദേശഭാഷയുടെ മടുപ്പിൽ നിന്നുള്ള മോചനം എന്ന അർത്ഥവ്യാപ്തി കൂടി ഉൾച്ചേർത്താണ് പ്രവാസിയുടെ മാതൃഭാഷാ പ്രയോഗത്തെ മനസ്സി ലാക്കേണ്ടത്. യൂറോപ്പ് അമേരിക്ക തുടങ്ങിയ രാജ്യങ്ങളിലെ മിക്ക പ്രവാ സികളും കാണിക്കുന്ന ഭാഷാസ്നേഹം പ്രകടനപരം മാത്രമാണ്. കൊളോ ണിയൽ സംസ്കാരത്തോടും ഭാഷയോടും ജീവിതരീതിയോടുമുള്ള അമി തഭ്രമമാണ് ഭൂരിഭാഗം പ്രവാസികളെയും കാപടഭാഷാസ്നേഹികളാക്കി യതിന്റെ അടിസ്ഥാനം. സാധാരണക്കാരായ പ്രവാസികൾ കൂടുതലുള്ള ഗൾഫ് നാടുകളിലാണ് നാടിനോടും ഭാഷയോടും കൂറുപുലർത്തുന്ന ന്യൂന പക്ഷത്തെ പ്രധാനമായും കാണുന്നത്.

പ്രവാസികളിൽ രണ്ടു വിഭാഗങ്ങളുണ്ട്. അതിലൊന്ന് അമ്മഭാഷയെ അതിന്റെ ആന്തരീകർത്ഥത്തിൽ ഉൾകൊണ്ട് കുടുംബത്തിനും കുട്ടി

കൾക്കും പരിസ്ഥിതിക്കും പ്രയോജനപ്പെടുംവിധം ഭാഷാജീവിതം മുന്നോട്ടുകൊണ്ടു പോകുന്നവരുടെ ദർശനമാണ്. മറ്റൊന്ന് ചെന്നെത്തിപ്പെടുന്ന രാജ്യത്തിന്റെ ഭൗതീകാസക്തികളിൽ വീണുപോയി ജന്മനാടിനെ അപഹസിക്കുകയും സ്വന്തം മാതൃഭാഷയെ പുറംതള്ളുകയും ചെയ്യുന്നവരുടെ ലോകമാണ്.[21]

മറുനാട്ടിലും വിദേശത്തും വളർന്ന് വിദ്യാഭ്യാസം ചെയ്ത പുതുതലമുറയിലെ പലർക്കും മലയാളം അറിയില്ലെന്നത് വിതർക്കമാണ്. വർഷങ്ങളായി പ്രവാസികളായവർ ഭാഷയുടെ പ്രാദേശികവഴക്കങ്ങളെയും വൈവിധ്യങ്ങളെയും തഴയുകയോ മറക്കുകയോ ചെയ്യുന്നു. കേരളത്തിൽ നിന്നുള്ള പ്രവാസികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവുണ്ടാവുകയും അന്യസംസ്ഥാന തൊഴിലാളികളുടെ കേരളത്തിലേക്കുള്ള ഒഴുക്ക് വർദ്ധിക്കുകയും ചെയ്ത സാഹചര്യത്തിൽ ഭാഷയുടെ നിലനില്പുതന്നെ അപകടത്തിലാകുമെന്ന അവസ്ഥ വിദൂരമല്ല. പ്രവാസികൾ കേരളത്തിലേക്കു കൊണ്ടുവരുന്ന നവസാങ്കേതിക ഉപകരണങ്ങളോടും അവ ഉപയോഗിക്കാനാവശ്യമായ സാങ്കേതിക ഭാഷയോടുമുള്ള പ്രതിപത്തി അപകടകരമായ വിധത്തിൽ വർദ്ധിച്ചിരിക്കുകയാണ്. പുതുതലമുറ ഇംഗ്ലീഷ് തുടങ്ങിയ ടെക്നോളജി ഭാഷകളെ കൂട്ടുപിടിക്കുകയും മലയാളത്തെ വിലകുറഞ്ഞതായി കണക്കാക്കുകയും ചെയ്യുന്ന പ്രവണത ഗൗരവമായി കാണേണ്ടതുണ്ട്.

മുതലാളിത്തവ്യവസ്ഥിതിയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അമിതമായ ഭോഗാസക്തിയും നഗരവത്ക്കരണവും സാംസ്കാരികപാരമ്പര്യങ്ങളെ മലിനപ്പെടുത്തുന്നു. അവിടെ ഭാഷയും സംസ്കാരവും വാണിജ്യോപാധികൾ മാത്രമാണ്. "ഗോത്രവർഗങ്ങൾ, വംശം, ഭാഷ, പ്രാദേശികത്വം,

മതം, ആചാരങ്ങൾ എന്നിവയിലൂടെ തുറന്നു കിട്ടുന്ന സ്വത്വങ്ങൾ ആധുനിക രാഷ്ട്രത്തിന്റെ യുക്തിക്കുമുന്നിൽ അപ്രസക്തമാവാമെങ്കിലും പൗരനെന്ന നിലയിൽ വ്യക്തികളുടെ പ്രതീക്ഷകൾ നിറവേറ്റാൻ ദേശരാഷ്ട്രം അസമർത്ഥമാകുമ്പോൾ വ്യക്തികൾക്ക് ഇത്തരം സ്വത്വങ്ങളിലേക്കും സംഘബലത്തിലേക്കും തിരിയേണ്ടിവരും."[22] നിരവധി മലയാളിസമാജങ്ങളും സംഘടനകളും സ്വഭാഷാസംസ്കാരങ്ങളെ ഉയർത്തിപ്പിടിക്കാനും ഉദ്ഘോഷിക്കാനും മുന്നോട്ടു വരുന്നത് ഭാഷാസ്നേഹികളായുള്ള പ്രവാസികളുടെ ശ്രമഫലമാണ്. ഭാഷയെ സംരക്ഷിക്കുന്നത് സ്വന്തം വംശത്തെ സംരക്ഷിക്കുന്നതിനു തുല്യമാണെന്ന് തിരിച്ചറിഞ്ഞ പ്രവാസികൂട്ടായ്മകളാണ് മലയാളഭാഷയുടെ വികാസത്തിനും നവഭാഷാപ്രവർത്തനങ്ങൾക്കും ചുക്കാൻ പിടിക്കുന്നത്.

### 2.4.2 മതം

മതത്തിൽ വേരുറച്ച വർഗ്ഗഘടനയാണ് കേരളീയസമൂഹത്തിന്റെ അടിത്തറ. ഈ വർഗ്ഗഘടന രൂപം കൊണ്ടത് കേരളത്തിലെ കാർഷിക ഉൽപാദനവുമായി ബന്ധപ്പെട്ടായിരുന്നു. കാർഷികപ്രവൃത്തികളായ കൊയ്യുക, പൂട്ടുക, വിതയ്ക്കുക തുടങ്ങിയവയുമായി ബന്ധപ്പെടുത്തി രൂപംകൊണ്ടവയായിരുന്നു കേരളത്തിലെ ആചാരാനുഷ്ഠാനങ്ങൾ. ജാതിയിൽ ഉയർന്നതും ഭൂമിയുടെ ഉടമസ്ഥത കയ്യാളിയിരുന്നതും സവർണ്ണരായിരുന്നു. സാമ്പത്തിക സ്ഥിതിയെ ജാതിയുമായി ബന്ധിപ്പിക്കുന്ന സ്ഥിതിവിശേഷം നിലനിന്ന സമൂഹത്തിൽ ജാതിയിൽ ഉയർന്ന ബ്രാഹ്മണനും ജന്മിക്കും ജാതിയിൽ താഴ്ന്ന കൃഷിക്കാരനെ ചൂഷണം ചെയ്യുന്നതിനും അദ്ധ്വാനഫലം ആസ്വദിക്കുന്നതിനും സർവ്വവിധസ്വാതന്ത്ര്യവും ജാതിഘടന അനുവദിച്ചിരുന്നു. സവർണ്ണസംസ്കാരം സമൂഹത്തിലെ എല്ലാ മേഖലകളെയും

ശക്തമായി സ്വാധീനിച്ചു. ദേശീയസമരങ്ങൾ പ്രത്യേകിച്ചും കേരളത്തിൽ കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിന്റെ ഉദയം സവർണാധിപത്യത്തെ ഇല്ലായ്മ ചെയ്യുന്നതിന് ഒരു പരിധിവരെ പ്രേരകമായി. സമാന്തരമായി ന്യൂനപക്ഷ ങ്ങളുടെ ഉയർച്ച സാധ്യമാക്കിയത് ഗൾഫ് പ്രവാസമായിരുന്നു. സവർണർ ഭൂസ്വത്ത് വൻതോതിൽ കൈവശംവെച്ചനുഭവിക്കുകയും അതില്ലാത്തവരെ ആശ്രിതന്മാരാക്കുകയും തീണ്ടൽ തൊടീൽ തുടങ്ങിയ അയിത്താചാരങ്ങൾ വഴി അവരുടെ ജീവിതം ദുഷ്കരമാക്കുകയും ചെയ്ത സ്ഥിതിവിശേഷമാ യിരുന്നു നിലനിന്നിരുന്നത്. പ്രവാസജീവിതത്തോടെ സാധാരണക്കാർക്ക് കൈവന്ന പണം വ്യവസ്ഥിതിയെ തകിടം മറിച്ചു. "അതുവരെ തങ്ങൾ പറ യുന്നതിനപ്പുറം പ്രവർത്തിക്കാത്ത നാട്ടുകാർ ഗൾഫുകാരുടെ വരവോടെ കൂറുമാറുകയോ സന്താനങ്ങൾ പരദേശവാസം നടത്തിയതിനാൽ ആശ്രി തഭാവം ഉപേക്ഷിക്കുകയോ ചെയ്തു."[23] ജാതീയമായും വർഗ്ഗപരമായും താഴ്ന്നവരുടെ വിമോചനമാണ് പ്രവാസം സാധ്യമാക്കിയത്. ജാതിയിൽ താഴ്ന്നവരായി കണക്കാക്കപ്പെട്ടവർക്ക് സാമൂഹികമായ അംഗീകാരം നേടി കൊടുത്തത് വിദേശവാസമായിരുന്നു.

പ്രവാസത്തിലൂടെ കേരളത്തിലെ മുസ്ലീംസമുദായത്തിനു സംഭവിച്ച സാമ്പത്തികമുന്നേറ്റം ശ്രദ്ധേയമാണ്. മതവും മതാചാരങ്ങളിലെ സമാന തകളും മുസ്ലീംസമുദായക്കാരെ റിക്രൂട്ട് ചെയ്യാനുള്ള സ്പോൺസർമാരുടെ താൽപര്യവുമായിരുന്നു മുസ്ലീംവിഭാഗത്തിന് ഗൾഫിലേക്കു ചേക്കേറാൻ പ്രേരണയായത്. സാമ്പത്തികനേട്ടം കൈവരിച്ചതിനു പുറമെ പ്രവാസവേ ദന കൂടുതലായി അറിഞ്ഞതും അവരാണ്. പ്രവാസവ്യഥകളും സംഘർഷ ങ്ങളും എഴുത്തിലൂടെ പുറംലോകത്തെത്തിച്ചവരിൽ ഭൂരിഭാഗം മുസ്ലീംമ തവിഭാഗക്കാരായതും അതുകൊണ്ടുതന്നെയാണ്.

വ്യത്യസ്ത സാംസ്കാരിക പശ്ചാത്തലമുള്ളവർ ഒരുമിക്കുമ്പോൾ തനതായ പൈതൃകവും മതവും ഭാഷയും പാർശ്വവത്ക്കരിക്കപ്പെടുകയും പുതിയ തലമുറ മത-സാംസ്കാര സങ്കലനത്തിൽ ജീവിക്കുകയും ചെയ്യു ന്നത് പ്രവാസഫലമായി കാണേണ്ട പ്രധാന വിഷയമാണ്. വിദേശീയരു മായുള്ള വിവാഹബന്ധങ്ങൾ വഴി വിദേശികൾ കേരളത്തിലേക്കുവരി കയും സംസ്കാരത്തിന്റെ കയറ്റുമതി ഇറക്കുമതി ബന്ധങ്ങൾ കൂടുതലായി സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നുണ്ട്. കേരളത്തിലെ ഭാഷാസംസ്കാരങ്ങ ളുടെ തനിമയെ കാലാന്തരത്തിൽ ഇല്ലായ്മ ചെയ്യുന്നതിലെ പ്രധാനഘട കമായേക്കും ഇത്തരം വിവാഹബന്ധങ്ങൾ.

### 2.4.3 ഭക്ഷണം

മലയാളഭാഷയ്ക്കും സംസ്കാരത്തിനും തുറന്നഘടനയാണുള്ളത്. അനുയോജ്യമായവിധം ഏതു സംസ്കാരത്തെയും തങ്ങളിലേക്കു സമ ന്വയിപ്പിച്ചാണു മലയാളി പരദേശങ്ങളിൽ വേരുപിടിച്ചത്. ഈ സാംസ്കാ രിക പരിണാമങ്ങൾ മലയാളിയുടെ ഭക്ഷണത്തെയും വേഷവിധാന ത്തെയും വലിയ തോതിൽ സ്വാധീനിച്ചിട്ടുണ്ട്. നെല്ല് സമൃദ്ധിയായി വിളഞ്ഞ മലയാളമണ്ണിൽ നിന്ന് പുന്നെല്ലിന്റെ മണവും സ്വാദും വേരോ ടിയ മലയാളിയുടെ നാവിൽ അപരിചിതങ്ങളായ പലരുചികളും കയറി യിറങ്ങിയത് പ്രവാസം വഴിയായിരുന്നു. നമ്മുടെ ഭക്ഷ്യവിഭവങ്ങളിൽ ചോറ്, പരിപ്പ്, നെയ്യ്, പച്ചടി, കിച്ചടി, തോരൻ, ഉപ്പേരി തുടങ്ങിയവ പ്രധാന ഇന ങ്ങളായിരുന്നു. തമിഴ്നാട്ടിൽ നിന്നും മലയാളി സ്വന്തമാക്കിയ വിഭവമാണ് സാമ്പാർ. ഇന്നു സാമ്പാറില്ലാതെ മലയാളിക്കു സദ്യയില്ലെന്ന സ്ഥിതിയാ ണ്. പലഹാരപ്പണിയിലും മലയാളി നിപുണരായത് തമിഴ്നാട്ടിൽ നിന്നാണ്. “ദോശയും ഇഡ്ഢലിയും, ചട്ടിയപ്പവും, വെള്ളയപ്പവും ഹൽവയും, അൻബൂ

രിയും, ഇടിയപ്പവുമെല്ലാം കേരളത്തിന്റെ പുറത്തുനിന്നും മലയാളി കരഗത മാക്കിയവയാണ്"[24] ഭക്ഷണം കഴിക്കുന്ന രീതിയിലും മലയാളി വ്യത്യസ്തത പുലർത്തിയിരുന്നു. ഇലയായിരുന്നു ഊണിനുപയോഗിച്ചിരുന്നത്. തറയി ലിരുന്ന് ഇലയിൽ വിളമ്പി കൈകൊണ്ട് വാരിയെടുത്തു കഴിക്കുകയാണ് മലയാളിയുടെ പരമ്പരാഗത രീതി.

അന്യദേശവാസം വർദ്ധിച്ചതോടുകൂടി ഇത്തരം പ്രാദേശിക തനിമക ളോടു ആധുനികമലയാളി വൈമുഖ്യം കാട്ടിതുടങ്ങി. സ്പൂണും ഫോർക്കും ഭക്ഷണമേശകളിൽ മാന്യതയുടെ അടയാളമായി. ഉത്തരേന്ത്യൻ, ദക്ഷിണേ ന്ത്യൻ, ചൈനീസ് എന്നിങ്ങനെ തരംതിരിച്ച ഭക്ഷണശാലകളിൽ വിവിധ ങ്ങളായ വിഭവങ്ങൾ വന്നതിനു പിന്നിൽ പ്രവാസാനുഭവങ്ങളാണെന്നു കാണാം. വ്യത്യസ്ത നാടുകളിൽ ചെന്നെത്തിയറിഞ്ഞ വിഭവങ്ങളുടെ രുചി ഭേദങ്ങൾ കേരളത്തിലും ലഭ്യമാക്കുന്നതിനായുള്ള ശ്രമങ്ങളുടെ ഭാഗമാണ് ഇത്തരം ഭക്ഷണശാലകൾ. പാശ്ചാത്യരാജ്യങ്ങളിൽ നിന്നും മലയാളി പരി ചയിച്ച ബർഗർ (യൂറോപ്പ്, അമേരിക്ക), പിസ (ഇറ്റലി), ഷവർമ്മ (ലബനൻ), ഖുബ്ബൂസ് (അറബ്) എന്നിവ പുതുതലമുറയുടെ ഇഷ്ടവിഭവങ്ങളാണ്. ഇറ ച്ചികൊണ്ടുള്ള വിദേശ വിഭവങ്ങളായ കെ.എഫ്.സി (കെൻഡക്കി ചിക്കൻ), തന്തൂരി, ഗ്രില്ല്ഡ് ചിക്കൻ തുടങ്ങിയവ കേരളത്തിൽ ഇന്നു വ്യാപകമാണ്.

### 2.4.4 വസ്ത്രം

ഭക്ഷണം, വസ്ത്രം, പാർപ്പിടം തുടങ്ങിയ അടിസ്ഥാനപ്രമാണങ്ങളി ലൂടെയാണ് ഓരോ സമൂഹവും സാംസ്കാരികമായി വ്യതിരിക്തമാക്കപ്പെ ടുന്നത്. കേരളത്തിൽ വസ്ത്രധാരണം ഒരാളുടെ ജാതിമതഭേദങ്ങളെ നിർണ്ണ യിച്ചിരുന്ന അടിസ്ഥാനഘടകമായിരുന്നു. ഓരോ സമുദായത്തിൽപ്പെട്ടവരും

തനതായ വസ്ത്രങ്ങളായിരുന്നു അണിഞ്ഞിരുന്നത്. "മുസ്ലീംസ്ത്രീകൾ നല്ല കട്ടിയുള്ള കച്ചചുറ്റിയുടുത്തു കുപ്പായമിട്ടിരുന്നു. ക്രിസ്ത്യാനി സ്ത്രീകൾ ചുറ്റിയുടുത്തു പിന്നിൽ ഞൊറിയിട്ടുടുക്കുകയായിരുന്നു പതിവ്. നായർസ്ത്രീകളും മറ്റു ഹിന്ദുസ്ത്രീകളും മുണ്ടുചുറ്റിതന്നെയാണു ഉടുത്തിരുന്നത്. എന്നാൽ നായർസ്ത്രീകൾ ഉടുത്തിരുന്നത് ഒന്നരയും മുണ്ടുമാണ്."[25] പൊതുവെ മലയാളികൾ ശുഭ്രവസ്ത്രധാരികളായിരുന്നു. ഗ്രാമങ്ങളിൽ പരമ്പരാഗത ജീവിതശൈലിയിൽ ജീവിച്ചവർ നഗരങ്ങളിലേക്കു കുടിയേറിയതിന്റെ ഫലമായി അവരുടെ വ്യക്തിത്വത്തെ പുതിയ ജീവിതശൈലി ആഴത്തിൽ സ്വാധീനിക്കുന്നു. നഗരങ്ങളിലേക്കുള്ള പ്രയാണം മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളെത്തന്നെയാണ് തകിടം മറിച്ചത്.[26] ഇന്ത്യയിലേക്കു കടന്നുവന്ന പാശ്ചാത്യഅധിനിവേശശക്തികളുടെ സ്വാധീനവും ഇതിനു കാരണമായിട്ടുണ്ട്. വിദേശസംസ്കാരത്തോടുള്ള മലയാളിയുടെ അടങ്ങാത്ത മോഹം പ്രവാസം വഴിയായി ശക്തിപ്രാപിച്ചു. ഇത്തരം മാറ്റങ്ങൾ പരമ്പരാഗത വസ്ത്രധാരണരീതികളെ പഴഞ്ചനും വിലകുറഞ്ഞതുമാക്കി.

അധിനിവേശങ്ങളെ തുരത്താൻ സ്വദേശിപ്രസ്ഥാനത്തിന്റെ ഭാഗമായി നിന്നുകൊണ്ട് പരമ്പരാഗതവേഷങ്ങളെ നെഞ്ചോടുചേർത്തുപിടിച്ച കേരളീയൻ ദേശാന്തരഗമനങ്ങൾവഴിയായി പാശ്ചാത്യവസ്ത്രധാരണരീതികളെ അവയ്ക്കുപകരം വെച്ചു. നഗരജീവിതത്തിലൂടെ മലയാളിക്കുകൈവന്ന ഉപഭോഗസംസ്കാരജീവിതക്രമത്തെയാണു ചടുലമായ വസ്ത്രമാറ്റങ്ങൾ സൂചിപ്പിക്കുന്നത്. ഉത്തരേന്ത്യയിൽ നിന്നുമുള്ള സാരിയുടെ കടന്നുവരവിലൂടെ തകർക്കപ്പെട്ടത് സ്ത്രീകളുടെ മതകേന്ദ്രീകൃതമായ പരമ്പരാഗതവസ്ത്രധാരണരീതികളാണ്. മുസ്ലീം സമ്പന്നരാജ്യങ്ങളിൽനിന്നു കട

ന്നുവന്നു വ്യാപിച്ചതാണു സാൽവാർ കമ്മീസ്. മുസ്ലീംസമ്പന്നരുടെ പ്രതീകമായ ഷെർവാണി ഇന്നു മലയാളി, ആഘോഷവേളകളിലെ സവിശേഷമായ വസ്ത്രമായി ഉപയോഗിച്ചു വരുന്നു. കേരളത്തിലെ കാലാവസ്ഥക്കനുയോജ്യമായ മുണ്ടും ഷർട്ടും ഇന്ന് അന്യമാക്കപ്പെട്ടുകൊണ്ടിരിക്കുന്നു. വൈദേശികവസ്ത്രങ്ങളായ സ്യൂട്ട്, കോട്ട്, ജീൻസ് തുടങ്ങിയവ ഇന്നു മലയാളിയുടെ മാന്യവസ്ത്രമായി പരിണമിക്കപ്പെട്ടു കഴിഞ്ഞു.

അനുദിനജീവിതക്രമത്തിലൂന്നികൊണ്ടുള്ള എല്ലാ വ്യാപാരങ്ങളും സംസ്കാരത്തെ നിർണ്ണയിക്കുന്ന അവിഭാജ്യഘടകങ്ങളാണ്. അടിസ്ഥാന ജീവിതക്രമത്തിൽ സംഭവിക്കുന്ന വ്യതിയാനങ്ങൾ ഒരു ജനതയുടെ സാംസ്ക്കാരിക തനിമയെ തകർത്തുകളയുന്നു. കേരളത്തിലെ പുതിയ തലമുറയുടെ വൈദേശികജീവിതക്രമത്തോടുള്ള അമിതാവേശം പരമ്പരാഗത രീതികളോടുള്ള പ്രതിഷേധമായി രൂപപ്പെടുന്നത്, തനതായ സാംസ്കാരിക മുദ്രകളുടെ തകർച്ചയ്ക്ക് വഴിയൊരുക്കും.

### 2.4.5 സാമ്പത്തിക പരിണാമങ്ങളും അനന്തര ഫലങ്ങളും

കേരളത്തിന്റെ സാമ്പത്തികനിലനില്പ് കാർഷികസംസ്കാരത്തോടു കൂട്ടിച്ചേർത്തു വായിക്കേണ്ടതാണ്. സമൂഹങ്ങളെയും ദേശങ്ങളെയും വേർതിരിച്ചത് കാർഷികകൂട്ടായ്മകളാണ്. സ്വത്വവും സ്വാതന്ത്ര്യവും തേടിയുള്ള പിൽക്കാലയാത്രകൾ ആധുനികതയിലേക്കുള്ള ചുവടുവയ്പുകളായിരുന്നു. വ്യവസായങ്ങളുടെ ആരംഭവും വാണിജ്യകൃഷിരീതികളും മനുഷ്യനെ നഗരങ്ങളിലേക്കാകർഷിച്ചു. നഗരങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള പ്രയാണങ്ങൾ വ്യത്യസ്തമായ പ്രകൃതി-മനുഷ്യബന്ധത്തിന് തുടക്കമിട്ടു. “വ്യത്യസ്ത ദേശീയ-വംശീയ സമൂഹങ്ങളുടെ പാരസ്പര്യം

ആഗോളീകരണത്തിനുള്ള ഒരു പൊതുപ്രവണതയായി മാറുകയും ലോക വ്യവസ്ഥയുടെ ആദ്യരൂപങ്ങൾ ചരിത്രത്തിനുള്ളിൽതന്നെ സ്ഥാനം പിടിക്കുകയും ചെയ്തു."[27] മുതലാളിത്ത സമ്പന്നരാഷ്ട്രങ്ങളിലേക്കുള്ള കുടിയേറ്റങ്ങൾവഴി ഇറക്കുമതി ചെയ്യപ്പെട്ട ഉപഭോഗസംസ്കാരം കേരളീയരുടെ ജീവിതരീതിയെ മാറ്റിമറിച്ചു. "ലോകസമൂഹത്തിന്റെ സാമ്പത്തികക്രമത്തിൽ വന്ന മാറ്റമായാണ് ആഗോളവത്കരണം സാധാരണ വ്യവഹരിക്കപ്പെടാറെങ്കിലും സാമ്പത്തികമാറ്റം എന്നതിനേക്കാളേറെ സാംസ്കാരിക മാറ്റം എന്നാണ് അതിനെ വിശേഷിപ്പിക്കേണ്ടത്."[28] പ്രാദേശിക സ്വത്വത്തെ ഉൾക്കൊണ്ടുകൊണ്ടുള്ള കേരളീയ ഗ്രാമീണ-കാർഷിക സമൂഹങ്ങൾ നാട്ടിലേക്കൊഴുകിയെത്തിയ വിദേശപണത്തിന്റെ സ്വാധീനത്താൽ ലോകവിപണിയുടെ കമ്പോളയുക്തിയെ സ്വന്തം പൈതൃകത്തിനു പകരംവെച്ചു. സാംസ്കാരികമായ ആഗോളത എന്ന ഭ്രമകല്പനയ്ക്ക് ആക്കംകൂടിയതിന്റെ പ്രധാനഘടകം ഗൾഫ് പ്രവാസമാണെന്നു കാണാം.

കേരളീയരുടെ ഭക്ഷണം, വസ്ത്രം, പാർപ്പിടസൗകര്യങ്ങൾ, സ്കൂൾ വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം, ഭൂമിയുടെ വില എന്നിവയിലും വമ്പിച്ച മാറ്റമാണ് ഗൾഫ്പ്രവാസം വരുത്തിയത്.,

വൈവിധ്യമേറിയ വിദേശനിർമ്മിത ഉൽപന്നങ്ങളും സൗന്ദര്യവർദ്ധക വസ്തുക്കളും പ്രവാസികളാണു കേരളത്തിനു പരിചയപ്പെടുത്തിയത്. സമ്പന്നരായ പ്രവാസികൾ വിദേശനിർമ്മിത വസ്തുക്കളുടെ വിപണനത്തിനായി കേരളത്തിൽ കമ്പോളങ്ങളും മാളുകളും സൂപ്പർമാർക്കറ്റുകളും നിർമ്മിച്ച് കേരളീയർക്കപരിചിതമായ അഭിരുചികളെ വളർത്തുകയും അതുവഴി ഉപഭോഗതൃഷ്ണയെ വർദ്ധിപ്പിക്കുന്ന പാലമായി പ്രവാസം മാറുകയും ചെയ്തു. തദ്ദേശീയവസ്തുക്കളെക്കാൾ പ്രാധാന്യമാണ് ഇത്തരം

വിദേശഉൽപന്നങ്ങൾക്കു കിട്ടികൊണ്ടിരിക്കുന്നത്. മലയാളികൾ വിദേശ വസ്തുക്കൾ തിരഞ്ഞെടുക്കുകയും വാങ്ങുകയും ചെയ്യുന്നത് പ്രവാസം കേരളീയജീവിതത്തെ ആഴത്തിൽ സ്വാധീനിച്ചിരിക്കുന്നതിന്റെ പ്രത്യക്ഷ തെളിവാണ്. പ്രവാസിയുടെ 'പെട്ടിതുറക്കലി'നുവേണ്ടി നാട്ടുകാരും വീട്ടു കാരും ആഘോഷപൂർവ്വം കാത്തിരിക്കുന്നതിന്റെ പിന്നിൽ മലയാളിയുടെ ആഢംബരഭ്രമവും, വിദേശനിർമ്മിതവസ്തുക്കളോടുള്ള കമ്പവുമാണെന്നു കാണാം. "വ്യവസായിക മൂലധനത്തെ കേന്ദ്രീകരിച്ചു നിലനിന്ന പഴയസമ്പ ദ്വ്യവസ്ഥയുടെ സ്ഥാനത്ത് ഒരു പുതിയസമ്പദ്വ്യവസ്ഥ നിലവിൽ വന്നി രിക്കുന്നു... വിപണിയാണ് ഈ പുതിയ സമ്പദ്വ്യവസ്ഥയുടെ കേന്ദ്രബിന്ദു... സംസ്കാര വിപണനത്തിലും വിപണനസംസ്കാരത്തിലും അധിഷ്ഠിത മായ ഒരു പുതിയ മുതലാളിത്തമാണിത്."[29] വ്യക്തിയുടെ സാമ്പത്തിക-സാമൂഹ്യക്രമങ്ങളെ അടയാളപ്പെടുത്തുന്ന ചാലകമായി ഗൾഫ് ഉൽപന്ന ങ്ങൾ മാറിക്കഴിഞ്ഞു.

കേരളത്തിലെ പ്രവാസി സാംസ്ക്കാരികചിഹ്നമായി ഗൾഫ് നിർമ്മിത വസ്തുക്കളെ അടയാളപ്പെടുത്തുന്നതുപോലെ വിദേശ നഗര സ്വഭാവമായ ഫ്ളാറ്റുകളുടെ നിർമ്മാണത്തിനും വ്യാപനത്തിനും പ്രവാസം വഴിയൊ രുക്കി. ഭൂമിക്കച്ചവടം കേരളത്തിൽ പെരുകിയതിന്റെ പ്രധാന കാരണം വിദേശപണമാണ്. ഭൂസ്വത്തിനെ കേന്ദ്രീകരിച്ചു വളർന്ന കേരളീയവ്യവ സ്ഥിതിയുടെ തിരിച്ചിടലാണ് പ്രവാസത്തിലൂടെ സംഭവിച്ചത്. സാധാരണ ക്കാരിൽ വന്നുചേർന്ന പണം ജാതി കേന്ദ്രീകരിച്ചു വളർന്ന ജന്മിത്തസമ്പ്ര ദായത്തെ പൊളിച്ചെഴുതുകയും സാമൂഹ്യസാമ്പത്തികനവോത്ഥാനത്തിന് വഴിയൊരുക്കുകയും ചെയ്തു. സമൂഹത്തിലെ ഉച്ചനീചത്വങ്ങൾ ഇല്ലാതാ ക്കാനും ഭൂമിയെ ഫലപ്രദമായി ഉപയോഗിക്കുവാനും പ്രവാസിക്കു സാധിച്ചു.

“പക്ഷെ ഉൽപ്പാദന മേഖലകളിലോ തൊഴിലവസരങ്ങളിലോ കാര്യമായ എന്തെങ്കിലും സ്വാധീനം ചെലുത്താൻ കുടിയേറ്റത്തിനോ അതിന്റെ ഫലമായി നാട്ടിലേക്കൊഴുകിയെത്തിയ പണത്തിനോ ഇതുവരെ സാധിച്ചിട്ടില്ല.”[30]

പ്രവാസിത്വം വഴിയായി മറുനാടൻ പരിഷ്കാരങ്ങളും ജീവിതസമ്പ്രദായങ്ങളും കൂടുതലായി ഇറക്കുമതി ചെയ്യപ്പെടുന്ന സമകാലിക കേരളത്തിലെ സാമൂഹികപ്രശ്നങ്ങൾ നിസ്സാരമായി തള്ളാവുന്നവയല്ല. കുടുംബ ബന്ധങ്ങളുടെ സ്വഭാവങ്ങൾക്കും സ്ത്രീകളുടെ സാമൂഹികപദവിക്കുമെല്ലാം സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ ചെറുതല്ല. “ലിംഗപദവി, വർഗ്ഗപദവി, വംശീയത, ജാതീയത, ഭാഷാപരത തുടങ്ങിയവ പ്രദാനം ചെയ്യുന്ന സ്വത്വബോധവുമായി അഭേദ്യം ബന്ധപ്പെട്ടവയാണ് ദേശത്തിന്റെ അതിരുകൾ. ഈ സംവർഗ്ഗങ്ങളുടെ ഓരോന്നിന്റേയും തോതുവെച്ച് അളക്കുമ്പോൾ ദേശത്തിന്റെ അതിരുകൾ ഒന്നിനൊന്ന് യോജിച്ചു പോകണമെന്നില്ല. രാഷ്ട്രം എന്നത് ഒരു കല്പിതസമൂഹമാണെന്ന് ചിന്തകർ പറയുന്നത് അതുകൊണ്ടാണ്. ഇതൊരു ഭ്രമകല്പന. ഇതിനെകൂടി ഉൾകൊള്ളുന്ന വലിയൊരു ഭ്രമകല്പനയാണ് ആഗോളവത്കരണത്തിലൂടെ ഉൽപാദിപ്പിക്കപ്പെടുന്നത്... നമ്മുടെ അനുഭവത്തിലെ പ്രാദേശികമായ ഇടങ്ങളെ തിരിച്ചറിയുകയും തിരിച്ചു പിടിക്കുകയും വീണ്ടെടുക്കുകയും മാത്രമാണ് ഇതിനുള്ള പ്രതിവിധി.”[31]

പുരോഗതിയുടെ പാതയിലേക്ക് കേരളത്തെ നയിക്കുന്നതിൽ പ്രവാസജീവിതംവഴിയായുണ്ടായ സാമ്പത്തികപരിണാമങ്ങൾ അനുകൂലഘടകമായിത്തീർന്നു. പ്രവാസജീവിതത്തിന്റെ സങ്കീർണ്ണതകളെ മാറ്റിവെച്ചാൽ പ്രവാസിത്വം വഴിയായി സംഭവിച്ചുകൊണ്ടിരിക്കുന്ന കേരളത്തിന്റെ സാമ്പത്തികഭദ്രതയും ഉപഭോഗസംസ്കാരവും ഉയർന്നു നിൽക്കുന്നതായി കാണാം.

### 2.4.6 പാരസ്ഥിതിക മുന്നേറ്റവും പ്രവാസികളും

തനിക്കനഭിമതമായ സാമൂഹികയാഥാർത്ഥ്യങ്ങളോടും അടിമത്തൊഴിലെടുപ്പിനോടും പ്രതികരിക്കാനാവാതെ ദീർഘകാലം അന്യവത്ക്കരണത്തിന്റെ അസ്വാതന്ത്ര്യത്തിൽ തളച്ചിടപ്പെടുന്ന പ്രവാസി തിരിച്ചുപോക്കിനായി വെമ്പൽകൊള്ളുക സ്വാഭാവികമാണ്. നാടും വീടും പ്രകൃതിയും ചേർന്ന ഗൃഹാതുരസ്മരണകളാൽ തീവ്രമാക്കപ്പെട്ട അവനിലെ ദേശീയത ആന്തരവത്ക്കരിക്കപ്പെടുകയും അണപൊട്ടിയൊഴുകുകയും ചെയ്യുന്നിടത്ത് മടങ്ങിപ്പോക്ക് യാഥാർത്ഥ്യമാകുന്നു. നഷ്ടമായ മഴയോടും പുഴയോടും മരങ്ങളോടുമുള്ള അടങ്ങാത്ത ഇഴയടുപ്പം മനുഷ്യന്റെ ജൈവപരിതോവസ്ഥയോടുള്ള സാഹോദര്യ സൂചകങ്ങളാണ്. നഷ്ടമായ പരിസരങ്ങളിലേക്ക് പ്രകൃതി പ്രതിഭാസങ്ങളിലേക്കുള്ള മാനസികമായ അവന്റെ മടങ്ങിപ്പോക്കാണത്. "ദീർഘകാലം പ്രവാസം അനുഭവിച്ചവർ നാട്ടിൽ തിരിച്ചെത്തിയാൽ കൃഷിയിടത്തിലേക്കാണ് തന്റെ ശ്രദ്ധകൊണ്ടുപോകുന്നത്. അതൊരു ജീവിതമാർഗ്ഗം മാത്രമല്ല അവന്. മറിച്ച് തനിക്കു നഷ്ടപ്പെട്ട പ്രകൃതിയിലേക്കുള്ള തിരിച്ചുപോക്കാണ്."[32]

ദീർഘകാലം അന്യരാജ്യത്ത് കഴിച്ചുകൂട്ടിയവർ സ്വന്തംനാട്ടിലേക്കും സംസ്കാരത്തിലേക്കും മടങ്ങുന്ന ഒരു ഘട്ടമുണ്ട്. ആഫ്രിക്കയിലെ കേപ് വേർഡയുടെയും ഗിനിയുടെയും സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ നേതാവായ അമിൽകർ കബ്രാൾ (1973) ഈ ഘട്ടത്തെയാണ് 'സ്രോതസ്സിലേക്കുള്ള മടക്കം' എന്നു സൂചിപ്പിച്ചത്. (Return to the source) കബ്രാളിന്റെ അഭിപ്രായത്തിൽ മടക്കം അർത്ഥവത്താകുന്നത് അത് വിദേശസംസ്കാരത്തിൽ നിന്നുള്ള മടക്കമാകുമ്പോൾ മാത്രമല്ല, രാഷ്ട്രീയമായും സാമ്പത്തികമായും വിദേശമേധാവിത്തതിനെതിരെയുള്ള സമ

രമാകുമ്പോഴാണ്.[33] ഒന്നാംലോകത്തിരിക്കുന്ന മൂന്നാംലോകപ്രവാസിക്ക് അതിനെതിരെ സമരങ്ങൾ അശക്തമാകുന്നിടത്ത് അതിനോടു പൊരുത്തപ്പെടുകയോ, മടങ്ങിപ്പോക്കിലൂടെ പ്രതിഷേധിക്കുകയോ ചെയ്യേണ്ടത് അനിവാര്യമാണ്. ഒരിക്കൽ വെട്ടിമുറിക്കുകയോ വലിച്ചെറിയുകയോ ചെയ്ത പാരിസ്ഥിതികക്രമത്തിലേക്ക് തനിമയിലേക്ക് സംസ്കാരത്തിലേക്ക് വേരുകളറ്റ പ്രവാസിന്യൂനപക്ഷത്തിന്റെ തിരിച്ചുപോക്ക് സാമ്രജ്യത്ത്വനീരാളികൈകൾ നൽകിയ തിരിച്ചറിവാണ്.

ഉപജീവനത്തെയും അതിജീവനത്തെയും പ്രകൃതിയുമായി ബന്ധപ്പെടുത്തികൊണ്ടുള്ള നിലനില്പാണ് നാട്ടിൽ മടങ്ങിയെത്തിയ പ്രവാസി ആഗ്രഹിക്കുന്നത്. പ്രവാസിയുടെ മടങ്ങിവരവ് പ്രകൃതിയിലേക്കുള്ള തിരിച്ചുപോക്കാണ്. നാട്ടിൽ കൃഷിയെടുത്ത് ഉപജീവനം കഴിക്കാനാണ് ഒരു ശരാശരി പ്രവാസി ആഗ്രഹിക്കുന്നത്. "മനുഷ്യന് ഉപജീവനത്തിനായി മൂന്നേമൂന്നുപാധികളേയുള്ളൂ. മണ്ണ് അതായത് ഭൂമി, വെള്ളം, അന്തരീക്ഷം. മനുഷ്യൻ പലതരത്തിൽ ഭൂമിമേൽ ഇടപെടുമ്പോൾ വിതച്ചു കൊയ്ത് വിളവെടുപ്പു നടത്തുന്നതിന്റെ നാനാതരം ജ്ഞാനരൂപങ്ങൾ ഉളവാകും. ഉപജീവനതന്ത്രമായ കൃഷിതന്നെ ഇമ്മട്ടിൽ നോക്കുമ്പോൾ കേവലമൊരു സാമ്പത്തികക്രിയയല്ല, സംസ്കാരത്തിന്റെ കലർപ്പുള്ള കർമ്മമാണ്."[34] ഇത്തരത്തിൽ സംസ്കാരത്തിലേക്കും പ്രകൃതിയിലേക്കുമുള്ള മടക്കവും പാരസ്ഥിതിക ക്രമത്തിനനുസരിച്ചുള്ള ജീവിതരീതിയുമാണ് നാട്ടിൽ തിരിച്ചെത്തുന്ന ന്യൂനപക്ഷ പ്രവാസികൾ അതിജീവനോപാധികളായി സ്വീകരിക്കുന്നത്.

## 2.5 ദ്വന്ദ്വസംസ്കൃതിയുടെ പ്രശ്നങ്ങൾ

പ്രവാസം എന്ന പദം പാണ്ഡിത്യപരമായ രീതിയിൽ പ്രചരിക്കപ്പെടുന്നത് സ്റ്റീഫൻ ഡ്യൂഫോയിക്സിന്റെ Les diaspora എന്ന പ്രസിദ്ധലേഖനത്തിലൂടെയാണ്. പ്രവാസം എന്നത് ഒരു ജനതയുടെ നിലനില്പായിത്തീരുകയും പിന്നീട് അനുഭവങ്ങളുടെയും ജീവിതരീതികളുടെയും സത്തയിൽ നിന്ന് കൃതികൾ രചിക്കപ്പെടേണ്ടുന്ന അവസ്ഥയിലേക്ക് അതുയരുകയും ചെയ്തു. അനുഭവങ്ങൾ തീക്ഷ്ണമാവുകയും സ്വജീവിതചുറ്റുപാടുകളെ രേഖപ്പെടുത്തേണ്ടതിന്റെ ആവശ്യകത അനുഭവസ്ഥർ ഉദ്ഘോഷിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഡയസ്പോറ എന്ന പദത്തിന് നിർവചനങ്ങളും സിദ്ധാന്തങ്ങളും സമീപനങ്ങളും വേണ്ടിവന്നത്. അത് ഒരു പണ്ഡിതചർച്ചയ്ക്ക് വഴിയൊരുക്കുകയും ചെയ്തു. പ്രവാസം ഇന്ന് ആഗോളതലത്തിലുള്ള പഠനങ്ങളുടെ വ്യതിരിക്തമായ തലങ്ങളെ ഉൾകൊള്ളുന്നുണ്ട്. പ്രത്യേകവാസംകൊണ്ടു സംഭവിക്കുന്ന മാറ്റങ്ങൾ കേരളത്തിലെ ജീവിതത്തിൽ പ്രതിഫലിക്കപ്പെട്ടപ്പോൾ അവയെ പഠനവിഷയമാക്കേണ്ടുന്ന അവസ്ഥ നിലവിൽ വന്നു. ഡയസ്പോറ ചരിത്രവും കച്ചവടവും രാഷ്ട്രീയവും ആഗോളവത്ക്കരണവുമായി ബന്ധപ്പെട്ടു കിടക്കുന്നു. ചരിത്രം യൂറോപ്യൻ ഇംപീരിയൽ ഡയസ്പോറയായും കച്ചവടം ചൈനീസ് അറബ് ഡയസ്പോറയായും ആഗോളീകരണം ബ്രിട്ടീഷ് ഭരണകാലം മുതൽ ഇന്നുവരെയുള്ള ഡയസ്പോറയുമായും ബന്ധപ്പെട്ടു കിടക്കുന്നു. എന്നാൽ ഡയസ്പോറയുടെ ആദിമമായ സങ്കല്പം ജൂതജനതയുമായി ബന്ധമുള്ളതാണ്. ഇസ്രയേലിൽനിന്ന് ലോകത്തിന്റെ വിവിധഭാഗങ്ങളിലേക്ക് ചിതറിപ്പോയ ജൂതന്മാരുടെ ചരിത്രത്തെ കുറിക്കാനാണ് ആദ്യമായി ഈ സംജ്ഞ ഉപയോഗിക്കപ്പെട്ടത്. ജൂതജനതയെ അട

യാളപ്പെടുത്താൻ മാത്രമല്ല, പൊതുവായി ഏതെങ്കിലുമൊരു കൂട്ടം കുടിയേറുന്നതോ ഒരു രാജ്യത്തിലേക്കോ പ്രദേശത്തിലേക്കോ സ്വന്തംപാരമ്പര്യത്തെ, വീടിനെ വിട്ടുപോകുന്നതോ ആയ ആളുകളെയും 'ഡയസ്പോറ' എന്ന പരികല്പനയിൽ ഉൾപ്പെടുത്താം.[36]

എന്നാൽ, ഇന്ന് ഡയസ്പോറ എന്ന പദം മറ്റൊരർത്ഥത്തിലാണ് പ്രയോഗിക്കപ്പെടുന്നത്. "സമൂഹത്തിന്റെ സംസ്കാരവും തനിമകളും മറ്റൊരു സമൂഹഘടനയിലേക്ക് വന്നെത്തുമ്പോഴുണ്ടാകുന്ന സംഘർഷങ്ങളും അനന്തരഫലങ്ങളുമാണ് ഡയസ്പോറയുടെ ഉള്ളടക്കം"[37] സ്വദേശം വിട്ട് വിദേശത്തു താമസിക്കേണ്ടി വരുന്ന മാനസികസംഘർഷങ്ങളും വിദേശചുറ്റുപാടുകളോട് ഇണങ്ങേണ്ടിവരുമ്പോഴുണ്ടാകുന്ന സങ്കീർണ്ണതകളും കൂടിച്ചേർന്ന ദ്വന്ദവികാരമാണ് ഡയസ്പോറ. എഡ്വേഡ് സെയ്ദിന്റെ അഭിപ്രായപ്രകാരം ഡയസ്പോറ വിട്ടുപോന്ന നാടിനെക്കുറിച്ചുള്ള സങ്കല്പവും ഓർമ്മകളുടെ സമാഹരണവുമാണ്.[38] (a collective memory or myth about the home land) എന്നാൽ ഡയസ്പോറയെ നിർവചിക്കുന്നിടത്ത് സഫ്റാൻ പറയുന്നത് നഷ്ടപ്പെട്ട വീടിന്റെ സമ്പാദ്യമാണ് വീടില്ലായ്മ എന്നാണ്.[39] (Investing homelessness for a lost home) റോബിൻ കോഹൻ ഡയസ്പോറയെ വ്യക്തമായി നിർവചിക്കുന്നുണ്ട്. പ്രവാസികൾ ഒരു രാജ്യത്ത് കൂട്ടമായി ജീവിക്കുകയും അവരുടെ പഴയരാജ്യത്തെ ഓർമ്മയിൽ സൂക്ഷിക്കുകയും ചെയ്യുന്നു. ഉള്ളിൽ ഭാഷാ, മതം, ആചാരാനുഷ്ഠാനങ്ങൾ, നാട്ടറിവുകൾ എന്നിവ വൈകാരികമായി നിലനിർത്തുകയും ചെയ്യുന്നു.[40] ഇവിടെ ശക്തമായി പരാമർശിക്കുന്നത് സ്ഥലകാലത്തിനതീതമായി തങ്ങളുടെ രാജ്യത്തെ പ്രവാസി ഉറ്റുനോക്കികൊണ്ടിരിക്കുന്നു എന്നതാണ്. പരദേശജീവിതത്തിലെ ദൈന്യത

കൾ ഒരുപരിധിവരെ പ്രകടിപ്പിക്കാതെ സ്വജീവിതചുറ്റുപാടുകളോടിണങ്ങി കൊണ്ട് എന്നാൽ ഇണങ്ങാതെയും അനുഭവിക്കേണ്ടിവരുന്ന ജീവിതകാലമാണത്.

എവിടെയാക്കെ സംസ്കാരത്തിന്റെ വ്യത്യസ്തതകൾ നിലനില്ക്കുന്നുവോ അവിടെയെല്ലാം ഒരു ഉപസംസ്കാരം സൃഷ്ടിക്കപ്പെടുന്നുണ്ട്. അത്തരം സംസ്കാരങ്ങളുടെ സമന്വയമാണ് പ്രവാസ ജീവിതത്തിന്റെ കാതൽ. ഏതു പ്രതികൂലസാഹചര്യങ്ങളെയും അതിജീവിച്ചുകൊണ്ടുള്ള ഒരു പ്രത്യേക സംസ്കാരം പ്രവാസജീവിതം ആവശ്യപ്പെടുന്നുണ്ട്. പ്രവാസി രണ്ടുലോകങ്ങളുടെ നടുവിലാണെന്നും വ്യതിരിക്തമായ ചരിത്രത്തിൽ നിന്ന് അവൻ രൂപപ്പെടുകയാണെന്നും ആ ലോകത്തിലെ നിഴലിനോടും വെളിച്ചത്തിനോടും അവൻ സമരസപ്പെടുകയാണെന്നും എ.ശിവാനന്ദൻ വ്യക്തമാക്കുന്നു.[41] അതുകൊണ്ടുതന്നെ പ്രവാസി എപ്പോഴും അന്യവത്ക്കരണത്തിന്റെ സന്താനമാണ്. സാമ്പത്തികമായും രാഷ്ട്രീയമായും എന്നും ഒറ്റപ്പെട്ടിരിക്കുന്നവനാണ് പ്രവാസി എന്നതിന്റെ അടിസ്ഥാനം ഇത്തരം അരികുവത്ക്കരണത്തിന്റെ ഫലമായുണ്ടാകുന്നതാണ്. വ്യതിരിക്തമായ ജീവിത സാഹചര്യങ്ങളോട് യുക്തിയോടെ സമീപിക്കുക എന്നത് ബുദ്ധിമാനായ പ്രവാസിയുടെ മനസ്സാണ്. മാനസികമായ സംഘർഷങ്ങളിലൂടെയുള്ള ജീവിതം പ്രവാസിയുടെ നിലനില്പിനെ ഏറെ ബാധിക്കുന്നു. അവിടെ നീതികരണങ്ങളില്ലാത്ത പ്രഹേളികയായി പ്രവാസിയുടെ ജീവിതം മാറുന്നു. പ്രവാസികളെല്ലാം ചേർന്ന് ഒരു കോളനി രൂപവത്ക്കരിക്കുന്നു. അവിടെനിന്ന് ഉൽപന്നമാകുന്ന സംസ്കാരം പ്രവാസസാഹിത്യത്തിന്റെ വളർച്ചയ്ക്ക് കാരണമാകുന്നു. ഏതു ജീവിതാവസ്ഥകളെയും മറികടക്കാനുള്ള തത്രപ്പാട് പ്രവാസിയുടെ ജീവിതത്തെ സംഘർഷഭരിതമാക്കുന്നു.

മാത്രമല്ല എവിടെപോകുമ്പോഴും ഏതു പ്രവൃത്തിയിലും സ്വന്തംദേശത്തെ താരതമ്യപ്പെടുത്താനുള്ള വ്യഗ്രത അവന്റെയുള്ളിൽ നിറയുന്നുണ്ട്.

വീട്, നാട്, ഭാഷ, ജീവിത ചുറ്റുപാടുകൾ എല്ലാം നഷ്ടപ്പെടുന്നവ നാണ് പ്രവാസി. ഒരുപക്ഷെ സമ്പന്നതയ്ക്കുവേണ്ടിയുള്ള നെട്ടോട്ടമാണെ ങ്കിലും അതിജീവനത്തിന്റേതായ ഒരുതലം പ്രവാസി അനുഭവിക്കുന്നുണ്ട്. ഉള്ളിൽതന്നെ അപരനുണ്ടാവുക എന്നതാണ് പ്രവാസിയുടെ സ്വത്വം. ഈ അപരനെ വിശദീകരണത്തിനു വിധേയമാക്കിയാൽ അവന്റെ സ്വത്വം, അതിന്റെ കാരണങ്ങൾ, സാങ്കേതികത, സമൂഹം, കഴിവ്, വളർച്ച, അബോ ധമനസ്സ്, പാരമ്പര്യം ഇവയുടെ സങ്കലനം എന്നിവ ഈ അപരൻ എപ്പോഴും ചോദ്യംചെയ്തുകൊണ്ടേയിരിക്കും. ഇവയെ സാഹിത്യകൃതിയിലേക്കു പ്രവേശിപ്പിക്കുമ്പോഴാണ് ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള പ്രവാസ ജീവിതത്തിന്റെ ദൈന്യതകൾ നമ്മുക്ക് ബോധ്യപ്പെടുന്നത്. അവിടെ വ്യക്തിയും സമൂഹവും മതവും ഒരു മധ്യനിരസാഹചര്യത്തിലാണ് നില കൊള്ളുന്നത്. അത്തരം ജീവിതാവസ്ഥകളെ സൈദ്ധാന്തികമായി സമീപി ക്കുമ്പോഴാണ് അവയിലെ വ്യതിരിക്തസ്വഭാവങ്ങൾ പ്രകടമാകുന്നത്.

## കുറിപ്പുകൾ


1. Willams, Raymond; (1958) Culture and Society, Chatto and windus, London, P.16.

2. പത്മനാഭപിള്ള, ജി. ത്രികണ്ഠേശ്വരം;(1967) ശബ്ദതാരാവലി, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, പുറം.1575.

3. ഗോവിന്ദപ്പിള്ള, പി; (2011) സാംസ്കാരിക പഠനം: പുതുമ പഴമ പ്രസക്തി മലയാളപഠനസംഘം (സമ്പാ.), സംസ്കാരം. ചരിത്രം സിദ്ധാന്തം പ്രയോഗം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, പുറം.38.

4. ——— ——— ——— പുറം.34, 35.

5. ——— ——— ——— പുറം.42.

6. പവിത്രൻ, പി; (2011) സംസ്കാരപഠനത്തിന്റെ മൂന്നാംലോകവഴി, മലയാളപഠനസംഘം. (സമ്പാ), സംസ്കാരപഠനം. ചരിത്രം സിദ്ധാന്തം പ്രയോഗം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, പുറം.62.

7. ——— ——— ——— പുറം.76 - 80.

8. മധുസൂദനൻ, ജി; (2006) ഭാവുകത്വം ഇരുപത്തൊന്നാംനൂറ്റാണ്ടിൽ, ഡി.സി.ബുക്ക്സ്, കോട്ടയം,പുറം. 244.

9. ——— ——— ——— പുറം.244.

10. കാറൽ മാക്സ്, ഫെഡറിക് ഏംഗൽസ്; (1981) കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ, പ്രോസസ്സ് പബ്ലിക്കേഷൻസ്, മോസ്കോ പുറം. 38.

11. ——— ——— ——— പുറം.11.

12. പ്രദീപൻ, പാമ്പരിക്കുന്ന്; (2011) നവോത്ഥാനം, ദേശിയത, ആധുനികത: കീഴാളസംസ്കാരപഠനം, മലയാളപഠനസംഘം. (സമ്പാ), സംസ്കാരപഠനം. ചരിത്രം, സിദ്ധാന്തം പ്രയോഗം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, പുറം.442.

13. ——— ——— ——— പുറം.436.

14. ഭാസ്കരനുണ്ണി, പി; (2000) പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം, കേരള സാഹിത്യഅക്കാദമി, തൃശ്ശൂർ, പുറം.45.

15. ശിഹാബുദ്ദീൻ പൊയ്തുംകടവ്; പ്രവാസം. ഓർമ്മ എന്ന മൂലധനം, ഭാഷാപോഷിണി, പുറം.7.

16. പവിത്രൻ, പി; (2011) സംസ്കാരപഠനത്തിന്റെ മൂന്നാംലോകവഴി, മലയാളപഠനസംഘം. (സമ്പാ), സംസ്കാരപഠനം. ചരിത്രം സിദ്ധാന്തം പ്രയോഗം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, പുറം.84.

17. ദിനേശൻ, ഇ. കെ; (2014) ഭാഷാസ്നേഹം ദേശാന്തരജീവിതത്തിൽ, അകം, മാർച്ച്, പുസ്തകം 4, ലക്കം 44, പുറം.35.

18. ശ്രീനിവാസൻ, പി. പി; (2013) ഇന്ത്യൻ പ്രവാസികൾ. ജീവിതം. ഗൃഹാതുരത. സാഹിത്യം., ജനപഥം, ഇൻഫർമേഷൻ - പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം, പുസ്തകം - 1, ലക്കം 11, പുറം.24.

19. മണികണ്ഠൻ, പി; (2013) പ്രവാസികളുടെ ഭാഷയും മാധ്യമങ്ങളും, ദിനേശൻ ഇ. കെ. (എഡി.), പ്രവാസജീവിതം, ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്, പുറം.231.

20. ഉഷാ നമ്പൂതിരിപ്പാട്; (1999) മലയാളത്തിലെ മലയാളങ്ങൾ, വർഗ്ഗീസ് വി. ജെ., വിജയമോഹനൻ പിള്ള. എൻ, സ്കറിയാ സക്കറിയാ (എഡിറ്റേഴ്സ്), ചില അറിവടയാളങ്ങൾ, താരതമ്യപഠനസംഘം, ചങ്ങനാശ്ശേരി, പുറം.348.

21. മണികണ്ഠൻ, പി; (2013) പ്രവാസികളുടെ ഭാഷയുടെ മാധ്യമങ്ങളും, ദിനേശൻ ഇ.കെ. (എഡിറ്റർ), ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്, പ്രവാസജീവിതം, പുറം.223.

22. രാമകൃഷ്ണൻ, ഇ. വി; (2001) ദേശിയതകളും സാഹിത്യവും, ഡി.സി.ബുക്സ്, കോട്ടയം, പുറം.19.

23. ഉസ്മാൻ, ഇരുമ്പുഴി;(2001) പ്രവാസത്തിന്റെ പുസ്തകം, പാപ്പിയോൺ, കോഴിക്കോട്, പുറം.25.

24. ഭാസ്കരനുണ്ണി, പി; (2000) പത്തൊമ്പതാംനൂറ്റാണ്ടിലെ കേരളം, കേരള സാഹിത്യഅക്കാദമി, തൃശ്ശൂർ, പുറം.61.

25. ____ ____ ____ പുറം.63.

26. ജോസ്, ആന്റണി; (1999) ഫാഷനും സാംസ്കാരിക കടന്നുകയറ്റവും. ഒരു സൈദ്ധാന്തിക മുഖവുര, വർഗ്ഗീസ് വി. ജെ., വിജയമോഹനൻ പിള്ള, സ്കറിയാ സ്ക്കറിയ (എഡി.), 500 വർഷത്തെ കേരളം. ചില അറിവടയാളങ്ങൾ, താരതമ്യപഠനസംഘം, ചങ്ങനാശ്ശേരി, പുറം.222.

27. ഗോപിനാഥൻ നായർ, പി. ആർ; (2000) അന്താരാഷ്ട്ര കുടിയേറ്റങ്ങൾ, ഉമ്മർ എം. എ. (സമ്പാ.), ആഗോളീകരണം അർത്ഥം വ്യാപ്തി സിദ്ധാന്തം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം. 293.

28. രവീന്ദ്രൻ, പി. പി; (2006) വീണ്ടെടുപ്പുകൾ, സാഹിത്യം സംസ്കാരം ആഗോളത, ഡി.സി.ബുക്ക്സ്, കോട്ടയം, പുറം.7.

29. ____ ____ ____ പുറം.8.

30. ഗോപിനാഥൻ നായർ, പി. ആർ; (2000) അന്താരാഷ്ട്ര കുടിയേറ്റങ്ങൾ, ഉമ്മർ എം. എ. (സമ്പാ), ആഗോളീകരണം അർത്ഥം വ്യാപ്തി സിദ്ധാന്തം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം.286.

31. രവീന്ദ്രൻ, പി. പി; (2006) വീണ്ടെടുപ്പുകൾ. സാഹിത്യം സംസ്കാരം ആഗോളത, ഡി.സി.ബുക്ക്സ്, കോട്ടയം, പുറം.11.

32. ദിനേശൻ, ഇ. കെ; (2013) രചനയിലെ പ്രവാസപക്ഷങ്ങൾ, ദിനേശൻ ഇ. കെ. (എഡി.), പ്രവാസജീവിതം, ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്, പുറം.252.

33. പവിത്രൻ, പി; (2011) സംസ്കാരത്തിന്റെ മൂന്നാംലോകവഴി, മലയാള പഠനസംഘം. (സമ്പാ.), സംസ്കാരപഠനം. ചരിത്രം സിദ്ധാന്തം പ്രയോഗം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, പുറം. 79.

34. രാഘവവാര്യർ, എം. ആർ; (2011) മധ്യകാല മണിപ്രവാളം: പാഠവും ചരിത്രവും, മലയാളപഠനസംഘം. (സമ്പാ.), സംസ്കാരപഠനം. ചരിത്രം, സിദ്ധാന്തം, പ്രയോഗം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, പുറം.240.

35. Bhims - Dahiya; (2007) some thoughts on Diasporic writing and the politics of difference, manjit Inder singh. (Ed), Contemporary Diasporic Literature. writing history, culture, self, perfect international, New Delhi, Page.32.

37. കൃഷ്ണദാസ്; (2014) പ്രവാസത്തിന്റെ അടയാളങ്ങൾ, ചന്ദ്രിക ആഴ്ചപ്പതിപ്പ്, ജൂൺ, പുറം.12.

38. Fatin, A. Abuhilal; The Discourse of palestinian diaspora in Edward saids out of place: A memoir: A post orientalism Analysis, Journal of post colonial cultures and societies, special issue, ISSN No: 1948 - 1853 Page.36.

39. Safran, w; (1993) "Diasporas in modern societies: myth of home land and return" Diaspora 1(1), Page.83.

40. Cohen, Robin; (1997) Global Diasporas: An Introduction, UCL Press, Page.IX.

41. Sivanadan, A; (1974) A colonial Hybrid and Alienaton, Post colonial Novel, Narratives of Colonial consciousness, creative New Literature Series - 5, OMP. Juneja Creative books, New Delhi.

# അദ്ധ്യായം 3

# പ്രവാസവും സാഹിത്യവും

## 3. പ്രവാസത്തിന്റെ സൈദ്ധാന്തികതലം – വ്യത്യസ്ത സമീപനങ്ങൾ

അധിനിവേശമുതലാളിത്ത താൽപര്യങ്ങളായിരുന്നു മൂന്നാം ലോകത്തെചൂഷണം ചെയ്യുന്നതിനും സ്വന്തംസംസ്കാരം അടിച്ചേൽപ്പിക്കുന്നതിനും യൂറോപ്പ്യൻ സാമ്രാജ്യത്തെ ശക്തമാക്കിയത്. അങ്ങനെ അധിനിവേശത്തിന്റെ ചരിത്രം മുതലാളിത്തത്തിന്റെയും ചരിത്രമായി മാറ്റിയെഴുതപ്പെട്ടു. കോളനിവൽകരണം സൃഷ്ടിച്ച അടിമത്തവ്യവസ്ഥിതിയും രാഷ്ട്രീയ സാമ്പത്തികചൂഷണങ്ങളും അതിന്റെ തുടർച്ചകളും ഇന്നു പ്രത്യേക പഠനത്തിനു വിഷയമായിക്കൊണ്ടിരിക്കുകയാണ്. കോളനിയനന്തര കാലഘട്ടത്തിന്റെ സവിശേഷതയായ പ്രവാസവും പ്രവാസംവഴിയായി സംഭവിച്ച സംസ്കാരസങ്കലങ്ങളും ഇതുമായി ബന്ധപ്പെട്ട് ഉടലെടുത്ത പ്രധാനവിഷയമാണ്. അതുകൊണ്ടുതന്നെ കോളനിയനന്തരതയുമായി ബന്ധപ്പെടുത്തിയാണ് പ്രവാസത്തിന്റെ സൈദ്ധാന്തികതലങ്ങളെ പണ്ഡിതന്മാർ സമീപിച്ചത്. യുദ്ധങ്ങൾവഴിയായുള്ള പലായനങ്ങൾ, ഒളിച്ചോട്ടങ്ങൾ, ദുരന്തങ്ങൾ, തൊഴിലിനായുള്ളയാത്രകൾ തുടങ്ങി നിരവധി രാഷ്ട്രീയസാമൂഹികപ്രശ്നങ്ങളാണ് കുടിയേറ്റത്തിന് കാരണമായത്.

സാഹിത്യത്തിലും ഇത്തരം കുടിയേറ്റപ്രശ്നങ്ങൾ നിർണ്ണായകമായി. കഥകൾ, കവിതകൾ, യാത്രാവിവരണങ്ങൾ, ഓർമ്മകൾ എന്നിങ്ങനെ വിവിധ തലങ്ങളിൽ പ്രവാസാഖ്യാനങ്ങൾ ശ്രദ്ധേയമായി. പാർശ്വവൽകരിക്കപ്പെട്ട കുടിയേറ്റജനതയുടെ പ്രശ്നങ്ങൾ സാഹിത്യ കൃതികളിൽ ആവിഷ്കരിക്കപ്പെട്ടു. ജെയിംസ് ജോയ്സിന്റെ യൂളിസസ് (Ulysses), സൽമാൻ റുഷ്ദിയുടെ അർദ്ധരാത്രിയുടെ സന്തതികൾ (midnight's chil-

dren), ചെകുത്താന്റെ വചനങ്ങൾ (sathanic verses), മാർഗരറ്റ് ലോറൻസിന്റെ ഐവറി ടവർ ഓർ ഗ്രാസ്റൂട്ട് (Ivory Tower or Grassrooot) തുടങ്ങിയവ ഇത്തരം കൃതികളിൽ പ്രധാനമാണ്. ഇരുപത്തിരണ്ടാമത്തെ വയസ്സിൽ നാടുവിടേണ്ടി വന്ന ജെയിംസ് ജോയ്സ് തന്റെ യൂളിസസ് എന്ന കൃതിയിൽ ആവിഷ്കരിച്ചത് പ്രധാനമായും ജനിച്ചു വളർന്ന നാടിനെയാണ്. കൃതിയിലെ ഡബ്ലിൻനഗരത്തെക്കുറിച്ചുള്ള വിവരണങ്ങൾ തെളിയിക്കുന്നത് പ്രവാസിയായ എഴുത്തുകാരന്റെ രചനകളിൽ നിറയുന്നത് കൈവിട്ട നാടിനെക്കുറിച്ചുള്ള ഓർമ്മകളാണ് എന്ന യാഥാർത്ഥ്യമാണ്. സ്വയമേവ ഉപേക്ഷിച്ചുപോന്ന ഡബ്ലിൻനഗരത്തിന്റെ ചിത്രമാണ് യൂളിസസിലെ മുഖ്യപ്രമേയമായി അവതരിപ്പിക്കപ്പെട്ടത്. സ്വയമേവയോ നിർബന്ധിതമായോ നാടുവിട്ടു പോകേണ്ടിവന്ന എഴുത്തുകാരിൽ ദേശചിന്തകൾ തീവ്രമായിരിക്കും. സ്വദേശത്തിന്റെ ചരിത്രവും ദേശത്തെക്കുറിച്ചുള്ള ഭാവനാപൂർണ്ണമായ ആവിഷ്കാരങ്ങളും അതിന്റെ പുനസൃഷ്ടിയും ഇത്തരം കൃതികളിൽ ആവിഷ്കൃതമാകുന്നു. "വീടില്ലായ്മയെക്കുറിച്ചുള്ള ആത്മജ്ഞാനപരമായ വീക്ഷണമാണ് പ്രവാസനോവലുകൾ ചർച്ച ചെയ്യുന്നതെന്ന് ലൂക്കാക്സ് നിരീക്ഷിക്കുന്നുണ്ട്."[1] (Lukacs regards the novel as an expression of transcendental homelessness)

ഇന്ത്യയിൽ നിന്നും പാശ്ചാത്യ സംസ്കാരത്തിലേക്ക് പറിച്ചുനടപ്പെട്ട സൽമാൻ റുഷ്ദിയ്ക്ക് പ്രവാസാനുഭവങ്ങൾ വ്യത്യസ്ത കാഴ്ച്ചപ്പാടുകളാണ് സമ്മാനിച്ചത്. ഇന്ത്യയുടെ ചരിത്രപാശ്ചാത്തലത്തെ സൂക്ഷ്മമായി നിരീക്ഷിക്കാൻ ഇത് അവസരമൊരുക്കി. ഈ വീക്ഷണമാണ് അദ്ദേഹത്തിന്റെ അർദ്ധരാത്രിയുടെ സന്തതികൾ (Midnights Children) എന്ന നോവലിൽ ആഴത്തിൽ ആവിഷ്കരിക്കപ്പെട്ടത്. ഇത് മൂന്നാംലോക

നോവലിന്റെ സവിശേഷതകളെ ഉൾവഹിക്കുന്നുണ്ട്. ഏതൊരു പ്രവാസിയും മറ്റൊരു ദേശത്തേക്ക് മാറിപ്പാർക്കുന്നത് ശാരീരികമായും മാനസികമായും സ്വയം സജ്ജമായിക്കൊണ്ടാണ്. എന്നിരുന്നാലും പിന്നിലെറിഞ്ഞുപോന്ന മതം, വിശ്വാസം, ആചാരം, പെരുമാറ്റക്രമങ്ങൾ, മൂല്യങ്ങൾ എന്നിവ അവനെ മാനസികമായി അലട്ടിക്കൊണ്ടിരിക്കുമെന്ന് സൽമാൻ റുഷ്ദി തന്റെ ഇമാജിനറി ഹോംലാൻഡ്സ് എന്ന ഗ്രന്ഥത്തിൽ അഭിപ്രായപ്പെടുന്നു.[2]

പ്രവാസി പുതിയ ഇടത്തിൽ ആയിരിക്കുമ്പോഴും സ്വന്തംദേശത്തിന്റെ ഓർമ്മകളിലേക്കാണ് അവന്റെ മനസ്സ് പൊയ്ക്കൊണ്ടിരിക്കുന്നത്. ഈ ദേശ ചിന്തകളാണ് പ്രവാസരചനകളിൽ സജീവമായി നിലനിൽക്കുന്നത്.

ജന്മനാടിന്റെയും പ്രവാസദേശത്തിന്റെയും ഭാഷാപരമായ പ്രത്യേകതകൾ എഴുത്തിനെ സ്വാധീനിക്കുന്നുണ്ട്. സവിശേഷമായ ഒരു ജീവിതരീതിയുടെ പ്രതിഫലനമായി പ്രവാസാഖ്യാനഭാഷ വഴിമാറുന്നു. രണ്ടു ഭാഷകളുടെ സമ്മിശ്രമായ ആഖ്യാനങ്ങൾ പ്രവാസിയുടെ ഭാഷാപരമായ സംഘർഷങ്ങളെയും സമന്വയത്തെയും അടയാളപ്പെടുത്തുന്നു. പ്രവാസിയായ റഷ്യൻ എഴുത്തുകാരൻ വ്ളാദമിർ നബക്കോവ് (valdimir nabakov) ജർമ്മനി, ഫ്രാൻസ് തുടങ്ങി നിരവധി രാജ്യങ്ങളിൽ മാറിതാമസിക്കുകയും ഒടുവിൽ അമേരിക്കയിൽ സ്ഥിരവാസിയാവുകയും ചെയ്ത വ്യക്തിയാണ്. വ്യത്യസ്തമായ ഭാഷകൾ നബക്കോവിന്റെ കൃതികളെ സ്വാധീനിച്ചതായി കാണാം. വ്യത്യസ്തമായ ഇടങ്ങളിൽ കാലങ്ങളിൽ ജീവിക്കേണ്ടിവന്ന പ്രവാസിയായ എഴുത്തുകാരൻ നിലനിൽക്കുന്നതും ആവിഷ്കരിക്കുന്നതും നഷ്ടമായ ഒരു ദേശത്തെ, ഒരു കാലത്തെ അടിസ്ഥാനമാക്കിയാണ്. "താൻ പിന്നിലിട്ടു വന്ന ജീവിതത്തിന്റെ

ഓർമ്മകൾ ക്ഷണവേഗത്തിൽ അയാളുടെ മുമ്പിൽ നിരക്കുന്നു. ആ ഓർമ്മകളുടെ രുചിയും ഗന്ധവും നുകർന്നതിനുശേഷം ചുറ്റും തിരയുമ്പോൾ അയാൾ ചെന്നു തടയുന്നത് ശൂന്യതയിലും. തനിക്കുചുറ്റുമുള്ള പുതിയ ലോകവുമായുള്ള അയാളുടെ ബന്ധം ഒരു വിദേശനിരീക്ഷകന്റെ നിലയിലുള്ള ഒന്നാണ്."[3]

രണ്ടു ദേശങ്ങളെയാണ് അയാൾ തന്റെ വീക്ഷണകോണിൽ അടയാളപ്പെടുത്തുന്നതും താരതമ്യം ചെയ്യുന്നതും. രണ്ടു ദേശങ്ങളിലെ ഭൂമിശാസ്ത്രപരമായ സവിശേഷതകളും, സംസ്കാരവും, സാമൂഹിക സാംസ്കാരിക സാഹചര്യങ്ങളും പ്രവാസിക്ക് വ്യത്യസ്തമായ അനുഭവങ്ങളാണ് നൽകുന്നത്. അതുകൊണ്ടുതന്നെ പ്രവാസം ദേശീയതകളുടേയും ദേശസംസ്കാരങ്ങളുടേയും ചരിത്രവും വർത്തമാനവുമായി ബന്ധപ്പെട്ടുകിടക്കുന്നു. സമ്മിശ്രദേശസംസ്കാരങ്ങൾ കൂടിക്കലരുന്ന പ്രവാസാവസ്ഥ അന്താരാഷ്ട്രവാദം (transnationalism) അല്ലെങ്കിൽ ആഗോളവാദം (globalism) എന്ന സങ്കല്പത്തിലേക്ക് വഴിമാറുന്നു. അവ ദേശങ്ങളുടെ പൊതുസംസ്കാരത്തെ ഉൾക്കൊള്ളുന്നു. "അന്യരാജ്യങ്ങളിലെ പ്രവാസജീവിതങ്ങൾക്കുണ്ടാകുന്ന ഗുണം പുതിയൊരു ട്രാൻസ് നാഷണൽ കോർപ്പറേറ്റിസം സൃഷ്ടമാവുകയാണ്. അത് യാത്രയുടെ അടയാളമായിത്തീരുകയാണ്. എഡ്വേർഡ് സെയ്ദ് അതിന് സെക്കുലർ ക്രിട്ടിസിസം എന്നു വിളിച്ചു. ആഗോളവത്കരണ പൗരത്വം എന്ന വാക്കുകൊണ്ടാണ് സെയ്ദ് അത്തരം പ്രശ്നാധിഷ്ഠിത പ്രവാസത്തെ വിശേഷിപ്പിക്കുന്നത്."[4]

വിവിധ രാഷ്ട്രസംസ്കാരങ്ങൾ പ്രവാസദേശത്ത് ഒരുമിക്കുന്നുണ്ട്. അതിൽ നിന്നും ഉടലെടുത്ത പുതിയ സംസ്കാരവും സംസ്കാര

സംഘർഷങ്ങളും സൽമാൻ റുഷ്ദി, വി.എസ്. നെയ്പാൾ തുടങ്ങി നിരവധി മൂന്നാംലോകഎഴുത്തുകാരുടെ പ്രവാസകൃതികളിലെ പ്രധാന ആവിഷ്കാരമാണ്. കോളനിയനന്തര കാലഘട്ടത്തിൽ മൂന്നാംലോക രാജ്യത്തിന്റെ എഴുത്തുകാരാണ് പ്രവാസത്തെ സാഹിത്യത്തിൽ നിർണ്ണായകമാക്കിയത്. അരുന്ധതിറോയിയുടെ ഗോഡ് ഓഫ് സ്മോൾ തിങ്സ്, വി. എസ്. നെയ്പാളിന്റെ എ ബെന്റ് ഇൻ ദി റിവർ, ദ നെയിം സേക്സ്, തസ്ലീമാ നസ്റിന്റെ ലജ്ജ (Shame) എന്നീ കൃതികൾ എടുത്തു പറയേണ്ടവയാണ്. പ്രവാസത്തിന്റെ ചരിത്രവും മൂന്നാംലോക പ്രവാസിയുടെ സ്വത്വവും ദേശീയതയും ഇത്തരം എഴുത്തുകളിൽ പ്രമേയവത്കരിച്ചിരിക്കുന്നു. ഇത്തരം എഴുത്തുകൾ സാമൂഹികവും സാംസ്കാരികവുമായ പുത്തൻ അനുഭവങ്ങളെയും ആശയസംഹിതകളെയും ആവിഷ്കരിക്കുന്നുണ്ട്. സാഹിത്യത്തിലായാലും സംസ്കാരത്തിലായാലും മൂന്നാംലോകരാജ്യങ്ങളുടെ സാമൂഹികക്രമംവഴി വ്യത്യസ്തവും സവിശേഷവുമായ ജീവിതരീതി സൃഷ്ടിക്കപ്പെടുന്നുവെന്ന് റെയ്മഡ് വില്ല്യംസ് നിരീക്ഷിക്കുന്നു.[5] മൂന്നാം ലോകത്തിന്റെ ഭാഷാപരമായ സവിശേഷതകളും കോളനിവത്കൃത - കോളനിയനന്തര ചരിത്രവും ഇത്തരം എഴുത്തുകളുടെ സവിശേഷതയാണ്. 'മൂന്നാംലോകപ്രവാസസാഹിത്യത്തിന്റെ ആഖ്യാനങ്ങൾ വേർതിരിക്കപ്പെട്ടതും സവിശേഷവുമായ ആശയസംഹിതകളുടെയും സാംസ്കാരിക മിശ്രണത്തിന്റെയും പ്രത്യേകതകളെ ഉൾവഹിക്കുന്നുണ്ട്. സവിശേഷ പ്രവാസജീവിതത്തെ ആവിഷ്കരിക്കുന്ന ഇത്തരം കൃതികൾ സാഹിത്യത്തിൽ വേറിട്ടു നിൽക്കുന്നുവെന്ന് ഐജാസ് അഹമ്മദ് അഭിപ്രായപ്പെടുന്നു.[6] അതുകൊണ്ടുതന്നെ മൂന്നാംലോകപ്രവാസചരിത്രവും അനുഭവങ്ങളും സാഹിത്യത്തിൽ നിർണ്ണായകമാണ്.

രണ്ടുരാജ്യങ്ങളിൽ, രണ്ടു സംസ്കാരങ്ങളിൽ, രണ്ടു ഭാഷകളിൽ നിലനിൽക്കേണ്ടവനാണ് പ്രവാസി. പ്രവാസം സൃഷ്ടിക്കുന്നത് ഒരു മൂന്നാമിടമാണെന്ന ഹോമി കെ. ബാബയുടെ നിരീക്ഷണം ഇതുമായി ചേർത്തു വായിക്കേണ്ടതാണ്.[7] പ്രത്യേകമായ ചട്ടക്കൂട്ടിനകത്തുനിന്നുകൊണ്ടു വീക്ഷിക്കേണ്ട ഒന്നാണ് കുടിയേറ്റങ്ങളുടെ ഫലമായുണ്ടായ ദേശത്തെക്കുറിച്ചും സ്വത്വത്തെക്കുറിച്ചുമുള്ള വ്യത്യസ്തമായ കാഴ്ചപ്പാടുകൾ. പരമ്പരാഗതവും സ്ഥിരവുമായ ദേശസ്വത്വവിചാരങ്ങളുടെ സ്ഥാനത്ത് ദേശമാറ്റങ്ങൾക്കനുസരിച്ച് ഒഴുകിക്കൊണ്ടിരിക്കുന്ന വ്യക്തിസ്വത്വത്തെയും അതുവഴി മാറ്റങ്ങൾക്കു വിധേയമായ വീടെന്ന സങ്കല്പത്തെയും മാറ്റി പ്രതിഷ്ഠിച്ചുകൊണ്ടാണ് ഹോമി കെ ബാബ, ബ്രാ അവതാർ, സ്റ്റുവാർട്ട് ഹാൾ തുടങ്ങിയ നിരൂപകർ തങ്ങളുടെ സിദ്ധാന്തങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നത്.[8]

## 3.1 പ്രവാസം മലയാളസാഹിത്യത്തിൽ

സവിശേഷ സാഹിത്യഘടകമായി മലയാളത്തിൽ പ്രവാസം മാറിയതും ഇത് വ്യക്തികളിൽ സൃഷ്ടിക്കുന്ന സാംസ്കാരികവും നൂതനവുമായ പ്രവണതകളെ സാഹിത്യാവിഷ്കാരത്തിന്റെ മുഖ്യതലങ്ങളിലേക്ക് എഴുത്തുകാർ കൊണ്ടുവന്നതും ഇരുപതാംനൂറ്റാണ്ടിന്റെ മധ്യത്തോടെയാണ്. പ്രവാസിയുടെ ജീവിതപരിസരങ്ങൾ വിഷയമായ നിരവധി കൃതികൾ സാഹിത്യത്തിൽ ആവിഷ്കരിക്കുകയുണ്ടായി. എങ്കിലും മറ്റേതൊരു സാഹിത്യരൂപങ്ങളെയും അപേക്ഷിച്ച് മലയാളനോവലിലാണ് സാമൂഹിക ചലനങ്ങളുടെ വ്യക്തവും സമഗ്രവുമായ അവതരണം നടന്നിട്ടുള്ളത്. സങ്കല്പങ്ങളിൽമാത്രം ഒതുങ്ങിനിന്നിരുന്ന നഗരകാഴ്ചകൾ യാഥാർത്ഥ്യമാക്കാനുള്ള ആകാംക്ഷനിറഞ്ഞ യാത്രകളും അതിലൂടെ ആർജ്ജിച്ചെടുത്ത പുതിയ അറിവുകളും ലോകവീക്ഷണവും

ആധുനികതയിൽ അധിവസിക്കാനുള്ള മലയാളിയുടെത്വരയും നോവലിന്റെ തുടക്കംമുതൽതന്നെ ആവിഷ്കരിക്കപ്പെട്ടു. ഒ. ചന്തുമേനോന്റെ ഇന്ദുലേഖയും ശാരദയും ഇതിനു തുടക്കം കുറിച്ചു. കേരളീയസമൂഹത്തിന്റെ ആധുനീകരണം റിയലിസ്റ്റിക് അവതരണങ്ങളിലൂടെ ചന്തുമേനോനിൽ തുടങ്ങി തകഴി, കേശവദേവ്, എസ്.കെ. പെറ്റക്കാട് എന്നിവരിലൂടെ പൂർണ്ണത നേടി. കാലഘട്ടങ്ങളിലൂടെ ഉറൂബ്, കോവിലൻ, മുകുന്ദൻ, ഒ വി വിജയൻ, ആനന്ദ്, സി.ആർ. പരമേശ്വരൻ, കെ. ജെ ബേബി തുടങ്ങിയവർ മനുഷ്യജീവിതത്തെയും സാമൂഹ്യപ്രശ്നങ്ങളെയും ചരിത്രപരതയോടെ തങ്ങളുടെ കൃതികളിൽ ആവിഷ്കരിച്ചു. എൺപതു മുതൽ ശ്രദ്ധേയയായ സാറാ ജോസഫ് പാർശ്വവത്കരിക്കപ്പെട്ടവരുടെ ചരിത്രത്തെയും പ്രതിരോധത്തെയും നോവലുകൾക്ക് വിഷയമാക്കി. ഇത്തരത്തിൽ ചരിത്ര പ്രമേയങ്ങളുടെ സത്യസന്ധമായ അവതരണങ്ങളായി മലയാളനോവൽ രൂപാന്തരപ്പെട്ടു. "രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കൊപ്പം സാമൂഹികകാർഷിക മതജാതി പ്രസ്ഥാനങ്ങളും ദേശീയതകൾക്കൊപ്പം പ്രാദേശീകതകളും ഉപരി വർഗ്ഗ മധ്യവർഗ്ഗ വ്യവസ്ഥകൾക്കൊപ്പം കീഴാളവ്യവസ്ഥകളും രേഖപ്പെടുത്തപ്പെട്ട വ്യവസ്ഥകൾക്കൊപ്പം രേഖപ്പെടുത്താത്ത മിത്തുകളും ഐതിഹ്യങ്ങളും ഭൗതീകജീവിതാവസ്ഥകൾക്കൊപ്പം മാനസികാവസ്ഥകളും മുഖ്യധാരാ വീക്ഷണങ്ങൾക്കൊപ്പം പാർശ്വവത്കൃത വീക്ഷണങ്ങളും പ്രസക്തി നേടിയ ചരിത്രബോധത്തിലൂടെ കഴിഞ്ഞനൂറ്റാണ്ടിലെ കേരളീയ സംസ്കാരത്തിന്റെ വിവിധ മുഖങ്ങളെ മലയാളനോവലിൽ ഇവർ ആഖ്യാനം ചെയ്തു. കേരളത്തിനുവെളിയിലേക്കും ആധുനികസംസ്കാരത്തിന്റെ പരീക്ഷണശാലകളായി മാറിയ നഗരങ്ങളിലേക്കും മലയാളനോവൽ ചുവടുവെച്ചു."[9]

പിന്നീട് നോവലിന്റെ പ്രമേയമായും ദർശനമായും കുടിയേറ്റവും പ്രവാസവും ആവിഷ്കരിക്കപ്പെട്ടു. ഇന്നു ലോകത്തിലെ ഭൂരിഭാഗം രാജ്യങ്ങളിലും മലയാളിജനതയുടെ സാന്നിധ്യമുണ്ട്. മലയാളികളുടെ തൊഴിൽപ്രവാസത്തിന്റെ ഭാഗമായുണ്ടായ ദേശാന്തരഗമനങ്ങൾ ആഗോള വ്യാപകമായതും നിരന്തരമായ രാഷ്ട്രീയസാംസ്കാരിക വ്യതിയാനങ്ങൾ ഈ പ്രവാസിന്യൂനപക്ഷത്തിന് സംഭവിച്ചുകൊണ്ടിരിക്കുന്നതും സമകാലിക നോവലുകളിൽ ഇന്ന് ധാരാളമായി പ്രത്യക്ഷപ്പെടുന്നുണ്ട്. ഇത്തരത്തിൽ സവിശേഷപ്രതിഭാസമായ മലയാളിയുടെ പ്രവാസത്തിന്റെ വിവിധ ഘടകങ്ങളെ ജ്ഞാനരൂപമായും സാംസ്കാരികബോധമായും കൈകാര്യം ചെയ്യുന്നതുകൊണ്ടാണ് സാഹിത്യത്തിലെ പ്രവാസാവിഷ്കാരങ്ങൾ ഇന്നേറെ ശ്രദ്ധിക്കപ്പെടുന്നതും വായിക്കപ്പെടുന്നതും. "മാറ്റങ്ങൾ, സ്ഥാനഭ്രംശങ്ങൾ, രൂപാന്തരങ്ങൾ തുടങ്ങിയവയുടെ അനുരൂപനവും (Adaptation) ജ്ഞാനത്തിന്റെയും ലോകവീക്ഷണത്തിന്റെയും നവരൂപങ്ങളുടെ സൃഷ്ടിയും പ്രവാസഭാവനയിൽ സംഭവിക്കുന്നു. ദേശം, സ്വത്വം, ആത്മം തുടങ്ങിയ സംവർഗ്ഗങ്ങളെ അതു മറ്റൊരുതരത്തിൽ എഴുതുന്നു. ഇത്തരം സവിശേഷതകളാണ് പ്രവാസസാഹിത്യത്തിന് ഒരു ജനുസ്സിന്റെ പദവിനൽകുന്നത്."[10]

മലയാളത്തിലെ പ്രവാസികളായ എഴുത്തുകാരിൽ വിദേശരാജ്യങ്ങളിൽ തൊഴിൽപ്രവാസികളായി കഴിയുന്നവരും ഇന്ത്യയിൽ തന്നെ ആഭ്യന്തര പ്രവാസികളായി കഴിയുന്നവരുമുണ്ട്. ഇതിനു പുറമെ കേരളത്തിനുള്ളിൽ നിന്നും പ്രവാസരചന നിർവ്വഹിക്കുന്നവരുമുണ്ട്. പ്രവാസാവിഷ്കാരം നടത്തണമെങ്കിൽ എഴുത്തുകാർ പ്രവാസികളാകണമെന്നില്ല. എങ്കിലും ആവിഷ്കരിക്കുന്ന നാടിന്റെ സാംസ്കാരികപശ്ചാത്തലവും തദ്ദേശീയ

ജനതയുടെ ഇടപെടലുകളും കൃത്യവും വ്യക്തവുമായി മനസ്സിലാക്കുന്നതിനും പ്രമേയം, കഥാപാത്രങ്ങൾ എന്നിവയിലൂടെ ആവിഷ്കരിക്കുന്നതിനും പ്രവാസാനുഭവങ്ങൾ എഴുത്തുകാരനെ സഹായിക്കുന്നു. പ്രവാസാവിഷ്കാരങ്ങൾ നടത്തുന്നവരിൽ കൂടുതലും പ്രവാസി എഴുത്തുകാരാകുന്നത് ഇതിന്റെ ഭാഗമായി തിരിച്ചറിയപ്പെടുന്നു. കുടിയേറ്റത്തെയും പ്രവാസത്തെയും കേന്ദ്രമാക്കിയുള്ള നോവലുകളാണ് പ്രധാനമായും പ്രവാസനോവലുകളായി വായിക്കപ്പെടുന്നത്. പ്രവാസികൾ എത്തിച്ചേർന്ന നാടിന്റെ ജീവിതവും അവിടെ നേരിടേണ്ടിവരുന്ന വ്യത്യസ്താനുഭവങ്ങളിൽ നിന്നും രൂപംകൊണ്ട തിരിച്ചറിവുകളും ദർശനവുമാണ് മിക്ക പ്രവാസനോവലുകളുടെയും പ്രമേയം.

1960കൾക്കു ശേഷമാണ് ദേശാന്തരഗമനങ്ങളെ കേന്ദ്രമാക്കിയുള്ള നോവലുകൾ മലയാളത്തിൽ എഴുതപ്പെട്ടത്. അതിനുമുൻപുതന്നെ ചന്തുമേനോനും സി.വി.യും ഉറൂബും ബഷീറും എസ്.കെ. പൊറ്റക്കാടും ദേശസഞ്ചാരയാത്രകളെ നോവലുകളിൽ അടയാളപ്പെടുത്തിയിട്ടുണ്ട്. ഇന്ദുലേഖ (1889), ശാരദ (1892), ധർമ്മരാജ (1913), ശബ്ദങ്ങൾ (1947), ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്നു (1951), ബാല്യകാല സഖി (1944), നാലുകെട്ട് (1958), സുന്ദരികളും സുന്ദരന്മാരും (1958), ഉമ്മാച്ചു (1954) എന്നീ ശ്രദ്ധേയമായ നോവലുകളിലെ കഥാപാത്രങ്ങൾ കേരളത്തിനുള്ളിലും പുറത്തുമുള്ള നഗരങ്ങളിൽ ദേശസഞ്ചാരം നടത്തിയതിന്റെ പരാമർശങ്ങൾ കാണാം. എസ്. കെ. പൊറ്റക്കാടിന്റെ വിഷകന്യക (1944) കേരളത്തിനകത്തു നടന്ന മലബാർ കുടിയേറ്റത്തെ പശ്ചാത്തലമാക്കി എഴുതിയ നോവലാണ്.

1960 കൾക്കുശേഷം വിലാസിനിയുടെ നോവലുകളോടുകൂടിയാണ് ആഭ്യന്തരവും ബാഹ്യാന്തരവുമായ പ്രവാസം പശ്ചാത്തലമായി വരുന്ന നോവലുകൾ മലയാളത്തിൽ ആവിർഭവിക്കുന്നത്. മലയാറ്റൂർ, ഒ. വി വിജയൻ,

കാക്കനാടൻ, എസ്. കെ. പൊറ്റക്കാട്, മുകുന്ദൻ, ആനന്ദ് എന്നിവർ മറുനാടൻ നഗരങ്ങളും പ്രവാസവും വിഷയമായി വരുന്ന നോവലുകൾ രചിച്ച ആഭ്യന്തര പ്രവാസിഎഴുത്തുകാരാണ്. സമകാലികനോവലുകളിൽ കൂടുതലും വിദേശങ്ങളിൽ തൊഴിൽപ്രവാസികളായി കഴിഞ്ഞവരും കഴിയുന്നവരുമായ എഴുത്തുകാരുടെ സൃഷ്ടികളാണ്. വിദേശപ്രവാസത്തെ കേന്ദ്രമാക്കിയുള്ള നോവലുകളിൽ അധികവും ഗൾഫ്പ്രവാസാവിഷ്കാരങ്ങളാണ്. ഗൾഫ്പ്രവാസവുമായി ബന്ധപ്പെട്ടുകൊണ്ട് ധാരാളം നോവലുകൾ ഇന്നു രചിക്കപ്പെടുന്നുണ്ട്. പുനത്തിൽ കുഞ്ഞബ്ദുള്ള, ബെന്യാമിൻ, റഷീദ് പാറയ്ക്കൽ, യു.കെ. ഖരീം, തോട്ടത്തിൽ മുഹമ്മദലി, മുകുന്ദൻ, വി.വി. കനകലത, വിലാസിനി, മാധവിക്കുട്ടി, ജി.പി. ഞെക്കാട്, ജി ബാലചന്ദ്രൻ, ഖദീജ മുംതാസ്, നിസാമുദ്ദീൻ റാവുത്തർ എന്നിവർ വിദേശപ്രവാസത്തെ കേന്ദ്രമാക്കി നോവലുകൾ രചിച്ചവരാണ്.

നഗരങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള പ്രവാസാനുഭവങ്ങളാണ് ആധുനികനോവലുകളിലെ ആശയലോകം. ആഭ്യന്തരവും ബാഹ്യാന്തരവുമായ നഗരമുഖങ്ങളെ എഴുത്തുകാർ നോവലുകളിലൂടെ അനാവരണം ചെയ്തു. പ്രവാസനഗരാനുഭവങ്ങൾ ഗൃഹാതുരത്വമായും സംസ്കാരങ്ങളുടെ സമന്വയ മായും സംഘർഷമായും മലയാള സാഹിത്യത്തിൽ അവതരിക്കപ്പെട്ടു. ഇത്തരം മാറ്റത്തിനനുസരിച്ച് നവഭാഷയും ശൈലിയും എഴുത്തിൽ സ്വീകരിക്കേണ്ടി വന്നു. നഗരസ്വഭാവാവിഷ്കാരത്തോടൊപ്പം നഗരഭാഷയും എഴുത്തിൽ കടന്നുവന്നു. മുകുന്ദന്റെ നോവലുകളിലെ അന്യഭാഷാ സ്വാധീനം അതിന് തെളിവാണ്. കൃത്യമായ ഒരിടമില്ലാത്ത അനേകം പ്രദേശങ്ങൾ കൂടിക്കലർന്ന കല്പിതപ്രദേശമാണ് ആനന്ദിന്റെ കൃതികൾക്കാധാരം. പ്രവാസികൾ എത്തിപ്പെട്ട നഗരങ്ങളുടെ പൊതുസ്വഭാവമാണ് ഇവിടെ

വിഷയമാകുന്നത്. ആനന്ദിന്റെ മരുഭൂമികൾ ഉണ്ടാകുന്നത്, ആൾക്കൂട്ടം, മുകുന്ദന്റെ നൃത്തം, വിജയന്റെ തലമുറകൾ എന്നീ നോവലുകളിലെ പശ്ചാത്തലം നഗരങ്ങളുടെ പൊതുസ്വഭാവത്തെ കേന്ദ്രീകരിച്ചുള്ളവയാണ്. നവീനപരിപ്രേക്ഷ്യങ്ങളായി ഇത്തരം എഴുത്തുകൾ നിലകൊള്ളുന്നു.

ആധുനികനോവലുകൾ അരാജകത്വ-സ്വത്വനഷ്ട ഇടങ്ങളായി നഗരങ്ങളെ അടയാളപ്പെടുത്തിയിരിക്കുന്നു. നഗരങ്ങളിലെ ജീവിതരീതിക്കും സംസ്കാരത്തിനും ഇരുണ്ട മുഖമാണ് പ്രതിഫലിക്കുന്നത്. കുറ്റകൃത്യങ്ങളും തിന്മയും വളർത്തുന്ന സുഗമമായ ജീവിതം സാധ്യമല്ലാത്ത അന്യവത്കൃത ഇടങ്ങളായി നഗരങ്ങൾ മാറുന്നു. നഗരജീവിതം വ്യക്തികളിൽ വരുത്തുന്ന അസ്തിത്വവ്യഥ, അന്യവത്കരണം, സ്വത്വനഷ്ടം എന്നീ ആധുനികതയുടെ പൊതുസ്വഭാവങ്ങളെ ഇത്തരം നോവലുകൾ പ്രത്യക്ഷമാക്കുന്നു. സ്വന്തം ഭാഷയിൽ നിന്നും പ്രാദേശികതനിമയിൽ നിന്നും അകറ്റപ്പെടുന്ന എഴുത്തുകാരന്റെ കൃതികളിൽ പറിച്ചുനട്ട സ്ഥലത്തനുഭവിക്കേണ്ടി വരുന്ന അന്യതാബോധവും ഏകാന്തതയും നിഴലിക്കുന്നു. തീവ്രമായ ഗൃഹാതുരത്വവും ഇത്തരം പ്രവാസകൃതികളുടെ ഒരു പ്രധാന സവിശേഷതയാണ്. നഷ്ടപരിസരത്തിന്റെ ഓർമ്മകളും സങ്കല്പങ്ങളും ഭാവനയിലൂടെ മെനഞ്ഞെടുക്കുവാൻ ഇതു എഴുത്തുകാരനെ പ്രേരിപ്പിക്കുന്നു. ദേശാന്തരജീവിതത്തിൽ നിന്നും ഉടലെടുക്കുന്ന വ്യത്യസ്ത ദർശനങ്ങൾ എഴുത്തുകാരന്റെ സർഗ്ഗാത്മകതയെ തീവ്രമാക്കുന്നു. നഗരജീവിതത്തിന്റെ ഭാഗമായവർക്ക് തിരിച്ചുപോക്ക് ശ്രമകരമാണെങ്കിലും ഭാവനയിലൂടെയും ഭാഷയിലൂടെയും തനിമയെ - പ്രാദേശികതയെ അവർ വീണ്ടെടുക്കുന്നു.

ഇന്ത്യയ്ക്കകത്തുനിന്നും എഴുതുന്ന പ്രവാസിഎഴുത്തുകാരിൽ കൈവിട്ടനാടിനെക്കുറിച്ചുള്ള സ്വഭാവവും ജീവിതവുമാണ് മുഖ്യമായും

ആശയവത്കരിക്കുന്നത്. ജന്മദേശത്തുനിന്നും പുറത്താണെങ്കിലും ഇന്ത്യൻപൗരൻ എന്ന സ്ഥാനത്തുനിന്നും നിഷ്കാസിതരല്ല ഇവർ. ഇന്ത്യയ്ക്കകത്തുള്ള നഗരാവിഷ്കാരത്തിന്റെ സങ്കീർണ്ണതകളിലേക്കും വൈരുദ്ധ്യങ്ങളിലേക്കും ഇന്ത്യൻ പൗരൻ എന്ന നിലയിൽ തന്നെ തുടരാവുന്ന സ്വത്വനിർമ്മിതിയാണ് ഇവരുടെ കൃതികളിൽ ദൃശ്യമാകുന്നത്. എന്നാൽ ഇന്ത്യയ്ക്കുപുറത്ത് തൊഴിൽ പ്രവാസികളായി നിലനിന്നുകൊണ്ട് എഴുതുന്നവരിൽ വേരുകൾ നഷ്ടപ്പെട്ട സാധാരണക്കാരന്റെ സ്വത്വനഷ്ട വ്യഥയുടെ തീവ്രത കണ്ടെടുക്കാനാവും. ജന്മനാട്ടിലെ വേരുകൾ ഉപജീവനത്തിനുവേണ്ടി നഷ്ടപ്പെടുത്തേണ്ടി വരികയും ചെന്നെത്തിയ ദേശങ്ങളിൽ വേരുകൾ പടർത്താൻ കഴിയാതെ വരികയും ചെയ്യുന്ന ന്യൂനപക്ഷത്തിന്റെ ജീവിതാനുഭവങ്ങൾക്ക് തീവ്രതയേറുക സ്വാഭാവികമാണ്. ഗൾഫ് പ്രവാസി എഴുത്തുകാരുടെ രചനകൾ ഏറെ ശ്രദ്ധേയമാകുന്നതിന്റെ അടിസ്ഥാനമിതാണ്.

അന്യനാടുകളിൽ പൗരത്വം നിഷേധിക്കപ്പെടുകയും കുടുംബത്തിന്റെ സാമ്പത്തികസ്രോതസ്സ് നിലനിർത്താനായി വിയർപ്പൊഴുക്കാൻ മാത്രം നിലനിന്നുപോരുകയും ചെയ്യുന്ന പ്രവാസിക്ക് തിരിച്ചുപോക്ക് മരീചികയാണ്. ഇത്തരത്തിൽ വേരുകൾ നഷ്ടപ്പെട്ടുപോയ ഏറെ ഗൃഹാതുരത്വം അനുഭവിക്കേണ്ടിവന്ന ന്യൂനപക്ഷത്തെയാണ് പ്രവാസി എന്ന സങ്കല്പനത്തിൽ ഉൾപ്പെടുത്താനാവുക. പ്രവാസി എന്നാൽ പ്രകർഷേണവസിക്കുന്നവൻ എന്ന അർത്ഥസങ്കല്പനം സ്വത്വനഷ്ടവ്യഥ അനുഭവിക്കുന്നവൻ, ഗൃഹാതുരത്വത്തിന്റെ തീവ്രത പേറുന്നവൻ എന്നൊക്കെയുള്ള പരികല്പനകളിലേക്ക് മാറ്റപ്പെട്ടു. അന്യനാടുകളിൽ അതിജീവനത്തിനുവേണ്ടി പോരാട്ടംനടത്തുന്ന നിസ്സഹായരായ

സാധാരണക്കാരുടെ ജീവിതാഖ്യാനങ്ങൾ മലയാളനോവലുകളിലെ പ്രവാസരചനയ്ക്ക് സാംസ്കാരികവും സ്വത്വപരവുമായ പുതിയ മാനങ്ങൾ കൈവരുത്തി. സ്വന്തംഭാഷയിൽനിന്നും സംസ്കാരത്തിൽ നിന്നും അകറ്റപ്പെട്ട് തനിക്കപരിചിതങ്ങളായ വിദേശഭാഷ സംസ്കാരങ്ങളിൽ പുലരേണ്ടിവന്ന തൊഴിലാളി ന്യൂനപക്ഷത്തിന്റെ അതിജീവനവ്യഥകളാണ് പ്രവാസം എന്ന സങ്കല്പനത്തിന് സാഹിത്യത്തിൽ പുതിയ അർത്ഥവ്യാപ്തിയും വ്യാഖ്യാനങ്ങളും നൽകപ്പെട്ടത്. അതിജീവന പോരാട്ടാവിഷ്കാരങ്ങളായി പ്രവാസ നോവലുകൾ മാറിയതിനു തെളിവാണ് ബെന്യാമിന്റെ 'ആടുജീവിതം'. സാംസ്കാരികമായി അന്യവത്കരിക്കപ്പെടുന്ന തൊഴിലാളി ന്യൂനപക്ഷത്തിന്റെ ജീവിതാവിഷ്കാരങ്ങൾ സാഹിത്യത്തിൽ ഇന്നേറെ ശ്രദ്ധിക്കപ്പെടുകയും വായിക്കപ്പെടുകയും ചെയ്യുന്നു.

## കുറിപ്പുകൾ


1. Raina, M. L; (2007) Home, Homelessness and the Artifice of Memory, Manjit Inder Singh (Ed), Contemporary Diasporic Literature writing history. Culture, Self., Anurag Jain for Pencraft International, Delhi, Page.18.
2. Rushdie, Salman; (1991) Imaginary Home lands Essays and criticism 1981 - 1991, Granta, P.P. 9 -21.
3. രാജകൃഷ്ണൻ, വി; (1998) ഭ്രഷ്ടിന്റെ നാനർത്ഥങ്ങൾ, കറന്റ് ബുക്സ്, തൃശ്ശൂർ, പുറം.48.
4. ശോഭ, വി; (2014) മണൽക്കാട്ടിൽ ഇരയാക്കപ്പെടുന്നവരുടെ ഒരു സൈദ്ധാന്തികപഠനം, ശോഭ, വി. (എഡി.), വീടുമാറുന്നവർ, ഗ്രീൻബുക്സ്, തൃശ്ശൂർ, പുറം.52.
5. Williams, Raymond; (1977) Marxism and Literature, Oxford: Oxford U.P, Page.19.
6. Ahmad, Aijaz; (1992) In Theory: Classes, Nations, Literatures, Delhi: Oxford U.P., Page. 121.
7. Bhabha, K. Homi; (1994) The Location of culture, London Routledge, Page.7.
8. Barnali, Dutta; (2013) Diasporic Identity and Journey in Jumpa Lahiri's The Name Sake, International Journal of humanities and social science invention, G.R.F.D.T., Vol.3, Issue - 12.
9. ഷാജി ജേക്കബ്; (2003) നോവൽ ചരിത്രത്തിന്റെ പാഠഭേദം, കറന്റ് ബുക്ക്സ്, കോട്ടയം, പുറം.33.
10. രാജശേഖരൻ, പി. കെ; (2011) പ്രവാസരേഖകൾ, ഭാഷാപോഷിണി, മെയ്, പുസ്തകം 34, ലക്കം 12, പുറം.64.

# അദ്ധ്യായം 4

# അറേബ്യൻ പ്രവാസികളുടെ ഭൗതികസാഹചര്യങ്ങളും അവ സൃഷ്ടിക്കുന്ന സംഘർഷങ്ങളും

## 4. ദേശമാറ്റം സൃഷ്ടിച്ച സംസ്കാരസംഘർഷങ്ങൾ

സ്വന്തം സ്ഥലകാലദേശവിചാരങ്ങളിൽ നിന്നകന്ന് മറ്റൊരു ദേശസാംസ്കാരികതയിലേക്ക് മാറ്റപ്പെടുമ്പോൾ അനുഭവിക്കേണ്ടിവരുന്ന സങ്കീർണ്ണതകളാണ് പ്രവാസജീവിതത്തിന്റെ അന്തഃസത്ത. നിർവചനാതീതവും വിവരണാതീതവുമായ ജന്മദുരിതമാണത്. ഒരു ദേശത്തിന്റെ സാമൂഹിക ഘടനയാണ് വ്യക്തിയുടെ സ്വത്വത്തെ നിർണ്ണയിക്കുന്നത്. "സാമൂഹികമായ ഉടയാടകളിൽ പ്രത്യക്ഷപ്പെടുന്ന അഹം ആണ് സ്വത്വം".[1] അതുകൊണ്ടുതന്നെ പ്രവാസം വ്യക്തിയിൽ സൃഷ്ടിക്കുന്ന സംഘർഷങ്ങൾക്കടിസ്ഥാനം ദേശവും സ്വത്വവുമായി ബന്ധപ്പെട്ടുകിടക്കുന്നു. മതം, ആചാരം, അനുഷ്ഠാനം, ജാതീയഘടന, മിത്ത്, ആഘോഷം, കുടുംബ ബന്ധം, സൗഹൃദം, ഭൂപ്രകൃതി എല്ലാം ഒരു വ്യക്തിയുടെ ആന്തരികവും ബാഹ്യവുമായ ബോധത്തെ സ്വാധീനിച്ചതിന്റെ പ്രതിഫലനമാണ് അയാളുടെ വ്യക്തിസ്വത്വം. മറ്റൊരു ദേശത്തേക്കു പറിച്ചു നടപ്പെടുമ്പോൾ രാഷ്ട്രീയവും സാമൂഹികവുമായ ഘടനയ്ക്കു പുറത്ത് മറ്റൊരു അപരത്വത്തെ അയാൾക്ക് അഭിമുഖീകരിക്കേണ്ടിവരുന്നു.

എൻ ജയറാം തന്റെ ഗ്രന്ഥത്തിൽ പ്രവാസിയുടെ സാംസ്കാരിക സ്വത്വത്തെ വിശദീകരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ പ്രവാസി തന്റെ മാതൃഭാഷയേയും, സാമൂഹികസ്വത്വത്തേയും, മതാനുഷ്ഠാനങ്ങളേയും ഉൾപേറിക്കൊണ്ടാണ് മറ്റൊരു ദേശത്തേക്ക് ശാരീരികമായും മാനസികമായും പറിച്ചുനടപ്പെടുന്നത്. അവർ സ്വദേശത്തുനിന്നും പൂർണ്ണമായും മാറ്റപ്പെടുന്നില്ല. അവർ മാനസികമായി ജന്മദേശത്തോട് ചേർന്ന് നിൽക്കുന്നവരും തിരിച്ചുപോക്കെന്ന മിത്ത് മനസ്സിൽ സൂക്ഷിക്കുന്നവരുമാണ്.[2]

മാറിയ സാംസ്കാരിക പരിസരത്തോടു ചേർന്ന് നിൽക്കുമ്പോഴും വേരുകളിലേക്ക് തിരിഞ്ഞുനോക്കുന്ന പ്രവാസിയുടെ മനസ്സാണ് സ്വത്വസംഘർഷങ്ങൾക്കടിസ്ഥാനമാകുന്നത്. നവവർത്തമാന അവസ്ഥ കളുമായി രമ്യതപ്പെടുമ്പോഴും സ്വത്വവുമായി ബന്ധപ്പെട്ട ഭൂതകാല ഓർമ്മകളും പ്രാദേശികതനിമകളും അയാളെ നിരന്തരം വേട്ടയാടുന്നു. പ്രവാസദേശാനുഭവങ്ങളും ഭൂതകാലജീവിതാനുഭവങ്ങളും ഒന്നിച്ചു ചേരുമ്പോഴുണ്ടാകുന്ന ദ്വന്ദ്വ-സംസ്കാരം ഓരോ പ്രവാസിയുടേയും ഉള്ളിൽ വ്യത്യസ്തമാനങ്ങളെ അടയാളപ്പെടുത്തുന്നുണ്ട്. ദീപ്കുമാർ ജെ. ത്രിവേഡി ഈ ദ്വന്ദ്വസംസ്കാരത്തെ സംബന്ധിച്ച സാംസ്കാരിക പ്രശ്നങ്ങളെ ഇങ്ങനെ അടയാളപ്പെടുത്തുന്നു. എഴുത്തിന്റെയും അനുഭവത്തിന്റെയും പരിസരങ്ങളിലാണ് സ്വത്വത്തിന്റെ അടിസ്ഥാനം സ്ഥാപനവത്കരിക്കപ്പെടുന്നത്. ദേശവും സ്വത്വവും ചില സാംസ്കാരിക പ്രശ്നങ്ങളെ സൃഷ്ടിക്കുന്നുണ്ട്. അതു മനുഷ്യജിവിതത്തിന്റെയും ഭൂതകാലത്തിന്റെയും ഭാവിയുടേയും നിലപാടുകളെ നിജപ്പെടുത്തുന്നു.[3]

ദേശസംസ്കാരം സൃഷ്ടിക്കുന്ന വ്യക്തിബോധം ഭൂതകാലത്തെ-പ്പോലെയായിരിക്കില്ല സമകാലികജീവിതത്തിൽ സംഭവിക്കുന്നത്. ഭൂതകാലം വ്യക്തിയുടെ കുടുംബവും പരിസരവുമായി മാത്രം ബന്ധപ്പെടുന്ന സാംസ്കാരികതയായിരിക്കാം. എന്നാൽ സമകാലികത ആഗോളവത്കരണത്തിന്റെയും നാഗരികതയുടേതുമായ സ്ഥല ഭ്രംശങ്ങളെയാണ് അടയാളപ്പെടുത്തുന്നത്. ഇത്തരം സ്ഥാനമാറ്റങ്ങൾ വഴി സൃഷ്ടിക്കപ്പെടുന്ന സ്വത്വപ്രതിസന്ധിയാണ് ആധുനികമനുഷ്യൻ നിരന്തരം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്.

മനുഷ്യന്റെ ആന്തരികചോദനയായ ദേശസഞ്ചാരം വർദ്ധിതമായി

ക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് ഇത്തരം സ്വത്വപ്രശ്നങ്ങളെ വർത്തമാനകാല മനുഷ്യാവസ്ഥയായി അടയാളപ്പെടുത്തേണ്ടിയിരിക്കുന്നു. മനുഷ്യ കുലത്തിന്റെ കാലകാലങ്ങളിലുണ്ടാകുന്ന പരിണാമഘട്ടങ്ങൾ സാഹിത്യ കൃതികളുടെ അന്തഃസത്തയായി വർത്തിക്കുന്നുണ്ട്. ദേശത്തിന്റെയും വ്യക്തിയുടെയും അനുഭവസീമകളെ അതിലംഘിക്കുന്ന പ്രവാസം സമൂഹത്തിന്റെ പ്രതിഫലനമായ എഴുത്തിനെയും ഇന്ന് വളരെയേറെ സ്വാധീനിച്ചിരിക്കുന്നു. അതുകൊണ്ടുതന്നെ ഇത്തരം കൃതികളിലെ സ്വത്വസംഘർഷത്തെയും സാംസ്കാരിക പ്രതിസന്ധിയെയും അടയാളപ്പെടുത്തുക എന്നത് സംസ്കാരപഠനത്തെ സംബന്ധിച്ച് അതിപ്രധാനമാണ്.

## 4.1 വ്യക്തിമനസ്സിലെ സംഘർഷങ്ങൾ - നോവലുകളിൽ

തൊഴിൽപ്രവാസം വഴിയായി അറേബ്യൻ നാടുകളിലേക്ക് ചേക്കേറിയ മലയാളികളുടെ സംഘർഷാത്മകജീവിതത്തെ അടയാളപ്പെടുത്തിയ 'ആടുജീവിതം', 'അറേബ്യയിലെ അടിമ', 'ഒരു തക്കാളികൃഷിക്കാരന്റെ സ്വപ്നങ്ങൾ', 'ബർസ' എന്നീ നോവലുകളെ ഇവിടെ പഠനവിധേയമാക്കുന്നു. നോവലുകളിലൂടെ പ്രവാസികൾ നേരിട്ടുകൊണ്ടിരിക്കുന്ന സാംസ്കാരിക പ്രശ്നങ്ങളെ വിശദീകരിക്കാൻ ശ്രമിക്കുകയാണ് ഈ പ്രബന്ധത്തിൽ ചെയ്യുന്നത്. സംഘർഷഭരിതമായ പ്രവാസജീവിതത്തിന്റെ ആന്തരികവും ഭൗതികവുമായ അടരുകളെ വേർതിരിച്ച് ഇവിടെ പഠനവിധേയമാക്കുന്നു.

## 4.2 പ്രവാസിയുടെ ഭൗതിക സാഹചര്യങ്ങൾ

അറേബ്യൻ നാടുകളിൽ തൊഴിൽ പ്രവാസികളായി എത്തിച്ചേർന്ന ന്യൂനപക്ഷം മലയാളികളെങ്കിലും അടിമത്തസമാനമായ തൊഴിൽ

സാഹചര്യങ്ങളിലാണ് അകപ്പെട്ടത്. മരുഭൂമിയിലെ വിജനമായ തൊഴിലിടങ്ങളിലും തൊഴിൽശാലകളിലും കഠിനമായി അദ്ധ്വാനിക്കാൻ വിധിക്കപ്പെട്ട ഇക്കൂട്ടർ ശാരീരികമായും മാനസികമായും ചൂഷണം ചെയ്യപ്പെട്ടു. മുതലാളിത്ത രാജ്യങ്ങൾ മൂന്നാംലോകരാജ്യ പ്രവാസിയെ ചൂഷണം ചെയ്യുന്നതിന്റെ രീതിശാസ്ത്രമാണ് ഇതിലൂടെ വെളിവാക്കപ്പെട്ടത്. ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളിൽ നിന്നെത്തിയ പ്രവാസികൾക്ക് തൊഴിലെടുക്കേണ്ടിവന്ന ഇടങ്ങൾ, അവരിൽ അടിച്ചേൽപ്പിക്കപ്പെട്ട പ്രാകൃത ജീവിതക്രമങ്ങൾ, തൊഴിലെടുപ്പിന്റെ കഠിനതകൾ, ശാരീരികവും മാനസികവുമായ പീഡനങ്ങൾ അതിനെല്ലാം കാരണമായ രാഷ്ട്രീയ സാഹചര്യങ്ങൾ തുടങ്ങി അവർ ചൂഷണത്തിനിരകളാക്കപ്പെടുന്ന വിവിധ മേഖലകൾ നോവലുകളുടെ അടിസ്ഥാനത്തിൽ ഇഴപിരിച്ച് വിശദ പഠനത്തിന് വിധേയമാക്കുന്നു.

### 4.2.1 പ്രാകൃത ജീവിതക്രമങ്ങൾ

മൂന്നാം ലോകരാജ്യപ്രവാസികളെ തെറ്റിദ്ധരിപ്പിച്ചും, തിരിച്ചറിയൽ കാർഡ് പിടിച്ചുവാങ്ങിയും സ്പോൺസർമാർ തങ്ങളുടെ വരുതിയിലാക്കുന്നു. വാഗ്ദാനംചെയ്ത ജോലി മേഖലകൾ നൽകാതെയും അപരിഷ്കൃത തൊഴിലെടുപ്പിച്ചും ഇത്തരം പ്രവാസികളെ ചൂഷണം ചെയ്യുന്നു. മണലാരണ്യങ്ങളിലെ അടിമവേലകളിൽ ചെന്നുപെട്ടവർക്ക് രക്ഷപ്പെടൽ അസാധ്യമാണ്. ഇത്തരത്തിൽ അകപ്പെട്ടുപോയവരുടെ കഥകളാണ് അറേബ്യയിലെ അടിമയും ആടുജീവിതവും പങ്കുവെയ്ക്കുന്നത്. തൊഴിലിടങ്ങളിൽ പ്രാഥമിക ആവശ്യങ്ങൾവരെ അടിമകൾക്കു നിഷേധിക്കപ്പെട്ടു. സാമൂഹികഘടനയിൽ നിന്നും പ്രാകൃത ജീവിതാവസ്ഥ കളിലേക്കുള്ള മടങ്ങിപ്പോക്കായിരുന്നു അത്. പൊതുവെ പ്രവാസികൾ

തൊഴിലെടുക്കുന്ന ഏതു മേഖലയിലും നിർബന്ധിത തൊഴിലെടുപ്പിന്റെ കഠിനതകൾ കാണാം. അടിമജീവിതമല്ലെങ്കിലും 'ഒരു തക്കാളി കൃഷിക്കാരന്റെ സ്വപ്നങ്ങളി'ലെ അസീസിനും ഡോക്ടറായിരുന്നിട്ടുകൂടി 'ബർസ'യിലെ സബിതയ്ക്കും മൂന്നാംലോകരാജ്യപ്രവാസി എന്ന നിലയിൽ ചൂഷണത്തിന്റെയും പരിഹാസത്തിന്റെയും തലങ്ങളെ അഭിമുഖീക രിക്കേണ്ടി വരുന്നുണ്ട്.

### 4.3.1 പ്രാഥമികാവശ്യങ്ങളുടെ നിരാസം

പ്രാഥമികാവശ്യങ്ങൾപ്പോലും പരിഷ്കൃതമായി നിറവേറ്റാനാകാതെ മൃഗസമാനമായി മാറുന്ന അവസ്ഥാന്തരമാണ് മരുഭൂമിയിലെ തൊഴിലിടങ്ങൾ പ്രവാസിക്കു വിധിച്ചത്. ജീവൻനിലനിർത്താനാവശ്യമായ ഒരല്പം ഭക്ഷണത്തിനും വെള്ളത്തിനും കേഴുന്ന പ്രവാസികളുടെ വിലാപങ്ങളാണ് നജീബിലൂടെയും ഉണ്ണിയിലൂടെയും പുറത്തുവരുന്നത്. "ഇവിടെനിക്ക് ആഹാരമില്ല വെള്ളമില്ല വസ്ത്രമില്ല കിടക്കാനൊരിടമില്ല കൂലിയില്ല ജീവിതമില്ല സ്വപ്നങ്ങളില്ല മോഹങ്ങളില്ല എന്നാൽ ഒന്നു ബാക്കിയുണ്ട്. - ജീവൻ! തത്കാലം അതു നിലനിർത്താൻ എനിക്കെങ്ങനെയൊക്കെയോ കഴിയുന്നുണ്ട്."[4] ചരിത്രത്തിലെ അടിമക്കഥകൾക്കു തുല്യമായ ജീവിതാവസ്ഥകളിലേക്ക് എറിയപ്പെട്ട നജീബിന് അടിസ്ഥാനആവശ്യങ്ങൾ പോലും മരീചികയാവുകയാണ്. "അറബാബ് ഈ വണ്ടി എവിടെയെങ്കിലും ഒന്നുനിറുത്തി ഞങ്ങൾക്കിത്തിരി ആഹാരംമേടിച്ചുതരൂ... ഞങ്ങൾക്കിത്തിരി വെള്ളംമേടിച്ചു തരൂ എന്ന് അലറിവിളിക്കണമെന്നുണ്ടായിരുന്നു."[5] മരുഭൂമിയിലേക്കുള്ള ആദ്യ യാത്രയിൽ തന്നെ നജീബ് അറിഞ്ഞ വികാരമായിരുന്നു വിശപ്പ്.

### 4.3.2 വിശപ്പും ദാഹവും തളർത്തുന്ന ജീവിതങ്ങൾ

ഖുബ്ബൂസും വെള്ളവും മാത്രമായിരുന്നു മരുഭൂമിയിലെ മസറയിൽ നജീബിനു കിട്ടിയിരുന്ന ഏക ആഹാരം. ''ഞാൻ കൂടാരത്തിനു പുറത്തിരുന്ന് ഖുബ്ബൂസ് എന്ന പുതിയ ആഹാരം ആർത്തിയോടെ കടിച്ചു പറിച്ചു തിന്നു. മുക്കാനോ തൊടാനോ കൂട്ടാൻ ഒന്നും ഇല്ലായിരുന്നു."[6] മരുഭൂമിയിലെ അടിമയുടെ ഭക്ഷണക്രമം ആടുജീവിതത്തിൽ വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നതുകാണാം. "അതികാലത്ത് കറന്നെടുത്ത പാൽ പച്ചയ്ക്ക്. മുലച്ചൂടോടെ വേണമെങ്കിൽ മാത്രം. പ്രഭാതഭക്ഷണം ഖുബ്ബൂസ് പച്ചവെള്ളം. ഉച്ചഭക്ഷണം ഖുബ്ബൂസ് പച്ചവെള്ളം. വൈകുന്നേരം കറന്നെടുത്ത പാൽ പച്ചയ്ക്ക് മുലച്ചൂടോടെ. വേണമെങ്കിൽ മാത്രം. രാത്രിഭക്ഷണം ഖുബ്ബൂസ് പച്ചവെള്ളം. ഇടയ്ക്കിടെ ദാഹിക്കുമ്പോൾ ഇരുമ്പുടാങ്കിൽ കിടന്നു പൊള്ളിവാടിയ പച്ച(ചൂടു) വെള്ളം. അതും വളരെ അത്യാവശ്യം തോന്നുന്ന ഘട്ടത്തിൽ മാത്രം."[7]

ഖുബ്ബൂസ് എന്ന പദത്തിന്റെ അർത്ഥവും പ്രാധാന്യവും നജീബ് ഗ്രഹിക്കുന്നത് സ്വന്തം അനുഭവത്തിൽ നിന്നുമാണ്. ''ഖുബ്ബൂസ്- എനിക്കിവിടെ കിട്ടാവുന്ന ഒരേയൊരു ആഹാരം."[8] ഒരടിമയ്ക്ക് ജീവൻ നിലനിർത്താനുള്ള ഏക ഉപാധിയായി ഖുബ്ബൂസ് മാറുന്നു. "വേദന സഹിക്കാനാവാതെ ഞാൻ അർബാബിന്റെ കൂടാരത്തിനകത്തേക്കു ചെന്നു. ഇത്രനേരം സുഖിച്ചു കിടന്നുറങ്ങി എന്നു ശാസിച്ചുകൊണ്ട് അർബാബ് എനിക്കു രണ്ടു മൂന്നു ഖുബ്ബൂസുകൾ എറിഞ്ഞുതന്നു."[9] നായയ്ക്കു സമാനമായ അടിമജീവിതത്തിനു ഉദാഹരണമാണിത്. വിശപ്പും ദാഹവും സഹിക്കാനാവാതെ വന്നപ്പോൾ ആടിനിട്ടുകൊടുത്തു ബാക്കിവന്ന തീറ്റിയുടെ അവശിഷ്ടങ്ങൾ വാരിതിന്നു വിശപ്പടക്കുന്ന

നജീബ് മനുഷ്യമനഃസാക്ഷിക്കു സങ്കല്പ്പിക്കാനാവാത്ത അടിമത്തത്തിന്റെ നേർസാക്ഷ്യമാണ്. "അർബാബ് ഉറക്കമായി എന്നുറപ്പായപ്പോൾ ഞാൻ പതിയെ എഴുന്നേറ്റു എന്റെ കെട്ടഴിച്ചു. പിന്നെ ആടുകൾക്കിടയിലൂടെ ഇഴഞ്ഞ് ആടുകളുടെ വെള്ളത്തൊട്ടിക്കരികിലെത്തി. ആർത്തിയോടെ വെള്ളം മൊത്തിക്കുടിച്ചു. ദാഹമടങ്ങി. പിന്നെ വിശപ്പായിരുന്നു. തൊട്ടപ്പുറത്തെ ഗോതമ്പുതൊട്ടിയിൽ ആടുകൾ തിന്നതിന്റെ ബാക്കി ഗോതമ്പുമണികൾ കിടപ്പുണ്ടായിരുന്നു. ഞാനതു തടുത്തുകൂട്ടി വലിച്ചുവാരി തിന്നു. പച്ചഗോതമ്പ്! തവിടുകളയാത്തത്... അപ്പോഴേക്കും ഞാൻ ശരിക്കും ഒരാട് ആയിക്കഴിഞ്ഞിരുന്നു...!"[10]

പഴകിയതും ഉണങ്ങിയതുമായ മോശം ഭക്ഷണമാണ് അടിമകൾക്കു ലഭിച്ചിരുന്നതെന്ന് 'അറേബ്യയിലെ അടിമയും' സാക്ഷ്യപ്പെടുത്തുന്നു. മാജിദിന്റെ അടിമകളായ ഉണ്ണിയും സുഡാനിയായ സുഹൃത്തും പങ്കിട്ടു കഴിക്കുന്ന ഭക്ഷണം ഇതിനുദാഹരണമാണ്. "ഇരുവരും അത്താഴത്തിനായി റാന്തലിനു സമീപം സ്ഥാനം പിടിച്ചു. തുണിസഞ്ചിയിൽ നിന്ന് ഖുബ്ബൂസ് സുഡാനി വലിച്ചെടുത്തു. ഒരാഴ്ചയോളം പഴക്കമുള്ള ഖുബ്ബൂസ് കാഴ്ചയിൽ കല്ലുപോലെയും സ്പർശനത്തിൽ തടിപോലെയും നിവർന്നിരുന്നു... ശൈത്യത്തിലെ കടുത്തവിശപ്പിൽ അവരത് കടിച്ചുമുറിക്കാൻ തുടങ്ങി. ഭക്ഷ്യയോഗ്യമല്ലാത്ത അവയിൽ നിന്ന് ഒരുതരം കടുത്ത ശബ്ദം പുറത്തുവന്നു"[11] അടിമകൾക്ക് പലപ്പോഴും ദിവസങ്ങളോളം ഭക്ഷണം നിഷേധിക്കപ്പെട്ടു. തൊഴിലിടങ്ങൾ സന്ദർശിക്കാൻ വല്ലപ്പോഴും വരുന്ന ഉടമകൾ ഇട്ടുകൊടുക്കുന്ന ദാക്ഷിണ്യമാണ് അടിമയ്ക്കു ഭക്ഷണം. "മാസത്തിൽ മൂന്നോനാലോ തവണ മാജിദ് വരും. ആടിനു കൊടുക്കാൻ കൊണ്ടുവരുന്ന ഖുബ്ബൂസും തമീസും തന്നെയാണ് മൂവരും കഴിക്കുന്നത്...-

പാറക്കല്ലുപോലെ കട്ടിപിടിച്ച അവയൊക്കെ വെള്ളത്തിൽ കുതിർത്ത് കഴിക്കാം. ഈന്തപ്പഴവും ചവർപ്പുള്ള പാലും കുടിച്ച് നാവുകൾ മരവിച്ചു."[12]

മരുഭൂമിയിലെ ചൂടിൽ ദാഹമകറ്റാൻ ഒരു തുള്ളി വെള്ളംപോലും കിട്ടാതെ പണിയെടുക്കേണ്ടിവരുന്ന കാഴ്ച അടിമജീവിതത്തിൽ അത്ഭുതമല്ല. മഴയും പുഴയും ജീവിതത്തിന്റെ ഭാഗമായ മലയാളി മരുഭൂമിയിലെ തൊഴിലിടങ്ങളിൽ നിസ്സഹായരായി നിലവിളിക്കുന്നത് ജോലിയുടെ കാഠിന്യം കൊണ്ടു മാത്രമല്ല, നഷ്ടമാക്കിയ നാടിന്റെ സൗഭാഗ്യങ്ങളെ ഓർത്തുകൊണ്ടുകൂടിയാണ്. നാട്ടിൽ ദിവസം മുഴുവൻ വെള്ളത്തിൽ മുങ്ങികിടക്കുകയും ഒന്നിലധികം തവണ കുളി ദിനചര്യയാക്കുകയും ചെയ്തിരുന്ന നജീബ് മരുഭൂമിയിൽ വെള്ളത്തിനായി കേഴുകയും പരിഭ്രാന്തനാകുകയും ചെയ്യുന്ന വൈപരിത്യമാണ് നോവലിൽ കാണുന്നത്. "ആർത്തിയോടെ ഞാനതു മൊത്തിക്കുടിച്ചു... പിന്നെ ഒരിക്കലും കിട്ടിയില്ലെങ്കിലോ എന്ന ഭീതിയോടെ. അതിന്റെ പിറ്റന്നത്തേക്കും അതിന്റെ പിറ്റന്നത്തേക്കും വേണ്ടത്ര വെള്ളം കുടിച്ചു"[13]. ദേഹശുദ്ധിവരുത്താതെ ഒരു ദിവസംപോലും കടന്നുപോകാനാവാത്ത മലയാളിക്ക് വർഷങ്ങൾ കുളിക്കാതെ കഴിച്ചുകൂട്ടേണ്ടുന്ന പ്രവാസാവസ്ഥകൾ അറേബ്യയിൽ നിലനിൽക്കുന്നുവെന്ന് നജീബിലൂടെ വെളിവാക്കപ്പെട്ടു. "ആടുകൾക്കു കുടിക്കാൻ കൊണ്ടുപോയ വെള്ളത്തിൽ ഇത്തിരി അർബാബ് കാണാതെ എടുത്തു ഞാൻ മുഖവും കയ്യും ഒന്നു കഴുകിയെന്നു വരുത്തി. എന്നാലും വെള്ളം തൊടാത്ത ദേഹത്തിന്റെയും കക്ഷത്തിന്റെയും അസ്വസ്ഥത, അസ്വസ്ഥത തന്നെയായിരുന്നു"[14] ആദ്യമായി ഒരടിമയെ കാണുന്ന നജീബ് അയാളുടെ പ്രാകൃതരൂപത്തിൽ നിന്നും കുളിച്ചിട്ട് അഞ്ചുവർഷമെങ്കിലും ആയിക്കാണുമെന്ന് ഊഹിക്കുന്നുണ്ട്. അയാളെപ്പോലെ നജീബും വർഷങ്ങളോളം വെള്ളസ്പർശമേൽക്കാതെ

മറ്റൊരു ഭീകരരൂപിയായി പരിണമിക്കുന്നു. "മൂന്നുവർഷം നാലുമാസം ഒൻപതു ദിവസം അതോർത്തുഞാൻ വീണ്ടും വീണ്ടും കുലുങ്ങി ചിരിച്ചു"[15] ചാട്ടവാറുകൊണ്ടടിച്ച് പുറം പൊളിച്ചുകൊണ്ടാണ് വെള്ളത്തിന്റെ വിലയും പ്രാധാന്യവും അർബാബ് നജീബിനു മനസ്സിലാക്കി കൊടുക്കുന്നത്. "ഈ വെള്ളം നിനക്കു ചന്തികഴുകാനുള്ളതല്ല. അതിന്റെ വിലയെത്രയെന്നു നിനക്കറിയില്ല. മേലിൽ ഇത്തരം അനാവശ്യകാര്യങ്ങൾക്കു വെള്ളം തൊട്ടുപോകരുത്. തൊട്ടാൽ നിന്നെ ഞാൻ കൊന്നു കളയും!"[16] മൃഗത്തേക്കാൾ എത്രയോ താഴ്ന്ന നികൃഷ്ട ജീവിയാണ് അടിമയെന്ന് ഇത് സൂചിപ്പിക്കുന്നു. വെള്ളം ദുർലഭവും അമൂല്യവുമാണെന്ന വസ്തുത തിരിച്ചറിഞ്ഞ നജീബ് വെള്ളത്തെ സൂചിപ്പിക്കുന്ന 'മായിൻ' എന്ന അറബി വാക്കിനു കൊടുക്കുന്ന വിവക്ഷയെ വെള്ളം സുലഭമായ സ്വന്തം ദേശത്ത് സൂചിതമാകുന്ന അർത്ഥസന്ദർഭത്തിലല്ല പ്രതിഷ്ഠിക്കുന്നത്. "ഏറ്റവും ദുർലഭവും വളരെ സൂക്ഷിച്ച് ഉപയോഗിക്കേണ്ടതുമായ ഒരു ദ്രാവകം."[17] രണ്ടുദേശത്തിന്റെയും സാംസ്കാരികവും ഭൂമിശാസ്ത്രപരവുമായ അന്തരമാണ് ഇതിലൂടെ സൂചിതമാകുന്നത്. വെള്ളമില്ലാതെ, ശൗച്യം ചെയ്യാതെ, വേണ്ടത്ര ഭക്ഷണം കിട്ടാതെ ആടുമനുഷ്യനായി പ്രവാസി പരിണമിക്കുന്ന ദുരന്തകാഴ്ച്ചയാണിത്. "രാത്രിയാകുമ്പോഴേക്കും പകലത്തെ വിയർപ്പിറങ്ങി ചൊറിച്ചിലോടു ചൊറിച്ചിൽതന്നെ. എന്റെ ദേഹം ശരിക്കും ഒരു സൂക്ഷ്മജീവി സങ്കേതമായി മാറികഴിഞ്ഞിരുന്നു. ദേഹത്താകെ പൊറ്റപിടിച്ചിരിക്കുന്ന പേനുകൾ, ചെള്ളുകൾ എന്നെക്കാൾ എത്രയോ വൃത്തിയിലാണ് ഇവിടത്തെ ആടുകൾ എന്നു തോന്നിപ്പോയി."[18] വെള്ളത്തിന്റെ നിഷേധം അപരിഷ്കൃത ജീവിതത്തിലേക്കുള്ള ആദ്യ ചവിട്ടുപടിയായിരുന്നു.

ഉയർന്ന വേതനത്തിൽ ജോലി ചെയ്യുന്ന വിദഗ്ദ്ധ തൊഴിലാളികളുടെ ഗൾഫ് അനുഭവങ്ങളല്ല സാധാരണക്കാരായ തൊഴിലാളികൾ നേരിടുന്നത്. മരുഭൂമിയിലെ പ്രതികൂലകാലാവസ്ഥകളും ജലദൗർലഭ്യവും അവരെ ദുരിതത്തിലാഴ്ത്തുന്ന കാഴ്ചയാണ് 'ഒരു തക്കാളികൃഷിക്കാരന്റെ സ്വപ്നങ്ങളി'ലും കണ്ടെടുക്കാവുന്നത്. "ഈച്ചകൾ ആയിരക്കണക്കിന് ഈച്ചകളാണ് ശരീരം മുഴുവനും. ഒരു ഗ്ലാസ്സ് വെള്ളം കുടിക്കാൻ പോലും ഈച്ച കാരണം സാധിക്കാത്ത അവസ്ഥ. തോട്ടത്തിൽ കൂട്ടിയ ചാണകചാക്കുകളിൽ നിന്നാണ് ഈ മഹത്തായ പ്രവാഹം. ഈച്ചകൾ മാത്രമല്ല പലവിധ ആകൃതിയിലുള്ള പ്രാണികൾ, കൂറകൾ, വണ്ടുകൾ? കാണ്ടാൽ അറപ്പു തോന്നുന്ന പ്രണികളുടെ ലോകസമ്മേളനം. ഇതാണോ ദുബായ്"[19]

വെയിലത്തു വെട്ടിത്തിളച്ച വെള്ളം മൂലം പ്രാഥമിക കർമ്മങ്ങൾ പോലും ചെയ്യാനാകാതെ വരുന്നതിന്റെ നിസ്സഹായാവസ്ഥ പ്രവാസികളെ ദുരിതത്തിലാഴ്ത്തുന്നു. "ടാങ്കിലെ വെള്ളം വെയിലേറ്റു തിളച്ചുകിടന്നു. വെള്ളം ബക്കറ്റിലെടുത്ത് കപ്പുകൊണ്ട് കോരിയൊഴിച്ച് ചൂടാറിയ ശേഷമാണ് കുളി. ചൂടുവെള്ളമാണെന്നറിയാതെ കക്കൂസിൽ പോയശേഷം ചന്തികഴുകാനിരിക്കുമ്പോഴാണ് ഒരു നിരപരാധി ശിക്ഷിക്കപ്പെടുന്നത്."[20] ആവശ്യത്തിനു ഭക്ഷണം ലഭിക്കാതെ പൈപ്പിലെ ചൂടുവെള്ളം കുടിച്ച് ഓക്കാനിക്കുന്ന 'അറേബ്യയിലെ അടിമ'യിലെ ഉണ്ണിയും നമ്മോടു പങ്കുവെയ്ക്കുന്നത് പ്രവാസ ജീവിതത്തിലനുഭവിക്കേണ്ടിവരുന്ന എണ്ണിയാലൊടുങ്ങാത്ത ദുരന്തങ്ങളുടെ ആഖ്യാനങ്ങളാണ്. ഭക്ഷണവും വെള്ളവും പോലെ പാർപ്പിടവും മരുഭൂമിയിലെ തൊഴിലിടങ്ങളിൽ പ്രവാസിക്കു മരീചികയാണ്.

### 4.3.3 പാർപ്പിട പ്രശ്നങ്ങൾ

മണലാരണ്യങ്ങളിൽ തൊഴിലാളികൾക്കു നൽകപ്പെട്ട ഖുബ്ബൂസ്, വെള്ളം എന്നീ ജീവൻ നിലനിർത്താനാവശ്യമായ പരിമിത ഘടകങ്ങൾക്കു പുറമെ മറ്റെല്ലാം തന്നെ അവർക്കു നിഷേധിക്കപ്പെട്ടു. അവയിലൊന്നായിരുന്നു കിടക്കാനൊരിടം. 'ആടുജീവിത'ത്തിൽ നജീബിന് മരുഭൂമിയിലെ മസറയിലെ വെളിമ്പ്രദേശമായിരുന്നു കിടക്കാനും വിശ്രമിക്കാനുമായി ലഭിച്ചത്. "ക്ഷീണം സഹിക്കവയ്യാതെ വന്നപ്പോൾ നിലത്തു മണ്ണിൽ കിടന്നു. എന്റെ ബാഗ് തലയിണയാക്കി.''[21] മേൽക്കൂരയില്ലാതെ, വെറും മണ്ണിൽ, പായയോ തലയിണയോ ഇല്ലാതെ, പ്രാകൃതരെപ്പോലെ അവർക്ക് കിടക്കേണ്ടി വന്നു. നിലത്തു നല്ല പൊടിമണൽ ഉണ്ടെങ്കിലും ഇടയ്ക്കിടെയുള്ള ചെറുകല്ലുകൾ ദേഹത്തു കൊണ്ടുകയറും. സുഖമില്ലാത്ത ഒരു കിടപ്പ്."[22] നജീബിന്റെ ഉടമയുടെ മസറയിലെ താമസം തുറന്ന കൂടാരത്തിലായിരുന്നു. അയാളുടെ തൊഴിലാളികളായ അടിമകളുടേതാകട്ടെ തുറന്ന മരുഭൂമിയിലും. "... ഇത്തിരി തണലുള്ളത് അറബാബിന്റെ കൂടാരത്തിനുള്ളിലാണ്. അയാളത് സുൽത്താന്റെ കൊട്ടാരം പോലെ ആരെയും അകത്തു കടത്താതെ സൂക്ഷിച്ചിരിക്കുകയാണ്.''[23] പൊള്ളുന്ന മരുഭൂമിയിൽ തണൽ എന്നൊന്നുണ്ടായിരുന്നില്ല. അല്ലെങ്കിൽ തണൽ അടിമയുടെ അവകാശത്തിൽപെടുന്ന ഒന്നല്ലായിരുന്നു. "എന്റെ കയ്യിലിരുന്ന വടിയിൽ നിന്നു വീഴുന്ന നിഴലിൽ പോലും ഒരു തണൽ കണ്ടെത്താൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. ഒരു കാക്കച്ചിറകിന്റെ പോലും തണലില്ലാത്ത ഇടം എന്നു കേട്ടിട്ടുണ്ട്. ഞാനതു സത്യത്തിൽ അനുഭവിച്ചു."[24] ഭീകരരൂപിയായ കട്ടിലിനടിയിൽ കണ്ട ഇത്തിരി തണൽ നജീബിനെ സംബന്ധിച്ചിടത്തോളം

ലോകത്തിലെ ഏറ്റവും മഹത്തായ കണ്ടുപിടിത്തമായിരുന്നു. "ഒരിത്തിരിനേരം ഒരു തണലത്ത് ഒന്നിരിക്കുക എന്നതായിരുന്നു അന്നത്തെ എന്റെ അടങ്ങാത്ത മോഹം."[25]

'അറേബ്യയിലെ അടിമ' യിലെ ഉണ്ണിയ്ക്കും മരുഭൂമിയിലെ തൊഴിലിടത്തിൽ പരിമിതമായ സൗകര്യങ്ങളിലായിരുന്നു താമസിക്കേണ്ടി വന്നത്. മാജിദിന്റെ ഈന്തപ്പഴത്തോട്ടത്തിൽ ജോലി ചെയ്തിരുന്ന ഉണ്ണിക്ക് നൽകപ്പെട്ട താമസ ഇടം "ആട്ടിൻകൂടിനോട് ചേർന്നുള്ള പനയോല കൊണ്ടു കെട്ടിമറച്ച് മണ്ണു പുതച്ച ഒരു കടലാസ് മുറിയിലായിരുന്നു"[26] കിടക്കാനോ ഇരിക്കാനോ സൗകര്യങ്ങളില്ലാത്ത ദുർഗന്ധംവമിക്കുന്ന ആ മുറിയിൽ മറ്റൊരു പ്രവാസിയോടൊപ്പം താമസം പങ്കിട്ടു ജീവിക്കേണ്ട അവസ്ഥ. മരുഭൂമിയിലെ പൊടിക്കാറ്റിൽ മരക്കുടിൽ തകർന്നടിഞ്ഞുപോകുന്ന ചിത്രവും നോവലിൽ കാണാം. "പുറത്ത് പൊടിക്കാറ്റിന്റെ ഘോരമായ അലർച്ച. മരക്കുടിൽ കാറ്റിൽപ്പെട്ട് ഉലഞ്ഞു. പൊടുന്നനെ അതു നിലം പൊത്തി. ഇരുവരും അതിനകത്ത് ഉരുണ്ടുമറിഞ്ഞു."[27] ഇത്തരത്തിൽ മരുഭൂമിയിലെ വന്യമായ തൊഴിലിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വരെ നിഷേധിക്കപ്പെട്ട് വർഷങ്ങളോളം ജീവിക്കേണ്ടി വന്ന പ്രവാസികൾ പ്രാകൃതരൂപികളായി മാറ്റപ്പെടുന്നു.

### 4.3.4 വസ്ത്രത്തിന്റെയും മറ്റ് അടിസ്ഥാന ആവശ്യങ്ങളുടേയും നിരാസം

അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം തൊഴിലിടങ്ങളിൽ പ്രവാസികളെ പ്രാകൃതരാക്കി മാറ്റി. അദ്ധ്വാനിക്കുന്ന ഉപകരണം മാത്രമായി അവർ തരംതാഴ്ത്തപ്പെട്ടു. മനുഷ്യൻ പ്രാകൃത സംസ്കാരത്തിൽ നിന്നും

ബഹുദൂരം സഞ്ചരിച്ച് ആധുനിക നഗരജീവിതാവസ്ഥകളിൽ എത്തിനിൽക്കുന്ന സമകാലീനതയിൽ പ്രാകൃത ജീവിതാവസ്ഥകളിലേക്കു തന്നെ തിരിച്ചെറിയപ്പെടാൻ വിധിക്കപ്പെട്ടവരാണ് ഒരു വിഭാഗം പ്രവാസികളെങ്കിലും എന്ന തിരിച്ചറിവ് ഞെട്ടിക്കുന്നതാണ്. അടിമത്തംമൂലം പ്രവാസികളുടെ ബാഹ്യരൂപവും മനുഷ്യപ്രകൃതി തന്നെയും മാറിപ്പോകുന്നതായി കാണാം.

ആദ്യമായി മസറയിലെത്തിയ നജീബ് കാണുന്ന ഭീകരരൂപി വർഷങ്ങളായി മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെട്ട പ്രവാസിയുടെ പ്രതീകമാണ്. ‘‘അയാളുടെ രൂപം മനുഷ്യന്റേതല്ല. ദേഹത്തും കയ്യിലുമൊക്കെ അഴുക്കു പൊറ്റപിടിച്ചതുപോലെ പറ്റി പിടിച്ചിരിക്കുന്നു. മുടിയിലെയും താടിയിലെയും അഴുക്കും ജഡയും പറയേണ്ടതില്ല. കുളിച്ചിട്ട് അഞ്ചു വർഷമെങ്കിലും ആയിക്കാണുമെന്നു തോന്നുന്നു. കയ്യിലെ നഖങ്ങൾ വികൃതമായി വളഞ്ഞു വളഞ്ഞ് അഴുക്കു കയറി കറുത്തിരിക്കുന്നു. വസ്ത്രങ്ങൾ കഴുകിയിട്ട് ഒരു നൂറ്റാണ്ടെങ്കിലും ആയിക്കാണണം.”[28] വർഷങ്ങൾ നീണ്ട തൊഴിലെടുപ്പിന്റെ ഫലമായി ഭീകരരൂപിയുടെ രൂപഭാവാധികൾ നജീബും പ്രാപിക്കുന്നതുകാണാം. ‘‘എന്റെ മുടിക്ക് അപ്പോൾ തന്നെ തോളറ്റം നീളമുണ്ടായിരുന്നു. താടിരോമങ്ങളും വല്ലാതെ വളർന്നു പോയിരുന്നു. ചെമ്മരിയാടിന്റെ രോമം കത്രിക്കാനെടുക്കുന്ന വലിയ കത്രിക എടുത്തുകൊണ്ടുവന്ന് ഞാൻ മുടിയും താടിയുമൊക്കെ ഭ്രാന്തമായി വെട്ടിക്കളഞ്ഞു. കഴുകാത്ത മുടിയും താടിയും ചേർന്ന് ചില നേരത്ത് ചൊറിച്ചിലോടു ചൊറിച്ചിൽ തന്നെ. ഭ്രാന്തുപിടിപ്പിക്കുന്ന ചൊറിച്ചിൽ.”[29]

മസറയിലെ വൃത്തിഹീനമായ അന്തരീക്ഷത്തിൽ പണിയെടുക്കു

ന്നതിനായി ഉടമയായ അർബാബ് അയാൾക്കു നൽകിയത് മുഷിഞ്ഞതും നാറിയതുമായ കുപ്പായമായിരുന്നു. "വളരെ വിഷമത്തോടെ ആ നാറിയ കുപ്പായം ധരിച്ചു. നാട്ടിൽ നിന്നു വാങ്ങിയ പുതുപുത്തൻ ലതർ ഷൂ അഴിച്ചു. നാറിയ ബൂട്ടു ധരിച്ചു. സ്വയം നാറ്റത്തിലേക്കുള്ള ആദ്യ പ്രവേശനമായാണ് എനിക്കതിനെ തോന്നിയത്. മറ്റൊരു ഭീകരരൂപി ആകാനുള്ള ആദ്യ ചവിട്ടുപടി."[30]

മരുഭൂമിയിലെ തണുപ്പിനെ ചെറുക്കാൻ നജീബ് കണ്ടെത്തുന്ന ഏകപോംവഴി ചെമ്മരിയാടുകളെ ചേർത്തുപിടിച്ചു കിടക്കുക എന്നതായിരുന്നു. ''ആടുകൾക്കിടയിൽ മറ്റൊരു ആടായി ഞാനാ തണുപ്പുകാലം കഴിച്ചുകൂട്ടി.''[31] ഗൾഫിലേക്കുള്ള യാത്രയിൽ കൂടെയുണ്ടായിരുന്ന വെളുത്ത് സുന്ദരനായ ഹക്കീമിനെ നജീബ് മസറയിൽ കണ്ടുമുട്ടുന്നുണ്ട്. അടിമജീവിതംമൂലം പ്രാകൃതരൂപിയായി മാറിയ ഹക്കീമിനെ അയാൾക്കു തിരിച്ചറിയാൻ കഴിയാതെ പോകുന്നു. ശബ്ദത്തിൽ നിന്നു മാത്രമാണ് അയാളെ നജീബ് തിരിച്ചറിയുന്നത്. "ഒരിക്കലും തിരിച്ചറിയാനാകാത്ത വിധം ഒരു മനുഷ്യന്റെ ശരീരഭൂപടം മാറ്റി വരയ്ക്കാൻ സാഹചര്യങ്ങൾക്കു കഴിയുമെന്ന് ഞാൻ അപ്പോൾ ഭീതിയോടെ മനസ്സിലാക്കി."[32] ആടുകൾ തന്നെക്കാൾ എത്രയോ ഭേദമെന്ന് നജീബ് വേദനയോടെ മനസ്സിലാക്കുന്നു. ''എന്റെ ഗുഹ്യഭാഗത്തിലെയും കക്ഷത്തിലെയും രോമങ്ങൾ അപ്പോൾതന്നെ പുണ്ണുപിടിച്ചതുപോലെ ആയിക്കഴിഞ്ഞിരുന്നു. നോക്കിയാൽ അറയ്ക്കും വിധം."[33]

'അറേബ്യയിലെ അടിമ'യിൽ അടിമകളായ പ്രവാസികളെ വിവരിക്കുന്നതും ആടുജീവിതത്തിനു സമമായി തന്നെയാണ്. "കരടികളെപ്പോലെ തോന്നിക്കുന്ന രണ്ട് ഭീകരസത്വങ്ങൾ മരക്കുടിലിനു

സമീപം നിൽക്കുന്നു. ഉണ്ണി ഭയന്ന് പിന്നോക്കംമാറി. ഇമവെട്ടാതെ ആ രൂപങ്ങളിലേക്കു തുറിച്ചു നോക്കി. മനുഷ്യന്മാരാണെന്നു തിരിച്ചറിഞ്ഞു. മാജിദിന്റെ അടിമകൾ."[34] ഉണ്ണിയുടെ രൂപവും വർഷങ്ങൾനീണ്ട അടിമ ജീവിതത്തിലൂടെ കാട്ടാളനുതുല്യം രൂപം പ്രാപിക്കുന്നു. "താടിയും മുടിയും നീണ്ടുവളർന്ന് ജടപിടിച്ച മനുഷ്യൻ കാട്ടാളനെപ്പോലെ തോന്നിച്ചു. നിലാവിൽ വിരിഞ്ഞ അയാളുടെ നിഴൽ പ്രേതത്തെപ്പോലെ ബീഭത്സമായി. കീറിപറിഞ്ഞ ബൂട്ടുകൾ നിലത്തുരഞ്ഞ് ശബ്ദിച്ചു. ബൂട്ടുകൾക്കിടയിലൂടെ കാൽവിരലുകൾ പുറത്തേക്കു തള്ളി നിന്നിരുന്നു. കല്ല് രൂപം പ്രാപിച്ച നഖങ്ങൾ വിരൽവലിപ്പത്തിൽ നീണ്ടു വളർന്നു."[35]

ഇത്തിരി വെള്ളത്തിനും ഭക്ഷണത്തിനും വേണ്ടി മരണം വരെ പണിയെടുക്കാൻ വിധിക്കപ്പെട്ട മനുഷ്യാവസ്ഥയാണ് അടിമത്തം. "ഒരു തുള്ളി വെള്ളം കുടിക്കാതെ, ഒരിത്തിരി വിശ്രമിക്കാതെ ആ കത്തുന്ന ചൂടിൽ ഒരു മനുഷ്യന് എങ്ങനെ അത്രയും നേരം പിടിച്ചുനിൽക്കാനായെന്നു എനിക്കു പിന്നെ പലവട്ടം അതിശയം തോന്നിയിട്ടുണ്ട്."[36] ബദൂവിയൻ സംസ്കാരം നിലനിൽക്കുന്ന മരുഭൂമിയിലെ ഒറ്റപ്പെട്ട തൊഴിലിടങ്ങളിൽ അകപ്പെടുന്ന മലയാളിക്ക് പഠിച്ച പാഠങ്ങളെ മുഴുവൻ തിരുത്തിയെഴുതേണ്ടി വന്നു. അതിലൊന്ന് ശുചിത്വബോധമായിരുന്നു. ശുചിത്വബോധം ഒരടിമയ്ക്കാവശ്യമില്ലാത്ത ഒന്നാണെന്ന് നജീബിനെ അർബാബ് ബോധ്യപ്പെടുത്തുന്നുണ്ട്. "വെള്ളം തൊട്ടുപോകരുത്. തൊട്ടാൽ നിന്നെ ഞാൻ കൊന്നുകളയും! തൂറിയിട്ട് ചന്തികഴുകുന്നത് ഒരപരാധം എന്ന ഒന്നാം പാഠം ഞാൻ പഠിക്കുന്നത് അങ്ങനെയാണ്."[37] അപരിചിതരെപ്പോലെ നിഴൽ നോക്കി സമയം ഗണിക്കാനും കല്ലുകൾകൊണ്ട് ശൗച്യം ചെയ്യാനും പ്രവാസി പഠിക്കുന്നു. 'അറേബ്യയിലെ അടിമ'യിൽ വിശപ്പു

സഹിക്കാനാവാതെ തടിക്കഷ്ണം കടിച്ചു തിന്നുന്ന മോയിസ് മൃഗസമാന അടിമത്തത്തിന്റെ പൂർണ്ണരൂപമാണ്. ഇത്തരത്തിൽ അടിസ്ഥാന സൗകര്യങ്ങളെല്ലാം നിഷേധിക്കപ്പെട്ട ഒരു പറ്റം പ്രവാസികളുടെ ആത്മരോദനമാണ് പ്രവാസാഖ്യാനങ്ങളിൽ കാണുന്നത്. അവരുടെ വിലാപങ്ങളുടെ തൂലികയാകുന്നത് മരുഭൂമിയിലെ തൊഴിലിടങ്ങളാണ്.

## 4.4 തൊഴിലും തൊഴിലിടങ്ങളിലെ പ്രശ്നങ്ങളും

സുന്ദരമായ ഭാവി സ്വപ്നം കണ്ടുകൊണ്ട് അറബിനാട്ടിലെത്തിയവരാണ് സാധാരണക്കാരായ ഭൂരിഭാഗം പ്രവാസികളും. ഗൾഫിൽ കിട്ടാനിടയുള്ള തൊഴിലിനെക്കുറിച്ച് വ്യക്തമായ ധാരണയില്ലാത്ത ഇവർ വിവിധ രീതികളിൽ ചൂഷണം ചെയ്യപ്പെടുന്നു. സ്പോൺസർമാരെക്കുറിച്ച് വ്യക്തമായ അറിവില്ലാതെ ഏജന്റുമാർവഴി വന്നെത്തുന്ന പ്രവാസികൾക്ക് പലപ്പോഴും തൊഴിലിടം എവിടെയാണെന്നോ എന്തുതരം തൊഴിലാണ് ലഭിക്കുകയെന്നോ നിശ്ചയമുണ്ടാവില്ല. ഇത്തരം പ്രവാസികളെ സ്പോൺസർമാരല്ലാത്ത അറബികൾ തെറ്റിദ്ധരിപ്പിച്ച് കൊണ്ടുപോയി വന്യമായ തൊഴിലിടങ്ങളിൽ അടിമകളെപ്പോലെ പണിയെടുപ്പിക്കുന്നു. തിരിച്ചറിയൽ കാർഡ് പിടിച്ചു വാങ്ങുന്നതിനാൽ ഇവർക്ക് പുറംലോകം കാണുവാനോ നാട്ടിലേക്ക് തിരികെയെത്തുവാനോ സാധിക്കില്ല. നമ്മൾ കേട്ടതും അറിഞ്ഞതുമായ ജീവിതാവസ്ഥകളിൽ നിന്നും തികച്ചും ഭിന്നമായ മറ്റൊരു സംസ്കാരമാണ് ഇത്തരം തൊഴിലിടങ്ങൾക്കുള്ളത്. ‘ആടുജീവിത’വും, ‘അറേബ്യയിലെ അടിമ’യും ഇത്തരം തൊഴിലിടങ്ങളുടെ പച്ചയായ ആവിഷ്കാരമാണ് സാധ്യമാക്കുന്നത്.

### 4.4.1 ആടുജീവിതത്തിലെ തൊഴിലിടങ്ങൾ

യഥാർത്ഥ സ്പോൺസർക്കുപകരം മറ്റൊരു അറബി എയർപോർട്ടിൽ വെച്ച് നടത്തിയ തട്ടിപ്പിനിരയായ പ്രവാസിയാണ് ആടുജീവിതത്തിലെ നജീബ്. നജീബിന്റെ കരുവാറ്റക്കാരൻ അളിയൻ അയച്ചുകൊടുത്ത വിസ കൺസ്ട്രക്ഷൻ കമ്പനിയിലെ ഹെൽപ്പറുടേതായിരുന്നു. തന്റെ സ്പോൺസറെക്കുറിച്ചുള്ള നജീബിന്റെ അജ്ഞത മൂലമാണ് മറ്റൊരറബിക്ക് അയാളെ തെറ്റിദ്ധരിപ്പിച്ച് കൊണ്ടുപോകാൻ വഴിയൊരുക്കിയത്. കബളിപ്പിക്കപ്പെട്ട നജീബ് എത്തിച്ചേരുന്നതാകട്ടെ ആളനക്കമില്ലാത്ത മരുഭൂമിയിലെ മസറയിലാണ്. "ഞാൻ കമ്പിവേലിക്കകത്തേക്കു സൂക്ഷിച്ചു നോക്കി. ആടുകൾ! നൂറുകണക്കിന് ആടുകൾ!! കടലുപോലെ ഇളകിമറിയുന്ന ആടുകളുടെ ഒരു നീണ്ടനിര. പെട്ടെന്ന് എന്റെ തൊഴിലിനെപ്പറ്റി ഒരു ഏകദേശ ധാരണ ഒരു ആകാശഭീതിപോലെ എന്റെ മനസ്സിൽ വന്നു പതിച്ചു."[38] കേട്ടുകേൾവിപോലുമില്ലാത്ത അപരിചിത തൊഴിലിന്റെ കഠിനതകളിലേക്കുള്ള പ്രയാണമായിരുന്നു പിന്നീടുള്ള നജീബിന്റെ മസറ ജീവിതം.

#### 4.4.1.1 മരുഭൂമിയിലെ ആട്ടിടയജീവിതം

ആട്ടിടയ ജീവിതത്തെക്കുറിച്ച് കാല്പനികമായ സങ്കല്പങ്ങളാണ് മലയാളിയ്ക്കുള്ളത്. പുൽമേടുകളിലും വനങ്ങളിലും ആടുകളെ മേയിച്ചു നടന്ന ആട്ടിടയന്മാരുടെ മനോഹരമായ ഗാഥകളാണ് സാഹിത്യം വായനക്കാരുമായി പങ്കുവെച്ചിട്ടുള്ളത്.

"ഒരു നവസുരഭിലഭാവനയെ

ഓമനിച്ചോമനിച്ചാട്ടിടയൻ

അനുപമ സുലളിതവനതലത്തി-

ലാനന്ദ ലോലനായഗമിപ്പൂ"[39]

ആടിനെ മേച്ചുല്ലസിച്ചുനടന്ന സുന്ദരമായ ആട്ടിടയാഖ്യാനം സാധ്യമാക്കിയ ചങ്ങമ്പുഴയെപ്പോലെത്തന്നെ ബഷീറും ആടിനെക്കുറിച്ചുള്ള ഭാവനാലോകം നമുക്കു മുന്നിൽ ആവിഷ്കരിച്ചു. "പാത്തുമ്മ ആടിനേയും കുട്ടിയേയും കൊണ്ടുപോയി. കുട്ടിയെ അരുമയോടെ പാത്തുമ്മ എടുത്തിരിക്കുന്നു. പിന്നീട് ആടും കുട്ടിയും ആഘോഷത്തോടെ വരുന്നതു പത്തുമണിയ്ക്കാണ്. കുട്ടി ഉഷാറായി ഓടിച്ചാടി നടക്കും. എന്റെ കിടക്കയിൽ കയറും. പിള്ളേരുടെ കൂടെ തിന്നും. തള്ളയാട് വളരെ കൊതിച്ചിയായി ത്തീർന്നു. അതു പിള്ളേരുടെ കൂടെ ചോറുണ്ണും. ഒച്ചയും ബഹളവും ഓട്ടവും ...."[40] വീട്ടിലെ അംഗത്തെപ്പോലെ ഇണങ്ങിക്കഴിയുന്ന ആടിന്റെ നർമ്മരസം കലർന്ന ആഖ്യാനമാണ് ബഷീറിന്റെ പാത്തുമ്മയുടെ ആടിനെ അവിസ്മരണീയമാക്കിയത്.

ആടിനെക്കുറിച്ചുള്ള ആഖ്യാനങ്ങളെല്ലാം പങ്കുവെച്ചത് പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പാരസ്പര്യത്തിന്റെ, ഗ്രാമീണതയുടെ സുന്ദര ലോകമാണ്. ബെന്യാമിന്റെ 'ആടുജീവിത'ത്തിൽ നിന്നുയർന്നുകേട്ട ഇടയന്മാരായ പ്രവാസികളുടെ നിലവിളികൾ സാഹിത്യം അതുവരെ പരിചയിച്ച ആട്ടിടയകാല്പനിക സങ്കല്ങ്ങളെയെല്ലാം തകിടംമറിച്ചു. വൃത്തിഹീനവും നികൃഷ്ടവും ഏകാന്തവുമായ മരുഭൂമിയിലെ പ്രാകൃതസംസ്കാരത്തിൽ ചെന്നുപെട്ട നജീബിന് ആട്ടിടയജീവിതത്തിൽ അനുഭവിക്കേണ്ടിവന്ന യാതനകൾ നിരവധിയാണ്. ജീവിതത്തിൽ ഒരാടിനെ അടുത്തു കണ്ടിട്ടില്ലാത്ത നജീബ് അവിടെ നിയോഗിക്കപ്പെട്ടത്

ആടിനെ മേയ്ക്കൽ എന്ന പരുക്കൻ തൊഴിലിലേയ്ക്കാണ്.

ഒരിത്തിരി ഭക്ഷണത്തിനുവേണ്ടി ജീവനുവേണ്ടി മസറയിൽ നജീബ് നേരിട്ട ദുരിതങ്ങൾ നിരവധിയാണ്. "ആട് എന്നാൽ മനുഷ്യൻ സാമൂഹിക ജീവിതം തുടങ്ങിയ കാലം മുതൽ – ബി.സി. ആറായിരം ഏഴായിരം കാലഘട്ടം മുതൽക്കുതന്നെ മനുഷ്യനുമായി ഇണങ്ങി ജീവിക്കുന്ന ഒരു ജീവി. നമ്മുടെ അയൽപക്കത്തെ മറിയുമ്മയും, ജാനകിയമ്മയും വേലായുധൻകുട്ടിയും പോറ്റി വളർത്തുന്ന ഒരു സാധുജീവി... അതു ചപ്പുതിന്നും, പോച്ചതിന്നും, കാടികുടിക്കും. ചീനയില തിന്നാൽ കട്ടുപിടിക്കും. പ്ലാവില തിന്നാൽ സന്തോഷിക്കും. അതിനപ്പുറം ആടുകളെക്കുറിച്ച് എനിക്കൊന്നും അറിയില്ല'."[41] പരിമിതമായ അറിവുകളുമായി മരുഭൂമിയിലെ മസറയിൽ ആടിനെ പരിപാലിക്കാൻ നിയോഗിക്കപ്പെട്ട നജീബിന് ആദ്യമായി നേരിടേണ്ടി വരുന്നത് ആടിനെ കറക്കൽ എന്ന പ്രതിസന്ധിയാണ്.

ഇതുവരെ ഒരാടിനെ അടുത്ത കണ്ടിട്ടില്ലാത്ത നജീബിന് മസറിലെ ആടിനെ കറക്കൽ വലിയ മനോസംഘർഷത്തിനിടയാക്കുന്നുണ്ട്. "പതിയെ ഒരാടിന്റെ പിന്നിൽ ചെന്നിരുന്ന് പാത്രം അകിടിനോട് ചേർത്തു പിടിച്ചു. പിന്നെ മുലയിൽ പിടിച്ചൊരു വലി. പാൽ ഒരു തുള്ളിപോലും വന്നില്ലെന്നു മാത്രമല്ല, ആട് എന്നേയും പാത്രത്തിനേയും തട്ടിമറിച്ചിട്ടുകൊണ്ട് മറ്റ് ആടുകൾക്കിടയിലൂടെ കുതറി ഓടുകയും ചെയ്തു.... അതിലൊരെണ്ണം വീണു കിടന്ന എന്റെ മുതുകിനു ചവിട്ടിക്കൊണ്ടാണ് ഓടിയത്. അതു ശരിക്കും ഏറ്റു. ഞാൻ പുളഞ്ഞു പോയി."[42] നല്ലതൊഴിലും ശമ്പളവും പ്രതീക്ഷിച്ച് ഗൾഫിൽ വരുന്ന പ്രവാസിയുടെ ദുരനുഭവമാണിത്. യോഗ്യതയ്ക്കനുസരിച്ചുള്ള തൊഴിലിനു പകരം ആടിനെ കറക്കേണ്ടി വരുന്ന വൈപരിത്യം.

നൂറുകണക്കിനാടുകളെ മരുഭൂമിയിലെ പൊള്ളുന്ന വെയിലിൽ നജീബിനു ആട്ടിത്തെളിക്കേണ്ടിവരുന്നു. കോലാടുകളെ നിയന്ത്രിക്കൽ നജീബ് നേരിട്ട വലിയപ്രതിസന്ധിയാണ്. കാട്ടുസ്വഭാവം പ്രകടമാക്കുന്ന കോലാടുകളിൽ ആക്രമണ സ്വഭാവമുള്ള മുട്ടനാടുകളെ തെളിയിക്കൽ അപകടമുണ്ടാക്കുന്നതായിരുന്നു. നെഞ്ചിനുനേർക്കുള്ള മുട്ടനാടിന്റെ ഇടിയിൽ തെറിച്ചുവീണ നജീബിന്റെ കൈ ഒടിഞ്ഞുതൂങ്ങുന്നുണ്ട്. നീരുവീണു വീർത്ത ഇടതുകൈ താങ്ങി ജോലി തുടരേണ്ടുന്ന നിസ്സഹായത. ഒടിഞ്ഞ കയ്യോ പരുക്കുകളോ ഗൗനിക്കാതെ വീണ്ടും വീണ്ടും പണിയെടുക്കേണ്ടിവരുന്ന പ്രവാസികളുടെ ശാരീരിക മാനസിക വിഷമതകൾ വിവരണാതീതമാണ്. അത്തരം അനുഭവങ്ങളിൽ ഏറ്റവും തീവ്രമേറിയ മാനസികാഘാതമാണ് നജീബിനു കാണേണ്ടിവന്ന ഷണ്ഡീകരിക്കൽ കർമ്മം.

അർബാബിന്റെ കല്പനപ്രകാരം കൊണ്ടുവന്ന മുട്ടനാടുകളെ കാലുകൾക്കിടയിൽ നിർത്തി ശരീരത്തിന്റെ അടിഭാഗം മുറിച്ചുകളയലാണ് ഷണ്ഡീകരിക്കൽ കർമ്മം. നല്ല മുട്ടനാടുകളെ മാത്രം നിറുത്തി ബാക്കിയുള്ളവയുടെ മുട്ടത്തം നഷ്ടപ്പെടുത്തുക എന്ന പ്രാകൃത കർമ്മത്തിൽ പങ്കാളിയാകേണ്ടിവന്നു നജീബിന്. "അർബാബ് നഖം വെട്ടുന്ന ലാഘവത്തോടെ അവറ്റകളുടെ പുരുഷത്വം ചെത്തിമാറ്റിക്കൊണ്ടിരുന്നു. അഞ്ചാറാടുകൾ കഴിഞ്ഞ്, അർബാബിന്റെ അടുത്ത കൈചൂണ്ടൽ കണ്ട് എന്റെ ഉള്ളം കലങ്ങിപ്പോയി. ആ കൈ നീണ്ടത് എന്റെ നബീലിന്റെ നേർക്കായിരുന്നു."[43] നജീബ് സ്വന്തം മകനായി സങ്കല്പിച്ച് ഓമനിച്ചു വളർത്തിയ ആടായിരുന്നു നബീൽ. നബീലിന്റെ കരച്ചിലും യാതനയും വകവെയ്ക്കാതെ അതിനെയും ഷണ്ഡനാക്കുന്നു. "നബീലിന്റെ പുരുഷത്വം നഷ്ടപ്പെട്ട അന്ന് എനിക്കും

എന്റെ ഉണർച്ചകൾ നഷ്ടമായി."[44] മകനെ ഷണ്ഡീകരിക്കുന്ന പ്രവൃത്തി നോക്കിക്കണ്ട പിതാവിന്റെ ആത്മസംഘർഷമാണ് നജീബ് അനുഭവിച്ചത്.

### 4.4.2 'അറേബ്യയിലെ അടിമ'യിലെ തൊഴിലിടങ്ങൾ

ഭാര്യയെയും അമ്മയെയും സഹോദരങ്ങളെയും സംരക്ഷിക്കാൻ കടൽ കടന്ന അറേബ്യയിലെ അടിമയിലെ ഉണ്ണിക്ക് അടിമത്തതുല്യ ജീവിതമാണ് അറേബ്യയിൽ നയിക്കേണ്ടിവന്നത്. നിരവധി തൊഴിലിടങ്ങളിൽ അടിമയായും സ്വയരക്ഷയ്ക്കായും ഉണ്ണിക്ക് പാർക്കേണ്ടിവന്നു.

റിയാദ് എയർപോർട്ടിൽ നിന്നും ഉണ്ണിയെ നായിഫ് എന്ന സ്പോൺസർ കൊണ്ടുപോയത് പൂന്തോട്ടത്തിലെ ജോലിക്കാണ്. മൂന്നുദിവസം പട്ടിണിക്കിട്ട ഉണ്ണിയെ ക്രൂരമർദ്ദനങ്ങൾ ഏൽപ്പിച്ചാണ് പണിയെടുപ്പിച്ചത്. "...വിശന്നു വലഞ്ഞ് ത്രാണിയില്ലാത്ത ഉണ്ണിയെ അയാൾ പൂന്തോട്ടത്തിലേക്കു വലിച്ചിഴച്ചു കൊണ്ടുപോയി. വെള്ളമൊഴിക്കാതെ വാടിക്കിടന്ന ചെടികളെ ചൂണ്ടി. തന്റെ പണി എന്തെന്ന് അന്നു ബോധ്യമായി.."[45]

നായിഫിന്റെ മൂന്നാംഭാര്യ വാഹിദയുടെ ചതിയിൽപ്പെട്ട് ചെയ്യാത്ത കുറ്റത്തിനു ഉണ്ണി ശിക്ഷിക്കപ്പെട്ടു. കൊടിയപീഡനങ്ങൾക്കുശേഷം ഉണ്ണിയെ നായിഫിന്റെ മകനായ മാജിദ് കൊണ്ടുപോയത് ഹിറാത്തിലെ ഈന്തപ്പഴഗോഡൗണിലേക്കാണ്. വർഷങ്ങൾ ഏക്കറോളം വരുന്ന ഈന്തപ്പഴത്തോട്ടത്തിലും കൃഷിയിടത്തിലും അയാൾക്ക് കൂലിയില്ലാതെ അദ്ധ്വാനിക്കേണ്ടി വരുന്നു.

അടിമജീവിതത്തിൽ നിന്നും രക്ഷപ്പെടാൻ ശ്രമിച്ച ഉണ്ണിയെ മാജിദ്

തന്റെ ആക്രിസങ്കേതത്തിൽ അടിമയാക്കുന്നു. ക്രൂരമർദ്ദനങ്ങൾക്കിരയായി ആക്രിസങ്കേതത്തിൽ വർഷങ്ങൾ കഴിഞ്ഞ ഉണ്ണി കാട്ടാളതുല്യനായി മാറുന്നുണ്ട്.

ഉടമയുടെ മകനായ മാജിദിന്റെ അടിമത്തത്തിൽ നിന്നും രക്ഷപ്പെട്ട് ഉണ്ണി എത്തിച്ചേരുന്നത് ഖുറൈസിലെ ഫിലിപ്പൈൻ ഹോട്ടലിലാണ്. അവിടെ കൂലിയില്ലാതെ അയാൾക്ക് വേലയെടുക്കേണ്ടിവരുന്നു.

സ്വയരക്ഷയ്ക്കായി ഉണ്ണി എത്തിചേർന്ന മറ്റൊരു സ്ഥലമാണ് ഐസ്ഫാക്ടറി. അവിടെവെച്ചും ഉണ്ണി ചതിയിലകപ്പെടുന്നു.

ആക്രിസങ്കേതത്തിലെ തടവറയിൽനിന്നും ഒളിച്ചോടിയ ഉണ്ണി എത്തിപ്പെടുന്ന മറ്റൊരിടമാണ് ഗല്ലി. മലയാളിയായ ആബ്ദീന്റെ സംരക്ഷണയിൽ കുറച്ചുദിവസം കഴിഞ്ഞ ഉണ്ണിയെ പിന്നീടയാൾ സങ്കടകല്ലിൽ ഉപേക്ഷിക്കുന്നു. അവിടെയും രക്ഷയില്ലാതെ ഉണ്ണി എത്തിപ്പെടുന്നത് നദീമിലാണ്. തോട്ടിപ്പണിയായിരുന്നു അവിടെ ഉണ്ണിക്ക് ചെയ്യേണ്ടിവന്നത്. "മൂക്കുപൊത്തി ശ്വാസംമുട്ടി നിൽക്കുന്ന ഉണ്ണി എങ്ങോട്ടെങ്കിലും ഓടിപ്പോയാലോയെന്ന് ചിന്തിച്ചു. മനുഷ്യന്റെ വിസർജ്ജ്യം വാരലാണോ ഒരു ജോലി."[46]

നിരവധിയായ മനോസംഘർഷങ്ങളിലൂടെ, അടിമ പണിയുടെ കാഠിന്യങ്ങളിലൂടെ കടന്നുപോകേണ്ടിവന്ന ഉണ്ണിയുടെ ഗൾഫ്ജീവിതം ദുരിതങ്ങളിൽനിന്നും ദുരിതങ്ങളിലേക്കുള്ള പലായനമായിരുന്നു.

### 4.4.3 'ഒരു തക്കാളികൃഷിക്കാരന്റെ സ്വപ്നങ്ങളി'ലെ തൊഴിലിടങ്ങൾ

അമ്മാവന്റെ മകനായ സക്കറിയ അയച്ചുകൊടുത്ത ഫാർമർ

വിസയിലാണ് അസീസ് ഷാർജയിലെ ഖുമ്മൂസിലെത്തുന്നത്. അവിടത്തെ ഈന്തപ്പന തൈകൾ വെച്ച മരുഭൂമിയിലെ ഒരുഭാഗം ഒഴിച്ചാൽ ബാക്കി തോട്ടത്തിലെല്ലാം തക്കാളികൃഷിയാണ്. അന്യദേശക്കാരോടൊപ്പം തക്കാളി ത്തോട്ടത്തിൽ കഠിനാദ്ധ്വാനം ചെയ്യേണ്ട സാഹചര്യമാണ് അസീസിനു നേരിടേണ്ടി വന്നത്.

### 4.4.3.1 തക്കാളിത്തോട്ടത്തിലെ കൃഷിപണിയുടെ കാഠിന്യങ്ങൾ

കഠിനമായ തൊഴിലെടുപ്പാണ് അസീസിന് അവിടെ ചെയ്യേണ്ടിവന്നത്. ചുട്ടുപഴുത്ത മരുഭൂമി അസീസിനു സഹിക്കാവുന്നതിലും അപ്പുറമായിരുന്നു. “വസ്ത്രമെല്ലാം അഴിച്ചുകളഞ്ഞ് എങ്ങോട്ടെങ്കിലും ഇറങ്ങി ഓടിയാലോ എന്നു തോന്നിപ്പോയി. അത്രമാത്രം ചൂട്. മണലിൽ കിടന്നതുകൊണ്ട് ശരീരമാകെ പൊള്ളി ചുവന്നിരുന്നു.”[47] ഒരു ദിവസംപോലും ലീവില്ലാതെ കഠിനമായി അദ്ധ്വാനിക്കേണ്ട അവസ്ഥ. പ്രതികൂലസാഹചര്യങ്ങളിൽ ദേഹത്തിന്റെ അസ്വാസ്ഥ്യത കണക്കിലെടുക്കാതെ പ്രവാസിക്ക് മരുഭൂമികളിൽ പണിയെടുക്കേണ്ടിവന്നു. “കൊടുംചൂടുള്ള സമയത്ത് അതിനേക്കാൾ ഇരട്ടി ചൂടുള്ള ഗ്രീനിനുള്ളിൽ പാനി നോക്കുന്ന പണി. ഇപ്പോൾ കൊടും തണുപ്പുള്ളപ്പോൾ വീടിനുള്ളിലെ സ്വിമ്മിംഗ് പൂളിലിറങ്ങി ടൈൽസുകളിലെ പൂപ്പൽ ഉരച്ചു വൃത്തിയാക്കുന്ന പണി.’[48] രാവുംപകലും ഭക്ഷണംപോലും കഴിക്കാതെ പണിയെടുത്ത് അസീസ് തളർന്നു വീഴുന്നുണ്ട്. “ഭക്ഷണം പോലും കഴിക്കാതെ മരുഭൂമിയിലൂടെ സിമന്റ് ചാക്ക് ചുമന്നു നടക്കേണ്ടിവന്ന ദിവസം, ചുട്ടുപഴുത്ത മണലിൽ ബോധം നഷ്ടപ്പെട്ടു കിടക്കേണ്ടിവന്ന ദിവസം എന്റെ ഹാപ്പിബർത്ത്ഡേ ആണ്.’’[49] ആഘോഷങ്ങളില്ലാതെ വിനോദങ്ങളില്ലാതെ മൃഗതുല്ല്യം മാനുഷികാവകാശങ്ങളെല്ലാം നിഷേധിക്കപ്പെട്ട തൊഴിലിടങ്ങളിലാണ് ഭൂരിഭാഗം അവിദഗ്ദ്ധ

തൊഴിലാളികൾക്കും പണിയെടുക്കേണ്ടി വരുന്നത്. "സൂര്യോദയവും സൂര്യാസ്തമയവും തോട്ടത്തിൽ പണിയെടുക്കുമ്പോൾ കാണാം. സൂര്യതാപത്തിൽ നിന്നൊളിക്കാൻ ഒരു കാക്കപോലുമില്ലാത്ത സ്ഥലത്ത് അടിമയെപ്പോലെ നിശബ്ദം പണിയെടുക്കാനാണ് എന്റെ വിധി."[50]

തോട്ടത്തിലെ അന്യദേശ തൊഴിലാളികളുമായി വഴക്കിട്ട അസീസിനെ ശിക്ഷയായി ഫുജൈറയിലേക്കയയ്ക്കുന്നു. അവിടെയും ശമ്പളമില്ലാതെ തോട്ടപ്പണി ചെയ്യേണ്ടിവന്നു. "ചെങ്കൽപുറങ്ങളിൽ നാരകത്തൈകൾ നടുവാൻ പിക്കാസുകൊണ്ട് കുഴികുഴിക്കുന്ന പണിയാണ്. എത്രവേഗമാണ് കൈകളിൽ തഴമ്പു പൊങ്ങിയത്? ഭയങ്കരമായ പുറം വേദനയും.... നാലു ബംഗ്ലാദേശികളാണ് വേറെ പണിക്കാരായി ഉള്ളത്. അധികവും തല്ലുകേസിലെ പ്രതികൾ."[51] മറ്റുദേശക്കാരുമായി ജോലിയെടുക്കേണ്ട സാഹചര്യങ്ങളും ശമ്പളമില്ലാതെ ജോലിയെടുക്കേണ്ട അവസ്ഥയ്ക്കും പുറമെ അദ്ധ്വാനമെല്ലാം പാഴായിപ്പോകുമ്പോഴുണ്ടാകുന്ന പ്രവാസിയുടെ വ്യഥകളും 'തക്കാളികൃഷിക്കാരന്റെ സ്വപ്നങ്ങളി'ൽ ചർച്ച ചെയ്യപ്പെടുന്നു.

പൊരിവെയിലിൽ പണിയെടുത്ത് കണ്ണിലുണ്ണിപോലെ വളർത്തിയ തക്കാളികൾ വലദിയയിലെ മണൽക്കുന്നിന്റെ മുകളിൽ നിന്ന് താഴേക്കിടുന്ന കാഴ്ച അസീസിന്റെ മനസ്സിനെ തകർക്കുന്നുണ്ട്. "തലയിലൂടെ ഒലിച്ചിറങ്ങുന്ന പച്ചചാണകമേറ്റി നടന്നത്, പൈപ്പ് നിരത്തിയത്, തൊങ്കി തുറന്നത്, ഉറക്കമില്ലാത്ത രാത്രികളിൽ ചെടികൾ നട്ടത്, കമ്പി വളച്ചുകുത്തി ഗ്രീൻ വലിച്ചു കുത്തിയത്, കൊടുംചൂടിൽ ഗ്രീനിനുള്ളിലൂടെ മുട്ടിലിഴഞ്ഞ്, മരുന്നു തളിച്ചു മടുത്തത്, വളച്ചാക്കേറ്റി മുതുകു വളഞ്ഞത്, പാനി നോക്കി നടന്നത്.... എല്ലാം എല്ലാം...... ഇവിടെ കളയാനായിരുന്നോ?"[52]

മരുഭൂമിക്കഥകളിലൊന്നുംതന്നെ കേൾക്കാത്ത യാഥാർത്ഥ്യത്തിനു മുമ്പിൽ അസീസിന്റെ മനസ്സു തളരുന്നു. “നാറാണത്തു ഭ്രാന്തനെപ്പോലെ കല്ലുരുട്ടിക്കയറ്റി താഴേക്കു ഉരുട്ടിവിടുന്ന പണി. കയ്യടിച്ചു ചിരിക്കാനാവുന്നില്ല. എത്രപേരുടെ വിയർപ്പുകണങ്ങളാണ് മണലിൽ കിടക്കുന്നത്.”[53] നട്ടുവളർത്തിയ തക്കാളി പഴങ്ങൾ ഉപയോഗശൂന്യമാക്കുന്നതുപോലെ പ്രവാസിയുടെ അദ്ധ്വാനവും ജീവിതവും ചൂഷണം ചെയ്യപ്പെട്ട് പാഴായിപ്പോകുന്ന മരുഭൂമിക്കാഴ്ചയാണ് 'ഒരു തക്കാളികൃഷിക്കാരന്റെ സ്വപ്നങ്ങളിൽ' അനുഭവവേദ്യമാകുന്നത്. “നിരനിരയായി നിർത്തിയിട്ട ലോറികളിൽ നിന്ന് എറിഞ്ഞുടയ്ക്കപ്പെട്ട തക്കാളിയുടെ രക്തംകൊണ്ട് മരുഭൂമി രക്തപങ്കിലമാകുന്നു. അതവന്റെ മരണം തന്നെയാണ്. അങ്ങനെ യഥാർത്ഥ തക്കാളികൃഷിക്കാരന്റെ സ്വപ്നങ്ങൾ ശിഥിലമായി ഭവിക്കുന്നു.. ഏറ്റവും നല്ല വിളവെടുപ്പിന് കാരണക്കാരനാകുന്ന അറബിയായ കർഷ കൻ സമ്മാനിതനാകുകകൂടി ചെയ്യുന്നു.”[54]

പ്രവാസിയുടെയുള്ളിൽ നാട്ടിലേക്കു മടങ്ങാനുള്ള ആഗ്രഹം തീവ്ര മാകുന്നതിന്റെ പ്രധാന പ്രേരണയാകുന്നത് ഭൗതികസംഘർഷങ്ങളാണ്. അറബികൾ പ്രവാസികളെ ചൂഷണം ചെയ്ത് സാമ്പത്തികലാഭം കൊയ്യുന്ന കാഴ്ച്ചയാണ് മരുഭൂമിയിലെ തൊഴിലിടങ്ങളിൽ കാണാനാവുന്നത്.

### 4.5 ഉടമകളും അടിമകളും

ഉടമകളും അടിമകളുമെന്ന കൃത്യമായ വേർതിരിവ് ഗൾഫ് രാജ്യങ്ങ ളിലുണ്ട്. തൊഴിലിടങ്ങളിൽ ഉടമകൾ പ്രാകൃത രീതിയിലാണ് പ്രവാസി തൊഴിലാളികളോട് പെരുമാറിയിരുന്നത്. സംസ്കാര ശൂന്യവും മൃഗീയ വുമായ സമീപനങ്ങൾ, പ്രവാസികളെ മാനസികമായി തളർത്തുകയും

ദിക്കറിയാത്ത മരുഭൂമിയിൽ രക്ഷപ്പെടാനാകാതെ തളച്ചിടുകയും ചെയ്തു. മനുഷ്യനായി പുലരാൻ വേണ്ട അടിസ്ഥാന ഘടകങ്ങൾ പോലും അവർക്ക് നിഷേധിക്കപ്പെട്ടു. വിവിധതരത്തിലുള്ള പീഡനങ്ങളാണ് പ്രവാസിക്കവിടെ നേരിടേണ്ടിവന്നത്.

### 4.5.1 ശാരീരീകവും മാനസികവുമായ പീഡനങ്ങൾ

അകാരണമായി മർദ്ദിച്ചും ശകാരിച്ചും ദാക്ഷിണ്യമില്ലാതെയാണ് അറബികൾ തൊഴിലാളികളെ തങ്ങളുടെ അടിമകളാക്കുന്നത്. മരുഭൂമിയിലെ തുരുത്തുകളിലേക്ക് കൊണ്ടുപോയി ആളനക്കമില്ലാത്ത തൊഴിലിടങ്ങളിൽ പാർപ്പിച്ചും, അടിസ്ഥാന സൗകര്യങ്ങൾ നിഷേധിച്ചും അവർ പ്രവാസികളെ തങ്ങളുടെ വരുതിയിൽ നിർത്തി. രക്ഷപ്പെടാൻ ശ്രമിച്ചാൽ കൊല്ലാനും മടിയില്ലെന്നുള്ള ഭീഷണിമൂലം ജീവൻനഷ്ടപ്പെടുമെന്നു ഭയക്കുന്ന പ്രവാസികൾ പ്രതികരിക്കാനാവാതെ ഇത്തരം അടിമത്താവളങ്ങളിൽ നിശ്ശബ്ദം പണിയെടുക്കുന്നു.

#### 4.5.1.1 നിർബന്ധിത തൊഴിലെടുപ്പ്

അറബികളായ സ്പോൺസർമാർ മൂന്നാംലോകരാജ്യങ്ങളിൽ നിന്നെത്തിയവരെ യാതൊരുദാക്ഷിണ്യവുംകൂടാതെ അടിമകളോടെന്നപോലെ പെരുമാറുകയും അപരിഷ്കൃത തൊഴിലുകളിലേക്ക് അവരെ തള്ളിയിടുകയും ചെയ്യുന്നു. അത്തരം തടവറകളിൽ നിന്ന് രക്ഷപ്പെടുക അസാധ്യമാണ്. 'ആടുജീവിത'ത്തിലെ നജീബ് മാത്രമല്ല, ഹക്കീം, ഹമീദ്, ഭീകരരൂപി എന്നീ കഥാപാത്രങ്ങളും മരുഭൂമിയിലെ തടവറ ജീവിതത്തിന്റെ നേർസാക്ഷ്യമാണ് നമ്മോട് വിളിച്ചു പറയുന്നത്. അറബിയുടെ തോട്ടത്തിൽ കൃഷിക്കാരനായ ഹമീദ് കുറച്ചു കൂലിയും കഠിനമായ മർദ്ദനവും സഹി

ക്കാനാവാതെയാണ് അവിടെനിന്നും രക്ഷപ്പെടുന്നത്. ഒടുവിൽ ഹമീദിനെ ഉടമ പിടികൂടുകയും പഴയ ജീവിതാവസ്ഥകളിൽ വീണ്ടും തളച്ചിടുകയും ചെയ്യുന്നു. ഭീകരരൂപിയ്ക്കാകട്ടെ മരുഭൂമിയിലെ യാതനകളിൽ നിന്നും ഒളിച്ചോടിയതിന് അറബി കൊടുത്തശിക്ഷ മരണമായിരുന്നു. ഹക്കീമാകട്ടെ മരുഭൂമിയിൽ നിന്നുള്ള പലായനത്തിനിടെ മരണപ്പെടുന്നു. ഇത്തരം തൊഴിലിടങ്ങളിലകപ്പെട്ടാൽ തിരിച്ചുവരവ് അസാധ്യമാണെന്നാണ് ഹക്കീമിന്റെയും ഹമീദിന്റെയും ഭീകരരൂപിയുടെയും ജീവിതം തെളിയിക്കുന്നത്. സ്വന്തം സ്പോൺസർമാരാണെന്നു തെറ്റിദ്ധരിപ്പിച്ചും പാസ്പോർട്ട് പിടിച്ചുവാങ്ങിയും അറബികൾ പ്രവാസികളുടെ തിരിച്ചുപോക്ക് അസാധ്യമാക്കുന്നു. ഇങ്ങനെ അകപ്പെട്ടു പോകുന്ന തൊഴിലാളികളോട് അതിക്രൂരവും മൃഗീയവുമായി ഉടമകൾ പെരുമാറുന്നു. “ഞാൻ അർബാബിന്റെ മുന്നിൽ നിന്ന് പൊട്ടികരഞ്ഞു ..... കരച്ചിലിനിടയ്ക്ക് എനിക്കു പോകണം. എനിക്കിവിടെ വയ്യ. ഞാൻ ഈ പണിക്കല്ല വന്നത്. എന്നൊക്കെ പതംപറയുന്നുണ്ടായിരുന്നു.”[55] ഇതേ അവസ്ഥയിലൂടെയാണ് ഉണ്ണിയും (അറേബ്യയിലെ അടിമ) കടന്നുപോകുന്നത്. അടിമജീവിതത്തിൽ നിന്നും സ്വരക്ഷയ്ക്കു വേണ്ടി ഒളിച്ചോടുകയും വീണ്ടും അടിമജീവിതത്തിൽ തന്നെ അകപ്പെട്ടു പോവുകയും ചെയ്യുന്ന പ്രവാസജീവിതത്തിന്റെ ദുരന്തമുഖമാണ് ‘അറേബ്യയിലെ അടിമ’. നായിഫിന്റെ പൂന്തോട്ടത്തിലെ കഠിനമായ തൊഴിലെടുപ്പിനും പട്ടിണിയ്ക്കും പുറമെ നായിഫിന്റെ ഭാര്യയുടെ ചതിയിലകപ്പെട്ട് മറ്റിടങ്ങളിൽ അടിമയെപ്പോലെ പണിയെടുക്കേണ്ടിവന്ന പ്രവാസിയാണ് ഉണ്ണി. സ്വരക്ഷയ്ക്കായി ഒളിച്ചോടി പാർത്ത ഇടങ്ങളിലും പ്രാകൃത തൊഴിലുകൾ ചെയ്ത് ഉണ്ണിക്ക് മനംമടുത്തു പോകുന്നുണ്ട്. അതിലൊന്നായിരുന്നു തോട്ടി പണി. “അന്ന് ഉണ്ണി നൂറോളം സ്ലാബുകൾ തുറ

ന്നു. പലപ്പോഴും അയാൾ ഓക്കാനിച്ചു. വിശപ്പ് അയാൾക്ക് തോന്നിയില്ല. മനുഷ്യ വിസർജ്ജ്യത്തിന്റെ ഗന്ധം മൂക്കുകളിൽ തങ്ങി നിന്നു. കഠിന മായ വിശപ്പു കാരണം അയാൾ ഭക്ഷണം വാരിവലിച്ച് കഴിച്ചു. മനം പുര ട്ടൽ കാരണം ഭക്ഷണത്തിൽ നിന്ന് ഓടി മാറി കുരച്ച് ഛർദ്ദിച്ചു."[56]

ഉണ്ണി മാത്രമല്ല, നിരവധി പ്രവാസികൾ അറേബ്യയിലെ 'നദീം' പോലെ പ്രാകൃതമായ തൊഴിലിടങ്ങളിൽ അടിമകളെപ്പോലെ പണിയെടു ക്കുന്നുണ്ട്. "...... ഏതാനും പേർ കക്കൂസിലും കുളിമുറിയിലും പ്രവേശി ക്കാനായി അരിശം പൂണ്ടു കാത്തുനിന്നു. അതൊക്കെ തോട്ടിപണി ചെയ്യുന്ന മലയാളികളായ അടിമകളായിരുന്നു. രാവിലെ പണിക്കു പോകാ നുള്ള പുറപ്പാടിലാണ് എല്ലാവരും. കരിന്തിരി കത്തുന്ന മലയാളി മുഖങ്ങ ളായിരുന്നു ഏറെയും."[57]

ആദ്യമായി മസറയിലെത്തിയ നജീബിനോട് ബൈനോക്കുലറിലൂടെ നോക്കാനാണ് അറബി ആവശ്യപ്പെടുന്നത്. അതിലൂടെ കിലോമീറ്ററുകൾ അരികത്തു കാണാമായിരുന്നു. ഉടനെ അർബാസ് തോക്കെടുത്ത് ദൂരെ പറ ക്കുന്ന പക്ഷിയെ കൃത്യമായി ഇരട്ടകുഴലിലൂടെ ഉന്നംവെച്ച് വെടിയുതിർത്തു വീഴ്ത്തി. രക്ഷപ്പെടാൻ ശ്രമിച്ചാലുള്ളഅവസ്ഥ പ്രവാസിയായ അടിമയെ ബോധ്യപ്പെടുത്താനായിരുന്നു അത്. ഒരിക്കലും തിരിച്ചുപോക്കില്ലാത്തവിധം അവിടെ തളയ്ക്കപ്പെട്ടതായി നജീബിന് ബോധ്യപ്പെട്ടു. "ആ ലോകം എനി ക്കന്യമായി കഴിഞ്ഞിരിക്കുന്നു. ഈ ലോകത്തിന്റെ വ്യവസ്ഥകൾക്കു ഞാൻ വിധിക്കപ്പെട്ടിരിക്കുന്നു."[58] നാടുമായി ബന്ധപ്പെട്ട ഓർമ്മകൾ പോലും അയാ ളിൽ മരവിച്ചു പോയി. "എന്നോ മരിച്ച് മറുലോകത്ത് എത്തികഴിഞ്ഞ വരെപ്പോലെ ആ ചിന്തകൾ ഒക്കെ എനിക്ക് അന്യപ്പെട്ടു പോയിരുന്നു .... ബന്ധപ്പെടാൻ സാഹചര്യവും അവസരവും ഇല്ലാതായി എന്നു പൂർണ്ണ

മായും ബോധ്യപ്പെടാൻ എടുക്കുന്ന കാലതാമസമാണ് പലപ്പോഴും അതേ ചിന്തയിൽ തളച്ചിടുവാൻ പ്രേരിപ്പിക്കുന്നത്."[59] തൊഴിൽ പ്രവാസികളായാണ് അറേബ്യയിൽ എത്തുന്നതെങ്കിലും തത്ത്വത്തിൽ നാടുകടത്തപ്പെട്ട വരെപ്പോലെ രക്ഷപ്പെടാനാവാത്ത മരുഭൂമികളിൽ ഇവർ തളയ്ക്കപ്പെടുന്നു.

നിസ്സാരതെറ്റുകൾക്കുപോലും കഠിനമായ മർദ്ദനങ്ങളേൽപ്പിച്ചും ശിക്ഷകൾ നൽകിയും അറബിഉടമകൾ പ്രവാസികളായ നിസ്സഹായരെ പീഡിപ്പിച്ചു. ആടുജീവിതത്തിൽ പ്രവാസി ഏറ്റുവാങ്ങേണ്ടിവന്ന പീഡനങ്ങളുടെ വിവരണം മനുഷ്യമനസ്സുകളെ ഞെട്ടിക്കുന്നതാണ്. മരുഭൂമിയിലെ ആടുമേയ്ക്കലിൽ ആടിന്റെപ്രസവം നോക്കി നിന്നതിനും കുഞ്ഞിനെ അമ്മയുടെ പാൽ കുടിപ്പിക്കാൻ ശ്രമിച്ചതിനും കടുത്ത ശിക്ഷയാണ് നജീബിന് ഏറ്റുവാങ്ങേണ്ടിവന്നത്. "പൊതിരെ ചീത്തവിളി, ഒരു ചവിട്ട്, രണ്ടു മൂന്നു ബെൽട്ടടി, നിറയെ തുപ്പൽ, ഉച്ചയ്ക്കു പട്ടിണി എന്നിവയായിരുന്നു അത്രയും കഷ്ടപ്പെട്ട് ആദ്യമായി ഒരാടിന്റെ പ്രസവം എടുത്തതിന് എനിക്കു കിട്ടിയ ശിക്ഷ."[60] മരുഭൂമിയിലെ തൊഴിലിടങ്ങളിൽ മനുഷ്യനീതിക്ക് നിരക്കാത്തതും അറബികളുടേതു മാത്രമായ ചൂഷണനിയമങ്ങൾക്ക് പ്രവാസികൾ ഇരയാക്കപ്പെടേണ്ടിവന്നു. സമ്പത്തും ലാഭവും മാത്രം ലക്ഷ്യമാക്കിക്കൊണ്ടുള്ള നിയമങ്ങൾ. മൂന്നാലോകരാജ്യക്കാരായ പ്രവാസികൾക്ക് യാതൊരു വിധനീതിയോ, മാനുഷീകപരിഗണനയോ അവർ നൽകിയില്ല. ആടുവളർത്തലിൽ വെള്ളം അവിഭാജ്യമായതു കൊണ്ട് അടിമകൾക്ക് അതു നിഷേധിക്കപ്പെട്ടു. ശൗച്യകാര്യങ്ങൾക്ക് വെള്ളം ഉപയോഗിക്കുന്നത് അറബി സംസ്കാരത്തിന് അപരിചിതമായിരുന്നു. "അർബാബ് ചാടിവന്ന് എന്റെ വെള്ളവും തൊട്ടിയും തട്ടിപറിച്ചെടുത്തു. പിന്നെ ഉച്ചത്തിൽ ശകാരിച്ചു. ബെൽറ്റു കൊണ്ടടിച്ചു. വല്ല വിധേനയും ഞാൻ തടുക്കാൻ ശ്രമിച്ചപ്പോ

ഴൊക്കെ അർബാബ് കൂടുതൽ ശൗര്യത്തോടെ ഇടിച്ചു."[61] ചികിത്സ നിഷേധിക്കുക, പാമ്പുകയറിയ കമ്പിവേലിക്കുള്ളിലേക്ക് തള്ളിയിടുക തുടങ്ങിയ ക്രൂരതകളും നജീബിനവിടെ സഹിക്കേണ്ടി വന്നു. "എന്റെ കൈ ഒടിഞ്ഞെന്നു തോന്നുന്നു എന്നു ഞാൻ അർബാബിനോടു പറഞ്ഞു. അയാൾ എന്നെ ബെൽട്ടൂരി അടിച്ചു."[62] പ്രാകൃതമായ ശിക്ഷാരീതികളാണ് അറബികൾ പ്രവാസികളായ തൊഴിലാളികൾക്ക് വിധിക്കുന്നത്. "മുഖത്തു ചൂടുവെള്ളം ഒഴിക്കുക, മുടി വലിച്ചു പിഴുതുകളയുക, ആസനത്തിൽ കമ്പുകുത്തിക്കയറ്റുക, നെഞ്ചത്തു തൊഴിക്കുക, കാടിവെള്ളത്തിൽ തല പിടിച്ചുമുക്കുക."[63]

'അറേബ്യയിലെ അടിമ'യിലെ ഉണ്ണി ഉടമയിൽ നിന്നും ഉടമയുടെ മകനിൽ നിന്നും ക്രൂരമായ മർദ്ദനങ്ങളും ശിക്ഷകളും ഏറ്റുവാങ്ങിയ നിസ്സഹായനാണ്. ആദ്യമായി റിയാദ് എയർപോർട്ടിൽ വന്നിറങ്ങിയ ഉണ്ണിയെ കണ്ടെത്താൻ 'നായിഫ്' വൈകിയതിന് കലിതീർത്തത് ഉണ്ണിയെ മർദ്ദിച്ചുകൊണ്ടാണ്. "... മരുഭൂമിയിലെ പൊടിക്കാറ്റുപോലെ നായിഫിന്റെ മുഖം പെട്ടെന്ന് ചുമന്നു. ഭൂമികിടുങ്ങുമാറ് ഒരലർച്ച. 'ഹിന്ദി ഹിമാർ' ഉണ്ണിയുടെ ചെവി വട്ടത്തിൽ ആഞ്ഞൊരു വീക്ക്. ഞെട്ടിപ്പോയി. തല പിളരുന്നതായി അയാൾക്കു തോന്നി."[64]

തന്നെ കടന്നുപിടിച്ചു എന്ന നായിഫിന്റെ ഭാര്യ വാഹിദയുടെ കള്ളമൊഴി വിശ്വസിച്ച മകൻ മാജിദ് കഠിനമായി ഉണ്ണിയെ പീഡിപ്പിക്കുന്നുണ്ട്. "ഉണ്ണിയുടെ മുന്നിലേക്ക് മാജിദ് പാഞ്ഞടുത്തു. നെഞ്ചിൽ ഇടിക്കുകയും തൊഴിക്കുകയും ചെയ്തു. കൈകാലുകൾ ബന്ധിച്ച് ബോധം നശിക്കുന്നതുവരെ ചാട്ടവാറടി. ശരീരമാസകലം പൊട്ടി രക്തമൊലിച്ചു..... ബന്ധിക്കപ്പെട്ട നിലയിൽ അടുത്തായുള്ള മരുഭൂമിയിൽ ഉണ്ണിയെ ഉപേക്ഷിച്ചു."[65] അടിമ ജീവിതത്തിൽനിന്നും ഓടിപ്പോകാൻ ശ്രമിച്ച ഉണ്ണിയെ ഇരുപാദ

ങ്ങളും പഴുപ്പിച്ച് കിടത്തുന്നുണ്ട്. "വിജനമായ മരുഭൂമിയിലെ ഒരു പ്രേത കോട്ടയിൽ ഉണ്ണിയെ അടച്ചു. മർദ്ദനവും ചാട്ടവാറടിയും. ഓടിപ്പോകാതിരിക്കാൻ കാൽപ്പാദങ്ങളിൽ ഇരുമ്പ് പഴുപ്പിച്ച് പുണ്ണാക്കി. നീറിപ്പഴുത്ത പുണ്ണിൽ പ്രഹരിച്ചു. പട്ടിണിക്കിട്ടു. വീണ്ടും ഓടിപ്പോകാതിരിക്കാനുള്ള ശിക്ഷയാണ് നൽകുന്നത്."[66]

സാധാരണക്കാരായ പ്രവാസികൾ മാത്രമല്ല ഉയർന്നവേതനത്തിൽ ജോലി ചെയ്യുന്ന ഡോക്ടർമാരായ ഇന്ത്യൻ പ്രവാസികൾപോലും അടിമത്തം എന്ന അവസ്ഥയെ നേരിടുന്നുണ്ടെന്ന് 'ബർസ' ചൂണ്ടികാട്ടുന്നു. അറബികൾ മൂന്നാംകിട പൗരന്മാരായാണ് ഇന്ത്യക്കാരെ കാണുന്നതെന്ന് ഡോക്ടർ സബിത അനുഭവിച്ചറിയുന്നുണ്ട്. ഈജിപ്ഷ്യൻനേഴ്സ് സബിതയെ ആദ്യമായി കണ്ടപ്പോൾ "ഇന്ത്യയിൽ നിന്നാണല്ലേ നിങ്ങളുടെ ഡ്രസ്സിൽ നിന്ന് അതറിയുന്നുണ്ട്"[67] എന്ന പറച്ചിലിൽ മൂന്നാംകിടപൗരയെന്ന മനോഭാവമാണോ ആ വാക്കുകളിൽ ഉണ്ടായിരുന്നതെന്ന് സബിത സംശയിക്കുന്നുണ്ട്.

അറേബ്യൻ സ്ത്രീകൾക്ക് ഡോക്ടറോട് തട്ടിക്കയറാനും അവരുടെ പ്രശ്നങ്ങളിൽ അവർക്കുതന്നെ തീരുമാനമെടുക്കാനുമുള്ള ആജ്ഞാശക്തിയുണ്ട്. അന്യനാട്ടുകാരെ ഇവർ പുച്ഛത്തോടെയാണ് വീക്ഷിക്കുകയെന്ന് ബംഗ്ലാദേശി സിസ്റ്റർ അഭിപ്രായപ്പെടുന്നു. "അന്യനാട്ടുകാരെ അവർ അജമികൾ എന്നാണത്രെ പരിഹസിക്കുക. അജമികൾ എന്നാൽ ഊമകൾ എന്നർത്ഥം."[68] ഹോസ്പിറ്റൽ ഡയറക്ടറായ മുദീർ സബിതയെ അങ്ങാടി എന്നു വിളിച്ച് പരിഹസിക്കുന്നുണ്ട്. എത്ര ഉയർന്ന പദവിയിലാണെങ്കിലും അടിമകളെപ്പോലെയാണ് മൂന്നാംലോകരാജ്യക്കാരോട് അവർ പെരുമാറുന്നതെന്ന് ഇത്തരം സംഭവങ്ങൾ തെളിയിക്കുന്നത്. "നമ്മൾ അന്യനാട്ടുകാ

രൊക്കെ ഇവർക്ക് അടിമകളെപ്പോലെ വെറും നികൃഷ്ടജന്മങ്ങൾ. തൊഴിലെടുക്കാൻ വിലകൊടുത്ത് വാങ്ങിയതല്ലെ നമ്മളെ."[69] ഏതു തൊഴിലെടുക്കുന്ന പ്രവാസിക്കും ഇത്തരം നിന്ദനങ്ങൾ ഏൽക്കേണ്ടിവരുന്നുണ്ട് "സൗദിക്കാരൻ അറ്റന്റർക്കുപോലും അന്യനാട്ടുകാരൻ ഡോക്ടറെ കേറി ഭരിക്കാം"[70]

ഉയർന്ന പദവിയിലിരിക്കുന്ന ഡോക്ടർക്കു നേരിടേണ്ടിവന്ന അവസ്ഥയെക്കാൾ കഠിനമായ തൊഴിൽസാഹചര്യങ്ങളാണ് സാധാരണ സ്ത്രീകൾക്ക് അറേബ്യയിൽ നേരിടേണ്ടി വന്നത്. വീട്ടുവേലക്കാരായ ഖദ്ദാമകളുടെ സ്ഥിതി ദയനിയമാണെന്ന് 'ബർസ' യിൽ ചൂണ്ടികാട്ടുന്നുണ്ട്. ഖദ്ദാമകളുടെ ദയനീയാവസ്ഥ ബർസയിലെ കഥാപാത്രമായ അബ്ദു വിവരിക്കുന്നതു കാണാം. "എത്ര അടിച്ചാലും തുടച്ചാലും സ്വിച്ച്ബോർഡിന്റെ മോളിലും ഫ്രിഡ്ജിന്റെ മോളിലുമൊക്കെ തൂത്തുനോക്കലാണ്. പിന്നെ കണ്ണിനുനേരെ വെരലു പൊക്കിപ്പിടിച്ച് മുഖം ചുളിച്ചോണ്ടു പറയും. എന്തുതൂക്കലാണ് ബലാലെ ഇത്?"[71] കുരങ്ങുകളെപ്പോലെ കുസൃതികാട്ടി ഓടിനടക്കുന്ന കുട്ടികൾക്ക് എന്തെങ്കിലും സംഭവിച്ചാൽ ഉടമസ്ഥനായ അറബി, ഖദ്ദാമയ്ക്കു വിധിക്കുക മരണശിക്ഷയായിരിക്കും. ഒരു സംഭവം ഉദാഹരണമായി അബ്ദു പറയുന്നുണ്ട്. ചങ്ങനാശ്ശേരിയിൽ നിന്നും വന്ന ഖദ്ദാമയെ നോക്കാനേൽപിച്ച അറബികുട്ടി മരണപ്പെട്ടു. രാത്രിയിൽ ഖദ്ദാമയെ കാറിൽകയറ്റി കൊണ്ടുപോയി ഒരിടത്തെത്തിയപ്പോൾ താഴെയിറക്കി വണ്ടി കയറ്റികൊന്നു. "കാറ് ബേക്കോട്ടെടുത്ത് ഓളെ ഒറ്റത്തട്ട്. ജീവനുപകരം ജീവൻ. പിന്നെ മയ്യത്ത് ആക്സിഡന്റ്ന്ന് പറഞ്ഞ് പാഴ്സലാക്കി നാട്ടിലേക്കയച്ചു."[72]

ഇത്തരം സംഭവങ്ങളിലൂടെ തെളിയുന്നത് ഏതുതൊഴിലെടുക്കുന്ന മൂന്നാംലോകരാജ്യപ്രവാസിയും അടിമയ്ക്കുതുല്യമായ പീഡനങ്ങൾക്കും പരിഹാസത്തിനും അറേബ്യയിൽ വിധേയമാക്കപ്പെടുന്നുണ്ട് എന്നതാണ്.

ശാരീരികപീഡനങ്ങൾക്കു പുറമെ ലൈംഗികപീഡനങ്ങളും ഇവർക്ക് ഏറ്റു വാങ്ങേണ്ടിവരുന്നു.

### 4.5.1.2 ലൈംഗിക പീഡനങ്ങൾ

അറേബ്യൻനാടുകളിൽ യാതൊരു മനുഷ്യാവകാശങ്ങളുമില്ലാതെ ജീവിക്കേണ്ടിവരുന്ന പാർശ്വവത്കൃത വിഭാഗമായി അവിദഗ്ദ്ധപ്രവാസി കൾ മാറുന്നുണ്ട്. സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നും ഇവർ മാറ്റിനിർത്ത പ്പെടുന്നു. കർശനമായ നിയമങ്ങൾ അറബ് സംസ്കാരത്തിന്റെ ഭാഗമാണ്. ഇത്തരം നിയമങ്ങൾ വംശീയശുദ്ധി പാലിക്കുന്നതിനും മതസംഹിതകൾ മാറ്റംവരാതെ തുടരുന്നതിനുംവേണ്ടി നിർമ്മിക്കപ്പെട്ടതാണ്. അന്യപൗര ന്മാർ അറബിസ്ത്രീകളെ വിവാഹം കഴിക്കാനോ അടുത്തിടപഴകാനോ പാടില്ലെന്നത് അറബികളുടെ അലിഖിതനിയമമാണ്. അത് ലംഘിക്കുന്ന വർക്ക് കടുത്തശിക്ഷകളാണ് അറബികൾ നൽകിവന്നിരുന്നത്. അതിനു ദ്ദാഹരണമാണ് അറേബ്യയിലെ അടിമയിൽ സൂചിതമാകുന്ന ജാഹിറിന്റെ ദുരന്തം. ജാഹിറിന്റെ ഉടമസ്ഥന്റെ സഹോദരന്റെ രണ്ടാം ഭാര്യയുമായി ബന്ധമുണ്ടെന്നതിന്റെ പേരിൽ ക്രൂരമായ പീഡനമാണ് അയാൾക്ക് ഏൽക്കേണ്ടിവന്നത്. “എല്ലാവരും നോക്കിനിൽക്കെ അറബിയുടെ കൈ ജാഹിറിന്റെ ഗുഹ്യഭാഗത്തേക്കു നീണ്ടുപോയി. രക്ഷപ്പെടാനായി അയാൾ നിലവിളിച്ച് കുതറി. അറബിയുടെ കൈ ജാഹിറിന്റെ വൃഷണങ്ങളിൽ അമർന്നു. നിലവിളി ഉച്ചത്തിലായി, വൃഷണങ്ങൾ അറബി ഞെരുക്കി ഉടച്ചു. ജാഹിറിന്റെ കാലുകളിലൂടെ മൂത്രം നിറഞ്ഞൊഴുകി.”[73]

വീട്ടുവേലയ്ക്കായിപ്പോകുന്ന സ്ത്രീപ്രവാസികളിൽ ഭൂരിഭാഗവും ലൈംഗിക ചൂഷണത്തിന് ഇരകളായി മാറുന്നുണ്ട് എന്ന് ‘ബർസ’ ചൂണ്ടി

കാട്ടുന്നു. "ഇന്ന് ഇസ്ലാമിന്റെ സംരക്ഷകർ കാണിക്കുന്നതിതൊക്ക്യാണ്. അവർക്ക് ഖദ്ദാമകൾ അടിമകൾതന്നെ. അടിമപ്പെണ്ണുങ്ങളെ ലൈംഗിക മായും ഉപയോഗിക്കാമെന്ന പ്രാചീന സംസ്കാരം.... അതിപ്പോഴുമുണ്ട്'.'[74]

അടിമസംസ്കാരം ഒരുകാലത്ത് നിലനിന്നിരുന്നതിന്റെ തുടർച്ചയായി അറേബ്യയിൽ അതിന്നും പ്രച്ഛന്നമായി തുടരുന്നുണ്ട്. ഈ സംസ്കാര ത്തിന്റെ ഇരകളായി മാറുന്നതാകട്ടെ മൂന്നാംലോകപ്രവാസികളും. "ഉടമയും അടിമസ്ത്രീയുമെന്ന കീഴ്വഴക്കം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല അറേബ്യയിൽ. പണ്ടവർ യുദ്ധമുതലുകൾക്കൊപ്പം വന്നെങ്കിൽ ഇന്ന് പെട്രോ ഡോളറിന്റെ പുളപ്പിൽ അന്യനാടുകളിൽ നിന്ന് ഖദ്ദാമകളായി ഇറക്കുമതി ചെയ്യപ്പെടുന്നു."[75] കോപ്പർടിയോ ഇംപ്ലാന്റോ ഇട്ട് ജോലിക്കു വരേണ്ടിവരുന്ന ഗതികേടാണ് അറേബ്യയിൽ ഖദ്ദാമകൾക്കുള്ളതെന്ന് സബിത ചികിത്സാനുഭവത്തിലൂടെ മനസ്സിലാക്കുന്നുണ്ട്. ഖദ്ദാമകൾ തന്നെ വിവരിച്ചുകൊടുത്ത അനുഭവകഥകളിലൂടെ സിസ്റ്റർ ഫരീദയും ചൂഷണ ത്തിന്റെ മറുവശം വിവരിക്കുന്നുണ്ട്. "ഇവിടെയെത്തി ഭാഷപഠിച്ചു തുട ങ്ങുന്നതിനുമുമ്പെ അറബി ആംഗ്യം കൊണ്ടു ആവശ്യം പറഞ്ഞൊപ്പിക്കും, രാത്രി അവൾ കിടക്കുന്നമുറിയുടെ വാതിൽ കുറ്റിയിടരുതെന്നും വഴങ്ങിയി ല്ലെങ്കിൽ ദേഹോപദ്രവമുണ്ടാകും."[76]

ഡോക്ടറായിരുന്നിട്ടുപോലും സബിതയ്ക്കും ലൈംഗികചുവയുള്ള സംഭാഷണങ്ങളെ നേരിടേണ്ടിവരുന്നുണ്ട്. പെട്രോഡോളറിന്റെ നാട്ടിൽ മൂന്നാംലോകപ്രവാസിയായ ഡോക്ടർപോലും പരിഹസിക്കപ്പെടുന്ന അവസ്ഥ. ആദ്യമായി ശമ്പളംമേടിക്കാൻ എത്തിയ സബിതയെനോക്കി ഹോസ്പിറ്റൽ ഡയറക്ടറായ മുദിർ തൊടുത്തുവിട്ട പരിഹാസം സബിതയെ മുറിവേൽപ്പിക്കുന്നു. "'യൊക്ത്തൂബ് ഹളഗ'-അങ്ങാടി എന്നെഴുതിക്കോള്ളു

എന്ന്...... സബിത ഞെട്ടിപ്പോയി. എന്തൊരു പൊള്ളുന്ന പരിഹാസം. അങ്ങാടിപെണ്ണ്, സ്ടീറ്റ് ഗേൾ........ അഭിസാരിക! ഈ താൻ.......”[77]

മൂന്നാംലോകപ്രവാസികളെ അടിമകളായി കണക്കാക്കി വാക്കുകൾകൊണ്ടും പ്രവൃത്തികൾകൊണ്ടും ലൈംഗികചൂഷണത്തിനിരകളാക്കി മാറ്റുന്ന ദയനീയതയാണ് ഇവിടെ ദൃശ്യമാകുന്നത്. പ്രവാസികളുടെ മാനസികവും ശാരീരികവുമായ പല പീഡനങ്ങൾക്കും ചൂഷണങ്ങൾക്കും കാരണമായിത്തിരുന്നത് രാഷ്ട്രീയസാഹചര്യങ്ങളാണ്.

## 4.6 പ്രവാസികൾ നേരിടുന്ന രാഷ്ട്രീയ സാഹചര്യങ്ങൾ

മണൽകാറ്റിനോടും കനൽചൂടിനോടും മല്ലിട്ടുകൊണ്ട് അതിജീവനത്തിനായി മരുഭൂമികളിലെ തൊഴിലിടങ്ങളിൽ പാടുപെടുന്ന പ്രവാസികളുടെ അദ്ധ്വാനചൂഷണത്തെയും അവകാശധ്വംസനങ്ങളെയും കണ്ടില്ലെന്നു നടിക്കുന്നതാണ് അറബ് ഭരണകൂടത്തിന്റെ രാഷ്ട്രീയനിലപാടുകൾ. ഇന്ത്യ, പാക്കിസ്ഥാൻ, ഫിലിപ്പീൻസ്, ബംഗ്ലാദേശ്, ശ്രീലങ്ക തുടങ്ങിയ മൂന്നാംലോകരാജ്യങ്ങളിൽനിന്നുള്ള പ്രവാസികൾ വിവിധതരത്തിൽ അറേബ്യൻ നാടുകളിൽ ചൂഷണത്തിനിരയാക്കപ്പെടുന്നുണ്ട്. “അടിമകളെപ്പോലെയാണ് സൗദികൾ അവരോട് പെരുമാറിയത്. അവരുടെ അവകാശവും, സ്വാഭിമാനവും മാന്യതയും ധ്വംസിക്കപ്പെട്ടു. സഹായത്തിനു വേണ്ടിയുള്ള നിലവിളികൾ ആരും കേൾക്കാതെ പോയി.”[78] അറബ് മേഖലകളിൽ അടിമക്കച്ചവടം നിയമവിധേയമായിരുന്നു. അടിമകളും അടിമക്കച്ചവടവും അംഗീകൃതമായിരുന്നതിനാൽ അടിമ ഉടമസമ്പ്രദായം ആദ്യകാലങ്ങളിൽ സജീവമായിരുന്നു. പിന്നീടത് നിരോധിച്ചെങ്കിലും മൂന്നാംലോകപ്രവാസികളെ പ്രച്ഛന്നമായി പഴയ അടിമവ്യവസ്ഥിതിയിലേക്ക് തള്ളിയിടുന്നുണ്ടെ

ന്നത് യാഥാർത്ഥ്യമാണ്. "നൂറ്റാണ്ടുകളായി ഒരു സമൂഹം ശീലിച്ച അടിമ പ്രവൃത്തിയുടെ ചില അവശിഷ്ടങ്ങൾ ഇന്നും ബാക്കിനില്ക്കുന്നുവെന്നത് ഒരു പരിഭ്രാന്തി നിറഞ്ഞ അറിവാണ്."[79]

പ്രവാസികളുടെ അടിമജീവിതത്തെക്കുറിച്ച് അതാതുനാടുകളിലെ ഭരണകൂടങ്ങൾക്ക് അറിയാമെങ്കിലും വാക്കുകളിലും നയപ്രഖ്യാപനങ്ങളിലും മാത്രമായി അതു ചുരുങ്ങിപ്പോകുന്നു. സജീവമായി പ്രവാസികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിനോ, കാര്യക്ഷമമായി പ്രശ്നപരിഹാരം നടത്തുന്നതിനോ അവർക്കു കഴിയുന്നില്ല. "അന്താരാഷ്ട്രസംഘടനയായ ആംനെസ്റ്റി ഇന്റർനാഷ്ണലും ഹ്യൂമൻ റൈറ്റ്സ് വാച്ചും വർഷാവർഷം പ്രവാസിതൊഴിലാളികളുടെ ദുരവസ്ഥ ചൂണ്ടികാണിച്ചു. ചിലപ്പോൾ പത്ര ദൃശ്യമാധ്യമങ്ങളിലും അവരുടെ കഥനകഥകൾ ലോകത്തിനുമുമ്പിൽ തുറന്നുകാട്ടി. എന്നാൽ 1976 മുതൽ അന്താരാഷ്ട്രതൊഴിൽസംഘടനയിൽ അംഗമാവുകയും അതിന്റെ സമ്മേളനഉടമ്പടിയിൽ ഒപ്പുവെയ്ക്കുകയും ചെയ്ത സൗദിഅറേബ്യ അതിലൊന്നും കുലുങ്ങിയില്ല. പുറത്തുവരുന്ന വാർത്തകളെല്ലാം നിഷേധിച്ചുകൊണ്ട് അവർ പ്രവാസിതൊഴിലാളികളുടെ നേർക്കുള്ള ക്രൂരതകൾ തുടർന്നു. ചില സന്ദർഭങ്ങളിൽ അന്താരാഷ്ട്രസമ്മർദ്ദങ്ങൾക്കുവഴങ്ങി, പീഡനങ്ങളെകുറിച്ച് അന്വേഷിക്കാമെന്നും അതുതടയാൻ നടപടി എടുക്കാമെന്നും വാക്കുനൽകും. എന്നാൽ അവയെല്ലാം വെറുംവാക്കായി മാറുകയാണ് പതിവ്."[80]

സ്വദേശത്തും വിദേശത്തും സഹായഹസ്തങ്ങളില്ലാതെ തട്ടിപ്പിനും ചൂഷണത്തിനും ഇരകളായി നരകിക്കുന്നവരുടെ തൊഴിലിടങ്ങളിലെ പീഡങ്ങളും അരാജകത്വവും പ്രത്യേകമായി പുറംലോകത്തെ അറിയിച്ച മാധ്യമം സാഹിത്യമാണ്. പ്രവാസികളുടെ ആത്മകഥകളായി അവ തിരിച്ചറിയപ്പെ

ടുന്നു. "പ്രവാസത്തിന്റെ സാമ്പത്തികശക്തിക്ക് അധികാരരാഷ്ട്രീയത്തിന്റെ ഇടനാഴിയിൽ മേയാനുള്ള അധികാരംകിട്ടിയ ഇക്കാലത്ത് കുടിയേറ്റജീവിതത്തിലും പാർശ്വവത്കരിക്കപ്പെട്ട ആട്ടിൻകൂട്ടങ്ങൾ മരുഭൂമിയിൽ ഒരു തുണ്ട് പച്ചപുല്ലിനുവേണ്ടി അലയുന്നുണ്ടെന്ന് 'ആടുജീവിതം' രേഖപ്പെടുത്തിയിരിക്കുന്നു. ഇത് ഗൾഫ് ജീവിതത്തെകുറിച്ചുള്ള സാമ്പ്രദായികമായ വിചാരത്തെയാണ് തച്ചുടച്ചത്."[81] 'ആടുജീവിത'വും മറ്റു അറേബ്യൻ പ്രവാസനോവലുകളും തുറന്നുകാണിച്ചത് ഭൂരിഭാഗവും വരുന്ന അവിദഗ്ധതൊഴിലാളികളുടെ തൊഴിലിടങ്ങളിലെ ചൂഷണക്കഥകളാണ്.

പ്രശ്നസങ്കീർണമായ ഒരുലോകത്ത്  കാലൂന്നികൊണ്ടാണ് പ്രവാസിക്ക് നിൽക്കേണ്ടി വരുന്നതെന്ന് അറേബ്യൻ പ്രവാസിയുടെ ഭൗതികസംഘർഷങ്ങൾ അടയാളപ്പെടുത്തുന്നു. വന്യമായ തൊഴിലിടങ്ങളും അടിമത്തസാഹചര്യങ്ങളും വികസിതരാജ്യത്തെ മൂന്നാംലോകരാജ്യപ്രവാസിയുടെ സ്ഥാനപ്പെടുത്തലാണ് തെളിയിക്കുന്നത്. പ്രവാസികൾക്കുനേരെ സ്പോൺസർമാർ നടത്തുന്ന തട്ടിപ്പുകളും, തൊഴിലിടങ്ങളിൽ തിരിച്ചറിയൽ കാർഡുകൾ പിടിച്ചുവാങ്ങി നടത്തികൊണ്ടിരിക്കുന്ന ചൂഷണങ്ങളും അറേബ്യയുടെ രാഷ്ട്രീയ നിസ്സംഗതയ്ക്കു നേരെയാണ് വിരൽചൂണ്ടുന്നത്. സ്വദേശത്തെയും വിദേശത്തെയും ഭരണകൂടങ്ങൾ വേണ്ടവിധത്തിൽ നടപടിയെടുക്കാതിരിക്കുകയും അവർക്കുനേരെയുള്ള പീഡനങ്ങൾ കണ്ടില്ലെന്നു നടിക്കുകയും ചെയ്യുന്ന പ്രത്യേക രാഷ്ട്രീയസാഹചര്യങ്ങൾ ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്.

## കുറിപ്പുകൾ


1. മധു, ടി.വി; (2011) ഞാൻ എന്ന (അ)ഭാവം, തത്വചിന്താപരമായ പഠനങ്ങൾ, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, പുറം.16.
2. Jayaram, N; (2004) The Indian Diaspora. Dynamics of Migration. In godmection the study of Indian Diaspora, Sage Publications, Page.16.
3. Deep Kumar, J. Trivedi; Indian Diasporic Literature, Theory, Themes and problems, Shanti Prakashan, Rantak, Page.20.
4. ബെന്യാമിൻ; (2009) ആടുജീവിതം, ഗ്രീൻബുക്സ്, തൃശൂർ, പുറം.12.
5. ____ ____ ____ പുറം.44.
6. ____ ____ ____ പുറം.57.
7. ____ ____ ____ പുറം.57.
8. ____ ____ ____ പുറം.77.
9. ____ ____ ____ പുറം.67.
10. ____ ____ ____ പുറം.120.
11. നിസാമുദ്ദീൻ, റാവുത്തർ; (2013) അറേബ്യയിലെ അടിമ, ഗ്രീൻ ബുക്സ്, തൃശൂർ, പുറം.23.
12. ____ ____ ____ പുറം.119.
13. ബെന്യാമിൻ; (2009) ആടുജീവിതം, ഗ്രീൻബുക്സ്, തൃശൂർ, പുറം.53
14. ____ ____ ____ പുറം.76.
15. ____ ____ ____ പുറം.20.
16. ____ ____ ____ പുറം.53.
17. ____ ____ ____ പുറം.77.
18. ____ ____ ____ പുറം.128.

19. നിസാമുദ്ദീൻ, റാവുത്തർ; (2011) ഒരു തക്കാളികൃഷിക്കാരന്റെ സ്വപ്നങ്ങൾ, ഗ്രീൻബുക്സ്, തൃശൂർ, പുറം.43.

20. ____ ____ ____ പുറം.40.

21. ബെന്യാമിൻ; (2009) ആടുജീവിതം, ഗ്രീൻബുക്സ്, തൃശൂർ.പുറം.53.

22. ____ ____ ____ പുറം.76.

23. ____ ____ ____ പുറം.67.

24. ____ ____ ____ പുറം.121.

25. ____ ____ ____ പുറം.121.

26. നിസാമുദ്ദീൻ, റാവുത്തർ; (2013), അറേബ്യയിലെ അടിമ, ഗ്രീൻ ബുക്സ്, തൃശൂർ, പുറം.119.

27. ____ ____ ____ പുറം.33.

28. ബെന്യാമിൻ; (2009) ആടുജീവിതം, ഗ്രീൻബുക്സ്, തൃശൂർ.പുറം.54.

29. ____ ____ ____ പുറം.28.

30. ____ ____ ____ പുറം.58.

31. ____ ____ ____ പുറം.112.

32. ____ ____ ____ പുറം.110.

33. ____ ____ ____ പുറം.128.

34. നിസാമുദ്ദീൻ, റാവുത്തർ; (2013) അറേബ്യയിലെ അടിമ, ഗ്രീൻബുക്സ്, തൃശൂർ, പുറം.146.

35. ____ ____ ____ പുറം.119.

36. ബെന്യാമിൻ; (2009) ആടുജീവിതം, ഗ്രീൻബുക്സ്, തൃശൂർ.പുറം.96.

37. ____ ____ ____ പുറം.65.

38. ____ ____ ____ പുറം.50.

39. കൃഷ്ണപിള്ള, ചങ്ങമ്പുഴ; (1981) രമണൻ, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, പുറം.111.

40. മുഹമ്മദ് ബഷീർ, വൈക്കം; (2010) പാത്തുമ്മയുടെ ആട്, ഡി.സി.ബുക്സ്, കോട്ടയം, പുറം.88.

41. ബെന്യാമിൻ; (2009) ആടുജീവിതം, ഗ്രീൻബുക്സ്, തൃശൂർ.പുറം.72.

42. ____ ____ ____ പുറം.73.

43. ____ ____ ____ പുറം.91.

44. ____ ____ ____ പുറം.93.

45. നിസാമുദ്ദീൻ, റാവുത്തർ; (2013) അറേബ്യയിലെ അടിമ, ഗ്രീൻബുക്സ്, തൃശൂർ, പുറം.89.

46. ____ ____ ____ പുറം.107.

47. റഷീദ്, പാറയ്ക്കൽ; (2011) ഒരു തക്കാളികൃഷിക്കാരന്റെ സ്വപ്നങ്ങൾ, ഗ്രീൻബുക്സ്, തൃശൂർ, പുറം.54.

48. ____ ____ ____ പുറം.97.

49. ____ ____ ____ പുറം.54.

50. ____ ____ ____ പുറം.12.

51. ____ ____ ____ പുറം.105.

52. ____ ____ ____ പുറം.113.

53. ____ ____ ____ പുറം.113.

54. ശോഭ, വി.(എഡിറ്റർ); (2014) വീടുമാറുന്നവർ, അറേബ്യൻ പ്രവാസസാഹിത്യം, ഗ്രീൻബുക്സ്, തൃശൂർ, പുറം.154.

55. ബെന്യാമിൻ; (2009) ആടുജീവിതം, ഗ്രീൻബുക്സ്, തൃശൂർ.പുറം–55.

56. നിസാമുദ്ദീൻ, റാവുത്തർ; (2013) അറേബ്യയിലെ അടിമ, ഗ്രീൻ ബുക്സ്, തൃശൂർ, പുറം.18.

57. ____ ____ ____ പുറം.198.

58. ബെന്യാമിൻ; (2009) ആടുജീവിതം, ഗ്രീൻബുക്സ്, തൃശൂർ.പുറം.76.

59. ____ ____ ____ പുറം.76.

60. ____ ____ ____ പുറം.87.

61. ____ ____ ____ പുറം.63.

62. ____ ____ ____ പുറം.95.

63. ____ ____ ____ പുറം.134.

64.. നിസാമുദ്ദീൻ, റാവുത്തർ; (2013) അറേബ്യയിലെ അടിമ, ഗ്രീൻ ബുക്സ്, തൃശൂർ, പുറം.87.

65. ____ ____ ____ പുറം.101.

66. ____ ____ ____ പുറം.145.

67. ഖദീജാ മുംതാസ്; (2007) ബർസ, ഡി.സി.ബുക്സ്, കോട്ടയം, പുറം.6.

68. ____ ____ ____ പുറം.30.

69. ____ ____ ____ പുറം.56.

70. ____ ____ ____ പുറം.56.

71. ____ ____ ____ പുറം.50.

72. ____ ____ ____ പുറം.50.

73. ____ ____ ____ പുറം.132.

74. ____ ____ ____ പുറം.51.

75. ____ ____ ____ പുറം.31.

76. ____ ____ ____ പുറം.32.

77. ____ ____ ____ പുറം.65.

78. റാഫേൽ ജോയ്സി; (2013) സൗദികളുടെ അടിമകൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്, പുറം.7.

79. കൃഷ്ണദാസ്; (2009) ആമുഖം, ബെന്യാമിൻ, ആടുജീവിതം, ഗ്രീൻബുക്സ്, തൃശൂർ.പുറം.5.

80. റാഫേൽ ജോയ്സി; (2013) സൗദികളുടെ അടിമകൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്, പുറം.7.

81. ദിനേശൻ, ഇ.കെ. (എഡിറ്റർ); (2011) ആടുജീവിതം, വായന, വിചാരണ, പ്രവാസിബുക്സ്, ദുബായ്, പുറം.8.

# അദ്ധ്യായം 5

# പ്രവാസിയുടെ ആന്തരിക സംഘർഷങ്ങൾ

## 5. പ്രവാസിയുടെ ആന്തരികസങ്കീർണ്ണതകൾ – വിശദീകരണം.

പ്രവാസജീവിതത്തിന്റേയും അതിലൂടെ ഉരുത്തിരിഞ്ഞ സാഹിത്യ കൃതികളുടേയും അന്തർധാരയെ അന്വേഷിക്കുമ്പോൾ വീടുവിട്ടുപോന്ന വന്റെ മാനസികവ്യഥകളാണ് പ്രവാസകൃതികളിലെല്ലാം നിറഞ്ഞുനിൽക്കു ന്നതെന്നു കാണാം. തികച്ചും വ്യത്യസ്തമായ അന്യദേശസാംസ്കാരിക തയും തൊഴിലിടങ്ങളിലെ പ്രതികൂലസാഹചര്യങ്ങളും വീടുംനാടും പിന്നി ലെറിഞ്ഞുപോന്ന പ്രവാസിയുടെ മനസ്സിന്റെ വ്യഥകളെ തീവ്രമാക്കി. ഇത്തരം മാനസികവ്യഥകളാണ് പ്രവാസിയുടെ ആന്തരികസംഘർഷങ്ങ ളായി തിരിച്ചറിയപ്പെടുന്നത്. പ്രവാസിയുടെ ധർമ്മസങ്കടങ്ങളിൽ പ്രധാന മാണ് സംസ്കാര വൈരുദ്ധ്യങ്ങൾ സൃഷ്ടിക്കുന്ന ആന്തരികസംഘർഷ ങ്ങൾ. പുതിയലോകത്തെ രാഷ്ട്രീയസാമൂഹിക സാഹചര്യങ്ങളുമായി യോജിക്കേണ്ടത് പ്രവാസജീവിതത്തിന് അത്യന്താപേക്ഷിതമാണ്. ജെയിം സ്, ക്ലീഫോർഡ് 'ഡയസ്പോറാസ്' കൾച്ചറൽ ആന്ധ്രോപോളജിയിൽ ന്യൂനപക്ഷങ്ങളുടെ പ്രവാസജീവിതത്തെ വിശദീകരിക്കുന്നുണ്ട്. അവരുടെ ചരിത്രം, ജന്മദേശ ഓർമ്മകൾ, അന്യവത്കരണം, ദേശചിന്തകൾപകരുന്ന ശക്തി, ജന്മദേശത്തേക്ക് മടങ്ങാനുള്ള തീവ്രമായ ആഗ്രഹം, ഇതെല്ലാം ഉൾവഹിക്കുന്ന പ്രവാസിസ്വത്വം എന്നീ ആറ് പ്രവാസസവിശേഷതകളെ അദ്ദേഹം എടുത്തുപറയുന്നുണ്ട്..... ജന്മദേശ ഓർമ്മകളെയും സംസ്കാര ത്തെയും മനസ്സിൽ വഹിച്ചുകൊണ്ടുള്ള ഭാവനാത്മകമായ അവസ്ഥ (Ideal type) അവരിൽ നിലനില്ക്കുന്നുണ്ടെങ്കിലും വർത്തമാനകാല സങ്കീർണ്ണ തകളോടും സാംസ്ക്കാരിക വൈരുദ്ധ്യങ്ങളോടും സമരസപ്പെട്ടുപോകു വാൻ അവർ സ്വയം സജ്ജമാകുന്നുണ്ട് എന്നദ്ദേഹം നിരീക്ഷിക്കുന്നു.[1]

പുതിയ സാഹചര്യങ്ങളുമായി സമന്വയിക്കുമ്പോഴും കൈവിട്ടസംസ്കാരത്തെ മനസ്സിൽ വഹിക്കുന്ന വിഭാഗമെന്നനിലയിൽ ഭാഷ, മതം, ഗൃഹാതുരത്വം, ജീവിതചര്യകൾ തുടങ്ങി ഓർമ്മയിൽ സൂക്ഷി ക്കുന്ന പൂർവ്വകാലം പ്രവാസിയിൽ സജീവമാകുന്നു. ഈ പൂർവ്വകാലം വർത്തമാനകാലത്തോടേറ്റുമുട്ടുമ്പോൾ ഉണ്ടാകുന്ന സംഘർഷങ്ങൾ അവ രിൽ ദൃഢപ്പെടുകയും ചെയ്യുന്നു. അതവരെ തീവ്രമായ വിഹ്വലതകളി ലേക്കും സന്ദേഹങ്ങളിലേക്കും നയിക്കുന്നു. ആന്തരികമായി പ്രവാസിഅനു ഭവിക്കുന്ന ഈ സംസ്കാരപ്രതിസന്ധിയെ നോവലുകളെ അടിസ്ഥാനമാ ക്കിയാണ് വിശദപഠനത്തിന് വിധേയമാക്കുന്നത്.

മാറിയ ജീവിതസാഹചര്യങ്ങളുമായി പൊരുത്തപ്പെടുന്ന പ്രവാസിയുടെ മനസ്സിൽ കൈവിട്ട ജന്മദേശം സജീവമാണ്. ഈ പൂർവ്വകാലത്തിൽനിന്നും തികച്ചും വ്യത്യസ്തമായ വർത്തമാനകാലം പ്രവാസിയിൽ ജനിപ്പിക്കുന്ന ആന്തരികസങ്കീർണ്ണതകളെ വ്യത്യസ്തവിഭാഗങ്ങളായി തിരിച്ച് വിശദീകരി ക്കുന്നു. അവയുടെ ക്രമം ചുവടെ കൊടുക്കുന്നു

1. ഭാഷ
2. മതം
3. ഗൃഹാതുരത്വം
4. ലൈംഗികത
5. അന്യവത്ക്കരണം.

ആന്തരിക സംഘർഷങ്ങളിൽ ഏറ്റവും പ്രധാനമാണ് ഭാഷാപരമായ സംഘർഷങ്ങൾ.

## 5.1 ഭാഷ

കേവലം ആശയവിനിമയോപാധി എന്നതിനുമപ്പുറം മനുഷ്യചരിത്രത്തിന്റെ വികാസ പരിണാമങ്ങളെ അടയാളപ്പെടുത്തുന്ന വ്യവഹാര രൂപമായി ഭാഷയെ കാണേണ്ടതുണ്ട്. “ആധുനികകാലത്ത് ഒരു സമൂഹം നിർവചിക്കപ്പെടുന്നത് ഭാഷയുടെ പേരിലാണ്. വംശത്തിന്റെയോ ജാതിയുടെയോ മതത്തിന്റെയോ പേരിലുള്ള നിർവചനങ്ങൾ ആധുനിക മൂല്യങ്ങളുമായി പൊരുത്തപ്പെടുന്നതല്ല. അതുകൊണ്ടുതന്നെ ഒരു സമൂഹം ഭാഷാരംഗത്തു നേരിടുന്ന പ്രതിസന്ധി, അതിനെ ഒരുസമൂഹമായി നിർവചിക്കുന്ന ആധാരശിലകളെത്തന്നെ തകിടം മറിക്കുന്നതിന്റെ പ്രശ്നമാണ്.”[2] ഭാഷയിലൂടെ വേർതിരിക്കപ്പെടുന്നത് ഒരു സമൂഹത്തിന്റെ ചരിത്രമായതിനാൽ ഭാഷ സമൂഹത്തിന്റെ സ്വത്വചിഹ്നമായാണ് തിരിച്ചറിയപ്പെടേണ്ടത്. വിവിധ ദേശസമൂഹങ്ങളുടെ ഭൂപ്രകൃതിയിലും വർണ്ണവർഗ്ഗവംശങ്ങൾ തമ്മിലും നിലനില്ക്കുന്ന അന്തരങ്ങൾ അവരുടെ ഭാഷയിലും തെളിയുന്നുണ്ട്. തത്വത്തിൽ ഒരു സമൂഹത്തിന്റെ ഭാഷയും സംസ്കാരവും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നു.

### 5.1.1. ഭാഷയും സംസ്കാരവും

മതം, വംശം, ഭാഷ, മിത്ത്, വിശ്വാസം, കല, ആചാരം തുടങ്ങി മനുഷ്യജീവിതത്തിന്റെ ഭാഗമായ ക്രമങ്ങളെയും സ്ഥാപനങ്ങളെയും സംസ്കാരം ഉൾകൊള്ളുന്നുണ്ട്. മനുഷ്യൻ സ്വാംശീകരിച്ചെടുക്കുന്ന ഭൗതികവും ആത്മീയവുമായ എല്ലാതലങ്ങളുടേയും സമഗ്രതയെ സംസ്കാരം എന്നു വിശേഷിപ്പിക്കാം. ഈ സാംസ്കാരികപാരമ്പര്യങ്ങളെ നിലനിർത്തിപോരുന്നതും തലമുറകളിലേക്ക് പകർത്തുന്നതുമായ മാധ്യമമാണ് ഭാഷ എന്നതുകൊണ്ട് ഭാഷയ്ക്ക് ദേശത്തിന്റെ സംസ്കാരത്തിലും ചരിത്രത്തിലും

നിർണ്ണായക സ്ഥാനമാണുള്ളത്. സമകാലിക സമൂഹത്തിൽ മാറ്റത്തിന് വിധേയമാകുന്ന ധാരാളം സംസ്കൃതികളുണ്ട്. മനുഷ്യസമൂഹങ്ങൾ മുറുകെ പിടിക്കുന്ന ഭാഷയ്ക്കും സംസ്കാരത്തിനും അതിനാൽതന്നെ പ്രവാസസാഹിത്യത്തിൽ ഏറെ പ്രധാന്യമുണ്ട്.

### 5.1.2. ഭാഷയും പ്രവാസിയും

നിർബന്ധിത ദേശമാറ്റമായാലും, സ്വമേധയാലുള്ള പ്രവാസമായാലും വ്യത്യസ്തമായ സാംസ്കാരികസാഹചര്യങ്ങളെ പ്രവാസി അഭിമുഖീക രിക്കുന്നുണ്ട്. അത് രണ്ട് ദേശങ്ങളിലുമുള്ള മതപരവും, ഭാഷാപരവും സാംസ്കാരികവുമായ അന്തരങ്ങളെയാണ് കുറിക്കുന്നത്.[3] ദേശമാറ്റം സൃഷ്ടിക്കുന്ന സങ്കീർണ്ണതകളിലൊന്നാണ് ഭാഷാനഷ്ടം. അന്യദേശഭാഷയെ പകരംവെച്ചുകൊണ്ടാണ് പ്രവാസകാലം കഴിച്ചുകൂട്ടേണ്ടത് എന്നതിനാൽ പാർശ്വവത്ക്കരിക്കപ്പെട്ട ഭാഷയായി മാതൃഭാഷ മാറുന്നു. അത് വിധേയ ത്വത്തിന്റേയോ കീഴാളത്വത്തിന്റേയോ അടയാളമായി മാറുന്നു. പാശ്ചാത്യനാടുകളിലെ സ്ഥിരപ്രവാസികളായവർ എളുപ്പത്തിൽ വഴങ്ങുന്ന കൊളോണിയൽ ഭാഷയോടുള്ള പ്രതിപത്തിമൂലം മാതൃഭാഷയിൽ നിന്ന കലുകയോ അവരുടെ തലമുറകൾ മാതൃഭാഷയെ മറക്കുകയോ ചെയ്യുന്ന പ്രവണത കൂടിവരുന്നുണ്ട്. സാധാരണക്കാരായ പ്രവാസികൾ ഏറെയും പോകുന്ന അറേബ്യൻ നാടുകളിലാവട്ടെ, അറബിഭാഷയെക്കാൾ കൂടുത ലായി മാതൃഭാഷയെ സ്നേഹിക്കുകയും ഭാഷയിലേക്കും ദേശത്തേക്കും മടങ്ങാൻ ആഗ്രഹിക്കുകയും ചെയ്യുന്ന താൽക്കാലിക പ്രവാസിസമൂഹ ത്തെയാണ് കാണാൻ കഴിയുന്നത്. ഈ വിഭാഗക്കാർക്കു നയിക്കേണ്ടി വരുന്ന ദുരിതപൂർണ്ണമായ ജീവിതവും അടിമത്തസാഹചര്യങ്ങളും അവരെ മാതൃഭാഷയിലേക്ക് കൂടുതലായി അടുപ്പിക്കുന്നു.

### 5.1.3. ഭാഷാ സംഘർഷങ്ങൾ- പ്രവാസകൃതികളിൽ

വ്യത്യസ്ത സാംസ്ക്കാരികപരിസരങ്ങളിൽ തന്റെ സ്വത്വത്തെ മാറ്റിപ്രതിഷ്ഠിക്കുന്ന പ്രവാസി തന്റെ നഷ്ടദേശത്തോടും ഭാഷയോടും എങ്ങനെ പ്രതികരിക്കുന്നു എന്നതു നിർണ്ണായകമാണ്. വികാരങ്ങൾ പ്രകടിപ്പിക്കാനുള്ള മനുഷ്യന്റെ ശക്തമായ വിനിമയോപാധി മാതൃഭാഷയായതിനാൽ മരുഭൂമിയിലെ ഏകാന്തതൊഴിലിടങ്ങളിൽ അധിവസിക്കേണ്ടി വന്നവർക്കാണ് ഭാഷാനഷ്ടം എന്ന വലിയ പ്രതിസന്ധിയെ നേരിടേണ്ടിവന്നത്. "നാടുകടത്തപ്പെട്ട ഒരാൾക്ക് ആദ്യം സ്വന്തംവേരുകളും പിന്നീട് ഭാഷയും കൈമോശം വരുന്നതായി ചൂണ്ടികാണിക്കപ്പെട്ടിട്ടുണ്ട്. ഭാഷയെപ്പറ്റി പറയുകയാണെങ്കിൽ ഒരെണ്ണം നഷ്ടപ്പെടുന്നത് വേറൊന്ന് നേടാൻ വേണ്ടി ആയികൂട്ടായ്കയില്ല."[4] കുടുംബത്തെ കരകയറ്റാനായി നാടുകടക്കേണ്ടി വന്ന പ്രവാസിക്ക് അപരിചിതങ്ങളായ തൊഴിൽമേഖലകളിലേക്കും വന്യമായ മരുഭൂമിയിലേക്കുമാണ് പ്രവേശിക്കേണ്ടി വന്നത്. "ആകാശം കാണാതെയുള്ള ജീവിതവും ജീവൻപോലും ബന്ദിയാക്കപ്പെടുന്ന അവസ്ഥകളും ഗൾഫ്മലയാളി കുടിയേറ്റ ജീവിതത്തിലുണ്ട്."[5] 'ആടുജീവിത'വും 'അറേബ്യയിലെ അടിമ'യും ഇതിന്റെ നേർസാക്ഷ്യങ്ങളായ നോവലുകളാണ്.

അടിമയ്ക്കുതുല്യമായ തൊഴിലെടുപ്പിൽ അന്യഭാഷപോലും അപ്രസക്തമാകുന്നിടത്ത് വെറുപ്പിന്റെ ഭാഷമാത്രമാണ് പ്രവാസിക്ക് അറേബ്യയിൽ അഭിമുഖീകരിക്കേണ്ടി വരുന്നത്. ചുരുക്കത്തിൽ ഭാഷതന്നെ ആവശ്യമില്ലാത്ത മൃഗാവസ്ഥയ്ക്കു സമാനമായ ലോകമാണത്. "അർബാബിന് എന്റെ പേര് അറിയാമോ എന്നുപോലും എനിക്കു സംശയമായിരുന്നു.

അതിനുമുൻപ് ഹിമാർ എന്നും ഇന്തി എന്നും മാത്രമേ അർബാബ് എന്നെ വിളിച്ചിട്ടുള്ളൂ."[6] ഇത്തരം സാഹചര്യത്തിൽ "വേരുകൾനഷ്ടപ്പെട്ട ഒരാളെ സംബന്ധിച്ചിടത്തോളം ബാക്കിയുള്ള ഒരേയൊരുവിശ്വാസത്തിന്റെ അട യാളമാണ് ഭാഷ. ഭാഷയിലൂടെ താൻ സൃഷ്ടിച്ചെടുത്ത യാഥാർത്ഥ്യമാണ് അയാളുടെ നിലനില്പ്പിന്റെ അടിസ്ഥാനം. അതിലൂടെയാണ് അയാൾ ബാഹ്യയഥാർത്ഥ്യത്തിന്റെ അപരിചിതത്വത്തെ മറികടക്കുന്നത്."[7]

### 5.1.3.1 മാതൃഭാഷ ദേശനഷ്ടത്തെ പ്രതിരോധിക്കുന്നു

"നിങ്ങളുടെ പാദങ്ങൾ എവിടെയോ അവിടെയാണ് നിന്റെ വീട്. നിന്റെ ഹൃദയവും അവിടെയായിരിക്കാം"[8] ('Home is where your feet are, and may your heart be there too'). പ്രവാസിയെസംബന്ധിച്ചിടത്തോളം അയാൾ കാലുകൾ മാത്രമാണ് പ്രവാസദേശത്ത് ഉറപ്പിക്കുന്നത്. മനസ്സ് എപ്പോഴും സ്വന്തം നാട്ടിലോ വീട്ടിലോ ആയിരിക്കും. ഇതാണ് അയാളെ അലട്ടുന്ന മുഖ്യപ്രതിസന്ധിയും. എങ്കിലും എവിടെയാണോ പ്രവാസി കാലൂന്നിയി രിക്കുന്നത് അവിടെ തന്റെ സ്വന്തംദേശം സൃഷ്ടിച്ചെടുക്കാൻ അയാൾ ശ്രമി ക്കുന്നുണ്ട്. അതു ചിലപ്പോൾ വൈകാരികമായി പുതിയ ഭൂമിയെ സ്വാഗതം ചെയ്യാനുള്ള പ്രാപ്തി നേടിയെടുക്കുന്നതിനു വേണ്ടിയാവാം. പ്രതി കൂലസാഹചര്യത്തിൽ അതിജീവനോപാധി എന്നനിലയിൽ സാങ്കല്പിക മായ ജന്മദേശം അവൻ അന്യനാട്ടിൽ സൃഷ്ടിച്ചെടുക്കുന്നുണ്ട്. അതിനു ദാഹരണമാണ് 'ആടുജീവിതം'.

ഒറ്റപ്പെട്ട മസറജീവിതത്തിൽ മനുഷ്യൻ എന്ന പരികല്പനപോലും അസാധ്യമായി അസ്തിത്വതകർച്ച എന്ന അവസ്ഥയെ നേരിട്ടുകൊണ്ടിരി ക്കുന്ന നജീബ് തന്റെ നഷ്ടസ്വത്വത്തെ തിരിച്ചുപിടിക്കാനുള്ള അവ

സാനശ്രമത്തിന്റെ ഭാഗമായാണ് ആടുകളുമായി ആശയവിനിമയം നടത്തുന്നത്. അവരുമായി മാതൃഭാഷയിൽ സംസാരിച്ച് വികാരങ്ങളെ പുറത്തുവിടുന്ന നജീബ് ആന്തരികസംഘർഷങ്ങളിൽ നിന്ന് താൽക്കാലികമായി വിടുതൽ പ്രാപിക്കുന്നു. "ആവശ്യത്തിനു വാക്കുകളെ പുറത്തുവിടുക എന്നതാണു മനസ്സിന്റെ ഏറ്റവും വലിയ സ്വസ്ഥത. അല്ലാത്തവൻ വാക്കുകളെ വിഴുങ്ങി വിഴുങ്ങി ചാവും. ഞാനും അങ്ങനെ ചാവേണ്ടവനാണ്. എന്നാൽ എന്റെ പോച്ചക്കാരി രമണിയോടും എന്റെ മേരി മൈമുനയോടും എന്റെ കൗസുവിനോടും എന്റെ അമ്പുറാവുത്തറിനോടും പറഞ്ഞ കഥകളിലൂടെയാണ് വിഴുങ്ങിയ വാക്കുകളെ ഞാൻ ഛർദ്ദിച്ചു കളഞ്ഞത്."[9]

അർബാബ് എന്ന ഉടമയെയല്ലാതെ ഒരു മനുഷ്യനെപ്പോലും കാണാനാകാത്ത മരുഭൂമിയിലെ ഒരു തുരുത്തിൽ ഒറ്റപ്പെട്ടുപോയവന്റെ, ആത്മസംഘർഷങ്ങളാണ് ഇവിടെ ആവിഷ്ക്കരിക്കുന്നത്. അപരനെകാണുക എന്നതുതന്നെ സ്വപ്നമായി മാറുന്ന മസറജീവിതത്തിൽ മൃഗാവസ്ഥയിലേക്ക് വഴുതികൊണ്ടിരിക്കുന്ന വ്യക്തിസ്വത്വത്തെ നിലനിർത്തേണ്ടത് നജീബിന്റെ അനിവാര്യതയായിരുന്നു. അതിനയാൾ കണ്ടെത്തുന്ന മാർഗ്ഗങ്ങളിലൊന്നാണ് മാതൃഭാഷ.

"നടക്കുമ്പോഴും കറക്കുമ്പോഴും തൊട്ടി നിറയ്ക്കുമ്പോഴും പോച്ച കൊടുക്കുമ്പോഴുമെല്ലാം ഞാൻ അവറ്റകളോട് എന്റെ ഏറ്റവും പ്രിയപ്പെട്ടവരോടെന്നപ്പോലെ വർത്തമാനം പറഞ്ഞുകൊണ്ടേയിരുന്നു. അതിലെന്റെ കണ്ണീരും അതിലെന്റെ വേദനയും അതിലെന്റെ യാതനയും അതിലെന്റെ വികാരങ്ങളും അതിലെന്റെ സ്വപ്നങ്ങളും ഉണ്ടായിരുന്നു."[10]

സ്വന്തം നാടുംവീടുമായി മസറയെ സങ്കല്പിക്കുകയും അതിലൂടെ

തന്നിലുറഞ്ഞുപോയ വികാരങ്ങളെ, ഓർമ്മകളെ, മാനവികതയെ പുനര വതരിപ്പിക്കുകയും ചെയ്തുകൊണ്ടാണ് തന്റെ സ്വത്വത്തെ നജീബ് തിരിച്ചു പിടിക്കുന്നത്. "തനിനാടൻ പേരുകളിൽ തുടങ്ങി ജഗതിയും മോഹൻലാലും, സാക്ഷാൽ ഇ.എം.എസും വരെ എന്റെ മസറയിൽ ഉണ്ടായിരുന്നു."[11] തന്റെ മകനെ ചേർത്തുപിടിക്കാനുള്ള വെമ്പൽ ശക്തമാകുമ്പോൾ അച്ഛനെന്ന വികാരത്തെ നജീബ് പുറത്തുവിടുന്നത് മകനു ഇടാൻ വെച്ച നബീൽ എന്ന പേര് കൺമുന്നിൽ ജനിച്ചുവീണ ആട്ടിൻകുഞ്ഞിന് ഇട്ടുകൊണ്ടാണ്."[12]

"വാക്കുകൾ നമ്മുടെയുള്ളിൽ കിടന്നു പരൽമീനുകളെപ്പോലെ പിട യ്ക്കും. പങ്കുവയ്ക്കപ്പെടാനാവാത്ത വികാരങ്ങൾ വിങ്ങുകയും പതയുകയും വായിൽനിന്നു നുരയുകയും ചെയ്യും."[13] ആന്തരികസംഘർഷങ്ങൾ ശക്ത മായി അലയടിച്ച് ജീവിതം ദുസ്സഹമാകുന്നിടത്ത് താൽക്കാലികമായെങ്കിലും അതിൽനിന്നു വിടുതൽപ്രാപിക്കാനുള്ള കച്ചിത്തുരുമ്പായി മാതൃഭാഷ മാറുന്ന കാഴ്ചയാണ് ആടുജീവിതം പങ്കുവയ്ക്കുന്നത്.

### 5.1.3.2. അറേബ്യൻപ്രവാസികൾ നേരിടുന്ന ഭാഷാനഷ്ടം എന്ന പ്രതിസന്ധി

ദേശത്തോടൊപ്പം തന്നിൽനിന്നും അടർത്തിമാറ്റപ്പെട്ട ഭാഷ പ്രവാ സിയുടെ സ്വത്വസംഘർഷങ്ങളുടെ പ്രധാന ഭൂമികയാണ്. മറ്റു വി ദേശകുടിയേറ്റക്കാരിൽനിന്നും അറേബ്യൻപ്രവാസി വ്യത്യസ്തനാ കുന്നതിവിടെയാണ്.

"തിരിച്ചെത്താനാകുമെന്ന പ്രതീക്ഷനഷ്ടപ്പെട്ടുകഴിഞ്ഞ നാടിനെ അവിദഗ്ധനും അശിക്ഷിതനുമായ പ്രവാസിക്ക് തിരിച്ചുപിടിക്കാൻ അതി ലൂടെ തന്റെ സ്വത്വത്തിന്റെ അനുഭവങ്ങളിൽ മുഴുകാൻ ഭാഷമാത്രമാണ്

വഴിയെന്നാണു ബന്യാമിൻ പറയുന്നത്. പ്രവാസി എഴുതുന്നതിൽ പ്രതിഫലിക്കുന്നതും ആ സ്വത്വകാംക്ഷയും ജന്മദേശകാംക്ഷയുമാണ്."[14]

'അറേബ്യയിലെ അടിമ' എന്ന നോവലിലെ ഉണ്ണി എന്ന കഥാപാത്രം മാതൃഭാഷാനഷ്ടം എന്ന തീവ്രവ്യഥ പേറുന്ന അറേബ്യൻപ്രവാസിയുടെ പ്രതിരൂപമാണ്. കേരളത്തിൽ നിന്ന് കുടുംബത്തെ സാമ്പത്തികമായി കരകയറ്റുക എന്ന വലിയ ഉത്തരവാദിത്ത്വം ഏറ്റെടുക്കേണ്ടിവന്ന ഉണ്ണി ഭാര്യയുടേയും അമ്മയുടേയും നിർബന്ധത്തിനു വഴങ്ങി അറേബ്യയിലേക്കു നാടുകടത്തപ്പെട്ടവനാണ്. ഗൾഫിലെ മനോഹരമായ ജീവിതവും ജോലിയും സ്വപ്നം കണ്ട് കടൽകടന്ന ഉണ്ണി ചെന്നെത്തിയത് സ്വപ്നത്തിൽപോലും കടന്നുവരാത്ത അടിമജീവിതം എന്ന യാഥാർത്ഥ്യത്തിലേക്കാണ്. ഉടമയുടെ ക്രൂരതയും വന്യമായജീവിതവും രക്ഷപ്പെടാനാവാത്ത തൊഴിലിടവും ഉണ്ണിയെ മനുഷ്യനല്ലാതാക്കി. സമയമോകാലമോ പോയതറിയാതെ കാലദേശ സംസ്കാരങ്ങളന്യമായ പ്രാകൃത സ്വത്വമായി ഉണ്ണി മാറി. "ഉണ്ണി സംസാരിച്ചു തുടങ്ങിയതോടെ ആബ്ദീൻ പലപ്പോഴും വെട്ടിലായി. ഇരുപതു വർഷം മുൻപുള്ള ഗതിയാണ് പറയുന്നത്. കാലചക്രം മാറിയതും വർത്തമാനകാലവും ഉണ്ണിയുടെ ചിന്തയിലില്ല."[15] ഇരുപതു വർഷത്തെ കഠിനമായ അടിമ ജീവിതംകൊണ്ട് മാതൃഭാഷപോലും ഉണ്ണി മറന്നുപോയി. "ഇരുപതുവർഷമായി മരുഭൂമിയിലാണെന്നും മലയാളികളെ ആരെയും കാണാത്തതുകൊണ്ടും മലയാളം സംസാരിക്കാത്തതിനാലും താൻ മലയാളം മറന്നു പോയതായി സൂരിയോട് ഉണ്ണി തുറന്നുപറഞ്ഞു."[16]

ഒരു മലയാളിയെപ്പോലും കാണാനാകാതെ ഭാഷാവ്യഥ അനുഭവിക്കുന്ന ഒരുകൂട്ടം പ്രവാസികളെ ഉണ്ണി പ്രതിനിധീകരിക്കുന്നു. വിശപ്പുപോലെ അസഹ്യമായ ഭ്രാന്തമായ ആവേശമാണ് നഷ്ടമായ മാതൃഭാഷയോട് ഉണ്ണി

യ്ക്കുള്ളത്. "എനിക്ക് വായിക്കാൻ കഴിയുന്നില്ല. മറന്നു.... മറന്നു.... അയാൾ ഒച്ചയെടുത്തു വിലപിച്ചു. ആദ്യമായി ഉണ്ണിയിൽ അരിശം ഉടലെടുത്തു കണ്ടതും അപ്പോഴാണ്. ഭ്രാന്തനെപ്പോലെ തലമാന്തിപ്പറിച്ചു. വ്രണങ്ങളും വട്ടച്ചൊറികളും പൊട്ടി രക്തമൊലിച്ചു."[17] തൊഴിലിടങ്ങളിലെ അടിമത്താവസ്ഥകൾ മനസ്സിനെയും ശരീരത്തെയും മൃഗതുല്യമായ മറ്റൊരവസ്ഥയിലെത്തിച്ചപ്പോഴും ഉണ്ണിയുടെ ഉപബോധമനസ്സിൽ ദേശവും ഭാഷയും ഉറങ്ങികിടന്നിരുന്നു. അടിച്ചമർത്തിയ ഈ വികാരങ്ങളുടെ പൊട്ടിത്തെറിയാണ് അക്ഷരങ്ങൾ മറന്ന ഉണ്ണിയിൽ സംഭവിച്ചത്. "....... ഉണ്ണി ലാഘവത്തിൽ പത്രത്തിലേക്കു നോക്കി. പിന്നെ നെഞ്ചിടിപ്പോടെ തുറിച്ചുനോക്കി. സ്മൃതിനാശരോഗത്തിന് അടിമപ്പെട്ടവനെപ്പോലെ തപ്പിതടഞ്ഞു. മുഖം നിരാശാജനകമായി വിളറി. ഉണ്ണി വീണ്ടും വായിക്കാനുള്ള ശ്രമത്തിനായി അക്ഷരങ്ങളിലേക്കു ദൃഷ്ടി തറച്ചു. പക്ഷെ കഴിയുന്നില്ല. അക്ഷരങ്ങൾക്കു സ്മൃതിനാശം."[18]

ഭാഷ മറന്നുപോയ ഉണ്ണി പ്രവാസിന്യൂനപക്ഷങ്ങൾ അനുഭവിക്കുന്ന ഭീകരമായ അടിമത്തത്തിനു ദൃഷ്ടാന്തമാണ്. രക്ഷപ്പെടാനാകാതെ മരുഭൂമിയിലെ വന്യമായ തുരുത്തുകളിൽ പീഡനങ്ങൾ ഏറ്റുവാങ്ങി മനസ്സും ശരീരവും മരവിക്കുന്ന, ദേശവും ഭാഷയും മറന്നുപോകുന്ന പ്രവാസിസ്വത്വത്തെ അടയാളപ്പെടുത്തുന്ന കൃതികൾ ഇരപ്രവാസത്തിന്റെ (Victum Diaspora) ഉത്തമ സാക്ഷ്യങ്ങളാണ്.

### 1.3.3. ബഹുസാംസ്കാരികത വഴിയായി സംഭവിക്കുന്ന ഭാഷാപരമായ സംഘർഷങ്ങൾ

അന്യദേശസാംസ്കാരികതയിൽ ജീവിക്കേണ്ടി വരുന്നതും അന്യദേ

ശഭാഷക്കാരുമായി താമസസ്ഥലത്തും തൊഴിലിടങ്ങളിലും ഇടപഴകേണ്ടി വരുന്നതും പ്രവാസികൾക്ക് വലിയ വെല്ലുവിളിതന്നെയാണ്. 'ഒരു തക്കാളി കൃഷിക്കാരന്റെ സ്വപ്നങ്ങളി'ലും 'ബർസ'യിലും ബഹുസാംസ്കാരികത യിൽ പുലരേണ്ടി വരുന്ന പ്രവാസികൾക്കു സംഭവിക്കുന്ന ഭാഷാപരമായ സംഘർഷങ്ങളെ അടയാളപ്പെടുത്തുന്നു. "ഭാഷയെന്നതു വെറും യാന്ത്രി കമായ ഉപകരണമല്ല. അതിജീവനത്തിന്റെ സാധ്യതകൾ ഉൾകൊള്ളുന്ന ചരിത്രാവസ്ഥയാണത്."[19] ഭാഷയുടെ പ്രാധാന്യം മനസ്സിലാക്കുന്നതുകൊ ണ്ടാണ് 'ബർസ' യിലെ സബിത അന്യനാട്ടിൽ വളരേണ്ടിവരുന്ന കുഞ്ഞു ങ്ങളുടെ ഭാവിയെയോർത്ത് വ്യാകുലപ്പെടുന്നത്. റഷീദും സബിതയും തമ്മിൽ നടത്തുന്ന സംഭാഷണം ഇതു വ്യക്തമാക്കുന്നുണ്ട്. മക്കയിൽ പ്ലേസ്കൂളുകളും നഴ്സറികളുമുണ്ടല്ലോ എന്ന ചോദ്യത്തിന് സബിത നൽകുന്ന മറുപടി ശ്രദ്ധേയമാണ്. "അറബ് നഴ്സറിയോ, അതോ ഉറുദു നഴ്സറിയോ? അതുപറ്റില്ല റഷീദ്. അവൻ ആദ്യം മലയാളം പഠിക്കട്ടെ. എന്നിട്ടുമതി അന്യഭാഷകളൊക്കെ."[20]

സാംസ്കാരികത്തകർച്ച എന്ന വലിയവിപത്ത് തങ്ങളുടെ കുഞ്ഞു ങ്ങൾക്ക് നേരിടേണ്ടിവരുമോ എന്ന ഭയമാണ് സബിതയെകൊണ്ടിങ്ങനെ പറയിക്കുന്നത്. മാതൃഭാഷയുടെ മാധുര്യവും മാനവികതയും അന്യനാ ട്ടിലെ ബഹുസാംസ്കാരിക ചുറ്റുപാടുകളിൽ കുഞ്ഞിനു നഷ്ടമായാലു ണ്ടാകുന്ന ഭവിഷ്യത്തുകൾ സബിത തിരിച്ചറിയുന്നുണ്ട്. ഭാഷാപരമായ സംഘർഷങ്ങളാണ് തിരിച്ചുപോക്കിന്റെ ഒരു കാരണമായി സബിത മുദീർ അയാദയുമായി പങ്കുവയ്ക്കുന്നത്. "ഭാഷയുടെ പ്രശ്നങ്ങളുണ്ട് ഡോക്ടർ. ഞങ്ങളുടെ പ്രാദേശികഭാഷ... അവനത് നഷ്ടപ്പെടരുതെന്നുണ്ട്."[21] ഭാഷ യുടെയും സ്വത്വത്തിന്റെയും തകർച്ച ഒരു വംശത്തിന്റെ തകർച്ച തന്നെ

യെന്ന തിരിച്ചറിവാണ് സബിതയെ ഉയർന്നസാമ്പത്തികനേട്ടം കൈവരിക്കാനുതകുന്ന തൊഴിലിൽനിന്നും പിന്തിരിഞ്ഞ് നാട്ടിലേക്കു മടങ്ങാൻ പ്രേരിപ്പിക്കുന്നത്.

ഇതേ സ്വത്വപ്രശ്നങ്ങൾ തന്നെയാണ് "ഒരു തക്കാളി കൃഷിക്കാരന്റെ സ്വപ്നങ്ങളിലും കാണുന്നത്." കൗസറും ഫാറൂക്കും മസൂൽ മുസ്തഫയുമെല്ലാം ബംഗ്ലാദേശികൾ. മലയാളം മാത്രമറിയാവുന്ന ഞാനെങ്ങനെ അവരോട് എന്തെങ്കിലും പറയും? പറഞ്ഞാൽ തന്നെ അവർക്കു വല്ലതും മനസ്സിലാവുമോ."[22] ബഹുസ്വരതയിൽ ജീവിക്കേണ്ടി വരുന്ന ഏതൊരു പ്രവാസിയും നേരിടുന്ന പ്രതിസന്ധിയാണത്. അസീസ് അതിനെ മറികടക്കുന്നത് മണലാരണ്യങ്ങളിൽ ഉപേക്ഷിക്കപ്പെട്ട അസ്ഥിപഞ്ചരത്തോട് സങ്കടങ്ങൾ പങ്കുവെച്ചുകൊണ്ടാണ്. വികാരങ്ങളും സ്വപ്നങ്ങളും പൂർണ്ണതയിൽ പങ്കുവെയ്ക്കാൻ മാതൃഭാഷയല്ലാതെ മറ്റൊന്നും സാധ്യമല്ലാതെ വരുന്ന ഘട്ടത്തിലാണ് അസ്ഥിപഞ്ചരത്തിന് സുലൈമാനെന്ന് പേരിട്ട് അസിസ് അതിനെ തുണയാക്കുന്നത്. "ആരോടും ഒന്നുംപറയാനില്ലാതെ നരച്ചുകിടക്കുന്ന അന്തരീക്ഷവുമായി പൊരുത്തപ്പെട്ട് നാടിനെകുറിച്ചോർത്ത് ദിവസങ്ങളിങ്ങനെ തള്ളിനീക്കുമ്പോൾ നിന്റെസാന്നിദ്ധ്യം മാത്രമാണ് എനിക്കുള്ള ഏക ആശ്വാസം."[23]

പ്രവാസിന്യൂനപക്ഷം അനുഭവിച്ചുപോരുന്ന രൂക്ഷമായ പ്രതിസന്ധിയാണത്. "ഈ മണലാരണ്യത്തിന്റെ നടുവിൽ, ഒറ്റപ്പെടലിന്റെ മൂർദ്ധന്യത്തിൽ മനോനില തെറ്റാതിരിക്കാൻ, ഭ്രാന്തമായ അവസ്ഥയിൽ ചെന്നുവീഴാതിരിക്കാൻ എന്റെ സൂലൈമാനേ, നീയെങ്കിലും എനിക്കരികിലുണ്ടല്ലോ."[24] പാർശ്വവത്ക്കരിക്കപ്പെട്ട ന്യൂനപക്ഷത്തിന്റെ അതിജീവനസമ

രത്തിന്റെ ഭാഗമായി വായിക്കപ്പെടേണ്ടതാണ് ഭാഷയിലൂടെയുള്ള ഇത്തരം ചെറുത്തുനിൽപ്പുകൾ.

ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവപോലെ മനുഷ്യാസ്തിത്വത്തെ നിലനിർത്തിപ്പോരുന്ന അടിസ്ഥാനഘടകം തന്നെയാണ് ഭാഷയും. ഇവയിലെ തനിമയെ തകർക്കാനായാൽ ഒരുജനതയെ തകർക്കാനാവും. ഒരു ജനതയുടെ സ്വത്വബോധത്തെയും സംസ്കാരത്തെയും അടയാളപ്പെടുത്തുന്ന ശക്തമായ മാധ്യമമാണ് മാതൃഭാഷ. ഈ മാതൃഭാഷയ്ക്കുപകരം സ്വീകരിക്കേണ്ടിവരുന്ന ഭാഷയും അറേബ്യൻ പ്രവാസികൾക്ക് അന്യമാകുന്നിടത്താണ് പ്രാന്തവത്കൃതവിഭാഗത്തിന്റെ ദൈന്യത വ്യക്തമാകുന്നത്.

### 5.1.3.4 അതിജീവന ഭാഷ (അറബി)യിൽ നിന്നും അന്യമാക്കപ്പെട്ട പ്രവാസി ന്യൂനപക്ഷങ്ങളുടെ സംഘർഷങ്ങൾ

അറബിഭാഷയ്ക്കു പുറത്താണ് സാങ്കേതികജ്ഞാനം കുറവായ പ്രവാസികളുടെ ഇടം നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. ഭാഷയിലും സംസ്കാരത്തിലും കീഴാളജനത എന്ന നിലയ്ക്കാണ് അറബ് മേലാളവർഗ്ഗം പ്രവാസികളോട് ഇടപഴകിയതും അവരെ അടയാളപ്പെടുത്തിയതും. ചുരുക്കത്തിൽ അദ്ധ്വാനിക്കുന്ന മൃഗം എന്ന മേൽവിലാസമാണ് അറേബ്യൻ പ്രവാസികൾക്കുള്ളത്. ഈ സാംസ്കാരികപശ്ചാത്തലത്തിൽ ഭാഷാനിപുണത എന്നത് ഒരു പ്രവാസിയെ സംബന്ധിച്ചിടത്തോളം അർത്ഥരഹിതമാണ്. ആടുജീവിതത്തിലെ നജീബിന്റെ വാക്കുകൾ ഇവിടെ നിർണ്ണായകമാണ്. “എനിക്കറിയാവുന്ന വാക്കുകൾ അത്രയും ഓർത്തുകഴിഞ്ഞപ്പോഴാണ് എനിക്കറിയാത്തതും എന്നാൽ അറിയേണ്ടുന്നതുമായ വാക്കുകളാണല്ലോ കൂടുതൽ എന്നു ഞാനറിയുന്നത്. കേൾക്കുക, ഗോതമ്പ്, പാത്രം, ടാങ്ക്,

കാറ്, തോക്ക്, മരുഭൂമി, ഉടുപ്പ്, കുളി, തൂറൽ, വയറിളക്കം, അടി, ദേഷ്യം, ശകാരം, കൂടാരം പിന്നെ ഒട്ടനവധി ക്രിയാപദങ്ങളും."[25] ഈ വാക്കുകൾ ശ്രദ്ധിച്ചാൽ അറബ്സമൂഹം ഒരു പ്രവാസിക്കു നൽകുന്ന സ്ഥാനത്തെ നിർണ്ണയിക്കാനാകും. "ഞാനിവിടെ പറഞ്ഞ അറബിവാക്കുകളുടെ ഒക്കെ ഉച്ചാരണവും അർത്ഥവുമൊക്കെ ഇങ്ങനെത്തന്നെയാണോ എന്നു നിങ്ങളിലെ അറബിവിദഗ്ദ്ധൻ സംശയമുന്നയിച്ചാൽ, സത്യത്തിൽ എനിക്കറിയില്ല എന്നതാണ് എന്റെ ഉത്തരം. ഞാനവയെ അങ്ങനെയാണു കേട്ടത്. ഞാനവയെ അങ്ങനെയാണു മനസ്സിലാക്കി പഠിച്ചത്. ആ ശബ്ദങ്ങളിൽനിന്ന് അതിനൊരർത്ഥവും കല്പിച്ചെടുക്കാൻ എനിക്കു കഴിഞ്ഞു. അതുകൊണ്ട് എന്നെ സംബന്ധിച്ചിടത്തോളം അതാണ് ശരിയായ വാക്ക്, ശരിയായ ഉച്ചാരണം."[26] ഒരു പ്രവാസി വിദേശഭാഷയെ അറിയുന്നതിന്റെ രീതിശാസ്ത്രമാണിവിടെ വ്യക്തമാകുന്നത്. യാതൊരു അവകാശങ്ങളോ നിയമപരിരക്ഷയോ ഇല്ലാതെ ഭാഷയെന്ന അതിജീവനമാധ്യമംപോലും നേരാംവണ്ണം നിഷേധിക്കപ്പെട്ട അടിസ്ഥാന ജനത.

ഇവർക്ക് സ്വത്വത്തെ പരിക്കേൽപ്പിക്കുന്ന ഭാഷാപ്രയോഗങ്ങളാണ് തൊഴിലിടങ്ങളിൽ നേരിടേണ്ടി വന്നത്. ഇതു മാതൃഭാഷയ്ക്കായുള്ള ദാഹത്തെ പെതരുപ്പിക്കുകയും ദൃഢീകരിക്കുകയും ചെയ്തു. ഭാഷയറിയാത്ത പ്രവാസിയുടെ മനോവേദന ആടുജീവിതം കൃത്യമായി അടയാളപ്പെടുത്തുന്നുണ്ട്. "പാൽപ്പാത്രം തിരിച്ചുതന്നിട്ട് അർബാബ് എന്നോട് എന്തോ ചോദിച്ചു. പതിവുപോലെ എനിക്കൊന്നും മനസ്സിലായില്ല. ചോദിച്ചകാര്യം എനിക്കൊന്നു മനസ്സിലാക്കിതരാൻ അർബാബ് ആവുന്ന പണിയൊക്കെ അറബിയിൽ നോക്കി. എന്റെ തലയിൽ അതിന്റെ ഒരു രശ്മി പോലും കടന്നുചെന്നില്ല. അർബാബ് ദേഷ്യംകൊണ്ടു നിലത്തു ചവിട്ടി.

അപ്പോൾമാത്രം അതുവരെ ഞാൻ മനസ്സിൽ കടിച്ചുപിടിച്ചിരുന്ന സങ്കടം കണ്ണീരായി പുറത്തുചാടി. ഞാൻ അർബാബിന്റെ മുന്നിൽനിന്നു പൊട്ടി ക്കരഞ്ഞു."[27]

ഉടമ അടിമയിലേക്ക് പ്രേക്ഷണം ചെയ്യുന്ന ഭാഷ വെറുപ്പിന്റെ ഭാഷ യാണ്. ഉടമയെന്ന അധികാരരൂപം ഭാഷയ്ക്കുള്ളിൽ തീർക്കുന്ന കർതൃത്വ മാണ് അടിമകളോടുള്ള സംഭാഷണത്തിൽ തെളിയുന്നത്. അതിലൂടെ വാക്കുകൾക്ക് മറ്റൊരു അർത്ഥതലം കൈവരുന്നു. ആടുജീവിതത്തിലെ നജീബ് ഉടമയിൽനിന്നും കേട്ടവാക്കുകൾക്ക് മറ്റൊരുതലം മെനഞ്ഞെടു ക്കുന്നത് ഈ അടിസ്ഥാനത്തിലാണ്. "ലാ-ഇല്ല, ജീഹാം-ശരി, അർബാബ്, യാഅള്ളാ-പോയി തൊലയ്..., മസറ-ആടുകളുടെ കിടപ്പാടം, ഖുബ്ബൂസ്- എനിക്കവിടെ കിട്ടാവുന്ന ഒരേയൊരു ആഹാരം, മായിൻ- ഏറ്റവും ദുർലഭവും വളരെ സൂക്ഷിച്ച് ഉപയോഗിക്കേണ്ടതുമായ ഒരു ദ്രാവകം."[28]

ഭാഷകൾ അന്യമായ പ്രവാസിലോകത്തെക്കുറിച്ചാണ് 'അറേബ്യ യിലെ അടിമ'യും ചർച്ച ചെയ്യുന്നത്. തൊഴിലിടങ്ങളിൽ ഉണ്ണിക്ക് ഉടമ യിൽനിന്നും നേരിടേണ്ടിവന്നത് മർദ്ദനത്തിന്റെയും വെറുപ്പിന്റെയും ഭാഷ യാണ്. "നിവർന്നു നിൽക്കാൻ കഴിവില്ലാത്ത ഉണ്ണിയുടെ മുഖത്തും നെഞ്ചിലും മർദ്ദിച്ചു. പിന്നെ ആനക്കാലുയർത്തിതൊഴിച്ചു. പിന്നെ മുഖ ത്തേക്കു കാർപ്പിച്ചുതുപ്പി. കൽബ്..... കൽബ് എന്നു കൂകിവിളിച്ചു."[29] തനിക്കു ചെയ്യേണ്ട പണിയെന്താണെന്നു ഉണ്ണി മനസ്സിലാക്കുന്നതു ഉടമ യുടെ ഈ ചെയ്തികളിൽ നിന്നാണ്. ഹിന്ദി മുക്ക് മാഫി- ബുദ്ധിയില്ലാത്ത ഇന്ത്യാക്കാരൻ. താൽഹിമാർ- വാടേ നായേ, കുല്ലു ഹിന്ദി ഹറാമി- എല്ലാ ഇന്ത്യാക്കാരും കൊള്ളരുതാത്തവർ, കൽബ്- പട്ടി.[30] മൂന്നാംലോകരാജ്യ ക്കാർ നേരിടേണ്ടിവരുന്ന ഭാഷാപ്രയോഗങ്ങളാണിവ. അദ്ധ്വാനിക്കുന്ന മൃഗ

ങ്ങളായിമാത്രം മൂന്നാംലോകരാജ്യപ്രവാസികളെ കാണുന്ന അറേബ്യൻ മേലാളവർഗ്ഗത്തിന്റെ ചൂഷണതന്ത്രമാണിവിടെ വ്യക്തമാകുന്നത്. അർബാബ് എന്ന കർതൃത്വമാണ് എല്ലാം നിയന്ത്രിക്കുന്നത്. ജീവിക്കണമോ വേണ്ടയോ എന്നു തീരുമാനിക്കുന്നതും അയാൾതന്നെ. രക്ഷകൻ എന്നർത്ഥമാണ് അർബാബ് എന്ന പദത്തിനു യോജിക്കുക എന്ന് നജീബ് പറയുന്നതിന്റെ അടിസ്ഥാനം ഇതാണ്. തൊഴിലാവശ്യപ്പെടുന്ന ചുരുക്കം വാക്കുകൾമാത്രമേ അടിമയ്ക്കു വിനിമയം ചെയ്യേണ്ടതുള്ളൂ. "ഈ വാക്കുകൾകൊണ്ട് അർബാബ് പറയുന്നത് എനിക്കു മനസ്സിലായി. ഞാൻ പറയുന്നത് അർബാബിനും. അതിനപ്പുറം ഭാഷാനിപുണത മറ്റൊരു സഹായവും എനിക്കു ചെയ്തില്ല."[31] ജന്മനാട്ടിൽ അറേബ്യൻ പ്രവാസത്തിന്റെ പേരിൽ അംഗീകാരവും മാന്യതയും കിട്ടുമ്പോൾ അറേബ്യൻദേശങ്ങളിൽ അതേ സ്വത്വംമൂലം കീഴാളനായി- അടിമയായി പരിണമിക്കുന്നതിന്റെ നേർസാക്ഷ്യങ്ങളാണ് ഇത്തരം ഭാഷാപ്രയോഗങ്ങൾ.

### 5.1.3.5 പ്രവാസികൾ അനുഭവിക്കുന്ന ഭാഷാപരമായ ദ്വന്ദ്വസംഘർഷം

ദേശഭാഷ നഷ്ടപ്പെട്ടവരും അന്യഭാഷയിലൂടെ അവഹേളിക്കപ്പെടുന്നവരുമായ പാർശ്വവത്കൃത ജനതയായി പ്രവാസികൾ മാറുന്നു. പാരമ്പര്യത്തെ നിലനിർത്തിപോരുന്ന പ്രാദേശികഭാഷ നഷ്ടപ്പെടുന്നതോടെ അതിജീവനോപാധി എന്ന നിലയിൽ മാത്രമാണ് പ്രവാസിക്ക് അറബിഭാഷ സ്വീകരിക്കേണ്ടി വരുന്നത്. മനം മടുപ്പിക്കുന്ന ഭാഷാ പ്രയോഗങ്ങൾ വലിയ സംഘർഷങ്ങളിലേക്ക് പ്രവാസിയെ തള്ളിയിടുന്നുണ്ട്. ഭാഷയും സംസ്കാരവും മറ്റുഭാഷകളുമായി ബന്ധപ്പെടുമ്പോഴാണ് ദേശത്തെയും സ്വത്വത്തെയും സംബന്ധിച്ചുള്ള പ്രസക്തമായ പ്രശ്നങ്ങൾ ഉടലെടുക്കുന്നത്.

കാരണം അവിടെ സംസ്കാരത്തിന്റെ ഒരു സംക്രമണ ഉൽപാദനം നടക്കുന്നുണ്ട്. പഴമയും പുതുമയും ഒരുമിച്ചു പോരുമ്പോൾ മറ്റൊരു മാനസിക ഘടന പ്രവാസിയുടെ ഉള്ളിൽ രൂപപ്പെടുന്നു.[32] എന്നാൽ അറേബ്യയിലെ അവിദഗ്ധ തൊഴിലാളികൾക്ക് തൊഴിലാവശ്യപ്പെടുന്ന ചുരുക്കം വാക്കുകൾ മാത്രമേ സ്വീകരിക്കേണ്ടിവരുന്നുള്ളൂ. ജീവിക്കാൻ വേണ്ടിമാത്രം ആ ഭാഷയോട് വിധേയത്വം പുലർത്തുന്ന പ്രവാസിക്ക് രണ്ടുഭാഷയും അന്യമാവുകയാണ്. തൊഴിലിടങ്ങളിലെ കർക്കശമായ സമീപനരീതികളും അന്യഭാഷക്കാരുമായുള്ള സമ്പർക്കവും മാതൃഭാഷയ്ക്കായുള്ള പ്രവാസിയുടെ ആഗ്രഹത്തെ പൂർണ്ണമാക്കുന്നു.

ഭാഷപോലെത്തന്നെ പ്രവാസിയുടെ ആന്തരികസംഘർഷങ്ങളിൽ പ്രധാനമാണ് മതപരമായ സംഘർഷങ്ങൾ.

### 5.2. മതം

പ്രകൃതിയുമായി ബന്ധപ്പെട്ട വിശ്വാസങ്ങളിൽനിന്നും പ്രകൃതിശക്തികളെകുറിച്ചുള്ള ഭയത്തിൽനിന്നുമാണ് മതത്തിന്റെ ആവിർഭാവമെന്നു ചരിത്രം പറയുന്നു. മതത്തെപ്പറ്റിയുള്ള സർവ്വസാധാരണമായ നിർവചനം "അതു മനുഷ്യനും ഈശ്വരനും തമ്മിലുള്ള ബന്ധമാകുന്നു എന്നതാണ്...... താനും തന്നെ നിയന്ത്രിക്കുന്നതായി തോന്നുന്ന അനന്തതയും തമ്മിൽ ബന്ധം സ്ഥാപിക്കുക എന്നതാണ് മതത്തിന്റെ സാരം."[33] പിന്നീട് മനുഷ്യന്റെ ഭൗതികമായ ബന്ധങ്ങളെത്തന്നെ മാറ്റിമറിക്കുന്ന നിർണ്ണായകശക്തിയായി മതം നിലകൊണ്ടു. ഒരു സമൂഹത്തിന്റെ ചിന്തകളെയും ജീവിതരീതിയെയും സ്വാധീനിക്കുന്ന നിർണ്ണായക സ്ഥാപനമാണ് ഇന്നു മതം. ഏതൊരു ദേശത്തിന്റെയും വൈവിദ്ധ്യപൂർണ്ണമായ സംസ്കാരത്തിന്റെ അന്തർധാരയായി

മതം വർത്തിക്കുന്നു. രാഷ്ട്രരൂപീകരണത്തിലും രാഷ്ട്രനിയമങ്ങളിലും മത നിയമങ്ങൾ പ്രത്യയശാസ്ത്രധാരയായി നിലകൊള്ളുന്നു.

### 5.2.1 മതവും, പ്രവാസവും

മതം ഓരോ സമൂഹത്തിന്റെയും സാംസ്കാരികതയുമായി അഭേദ്യ മായി ബന്ധപ്പെട്ടു കിടക്കുന്നു. രാഷ്ട്രത്തിനുവേണ്ടിയോ രാഷ്ട്രീയത്തി നുവേണ്ടിയോ മതത്തെയും ജാതിയെയും മനുഷ്യൻ പ്രയോജനപ്പെടു ത്തുന്നു. ദേശങ്ങളെയും സമൂഹബന്ധങ്ങളെയും തമ്മിൽ വേർതിരിക്കുന്ന സൂചകങ്ങളായി മതത്തെ നിലനിർത്തുന്നതും നമുക്ക് കാണാനാകും. സമൂ ഹത്തിന്റെ സ്വത്വചിഹ്നങ്ങളായി മാറുന്ന ഇത്തരം പ്രത്യയശാസ്ത്രങ്ങൾ ദേശമാറ്റത്തോടുകൂടി നഷ്ടമാവുകയോ പ്രശ്നസങ്കീർണ്ണമാവുകയോ ചെയ്യുന്നു. ഇതൊരു യാഥാർത്ഥ്യമായി ഓരോപ്രവാസിയിലും നിലനി ൽക്കുന്നുണ്ട്. ഓരോ രാജ്യത്തിന്റെയും ഭരണഘടന അനുശാസിക്കുന്ന മതനിയമങ്ങൾ വ്യത്യസ്തമായതിനാൽത്തന്നെ ജാതീയമായ വേർതിരി വിൽ, സമൂഹബോധത്തെ അത്രമേൽ സ്വാധീനിക്കുന്നതിനാൽ പ്രവാസി യാണ് ഒരുപക്ഷെ ഏറ്റവും കൂടുതൽ സമ്മർദ്ദങ്ങളനുഭവിക്കുന്നത് എന്നു പറയേണ്ടിവരും. വ്യത്യസ്ത സംസ്കാരങ്ങൾ- പാശ്ചാത്യ പൗരസ്ത്യ അറേബ്യൻ സംസ്കാരത്തിലധിഷ്ഠിതമായ മതസംസ്കാരമാണ് ലോകത്തെമ്പാടുമുള്ളത്. പ്രവാസിയുടെ ജീവിതവും ഈ സംസ്കാരങ്ങ ളിൽ കെട്ടുപിണഞ്ഞു കിടപ്പുണ്ടെന്നു കാണാം.[34]

### 5.2.2 മതം- പ്രവാസികളായ സ്ത്രീപുരുഷന്മാരിൽ ജനിപ്പി ക്കുന്ന വൈരുദ്ധ്യങ്ങൾ

സ്വന്തം ദേശത്തും പരദേശത്തും ഉണ്ടാക്കിയെടുക്കുന്ന മനുഷ്യബ

ന്ധങ്ങളുടെ വ്യത്യസ്തതകളാണ് പ്രവാസസങ്കീർണ്ണതകളുടെ അടിസ്ഥാനം. സ്വകീയം, പരകീയം എന്നീ ദ്വന്ദ്വങ്ങളിലൂടെ വികസിക്കുന്ന വ്യത്യസ്തമാനങ്ങളിലൂടെ വീക്ഷിക്കേണ്ടുന്ന ഒന്നാണ് പ്രവാസം. പ്രവാസാനുഭവങ്ങൾ വീക്ഷണകോണുകൾക്കനുസൃതമായി വ്യത്യസ്തമായ ചിന്തകളും അനുഭവങ്ങളുമാണ് സ്ത്രീപുരുഷന്മാർക്ക് പകരുന്നത്. സ്ത്രീപുരുഷന്മാർ ബാഹ്യലോകത്തെ കാണുന്നതും ഉൾകൊള്ളുന്നതും തമ്മിൽ അന്തരമുണ്ട്. വളർന്നുവന്ന സാഹചര്യങ്ങളും മാനസികനിലയും കണക്കിലെടുക്കുമ്പോൾ പുരുഷപ്രവാസിസമൂഹം അന്യദേശസാംസ്കാരികതയുമായി എളുപ്പത്തിൽ ഐക്യപ്പെടുന്നുണ്ടെന്നു കാണാം. അവയിലെ വൈരുദ്ധ്യങ്ങളെ ചിന്താപരമായി നേരിടുകയും അതുമായി പൊരുത്തപ്പെടാൻ അവനിലെ ജൈവികമായ പൊതുബോധം എളുപ്പത്തിൽ സാധിതമാക്കുകയും ചെയ്യുന്നു. മാത്രമല്ല, ഒരുദേശം പുരുഷനെ വാർത്തെടുത്ത രീതി ശാസ്ത്രത്തിനനുഗുണമായി അന്യദേശത്ത് അവൻ കണ്ടെത്തുന്ന സാംസ്കാരിക പൊതുമണ്ഡലം സങ്കീർണ്ണതകൾ ജനിപ്പിക്കുന്നതല്ല. എന്നാൽ സ്ത്രീലോകമാവട്ടെ അന്യദേശ സംസ്കാരത്തെയും മതത്തെയും മതവിലക്കുകളെയും തികച്ചും വൈകാരികമായി കാണുകയും ചെയ്യുന്നു. അവൾ വളർന്ന സാമൂഹികജീവിതവുമായി തട്ടിച്ചു നോക്കുമ്പോൾ ഉണ്ടാകുന്ന വൈരുദ്ധ്യങ്ങൾ പുരുഷലോകത്തെക്കാൾ അവളിൽ സങ്കീർണ്ണതകൾ ജനിപ്പിക്കുന്നുണ്ട്. മാത്രമല്ല മതപരമായ വിലക്കുകൾ ഏറെയും ഏറ്റുവാങ്ങേണ്ടി വന്നിട്ടുള്ളത് സ്ത്രീകൾക്കാണുതാനും.

### 5.2.3 മതവും സ്ത്രീയും

ഏതൊരു സമൂഹത്തിലും പുരുഷനേക്കാൾ അസ്വാതന്ത്ര്യവും വിലക്കുകളും പരിക്കുകളും ഏൽക്കേണ്ടിവന്ന ന്യൂനപക്ഷസമൂഹമാണ്

സ്ത്രീകൾ എന്നു ചരിത്രം ഓർമ്മപ്പെടുത്തുന്നുണ്ട്. ഏതു ദേശമെടുത്താലും അവിടുത്തെ സമൂഹവും സംസ്കാരവും ചരിത്രവും സാഹിത്യവുമെല്ലാം മുഖ്യധാരയിൽ പുരുഷകേന്ദ്രീത താൽപര്യങ്ങളെ സംരക്ഷിക്കുന്നതാണെന്നു കാണാം. സ്ത്രീകളെ പാർശ്വങ്ങളിലേക്ക് മാറ്റിനിർത്തുകയോ കീഴടക്കുകയോ ചെയ്യുന്ന ചരിത്രമാണ് അവയ്ക്കെല്ലാമെന്ന് മനസ്സിലാക്കാം.

സാഹിത്യത്തിലും പുരുഷകേന്ദ്രീകൃത പ്രത്യയശാസ്ത്രങ്ങൾക്കനുസരിച്ചാണ് കൃതികൾ രചിക്കപ്പെട്ടിരിക്കുന്നതെന്നു കാണാം. പുരാണേതിഹാസങ്ങൾ മുതൽ ക്ലാസിക്കൃതികൾവരെയടങ്ങുന്ന സമൂഹത്തിന്റെ സാംസ്കാരികമണ്ഡലങ്ങളെ സ്വാധീനിക്കുന്നതും മതങ്ങളുടെ വേരുകളിലേക്ക് ആഴ്ന്നിറങ്ങുന്നതുമായ രചനകളെല്ലാം തന്നെ പുരുഷതാൽപര്യങ്ങൾക്കും വീക്ഷണങ്ങൾക്കും അനുഗുണമായാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അവ സ്ത്രീകളുടെ സാമൂഹികസ്ഥാനത്തെതാഴ്ത്തുകയോ തങ്ങൾക്കുകീഴിൽ ഒതുക്കുകയോ ചെയ്തിരിക്കുന്നു. എഴുപതുകളിലും എൺപതുകളിലുമായി സ്ത്രീവിമോചനവാദങ്ങൾ കൂടുതലായി ശക്തിപ്പെടുകയും അതിന്റെ വെളിച്ചത്തിൽ ഭാഷയും സംസ്കാരവും പുനർനിർവചിക്കപ്പെടുകയും ചെയ്തു. “അതുവരെ അവഗണിക്കുകയോ വികലമായി വ്യഖ്യാനിക്കപ്പെടുകയോ ചെയ്തുപോന്ന സ്ത്രീരചനകൾ ഗൗരവപൂർണ്ണമായ വായനയ്ക്കു വിധേയമാവുകയും പുതിയ പാഠങ്ങൾ ഉൽപ്പാദിപ്പിക്കുകയും ചെയ്തു. സ്ത്രീകളുടെ രചനകളിൽ കാണുന്ന തരത്തിലുള്ള യഥാർത്ഥ സ്ത്രൈണാനുഭവചിത്രങ്ങൾ പുരുഷന്മാരുടെ രചനകൾക്ക് അപ്രാപ്യവും അപരിചിതവുമായിരിക്കുന്നുവെന്നും ഫെമിനിസ്റ്റ് വിമർശനം വെളിപ്പെടുത്തി.”[35]

നാഗരികതയിലെ എല്ലാ സാമ്പത്തികരാഷ്ട്രീയ ഭരണകൂടങ്ങളും പുരു

ഷാധിപത്യ വ്യവസ്ഥിതിയിൽ അധിഷ്ഠിതമായതിനാൽ പുരുഷാധിപത്യ പ്രത്യയശാസ്ത്രമാണ് വിവിധ സ്ഥാപനങ്ങളിലൂടെ ഇന്നും ആധിപത്യം പുലർത്തുന്നത്. കുടുംബം, വിവാഹം, ചാരിത്രം, ലൈംഗികത, വസ്ത്രം തുടങ്ങിയവയെല്ലാം ആൺകാഴ്ചകളിലൂടെ രൂപപ്പെട്ടതാണെന്നു കാണാം. പുരുഷാധിപത്യവ്യവസ്ഥിതി രൂപപ്പെടുത്തി വെച്ചിരിക്കുന്ന പ്രത്യയശാസ്ത്ര സ്ഥാപനങ്ങളെ പുനർവിചിന്തനത്തിനു വിധേയമാക്കികൊണ്ടിരിക്കുന്ന സ്ത്രീവിമോചനപ്രസ്ഥാനങ്ങൾ ഇന്നു സജീവമായിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യയിൽ പൊതുവെയും കേരളത്തിൽ സജീവമായും ഇത്തരം പ്രസ്ഥാനങ്ങൾക്ക് രൂപം കൊടുത്തിട്ടുണ്ട്. അതിലൂടെ ഭരണകൂടം തിരുത്തലുകൾക്കും അധികാര സമത്വത്തിനും പ്രാധാന്യം കൊടുത്തുകൊണ്ടിരിക്കുന്നു. എന്നാൽ മാറ്റമില്ലാതെ തുടരുന്ന രാഷ്ട്രങ്ങളുമുണ്ട്.

### 5.2.4മതവും രാഷ്ട്രസംവിധാനങ്ങളും

പുരുഷാധിപത്യ പ്രത്യയശാസ്ത്രങ്ങൾക്കനുസരിച്ച് മതത്തെ രൂപപ്പെടുത്തിയിരിക്കുന്ന രാഷ്ട്രീയ സംവിധാനങ്ങൾ നിലനില്ക്കുന്ന നാടുകളിൽ ചോദ്യം ചെയ്യപ്പെടാനാകാത്ത വിധത്തിൽ പുരുഷാധിപത്യ പ്രത്യയശാസ്ത്രം പുലരുന്നതായി കാണാം. രാഷ്ട്രങ്ങളുടെ വ്യത്യസ്ത സാംസ്കാരികതകൾക്കനുസരിച്ചും മതനിയമങ്ങൾക്കനുസരിച്ചും സ്ത്രീകളുടെ അസ്വാതന്ത്ര്യവും വിലക്കുകളും പ്രകടമോ നിഗൂഢമോ ആയിരിക്കുന്നു. മതരാഷ്ട്രങ്ങളിലെ സ്ത്രീകളെക്കാൾ സ്വാതന്ത്ര്യം മതേതരരാഷ്ട്രങ്ങളിലെ സ്ത്രീകൾക്ക് സാധിതമാണ്. അതുകൊണ്ടുതന്നെ മതേതരരാഷ്ട്രത്തിൽനിന്നും വന്നെത്തിയ പ്രവാസികൾക്ക് മതരാഷ്ട്രത്തിൽ അതിജീവനം സാധിക്കുക പ്രയാസമാണ്. ഈ വൈരുദ്ധ്യം കൂടുതൽ ബാധിക്കുക സ്ത്രീപ്രവാസികളെയാണ്. പ്രവാസകൃതികളുടെ അടിസ്ഥാനത്തിൽ മത

സംഘർഷങ്ങളെ പഠനവിധേയമാക്കുന്നതിനു മുമ്പ് മതരാഷ്ട്രമായ അറേബ്യയുടെയും മതേതരരാഷ്ട്രമായ ഇന്ത്യയുടെയും സംസ്കാരത്തെ വേർതിരിച്ച് അറിയേണ്ടതുണ്ട്.

### 5.2.4.1 അറേബ്യൻ സാംസ്കാരികത- മതരാഷ്ട്രമെന്ന നിലയിൽ

മതരാഷ്ട്രം എന്ന പേരിൽ നിലനിൽക്കുന്ന ഭൂവിഭാഗമാണ് സൗദി അറേബ്യ. "ഇസ്ലാമിക മതനിയമങ്ങളും (ശരിഅത്ത്) കർമശാസ്ത്രവും (ഫിഖ്ഹ്) ഒപ്പം ഗോത്രവർഗ്ഗനിയമങ്ങളുമാണ് രാജഭരണത്തിന് പൊതുവെ സ്വീകരിക്കപ്പെട്ടുപോരുന്ന മാനദണ്ഡങ്ങൾ."[36] അറേബ്യൻ രാജ്യങ്ങളിൽ പൊതുവെ രാജഭരണമാണ് നിലനിൽക്കുന്നത്. "ഏതെങ്കിലും ഒരു മതവിഭാഗക്കാർമാത്രം അധിവസിക്കുന്നതോ ഒരു വിഭാഗക്കാർക്കുവേണ്ടി ഉണ്ടായതോ ഒരു വിഭാഗത്തിന് മഹാഭൂരിപക്ഷം ഉള്ളതോ ആയ രാജ്യമല്ല മതരാഷ്ട്രം. പകരം ഒരു പ്രത്യേക മതവിശ്വാസത്തെ ഔദ്യോഗികം എന്ന നിലയിൽ രാഷ്ട്രമതമായി പ്രഖ്യാപിക്കുകയും അതിലെ പാരമ്പര്യങ്ങൾ രാജ്യനിയമങ്ങളാക്കുകയും ചെയ്യുന്ന രാജ്യമാണ്."[37] ഇസ്ലാംമതത്തിന്റേതല്ലാത്ത ആരാധനാലയങ്ങൾ അവിടെ പണിയുന്നത് നിയമവിരുദ്ധമാണ്. പൗരന്മാരുടെ സ്വാതന്ത്ര്യം ഒരു പരിധിവരെ മാത്രമേ അംഗീകരിക്കപ്പെടുകയുള്ളൂ. മതനിയമങ്ങൾ ഭരണഘടനാ നിയമങ്ങളായി മാറുന്ന ഇവിടെ ദേശത്തിനും കാലത്തിനും അനുസരിച്ചുള്ള നിയമനിർമ്മാണം ബുദ്ധിമുട്ടേറിയതാണ്. "കാലംകൊണ്ടും ദേശംകൊണ്ടും ഭിന്നമായ സാഹചര്യങ്ങളെ അഭിമുഖികരിക്കാൻ ഈ സംവിധാനത്തിന് പ്രാപ്തി കാണില്ല. ഉദാഹരണം എല്ലാ മതപാരമ്പര്യങ്ങളിലും സ്ത്രീയോടുള്ള വിവേചനം രൂഢമൂലമാണ്. ആൺ-പെൺ തുല്യത എന്ന ചിന്താഗതിയോടു പൂർണ്ണമായി ഇണങ്ങുവാൻ ഒരു

മതരാഷ്ട്രത്തിനും സാധിക്കുകയില്ല."[38] മതരാഷ്ട്രം അല്ലാതെ മറ്റുള്ളവയിൽ വിശ്വസിക്കുന്നവരെല്ലാം അവിടെ രണ്ടാംതരം പൗരന്മാരായിത്തീരും. അന്യമതത്തിലും ആചാരവിശ്വാസങ്ങളിലും തുടരുന്നതിന് അവിടെ വിലക്കുകളുണ്ട്.

### 5.2.4.2 ഇന്ത്യ - മതേതര രാഷ്ട്രമെന്ന നിലയിൽ

ഇന്ത്യ മതേതരത്വത്തിൽ (Secularism) അധിഷ്ഠിതമായ രാജ്യമാണ്. ഇന്ത്യയ്ക്ക് സ്വന്തമായൊരു മതമില്ല. ഒരുമതത്തെയും വിവേചനപരതയോടെ മതേതരരാഷ്ട്രം സമീപിക്കില്ല. വിവിധമതസ്ഥർക്ക് അവരുടെ ആചാരാനുഷ്ഠാനങ്ങളെ സ്വതന്ത്രമായി നിവർത്തിച്ചുകൊണ്ടു ജീവിക്കുവാനും ആരാധനാലയങ്ങൾ പണിയുവാനും രാഷ്ട്രത്തിൽ സ്വാതന്ത്ര്യമുണ്ട്. ഒരു മതത്തിലും വിശ്വസിക്കാത്ത നിരീശ്വരവാദം, നിർമമതാവാദം തുടങ്ങിയ ആശയങ്ങളിലധിഷ്ഠിതമായവർക്ക് സ്വതന്ത്രമായി ജീവിക്കുവാനും രാഷ്ട്രം അനുവദിക്കുന്നു. "മതേതരത്വം, മതങ്ങൾക്കുള്ള തുല്യപരിഗണന, മതങ്ങളോടുള്ള രാഷ്ട്രത്തിന്റെ ഭരണഘടനാപരമായ നിഷ്പക്ഷത എന്നിവയാണ് ഇന്ത്യൻ ഭരണഘടനയുടെ അനിഷേധ്യമായ കെട്ടുറപ്പിന്റെ അടിസ്ഥാനം."[39] വ്യത്യസ്ത ജാതി മതവർഗ്ഗങ്ങൾക്ക് രാഷ്ട്രത്തിൽ മറ്റുള്ളവരുടെ അവകാശങ്ങളെ ധ്വംസിക്കാതെ ജീവിക്കാൻ ഭരണകൂടം അനുവദിക്കുന്നു. "അഭിപ്രായ സ്വാതന്ത്ര്യത്തിന്റെയും വിശ്വാസസ്വാതന്ത്ര്യത്തിന്റെയും വിഷയം എന്നനിലയിലാണ് മതത്തെ മതേതരരാഷ്ട്രം കാണുന്നത്. ഇവിടെ മതത്തിന്റെ കാഴ്ചപ്പാടിൽ മനുഷ്യനെ കാണുകയല്ല. മനുഷ്യന്റെ കാഴചപ്പാടിൽ മതത്തെ കാണുകയാണ്."[40]

### 5.2.4.3 കേരളത്തിന്റെ മത-സാംസ്കാരിക പശ്ചാത്തലം

വിവിധ മതത്തിൽപെട്ടവർ ജീവിക്കുന്ന സാമൂഹികാന്തരിക്ഷമാണ്

കേരളത്തിന്റേത്. കേരളത്തിലെ നവോത്ഥാനപ്രസ്ഥാനങ്ങളും സ്വാതന്ത്ര്യ സമരവും ഭാരതത്തിന്റെ മതേതരവാദവുമെല്ലാം ചേർന്ന് ശക്തമായ സാമൂഹികപരിണാമങ്ങൾക്കനുസൃതമായ മതാത്മകതയാണ് കേരളത്തിന്റെ സവിശേഷത. എല്ലാ മതങ്ങളിലുമധിഷ്ഠിതമായ അഹിംസയിലും ഏകദൈവമെന്ന വിശ്വാസത്തിലുമുള്ള പൊതുധാരയാണ് കേരളത്തിന്റെ സാമൂഹികജിവിതത്തെ ശക്തിപ്പെടുത്തുന്നത്. അതുകൊണ്ട് മതങ്ങൾ തമ്മിൽ ഉണ്ടായേക്കാവുന്ന അസഹിഷ്ണുത കേരളത്തിലില്ല. വിവിധ മതസ്ഥർ അടുത്തടുത്ത് വീടുകൾ വെച്ച് താമസിക്കുകയും ആചാരവിശ്വാസങ്ങൾ കൈമാറുകയും മതപരമായ സങ്കുചിതത്വമില്ലാതെ ഉത്സവങ്ങളിലും തിരുനാളുകളിലും പങ്കെടുക്കുകയും ചെയ്യുന്നു. പുണ്യസ്ഥലങ്ങളിലേക്ക് ഒരുമിച്ച് യാത്ര ചെയ്യാനും ക്ഷേത്രങ്ങളും പള്ളികളും സന്ദർശിക്കാനും ഇവിടെ തടസ്സങ്ങളില്ല. "മതമേതായാലും മനുഷ്യൻ നന്നായാൽമതി എന്ന തത്വം മതസമൂഹങ്ങളെ കൂട്ടിയിണക്കുന്ന കണ്ണിയായി മാറി കഴിഞ്ഞു."[41]

### 5.2.5 പ്രവാസിയുടെ മതസംഘർഷങ്ങൾ- ബർസയിൽ

പുരുഷലോകത്തിന്റെ സങ്കീർണ്ണതകളെ അനാവരണം ചെയ്തു കൊണ്ടുള്ള പ്രവാസനോവലുകളാണ് മലയാളത്തിൽ അധികം പുറത്തുവന്നിട്ടുള്ളത്. എണ്ണപ്പാടനാടുകളിലെ പ്രവാസാനുഭവങ്ങൾ പുരുഷ രചനകളിലൂടെയാണ് ലോകം അറിഞ്ഞത്. തൊഴിലിടങ്ങളിലെ വ്യത്യസ്ത അനുഭവങ്ങൾ സങ്കീർണ്ണമാക്കുന്ന പുരുഷസ്വത്വത്തിന്റെ വിഹ്വലതകൾ ബെന്യാമിൻ 'ആടുജീവിതത്തി'ലൂടെയും, റഷീദ് പാറയ്ക്കൽ 'ഒരു തക്കാളി കൃഷിക്കാരന്റെ സ്വപ്നങ്ങളി'ലൂടെയും, നിസ്സാമുദ്ദീൻ റാവുത്തർ 'അറേബ്യയിലെ അടിമ'യിലൂടെയും പങ്കുവെച്ചു. പ്രവാസാനുഭവങ്ങൾ സ്ത്രീസ്വത്വത്തെ എങ്ങനെ ബാധിക്കുന്നുവെന്നും അതിനോടവൾ എങ്ങനെ

പ്രതികരിക്കുന്നുവെന്നും മലയാളിസമൂഹം അറിഞ്ഞത് എഴുത്തുകാരിയായ ഖദീജാ മുംതാസിലൂടെയാണ്. സ്ത്രൈണസ്വത്വത്തിന്റെ അനുഭവങ്ങളിലേക്കും പ്രശ്നങ്ങളിലേക്കും ആഴ്ന്നിറങ്ങികൊണ്ട് പ്രവാസജീവിതത്തിലെ പെൺലോകത്തിന്റെ വെളിപ്പെടുത്തലാണ് അവരുടെ 'ബർസ' എന്ന നോവൽ. ദേശമാറ്റം നിമിത്തം സ്ത്രീപ്രവാസി അന്യവത്ക്കരണത്തിന്റെയും, നിശ്ശബ്ദ പീഡനത്തിന്റെയും മറ്റൊരു തലത്തെ അഭിമുഖീകരിക്കുന്നുണ്ട്. പുരുഷലോകത്തിനജ്ഞാതമായ വേദനയുടെ, സ്വത്വസംഘർഷത്തിന്റെ സങ്കീർണ്ണതകളിലേക്കുള്ള ആഴ്ന്നിറക്കമാണ് 'ബർസ'യിലൂടെ വെളിവാക്കപ്പെടുന്നത്.

### 5.2.5.1 സ്ത്രീപ്രവാസിക്ക് നേരിടേണ്ടി വന്ന മതരാഷ്ട്രത്തിന്റെ സങ്കീർണ്ണതകൾ

പുരുഷൻ ചിട്ടപ്പെടുത്തിയ സ്ഥാനങ്ങൾക്കകത്താണ് സ്ത്രീയുടെ ഇടം നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. ദേശങ്ങളുടെ രാഷ്ട്രീയ സാഹചര്യങ്ങൾക്കനുസരിച്ചും, സംസ്കാരങ്ങളുടെ ഭേദങ്ങൾക്കനുസരിച്ചും മതങ്ങൾക്കകത്തുള്ള സ്ത്രീയുടെ കീഴാളസ്ഥാനം പ്രകടമോ, അല്ലാതെയോ ഇരിക്കുന്നു. സമൂഹം അനേകം മാറ്റങ്ങൾക്ക് വിധേയമായിക്കഴിഞ്ഞ സമകാലീനതയിൽ സ്ത്രീസ്വത്വം ആണധികാരപ്രത്യയശാസ്ത്രത്തോട് പ്രതികരിക്കുകയും തങ്ങളുടെ സ്വത്വത്തെ അടയാളപ്പെടുത്തുകയും സ്വാതന്ത്ര്യം ആർജ്ജിച്ചെടുക്കുകയും ചെയ്തിരിക്കുന്നു. സ്ത്രീകളെ ഓരങ്ങളിലേക്കു മാറ്റിനിർത്തുന്ന സാമൂഹികാന്തരീക്ഷത്തോടു ശക്തമായി പ്രതികരിക്കുകയും അത്തരം വീക്ഷണങ്ങളെ പുനർവിചാരണയ്ക്കും ക്രമീകരണത്തിനും വിധേയമാക്കുകയും ചെയ്യുന്ന ഒരു മതേതരരാജ്യത്തിന്റെ ഭാഗമായ കേരളത്തിന്റെ, മതസൗഹാർദ്ദപാരമ്പര്യത്തിൽ നിന്നും കടന്നുവന്ന

സബിതയ്ക്ക് മതമൗലികവാദം പുലരുന്ന ഒരു രാഷ്ട്രത്തെ ഉൾക്കൊള്ളാനാകുന്നില്ല. സ്വന്തം ദേശവുമായി പ്രവാസി എപ്പോഴും പ്രവാസദേശത്തെ താരതമ്യം ചെയ്തുകൊണ്ടിരിക്കും. ഈ താരതമ്യമാണ് സബിതയുടെ സംഘർഷങ്ങളുടെ ഭൂമികയായി വർത്തിക്കുന്നത്.

### 5.2.5.2 കേരളത്തിലെ മതപ്രവാസം

ഹിന്ദുമതത്തിൽനിന്ന് ഇസ്ലാംമതത്തിലേക്ക് മതംമാറ്റം നടത്തിയ റഷീദയ്ക്ക് നാട്ടിലെ അന്തരീക്ഷത്തിൽ യാതൊരു സംഘർഷവും നേരിടേണ്ടിവരുന്നില്ല. മതങ്ങൾ തമ്മിൽ സാഹോദര്യം നിലനിന്നുപോരുന്നതുകൊണ്ടാണ് റഷീദിന്റെ കുടുംബാന്തരീക്ഷവുമായി എളുപ്പത്തിൽ ഇഴുകിചേരാൻ സബിതയ്ക്കു കഴിഞ്ഞത്. ഹിന്ദുമതത്തിൽ നിന്ന് ഇസ്ലാംമതത്തിലേക്ക് ചേക്കേറിയ വ്യക്തി എന്നനിലയിലുള്ള മതപ്രവാസിയുടെ യാതൊരു സങ്കീർണ്ണതകളും അവിടെ സബിതയ്ക്കനുഭവിക്കേണ്ടി വന്നില്ല. നാട്ടിൽ താനറിഞ്ഞ ഇസ്ലാംമതം എന്താണെന്ന് സബിത വ്യക്തമാക്കുന്നുണ്ട്. “റഷീദിനെ പ്രണയിച്ച ആദ്യകാലങ്ങളിൽ ഇസ്ലാം തനിക്ക് കാല്പനികതയായിരുന്നു. സ്നേഹത്തിന്റെ ഊഷ്മളതയോടെ അന്നതു തന്നെ വാരിപുണർന്നു. അതിനെക്കാൾ മുമ്പെ തനിക്കത് സൗഹാർദ്ദത്തിന്റെ പച്ചതുരുത്തായിരുന്നു. ദീനാനുകമ്പയുടെ നേർകാഴ്ച്ചകളായിരുന്നു. നാട്ടിൻപുറത്തനിമയുടെ, പ്രാദേശികരുചികളുടെ ഈർപ്പമുള്ള മണ്ണിൽ വേരുകളാഴ്ത്തി പരസ്പരം കണ്ണിൽനോക്കി ചിരിക്കുന്ന രണ്ടു മതസംസ്കാരങ്ങൾ.”[42] കാല്പനികതയ്ക്കപ്പുറം ഇസ്ലാംമതം എന്താണെന്ന് സബിത ആഴത്തിൽ അറിഞ്ഞിട്ടില്ല. റഷീദിനെ ജീവിതപങ്കാളിയാക്കാനുള്ള ഉപാധി എന്ന നിലയിൽ മാത്രമാണ് അവർ ഇസ്ലാമിലേക്ക് കടന്നുചെന്നത്. റഷീദിനോടുള്ള പ്രണയത്തിനുമുമ്പ് ഇസ്ലാമിനെ അറിഞ്ഞത് കൂട്ടുകാരി ഷാഹിനയുടെ സൗഹൃദത്തിൽ

നിന്നുമാണ്. സബിതയ്ക്ക് ഇസ്ലാംമതം സാഹോദര്യത്തിന്റേയും രുചിഭേദങ്ങളുടേയും സമ്മേളനമായിരുന്നു. ഷാഹിനയുടെ ഉമ്മ പാവപ്പെട്ടവരോടു കാണിക്കുന്ന കാരുണ്യത്തിൽ നിന്നുമാണ് ഇസ്ലാംമതത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ അവളിൽ രൂപമെടുക്കുന്നത്. ഷാഹിനയുടെ വീട്ടിൽനിന്നും നോമ്പുതുറയും പെരുന്നാൾചോറും കഴിച്ചതിന്റെ നിറസ്മൃതികളിൽ നിന്നും മുസ്ലീം സമുദായത്തോട് വൈകാരികമായ അടുപ്പമാണ് സബിത സൂക്ഷിച്ചത്. "ഷാഹിനയുടെ ഉമ്മ അവൾക്കും ഉമ്മയായിരുന്നു. റമസാൻ മാസത്തെ സക്കാത്തിനെപ്പറ്റി, ഷാഹിനയുടെ ഉമ്മ അടുക്കളകോലായിൽ നിന്ന് പാവംപിടിച്ച പെണ്ണുങ്ങളുടെ തുണിസഞ്ചിയിലേക്ക് കാരുണ്യപൂർവ്വം ചൊരിഞ്ഞു കൊടുക്കുമ്പോൾ ഒഴിഞ്ഞൊഴിഞ്ഞുവരുന്ന അരിചാക്കുകളെപ്പറ്റി അവൾ ആദരപൂർവ്വം സംസാരിക്കാറുണ്ടായിരുന്നു. "ഞങ്ങൾ തിയ്യന്മാരിലുമുണ്ട് പൈസക്കാർ. എന്തു കാര്യം? അറുത്തകൈയ്ക്ക് ഉപ്പുതേക്കാറില്ല. ഒറ്റ യെണ്ണം!" എന്ന് സ്വന്തം സമുദായത്തെ അവൾ താരതമ്യപ്പെടുത്താറുണ്ട്."[43]നാട്ടിൽ കാരുണ്യത്തിന്റെ സാഹോദര്യത്തിന്റെ പ്രണയത്തിന്റെ മതമായിരുന്നു സബിതയ്ക്ക് ഇസ്ലാംമതം. സ്ത്രീയുടെ വൈകാരികലോകം കാല്പനികമായ മതബോധത്തെ എളുപ്പത്തിൽ സ്വാംശീകരിച്ചു.

### 5.2.5.3 അറേബ്യൻ മതരാഷ്ട്രത്തിലെ പ്രവാസം

പ്രാദേശികതയുടെ സൗന്ദര്യവും തനിമയും കലർന്ന, മറ്റു മതങ്ങളുമായി കൈകോർക്കുന്ന കേരളത്തിന്റെ മണ്ണിൽ വളർന്ന ഇസ്ലാമിക സംസ്കാരമല്ല സൗദിയിൽ സബിത അനുഭവിച്ചറിഞ്ഞ ഇസ്ലാം. മതത്തിന്റെ വിധിവിലക്കുകൾ (ശരിഅത്ത്) ഒരു ദേശത്തിന്റെ രാഷ്ട്രീയ സാമൂഹികനിയമങ്ങളായി പുലരുന്ന വ്യവസ്ഥിതിയിലേക്കാണ് സബിത

പ്രവാസം വഴിയായി എത്തിചേർന്നത്. "ശരിഅത്ത് എന്ന അറബി പദത്തിന് മാർഗ്ഗം, പഥം, വഴി എന്നൊക്കെയാണർത്ഥം. മുസ്ലീങ്ങളുടെ മതജീവിതത്തിന് രൂപം കൊടുക്കുന്ന കർമ്മശാസ്ത്രവ്യവസ്ഥ എന്ന സാങ്കേതികാർത്ഥത്തിലാണ് ആ വാക്ക് ഉപയോഗിച്ചു പോരുന്നത്."[44] ശരിഅത്തിൽ അധിഷ്ഠിതമായ സാമൂഹികഘടന സൗദിപൗരന്മാർക്കു മാത്രമല്ല അന്യരാജ്യത്തെ വിവിധമതങ്ങളിൽ വിശ്വസിച്ചുപോരുന്ന പ്രവാസികളായ ഏവർക്കും അവിടെ ബാധകമാണ്. ഒറ്റവാക്കിൽ ഇസ്ലാമിസം പുലരുന്ന ദേശമാണ് സൗദി. മതനിയമങ്ങൾ രാഷ്ട്രനിയമങ്ങളായി ഇവിടെ മാറുന്നു. "ഇസ്ലാമിസം എന്ന പദത്തിന് രാഷ്ട്രീയ വിവക്ഷകളുണ്ട്. വ്യക്തി, കുടുംബം, സമൂഹം, രാഷ്ട്രം മുതലായ സകലതിനേയും ഇസ്ലാമികരിക്കണം എന്ന നിലപാടാണ് ഇസ്ലാമിസം."[45] ഇത്തരം മതനിയമങ്ങളോടു സമരസപ്പെട്ടുകൊണ്ടുമാത്രമേ പ്രവാസിക്കവിടെ നിലനിൽക്കാൻ കഴിയൂ എന്ന യാഥാർത്ഥ്യം അംഗീകരിച്ചുകൊണ്ടുതന്നെയാണ് സബിത റഷീദിനൊപ്പം കടൽകടന്നത്. എങ്കിലും സാമൂഹികസമത്വത്തിന്റെ മണ്ണിൽ നിന്നും മാനവികതയെക്കാൾ മതചിട്ടകൾക്ക് പ്രാധാന്യം നൽകുന്ന ദേശാന്തരീക്ഷത്തിൽ അതിജീവനം സാധിക്കുക സബിതയ്ക്കു ദുഷ്കരമായിരുന്നു. ഇസ്ലാമിക പാരമ്പര്യത്തിൽ സ്ത്രീയുടെസ്ഥാനം പുരുഷനുകീഴെ പുരുഷന്റെ ഇച്ഛകൾക്കനുസരിച്ച് ജീവിക്കേണ്ട ഉപകരണം എന്നതു മാത്രമാണ്. ഇത്തരത്തിലുള്ള മതചിട്ടകൾ മറ്റൊരു പ്രാദേശികതയുടെ ഭാഗമായിരുന്ന പ്രവാസിയിലുണ്ടാകുന്ന സംഘർഷങ്ങളാണ് സബിതയുടെ പ്രശ്നപരിസരമാകുന്നത്.

"അവതാർ ബ്രാ തന്റെ 'കാർട്ടോഗ്രാഫീസ് ഓഫ് ഡയസ്പോറ' കൺടെസ്റ്റിങ്ങ് ഐഡിന്റിറ്റീസ് എന്ന ഗ്രന്ഥത്തിൽ പ്രവാസജീവിതത്തെ

ഇങ്ങനെ അടയാളപ്പെടുത്തിയിരിക്കുന്നു. പ്രവാസം എന്നത് സാമൂഹിക മായും സാമ്പത്തികമായും സാംസ്കാരികവുമായ കൂടിച്ചേരൽ പ്രക്രിയ യാണ്. പ്രതികൂലവും നിഷേധാത്മകവും എന്നാൽ ചേർന്നു പോകേണ്ട തുമായ വിവിധ അവസ്ഥകളെ അത് പ്രതിനിധീകരിക്കുന്നുണ്ട്. പ്രവാസ ലോകത്തെ ബ്രാ വിശേഷിപ്പിക്കുന്നത് ഉയർന്ന പ്രതികൂല ഇടം' (The Diaspora space is a highly contested site) എന്നാണ്.[46] സബിതയുടെ സ്വത്വവും ആശയലോകവും രൂപംകൊണ്ടത് ഇന്ത്യയെന്ന മതേതരരാഷ്ട്ര ത്തിനകത്താണ്. മതേതരരാഷ്ട്രവും സ്ത്രീയുടെ വൈകാരികമായ ആന്ത രലോകവുമാണ് സബിതയുടെ ചിന്തകളുടേയും ആശയങ്ങളുടേയും കേന്ദ്ര മാകുന്നത്. ആ ലോകത്തെ ഉള്ളിൽവഹിച്ചുകൊണ്ട് സൗദിയെന്ന മതരാ ഷ്ട്രത്തെ നോക്കുമ്പോൾ തെളിയുന്ന വൈരുദ്ധ്യമാണ് അവരുടെ പ്രാവസ ലോകത്തെ സങ്കീർണ്ണമാക്കുന്നത്. ഹൈന്ദവവിശ്വാസത്തിൽ ജനിച്ചു വളർന്ന സബിതയ്ക്ക് കേരളത്തികത്തെ മതമാറ്റം സങ്കീർണ്ണതകൾ സൃഷ്ടിക്കാത്തതിന്റെ അടിസ്ഥാനം ഇന്ത്യയുടെ മാനവികതയിലടിയുറച്ച സർവ്വമതസമഭാവനയെന്ന ആശയം കേരളത്തിന്റെ സൗഹാർദ്ദാന്തരീക്ഷ ത്തിൽ പുലരുന്നതുകൊണ്ടാണ്. ഇതിൽനിന്നു വ്യത്യസ്തമായ മതരാഷ്ട്രം സബിതയ്ക്കു ബുദ്ധിമുട്ടാവുമെന്നു റഷീദ് തിരിച്ചറിയുന്നുണ്ട്.

ഏതുമതവും വളർച്ചയുടെ ഘട്ടങ്ങളിൽ സങ്കുചിതത്വം പ്രാപിക്കുന്നതു കാണാം. അതുവഴി ധ്വംസിക്കപ്പെടുന്നതാകട്ടെ അടിസ്ഥാനവർഗ്ഗന്യൂനപ ക്ഷങ്ങളുടെ സ്വാതന്ത്ര്യമാണ്. "ഓരോരോ ചരിത്രകാലഘട്ടങ്ങളിൽ മനു ഷ്യനെ ജീർണ്ണതകളിൽ നിന്ന് മാനവികോന്നതിയിലേക്കുയർത്തുന്ന രക്ഷ കനായി തന്നെയാണ് എല്ലാമതങ്ങളുടെയും ഉദയം. സാംസ്കാരികമായ ആ നിയോഗം നിറവേറ്റിക്കഴിഞ്ഞാൽ മതങ്ങൾ മാനവസംസ്കൃതി

യുടെഭാഗമാകണം... ചരിത്രനിയോഗനിർവ്വഹണത്തിനുശേഷം വ്യക്തിപര പ്രസക്തി നഷ്ടപ്പെട്ടമതങ്ങൾ മനുഷ്യനെ വരിഞ്ഞുകെട്ടാനുള്ള കയറായി മാറുന്നു. അന്യമതസ്ഥനെ അടിക്കാനുള്ള ചാട്ടവാറാകുന്നു... സന്ദേഹിയെ വായ്മൂടികെട്ടാനുള്ള കവചമാക്കുന്നു. അതെ, രക്ഷകൻ തന്നെ ക്രൂരമർദ്ദ കനാകുന്ന അവസ്ഥ."[47]

ഏതൊരുമതത്തിന്റെയും പരിണതി ഒന്നുതന്നെയാണ്. ഇവിടെ മത മല്ല സ്വത്വസംഘർഷത്തിനുവിഷയം. ഒരു മതേതരരാഷ്ട്രത്തിൽനിന്നും രൂപംകൊണ്ട സ്വത്വഘടന ദേശമാറ്റം സൃഷ്ടിച്ച രാഷ്ട്രീയാന്തരീക്ഷ ത്തിന്റെ വ്യത്യസ്തതകളെ വീക്ഷിക്കുമ്പോൾ ഉണ്ടാകുന്ന വൈരുദ്ധ്യമാണ്. മതേതരദേശത്തെ ഉള്ളിൽ വഹിക്കുന്ന പ്രവാസിസ്ത്രീ എന്ന നിലയിൽ സബിത സൗദിയിലെ മതത്തിലധിഷ്ഠിതമായ സാമൂഹ്യാന്തരീക്ഷത്തെ നോക്കികാണുന്നത് രണ്ടു വിധത്തിലാണ്.

i. പ്രാദേശികതയെ ഇല്ലായ്മചെയ്യുക

ii. സ്ത്രീസ്വത്വത്തിനു പരുക്കേൽപിക്കുക

### 5.2.5.3.1 പ്രാദേശികതയെ ഇല്ലായ്മചെയ്ത മതരാഷ്ട്രം

ഉയർന്ന തൊഴിൽസാധ്യതയായ ഗൾഫിലെ ഡോക്ടർ എന്ന പദ വിയും സാമ്പത്തികഭദ്രതയും തേടിയാണ് റഷീദിനൊപ്പം സബിത സൗദി യിലേക്ക് ഇറങ്ങിതിരിക്കുന്നത്. നാട്ടിലെ റഷീദിന്റെ പങ്കാളിയായ നവ മുസ്ലീം എന്ന നിലയിൽ മതപ്രവാസം ആഹ്ലാദമാണുണ്ടാക്കിയതെങ്കിൽ മക്കയിലേക്കുള്ള ആദ്യ പോസ്റ്റിങ്ങ് സബിതയിൽ അരിശവും സങ്കടവുമാ ണുണ്ടാക്കിയത്. കേരളത്തിലെ ഇസ്ലാമിന്റെ പൊതുസ്വഭാവമായ സാഹോ ദര്യവും കാരുണ്യവുമാണ് സബിതയെ ആകർഷിച്ചിട്ടുള്ളത്. അതിനപ്പുറം

തീക്ഷ്ണമായ ഇസ്ലാമികപാരമ്പര്യം സബിതയിൽ വേരോടിയിട്ടില്ല എന്ന യാഥാർത്ഥ്യമാണ് ഇതു വെളിപ്പെടുത്തുന്നത്. വ്യത്യസ്തമായ മറ്റൊരു മണ്ണിൽനിന്നും വന്ന ഈജിപ്ഷ്യൻ നേഴ്സിന് മതപരമായ ആഹ്ലാദമാണ് മക്ക പകരുന്നത്."യാ അള്ളാ, മക്കാ ഷെറീഫിലോ? നീ അനുഗ്രഹിക്കപ്പെട്ടവളാണ്."[48]

പുണ്യഭൂമിയായ മക്കയെ വ്യത്യസ്ത ദേശാനുഭവത്തിന്റെ പാശ്ചാത്തലത്തിൽ വീക്ഷിക്കുമ്പോൾ ഉണ്ടാകുന്ന അന്തരമാണിവിടെ തെളിയുന്നത്. സൗദിയിലെ മതപരമായ കർക്കശചിട്ടകൾ പാലിക്കേണ്ടിവരുമ്പോൾ സബിതയെ അത് അമർഷം കൊള്ളിക്കുന്നതിന്റെ അന്തർധാരയായി വർത്തിക്കുന്നത് സ്വദേശത്തുനിന്നും അവൾക്കു പകർന്നുകിട്ടിയ ഏകദൈവവിശ്വാസത്തിലധിഷ്ഠിതമായ മതാവബോധമാണ്. സാമ്പത്തികമായ അരക്ഷിതത്വമല്ല, സാംസ്കാരികമായ അരക്ഷിതത്വമാണ് ഇവിടെ സബിതയെ അലട്ടുന്നത്. നിർബന്ധിതമുഖാവരണവും പർദ്ദവസ്ത്രധാരണവും സബിതയെ വലയ്ക്കുന്നു. അറേബ്യൻ പ്രവാസാരംഭത്തിൽ സബിത നേരിട്ട പ്രധാന പ്രശ്നമായിരുന്നു അത്. സ്ത്രീ പുരുഷനു കാണാനുള്ളതല്ല എന്ന സദാചാരം സബിതയെ അത്ഭുതപ്പെടുത്തി. "പക്ഷെ മുടിയിങ്ങനെ പുറത്തുകാണിച്ചാൽ ഇവിടെ ശരിയാകില്ല കേട്ടോ," ദക്തൂറവഹിദയാണ്. സബിത അവരെ സമാധാനിപ്പിക്കാനെന്നവണ്ണം പുറകോട്ടു തെന്നിയിറങ്ങിപ്പോയ മഫ്ത മുന്നോട്ടൽപ്പം വലിച്ചിറക്കി. കൈപ്പത്തിവരെയെത്തുന്ന, കാൽമുട്ടിനുതാഴെ കവിഞ്ഞു കിടക്കുന്ന ഓവർകോട്ടും മഫ്തയുമൊക്കെയായി അല്ലെങ്കിൽ തന്നെ ശ്വാസം മുട്ടുന്നുണ്ട്. ഇവിടെ കാണുന്നവരൊക്കെ മറ്റുള്ളവരുടെ സദാചാരസംരക്ഷകരുടെ റോൾ സ്വയം എടുത്തണിയുന്നുണ്ടോ?"[49] നിർബന്ധിത വിലക്കുകളില്ലാത്ത ഒരു പ്രാദേ

ശികസംസ്കൃതിയിൽ നിന്നും മതനിയമങ്ങളുടെ പൊള്ളുന്ന മണലാര ണ്യത്തിലേക്കെത്തിപ്പെട്ട സബിതയുടെ സ്വത്വം മതങ്ങളുടെ ആത്മീയതയെ ചൊല്ലി സന്ദേഹപ്പെടുന്നു. പ്രാകൃതാചാരങ്ങളും ലൈംഗീക അരാചകത്വ വുമായി ഗോത്രങ്ങളും വംശങ്ങളുമായി വിഘടിച്ചു കിടന്ന ബദ്ദുവിയൻ അറബി മനസ്സുകളെ മെരുക്കിയെടുക്കാനായി നടപ്പിലാക്കിയ വിലക്കുകളും ശാസനങ്ങളും വർത്തമാനജീവിതാവസ്ഥകളിലും മാറ്റമില്ലാതെ തുടരുന്ന തുമൂലം തടവറയിലാക്കപ്പെടുന്നത് സ്ത്രീ ജീവിതങ്ങളാണെന്ന് സബിത വ്യാകുലപ്പെടുന്നു.

പുരുഷന്റെ പ്രവാസജീവിതം ദേശപരം മാത്രമായിരിക്കുമ്പോൾ സ്ത്രീയുടേത് മതപരമായിരിക്കുന്നതിന്റെ അടിസ്ഥാനമിതാണ്. ഇസ്ലാമിക നിയമങ്ങൾ പ്രതിരോധിക്കുന്നത് പാശ്ചാത്യ ഉപഭോഗസംസ്കാരത്തെയാ ണെന്നുള്ള മുഹമ്മദ് ഡോക്ടറുടെ വാദത്തെ തള്ളികൊണ്ട് രാഷ്ട്രനിയമ ങ്ങളിലെ സ്ത്രീവിരുദ്ധതയെ സബിത പരിഹസിക്കുന്നു. “ഉണ്ടോ? എനിക്കു സംശയമുണ്ട്. സ്ത്രീകളുടെ നേരെയുള്ള വിധി വിലക്കുകളുടെ കാര്യ ത്തിലാണെങ്കിൽ ശരി തന്നെ. പർദ്ദമാത്രമല്ലാ, കറുത്ത കൈയുറകളും കാലു റകളും മുഖമറയുമൊക്കെയായി സ്ത്രീയെ വഴി നടത്താനാകുന്നുണ്ടല്ലോ ഇന്നും.”[50] പ്രവാസിയുടെ പ്രാദേശികതയെ പറിച്ചെറിഞ്ഞു പുച്ഛിക്കുന്ന തരത്തിൽ അടിച്ചേൽപിക്കപ്പെടുന്ന നിയമങ്ങൾ സബിതയെ നിരാശയാ ക്കുന്നു. “യാ ഹരിം (സ്ത്രീ) മുഖം മറയ്ക്ക്’ എന്ന ആക്രോശം സബി തയെ ഞെട്ടിച്ചു. പള്ളിപോലീസിന്റെ നരച്ച താടിരോമങ്ങളിലൂടെ വഴി ഞ്ഞൊഴുകുന്ന പുച്ഛം അഴിഞ്ഞാടി നടക്കെല്ലെ പെണ്ണേ! എന്നാണ് പറയു ന്നതെന്ന് ഞെട്ടിതിരിഞ്ഞ സബിതയ്ക്ക് തോന്നി. അവളുടെ ആത്മാവിനേറ്റ രണ്ടാം പ്രഹരം! മേക്കപ്പുകളൊന്നുമില്ലാത്ത, മുടിയിഴകൾ ശ്രദ്ധാപൂർവ്വം

ഒതുക്കി മറച്ചുകെട്ടിയ, ഒരു കുഞ്ഞിനെപ്പോലെ നിഷ്കളങ്കമെന്ന് റഷീദ് ഇടയ്ക്കിടെ പറയാറുള്ള ഈ മുഖവും മറച്ചുകെട്ടണമെന്നോ?"[51]

മറ്റു സംസ്കാരങ്ങളെ അംഗീകരിക്കാതെ ബഹുമാനിക്കാതെ പുരുഷാധിപത്യവ്യവസ്ഥതയ്ക്കനുകൂലമാംവിധം മാറ്റിയെടുത്ത മതനിയമങ്ങൾ സാംസ്കാരികമായി വൈവിധ്യം പുലർത്തുന്ന പ്രവാസിയിൽ അടിച്ചേൽപിക്കപ്പെടുകയാണ്. വൈകാരികമായി ഇസ്ലാംമതത്തെ നെഞ്ചിലേറ്റിയ സബിതയ്ക്ക് മറ്റൊരു രാജ്യത്ത് അതേമതത്തിന്റെ പേരിൽ പരുക്കേൽക്കേണ്ടിവരുന്നു. എല്ലാ മതങ്ങളിലും അന്തർലീനമായിരിക്കുന്നത് ഒരേ ചൈതന്യമാണെന്ന ഏകദൈവവിശ്വാസമാണ് മതവൈരമില്ലാതെ എല്ലാ മതങ്ങളെയും ഭാരതത്തിൽ ഒന്നിപ്പിച്ചു നിറുത്തുന്നതും പരസ്പരം ബന്ധിപ്പിക്കുന്നതും. മതത്തെക്കാൾ മാനവികതയിലും അഹിംസയിലും അടിയുറച്ച മനുഷ്യബന്ധങ്ങളാണ് ഭാരതത്തിന്റെ ശക്തി. ഈ ദേശസ്വത്വം സബിതയിൽ ദൃഢമാണ്. ഈ ഭൂമികയിൽ നിന്നുകൊണ്ടാണ് സബിത യാഥാസ്ഥിതിക ഇസ്ലാമിക പാരമ്പര്യത്തെ ചോദ്യം ചെയ്യുന്നത്. ഇസ്ലാമിന്റെ യാഥാസ്ഥിതികത്വം സബിതയെ ഞെട്ടിക്കുന്നു. ആസിയയുമായുള്ള സബിതയുടെ സംഭാഷണം ഇവിടെ ശ്രദ്ധേയമാണ്. "ഇസ്ലാംമതം സ്വീകരിക്കാത്തതുകൊണ്ടുമാത്രം ഭൂമിയിലെ നല്ല മനുഷ്യരൊക്കെ നരകത്തിൽ പോവുമെന്നാണോ നിങ്ങൾ ആത്മാർത്ഥമായും വിശ്വസിക്കുന്നത്?"

"എന്താ, സംശയം ദക്തൂറ 'ശഹാദത്തുക്കലിമ' മനസ്സിൽ ചൊല്ലിയുറപ്പിക്കാത്ത ഒരാൾപോലും സ്വർഗ്ഗത്തിലേക്കില്ല."

"മഹാത്മാഗാന്ധിയും മദർ തെരേസയുമൊക്കെ അപ്പോൾ നരകത്തിലെത്തുമെന്നോ?"

"നിസ്സംശയം"

"എങ്കിൽ..... ദക്തൂറ ആസ്യ നിങ്ങളുടെ സ്വർഗ്ഗം എനിക്കുവേണ്ട. സബി തയ്ക്കു വിറയ്ക്കുന്നുണ്ടായിരുന്നു. എനിക്കു ഗാന്ധിജിയും മദർ തെരേ സയുമുണ്ടാകാവുന്ന ആ നരകം തന്നെ മതി."[52]

മതം മനുഷ്യബന്ധത്തിൽ തീർക്കുന്ന അപമാനവീകരണത്തെ സബിത ശക്തമായി പ്രതിരോധിക്കുന്നു. മാനവികതയെ തകർക്കുന്ന ഇസ്ലാംമതവിശ്വാസിയാകാതെ മനുഷ്യനന്മയെ വളർത്തുന്ന മതേതരവിശ്വാ സിയായാൽ മതിയെന്ന, ഒരു ദേശത്തിന്റെ സംസ്കാരമാണ് സബിതയുടെ വാക്കുകളിൽ മുന്നിട്ടു നിൽക്കുന്നത്.

അറേബ്യൻജനതയെ ആത്മീയതയുടെ അടിസ്ഥാനത്തിൽ ഒരൊറ്റ ജന തയാക്കുക എന്ന ലക്ഷ്യത്തോടെ സൃഷ്ടിക്കപ്പെട്ട ഇസ്ലാംമതത്തിന് അന്നത്തെ സാമൂഹികാന്തരീക്ഷത്തിൽ പരുക്കനായ നിയമവ്യവസ്ഥകളെ നടപ്പിലാക്കേണ്ടിവന്നു. "ഈ ഇസ്ലാംമതം ഇന്ത്യൻ മനസ്സിൽ വേരൂന്നിയ പ്പോൾ ഇവിടുത്തെ വെള്ളവും വളവും വലിച്ചെടുത്ത് അറേബ്യൻ ഇസ്ലാംമതത്തിൽ നിന്ന് വ്യത്യസ്തമായ ചില സ്വഭാവങ്ങൾ കൈവരിക്കു കയുണ്ടായി. ഏകദൈവ വിശ്വാസം, വിഗ്രഹാരാധനയ്ക്കെതിരായുള്ള സങ്കല്പം തുടങ്ങിയ പല ദർശനങ്ങളും ഇന്ത്യൻമതസങ്കല്പത്തിന് ഇസ്ലാംമതം സംഭാവന ചെയ്യുകയുണ്ടായി. അതുകൊണ്ട് ഇന്ത്യയിൽ ഹിന്ദുമതവും ഇസ്ലാംമതവും രണ്ടാണെങ്കിലും അവയ്ക്ക് സാംസ്ക്കാരി കമായ ഒരേ അടിവേരാണെന്നു പറയാം."[53] കേരളത്തിന്റെ തനിമകളും മാനവികതയും ഉൾചേർന്ന ഇസ്ലാമികസംസ്കാരത്തിനു വിരുദ്ധമായി അറേബ്യയിലെ പുരുഷാധിപത്യ ഇസ്ലാമികസംസ്കാരത്തോടുള്ള ഇണ

ങ്ങിപ്പോക്കാണ് സബിതയെ സംഘർഷത്തിലാഴ്ത്തുന്നത്. സമരസപ്പെട്ടു പോകാൻ കഴിയാത്ത സന്ദർഭങ്ങളിൽ അത്തരം നിയമങ്ങളോടു സബിത ശക്തമായി പ്രതികരിക്കുന്നത് മറ്റൊരു സാംസ്കാരികഘടനയെ സബിത വൈകാരികമായി മനസ്സിൽ സൂക്ഷിക്കുന്നതുകൊണ്ടാണ്.

ടി.ബി ബാധിതനായ ഭർത്താവിനെ ആശുപത്രിയിലാക്കിസബിതയ്ക്ക് അബ്ദുവിനൊപ്പം രാത്രി കാറിൽ മടങ്ങിപ്പോകേണ്ടിവന്നു. രക്തബന്ധമില്ലാത്ത അന്യപുരുഷന്റെകൂടെ ദൂരയാത്ര സൗദിനിയമം അനുവദിക്കുന്നില്ല. സബിത പിടിക്കപ്പെടുകയും അനാശാസ്യപ്രവർത്തനത്തിന് പിടിക്കപ്പെട്ട വരെപ്പോലെ വിചാരണ ചെയ്യപ്പെടുകയും ചെയ്തു. "എന്റെ ഭർത്താവ് സാഹിർ ആശുപത്രിയിലെ ഡോക്ടർ. അദ്ദേഹത്തിനു സുഖമില്ലാതായി. തായിഫിലേക്കയച്ചാൽ ഞാനല്ലാതെ വേറെ ആരാണ് കൂടെപ്പോകേണ്ടത്? രക്തബന്ധമുള്ളവരെ തിരഞ്ഞ് ഈ അന്യനാട്ടിൽ ഞങ്ങളെവിടെ പ്പോകും."[54] മതരാഷ്ട്ര നിയമങ്ങൾ സ്ത്രീയുടെ ആത്മാഭിമാനത്തി നേൽപ്പിച്ച മുറിവുകളാണ് സബിതയിൽ സങ്കടവും അമർഷവുമായി പുറ ത്തേക്കൊഴുകിയത്. മതങ്ങൾക്കപ്പുറത്ത് മാനവികതയിൽ അടിയുറച്ച സാംസ്കാരികപാരമ്പര്യം നിലനിൽക്കുന്ന ഒരു രാഷ്ട്രത്തിന്റെ ഭാഗമായ പ്രവാസിക്ക് അറേബ്യൻ ഇസ്ലാമികപാരമ്പര്യം ഭീതിതമാണ്." ഇന്നത്തെ മുസ്ലീമിന്റെ കണ്ണുകളും പ്രജ്ഞകളും അന്നിന്റെ തടവറയിൽ കിടക്കു ന്നതല്ലേ? ഇസ്ലാം ഒരു മാനവികസംസ്കരണം എന്ന നിലവിട്ട് ഓരോരു ത്തരുടേയും പ്രാദേശികസംസ്കാരങ്ങളെപ്പോലും തൂത്തെറിഞ്ഞു."[55]

അടിച്ചേൽപ്പിക്കപ്പെടുന്ന ഇസ്ലാംമതനിയമങ്ങൾ പ്രവാസിയുടെ സാംസ്കാരത്തെയും സ്വത്വത്തെയും തകർത്തുകളയുമെന്ന ഭീതിയാണ് നാട്ടിലേക്കുള്ള സബിതയുടെയും റഷീദിന്റെയും യാത്രയ്ക്കു കാരണമാ

കുന്നത്. അറേബ്യൻസാംസ്കാരിക പാരമ്പര്യത്തിന്റെ കർക്കശവ്യവസ്ഥ കൾ തകർത്തു കളയുക ഭാരതത്തിന്റെ മതേതര വീക്ഷണങ്ങളെയും മാന വികതയെയുമായിരിക്കും എന്ന തിരിച്ചറിവാണ് ഒരു മടങ്ങിപ്പോക്കിന് അവരെ പ്രേരിപ്പിക്കുന്നത്.

## 5.2.5.3.2 സ്ത്രീസ്വത്വത്തെ പരുക്കേൽപിച്ച മതരാഷ്ട്രം

അറേബ്യൻ സാംസ്കാരികതയല്ലാതെ വ്യതിരിക്തമായ മറ്റൊരു പൗരസമൂഹത്തെയും സാംസ്കാരികതയെയും സ്വതന്ത്രമായി നില നിർത്താൻ കഴിയാത്ത ഇടം എന്നതിനു പുറമെ അറേബ്യൻ ഇസ്ലാമികത, സ്ത്രീത്വത്തെ രണ്ടാംകിട ജന്മമായി തരംതാഴ്ത്തുന്നു എന്നത് പ്രവാസി യായ സബിത തിരിച്ചറിയുന്നു. പുരുഷാധിപത്യ താൽപര്യങ്ങൾ സ്ത്രീ സ്വാതന്ത്ര്യത്തെ  ഹനിക്കുന്ന സാമൂഹികസാഹചര്യങ്ങളാണ് ഖുർആനി ലേക്കും ഹദീസുകളിലേക്കും ആത്മീയയാത്ര നടത്താൻ സബിതയെ പ്രേരി പ്പിക്കുന്നത്. ഇന്ത്യൻ സാമൂഹികസാഹചര്യങ്ങളിൽ വളർന്ന അവർക്ക് മതാ ധിഷ്ഠിതമായ സ്ത്രീവിലക്കുകളെ ഉൾക്കൊള്ളാനാകുന്നില്ല, ഖുർആനി ലൂടെയും ഹദീസുകളിലൂടെയും ചരിത്രത്തിലൂടെയും അവൾ നടത്തുന്ന പര്യടനങ്ങളിൽ കണ്ടെത്തുന്ന നിരീക്ഷണങ്ങൾ മതപരമല്ല മറിച്ച് മാനു ഷികപ്രശ്നവും സ്ത്രീപ്രശ്നവുമായാണ് ചർച്ചചെയ്യപ്പെടുന്നത്. "എത്ര സഹസ്രാബ്ദങ്ങൾക്കുപിന്നിലാണു താനിപ്പോൾ എന്നു സബിത ഓർക്കാൻ ശ്രമിച്ചു. ഹാജറാബീവിയെന്ന അടിമസ്ത്രീയുടെ അരികിൽ താൻ നില്ക്കുകയാണ്. അവരുടെ മുഖം തനിക്കിപ്പോൾ വ്യക്തമായി കാണാം. ആശുപത്രിയിൽ വെച്ചു കണ്ട ഖദ്ദാമകളിലൊരുവളുടെ മുഖച്ഛാ യയാണ് ഇപ്പോഴവൾക്ക്."[56] മരുഭൂമിയിലെ ജലശൂന്യതയിൽ നിരാംലം ബയും ഗർഭിണിയുമായ ഹാജറാബീവിയെ ഉപേക്ഷിച്ചുപോയ ഇബ്രാഹിം

നബിക്കാണ് ത്യാഗത്തിന്റേയും ഭക്തിയുടേയും പിതൃബിംബസ്ഥാനം ഇസ്ലാംമതം നൽകിയത്. സ്ത്രീയുടെ ത്യാഗനിർഭരമായ മാതൃത്വത്തിനും ഉപേക്ഷിക്കപ്പെട്ട സ്ത്രീത്വത്തിനും മതഗ്രന്ഥങ്ങളിൽ സ്ഥാനമില്ല. സ്വന്തം മകനെ ആയിടെമാത്രം കണ്ട് ദൈവേച്ഛയനുസരിച്ച് ബലിയർപ്പിക്കാൻ തയ്യാറായ ഇബ്രാഹിം നബി മാത്രമാണ് ചരിത്രത്തിൽ മഹിമക്കർഹനാകുന്നത്. സ്ത്രീയുടെ ജീവിതത്തിനും സ്വത്വത്തിനും വിലകൽപ്പിക്കാതെ അവരെ ജീവിതത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് പുരുഷാധികാരം എങ്ങനെ തള്ളിയിട്ടിരിക്കുന്നു എന്നത് അവൾ മതഗ്രന്ഥങ്ങളിൽ നിന്നും കണ്ടെടുക്കുന്ന പെൺകാഴ്ചകളാണ്. മുഹമ്മദ് നബി അന്നത്തെ ഗോത്രസാഹചര്യത്തിൽ ബഹുഭാര്യാത്വത്തിന് അനുമതി നൽകിയിട്ടുണ്ടെന്ന് ഖുർആനിൽ പറയപ്പെടുന്നു. യുദ്ധങ്ങൾ നിലനില്ക്കുന്ന രാഷ്ട്രീയസാഹചര്യത്തിൽ അനാഥത്വം ഒരു സാമൂഹികപ്രശ്നമായിരുന്നു. പ്രവാചകൻ തന്നെ സ്ത്രീഹൃദയങ്ങൾക്ക് അഭയവും സാന്ത്വനവും നൽകിയിട്ടുണ്ട്. നബിയുടെ ജീവിതത്തിലേക്കാഴ്ന്നിറങ്ങുമ്പോഴും അവിടെ നബിയുടെ പത്നിമാർ സംതൃപ്തരായിരുന്നോ എന്ന് സബിത സംശയിക്കുന്നു. "ആയിഷയെന്ന സൗന്ദര്യധാമം ഭാര്യയായിരിക്കുമ്പോൾ തന്നെയല്ലേ പ്രവാചകൻ ഉമ്മുസൽമയെന്ന പ്രൗഢവനിതയെ ജീവിതത്തിലേക്കുക്ഷണിച്ചത്. ആയിഷയ്ക്ക് ഒരു ചെറുപ്പക്കാരനോടുണ്ടാകാമായിരുന്ന ചെറിയൊരാകർഷണത്തിന്റെ സൂചനപോലും നീയുൾപ്പെടെയുള്ള വിശ്വാസികളെ കിടിലംകൊള്ളിക്കുന്നതെന്തിന്."[57]

ബഹുഭാര്യാത്വം എന്ന സ്വതന്ത്രപുരുഷലൈംഗീകതയെ മതത്തിനകത്തു നിയമങ്ങളാക്കിമാറ്റിയ പ്രത്യയശാസ്ത്രത്തോടു സബിത കലഹിക്കുന്നു. "...റസൂലിന്റെ മരണശേഷം പതിനെട്ടുകാരിയായ ആയിഷയുൾപ്പെടെ

പ്രവാചക പത്നിമാരെല്ലാം അലൈംഗിക ആദർശജീവിതം നയിച്ചു മരിച്ചു പോയി. അമ്പതുകാരനായിട്ടും പ്രവാചകത്വത്തിന്റെ എടുത്താൽ പൊങ്ങാത്ത ഭാരവും ആദർശപരിവേഷവുമുണ്ടായിട്ടും പ്രവാചകന് അതൊന്നും നിഷദ്ധമായതുമില്ല. ഈ ദ്വന്ദം എന്നെ അസ്വസ്ഥയാക്കുന്നു. പുരുഷന് ലൈംഗീകതയും സ്ത്രീയ്ക്ക് അലൈംഗീകതയും പുണ്യമാക്കുന്ന ദ്വന്ദം."[58]

ഏകഭാര്യാത്വസംസ്കാരം നിലവിലിരിക്കുന്ന ദേശത്തുനിന്നും വന്ന സബിത ആ സാംസ്കാരിക സാഹചര്യങ്ങൾക്കകത്തുനിന്നും മതത്തെ വീക്ഷിക്കുമ്പോൾ ഉണ്ടാകുന്ന വൈരുദ്ധ്യമാണ് സബിതയുടെ മനോലോകത്തെ പ്രശ്നസങ്കീർണ്ണമാക്കുന്നത്. ഏതൊരുമതഗ്രന്ഥത്തെയും ഭാവനയ്ക്കനുസരിച്ചും പ്രതീകാത്മകമായും വ്യാഖ്യാനിക്കാനും പാഠഭേദങ്ങൾ ചമയ്ക്കാനും സ്വാതന്ത്ര്യമുള്ള ദേശത്തുനിന്നുംവന്ന പ്രവാസിക്ക് ഇത്തരം കാഴ്ചകൾതന്നെ നിഷേധിക്കുന്ന പരമ്പരാഗത അറേബ്യൻ ഇസ്ലാമികതയെ ഉൾകൊള്ളാനാകുന്നില്ല. "ആലിൻ കൊമ്പത്തു തുകിലും മോഷ്ടിച്ചിരുന്ന് ചിരിക്കുന്നവനെ നോക്കി കള്ളകൃഷ്ണന്റെ വിളയാട്ടങ്ങൾ എന്നു ലൗകീകജീവികൾ ശുദ്ധാഹ്ളാദത്തോടെ ഊറിച്ചിരിക്കുന്നു. നിന്റെ അലങ്കാരങ്ങളുപേക്ഷിച്ച് നഗ്നനായി, മറയില്ലാത്ത മനസ്സുമായി എന്നിലേക്ക്, ജഗദീശ്വരനിലേക്ക് വരികയെന്ന തത്വമാണ് ഇവിടെ അനാവൃതമാകുന്നതെന്ന് ജ്ഞാനികൾ നമുക്കു വിശദീകരിച്ചുതരുന്നു. പക്ഷെ... പക്ഷെ ഇസ്ലാമിൽ അങ്ങനെ പ്രതീകാത്മകതയ്ക്കുള്ള സ്വാതന്ത്ര്യമെവിടെ."[59]

പ്രകൃതിയെയും മിത്തുകളെയും പുരാണങ്ങളെയും ഭാവനാപൂർണ്ണമായി നോക്കികാണുന്ന കേരളീയഹൈന്ദവമതത്തിന്റെ ഭാഗമായിരുന്ന സബിതയുടെ കാല്പനിക വൈകാരികലോകം മുസ്ലീംമതത്തിന്റെ ഭാഗ

മായപ്പോഴും നഷ്ടപ്പെടുന്നില്ല. കാരണം ഇന്ത്യൻമുസ്ലീമിന്റെ മനസ്സ് കാല്പനികതയിലും ഭാവനയിലും ഒഴുകി നടക്കുന്നതാണ്. അതിൽനിന്നും വിരുദ്ധമായി എല്ലാ പഴുതുകളുമടച്ചുകൊണ്ടുള്ള അറേബ്യൻരാഷ്ട്രമതനിയമങ്ങൾ സ്ത്രീയുടെ വൈകാരിക കാല്പനികലോകത്തെ പാടേ തൂത്തെറിഞ്ഞു. സ്ത്രീകളെ ലൈംഗീകതയ്ക്കും കുഞ്ഞുങ്ങളെ ജനിപ്പിക്കുന്നതിനും വേണ്ടി പ്രവർത്തിക്കുന്ന യന്ത്രങ്ങളായി മാത്രം കാണുന്ന ബഹുഭാര്യാത്വസംസ്കാരം രണ്ടാംകിടജന്മമായി സ്ത്രീകളെ തരംതാഴ്ത്തുന്നു.

സബിതയുടെ ചിന്തകൾക്കെല്ലാം അടിസ്ഥാനമാകുന്നത് ഇന്ത്യൻസാംസ്കാരികതയാണ്. സ്ത്രീപുരുഷസമത്വത്തിലൂന്നിയ സാംസ്കാരികതയിൽ നിന്നും വന്ന പ്രവാസിക്ക് ബഹുഭാര്യാത്വം പോലുള്ള ബന്ധങ്ങളിലെ വൈരുദ്ധ്യം ചിന്തയ്ക്കതീതമാണ്. ഇന്ത്യൻ മനസ്സ് ബഹുഭാര്യാത്വം പോലുള്ള പ്രാചീന യാഥാസ്ഥിതികസ്ത്രീവിരുദ്ധആചാരങ്ങളെ കാലങ്ങൾക്കുമുമ്പെ പുറംതള്ളിയിരിക്കുന്നു. ഡോക്ടർ ഉബൈദുള്ളയുടെ മരണം ഇതു സാക്ഷ്യപ്പെടുത്തുന്നതാണ്. വിവാഹിതനായ ഇന്ത്യൻ ഡോക്ടർ ഉബൈദ്, ഷാഹിനയെന്ന മറ്റൊരു സ്ത്രീയെ പ്രണയിക്കുന്നു. കുറ്റബോധം താങ്ങാനാകാതെ മരണപ്പെടുന്ന ഉബൈദ് ഡോക്ടറുടെ മാനസികസംഘർഷങ്ങൾ ഏക ഭാര്യാത്വവ്യവസ്ഥിതിയിൽ നിലനിന്നു പോരുന്ന ഇസ്ലാമികവിശ്വാസിയുടെ സാംസ്കാരികവും ധാർമ്മീകവുമായ ഉത്തരവാദിത്വത്തെയാണ് കുറിക്കുന്നത്. ബഹുഭാര്യാത്വം അറേബ്യൻ ഇസ്ലാമിന് ശരികളാകുമ്പോൾ ഇന്ത്യൻ മുസ്ലീമിന് അത് കുറ്റബോധത്തിനു കാരണമാകുന്നു. ഷാഹിനയുടെ വാക്കുകളിൽ തെളിയുന്നത് ഈ വൈരുദ്ധ്യമാണ്. "പരിഷ്കൃതനായ ഒരിന്ത്യൻ മനസ്സിന് ബഹുഭാര്യാത്വത്തിന്റെ തീരുമാനമേൽപ്പിക്കുന്ന ആഘാതത്തെപ്പറ്റി ഞാൻ ബോധവതിയാകേണ്ടതായിരുന്നു. നിങ്ങളുടെ സംസ്കാരം വ്യത്യസ്തമാണ് തികച്ചും."[60]

അറേബ്യൻസാംസ്കാരികതയുടെ സ്ത്രീവിരുദ്ധ താൽപര്യങ്ങളെ സബിത പുച്ഛിക്കുന്നു. സൗദി ഡോക്ടർ ഹാഷിം ഇന്തോനേഷ്യക്കാരിയുടെ ലിപ്സ്റ്റിക് കൈവിരൽകൊണ്ടു തുടച്ചുകളഞ്ഞത് സബിതയെ ഞെട്ടിച്ചു. ഭർത്താവിനുവേണ്ടി മാത്രമേ ചമയങ്ങളണിയാവൂ എന്ന ശാസനയാണ് ആ പ്രവൃത്തിയിൽ നിഴലിച്ചത്. "അന്യനാട്ടിൽ ചമയങ്ങളണിഞ്ഞു ആക്രമിക്കപ്പെട്ടാലോ എന്ന സദ്ബുദ്ധിപോലുമല്ല. അവളുടെ ഭർത്താവിനെ രമിപ്പിക്കാനല്ലാതെ അവളെന്തിനു ചമയുന്നൂ എന്ന്. പെണ്ണ് സ്വന്തം ആണിന് കണ്ടും കൊണ്ടും രസിക്കാനുള്ള സ്വകാര്യ ഉപഭോഗവസ്തു മാത്രമാണെന്ന ഊന്നിയുറപ്പിക്കൽ."[61]

സ്ത്രീയെ ലൈംഗീകഉപഭോഗവസ്തു എന്നതിനപ്പുറം മനുഷ്യനായിതന്നെ പരിഗണിക്കാത്ത ഹദീസുകളെയും മതനിയമങ്ങളെയും സബിത വെറുത്തു. "നായയ്ക്കും-കഴുതയ്ക്കുമൊപ്പം നികൃഷ്ടമായി സ്ത്രീയെ ചിത്രീകരിക്കുന്ന ഹദീസ്! സ്ത്രീയെപ്പോലെ മാരകമായ ഒന്നിനെ ഞാൻ പുരുഷനുവേണ്ടി ബാക്കിവെച്ചു പോകില്ലെന്ന മറ്റൊരുദ്ധരണി?! ഞാൻ സ്വർഗ്ഗത്തിലേക്കെത്തിനോക്കി അവിടെ കൂടുതലും ഭൂമിയിലെ പാവപ്പെട്ടവരെ കണ്ടു. നരകത്തിലേക്കെത്തിനോക്കി അവിടെ കൂടുതലും സ്ത്രീകളെയും (അവർ പുരുഷന്മാരോട് അനുസരണക്കേട് കാണിച്ചവരായിരുന്നു)."[62] ശരീരം മുഴുവൻ അടച്ചുകെട്ടി സ്ത്രീകൾ നടക്കണമെന്നും പുരുഷന്റെ ലൈംഗീകതാൽപര്യങ്ങളെ തൃപ്തിപ്പെടുത്താനായി മാത്രം ജീവിക്കണമെന്നും പഠിപ്പിക്കുന്ന ഖുർആനിന്റെയും ഹദീസുകളുടെയും വ്യാഖ്യാനങ്ങൾ പുരുഷാധിപത്യ പ്രത്യയശാസ്ത്രം സ്ത്രീകൾക്കുമേൽ ആധിപത്യത്തിനായി നടപ്പിലാക്കിയ ആഖ്യാനതന്ത്രങ്ങൾ മാത്രമാണ്.

മതേതരവാദത്തെയും സ്ത്രീപുരുഷസമത്വവാദത്തെയും പ്രധാന

ആശയമായി വളർത്തുന്ന ഒരു ദേശത്തിന്റെ ഭാഗമായ പ്രവാസിക്ക് ഈ തന്ത്രത്തെ എളുപ്പത്തിൽ തിരിച്ചറിയാനാകും. മതനിയമങ്ങളെ അടിസ്ഥാനപ്പെടുത്തികൊണ്ടുള്ള അറേബ്യൻ സാംസ്കാരികതയിൽ നിലനിന്നാൽ സ്വാതന്ത്ര്യത്തിലും മതേതരത്വത്തിലും അധിഷ്ഠിതമായ തങ്ങളുടെ വേരുകൾ നഷ്ടമായിപ്പോകുമെന്ന ഭയമാണ് ഒരു തിരിച്ചുപോക്കിന് റഷീദിനെയും സബിതയെയും പ്രേരിപ്പിക്കുന്നത്.

### 5.2.6 മതാവിഷ്കാരം ആടുജീവിതത്തിൽ

മതം ആത്മാവിഷ്കാരരൂപകമായി പ്രവാസാഖ്യാനങ്ങളിൽ കടന്നുവന്നതിന്റെ തെളിവാണ് 'ആടുജീവിതം'. മൃഗതുല്യമായ അടിമത്തജീവിതം നയിക്കേണ്ടിവന്ന നജീബ് മസറയിൽ നിന്നും രക്ഷപ്പെടാനുള്ള ഏകമാർഗ്ഗമായി കാണുന്നത് ഈശ്വരവിശ്വാസമാണ്. പ്രകടനപരതയുടേയും ആചാരബദ്ധതയുടെയും കെട്ടുപാടുകളിൽ കുടുങ്ങി മനുഷ്യനെ തടവിലാക്കുന്ന ഒന്നായാണ് മതം സമൂഹത്തിൽ വ്യവസ്ഥാപിതമാകുന്നത്. മതത്തിന്റെ ഈ മുഖമാണ് ബർസയിൽ ആവിഷ്കൃതമായത്. സമൂഹമാണ് ഇവിടെ അപരനെ വരിഞ്ഞുകെട്ടാനുള്ള ഉപാധിയായി മതത്തെ ഉപയോഗപ്പെടുത്തുന്നത്. യഥാർത്ഥ ആത്മീയതയുടെ സുരക്ഷിതത്വം അനുഭവിച്ചറിയുന്ന കഥാപാത്രമായാണ് നജീബ് ആടുജീവിതത്തിൽ പ്രത്യക്ഷപ്പെടുന്നത്. അടിമത്തത്തിൽ നിന്ന് മോചിതമാകാനുള്ള അവസാന പിടിവള്ളിയാണ് നജീബിന് ആത്മീയത. ശുഭാപ്തിവിശ്വാസിയാകാനും പ്രസാദാത്മകമായി ജീവിതത്തെ കാണാനും ഏതുദുരിതത്തെയും മറികടക്കാനും നജീബിന് കരുത്താകുന്നത് മതവിശ്വാസംകൊണ്ടുമാത്രമാണ്. ആ മതം സമൂഹം നിഷ്കർഷിക്കുന്ന മതസങ്കല്പമല്ല. അനുഷ്ഠാനങ്ങളിൽ നിന്നെല്ലാം വിട്ടുനിന്നുകൊണ്ട് ആത്മാവും ഈശ്വരനും തമ്മിലുള്ള സംവാദത്തിലേക്കു ഉയർത്തപ്പെടുന്ന ആത്മീയതയാണ്.

ഇസ്ലാംമത വിശ്വാസംകൊണ്ട് അറേബ്യൻ പ്രവാസത്തിൽ നജീബിന് യാതൊരു ഭൗതീകനേട്ടവും കൈവരിക്കാനാകുന്നില്ല. ഇസ്ലാംമതക്കാരൻ എന്ന പരിഗണനയോ, ആനുകൂല്യമോ അർബാബിൽനിന്ന് നജീബിന് ലഭിക്കുന്നില്ലെന്നു കാണാം. അർബാബിന്റെ കണ്ണിൽ നജീബ് വെറും മൂന്നാംലോകരാജ്യ പ്രവാസി മാത്രമാണ്. ഹിന്ദുവായാലും ക്രിസ്ത്യാനിയായാലും മറ്റ് ഏതുമതവിഭാഗത്തിൽപെട്ടവനായാലും നജീബിന്റെ മസറജീവിതത്തിന് യാതൊരു മാറ്റവും സംഭവിക്കില്ല. വികസ്വരരാജ്യത്തുനിന്നും വന്ന വെറും അടിമ - കീഴാളൻ മാത്രമാണ് അറബിക്ക് ഇന്ത്യൻപൗരൻ.

സമൂഹത്തിൽനിന്നും പാർശ്വവത്കരിക്കപ്പെട്ട അടിമയായ പ്രവാസി മതത്തിന്റേതായ അനുഷ്ഠാനങ്ങളോ ആചാരങ്ങളോ മസറയിൽ നടത്തുന്നില്ല. പള്ളിയിൽപോക്കോ നിസ്കാരമോ നടത്താൻ അയാൾക്ക് കഴിയുന്നില്ല. വ്യവസ്ഥാപിതമതം നിഷ്കർഷിക്കുന്ന ചട്ടകൂടുകളെ ഭേദിച്ചുകൊണ്ട് യഥാർത്ഥ ആത്മീയത അനുഭവിക്കുന്ന വ്യക്തി എന്ന നിലയിൽ അയാളുടെ സ്വത്വത്തിന്റെ പ്രകാശനമായി മതം ഇവിടെ രൂപംമാറുന്നു. അള്ളാഹുവിന്റെ സാന്നിധ്യം അയാൾ തിരിച്ചറിയുന്നത് പ്രകൃതിയിലൂടെയാണ്. മഴകഴിഞ്ഞ് മരുഭൂമിയിൽ ഉയർത്തെഴുന്നേറ്റ ചെടികുഞ്ഞുങ്ങളിൽ ഈശ്വരസാന്നിധ്യം നജീബ് ദർശിക്കുന്നുണ്ട്. “ആ ചെടികൾ എനിക്കു പറഞ്ഞു തന്നത് ജീവിതത്തിന്റെ വലിയ പ്രതിക്ഷയുടെ പാഠങ്ങളാണ്. അവ എന്നോടു രഹസ്യത്തിൽ പറഞ്ഞു. “നജീബേ, ഭൂമിയുടെ ദത്തുപുത്രാ.... ഞങ്ങളെപ്പോലെ നീയും നിന്റെ ജീവനെ അടക്കിപ്പിടിച്ച് ഈ മരുഭൂമിയോട് മല്ലിടുക, തീക്കാറ്റും വെയിൽനാളവും നിന്നെ കടന്നുപോകും... നീ അവയ്ക്കുമുന്നിൽ കീഴടങ്ങരുത്. തളരുകയും അരുത്... കരു

ണാമയനായ അള്ളാഹുവിനെ മാത്രം രഹസ്യത്തിൽ വിളിക്കുക. അവൻ നിന്റെ സാന്നിദ്ധ്യമറിയും."[63]

നോവലെഴുത്തിനാസ്പദമായ യഥാർത്ഥ നജീബ് നാസ്തികനാണ്. "ദർശനത്തിന്റെ പ്രകാശം നോവലുൾപ്പെടെയുള്ള ഓരോ സാഹിത്യരൂപത്തിലേയും രചനകളെ മഹത്തായ കലാസൃഷ്ടികളാക്കുന്നു. ദാർശനികനായ ഒരെഴുത്തുകാരനും തന്റെ അനുഭവപ്രത്യക്ഷങ്ങളെ വെറുതെ പകർത്തിവയ്ക്കുന്നില്ല."[64] ജീവിതത്തെ പ്രകാശാത്മകമായി കാണാൻ യാതനകളിൽ പിടിച്ചുനിൽക്കാൻ വ്യക്തിയെ സഹായിക്കുന്ന പ്രചോദനകേന്ദ്രമെന്ന നിലയിൽ ബെന്യാമിൻ ഉപയോഗിച്ച നല്ലൊരു ചേരുവയാണ് ആടുജീവിതത്തിലെ ആസ്തിക്യബോധം. മതത്തിന്റെ ഉദയഘട്ടങ്ങളിലുണ്ടായിരുന്ന ധാർമ്മികമാനവികമൂല്യങ്ങൾ പിന്നീട് മതത്തിനകത്തുനിന്നു നിഷ്കാസിതമാകുന്നതു കാണാം. മതത്തിനകത്ത് നഷ്ടമായിപ്പോകുന്ന മാനവികതയുടെ ഉണർവ്വുകളിലാണ് ബെന്യാമിൻ സ്പർശിക്കുന്നത്.

സാമ്പ്രദായിക മതാചാരങ്ങളെ ഖണ്ഡിക്കുകയാണ് ബെന്യാമിൻ ആടുജീവിതത്തിലൂടെ ചെയ്തത്. "അയാൾ എന്റെ കൈതണ്ടയിൽ എന്തോ ഒരു തരം മഷികൊണ്ട് കുറച്ച് അറബി അക്കങ്ങൾ പച്ചകുത്തി. ചെറുപ്പത്തിൽ ഞാൻ മദ്രസയിൽ പോയിരുന്നതുകൊണ്ട് വേഗം ഞാനത് 13858 എന്നു വായിച്ചു. ഒരു പക്ഷെ അന്നത്തെ മദ്രസപഠനംകൊണ്ട് എനിക്ക് ജീവിതത്തിൽ ഉണ്ടായ ഒരേയൊരു ഉപകാരം."[65] ജീവിതത്തിൽ കടന്നുപോകേണ്ടിവന്ന യാതനകളിൽ സഹായി എന്ന നിലയിലാണ് അള്ളാഹുവിനെ നജീബ് കാണുന്നത്. ഏകതുണയായി അള്ളാഹുവിനെ അയാൾ തിരിച്ചറിയുന്നത് മതപഠനം നടത്തിയോ മതാചാരങ്ങൾ നടത്തിയോ അല്ല. മറിച്ച് ജീവിതാനുഭവങ്ങളിലൂടെയാണ്. "അവിശ്വാസികളെ ........ പ്രാർത്ഥ

നകൾ നിങ്ങൾക്കു വെറും പ്രഹസനങ്ങളും ചടങ്ങുകളും മാത്രമായിരിക്കാം. പക്ഷെ എന്നെ സംബന്ധിച്ചിടത്തോളം അതെന്റെ പിടിച്ചുനിൽപിന്റെ അവസാന അത്താണിയായിരുന്നു. ഞാൻ ശരീരത്തിൽ ഏറെ തളർന്നപ്പോഴും ആത്മാവിൽ പിടിച്ചുനിന്നത് ആ വിശ്വാസംമൂലമായിരുന്നു. ഇല്ലെങ്കിൽ ആ തീകാറ്റിൽ ഞാനൊരു പുൽക്കൊടിയെന്നപോലെ വാടിക്കരിഞ്ഞുപോകുമായിരുന്നു."[66]

ഒരു ഭ്രമാത്മകത സൃഷ്ടിച്ചുകൊണ്ടാണ് മതത്തെ ബെന്യാമിൻ നോവലിൽ അനുഭവവേദ്യമാക്കുന്നത്. മസറയിൽനിന്ന് രക്ഷപ്പെടുകയെന്നത് നജീബിനെ സംബന്ധിച്ചിടത്തോളം അസാധ്യമായിരുന്നു. നിരാശയുടെ നടുക്കടലിൽ മുങ്ങിത്താഴുമ്പോഴാണ് പ്രാർത്ഥനയ്ക്കുത്തരം പോലെ സൊമാലിയക്കാരനായ ഇബ്രാഹിം ഖാദരി രക്ഷകനായി അവതരിക്കുന്നത്. "കരുണാമയനായ അള്ളാഹുവിനോട് നന്ദി പറഞ്ഞു. എന്നെ ഓർത്തതിന്. എന്റെ സങ്കടങ്ങൾ കേട്ടതിന്. എന്നെ വിടുവിക്കാൻ ഇബ്രാഹിം ഖാദരി എന്ന പ്രവാചകനെ അയച്ചുതന്നതിന്. അള്ളാഹു അക്ബർ! അള്ളാഹു അക്ബർ."[67] മരുഭൂമിയിൽ നിന്നുമുള്ള പലായനത്തിൽ രക്ഷകനായി മാറിയ ഇബ്രാഹിംഖാദരി നജീബിനെ റോഡരികിലെത്തിച്ചശേഷം അപ്രത്യക്ഷമാകുന്നു. ആപത്തിൽ രക്ഷയ്ക്കെത്തുന്ന ചൈതന്യമാണ് ഈശ്വരൻ എന്ന സങ്കല്പമാണ് നോവലിലുടനീളം ബെന്യാമിൻ ദീക്ഷിച്ചിരിക്കുന്നത്. "ഇബ്രാഹിം ഖാദരി, എന്റെ രക്ഷകൻ. മരുഭൂമിയിലെ എന്റെ വിമോചകൻ. എന്റെ മൂസാനബി. എന്നെ രക്ഷയുടെ പടിവാതിൽക്കൽവരെ എത്തിച്ചിട്ട് ആ രാത്രി എവിടെയ്ക്കാവും അപ്രത്യക്ഷനായത്..? നിങ്ങളെപ്പോലെ എനിക്കും അതറിയില്ല."[68]

പ്രസാദാത്മകമായി ജീവിതത്തെ കാണാൻ സഹായിക്കുന്ന മതബോ

ധമായാണ് ആത്മീയതയെ ബെന്യാമിൻ അവതരിപ്പിക്കുന്നത്. മാത്രമല്ല ആചാരാനുഷ്ഠാനബദ്ധമായ സാമൂഹിക കെട്ടുപാടുകളാൽ മുദ്രിതമായ മതത്തെ നിഷേധിക്കുകകൂടി ചെയ്യുന്നുണ്ട്. സമൂഹത്തിൽനിന്നകന്ന പ്രവാസിയ്ക്കാണ് ഇവിടെ യഥാർത്ഥ ആത്മീയതയെ സ്പർശിക്കാൻ സാധിക്കുന്നത്. യഥാർത്ഥ മതസംസ്കൃതിയിലേക്കാണ് ആടുജീവിതമെന്ന പ്രവാസാഖ്യാനം നമ്മെ നയിക്കുന്നത്. "സംസ്കൃതിയുടെ ഊർജ്ജസ്രോതസ്സുകളിൽനിന്ന് ദൈവചിഹ്നങ്ങൾ വീണ്ടെടുത്ത് എഴുത്തുകാരൻ തന്റെ കലയിൽ നിക്ഷേപിക്കുന്നു. മതത്തിന്റെയും ആരാധനയുടെയും സാന്നിധ്യങ്ങൾ കലയിൽ പ്രത്യക്ഷമാവുന്നത് സാംസ്കാരികാനുഭവങ്ങൾ എന്ന നിലയ്ക്കാണ്."[69]

ഭാഷയും മതവുംപോലെത്തന്നെ പ്രവാസി ആന്തരീകമായി കൊണ്ടുനടക്കുന്ന തീവ്രാനുഭവമാണ് കൈവിട്ട വീടിനെക്കുറിച്ചും നാടിനെക്കുറിച്ചുമുള്ള ഓർമ്മകൾ. പ്രവാസിയുടെ സ്വത്വത്തെ സങ്കീർണ്ണമാക്കുന്ന-നിർണ്ണയിക്കുന്ന പ്രധാനഘടകമാണ് ഗൃഹാതുരത.

## 5.3. ഗൃഹാതുരത്വം

ഗൃഹം മനുഷ്യൻ നിർമ്മിച്ചെടുത്ത ആവാസ ഇടമാണ്. അവന് സുരക്ഷ നൽകുന്നതും അവനിലെ സ്വത്വത്തെ രൂപപ്പെടുത്തുന്നതുമായ ആദിമസ്ഥലമാണത്. അവിടെ നിന്നും അവൻ ആർജിച്ചെടുക്കുന്നത് സുഖമായാലും ദു:ഖമായാലും അവന്റെയുള്ളിലെ മായാത്ത അനുഭവവും അനുഭൂതിയുമാണ് വീട്. നൊമ്പരപ്പെടുത്തുന്ന ഓർമ്മയായി അവന്റെയുള്ളിൽ നിലനില്ക്കുന്ന യാഥാർത്ഥ്യമാണത്. നഷ്ടമായ വീട്ടിലേക്ക് മാനസികതലത്തിൽ വ്യക്തി നടത്തുന്ന തിരിഞ്ഞുനോട്ടമാണ് ഗൃഹാതുരത്വം. ആദിമ

ഇടത്തിലേക്കുള്ള മനുഷ്യന്റെ തിരിച്ചുപോക്കിനെയാണ് ഗൃഹാതുരത്വം സ്ഥാനപ്പെടുത്തുന്നത്. മധുരമുള്ള ഓർമ്മയും അതു നൽകുന്ന വേദനയുമാണ് ഗൃഹാതുരതയിൽ ഉൾച്ചേർന്നിരിക്കുന്നത്. ഓർമ്മകളാകട്ടെ കാലവുമായി ബന്ധപ്പെട്ടു കിടക്കുന്നു. കഴിഞ്ഞ കാലത്തെ അനുഭവങ്ങൾ ഓർമ്മകളായി മനസ്സിനെ കീഴടക്കുന്ന വേദനാപൂർണ്ണമായ ഈ അവസ്ഥയാണ് പ്രവാസികൾ നേരിട്ടുകൊണ്ടിരിക്കുന്നത്.

### 5.3.1ഗൃഹാതുരതയും പ്രവാസിയും

ദേശസ്വത്വം, പരദേശസ്വത്വം എന്നിവയെ സമന്വയിക്കേണ്ടത് പ്രവാസിയുടെ അനിവാര്യതയാണ്. ഈ വൈരുദ്ധ്യങ്ങൾ പ്രവാസിയുടെ ആന്തരലോകത്തെ സങ്കീർണ്ണമാക്കുന്നുണ്ട്. ഈ സമ്മർദ്ദങ്ങൾ പ്രവാസിയിൽ കെട്ടുപിണഞ്ഞുകിടക്കുന്ന കുടുംബ ബന്ധങ്ങൾ, ദേശം, പ്രകൃതി, ആചാരവിശ്വാസങ്ങൾ എന്നീ വൈകാരികമായ ഭൂതകാലത്തെ തീവ്രമാക്കുന്നു. കൈവിട്ട ദേശത്തിന്റെ പാരമ്പര്യവും സാംസ്കാരികതനിമകളും ഓർമ്മകളായി അയാളെ നിരന്തരം വേട്ടയാടുന്നു. നഷ്ടമായതിനെ ഭാവനയിൽ കാണുന്ന സംഘർഷാത്മക മനസ്സ്, സ്വപ്നഭൂമിയായി നാടിനെയും വീടിനെയും സങ്കല്പിക്കുന്നു. പ്രവാസിയുടെ ഈ ഗൃഹാതുരത, സാങ്കല്പികദേശഭാവനയെയാണ് സൃഷ്ടിക്കുന്നത്. അതുകൊണ്ടാണ് അവതാർ ബ്രാ 'പ്രവാസ ഭാവനയിൽ വീട് എന്നത് സ്വപ്നങ്ങളുടെ സാങ്കല്പിക സ്ഥലമാണ് എന്ന് നിരീക്ഷിക്കുന്നത്'[70] (Avtar Brah's statement that 'home' is a mythic place of desire in the diasporic imagination).

സാമൂഹികസ്ഥാനങ്ങളുമായി താദാത്മ്യം പ്രാപിച്ച സ്വത്വമാണ് ഓരോ വ്യക്തിയ്ക്കുമുള്ളത്. ഈ സ്വത്വത്തെ മറ്റൊരു സാമൂഹികസ്ഥാന

ത്തേക്ക് മാറ്റി പ്രതിഷ്ഠിക്കുമ്പോൾ ഉണ്ടാകുന്ന വൈരുദ്ധ്യം അവന്റെ സ്വത്വത്തിൽ അഴിച്ചുപണികൾ ആവശ്യപ്പെടുന്നു. നിലനില്പിനായി മാറിയ ആവാസവ്യവസ്ഥയോടു ചേർന്നു നിൽക്കുമ്പോഴും പ്രവാസിയുടെ ഉള്ളിലെ അപരത്വം അതിനോടു കലഹിക്കുകയോ അതിനെ പ്രതിരോധി ക്കുകയോ ചെയ്യുന്നു. ഈ വിയോജിപ്പുകളാണ് പിന്നിലെറിഞ്ഞുപോയ ജന്മദേശത്തിനായുള്ള പ്രവാസിയുടെ ആന്തരീക ദാഹമായി ഗൃഹാതുര തയായി അയാളെ നിരന്തരം പിന്നിലേക്കു വലിക്കുന്നത്.

## 5.3.2 ഗൃഹാതുരത – നോവലുകളിൽ

സാമ്പത്തിക ബുദ്ധിമുട്ടുകളുടെ നിവാരണത്തിനായി മരുഭൂമിയിലേക്ക് ചേക്കേറേണ്ടിവന്ന പ്രവാസികളിൽ കഴിഞ്ഞകാലത്തെ ഓർമ്മകൾ തീവ്ര മാണ്. നാടുകാണാനുള്ള കൗതുകമോ ജന്മദേശത്തെ സാമൂഹികവ്യവ സ്ഥിതിയോടുള്ള വിയോജിപ്പുകൊണ്ടോ നടത്തിയ പ്രവാസിത്വമല്ല അവ രുടേത്. കുടുംബത്തിനായി സ്വയം ബലികൊടുത്ത ജീവിതമാണ് അവരു ടേത്. കുടുംബത്തെ പട്ടിണിയിൽനിന്നും രക്ഷിക്കാനായി നടത്തുന്ന ഈ പ്രവാസം നിർബന്ധിത നാടുകടത്തൽ എന്ന പ്രവാസാവസ്ഥയെ പ്രതി നിധീകരിക്കുന്നുണ്ട്. ഭാര്യയുടേയോ അമ്മയുടേയോ സഹോദരങ്ങളു ടേയോ നിർബന്ധത്തിനുവഴങ്ങി വേദനയോടെ ജന്മദേശത്തെ നഷ്ടപ്പെ ടുത്തിയവരാണിവർ. അവരിൽ ജന്മദേശത്തോടുള്ള അഭിവാഞ്ഛ തീവ്ര മായിരിക്കും. ഓർമ്മകളിലൂടെ നഷ്ടപ്പെടുത്തിയ നാടിനെ അവർ ഉള്ളിൽസൂക്ഷിക്കുന്നു.

രണ്ടുകാലങ്ങളിൽ ഒരേസമയം ജീവിക്കുന്നവനാണ് പ്രവാസി. ഭൂത കാലത്തിന്റെയും വർത്തമാനകാലത്തിന്റെയും നടുവിൽ ജീവിക്കുന്നവൻ.

രണ്ടുകാലങ്ങളുടെ സംഘർഷങ്ങൾ ഉള്ളിൽ പേറുന്ന പ്രവാസിയുടെ സ്വത്വാവിഷ്കാരങ്ങൾ തന്നെയാണ് പ്രവാസനോവലുകൾക്കെല്ലാം പങ്കു വെയ്ക്കാനുള്ളത്. "ഓർമ്മയെപ്പോലെ കാലവും സാമൂഹികമായ അനുഭ വമാണ്. ഭിന്നപാഠങ്ങളായി അതു നോവലിൽ മാറ്റിയെഴുതപ്പെടുന്നു. ഓരോ സമൂഹത്തിനും തനതായ കാല സങ്കല്പങ്ങളുണ്ട്. സാമൂഹികമായി നിർമ്മി ക്കപ്പെട്ട ഈ കാലാനുഭവത്തിന്റെ പുനരെഴുത്താണ് നോവലിലെ കാല ദർശനം. സാമൂഹികമായ കാലം (social time) ഘടികാരാശ്രിതമായ പൊതുകാലമല്ല. നോവൽ ഘടികാരകാലത്തെ പിളർന്നുകൊണ്ട് മനുഷ്യ കാലം സൃഷ്ടിക്കാൻ ശ്രമിക്കുന്നു. മനുഷ്യാസ്ഥിത്വം കാലപരമായതുകൊ ണ്ടാണ് നോവലെഴുത്തുകാർ അങ്ങനെ ചെയ്യുന്നത്."[71] ബാഹ്യകാലത്തെ ക്കാൾ ആന്തരകാലമാണ് പ്രവാസിയിൽ മുന്നിട്ടുനിൽക്കുന്നത്. വർത്ത മാനകാലത്തിൽ നിൽക്കുമ്പോഴും ഭൂതകാലത്തിൽ ജീവിക്കാൻ ഇഷ്ടപ്പെ ടുന്നവരാണിവർ. കാരണം അവരുടെ ഭാഷയും സംസ്കാരവും ചരിത്രവും അവർക്ക് ഉപേക്ഷിക്കേണ്ടിവന്ന ജന്മനാടുമായി ബന്ധപ്പെട്ടു കിടക്കുന്നു.

പ്രവാസിയുടെ ഗൃഹാതുരസ്മരണകളെ രണ്ടു വിധമാക്കി തിരിച്ച് വിശക ലനം ചെയ്യുന്നു.

I) ദേശവുമായി ബന്ധപ്പെട്ടവ -: ഉത്സവം, ആഘോഷം, പ്രകൃതി എന്നി വയും,

II) വീടുമായി ബന്ധപ്പെട്ടവ -: കുടുംബം, കൂട്ടുകാർ, അയൽക്കാർ, പ്രണയം എന്നിവയും.

#### 5.3.2.1 ദേശവുമായി ബന്ധപ്പെട്ട പ്രവാസിയുടെ ഓർമ്മകൾ

പ്രവാസി ജന്മദേശത്തെ നോക്കികാണുന്നത് കൊതിയോടെയാണ്.

ഒരിക്കലും തിരിച്ചുകിട്ടാനിടയില്ലാത്ത സ്വപ്നഭൂമി എന്നനിലയിലാണ് ആടു ജീവിതത്തിൽ നജീബ് ജന്മദേശത്തെ ഓർക്കുന്നത്. നജീബിന് അത് ഒരു സ്വപ്നം മാത്രമാണ്. എത്തിച്ചേർന്ന ദേശത്തിന്റെ തൊഴിലിടത്തിന്റെ പ്രത്യയ ശാസ്ത്രത്തോടുള്ള വെറുപ്പും രക്ഷപ്പെടാനാകില്ലെന്ന നിരാശയും അതിൽ ഉൾചേർന്നിരിക്കുന്നു. "ശരിക്കും ഈ ഗൃഹാതുരത്വം എന്നൊക്കെ പറയുന്നത് എന്താണെന്ന് എനിക്കിപ്പോൾ വിവേചിച്ചറിയാനായി. അതൊരു കൊതിയാണ്. മരുഭൂമിയെപ്പോലെ മനസ്സിനെ നീറിപ്പുകയ്ക്കുന്ന ഒരു കൊതി. നമ്മൾ നമ്മുടെ അവസ്ഥകളെയും ജീവിതത്തെയും സാഹചര്യത്തെയും അതിന്റെ ഏറ്റവും പാരമ്യത്തിൽ വെറുത്തു പോകുന്ന ഒരു കൊതി."[72]

രണ്ടിടവും നഷ്ടപ്പെട്ട പ്രതിസന്ധിയെ അഭിമുഖീകരിക്കുന്ന പ്രവാസിയാണയാൾ. ജന്മദേശത്തിന്റെ വീണ്ടെടുപ്പാണയാളിൽ നിറയുന്നത്. ഈ പ്രതിസന്ധിയെ അയാൾ മറികടക്കുന്നത് മസറയെ സ്വന്തം ദേശമായി സങ്കല്പിച്ചുകൊണ്ടാണ്. ദേശത്തിലേക്കുള്ള നജീബിന്റെ നോട്ടം തികച്ചും പ്രാദേശികമാണ് (local). നാട്ടിലെ റൗഡിയെകുറിച്ച് നജീബ് ഓർക്കുന്നത് ഇതിനുദാഹരണമാണ്. "ഒരിക്കലെനിക്ക് ഊക്കനിടിതന്നു വീഴ്ത്തുകയും എന്റെ കൈ ഒടിഞ്ഞുപോകാൻ കാരണമാവുകയും ചെയ്ത ഒരു മുട്ടന്റെ കാര്യം ഞാൻ പറഞ്ഞിരുന്നല്ലോ. അവനെയാണ് ഞാൻ അറവുറാവുത്തർ എന്നു വിളിച്ചിരുന്നത്. പേരിൽ സൂചനയുള്ളതുപോലെ ഞങ്ങളുടെ നാട്ടിലെ കൊടികുത്തിയ റൗഡിയായിരുന്നു അറവുറാവുത്തർ."[73] അറവുറാവുത്തർ എന്ന റൗഡിയുടെ ഇടിയേറ്റ് ബാപ്പയുടെ കൈഒടിയുന്നതും അതുവഴി ഇരട്ടപ്പേര് ബാപ്പയ്ക്ക് വീഴുന്നതും നാടിനെകുറിച്ചുള്ള പ്രവാസിയുടെ കൊളോണിയൽ ഓർമ്മകളെയല്ല മറിച്ച് പ്രാദേശികനോട്ടത്തെയാണത് കുറിക്കുന്നത്.

നാട്ടിലെ സുന്ദരിയും മിടുക്കിയും പാട്ടുകാരിയുമായ മേരി മൈമുന യോടു തോന്നിയ ആദ്യപ്രണയം സുന്ദരിയാടിലൂടെ നജീബിലേക്കോടിയെത്തുന്നു.

"എത്രയോ കാലങ്ങളായി ഞാൻ മറന്നുകിടന്ന ഒരു പേരായിരുന്നു മേരി മൈമുന. പക്ഷെ എപ്പോഴോ മസറയിൽ ഒരു സുന്ദരിയാടിനെ കണ്ടപ്പോൾ ആ ഓർമ്മകൾ എല്ലാം കൂടി ഒന്നിച്ച് എന്നിലേക്കു തിരതള്ളിയെത്തി."[74] ഇക്ക പ്രണയം ഉമ്മയ്ക്കു ചോർത്തികൊടുത്തതും ഉമ്മ മൈമുനയെ കാണാൻ സ്കൂളിലേക്കു വരാൻ ആഗ്രഹിച്ചതും നജീബ് ഓർക്കുന്നു. അതിനു സാധിക്കാതെ വന്നതിനു കാരണം "എന്റുപ്പ ചത്തത് അക്കൊല്ലമാണ്."[75]

ഓർമ്മകളിലൂടെ പോയകാലം നജീബിയ്ക്കോടിയെത്തുന്നു. അല്ലെങ്കിൽ മസറയിലെ ഏകആശ്രയമായ ആടുകളിലൂടെ നാട്ടിലേക്ക് നജീബ് സഞ്ചരിക്കുന്നു. ആ ഓർമ്മകളിൽ ദു:ഖമുണ്ട്, പ്രണയമുണ്ട്, കുസൃതിയുണ്ട്. അത്തരത്തിലൊന്നാണ് പോച്ചക്കാരി രമണിയെ സംബന്ധിച്ചുള്ളത്."ഞാനിവിടെ എത്തിയ ദിവസം ആദ്യമായി പാലുകറക്കാൻ നിയോഗിക്കപ്പെട്ടപ്പോൾ ആദ്യം സമീപിച്ച ആടിനെയാണ് ഞാൻ പിന്നെ പോച്ചക്കാരി രമണി എന്നു വിളിച്ചുതുടങ്ങിയത്. ഞാനാദ്യമായി മൊലയ്ക്കുപിടിച്ച ആട് എന്നതാണ് അതിന്റെ പേരു പ്രസക്തി."[76] നജീബിന്റെ വീട്ടിലേക്കു വരുന്ന പോക്കറുമാമനെ അനുകരിച്ച് നാട്ടിലെ വേശ്യയായിരുന്ന പോച്ചക്കാരി രമണിയുടെ മുലയ്ക്കു പിടിച്ച സംഭവം നജീബ് ആടിലൂടെ ഓർത്തെടുത്തു.

ഓർമ്മകളുടെ ബിംബനിർമ്മിതിയിലൂടെയാണ് പ്രവാസി തന്റെ ദേശത്തെ തിരിച്ചു പിടിക്കുന്നത്. മസറയിലെ ആടുകളിൽ തെളിയുന്ന രൂപഭാവങ്ങളാണ് നജീബിന്റെ ഓർമ്മകളെ ഉണർത്തുന്നത്. നജീബ് തന്റെ

ദേശത്തെ അടയാളപ്പെടുത്തുന്നത് ഇത്തരം ഓർമ്മകളിലൂടെയാണ്. റൗഡിയും, വേശ്യയും, പ്രണയവും, കുസൃതികളും, കൗതുകങ്ങളും നിറഞ്ഞ പ്രാദേശിക തനിമയുടെ സ്ഥാനപ്പെടുത്തലാണ് മനസ്സുകൊണ്ടുള്ള പ്രവാസിയുടെ സഞ്ചാരത്തിലൂടെ നടക്കുന്നത്. തന്റെ ദേശത്തിന്റെ കൊളോണിയൽ രൂപഭാവങ്ങളെയല്ല, മറിച്ച് നാടൻ സംസ്കാരത്തെയാണ് പ്രവാസി ഉറ്റുനോക്കുന്നത്. അവിടെയാണ് പ്രവാസി തന്റെ സ്വത്വം കണ്ടെടുക്കുന്നത്. അതുകൊണ്ടാണ് സൽമാൻ റൂഷ്ദി കുടിയേറ്റത്തെ മനുഷ്യാവസ്ഥയുടെ രൂപകമായി വ്യാഖ്യാനിക്കുന്നത്."[77]

പ്രവാസി തന്റെ സ്വപ്നഭൂമിയിൽ ആയിരിക്കുമ്പോഴും അവന്റെ ചിന്തകളിൽ നിറയുന്നത് സ്വദേശമാണ്. 'ഒരു തക്കാളികൃഷിക്കാരന്റെ സ്വപ്നങ്ങൾ' എന്ന നോവലിൽ സുലൈമാൻ എന്ന അസ്ഥിപഞ്ചരത്തോട് സംസാരിക്കുന്ന അസീസ് എന്ന പ്രവാസിയിലും പ്രകടമാകുന്നത് സ്വദേശത്തിന്റെ ഓർമ്മകൾ ആണ്. "പതഞ്ഞൊഴുകുന്ന പാൽനിലാവാണ് മരുഭൂമി നിറയെ... ആകാശത്തുനിന്നും കാശിതുമ്പയും മുക്കുറ്റിയും തൊട്ടാവാടിയും മന്ദഹാസം തൂവുന്നു. .... ഈ സ്വപ്നഭൂമിയിൽ ഇളംകാറ്റുമേറ്റ് നിന്റെ അരികിൽ കിടന്ന് എന്റെ നാടിനെകുറിച്ച് ചിന്തിക്കാനും.. ഏതോ ഗസലിന്റെ ഈരടികൾ മൂളാനും അവസാനം നിന്നെപ്പോലെ ഈ മണൽകാട്ടിലെ കനത്ത ഏകാന്തതയിൽ തളർന്നു മയങ്ങാനും ഞാൻ കൊതിച്ചുപോവുന്നുകേട്ടോ."[78]

ജന്മദേശത്തിന്റെ ഓർമ്മകൾ പ്രവാസിയെ സംബന്ധിച്ച് പ്രകൃതിയുമായി അഭേദ്യമായി ബന്ധപ്പെട്ടതാണ്. മലയാളിയുടെ പ്രാദേശികമായ തനിമകളിലെല്ലാം പ്രകൃതിയും മനുഷ്യനും ഉൾച്ചേർന്നിരിക്കുന്നു. അത്തരം സാഹോദര്യബന്ധങ്ങളിലെല്ലാം മാനവികതയുടെ കരസ്പർശം കാണാം. പ്രവാസിയുടെ ഓർമ്മകളിൽ നിറയുന്നത് അത്തരം സാഹോദര്യ ചിഹ

ങ്ങളാണ്. 'ഒരു തക്കാളികൃഷിക്കാരന്റെ സ്വപ്നങ്ങ'ളിൽ അത്തരം ആഖ്യാനങ്ങൾ ദൃശ്യമാണ്. "ആരോ തോളിൽ പിടിച്ച് കുലുക്കുന്നു. കണ്ണുമിഴിയുന്നില്ല. ചിലപ്പോൾ പുഴയിൽ കുളിക്കാൻ കൂട്ടുകാരൻ ഉമ്മർ വിളിക്കുകയായിരിക്കും. ചാലിപ്പാടം ചിറയിൽ വെള്ളമുണ്ടാകില്ല. നീലിയറ പാലത്തിനരികിലെ വലിയ കുഴിയിൽ ഒരാനയ്ക്ക് മുങ്ങാനുള്ള വെള്ളം കാണും. കുളി കഴിഞ്ഞു വന്നാൽ അയ്യപ്പൻകാവിൽ പറപ്പുറപ്പാട് കാണാൻ പോകണം."[79]

അസീസിന്റെ സ്വപ്നങ്ങളിൽ നിറയുന്നത് പ്രകൃതിയുമായി ബന്ധപ്പെട്ട ദേശത്തിന്റെ തനിമയാണ്. പുഴയും, കാവും, ഉത്സവങ്ങളും, ജാതിഭേദമന്യെ മലയാളിയുടെ സ്വത്വത്തിന്റെ ഭാഗമാണ്. ഇത് തീവ്രമായ ഗൃഹാതുരത്വമായി പ്രവാസിയെ വേട്ടയാടുന്നു. ജൈവീകവും സാംസ്കാരികവുമായ നിലനില്പ് ഇല്ലാതാകുന്നത് സ്വത്വനഷ്ടവ്യഥയെ തീവ്രമാക്കുന്നു. ഇത് പ്രവാസിയുടെ വർത്തമാനകാലജീവിതസാഹചര്യങ്ങളെ ബാധിക്കുന്നു. "അസ്യെ... എന്താ ഇത്? അബാനാണെന്ന് (ക്ഷീണിതൻ) എല്ലാവരും അറിഞ്ഞ് അറബീടെ ചെവിലെത്ത്യാ കിട്ടണശമ്പളം കുറയും. അല്ലാതെ ഒരു ഗുണോം ഉണ്ടാവില്ല."[80] പ്രവാസിയുടെ മനസ്സും വികാരങ്ങളും ഭാഷയും അറേബ്യൻ ജീവിതത്തിൽ അപ്രസക്തമാണ്. നന്നായി പണിയെടുക്കുന്നവൻ എന്ന ലേബൽ മാത്രമാണ് ഒരു പ്രവാസിയുടെ യോഗ്യതയെ നിർണ്ണയിക്കുന്നത്. വർത്തമാനലോകത്തെ അപമാനവീകരണം അവന്റെ അന്തർലോകത്തെ കൂടുതൽ സങ്കീർണ്ണമാക്കുന്നു. "ബന്ധുക്കളുടെയോ, അറബികളുടെയോ ദേശമല്ല മലയാളിക്കു ഗൾഫ്. ഓർമ്മകളുടെ ഒരു മത്സരമാണ് അവനെ സംബന്ധിച്ച് ഗൾഫ്. ഈ മത്സരത്തിൽ എപ്പോഴും വിജയിക്കുന്നത് കേരളദേശത്തിന്റെ ഓർമ്മകളാണ്."[81]

പുഴയും ഉത്സവങ്ങളും സംഗീതവും പ്രണയവും പ്രവാസിയുടെ ഓർമ്മകളെ കോർത്തിണക്കുന്നു. "തിരുവാണിക്കാവ് കുതിരവേല-പൊയ്കുതിരകളെ കൂട്ടമായി ആവേശത്തോടെ തോളിലേറ്റി ചാടിച്ചുകൊണ്ട് ഭക്തജനങ്ങൾ? പഞ്ചവാദ്യത്തിന്റേയും ഇടയ്ക്കിടെ പൊട്ടുന്ന വഴിപാടു വെടികളുടേയും, ഐസ്ക്രീം, പീപ്പിവിളികളുടേയും ശബ്ദഘോഷങ്ങൾ... വെടികെട്ടുകാണാൻ അക്ഷമരായി കാത്തുനിൽക്കുന്ന ജനാവലി."[82]

ഇത്തരം പ്രാദേശികമായ ഓരോ ഓർമ്മകളും മലയാളി താലോലിക്കുന്ന ദേശത്തനിമയുടെ രൂപകമാണ്. നാട് എന്ന ഓർമ്മ ഇതിന്റെയെല്ലാം സഞ്ചിതരൂപമാണ്. പ്രവാസദേശത്തിന്റെ ഓരോ കോണിലും മലയാളി കാണാനാഗ്രഹിക്കുന്നത് സ്വന്തംദേശം തന്നെയാണ് "ഗൾഫിൽ ഒരു മലയാളി ഈന്തപ്പന കാണുമ്പോൾ നാട്ടിലെ തെങ്ങുമായിട്ടാണതിനെ ബന്ധിപ്പിക്കുന്നത്."[83]

ദേശത്തെയും ദേശത്തിന്റെ സാംസ്കാരികതനിമകളെയും തിരിച്ചുപിടിക്കാൻ പ്രവാസി കൂട്ടുപിടിക്കുന്ന മാധ്യമങ്ങളാണ് ടി.വി, റേഡിയോ തുടങ്ങിയവ. "അതിലൂടെ നാടിന്റെ ആഘോഷങ്ങൾ ആസ്വദിച്ചുകൊണ്ട് നഷ്ടപ്പെടുത്തിയ നാടിനെ ഓർമ്മകളിലൂടെ വീണ്ടെടുക്കുന്നു. വലിയൊരു കളർ ടി.വി. അതിൽ മലയാളത്തിലെ ഏഷ്യാനെറ്റു തുടങ്ങിയ ചില സ്വകാര്യ ചാനലുകളിലെ പരിപാടികൾ? നാട്ടിലിപ്പോൾ ഓണക്കാലമാണ്. പുഴയും കാടും മേടും.... തിരുവോണസദ്യയും പൂക്കളും പുതുവസ്ത്രങ്ങളും .. തെയ്യവും തിറയും പുലിക്കളിയും.. ഓണക്കാലത്ത് ക്ലബിലെ കൂട്ടുകാർ ചേർന്ന് ഘോഷയാത്ര നടത്തിയത് ഓർമ്മവന്നു."[84]

ദേശപരവും സാംസ്കാരികവുമായ സ്വത്വം നഷ്ടപ്പെട്ട പ്രവാസിയുടെ ചെറുത്തു നിൽപ്പുകൾ സാധ്യമാകുന്നത് ഇത്തരം മാധ്യമങ്ങൾക്കു

മുമ്പിലാണ്. യഥാർത്ഥ ദേശസംസ്കാരത്തിനുപുറത്ത് സാങ്കല്പികമായ ദേശം എന്ന ആശയംകൂടി ഇവർ ഉള്ളിൽ കൊണ്ടുനടക്കുന്നുണ്ട്. 'ദി ഫ്യൂച്ചർ ഓഫ് നോസ്റ്റാൾജിയ' എന്ന ഗ്രന്ഥത്തിൽ സ്വെറ്റ്ലാനാ ബോയേം പറയുന്നു. പ്രവാസി എവിടെയാണോ അവിടേക്ക് വീടെന്നവികാരത്തെ അയാൾ കൂടെ കൊണ്ടുപോകുന്നു. ഇത്തരം മാനസികാവസ്ഥ യാഥാർത്ഥ വാസസ്ഥലത്തെയായിരിക്കില്ല പ്രതിനിധീകരിക്കുന്നതെന്നും അദ്ദേഹം സ്ഥാപിക്കുന്നുണ്ട്.[85]

ക്രിത്രിമത്വങ്ങളില്ലാത്ത തനതായ പ്രകൃതിമനുഷ്യബന്ധങ്ങളിലധിഷ്ഠിതമായ ഗൃഹസങ്കല്പമാണ് ഇവരുടെ ഓർമ്മകളിൽ അടങ്ങിയിരിക്കുന്നത്. വർത്തമാനകാല മലയാളദേശം അതിൽ നിന്നെല്ലാം ബഹുദൂരം മുന്നോട്ടു പോയിരിക്കുന്നു. ആ മാറ്റത്തെ അവർ തള്ളികളയുകയും ഭൂതകാലപാരമ്പര്യത്തിൽമാത്രം അവരുടെ ശ്രദ്ധപതിയുകയും ചെയ്യുന്നു. സങ്കല്പത്തിലെങ്കിലും നാഗരികതയെ പ്രതിരോധിച്ചു കൊണ്ട് തനതായ ദേശസംസ്കാരത്തെ തിരിച്ചുപിടിക്കാനുള്ള വ്യഗ്രത പ്രവാസിസമൂഹത്തിന്റെ ഗൃഹാതുരതയിൽ നിന്ന് കണ്ടെടുക്കാം.

ദേശവും പ്രകൃതിയും മാത്രമല്ല കുടുംബ ബന്ധങ്ങളും പ്രവാസിക്ക് ഓർമ്മകളാണ്. ഒറ്റപ്പെട്ട ജീവിതം നയിക്കുന്നവരിലാണ് ഗൃഹാതുരത കൂടുതൽ തീവ്രത കൈവരിക്കുന്നത്.

### 5.3.2.2 വീടുമായി ബന്ധപ്പെട്ട ഓർമ്മകൾ

തിരിച്ചുവരവ് എന്ന സ്വപ്നംതന്നെ അസാധ്യമായ നജീബിന് നാടുംവീടുമായി ബന്ധപ്പെട്ട ഓർമ്മകൾതന്നെ ഇല്ലാതാക്കുന്ന ഒരു ഘട്ടമുണ്ട്. നിരാശയുടെ പടുകുഴിയിൽ വീണ നജീബ് ഓർമ്മകളെപ്പോലും

തുടച്ചുമാറ്റാൻ ശ്രമിക്കുന്നു. എങ്കിലും അബോധങ്ങളിൽ ഉറങ്ങികിടന്ന വീട് എന്ന വികാരം കൊടുങ്കാറ്റുപോലെ നജീബിനെ പൊതിയുന്നു.

"പെട്ടെന്ന് എന്താണെന്നറിയില്ല. എന്റെയുള്ളിൽ നാടിനെക്കുറിച്ചുള്ള ഓർമ്മകൾ ഉണർന്നു. അതുവരെ എന്റെയുള്ളിൽ ഉറങ്ങിക്കിടന്നിരുന്ന എല്ലാ വിചാരങ്ങളും ഒരഗ്നിപർവ്വതം എന്നപോലെ എന്നിൽ പൊട്ടിത്തെറിച്ചു. എനിക്കവിടുന്നു രക്ഷപ്പെടണം. എനിക്കു നാട്ടിൽ പോകണം. എനിക്കെന്റെ ഉമ്മയെ കാണണം. എനിക്കെന്റെ സൈനുവിനെ കാണണം. എനിക്കെന്റെ നബീലിനെ കാണണം. എനിക്കെന്റെ കൂട്ടുകാരെ കാണണം. എനിക്കെന്റെ നാടുകാണണം. എനിക്കെന്റെ മൺവഴികൾ കാണണം. എനിക്കെന്റെ പുഴ കാണണം. എനിക്കെന്റെ വള്ളം കാണണം. എനിക്കെന്റെ മഴ കാണണം. എനിക്കെന്റെ മണ്ണു കാണണം.......... പിന്നെ ആ കൊതിയിൽ എങ്ങനെയും എത്തിപ്പെടാനുള്ള ഒരു പരക്കം പാച്ചിലാണ്. വെടികൊണ്ട പന്നി കരിമ്പിൻകാട്ടിലൂടെ പായുന്നപോലെ ഒരു പാച്ചിൽ. വല്ലപ്പോഴുമേ അങ്ങനെ സംഭവിക്കൂ. എന്നാൽ അങ്ങനെയൊന്ന് മനസ്സിൽ സംഭവിച്ചു കഴിഞ്ഞാൽപിന്നെ അതിനെ പിടിച്ചുകെട്ടുക സാധ്യമല്ല."[86]

ഒരിക്കലും തിരികെയെത്തുവാൻ കഴിയാത്തവനെ സംബന്ധിച്ച് പ്രാണവായുപോലെ അവനെ നിലനിർത്തുന്ന - അവൻ കൊതിക്കുന്ന ഇടമാണ് ജന്മദേശം. അതൊരു കാല്പനികചിന്തയല്ല. സ്വത്വത്തിനും ചരിത്രത്തിനും വേണ്ടിയുള്ള പോരാട്ടമാണത്.

അച്ചാറിന്റെ ഗന്ധത്തിലൂടെയാണ് നജീബ് വീട്ടിലെ സ്നേഹം മസറയിൽ അനുഭവിച്ചറിഞ്ഞത്. വീട്ടിൽനിന്നും കൊണ്ടുവന്ന അച്ചാർ നജീബിന് വെറും ഭക്ഷണപദാർത്ഥമായിരുന്നില്ല. കുടുംബത്തിന്റെ, ഭാര്യയുടെ സ്നേഹമായിരുന്നു അത്. "സൈനു സ്നേഹത്തോടെ തന്നയച്ച അച്ചാർ

അതിനുള്ളിൽ അപ്പോഴും (ബാഗ്) ഇരിപ്പുണ്ടായിരുന്നു. ഉണങ്ങിക്കരിഞ്ഞ് എന്താണെന്നു മനസ്സിലാവാത്ത ഒരു സാധനം. ആദ്യത്തെ കുറേകാലം ഖുബ്ബൂസിനു തൊട്ടുകൂട്ടിയതിന്റെ ബാക്കിയായിരുന്നു അത്. സൈനുവിന്റെ സ്നേഹവും മണവും നഷ്ടപ്പെടാതിരിക്കാൻ വേണ്ടി, ഞാനതു തിന്നു തീർക്കാതെ, കളയാതെ ബാഗിൽ സൂക്ഷിക്കുകയായിരുന്നു."[87] സുന്ദരമായ ഏതു കാഴ്ചയും നാടിനെയും വീടിനെയുമാണ് ഓർമ്മിപ്പിക്കുക. "ഞാൻ കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും മനോഹരമായ കാഴ്ച ഏതെന്നു ചോദിച്ചാൽ അതു മരുഭൂമിയിലെ സൂര്യാസ്തമനമാണ്.......... ആ കാഴ്ചകാണാൻ എന്റെ സൈനു കൂടെയുണ്ടായിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കാറുണ്ട്."[88]

നാട്ടിൽനിന്നു നിഷ്കാസിതരായവർ നിത്യാനുഭവങ്ങളിൽ നാടിനെയും വീടിനെയും ഉറ്റുനോക്കുന്നു. "നാട്ടിലും വീട്ടിലുമുള്ള മുഖങ്ങളെല്ലാം എത്ര തെളിമയോടെയാണ് പ്രത്യക്ഷപ്പെടുന്നത്? ......... അവരറിയുന്നുണ്ടോ ഗൾഫ് മലയാളികളുടെ ശ്വാസനിശ്വാസങ്ങളുടെ ഇടവേളകൾതോറും ബന്ധുജനങ്ങളുടേയും സുഹൃത്തുക്കളുടേയും മുഖങ്ങൾ തെളിഞ്ഞുവരുമെന്ന്.."[89]

"ഓർമ്മയിലോ സ്വപ്നത്തിലോ മാത്രമായി ജീവിക്കുന്ന ഒരു ജനതയ്ക്ക് നഷ്ടമാകുന്നത് കാലുറപ്പിച്ചു നിൽക്കേണ്ട വർത്തമാനകാലമാണ്."[90] വർത്തമാനകാലം വേദനകളുടേതുമാത്രമാകുന്ന പ്രവാസികളാണ് ഗൃഹാതുരതയുടെ കനലുകളിലേക്കെറിയപ്പെടുന്നത്. "നാടുവിട്ടവന്റെയും നാടുകടത്തപ്പെട്ടവന്റെയും ഉള്ളിൽ ഒരുപാട് അദൃശ്യചിത്രങ്ങളുണ്ടാവുക. ഈ അദൃശ്യചിത്രങ്ങളിലെ മുൻചൊന്ന വികാരം ജന്മദേശത്തെപ്പറ്റിയും അവിടുത്തെ ജീവിതരീതികളെക്കുറിച്ചുമുള്ള ഗൃഹാതുരതകളാണ്."[91]

അതുകൊണ്ടുതന്നെ ജന്മനാടും വിദേശനാടും അകറ്റിനിർത്തിയ പാർശ്വവത്ക്കരിക്കപ്പെട്ട പ്രവാസികളുടെ ഗൃഹാതുരത്വം ന്യൂനപക്ഷങ്ങളുടെ പഠനങ്ങളിൽ നിർണ്ണായകമാണ്.

ഒറ്റപ്പെട്ട പ്രവാസികൾ അനുഭവിക്കുന്ന മറ്റൊരു സംഘർഷമാണ് ലൈംഗികതയുടെ നിരാസം.

## 5.4. ലൈംഗിക സംഘർഷങ്ങൾ

ഒറ്റപ്പെട്ട ജീവിതംനയിക്കുന്ന ഗൾഫ്പ്രവാസികളുടെ ആന്തരിക സംഘർഷങ്ങളിൽ പ്രധാനമാണ് ലൈംഗികചോദനയുടെ അമർത്തലും അതുവഴി സംഭവിക്കുന്ന സമ്മർദ്ദങ്ങളും. മറ്റുള്ളവരുടെ ഇംഗിതങ്ങൾക്കു വേണ്ടി പണസമ്പാദനം മാത്രം ലക്ഷ്യമാക്കി വിയർപ്പൊഴുക്കുന്ന പ്രവാസിയുടെ ജീവിതം അദ്ധ്വാനിക്കുന്ന യന്ത്രത്തിനു തുല്യമായി മാറുമ്പോൾ അയാൾ അനുഭവിക്കുന്ന സംഘർഷങ്ങൾ ചിന്തകൾ ക്കതീതമാണ്. ഏകാന്തമായ പ്രവാസജീവിതത്തിൽ നാടും കുടുംബവും സ്വന്തം ഇണയും തീവ്രമായി അയാളെ അലട്ടുന്നു. വിശപ്പും ദാഹവുംപോലെ മനുഷ്യജീവിതത്തിന് അത്യന്താപേക്ഷിതമായ ലൈംഗികതയെ അയാൾക്ക് ഉപേക്ഷിക്കേണ്ടി വരുന്നു. ഇത് അയാളുടെ വ്യക്തിമനസ്സിൽ ഏൽപ്പിക്കുന്ന ആഘാതം വലുതാണ്.

ഫ്രോയ്ഡ് മനുഷ്യന്റെ ലൈംഗികതൃഷ്ണയെ വിശേഷിപ്പിക്കാൻ ലിബിഡോ (Libido) എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. വ്യക്തികളുടെ അടിസ്ഥാനപരമായ ലൈംഗികോർജത്തെ അഥവാ ലൈംഗിക തൃഷ്ണയെയാണ് ഫ്രോയ്ഡ് ലിബിഡോ എന്ന പദംകൊണ്ട് വിവക്ഷിക്കുന്നത്. മനുഷ്യന്റെ ആന്തരികവും ബാഹ്യവുമായ എല്ലാ

പ്രവർത്തനങ്ങളുടേയും ഊർജമായി മാറുന്ന ലിബിഡോയെ വ്യക്തികൾക്ക് കല, സാഹിത്യം, സംസ്കാരം തുടങ്ങിയ സർഗ്ഗാത്മകതലങ്ങളിൽവരെ വ്യാപൃതരാകാൻ പ്രചോദിപ്പിക്കുന്ന ശക്തിയായാണ് യുങിനെ (Jung) പോലെയുള്ള മനശാസ്ത്രജ്ഞന്മാർ വിശദീകരിച്ചിട്ടുള്ളത്.[92] ലൈംഗിക തൃഷ്ണയുടെ തടയപ്പെടൽ നിരവധിയായ സംഘർഷങ്ങളും രോഗങ്ങളുമാണ് വ്യക്തിയിൽ സൃഷ്ടിക്കപ്പെടുന്നത്.

നാടിനെയും കുടുംബത്തെയും ഉപേക്ഷിച്ചു തൊഴിലിടങ്ങളിൽ ഒറ്റപ്പെടുന്നവരുടെ ലൈംഗികസംഘർഷങ്ങൾ സാഹിത്യത്തിൽ മുൻപും ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. പട്ടാളക്കാരുടെ ജീവിതങ്ങൾ പ്രമേയമായ നോവലുകളിൽ ഇത്തരം സംഘർഷങ്ങളുടെ ആവിഷ്കാരം കാണാം.

### 5.4.1 പ്രവാസികളുടെ ലൈംഗികസംഘർഷങ്ങൾ – നോവലുകളിൽ

അറേബ്യയിലെ വന്യമായമരുഭൂമിയുടെ തുരുത്തുകളിൽ മനുഷ്യരെ കാണാനാവാതെ ഒറ്റപ്പെടുന്ന പ്രവാസിയുടെ ആന്തരികസംഘർഷങ്ങളിൽ പ്രധാനമായ ഒന്നാണ് ലൈംഗികത. 'ആടുജീവിതത്തിൽ' ഭാര്യയെയും കുടുംബത്തെയും പിരിഞ്ഞ് മരുഭൂമിയിലെ മസറയിൽ പുറംലോകം കാണാനാവാതെ, തിരിച്ചുവരവെന്ന പ്രതീക്ഷതന്നെ നഷ്ടപ്പെട്ടു കഴിയുന്ന നജീബിന്റെ മാനസികസംഘർഷങ്ങളെ വൈകാരികമായി തന്നെ ബെന്യാമിൻ ആവിഷ്കരിക്കുന്നുണ്ട്. തനിക്കു സ്നേഹിക്കാൻ വേണ്ടപ്പെട്ടവരില്ലാതെ വന്ന സാഹചര്യത്തിൽ ആടുകളിൽ തന്റെ പ്രിയപ്പെട്ടവരെ കാണാൻ നജീബ് ശ്രമിച്ചു. മസറയെ സ്വന്തം നാടായി സങ്കൽപ്പിച്ചുകൊണ്ട് സാമൂഹികവും സ്വത്വപരവുമായ അന്യവത്കരണത്തെ

നജീബ് പ്രതിരോധിക്കുന്നു. ഭാര്യയെ പിരിഞ്ഞിരിക്കുന്ന നജീബിന് തന്റെ ലൈംഗിക ദാഹത്തെ ശമിപ്പിക്കാൻ ഒരു മാധ്യമം ആവശ്യമായിരുന്നു. നാട്ടിലെ വേശ്യയായിരുന്ന പോച്ചക്കാരി രമണിയുടെ സാദൃശ്യം മസറയിലെ ഒരാടിൽ കണ്ടെത്തിയ നജീബ്, തന്റെ ലൈംഗികതയ്ക്ക് ശമനം വരുത്തുന്നത് ഈ ആടിലൂടെയാണ്. "എനിക്കു ചേർന്നു കിടക്കുവാൻ ഒരു ശരീരം വേണമായിരുന്നു. എനിക്കു ഓടി കയറുവാൻ ഒരു ഗുഹ വേണമായിരുന്നു. പിന്നെ ഞാൻ ഭ്രാന്തനായിരുന്നു. ആ ഭ്രാന്തിന്റെ തീക്ഷ്ണതയിൽ ഞാൻ എങ്ങോട്ടോ എഴുന്നേറ്റു നടന്നു. പിന്നെ പുലർച്ച എപ്പോഴോ കണ്ണു തുറക്കുമ്പോൾ ഞാൻ മസറക്കുള്ളിലാണ്. എനിക്കൊപ്പം പോച്ചക്കാരി രമണി ചേർന്നു കിടപ്പുണ്ടായിരുന്നു."[93] ഇണയോ മറ്റു മനുഷ്യർ തന്നെയോ ഇല്ലാത്ത മരുഭൂമിയിലെ ഏകാന്തജീവിതത്തിൽ മൃഗത്തിൽ സ്ത്രീയെ സങ്കല്പിച്ച് രതിക്കുപയോഗപ്പെടുത്തുന്ന ലൈംഗികതയ്ക്ക് അടിപ്പെട്ടുപോകുന്ന നജീബിൽ ലൈംഗികസംഘർഷങ്ങളുടെ ആധിക്യം കാണാം.

തീക്ഷ്ണമായ ലൈംഗികസംഘർഷങ്ങൾ അനുഭവിക്കുന്ന കഥാപാത്രമാണ് 'ഒരു തക്കാളി കൃഷിക്കാരന്റെ സ്വപ്നങ്ങളി'ലെ അസീസ്. ലൈംഗികതയെ ഉപേക്ഷിക്കുകയോ ഉള്ളിൽ അമർത്തിവെയ്ക്കുകയോ ചെയ്ത് തൊഴിലിടങ്ങളിൽ പണിയെടുക്കുന്ന പ്രവാസിയുടെ മാനസികവിക്ഷോപങ്ങളാണ് അസീസിന്റെ വാക്കുകളിലൂടെ പുറത്തു വരുന്നത്. "നസീ നീ എന്റെ കൂടെ ഉണ്ടായിരുന്നെങ്കിൽ............. അല്ലെങ്കിൽ ഏതെങ്കിലും ഒരു പെൺകുട്ടി ഈ വഴി വന്നിരുന്നുവെങ്കിൽ ............... അറബി പെൺകുട്ടിയോ മുഹമ്മദിക്കയുടെ മകളോ....."[94] സ്വപ്നങ്ങളിലൂടെ ഭാവനയിലൂടെ അവർ തങ്ങൾക്കന്യമായ ലൈംഗികചോദനകളെ

പുനർസൃഷ്ടിക്കുന്നു. വിദൂരതയിലിരിക്കുന്ന കാമുകിയായ നസിയെ അസീസ് പൂച്ചക്കുട്ടിയിൽ കാണാൻ ശ്രമിക്കുന്നത് ഇതിനുദാഹരണമാണ്. അറബിപെണ്ണിനെ നോക്കിയാൽ ഉണ്ടാകുന്ന ഭവിഷ്യത്തുകളെ അവഗണിച്ചുകൊണ്ട് ഉടമയായ അറബിയുടെ മകൾ ഫിദയെ അസീസ് പ്രണയിക്കുന്നത് ലൈംഗികനഷ്ടത്തെ പ്രതിരോധിക്കാനുള്ള പ്രവാസിയുടെ ശ്രമത്തിന്റെ ഭാഗമായാണ് തിരിച്ചറിയപ്പെടേണ്ടത്. സുലൈമാൻ എന്ന അസ്ഥിപഞ്ചരത്തോട് അസീസ് നടത്തുന്ന സംഭാഷണത്തിലും കാണാൻ കഴിയുന്നത് അന്യവത്കൃത പ്രവാസിയുടെ ലൈംഗികസംഘർഷങ്ങളെയാണ്. "അറബി പെണ്ണുങ്ങൾ നിന്റെ പുറത്ത് കയറിയിട്ടുണ്ടോ സുലൈമാനേ? നീ പുഞ്ചിരിക്കാതെ മറുപടി പറയണം. എന്നോടൊന്നും മറച്ചുവെക്കരുത്. അവർ നിന്നെ തലോടാറുണ്ടോ? ഒരു അറബി പെൺകുട്ടി ഈ പരിസരത്ത് ഉണ്ടായിരുന്നെങ്കിൽ."[95]

ഇരുപതുവർഷത്തെ അടിമജീവിതം കൊണ്ട് മനുഷ്യന്റെ പെരുമാറ്റ രീതികൾതന്നെ മറന്നുപോയ 'അറേബ്യയിലെ അടിമ'യിലെ ഉണ്ണിയിൽ ലൈംഗികവാസനകൾത്തന്നെ ഇല്ലാതാകുന്നു. സ്വയം ഷണ്ഡനായി ത്തീർന്ന ഉണ്ണി ഒറ്റപ്പെട്ട പ്രവാസികൾ അനുഭവിക്കുന്ന ലൈംഗിക നിരാസത്തിന്റെ പ്രതിരൂപമാണ്.

## 5.5 അന്യവത്കരണവും പ്രവാസികളും

പ്രാദേശികവും സാംസ്കാരികവുമായ തനിമകളെ ഉൾപേറുന്ന ഒരു ദേശത്തിന്റെ ഭാഗമായ മലയാളിക്ക് പ്രവാസം വഴിയായി സംഭവിക്കുന്ന സ്ഥാനഭ്രംശം ഭൗതികവും ആന്തരികവുമായ നിരവധി സങ്കീർണ്ണതകളെ സൃഷ്ടിക്കുന്നുണ്ട്. അവിദഗ്ദ്ധ തൊഴിലാളികൾ കൂടുതലായി പോകുന്ന

എണ്ണപ്പാടനാടുകളിൽ പ്രത്യേകമായിതന്നെ ഇത്തരം പ്രവാസികൾ അന്യവത്കരണത്തിനിരകളായി മാറുന്നുണ്ട്. കാരണം കുടുംബവും മാന്യമായ തൊഴിലവസരവും ഇവർക്കെന്നും പ്രഹേളികയാണ്. പൗരത്വാവകാശങ്ങളില്ലാത്ത ഇത്തരം രാജ്യങ്ങളിൽ അദ്ധ്വാനശേഷി വിനിയോഗിക്കാൻ വേണ്ടിമാത്രം നിലനിന്നുപോരുന്ന സ്വത്വമാണ് അവരുടേത്. കുടുംബത്തിന്റെ തുണയില്ലാതെ പരിമിതമായ തൊഴിൽ സാഹചര്യങ്ങളിൽ ജീവിതം തുടരേണ്ടുന്ന അറേബ്യൻ പ്രവാസികളുടെ അന്യതാബോധം സാമ്പത്തികമായും സാമൂഹികമായും രാഷ്ട്രീയമായും തിരിച്ചറിയപ്പെടേണ്ടതാണ്.

## 5.5.1പ്രാസികളുടെ സാമ്പത്തികമായ അന്യവത്കരണം

കൂലിപ്പണിപോലെ സാങ്കേതികജ്ഞാനം കുറവായ പ്രവാസികൾ ഭൂരിഭാഗവും കുടിയേറുന്ന അറേബ്യൻനാടുകളിൽ മറ്റൊരിടത്തുമില്ലാത്തവിധം സവിശേഷമായ പ്രവാസവ്യഥയുടെ തുരുത്ത് സൃഷ്ടിക്കപ്പെടുന്നു. സ്വന്തംദേശത്തെയും സംസ്കാരത്തെയും ഹൃദയത്തിലേറ്റിക്കൊണ്ടുള്ള സ്വത്വമാണവരുടേത്. കഠിനമായ തൊഴിലെടുപ്പിലും പ്രതികൂലഇടങ്ങളിലും പരിമിതമായ സൗകര്യങ്ങളിലുമാണ് അവർക്ക് നിലനിൽക്കേണ്ടി വരുന്നത്. കുടുംബത്തിന്റെ പ്രാരാബ്ധങ്ങൾ സ്വയം ചുമലിലേറ്റിക്കൊണ്ട് സാമ്പത്തിക ബാധ്യതകളിൽ നിന്ന് കരകയറാൻമാത്രം സ്വന്തം സ്വപ്നങ്ങളും ജീവിതവും ചുട്ടുപഴുത്ത മരുഭൂമികളിലെ തൊഴിലിടങ്ങളിൽ കരുതി കൊടുത്തവരാണിവർ. അവരുടെ മൂലധനം ഗൃഹാതുരത മാത്രമായി മാറുന്ന സവിശേഷ ജീവിതാവസ്ഥയെ സൃഷ്ടിച്ച ഇത്തരം സാഹചര്യങ്ങളിൽ നിന്നുകൊണ്ടു മാത്രമേ അറേബ്യൻപ്രവാസികൾ അനുഭവിക്കുന്ന സാമ്പത്തികമായ അന്യതയെ വിശകലനം ചെയ്യാൻ സാധിക്കുകയുള്ളു.

പ്രവാസികൾ അറേബ്യൻനാടുകളിൽ അദ്ധ്വാനിച്ചുണ്ടാക്കിയ പണം ഒഴുകിയെത്തിയത് കേരളത്തിലെ ഗ്രാമങ്ങളിലേക്കായിരുന്നു. കേരളത്തിന്റെ സാമ്പത്തിക ചരിത്രം തന്നെ മാറ്റിയെഴുതിയ ഒന്നായിരുന്നു അറേബ്യൻ പ്രവാസം. "തിരുവനന്തപുരത്തെ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് നടത്തിയ ഒരു പഠനപ്രകാരം 14,12,100 ഗൾഫ് മലയാളികൾ 1998-ൽ മാത്രം കേരളത്തിലെ ഗ്രാമങ്ങളിലേക്ക് 3530.49 കോടി രൂപ അയച്ചിട്ടുണ്ട്"[96] ഗൾഫ് പണം കേരളത്തിലെ ഉപഭോഗനിലവാരത്തിലും പാർപ്പിടസൗകര്യങ്ങളിലും വലിയ മാറ്റങ്ങൾക്കു വഴിയൊരുക്കി. ആശുപത്രികളും, പബ്ലിക്ക് സ്കൂളുകളും, സിനിമാ ശാലകളും, ഫ്ളാറ്റുകളും, വാഹനങ്ങളും പെരുകിയതിന്റെ പ്രധാന സ്രോതസ്സ് ഗൾഫ് പണമാണ്. അറേബ്യൻ പ്രവാസം കേരളത്തിലെ സാമ്പത്തിക മാറ്റങ്ങൾക്കു കളമൊരുക്കിയെങ്കിലും അതിനായി അവർ അനുഭവിച്ച യാതനകളുടെ ആരും കാണാതെപോയ മറ്റൊരുതലം കൂടിയുണ്ടെന്നുള്ളത് പൊള്ളുന്ന യാഥാർത്ഥ്യമാണ്. ജീവിതം ത്യജിച്ച് പണം സ്വരുക്കൂട്ടാൻ പാടുപെടുന്ന ഇവർക്ക് ആ പണംതരുന്ന സുഖത്തിലും സുരക്ഷിതത്വത്തിലും ഭാഗഭാക്കാവാൻ സാധിക്കുന്നില്ല എന്നത് ദൗർഭാഗ്യകരമാണ്.

പ്രതികൂല കാലാവസ്ഥയെയും തൊഴിലിടങ്ങളിലെ പരിമിതമായ ഭക്ഷണപാർപ്പിട സൗകര്യങ്ങളെയും പീഡനങ്ങളെയും നേരിട്ട് അതിജീവനം സാധിക്കുന്നവരാണ് അവിദഗ്ദ്ധരായ ഭൂരിഭാഗം പ്രവാസികളും. മണലാരണ്യങ്ങളിലെ തൊഴിലിടങ്ങളിൽ നാട്ടിലേതിനേക്കാൾ മോശമായ സാഹചര്യങ്ങളിൽ പുലരേണ്ടിവന്ന ഇവരിൽ ഒരു വിഭാഗം ആളുകൾക്കെങ്കിലും സ്വപ്നം കണ്ട ജീവിതം യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞില്ല. സാധാരണക്കാരും സാങ്കേതികജ്ഞാനം കുറവായതുമായ ഇവരുടെ അറേബ്യൻ ജീവിതം പ്രവാസത്തിന്റെ ഇരുണ്ട മുഖമാണ്. സ്പോൺസർമാരുടേയും

ഏജന്റുമാരുടേയും ചതിയിൽപെട്ട് ഏറ്റവും മോശമായ തൊഴിൽ സാഹചര്യങ്ങളിലാണ് ഏറെ പേരും എത്തിപ്പെടുന്നത്. ഇത്തരം തൊഴിലിടങ്ങൾ അടിമക്കച്ചവടത്തിന്റെ സ്വഭാവം പേറിയപ്പോൾ എടുക്കേണ്ടി വന്ന തൊഴിലിനുള്ള വേതനം പോലും ലഭിക്കാതെ നിരാലംബരായിപ്പോയ ഒരു പറ്റം പ്രവാസികൾക്ക് തങ്ങൾ സ്വപ്നം കണ്ടതിനെയെല്ലാം ഉപേക്ഷിക്കാനോ നഷ്ടസ്വപ്നങ്ങൾ പേറി ജീവിക്കാനോ വിധിക്കപ്പെട്ടു. കനൽ വഴികളിലൂടെ നടന്ന ഇവരുടെ അറിയപ്പെടാതെ പോയ ജീവിതമാണ് യഥാർത്ഥത്തിൽ പ്രവാസത്തിന്റെ ദുരന്തമുഖമായി നമ്മെ നിരന്തരം അലട്ടുന്നത്. അറേബ്യൻനാടുകളിൽ പ്രവാസികൾ നേരിടുന്ന സാമ്പത്തികമായ അന്യവത്ക്കരണം വിശദമായി ചർച്ചചെയ്യേണ്ടതാണ്.

### 5.5.2 സാമ്പത്തികമായ അന്യവത്കരണം - പ്രവാസ കൃതികളിൽ

സ്വപ്നങ്ങളുടെ ഭാണ്ഡവും താങ്ങിയാണ് ഓരോ ഗൾഫ്പ്രവാസിയും കടൽ കടക്കുന്നത്. ഈ ഗൾഫുകാരനെയാണ് ആടുജീവിതത്തിലെ നജീബ് പ്രതിനിധീകരിക്കുന്നത്. “ഗോൾഡൻ വാച്ച്, ഫ്രിഡ്ജ്, ടിവി, കാറ്, എ.സി., ടേപ്പ് റിക്കാർഡർ, വിസിപി, കട്ടിയിൽ ഒരു സ്വർണ്ണമാല. രാത്രി കിടക്കുമ്പോൾ അതൊക്കെ വെറുതേ സൈനുവുമായി പങ്കുവെച്ചു.”[97] സ്പോൺസർമാരുടെ ചൂഷണത്തിനിരകളായി മാറുന്ന നജീബും ‘അറേബ്യയിലെ അടിമ’യിലെ ഉണ്ണിയും സ്വപ്നംകണ്ട ജീവിതം സാധ്യമാക്കാനാകാതെപ്പോയ ഒരുപറ്റം പ്രവാസികളുടെ പ്രതീകമാണ്. അടിമജീവിതത്തിൽ അകപ്പെട്ടുപോയ ഇവർക്ക് ഗൾഫ് സ്വപ്നഭൂമിയല്ല, മറിച്ച് രക്ഷപ്പെടാനാകാത്ത തടങ്കൽജീവിതമായി മാറുകയാണ്. സമ്പത്തും, കുടുംബവും, നാടും അന്യമായിപ്പോയവരാണിക്കൂട്ടർ. അടിസ്ഥാനസൗകര്യങ്ങൾ -

ഭക്ഷണംപോലും ആവശ്യത്തിനു ലഭിക്കാതെപ്പോയ ഇക്കൂട്ടരുടെ സാമ്പത്തികമായ അന്യത്വം പ്രത്യേകം വിശദീകരിക്കേണ്ടതുണ്ട്. പ്രാകൃതമായ ചുറ്റുപാടുകളിൽ എത്തിപ്പെട്ട ആദ്യനാളുകളിൽതന്നെ നാട്ടിൽവെച്ചു കണ്ട സ്വപ്നങ്ങളുടെ തിരുത്തലുകൾ നജീബിനു നടത്തേണ്ടി വന്നു. "എന്തൊക്കെ സ്വപ്നങ്ങളായിരുന്നു എനിക്ക്. എ.സി.വണ്ടി, എ.സി.മുറി, പതുപതുത്ത മെത്ത കട്ടിൽ, അതിനരികിൽ ടി.വി. ഇപ്പോഴത്തെ ഈ തുറന്ന കിടപ്പിൽ ഞാൻ ചിരിക്കുകയല്ലാതെ മറ്റെന്തു ചെയ്യും. മറ്റൊരു ഗൾഫ് മലയാളിയുടെ ജീവിതത്തിലും, ജീവിതവും സ്വപ്നങ്ങളും തമ്മിൽ ഇത്ര വലിയ അന്തരമുണ്ടെന്ന് ഇത്രവേഗം ബോധ്യപ്പെട്ടു കാണില്ല."[98]

ഗൾഫിൽപോയി സമ്പന്നരായവരുടെ കഥകൾ മാത്രം കേട്ടു പരിചയിച്ച ഒരു സമൂഹത്തിന്റെ കാതുകളിലേക്ക്വീണ സ്വപ്നഭൂമിയുടെ മറുപുറമായിരുന്നു അത്. "അറിവില്ലാത്ത കാര്യങ്ങളെക്കുറിച്ചും അകലെ നടക്കുന്ന കാര്യങ്ങളെക്കുറിച്ചും ഒരിക്കലും നാം വെറുതെപോലും സ്വപ്നങ്ങൾ കാണാൻ പാടില്ല എന്നാണു ഞാൻ പറയുന്നത്. അവ എന്നെങ്കിലും ഒരിക്കൽ നിങ്ങളുടെ ജീവിതത്തിൽ യാഥാർത്ഥ്യമായാൽ നേർക്കുനേരെനിന്നു നോക്കാൻപോലും ആകാനാകാത്ത വിധം ഭീകരമായിരിക്കും അത് എന്നു ഞാൻ നിങ്ങൾക്കു മുന്നറിയിപ്പു തരുന്നു."[99] ഗൾഫ് എന്ന സ്വപ്നഭൂമിയിൽ കാലെടുത്ത നിമിഷം മുതൽ നജീബിനനുഭവിക്കേണ്ടിവന്ന യാതനകളും തൊഴിലിടങ്ങളിലെ പീഡനങ്ങളും സാമ്പത്തികബാധ്യതകളിൽനിന്നു കരകയറുക എന്ന സ്വപ്നത്തിനേറ്റ കനത്തതിരിച്ചടിയായിരുന്നു. സാമ്പത്തികഭദ്രതയ്ക്കു പകരം സ്വപ്നഭൂമിയിൽ നിന്നു രക്ഷപ്പെടുക എന്നതു മാത്രം സ്വപ്നമായി മാറുന്ന വൈപരിത്യമാണ് ആടു ജീവിതത്തിൽ നജീബിനു സംഭവിക്കുന്നത്. "പോരുമ്പോൾ പുതിയതായി തയ്പ്പിച്ച ഒരു

പാന്റും ഷർട്ടും ബാഗിനുള്ളിൽ ഉണ്ടെന്ന് എനിക്കറിയാം. ഞാനത് എടുത്തു..... ഒരിക്കൽ പോലും ധരിച്ചിട്ടില്ലാത്ത അവ അത്രയും ദ്രവിച്ച് ഉപയോഗശൂന്യമായിരിക്കുന്നു.... തിരിച്ചു കൊണ്ടു പോകാൻ മറ്റൊന്നും എന്റെ കൈയ്യിൽ ഉണ്ടായിരുന്നില്ല. വെറും കൈയ്യോടെ ഒരു മടക്കം. ആ ബാഗ് ഞാൻ ദൂരേയ്ക്ക് വലിച്ചെറിഞ്ഞു."[100]

'അറേബ്യയിലെ അടിമ' എന്ന നോവലിൽ ഉണ്ണിയ്ക്കു സംഭവിക്കുന്നതും ഇതിനു സമാനമാണ്. കുടുംബത്തെയും സഹോദരങ്ങളെയും സാമ്പത്തികമായി സംരക്ഷിക്കാൻ, ഭാര്യയുടെയും അമ്മയുടെയും ഗൾഫ് എന്ന സ്വപ്നത്തെ യാഥാർത്ഥ്യമാക്കാൻ നിർബന്ധിതമായി ബലിമൃഗത്തെപ്പോലെ പ്രവാസജീവിതത്തിലേക്ക് തള്ളിയിടപ്പെട്ട കഥാപാത്രമാണ് 'ഉണ്ണി'. സ്വപ്നസാക്ഷാത്കാരത്തിനായി ഉണ്ണി കടൽ കടന്നത് അടിമ ജീവിതത്തിലേക്കായിരുന്നു. ഗൾഫ് എന്ന സമ്പന്നരാഷ്ട്രത്തിലൂടെ സ്വപ്നങ്ങൾ നിറവേറ്റാം എന്ന പ്രവാസലക്ഷ്യം ഉണ്ണിയെ കൊണ്ടെത്തിക്കുന്നതാകട്ടെ, പ്രാകൃതമായ അടിമ ഉടമ വ്യവസ്ഥിതിയിലേക്കാണ്. സ്വപ്നങ്ങൾ തന്നെ ഇല്ലാതാക്കിതീർത്ത മൃഗജീവിതമാണ് അറേബ്യ ഉണ്ണിക്കു വിധിച്ചത്. ഗൾഫ് - സമ്പന്ന രാഷ്ട്രം എന്നതിനു പകരം സമകാലത്തിൽ അടിമ - ഉടമ സമ്പ്രദായം ഇന്നും നിലനിൽക്കുന്ന രാഷ്ട്രം എന്ന തിരിച്ചിടലാണ് ഇത്തരം നോവലുകൾ നമ്മോടു വിളിച്ചു പറഞ്ഞത്. പ്രവാസം കേരളീയനു നൽകിയ പണം, മാന്യത, മേലാളത്വം എന്നിവയിലൂന്നിക്കൊണ്ടു മാത്രമാണ് ഗൾഫ് - സ്വപ്നഭൂമി എന്ന നിലയിൽ നമ്മുടെ സങ്കൽപ്പങ്ങളിലേക്കു കടന്നുവരുന്നത്. സമകാല പ്രവാസജീവിതത്തിലെ മൂടിവെയ്ക്കപ്പെട്ട അദ്ധ്യായമാണ് അറേബ്യയുടെ കാട്ടാളമുഖം. പ്രാകൃത അടിമസമ്പ്രദായത്തിന്റെ മുഖംമൂടിയിട്ട തടവറകൾ

ഗൾഫ്പ്രവാസികളെ കാത്തിരിക്കുന്നുണ്ട് എന്ന ഞെട്ടിക്കുന്ന സത്യമാണ് ഇത്തരം നോവലുകളിലൂടെ വെളിപ്പെട്ടത്. നാട്ടിലേയ്ക്കയക്കാൻ പണമില്ലാതെ, നാട്ടിലേക്കു തിരിച്ചു വരാൻ കഴിയാതെ ഉണ്ണിക്ക് വർഷങ്ങൾ തള്ളി നീക്കേണ്ടിവന്നു. ഒടുവിൽ ഭാര്യയെ അന്യൻ സ്വന്തമാക്കിയതും അമ്മയുടെ മരണവാർത്തയും എല്ലാം അയാൾക്ക് കേൾക്കേണ്ടി വരുന്നു. ഉണ്ണിയുടെ ലക്ഷ്യം നാട്ടിലേക്കുള്ള രക്ഷപ്പെടൽ മാത്രമായി മാറുന്നു. "ഒരു പിരമിഡ് നിർമ്മിച്ച് നൽകിയിട്ടും നാടുകടത്താൻ വിധിക്കപ്പെട്ട ഒരു കൂട്ടം അടിമകൾക്ക് തുല്യമായിരുന്നു ബസിലുള്ള എല്ലാവരും. തൂക്കിലേറ്റാൻ വിധിക്കപ്പെട്ടവന്റെ ആധിയോടെ കണ്ണുകൾ പാദത്തിലൂന്നി അവർ ഇരുന്നു. അക്കൂട്ടത്തിൽ ഒരു വൃദ്ധൻ വല്ലാതെ കരഞ്ഞു. തനിക്കു നാട്ടിൽ ആരുമില്ലെന്നും ഞാനിനി എന്തിന് അങ്ങോട്ടു പോകുന്നുവെന്നും അയാൾ വല്ലാതെ വിലപിച്ചു...... അക്കൂട്ടത്തിൽ അടിമകളായ തോട്ടികളും, കുശിനി പണിക്കാരും, ആട്ടിടയന്മാരും, കൽപണിക്കാരും ഒക്കെ ഉണ്ടായിരുന്നു. അവരെല്ലാം അറേബ്യയിലെ അടിമകളായിരുന്നു. അറബികൾക്കായി ജനിക്കപ്പെട്ട അടിമകൾ."[101] ദാരിദ്ര്യം അകറ്റാനായി കടൽകടന്നവർക്ക് നാടും വീടും ജീവിതവും നഷ്ടപ്പെട്ട് വെറും കയ്യോടെ മടങ്ങേണ്ടി വന്നു. പ്രവാസം ഭീദിദമായ അവസ്ഥാന്തരമായി ഇവിടെ മാറുന്നു. "മുഖം കുനിച്ചിരിക്കുന്ന അടിമകൾ പെട്ടെന്ന് ഞെട്ടലോടെ തലയുയർത്തി നോക്കി. എയർപോർട്ട് എത്തിയെന്ന് അവർക്ക് മനസ്സിലായി.... പലരും ആ എയർപോർട്ടിൽ നൂറുകൂട്ടം സ്വപ്നങ്ങളുമായി വന്നിറങ്ങിയത് ഓർത്തു പോയി. പൊന്നും പണവും പണ്ടവുമായി ആ എയർപോർട്ടിൽനിന്ന് നാട്ടിലേക്കുള്ള യാത്ര എല്ലാവരും സ്വപ്നം കണ്ടതാണ്. അതോർത്ത് അക്കൂട്ടത്തിൽ ചില അടിമകളുടെ കണ്ണുനിറഞ്ഞു."[102]

പ്രവാസത്തിലൂടെ സാമ്പത്തികനേട്ടം കൈവരിക്കുകയല്ല, ചിലരുടെയെങ്കിലും സ്വപ്നത്തിലും, ജീവിതത്തിലും അത് കരിനിഴൽ വീഴ്ത്തുകയാണ് എന്നത് ഇന്ന് തിരിച്ചറിയപ്പെട്ടുകൊണ്ടിരിക്കുന്ന യാഥാർത്ഥ്യമാണ്. "ഭരണകൂടം ശിലാഹൃദയരായിത്തീരുകയും പ്രവാസി പ്രവാസിയായിത്തീരുകയും (നാട്ടിലായാലും അവനെ, അവളെ ആരും തിരിച്ചറിയണമെന്നില്ല.) അപ്രകാരം ജീവിതം വെറുമൊരു ശരീരം മാത്രമായിത്തീരുകയും ചെയ്യുന്ന ഭീതിജനകമായ അവസ്ഥാന്തരങ്ങളെയാണ് 'അറേബ്യയിലെ അടിമ' പ്രതിനിധീകരിക്കുന്നത്. ഇത് ഒരു പ്രവാസിയുടെ കഥയായിത്തീരുകയും അതോടൊപ്പം അന്യവത്ക്കരിക്കപ്പെടുന്ന ജീവിതാവസ്ഥകളെ നിർണ്ണയപ്പെടുത്തുകയുമാണ്."[103]

നാട്ടിൽക്കഴിയുന്ന കുടുംബത്തിന് മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളൊരുക്കാൻ മരുഭൂമികളിൽ സ്വന്തം അദ്ധ്വാനം വിൽക്കേണ്ടി വരുന്ന ഹതഭാഗ്യരാണ് പ്രവാസികൾ. കുടുംബത്തോടൊത്ത് സുഖദു:ഖം പങ്കിട്ട് ജീവിക്കാനോ, സമ്പാദ്യം സ്വന്തം ആവശ്യങ്ങൾക്കായി ഉപയോഗിക്കാനോ പ്രവാസിക്കു സാധിക്കുന്നില്ല. നാട്ടിലേക്കു പണമെത്തിക്കുന്ന യന്ത്രങ്ങളായി ഇവർ മാറുന്നു. പണവും ആഡംബരവസ്തുക്കളും നാട്ടിലെത്തിക്കാനായി പ്രവാസി ബലികൊടുത്ത സ്വന്തം ജീവിതവും സ്വപ്നങ്ങളും ആരോടും പറയാതെ പ്രവാസി ഉള്ളിലൊതുക്കിയ വ്യഥകളാണ്. 'ഒരു തക്കാളി കൃഷിക്കാരന്റെ സ്വപ്നങ്ങളി'ലെ അസീസ് എന്ന കഥാപാത്രം പങ്കുവെയ്ക്കുന്നത് മണലാരണ്യങ്ങളിൽ വിയർപ്പൊഴുക്കുന്നവന്റെ പറയാതെപ്പോയ വ്യഥകളാണ്. "ബക്കറിക്ക നാട്ടിൽ പോയിട്ട് എന്റെ വിശേഷങ്ങളെല്ലാം പറയുമോ? സുഖമാണെന്നു പറയുമായിരിക്കും. അല്ലെങ്കിലും ഗൾഫുകാരുടെ യഥാർത്ഥ മുഖം ആരാ

ണറിയുന്നത്? ആർക്കാണതറിയാൻ താൽപര്യം. സന്തോഷവാർത്ത കൾ കേൾക്കാൻ മാത്രമാണ് കൗതുകം. അതുകൊണ്ടു തന്നെ വേദനക ളാരും പറയാറില്ല."[104] വീട്ടിലും നാട്ടിലും ഗൾഫ് മുഖം സംരക്ഷിക്കാൻ വേദനകൾ മൂടി വെയ്ക്കുന്നവരാണ് ഭൂരിഭാഗവും. സുഖത്തിന്റെയും സമൃ ദ്ധിയുടെയും കഥകൾമാത്രം കേൾപ്പിച്ചുകൊണ്ട് തൊഴിലിടങ്ങളിൽ സ്വയം ഉരുകിത്തീരുന്ന പ്രവാസിയുടെ സംഘർഷങ്ങൾ വിവരണാതീതമാണ്. "ഇവിടെ എത്തിചേർന്നപ്പോഴാണ് സ്വപ്നവും യാഥാർത്ഥ്യവും തമ്മിലുള്ള അന്തരം ശരിക്കും മനസ്സിലാവുന്നത്....... വീട്ടുകാരുടെ മുമ്പില് ഞാനൊരു ദുബായ് വാല. പണം കായ്ക്കുന്ന മരച്ചുവട്ടിലിരുന്ന് കാറ്റു കൊള്ളുന്ന മകനെ സ്വപ്നം കണ്ട് നാട്ടിൽ ബാപ്പയും ഉമ്മയും ഉറങ്ങുന്നുണ്ടാവും. അവർക്കു സമാധാനമാകട്ടെ."[105]

അസീസിന്റെ ഈ വാക്കുകളിൽ നിറയുന്നത് ഏതൊരു പ്രവാസിയുടേയും മനസ്സു തുറക്കലാണ്. ഇവരുടെ പ്രവാസതൊഴിലിടങ്ങളിലെ കഠിനതകൾ ആരാലും അറിയപ്പെടാതെ പോകുന്നു. "യാതൊരു തരത്തിലും പുരോഗതിയില്ല. ഒരു സ്വാതന്ത്ര്യവുമില്ല. ഒരു ദിവസംപോലും ലീവില്ല. സാമ്പത്തികമാണെങ്കിൽ മിച്ചം വെയ്ക്കാൻപോലും കിട്ടുന്നില്ല. അദ്ധ്വാനംതന്നെ അദ്ധ്വാനം... അടിമകളെ പോലെ പണിയെടുക്കുക."[106]

സ്വന്തം അവകാശങ്ങൾക്കും കൂലിക്കുംവേണ്ടി കലഹിക്കുന്ന സമരമുഖവുമായി മുന്നോട്ടുപോയി അവകാശധ്വംസനങ്ങൾക്കെതിരെ ശക്തമായി പ്രതികരിക്കുന്ന മലയാളിയുടെ മറുപുറമാണ് പ്രവാസജീവിതത്തിൽ കണ്ടെത്താനാവുക. "പ്രത്യേക ചരിത്രപ്രക്രിയയുടെ ഭാഗമായി സംഭവിച്ചതെന്ന് അമർത്യാസെന്നും മറ്റും വിലയിരുത്തുന്ന കേരള വികസനമാതൃകയെ ഇന്ന് നിലനിർത്തുന്നത് ഗൾഫ്മലയാളികൾ നാട്ടി

ലേക്കയയ്ക്കുന്ന പണമാണ്. ഗൾഫിൽ വിയർപ്പൊഴുക്കി മലയാളി സമ്പാദി ക്കുന്ന വെള്ളിത്തുട്ടുകൾ തീർച്ചയായും അമൂല്യവുമാണ്. അതുനേടാൻ അവൻ സ്വന്തം സ്വാതന്ത്ര്യത്തെ ബലി കൊടുക്കുന്നു."[107] മരുഭൂമിയിലെ തൊഴിലെടുപ്പിന്റെ യാതനകൾ മുഴുവൻ നിശ്ശബ്ദമായി സഹിക്കുന്ന പ്രവാസിയുടെ ലക്ഷ്യം സ്വന്തമായി വീട്, കുട്ടികളുടെ വിദ്യാഭ്യാസം, നാട്ടിലെ കുടുംബത്തിനു കഴിയാൻ മെച്ചപ്പെട്ട ജീവിതസൗകര്യങ്ങൾ എന്നിവയാണ്. അതിനായി സ്വന്തം ഇഷ്ടങ്ങളും താൽപര്യങ്ങളും പ്രവാസി മാറ്റിവെയ്ക്കുന്നു. "ഗൾഫുകാരനെന്ന പേരു മാത്രമാണ് എനിക്കുള്ളത്. കടയിലെ പറ്റു തീർത്തു കഴിഞ്ഞാൽ പിന്നെ ശമ്പളത്തിൽ കാര്യമായി ഒന്നും മിച്ചമുണ്ടാകില്ല. നല്ലൊരു വാച്ചില്ല. പുറത്തേക്കിറങ്ങുമ്പോൾ ധരിക്കാൻ നല്ല ഒരു വസ്ത്രമില്ല. ഷൂസില്ല. ഇതൊക്കെ വാങ്ങിക്കാൻ തുടങ്ങിയാൽ നാട്ടിലേക്കയക്കാൻ ഒന്നുമുണ്ടാവില്ല. കാലങ്ങളായിട്ട് മുടി വെട്ടുന്നതു പോലും സ്വയമാണ്.''[108] പണിയെടുക്കുന്നതിനുള്ള ആരോഗ്യം നഷ്ടമാകുമ്പോഴാണ് (പിടിച്ചു നിൽക്കാൻ പറ്റാതാകുമ്പോഴും) തിരിച്ചു പോക്ക് സാധ്യമാകുന്നത്. അതുവരെയും കുടുംബത്തിനായിമാത്രം വിയർപ്പൊഴുക്കുന്ന സ്വത്വമായി അവൻ തുടരുന്നു.

ഗൾഫിലെ തൊഴിൽപ്രവാസികളായ വനിതകളുടെ അവസ്ഥയും മറിച്ചല്ല. 'ബർസ'യിലെ പ്രധാന കഥാപാത്രമായ സബിതയുടെ മെസ്സിലുള്ള ഭൂരിഭാഗം സ്ത്രീകളും നാട്ടിൽ ഭർത്താവിനും കുടുംബത്തിനും സുഖസൗകര്യങ്ങ ളൊരുക്കുന്നതിനായി ഗൾഫിൽ വിയർപ്പൊഴുക്കുന്നവരാണ്. "പതിനാറോ പതിനേഴോ വയസ്സിൽ കല്യാണത്തിന്റെ നുകം തോളിൽ കെട്ടിവയ്ക്കപ്പെട്ട് ഏന്തിവലിച്ചു തളർന്ന് മുപ്പത്തഞ്ചിനോടടുക്കുമ്പോൾ തന്നെ കെട്ടുപ്രായമെത്തിയ മക്കളെ ഇറക്കിവിടാനുള്ള സ്ത്രീധനതുകയും

പൊന്നുമൊപ്പിക്കാൻ കടൽ കടക്കേണ്ടി വന്നവരാണധികവും..... അവരയച്ചു കൊടുക്കുന്ന വിയർപ്പുപണം കിട്ടിയിട്ടു വേണം മക്കൾക്കു സ്ക്കൂൾ ഫീസടക്കാൻ, നല്ല ഭക്ഷണം കഴിക്കാൻ, ചുരിദാറും ഇമിറ്റേഷൻ ആഭരണങ്ങളും വാങ്ങാൻ, ഭർത്താവു കാക്കയ്ക്കു പ്രമേഹത്തിന്റെ മരുന്നു വാങ്ങാൻ...... നാട്ടിലൊന്നു പോയിവരണമെങ്കിൽ എന്തൊക്കെ വാങ്ങി പെട്ടി നിറയ്ക്കണം."[109] കമ്പനിതരുന്ന ടിക്കറ്റിന്റെ പൈസ നഷ്ടപ്പെടാതിരിക്കാൻ നാട്ടിൽപോകാതെ വർഷങ്ങളായി ഗൾഫിൽതന്നെ കഴിയുന്ന സ്ത്രീകളായ പ്രവാസികൾ അനുഭവിക്കുന്ന അന്യത്വം ഭീതിതമാണ്. "മൂത്തമോളുടെ കല്ല്യാണം ഇവിടെയിരുന്ന് റിമോട്ട് കൺട്രോളിൽ നടത്തി."[110] എന്നു പറയുന്ന ബർസയിലെ നസീമ സാമ്പത്തികബാധ്യതകൾ തീർക്കാൻ വേണ്ടിമാത്രം ജീവിതം മാറ്റിവെയ്ക്കപ്പെട്ട അനേകം പ്രവാസിസ്ത്രീകളുടെ മുഖമായി മാറുന്നുണ്ട്.

സ്വന്തം സുഖങ്ങളും ഇഷ്ടങ്ങളും മാറ്റിവെച്ച് അറബികളുടെ പീഡനത്തിനിരയായി, അടിസ്ഥാനസൗകര്യങ്ങൾപോലും നിഷേധിക്കപ്പെട്ട പ്രവാസികൾ വീടിനെ സാമ്പത്തികമായി കരകയറ്റുന്നതിനുവേണ്ടി മാത്രം നിലനിൽക്കുന്നവരാണ്. മണലാരണ്യങ്ങളിൽ അവർ നേരിടുന്ന യാതനകൾക്കും പീഡനങ്ങൾക്കും പുറമെ സ്വന്തംരാജ്യത്തിന്റെ തണലും അവകാശങ്ങളും ഇല്ലാതാകുന്നതിന്റെ അന്യതാബോധവും സാമ്പത്തിക അരാജകത്വങ്ങളും കൂടി അവർക്ക് ഏറ്റുവാങ്ങേണ്ടി വരുന്നു.

### 5.5.2 പ്രവാസികളുടെ സാമൂഹികമായ അന്യവത്കരണം

ജന്മദേശത്തിന്റെ പാരമ്പര്യവും സാമൂഹിക ഘടനയുമാണ് ഒരാളുടെ സ്വത്വത്തെ നിർണ്ണയിക്കുന്നത്. ഇതിനുപുറത്തു കടക്കുന്നതോടെ മറ്റൊരു

ദേശത്തിന്റെ സാംസ്കാരികവും സാമൂഹികവുമായ കർതൃത്വങ്ങളെ പ്രവാസിക്ക് പകരംവെയ്ക്കേണ്ടി വരുന്നു. മേലാളന്മാരായ അറബികൾക്കു കീഴിൽ സാങ്കേതികജ്ഞാനം കുറവായ മൂന്നാംലോകരാജ്യപ്രവാസിക്ക് അടിമസ്വത്വം പേറി നിശബ്ദമായി പണിയെടുക്കേണ്ട അവസ്ഥയാണ് അറേബ്യൻനാടുകളിൽ നിലനിൽക്കുന്നത്. അവിടുത്തെ സാമൂഹിക ജീവിതത്തിൽ ഭാഗമാകാൻ മൂന്നാംലോകപൗരന്മാരെ അനുവദിക്കാതെ ബഹിഷ്കൃതരും അടിമകളുമായി കണക്കാക്കുകയും അവരുടെ അദ്ധ്വാനത്തെ പരമാവധി ചൂഷണം ചെയ്യുകയും ചെയ്യുന്ന പ്രത്യേക സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങളാണ് അവിടെ പ്രവാസിക്ക് അഭിമുഖീകരിക്കേണ്ടിവരുന്നത്. രണ്ടിടത്തും വേരുകളില്ലാതെ പോയ പ്രവാസിക്ക് അന്യദേശത്ത് അനുഭവിക്കേണ്ടിവന്ന സാമൂഹികമായ അരക്ഷിതത്വത്തെ രണ്ടായിത്തിരിച്ച് പരിശോധിക്കുന്നു.

1. പ്രവാസിക്കു പേറേണ്ടിവന്ന അടിമസ്വത്വം.

2. തൊഴിലിടങ്ങളിൽ നേരിട്ട ഏകാന്തത.

### 5.5.2.1 അടിമസ്വത്വം

ജന്മനാടിന്റെ തണൽ നഷ്ടപ്പെട്ട ഏതൊരു പ്രവാസിയും അന്യനാട്ടിൽ എത്തിച്ചേരുന്നതോടെ അവനിലെ സ്വത്വം പരിണാമങ്ങൾക്കു വിധേയമാകുന്നു. അന്യദേശത്തെ സാമൂഹികവും രാഷ്ട്രീയവും തൊഴിൽപരവുമായ സാംസ്കാരിക സാഹചര്യങ്ങൾക്കനുസരിച്ചുള്ള ഒരു പുനർനിർമ്മിതിക്ക് പ്രവാസി അവന്റെ സ്വത്വത്തെ സജ്ജമാക്കിയിരിക്കും. മുതലാളിത്ത രാജ്യങ്ങളിൽ മൂന്നാംലോകപ്രവാസി കീഴാളസ്വത്വം പ്രാപിക്കുന്നതു കാണാം. പ്രത്യേകിച്ചും അറേബ്യൻപ്രവാസികൾ

കീഴാളമനോഭാവം കൂടുതൽ ശക്തമാണ്. നാട്ടിലേക്ക് പണവും ആഡംബരവസ്തുക്കളുമായി പറന്നിറങ്ങുന്ന മേലാളസ്വത്വമല്ല ഗൾഫിലെ തൊഴിലിടങ്ങളിൽ അവർക്കുള്ളത്. സമൂഹവുമായി യാതൊരു ബന്ധവുമില്ലാതെ അപരിഷ്കൃതരെപ്പോലെ അടിമജീവിതം നയിക്കേണ്ടി വരുന്ന ഇവരുടെ ആരുംകാണാതെപ്പോയ പാർശ്വവത്കൃതജീവിതമാണ് അറേബ്യൻ പ്രവാസനോവലുകളിലൂടെ അനാവൃതമാകുന്നത്. ഗൾഫിലെ ഒരു വിഭാഗം പ്രവാസികൾ ഏജന്റുമാരുടെയും സ്പോൺസർമാരുടെയും ചതിയിൽപ്പെട്ട് എത്തിച്ചേരുന്നത് വന്യമായ തൊഴിലിടങ്ങളിലാണ്. അവർക്ക് അവിടെ അഭിമുഖീകരിക്കേണ്ടി വന്ന ജീവിതക്രമങ്ങൾക്കുദ്ദാഹരണമാണ് ആടുജീവിതത്തിലെ നജീബ് കാണുന്ന ഭീകരരൂപിയുടെ ചിത്രം. “കൊടുംവനങ്ങളിൽ കഴിഞ്ഞ കാട്ടാളനെപ്പോലെ ജടപിടിച്ച മുടി. വയറോളം താഴ്ന്നു വളർന്നിരിക്കുന്ന താടി രോമങ്ങൾ. മുഷിഞ്ഞതിൽ മുഷിഞ്ഞതായ അറബി വസ്ത്രം. പിന്നെ അടുത്തു ചെല്ലാനാവാത്ത മുശടു ഗന്ധവും.”[111]

സ്വന്തം നാടും സംസ്കാരവും വിട്ടുള്ള ഒരു വിഭാഗം മലയാളികളുടെ യെങ്കിലും ദേശാന്തരഗമനം സ്വാതന്ത്ര്യത്തിൽ നിന്നും അടിമത്തത്തിലേക്കുള്ള തിരിച്ചുപോക്കാണെന്നു കാണാം. സമൂഹത്തിൽ നിന്നും പുറന്തള്ളപ്പെട്ടവരുടെ വിലാപങ്ങളായി പ്രവാസാഖ്യാനങ്ങൾ മാറുന്നു.“ഒരുപാടു പ്രതീക്ഷകളോടെ വിമാനമിറങ്ങിയ ആ പഴയ യുവാവല്ല ഞാൻ. കാലങ്ങളായി പുറംലോകം കാണാത്ത ഏതോ ഗുഹാമനുഷ്യനാണ്.”[112] ‘ഒരു തക്കാളികൃഷിക്കാരന്റെ സ്വപ്നങ്ങളി’ലെ അസിസിന്റെ വാക്കുകളിൽ രണ്ടു ലോകങ്ങളും നഷ്ടപ്പെട്ട് സാമൂഹികാസ്ഥിത്വം തന്നെ ഇല്ലാതായ പ്രവാസിയുടെ തീവ്രവേദന കാണാം.

‘അറേബ്യയിലെ അടിമ’യിലെ ഉണ്ണി വർഷങ്ങളായുള്ള അടിമജീവിതം മൂലം മാതൃഭാഷയും സാമൂഹികരീതികളും മറന്നുപോയ പ്രവാസിയാണ്.

“ചില സമയങ്ങളിൽ കിറുക്കു പിടിച്ച ഒരു തരം അലസത ഉണ്ണി പ്രകടമാക്കി. വർഷങ്ങളോളം മരുഭൂമിയിൽ ജീവിച്ചതുകൊണ്ടാകാം അയാൾ പലപ്പോഴും സമൂഹത്തിന്റെ മര്യാദകൾ പലതും മറന്നിരുന്നു.”[113] മനുഷ്യനിൽ നിന്നും സാമൂഹികാസ്തിത്വം നീക്കപ്പെടുമ്പോൾ സംഭവിക്കുന്ന സ്വത്വരൂപാന്തരണം പ്രവാസിയെ മൃഗതുല്യനാക്കുന്നു. “എന്റെ ജീവിതം ഈ മസറയിൽ തന്നെ. ഒന്നുകിൽ ജീവിതാന്ത്യം വരെ. അല്ലെങ്കിൽ ഏതെങ്കിലും രോഗം പിടിപ്പെട്ട് പെട്ടെന്ന് ചാവുന്നതു വരെ. എന്റെ ഈ വൃത്തികെട്ട രൂപം, വൃത്തികെട്ട മുഖം, വൃത്തികെട്ട ജീവിതം ആരെയും കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്റേതു ആടു ജീവിതമാണ്.”[114] നജീബിനെപ്പോലെ സാമൂഹികാന്തരീക്ഷത്തിൽനിന്നും മരുഭൂമിയിലെ ആളനക്കമില്ലാത്ത തുരുത്തുകളിൽ ഒറ്റപ്പെട്ടുപോയ ഉണ്ണിയും പ്രാകൃതജീവിതാവസ്ഥകളെ പ്രാപിക്കുന്നതു കാണാം. വിശന്നപ്പോൾ ആടിന്റെ മുല നേരിട്ടു കുടിക്കുന്ന ഉണ്ണി ജീവിതക്രമങ്ങളെല്ലാം മറന്നു പോയവനാണ്. ഒട്ടകങ്ങളെയും ആടുകളെയും പോലെ പ്രവാസി പ്രാകൃതതൊഴിലിടങ്ങളിൽ ജീവിതം എരിച്ചു തീർക്കുന്നു. “മസറയിൽ ഓരോ ആടിനുമുണ്ട് ഓരോ മണം. ഒട്ടകങ്ങൾക്കുണ്ട് ഒരു മണം. ഒരു മണവും ഇല്ലാത്ത ഒരു ജീവിയെ മസറയിൽ ഉണ്ടായിരുന്നുള്ളു. അത് ഞാൻ എന്ന മൃഗമാകുന്നു.”[115] സമൂഹത്തിൽ നിന്നും അകറ്റപ്പെട്ട് സ്വബോധം തന്നെ നഷ്ടപ്പെട്ട പീഡിതവർഗ്ഗത്തിന്റെ ജീവിതം അറേബ്യൻ പ്രവാസത്തിന്റെ ഇരുണ്ടമുഖത്തെ വെളിപ്പെടുത്തുന്നു. “ഷേവു ചെയ്യാതെ താടി രോമങ്ങൾക്കു നീളംകൂടി. ഞാനിപ്പോൾ കണ്ണാടി നോക്കാറില്ല. എന്നെ കാണാൻ എനിക്കു ഭയമാണ്.”[116] തൊഴിലിടങ്ങളിലെ കഠിനമായ ജീവിതാവസ്ഥയിൽ പ്രവാസി നേരിട്ട മറ്റൊരു പ്രതിസന്ധിയായിരുന്നു ഏകാന്തത.

### 5.5.2.2 പ്രവാസി നേരിട്ട ഏകാന്തത

മരുഭൂമിയിലെ വിജനമായ തൊഴിലിടങ്ങളിൽ പ്രവാസി അനുഭവിക്കുന്നത് മരണതുല്യമായ ഏകാന്തതയാണ്. സമൂഹത്തിൽ നിന്നും ഏകാന്തതയുടെ തുരുത്തുകളിലേക്ക് പ്രവാസി മാറ്റപ്പെടുകയാണ്. അവിടെ ഉടമയിൽ നിന്നും ഏറ്റുവാങ്ങേണ്ടി വരുന്ന പീഡനങ്ങളും ആന്തരിക സംഘർഷങ്ങളും പങ്കുവയ്ക്കാൻ ആളില്ലാതാവുക എന്നത് അത്യന്തം ഭീതിതമാണ്. “ഏതു യാതനയും നമുക്കു സഹിക്കാം, പങ്കുവെയ്ക്കാൻ ഒരാൾ നമുക്കൊപ്പമുണ്ടെങ്കിൽ. ഒറ്റയ്ക്കാവുക എന്നത് എത്ര ദുഷ്കരമാണെന്നോ. വാക്കുകൾ നമ്മുടെയുള്ളിൽ കിടന്നു പരൽമീനുകളെപ്പോലെ പിടയ്ക്കും. പങ്കുവെയ്ക്കപ്പെടാനാവാത്ത വികാരങ്ങൾ വിങ്ങുകയും പതയുകയും വായിൽ നിന്നു നുരയുകയും ചെയ്യും.”[117] മനുഷ്യസമ്പർക്കം തന്നെ ഇല്ലാതായ മസറജീവിതത്തിൽ നജീബ് നേരിട്ട വലിയ പ്രതിസന്ധിയായിരുന്നു ഏകാന്തത. ഭാഷയറിയാത്ത ദേശമറിയാത്ത ഭീകരരൂപിയുടെ സാന്നിദ്ധ്യംകൂടി നഷ്ടമാകുന്നതോടെ ഭ്രാന്തമായ അന്യവത്കരണത്തിനിരയാവുന്നുണ്ട് നജീബ്. നിഴൽനോക്കി സമയംഗണിക്കാൻ നജീബ് പഠിച്ചതും ആടുകളിൽ മനുഷ്യനെ സങ്കൽപ്പിക്കാൻ ശ്രമിക്കുന്നതും ഇതിനുദാഹരണങ്ങളാണ്. “എന്റെ എല്ലാ സമയങ്ങളും ഓരോ ഊഹങ്ങളാണ്. ഒരു ഏകാന്ത ജീവിയെ സംബന്ധിച്ചിടത്തോളം സമയം, കാലം എന്നിവയൊക്കെ വെറും സങ്കൽപ്പങ്ങൾ മാത്രം.”[118] ഈ സമകാലിക ജീവിതത്തിലും സമയകാലങ്ങൾ അന്യമായ ഒരു വിഭാഗം പ്രവാസ ഇരകളായി മാറുന്നുണ്ട് എന്നത് ഇതിൽ നിന്നും വ്യക്തമാണ്. “ഇവിടെ ഇങ്ങനെ ഇരിക്കുമ്പോൾ ചലനമറ്റ ഒരു ലോകത്തെത്തിയതുപോലെ തോന്നും. ലോകത്തിന്റെ അറിയപ്പെടാത്ത ഒരു കോണിൽ ഏതോ ഒരു ഗൃഹത്തിൽ തളർന്നിരിക്കയാണു ഞാൻ.

വേണ്ടപ്പെട്ടവരെല്ലാം അങ്ങകലെ, എത്രയോ അകലെ മറ്റൊരു ഗൃഹത്തിലാണ്. അവിടേക്ക് ഓടിയെത്താനാവുന്നില്ല."[119]

പ്രിയപ്പെട്ടവരാരും കൂടെയില്ലാതെ, പങ്കുവെയ്ക്കാൻ ഒരു മനുഷ്യജീവി പോലുമില്ലാത്ത ഏകാന്ത തൊഴിലിടങ്ങളിൽ മനുഷ്യത്വം തന്നെ നഷ്ടമായി പോകുന്ന അന്ത്യഘട്ടത്തിലാണ് ആടുകളിൽ മനുഷ്യരെ സങ്കൽപ്പിക്കാൻ നജീബ് ശ്രമിക്കുന്നത്. "നടക്കുമ്പോഴും കറക്കുമ്പോഴും തൊട്ടി നിറയ്ക്കുമ്പോഴുമെല്ലാം ഞാൻ അവറ്റകളോട് എന്റെ ഏറ്റവും പ്രിയപ്പെട്ടവരോടെന്നപോലെ വർത്തമാനം പറഞ്ഞുകൊണ്ടേയിരുന്നു. അതിലെന്റെ കണ്ണീരും അതിലെന്റെ വേദനയും അതിലെന്റെ യാതനയും അതിലെന്റെ സ്വപ്നങ്ങളും ഉണ്ടായിരുന്നു."[120] 'ഒരു തക്കാളി കൃഷിക്കാരന്റെ സ്വപ്നങ്ങളി'ലെ അസീസാകട്ടെ മനസ്സുതുറക്കുന്നത് ഒട്ടകത്തിന്റെ അസ്ഥിപഞ്ചരത്തോടാണ്. "ആരോടും ഒന്നും പറയാനില്ലാതെ നരച്ചുകിടക്കുന്ന അന്തരീക്ഷവുമായി പൊരുത്തപ്പെട്ട് നാടിനെക്കുറിച്ചോർത്ത് ദിവസങ്ങളിങ്ങനെ തള്ളിനീക്കുമ്പോൾ നിന്റെ സാന്നിദ്ധ്യം മാത്രമാണ് എനിക്കുള്ള ഏകആശ്വാസം."[121] ജീവിതത്തിലെ ഏറ്റവും വലിയ കൊതി ആരോടെങ്കിലും ഒന്നു മിണ്ടുക എന്നതായി പരിണമിക്കുന്ന കടുത്ത ഏകാന്തതയുടെ, അരക്ഷിതത്വത്തിന്റെ അന്യവത്കരണത്തിന്റെ കനൽ വഴികളിലൂടെയാണ് ഓരോ പ്രവാസിയും തങ്ങളുടെ ജീവിതം തള്ളി നീക്കുന്നത് എന്ന യാഥാർത്ഥ്യത്തിലേക്കാണ് പ്രവാസനോവലുകൾ വിരൽ ചൂണ്ടുന്നത്.

### 5.5.3 രാഷ്ട്രീയമായ അന്യവത്കരണം

ഒരു രാഷ്ട്രത്തിന്റെ പൗരന്മാരായ പ്രവാസികൾ അന്യനാട്ടിലെ

രാഷ്ട്രീയസാഹചര്യങ്ങളുമായി പൊരുത്തപ്പെടാൻ നിർബന്ധിതരാണ്. അമേരിക്കയിലും യൂറോപ്യൻ രാജ്യങ്ങളിലും പ്രവാസികൾക്ക് പൗരത്വാവ കാശങ്ങളുണ്ട്. അത്തരം രാഷ്ട്രങ്ങളുടെ സാമൂഹികവും രാഷ്ട്രീയവുമായ പശ്ചാത്തലവുമായി ഇഴുകിച്ചേർന്നു പോകാനുള്ള സ്വാതന്ത്ര്യം അവർക്കവിടെയുണ്ട്. പൗരത്വാവകാശങ്ങളില്ലാത്ത ഗൾഫ്പോലെയുള്ള ദേശങ്ങളിൽ മൂന്നാംലോകരാജ്യപ്രവാസികൾ മുഖ്യധാരയിൽനിന്നും ഒഴിവാക്കപ്പെടുന്നവരാണ്. ഏതു രാജ്യമാണെന്നതിനനുസരിച്ച് പ്രവാസികളുടെ ശമ്പളവും പദവിയും നിശ്ചയിക്കപ്പെടുന്ന രാഷ്ട്രീയസംവിധാനങ്ങൾ നിലനിൽക്കുന്നതാണ് ഇത്തരം രാജ്യങ്ങൾ. ഇവിടങ്ങളിൽ ഇന്ത്യപോലുള്ള മൂന്നാംലോകരാജ്യപ്രവാസികൾ രാഷ്ട്രീയമായി പാർശ്വവത്ക്കരി-ക്കപ്പെടുന്നവരാണ്. തൊഴിലിടങ്ങളിലും സാമൂഹിക അന്തരീക്ഷത്തിലും അവർ അവഗണിക്കപ്പെടുകയോ നിന്ദയ്ക്കും ചൂഷണത്തിനും ഇരകളാക്കപ്പെടുകയോ ചെയ്യുന്നുണ്ട്. ഇത്തരം രാഷ്ട്രീയ പശ്ചാത്തലമാണ് അവരുടെ ഭൗതികസംഘർഷങ്ങളെ സൃഷ്ടിച്ചത്.

പ്രവാസിയുടെ ആന്തരികമായ സംഘർഷങ്ങളെ തീവ്രമാക്കിയത് അടിമത്തസമാനമായ ഭൗതികസാഹചര്യങ്ങളാണ്. സാമ്പത്തിക പ്രതിസന്ധിയെ മറികടക്കാൻ എത്തിയ മൂന്നാംലോകരാജ്യ പ്രവാസികൾ മുതലാളിത്തരാജ്യത്തെ രാഷ്ട്രീയ അധികാര പ്രക്രിയയ്ക്കു മുമ്പിൽ നിശ്ശബ്ദം വിധേയപ്പെടേണ്ടി വന്നു. നിലനിൽപ്പിന്റെ ഭാഗമായി ഇത്തരം വിധേയപ്പെടലിന് അവർ വശംവദരാകുന്നുണ്ടെങ്കിലും സാംസ്കാരിക സമന്വയത്തിനുമപ്പുറത്ത് പ്രതിരോധത്തിന്റേതായ ഒരു ബോധംകൂടി മൂന്നാംലോകപ്രവാസിയുടെ കർതൃത്വത്തിലുണ്ടാകുന്നുണ്ട് എന്ന് അവരുടെ ആന്തരികവും ഭൗതികവുമായ സംസ്കാരപഠനം

തെളിയിക്കുന്നുണ്ട്. ഇത്തരം പ്രതിരോധം അവർ നടത്തുന്നത് സ്വന്തം ദേശം പകരുന്ന ഭാഷാപരവും മതപരവും സാംസ്കാരികവുമായ സ്വത്വൈക്യത്തിലൂടെയാണ്. "ദേശീയ ബോധത്തിലൂടെയും ദേശീയസ്വത്വത്തിലൂടെയുമാണ് കോളനിനിവാസി സ്വത്വൈക്യം നേടുന്നത്. ഒഴിവാക്കപ്പെട്ട മനുഷ്യജീവികൾ അവരുടെ ഒഴിവാക്കപ്പെടൽ ദേശീയസ്വത്വത്തിലൂടെ ഉറപ്പിക്കും."[122]

കോളനിനിവാസിയെപ്പോലെത്തന്നെ മൂന്നാംലോകരാജ്യപ്രവാസികളും തങ്ങളുടെ ആന്തരികവും ഭൗതികവുമായ സംഘർഷങ്ങളെ മറികടക്കുന്നതും പ്രതിരോധിക്കുന്നതും ദേശീയബോധത്തിലൂടെയും സ്വത്വത്തിലൂടെയുമാണ്.

## കുറിപ്പുകൾ


1. Cliffored, James; (1994) "Diasporas" Cultural Anthropology,9(3) Page. 305.

2. മലയാളപഠനസംഘം. (എഡി); (2011) ആമുഖം, സാംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, പുറം.9.

3 Paranjape, Makarand; (2001) In Diaspora, India Log publications, New Delhi, page.6.

4. രാജകൃഷ്ണൻ, വി; (1998) ഭ്രഷ്ടിന്റെ നാനാർത്ഥങ്ങൾ, കറന്റ് ബുക്സ്, തൃശൂർ, പുറം.27.

5. മുസാഫർ അഹമ്മദ്, വി; (2014) കുടിയേറ്റക്കാരന്റെ വീട്, ഡി.സി ബുക്സ്, കോട്ടയം, പുറം.101.

6. ബെന്യാമിൻ; (2009) ആടുജീവിതം, ഗ്രീൻബുക്സ്, തൃശൂർ, പുറം.108.

7. രാജകൃഷ്ണൻ,വി; (1998) ഭ്രഷ്ടിന്റെ നാനാർത്ഥങ്ങൾ, തൃശൂർ, പുറം.108.

8. Uma Parmeswaran; (2003) Writers of the Indian diaspora, Rawat Publications, Jaipur and New Delhi, Page.30.

9. ബെന്യാമിൻ; (2009) ആടുജീവിതം, ഗ്രീൻബുക്സ്, തൃശൂർ, പുറം.133.

10. ---- ---- ---- പുറം.133.

11. ---- ---- ---- പുറം.129.

12. ---- ---- ---- പുറം.86.

13. ---- ---- ---- പുറം.133

14. രാജശേഖരൻ, പി.കെ; (2011) പ്രവാസരേഖകൾ, നോവലിലെ പ്രവാസജീവിതം, ഭാഷാപോഷിണി, മെയ്, പുറം.69.

15. നിസാമുദ്ദീൻ, റാവുത്തർ; (2013) അറേബ്യയിലെ അടിമ, ഗ്രീൻബുക്സ്, തൃശൂർ, പുറം.62.

16. ---- ---- ---- പുറം.55.

17. ——— ——— ——— പുറം.63.

18. ——— ——— ——— പുറം.63.

19. രാമകൃഷ്ണൻ, ഇ.വി; (2012) അനുഭവങ്ങളെ ആർക്കാണുപേടി, ഡിസി ബുക്സ്, കോട്ടയം, പുറം.71.

20. ഖദീജാ മുംതാസ്; (2010) ബർസ, ഡി.സി.ബുക്സ്, കോട്ടയം, പുറം.182.

21. ——— ——— ——— പുറം.182.

22. റഷീദ്, പാറയ്ക്കൽ; (2011) ഒരു തക്കാളി കൃഷിക്കാരന്റെ സ്വപ്നങ്ങൾ, ഗ്രീൻബുക്സ്, തൃശൂർ, പുറം.11.

23. ——— ——— ——— പുറം.13.

24. ——— ——— ——— പുറം.11.

25. ബെന്യാമിൻ; (2010) ആടുജീവിതം, ഗ്രീൻബുക്സ്, തൃശൂർ, പുറം.78.

26. ——— ——— ——— പുറം.78.

27. ——— ——— ——— പുറം.55.

28. ——— ——— ——— പുറം.77.

29. നിസാമുദ്ദീൻ, റാവുത്തർ; (2013) അറേബ്യയിലെ അടിമ, ഗ്രീൻബുക്സ്, തൃശൂർ, പുറം.89.

30. ——— ——— ——— പുറം.43-88.

31. ബെന്യാമിൻ; (2010) ആടുജീവിതം, ഗ്രീൻബുക്സ്, തൃശൂർ, പുറം.78.

32. Deep Kumar, J. Trivedi; Indian Diasporic Literature. Theory, Theams, and problems, Shanti Prakashan, Delhi, Page.22.

33. ലിയോ ടോൾസ്റ്റോയ്; (2010) മതവും സ്ത്രീപുരുഷബന്ധവും, അജിത് കുമാർ (പരിഭാഷ), പാപ്പിയോൺ പബ്ലിക്കേഷൻ, പുറം.13.

34. Willkymlicka and Baogangle; (1995), Multi Cultaralism in Asia, United States,Oxford University Press, Newyork, പുറം.226.

35. രവീന്ദ്രൻ.,എൻ.കെ; (2010) പെണ്ണെഴുതുന്ന ജീവിതം, മാതൃഭൂമി ബുക്സ്, കോഴിക്കോട്, പുറം.8.

36. മുസാഫിർ; (2008) ദേശാടനത്തിന്റെ മിശിഹകൾ. കേരളീയ പ്രവാസത്തിന്റെ അമ്പതുവർഷം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം.52.

37. കാരശ്ശേരി,എം.എൻ; (2012) മതേതരവാദത്തെ മുസ്ലീങ്ങൾ പേടിക്കേണ്ട തുണ്ടോ?, ഡി.സി.ബുക്സ്, കോട്ടയം, പുറം.121

38. ____ ____ ____ പുറം.122.

39. ഉമർ, തറമേൽ, അനിൽ,കെ.എം; (2012) മതേതരം, റാസ്ബെറി ബുക്സ്, കോഴിക്കോട്, പുറം.28.

40. കാരശ്ശേരി, എം.എൻ; (2012) മതേതരവാദത്തെ മുസ്ലീങ്ങൾ പേടിക്കേണ്ടതു ണ്ടോ?, ഡിസി ബുക്സ്, കോട്ടയം, പുറം.106

41. പൈനാടത്ത്, എസ്, എസ്.ജെ; (1999) കേരളത്തിലെ മതസംസ്ക്കാരം, വർഗ്ഗീസ്. വി.ജെ, വിജയമോഹനൻ പിള്ള. എൻ, സ്കറിയ സക്കറിയ (എ ഡിറ്റേഴ്സ്), അഞ്ഞൂറു വർഷത്തെ കേരളം ചില അറിവടയാളങ്ങൾ, താരത മ്യപഠനസംഘം, ചങ്ങനാശ്ശേരി, പുറം.189.

42. ഖദീജാ മുംതാസ്; (2010) ബർസ, ഡിസി ബുക്സ്, കോട്ടയം, പുറം.189.

43. ____ ____ ____ പുറം.153.

44. കാരശ്ശേരി, എം.എൻ; (2006) ശരിഅത്ത് ചില വർത്തമാനങ്ങൾ, പാപ്പി യോൺ, കോഴിക്കോട്, പുറം.9.

45. ____ ____ ____ പുറം.20.

46. Brah, Avtar; (2002) Cartographies of Diaspora: Contesting Identities, London: Routledge, P. 208.

47. ഖദീജാ മുംതാസ്; (2010) ബർസ, ഡി.സി.ബുക്സ്, കോട്ടയം, പുറം.74.

48. ____ ____ ____ പുറം.23.

49. ____ ____ ____ പുറം.28.

50. ____ ____ ____ പുറം.49.

51. ____ ____ ____ പുറം.64.

52. ____ ____ ____ പുറം.143.

53. പാർവ്വതി, ബി; (2014) പ്രവാസത്തിന്റെ സാംസ്ക്കാരിക സംഘർഷങ്ങൾ, ശോഭ.വി. (എഡിറ്റർ), വീടുമാറുന്നവർ, അറേബ്യൻപ്രവാസസാഹിത്യം, ഗ്രീൻബുക്സ്, തൃശൂർ, പുറം.176.

54. ഖദീജാ മുംതാസ്, (2010) ബർസ, ഡി.സി.ബുക്സ്, കോട്ടയം, പുറം.167.

55. ____ ____ ____ പുറം.15.

56. ____ ____ ____ പുറം.18.

57. ____ ____ ____ പുറം.115.

58. ____ ____ ____ പുറം.115.

59. ____ ____ ____ പുറം.115.

60. ____ ____ ____ പുറം.137.

61. ____ ____ ____ പുറം.79.

62. ____ ____ ____ പുറം.149.

63. ബെന്യാമിൻ; (2009) ആടുജീവിതം, ഗ്രീൻബുക്സ്, തൃശൂർ, പുറം.116.

64. രാജശേഖരൻ, പി.കെ; (1994) പിതൃഘടികാരം, ഡി.സി.ബുക്സ്, കോട്ടയം, പുറം. 81.

65. ബെന്യാമിൻ; (2009) ആടുജീവിതം, ഗ്രീൻബുക്സ്, തൃശൂർ, പുറം.14.

66. ____ ____ ____ പുറം.122.

67. ____ ____ ____ പുറം.143.

68. ____ ____ ____ പുറം.193.

69. രാജശേഖരൻ, പി.കെ; (1994) പിതൃഘടികാരം, ഡി.സി.ബുക്സ്, കോട്ടയം, പുറം.81.

70. Manjit Ider Sigh, (Ed.); (2007) Contemporary Diasporic Literature.

Writing History, Culture, Self, Anurag Jain for Pencraft International, New Delhi, Page.12.

71. രാജശേഖരൻ, പി.കെ; (1999) അന്ധനായ ദൈവം. മലയാളനോവലിന്റെ നൂറുവർഷങ്ങൾ, ഡി.സി.ബുക്സ്, കോട്ടയം, പുറം.117.

72. ബെന്യാമിൻ; (2009) ആടുജീവിതം, ഗ്രീൻബുക്സ്, തൃശൂർ, പുറം.117.

73. ____ ____ ____ പുറം.129.

74. ____ ____ ____ പുറം.131.

75. ____ ____ ____ പുറം.137.

76. ____ ____ ____ പുറം.131.

77. രാജകൃഷ്ണൻ, വി; (1998) ഭ്രഷ്ടിന്റെ നാനാർത്ഥങ്ങൾ, കറന്റ് ബുക്സ്, തൃശൂർ, പുറം. 120.

78. റഷീദ്, പാറയ്ക്കൽ; (2009) ഒരു തക്കാളികൃഷിക്കാരന്റെ സ്വപ്നങ്ങൾ, ഗ്രീൻബുക്സ്, തൃശൂർ, പുറം.9.

79. ____ ____ ____ പുറം.59.

80. ____ ____ ____ പുറം.59.

81. ശിഹാബുദ്ദീൻ, പൊയ്ത്തുംകടവ്; (2011) ഗൾഫുകാരന്റെ കാലം, ഭാഷാപോഷിണി, ജനുവരി, ലക്കം 3, പുറം.7.

82. റഷീദ്, പാറയ്ക്കൽ; (2009) ഒരു തക്കാളികൃഷിക്കാരന്റെ സ്വപ്നങ്ങൾ ഗ്രീൻബുക്സ്, തൃശൂർ, പുറം.53.

83. ശിഹാബുദ്ദീൻ, പൊയ്ത്തുംകടവ്; (2011) ഗൾഫുകാരന്റെ കാലം, ഭാഷാപോഷിണി, ജനുവരി, ലക്കം 3, പുറം.7.

84. റഷീദ്, പാറയ്ക്കൽ; (2009) ഒരു തക്കാളികൃഷിക്കാരന്റെ സ്വപ്നങ്ങൾ, ഗ്രീൻബുക്സ്, തൃശൂർ, പുറം.106.

85. Svetlana Boym; (2001) The future of Nostalgia, Cambridge Harvard University Press, page.251.

86. ബെന്യാമിൻ; (2009) ആടുജീവിതം, ഗ്രീൻബുക്സ്, തൃശൂർ, പുറം.117.

87. ____ ____ ____ പുറം.148.

88. ____ ____ ____ പുറം.27.

89. റഷീദ്, പാറയ്ക്കൽ; (2009) ഒരു തക്കാളികൃഷിക്കാരന്റെ സ്വപ്നങ്ങൾ, ഗ്രീൻബുക്സ്, തൃശൂർ, പുറം.106.

90. പ്രസാദ്, സി.ആർ; (2013) ഭാഷയും ഭാവനയും പ്രതിരോധത്തിന്റെ അടയാളങ്ങൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം.128.

91. രാജകൃഷ്ണൻ, വി; (1998) ഭ്രഷ്ടിന്റെ നാനാർത്ഥങ്ങൾ, ഡി.സി.ബുക്സ്, കോട്ടയം, പുറം.27.

92. സിഗ്മണ്ട് ഫ്രോയ്ഡ്; (2010) പ്രണയത്തിന്റെയും രതിയുടേയും മനശാസ്ത്രം, സത്യൻ, പി.പി. (പരിഭാഷ); ചിന്ത പബ്ലിക്കേഷൻസ്, പുറം.17.

93. ബെന്യാമിൻ; (2009) ആടുജീവിതം, ഗ്രീൻബുക്സ്, തൃശൂർ, പുറം.134.

94. റഷീദ്, പാറയ്ക്കൽ; (2009) ഒരു തക്കാളികൃഷിക്കാരന്റെ സ്വപ്നങ്ങൾ, ഗ്രീൻബുക്സ്, തൃശൂർ, പുറം.68.

95. ____ ____ ____ പുറം.13.

96. ബാബുഭരദ്വാജ്; (2014) പ്രവാസവും ചരിത്രവും, ശോഭ, വി. (എഡിറ്റർ), വീടുമാറുന്നവർ, അറേബ്യൻ പ്രവാസസാഹിത്യം, ഗ്രീൻ ബുക്സ്, തൃശൂർ, പുറം.67.

97. ബെന്യാമിൻ; (2008) ആടുജീവിതം, ഗ്രീൻബുക്സ്, തൃശൂർ, പുറം.31.

98. ____ ____ ____ പുറം.53.

99. ____ ____ ____ പുറം.100.

100. ____ ____ ____ പുറം.148.

101. നിസാമുദ്ദീൻ, റാവുത്തർ; (2013) അറേബ്യയിലെ അടിമ, ഗ്രീൻബുക്സ്, തൃശൂർ, പുറം.183.

102. ____ ____ ____ പുറം.183.

103. ശോഭ.വി. (എഡി.); (2014) മണൽകാട്ടിൽ ഇരയാക്കപ്പെടുന്നവർ, വീടുമാറുന്നവർ, അറേബ്യൻ പ്രവാസസാഹിതം, പുറം.58.

104. റഷീദ്, പാറയ്ക്കൽ; (2009) ഒരു തക്കാളികൃഷിക്കാരന്റെ സ്വപ്നങ്ങൾ, ഗ്രീൻബുക്സ്, തൃശൂർ, പുറം.45.

105. ____ ____ ____ പുറം.11.

106. ____ ____ ____ പുറം.112.

107. മാധവൻ,എൻ.എസ്; (2014) അറേബ്യയിലെ പേക്കിനാവ്, വി.ശോഭ (സമ്പാ.) വീടുമാറുന്നവർ. അറേബ്യൻ പ്രവാസസാഹിത്യം. ഗ്രീൻബുക്സ്, തൃശൂർ. പുറം.149.

108. റഷീദ്, പാറയ്ക്കൽ; (2009) ഒരു തക്കാളികൃഷിക്കാരന്റെ സ്വപ്നങ്ങൾ, ഗ്രീൻബുക്സ്, തൃശൂർ, പുറം.119.

109. ഖദീജാ മുംതാസ്; (2007) ബർസ, ഡി.സി.ബുക്സ്, കോട്ടയം, പുറം.66.

110. ____ ____ ____ പുറം.67.

111. ബെന്യാമിൻ; (2008) ആടുജീവിതം, ഗ്രീൻബുക്സ്, തൃശൂർ, പുറം.51.

112. റഷീദ്, പാറയ്ക്കൽ; (2009) ഒരു തക്കാളികൃഷിക്കാരന്റെ സ്വപ്നങ്ങൾ, ഗ്രീൻബുക്സ്, തൃശൂർ, പുറം.130.

113. നിസാമുദ്ദീൻ, റാവുത്തർ; (2009) അറേബ്യയിലെ അടിമ, ഗ്രീൻബുക്സ്, തൃശൂർ, പുറം.81.

114. ബെന്യാമിൻ; (2008) ആടുജീവിതം, ഗ്രീൻബുക്സ്, തൃശൂർ, പുറം.145.

115. ____ ____ ____ പുറം.104.

116. റഷീദ്, പാറയ്ക്കൽ; (2009) ഒരു തക്കാളികൃഷിക്കാരന്റെ സ്വപ്നങ്ങൾ, ഗ്രീൻബുക്സ്, തൃശൂർ, പുറം.130.

117. ബെന്യാമിൻ; (2008) ആടുജീവിതം, ഗ്രീൻബുക്സ്, തൃശൂർ, പുറം.133.

118. ____ ____ ____ പുറം.111.

119. റഷീദ്, പാറയ്ക്കൽ; (2009) ഒരു തക്കാളികൃഷിക്കാരന്റെ സ്വപ്നങ്ങൾ, ഗ്രീൻബുക്സ്, തൃശൂർ, പുറം.11.

120. ബെന്യാമിൻ; (2008) ആടുജീവിതം, ഗ്രീൻബുക്സ്, തൃശൂർ, പുറം.133.

121. റഷീദ്, പാറയ്ക്കൽ; (2009) ഒരു തക്കാളികൃഷിക്കാരന്റെ സ്വപ്നങ്ങൾ, ഗ്രീൻബുക്സ്, തൃശൂർ, പുറം.13.

122. പവിത്രൻ, പി; (2011) സംസ്കാരപഠനത്തിന്റെ മൂന്നാംലോകവഴി, മലയാള പഠനസംഘം (സമ്പാ.), സംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, പുറം-79.

# അദ്ധ്യായം 6

# പ്രവാസകാലത്തെ സാംസ്കാരിക സമന്വയ പ്രക്രിയകൾ

## 6. പ്രവാസം -സാംസ്കാരിക സമന്വയം

സമാനതകളില്ലാത്ത സാംസ്കാരിക സാഹചര്യങ്ങളെ നേരിടേണ്ട ജീവിതാവസ്ഥയാണ് പ്രവാസം. വ്യതിരിക്തമായ സാംസ്കാരിക കാലാവസ്ഥയെന്ന സങ്കീർണ്ണതയെ അതിജീവിക്കേണ്ട ഒരു പ്രത്യേക ഉപസംസ്കാരം പ്രവാസജീവിതം ആവശ്യപ്പെടുന്നുണ്ട്. സ്വം, പരം എന്നീ രണ്ട് ലോകങ്ങളെ സമന്വയിപ്പിക്കേണ്ടവനാണ് പ്രവാസി. ഹോമി കെ. ബാബയുടെ നിരീക്ഷണത്തിൽ പ്രവാസി തന്റെ രണ്ടുപാദങ്ങൾ പഴയതും പുതിയതുമായ രണ്ടു ലോകങ്ങളിൽ ഊന്നികൊണ്ട് ഒരു മൂന്നാമിടത്തിൽ വസിക്കുന്നവനാണ്. ഈ രണ്ടുലോകങ്ങളും വ്യത്യസ്തമായ സാംസ്കാരികസാഹചര്യങ്ങളെയാണ് തമ്മിൽ ബന്ധിപ്പിക്കുന്നത്. ഇത് പുതിയ അനുഭവമേഖലകളെയും നിലനില്പിന്റെ പുതിയ സാധ്യതകളെയും മുന്നോട്ടുവയ്ക്കുന്നുണ്ട്.[1] വൈകാരിക ലോകങ്ങളെ മാറ്റിവെച്ചുകൊണ്ട് യുക്തിയോടെ ജീവിതത്തെ സമീപിക്കുകയെന്ന അതിജീവനതന്ത്രം പ്രവാസജീവിതം ആവശ്യപ്പെടുന്നുണ്ട്. നഷ്ടപ്പെട്ട നാടിനേയും വീടിനേയുംക്കുറിച്ചുള്ള ഗൃഹാതുരതയിൽ നിന്നും സ്വത്വത്തെ വേർപ്പെടുത്തുക പ്രവാസിക്ക് എളുപ്പമല്ലെങ്കിലും. പുതിയ ദേശപരിസരങ്ങളുമായി സമരസപ്പെട്ടുപോകുവാനാണ് അയാൾ ശ്രമിക്കുന്നത്. പുതിയലോകത്ത് ഒറ്റപ്പെടുന്നുണ്ടെങ്കിലും അത്തരം അപരിചിതത്വങ്ങളെ മറികടക്കേണ്ടതിന്റെ അനിവാര്യത അയാളെ പുതിയ ലോകത്ത് നിലനിർത്തുന്നുവെന്ന്. 'ദി ഫ്യൂച്ചർ ഓഫ് നോസ്റ്റാൾജിയ' എന്ന ഗ്രന്ഥത്തിൽ സ്വെറ്റ്ലാനാ ബോയേം സമർത്ഥിക്കുന്നു.[2]

സാമൂഹികവും രാഷ്ട്രീയവുമായ വ്യതിരിക്തസാഹചര്യങ്ങളോടു മല്ലിട്ടുകൊണ്ട് അതിജീവനം സാധിക്കുന്ന പ്രവാസികളുടെ ലോകമാണ്

പ്രവാസ നോവലുകളിലും കണ്ടെത്താനാകുന്നത്. തൊഴിലിടങ്ങളിലെ പ്രതികൂലസാഹചര്യങ്ങളോട് അവർ പൊരുത്തപ്പെടുന്നതിന്റെ പ്രായോഗികതയെ വിശദപഠനത്തിന് വിധേയമാക്കുന്നു.

## 6.1 തൊഴിൽ സാഹചര്യങ്ങളുമായി താദാത്മ്യപ്പെടുന്ന പ്രവാസിലോകം- നോവലുകളിൽ

മനുഷ്യത്വരഹിതമായ നിയമങ്ങൾക്കും കാട്ടുനീതികൾക്കും മുമ്പിൽ നീതീകരണങ്ങളില്ലാത്ത പ്രഹേളികയായി ന്യൂനപക്ഷങ്ങളുടെ അറേബ്യൻ പ്രവാസം വഴി മാറുന്നുണ്ട്. അതിജീവനത്തിന്റെ പഴയപാഠങ്ങൾക്കുപകരം പുതിയ ജീവിതസാഹചര്യം ആവശ്യപ്പെടുന്ന സാംസ്കാരികസമരസപ്പെടലുകളുടെ വ്യതിരിക്തപാഠങ്ങളെ പ്രവാസിക്ക് ഉൾക്കൊള്ളേണ്ടിവരുന്നു. ഇത് പ്രവാസിയുടെ ജീവിതത്തിൽ യാഥാർത്ഥ്യമാകുമ്പോൾ സംഭവിക്കുന്ന വ്യതിയാനങ്ങളാണ് ആടുജീവിതത്തിൽ തെളിയുന്നത്.

അടിസ്ഥാന ആവശ്യങ്ങളുടെ നിരാസമാണ് ആടുജീവിതത്തിലെ നജീബിന്റെ അനുഭവങ്ങളെ തീവ്രമാക്കുന്നത്. വെള്ളത്തിന്റെ നിരാസം നജീബിന് ഉൾക്കൊള്ളേണ്ടിവരുന്നത് നിലനില്പിന്റെ ഭാഗമായാണ്. വെള്ളത്തിന്റെ നിഷേധം മൂലം പ്രാകൃത ശൗച്യപ്രക്രിയകളിലേയ്ക്ക് നജീബിനു തിരിയേണ്ടിവന്നു. “തലേദിവസത്തെ ജാള്യതയൊക്കെ മാറി ഞാൻ പരസ്യമായി പൊതു ഇടത്തിൽ തന്നെ വെളിക്കിരുന്നു. എവിടെ വെച്ചു മുട്ടിയോ അവിടെ. വെള്ളം കൊണ്ടു കഴുകാൻ ശ്രമിച്ച് അർബാബിന്റെ അടി കൊള്ളുന്നതിനു പകരം എന്റെ വൃത്തിയാക്കൽ കല്ലുകൊണ്ടായി. ഓരോ ദേശത്തും ഏറ്റവും സുലഭമായ വസ്തുക്കൾ കൊണ്ട് അതു സാധിക്കുകയാണ് അതിന്റെയൊരു രീതിയെന്ന് ഞാൻ നിരൂപിച്ചു. ഇംഗ്ലീഷുകാർക്ക് ഏറ്റവും

എളുപ്പം കിട്ടാവുന്നത് പേപ്പർ കഷ്ണമാണ്. അവരതുകൊണ്ട് വൃത്തിയാക്കുന്നു. നമുക്കു വെള്ളം അതുകൊണ്ടു മാത്രം നമ്മൾ വെള്ളംകൊണ്ടു വൃത്തിയാക്കുന്നു. എനിക്കിപ്പോൾ സുലഭം കല്ലായിരുന്നു. കല്ലെങ്കിൽ കല്ല്. അതായിരുന്നു അപ്പോഴത്തെ എന്റെ നിലപാട്."[3]

ഓരോ ദേശത്തിന്റെയും ഭൂപ്രകൃതിയും സാംസ്കാരികസാഹചര്യങ്ങളും വ്യത്യസ്തമാണ്. സ്വന്തംദേശത്തിന്റെ ജൈവപരിസരത്തിൽ നിന്നും വ്യത്യസ്തമായ ജീവിതക്രമം പ്രവാസിയുടെ ജീവിതത്തെ സംഘർഷഭരിതമാക്കുന്നുണ്ട്. അടിസ്ഥാന ആവശ്യങ്ങൾ നിവൃത്തിക്കാൻ വേണ്ട സാഹചര്യംകൂടി ഇല്ലാതാകുന്നിടത്താണ് പ്രവാസവ്യഥകളുടെ നൈരന്തര്യം നമുക്കു ബോധ്യപ്പെടുക. ആടുജീവിതത്തിലെ നജീബ് ആറ്റിൽ ജീവിച്ചവനാണ്. ദിവസം മുഴുവൻ വെള്ളത്തിൽ മുങ്ങികിടന്ന് മണൽ വാരുകയെന്നതാണ് അയാൾ ചെയ്തുവന്നിരുന്ന തൊഴിൽ. "ഞാൻ ആറ്റിൽ കുളിച്ചവനാണ്. വെള്ളം തൊടാതെ ഒരു കാര്യവും എന്റെ ജീവിതത്തിൽ ഉണ്ടായിട്ടില്ല. ശുചിത്വം എന്റെ ജീവിത നിലപാടായിരുന്നു. സൈനുപോലും രണ്ടുനേരം കുളിച്ചില്ലെങ്കിൽ എനിക്ക് ഈർഷ്യയായിരുന്നു. ഞാനാണെങ്കിൽ സർവ്വനേരം വെള്ളത്തിലും."[4]

പ്രവാസം നജീബിന്റെ ജീവിതത്തെ മാറ്റിമറിക്കുന്നു. നാട്ടിൽ തൊഴിലിടം ആറാണെങ്കിൽ വിദേശത്താകട്ടെ മരുഭൂമിയും. സമാനതകളില്ലാത്ത സാഹചര്യങ്ങളുമായി പൊരുത്തപ്പെടുക നജീബിന്റെ അനിവാര്യതയായിരുന്നു. "വീട്ടിലാണെങ്കിൽ ഞാൻ കാലത്ത് ആറ്റിലിറങ്ങി ഒന്നു മുങ്ങിത്തോർത്തിവരാതെ (അതെത്ര മഴയാണെങ്കിലും തണുപ്പാണെങ്കിലും) കാപ്പി പോലും കുടിക്കാറില്ല. പക്ഷെ അന്നെന്റെ എല്ലാ പതിവുകളും തെറ്റിക്കുന്നതിന്റെ തുടക്കമായിരുന്നു. കാലത്തുതന്നെ ഞാൻ പല്ലു

തേക്കാതെ ഒരു കോപ്പ പാൽ കുടിച്ചു കഴിഞ്ഞു. ഒന്നരദിവസം നീണ്ടു നിന്നവിശപ്പ് എന്റെ ചിട്ടകളെല്ലാം മറക്കാൻ എന്നെ പ്രേരിപ്പിച്ചു."[5] മരുഭൂമിയിലെ പരുക്കൻ ജീവിതവുമായി താദാത്മ്യപ്പെടുക എന്നതു മാത്രമായി നജീബിന്റെ ചിന്തകൾ മാറുന്നു. "ഞാൻ ഇന്നലെകളെകുറിച്ച് വ്യാകുലപ്പെടുകയോ നാളെകളെകുറിച്ച് ആകാംക്ഷപ്പെടുകയോ ചെയ്തില്ല. ഇന്നിനെ എങ്ങനെ നേരിടും എന്നുമാത്രം ചിന്തിച്ചു. എന്റെ മസറജീവിതം മുഴുവൻ അങ്ങനെയായിരുന്നു എന്നു തോന്നുന്നു."[6]

ആടിനെ കറക്കാനും പാമ്പിനെ കൊല്ലാനും മുട്ടനാടുകളുടെ ആക്രമണത്തെ അതിജീവിക്കാനും നജീബിനു കരുത്താകുന്നതു പ്രവാസം നൽകിയ അതിജീവനസാഹചര്യങ്ങളാണ്. "സാഹചര്യം മനുഷ്യന്റെ എല്ലാ പേടികളെയും അസ്ഥാനത്താക്കുന്നു."[7] എന്നത് ദേശമാറ്റംനൽകിയ തിരിച്ചറിവാണ്. "ആധികളോട് ഒരുതരം സമരസപ്പെടൽ അതുജീവിതത്തിന്റെ എല്ലാഘട്ടങ്ങളിലും നമ്മൾ നേരിടുന്നുണ്ട്. ജീവിതം എത്ര കഠിനമാണെങ്കിലും."[8] ആടിനെ കറക്കുക എന്ന തൊഴിലിൽ നജീബ് കണ്ടെത്തുന്ന നിർവൃതി ഇതുമായി ചേർത്തുവായിക്കേണ്ടതാണ്. "എന്റെ പാൽപാത്രത്തിലേയ്ക്ക് ആദ്യത്തെ തുള്ളി പാൽ ചീറ്റി വീണപ്പോൾ ഞാനനുഭവിച്ച നിർവൃതി അതെത്രയെന്നു പറഞ്ഞറിയിക്ക വയ്യ. എന്തോ ഒരു വലിയ തൊഴിലിനുള്ള പരിശീലനം ഞാൻ കരസ്ഥമാക്കിയതുപോലെ."[9]

വർത്തമാനപരീക്ഷണങ്ങളെ മറികടക്കാൻ നജീബ് കണ്ടെത്തിയ ഉപായമായിരുന്നു മസറയെ നാടും വീടുമായി സങ്കല്പിക്കൽ. "മസറയിലെ കണ്ടാലറിയുന്ന എല്ലാ ആടുകൾക്കും ഞാൻ ഓരോരോ പേരുകൾ കൊടുത്തിരുന്നു. ഒരു കൗതുകത്തിന് വഴക്കുപറയാനുള്ള സൗകര്യത്തിന്. താലോലിക്കാനുള്ള എളുപ്പത്തിന്. അറവുറാവുത്തർ, മേരി മൈമുന, ഇണ്ടി

പോക്കർ. നിങ്ങൾ എന്നെങ്കിലും ആടുകളുടെ മുഖത്തേയ്ക്ക് സൂക്ഷിച്ചു നോക്കിയിട്ടുണ്ടോ. നോക്കിയാൽ കാണാം. അവയ്ക്കൊക്കെ ഓരോ മനുഷ്യമുഖവുമായി നല്ല സാമ്യമുണ്ട്."[10] ഒറ്റപ്പെടലിന്റേതും കഠിനമായ അദ്ധ്വാനത്തിന്റേതുമായ സാഹചര്യങ്ങൾക്കു വഴങ്ങുക എന്ന പ്രതിസന്ധിയെ പ്രവാസികൾ നേരിടുന്നതിന്റെ ചിത്രമാണ് നജീബിലൂടെ വ്യക്തമാകുന്നത്. "ഈ ലോകത്തിന്റെ വ്യവസ്ഥകൾക്കു ഞാൻ വിധിക്കപ്പെട്ടിരിക്കുന്നു. അതിന്റെ ആകുലതകളിലേയ്ക്കു ഞാൻ ആഴ്ന്നുവീണിരിക്കുന്നു. ഇനി ആ ജീവിതദുരന്തങ്ങളോട് പരമാവധി താദാത്മ്യപ്പെടുക എന്നതാണു അഭികാമ്യം."[11]

'ഒരു തക്കാളികൃഷിക്കാരന്റെ സ്വപ്നങ്ങളി'ലെ അസീസ് പ്രതികൂലസാഹചര്യങ്ങളോട് ഇണങ്ങികഴിയുക എന്ന വലിയപ്രതിസന്ധിയെ നേരിട്ടകഥാപാത്രമാണ്. വ്യക്തിഹീനമായ അന്തരീക്ഷവുമായി പൊരുത്തപ്പെടുക അസീസിന് പ്രയാസമേറിയതായിരുന്നു. "ഒരു ഗ്ലാസ് ചായ കയ്യിലെടുത്തു ചുണ്ടിലേക്കടുപ്പിക്കുന്നതിനു മുന്നേ എട്ടോപത്തോ ഈച്ച വന്ന് അതിൽചാടി നീന്തി മദിക്കുകയായി. പിന്നെ.. പിന്നെ ചുണ്ടുകൾ അമർത്തിപ്പിടിച്ച് ഈച്ച വായിലേയ്ക്കുകടക്കാതെ ചായ അരിച്ചുകുടിക്കാൻ ശീലിച്ചു. നിവൃത്തികേടുകൊണ്ട് ഇങ്ങനെ ഓരോ സാഹചര്യങ്ങളുമായി പൊരുത്തപ്പെടേണ്ടിവരികയാണ്. ഇപ്പോൾ അറപ്പില്ല. ഈച്ചകളും പ്രാണികളും ദൈനംദിനജീവിതത്തിന്റെ ഭാഗമായി കഴിഞ്ഞു."[12]

തൊഴിലിടത്തിലെ ഏതുപ്രതികൂലസാഹചര്യത്തോടും ഇണങ്ങികഴിയുമ്പോൾ അതിൽനിന്നുണ്ടാകുന്ന അസ്വസ്ഥതകൾ മറക്കാൻ പ്രവാസിപ്രാപ്തനാകും എന്നതിനു തെളിവാണ് മസറയിലെ അസഹ്യമായ വാട നജീബിൽനിന്നകന്നു പോയത്. "വാട. ആദ്യദിനങ്ങളിൽ എത്ര

വട്ടം ഞാൻ ഛർദ്ദിച്ചു പോയിരിക്കുന്നു. എന്നാൽ പതിയെ പതിയെ ആ വാട എന്നിൽ നിന്നും അകന്നുപോയി."[12]

തൊഴിലിടങ്ങളിലെ രാപകലില്ലാത്ത പണി 'അസീസി'ൽ (ഒരു തക്കാളി കൃഷിക്കാരന്റെ സ്വപ്നങ്ങൾ) നീരസമുണ്ടാക്കുന്നുണ്ട്. അറേബ്യൻ ഉടമകളുടെ ചൂഷണ പ്രത്യയശാസ്ത്രത്തെ എതിർത്തിട്ടു ഫലമില്ലെന്നു മനസ്സിലാക്കുന്ന അസീസ് അത്തരം തൊഴിൽസാഹചര്യങ്ങളോടു പൊരുത്തപ്പെടുന്നുണ്ട്. മരുഭൂമിയിൽ അധ്വാനിക്കുന്ന ഏതൊരു പ്രവാസിയിലും സംഭവിക്കുന്ന സമന്വയമാണ് അസീസിലും കാണുന്നത്. "ഇതു നിയമപ്രകാരം പണിക്കിറങ്ങേണ്ട സമയമാണോ? ഇതൊക്കെ എവിടുത്തെ ന്യായം? ഇതെന്താ അടിമത്താവളമാണോ? മനസ്സിൽ തികട്ടിവന്ന രോഷമെല്ലാം മനസ്സിലിട്ടുതന്നെ മൂടി. അല്ലാതെ എന്തു ചെയ്യാൻ."[14]

ഉയർന്ന വേതനത്തിൽ ജോലി ചെയ്യുന്നവർക്കും മാനുഷികാവകാശങ്ങൾ നിഷേധിക്കപ്പെടുമ്പോൾ നിശബ്ദം അവയെ സഹിക്കാൻ മാത്രമേ അന്യനാട്ടിലെ രാഷ്ട്രീയസാഹചര്യങ്ങളിൽ സാധിതമാകൂ. അതിനുദാഹരണമാണ് 'ബർസ'യിൽ സബിതയ്ക്കു നേരിടേണ്ടിവരുന്ന പരിഹാസങ്ങൾ. "വീർത്തു കെട്ടിയ അഹംബോധത്തിനേൽക്കുന്ന ഇത്തരം സൂചികുത്തലുകൾ ചിലപ്പോഴൊക്കെ ഒരാവശ്യമല്ലെ. ലോകഭൂപടത്തിൽ ഒരു കുഞ്ഞുപൊട്ടായിപ്പോലും രേഖപ്പെടുത്താനാവാത്ത വടക്കൻകേരളത്തിലെ ഇത്തിരിപ്പൊട്ടു ഗ്രാമത്തിലെ പെണ്ണൊരുത്തി. അവളുടെ ഊതിവീർപ്പിച്ച ആഢ്യവ്യക്തിത്വം. എണ്ണിയാലൊടുങ്ങാത്ത സംസ്കാരങ്ങൾ വന്നുചേരുന്ന ഈ വിശ്വനഗരത്തിന്റെ ആൾതിരക്കിൽ അതിനെന്തുപ്രസക്തി."[15] മൂന്നാംലോകരാജ്യപ്രവാസി എന്നനിലയിലുള്ള അടിമത്തം പ്രവാസികൾ ഏറ്റുവാങ്ങുന്നുണ്ട്. അതിനുപുറമെ മതപരമായസങ്കുചിതത്വംകൂടി

സ്ത്രീപ്രവാസികൾക്ക് ഏറ്റുവാങ്ങേണ്ടിവരുന്നുണ്ടെന്ന് സബിത അനുഭവിച്ചറിയുന്നു. "മതത്തിന്റെ വാളും പിടിച്ചുറഞ്ഞു നിൽക്കുന്ന ഒരാളോടാണോ സ്ത്രീവ്യക്തിത്വം, അവകാശം എന്നൊക്കെയുള്ള വിലപ്പോകാത്ത പരിചകളുമായി നീ ഏറ്റുമുട്ടാനൊരുങ്ങുന്നത്. നിനക്ക് മൗനത്തിലേയ്ക്ക് മടങ്ങാം."[16]

ദേശമാറ്റം പ്രവാസിക്ക് പുതിയ അനുഭവങ്ങളെ പ്രദാനം ചെയ്തു. സാമൂഹികരാഷ്ട്രീയ സാഹചര്യങ്ങളുമായി പൊരുത്തപ്പെടുക എന്ന നവപാഠങ്ങളോടു പ്രവാസി ഉള്ളിൽ കലഹിക്കുന്നുണ്ടെങ്കിലും സമരസപ്പെട്ടു പോവുകയെന്നതു നിലനില്പിനു അനിവാര്യമാണെന്നു അയാൾ തിരിച്ചറിയുന്നുണ്ട്. ഇത് പ്രവാസം ആവശ്യപ്പെടുന്ന പ്രത്യേക ലോകബോധമാണ്. ഇതിനെ ആന്തരിക സംസ്കൃതിയോടു ചേർത്തുകൊണ്ട് മുന്നോട്ടുപോയാൽ മാത്രമേ പ്രവാസം എന്ന മനുഷ്യാവസ്ഥ സാധിതമാവുകയുള്ളൂ.

അന്യദേശസംസ്കാരം മാത്രമല്ല വിവിധങ്ങളായ ദേശങ്ങളിൽ നിന്നും കടന്നുവന്ന പ്രവാസികളോട് താദാത്മ്യപ്പെടുക എന്ന വെല്ലുവിളികൂടി പ്രവാസജീവിതം മുന്നോട്ടുവയ്ക്കുന്നുണ്ട്. ബഹുസാംസ്കാരികത പകരുന്ന അനുഭവങ്ങളും സംഘർഷങ്ങളും പ്രവാസപഠനങ്ങളിൽ പ്രാധാന്യമേറിയതാണ്.

## 6.2 ബഹുസാംസ്കാരികതയും പ്രവാസിയും

വിദേശനാടുകളിൽ പ്രവാസികൾ പൊതുവെ നേരിടുന്ന അനുഭവമാണ് ബഹുസാംസ്കാരികത (Multiculturalism). താമസസ്ഥലത്തും തൊഴിലിടങ്ങളിലും ഉടമകൾതൊട്ട് സഹതൊഴിലാളികൾവരെയുള്ള വിവിധ ദേശ, ഭാഷ, വംശ, വർഗ്ഗക്കാരായ വ്യത്യസ്ത സാംസ്കാരികപശ്ചാ

ത്തലത്തിൽ നിന്നുള്ളവരോട് അവർക്ക് ഇടപഴകേണ്ടിവരുന്നു. ഈ സങ്കരത്വത്തെ ഹോമി. കെ. ബാബ നിർവചിക്കുന്നത്. 'സാംസ്കാരിക മാറ്റത്തെ കുറിക്കുന്ന വിപ്ലവകരമായ നടപടി (An Insurgent act of cultural translation) എന്നാണ്.[17] ഈ ബഹുസ്വരത വഴിയായി സൃഷ്ടിക്കപ്പെടുന്ന ഭാഷാപരവും സാംസ്കാരികവുമായ അന്തരം പ്രവാസികളിൽ ജനിപ്പിക്കുന്ന സങ്കീർണ്ണതകൾ നിരവധിയാണ്. പ്രവാസികൾ വിവിധരാജ്യങ്ങളിൽ അനുഭവിക്കുന്ന ഇത്തരം സംഘർഷങ്ങൾ സംസ്കാരപഠനങ്ങളിൽ പ്രാധാന്യമർഹിക്കുന്ന വിഷയമാണ്. ഇത് ഇരുപതാംനൂറ്റാണ്ടിന്റെ അവസാനത്തോടുകൂടിയാണ് പഠന വിഷയമായി വളർന്നത്. "അതിനുമുമ്പും ഇത്തരമൊരു സാമൂഹ്യാവസ്ഥയെ നിർവ്വചിക്കാൻ ചില പദങ്ങൾ ഉപയോഗിച്ചിരുന്നു. ബഹുത്വം (Plurality), ബഹുവംശീയത (multi racialism, multiethnicism), സാർവജനീനത്വം (consmopolitanism) ....... കുടിയേറ്റ സംസ്കാരങ്ങളെ സമഭാവനയോടെ വീക്ഷിക്കാൻ ബഹുസാംസ്കാരികത കാരണമാകുന്നു. അതു വൈവിധ്യങ്ങളെ അടിച്ചമർത്താതെ ആഘോഷമാക്കുന്നു."[18] ഇതരസംസ്കാരങ്ങളെ ഉൾക്കൊള്ളുവാനും ന്യൂനപക്ഷങ്ങളുടെ പങ്കാളിത്തത്തെ അംഗീകരിക്കുവാനും ബഹുസാംസ്കാരികത സഹായകരമാണ്. മാത്രമല്ല പ്രവാസം വഴിയായി സംഭവിക്കുന്ന സംസ്കാരസങ്കലനം സ്വത്വനിർമ്മിതികളുടെ സങ്കുചിതത്വത്തെ പ്രതിരോധിക്കുന്നുണ്ട്. പല അടരുകളിലായി വീക്ഷിക്കേണ്ട ഈ സങ്കരത്വത്തിന്റെ ഫലമായുണ്ടാകുന്ന സംസ്കാരിക വ്യതിയാനങ്ങളും സംഘർഷങ്ങളും ഗൗരവത്തോടെ വീക്ഷിക്കേണ്ടതാണ്.

### 6.2.1 ബഹുസാംസ്കാരികത - പ്രവാസകൃതികളിൽ

"സ്റ്റുവാർട്ട് ഹാൾ' പ്രവാസാനുഭവത്തെ നിർവചിക്കുന്നിടത്ത്' വംശീയ

വിദ്വേഷങ്ങളോ വ്യത്യാസങ്ങളോ ഇല്ലാതെ എല്ലാ വൈവിധ്യങ്ങളെയും ഒരുമിച്ചുപുലരാൻ അനുവദിക്കുന്ന സാംസ്കാരിക സാഹചര്യമാണ് ഇത് പ്രദാനം ചെയ്യുന്നതെന്ന് നിരീക്ഷിക്കുന്നുണ്ട്. വ്യത്യസ്ത ജനവിഭാഗങ്ങളുടെ നന്മയെ തിരിച്ചറിയുകയും അംഗീകരിക്കുകയും ചെയ്യുന്ന ബഹുസാംസ്കാരികാന്തരീക്ഷം പ്രത്യേക വംശത്തെയോ വംശീയശുദ്ധിയേയോ മുന്നോട്ടു വയ്ക്കുന്നില്ല. വൈവിധ്യങ്ങളുടെ തുല്യതയാണ് സങ്കരത്വത്തിന്റെ ഫലമെന്ന് അദ്ദേഹം സമർത്ഥിക്കുന്നു.[19] ബഹുസാംസ്കാരികാന്തരീക്ഷം വ്യത്യസ്ത പ്രതികരണങ്ങളാണ് പ്രവാസിയിൽ സൃഷ്ടിച്ചത്. വൈവിധ്യങ്ങളെ അടിസ്ഥാനമാക്കി മൂന്നുവിധത്തിൽ ഇതിനെ വേർതിരിച്ചു വിശദീകരിക്കുന്നു.

1. ബഹുസാംസ്കാരികത വഴിയായി വിവിധങ്ങളായ ദേശ, ഭാഷാ, സംസ്കാരങ്ങളെ അടുത്തറിയുവാനുള്ള സാഹചര്യം പ്രവാസികൾക്കു ലഭിച്ചു.
2. ബഹുസാംസ്കാരികത വഴിയായി സംഭവിച്ച സംഘർഷങ്ങൾ
3. ബഹുസാംസ്കാരികത - വിവിധ ദേശ, ഭാഷാ, വംശ ഭേദങ്ങൾക്കപ്പുറത്ത് സമാനമായ സംഘർഷങ്ങളെ നേരിടുന്ന 'ഒറ്റപ്രവാസി സമൂഹ'മെന്ന ബോധത്തെ സൃഷ്ടിച്ചു.

### 6.2.1.1 ബഹുസാംസ്കാരികത വഴിയായി പ്രവാസികൾക്കു ലഭിച്ച വ്യത്യസ്ത സാംസ്കാരികാനുഭവങ്ങൾ

വിവിധ സംസ്കാരങ്ങളെ അടുത്തറിയാൻ സാധിക്കുന്ന സവിശേഷ സാഹചര്യമാണ് പ്രവാസം വഴിയായി സൃഷ്ടിക്കപ്പെട്ടത്. ബഹുസാംസ്കാരികതയെ കുറിച്ചുള്ള ഏതു രചനയും വിമർശനവും

അതിനെ നിർവചിക്കുന്നത് ബഹുസ്വരത അപരന്റെ സാംസ്കാരി കതയെ മനസ്സിലാക്കുന്നതിനുള്ള അവസരമെന്ന നിലയിലാണ്.[20] ബർസയിൽ ഡോക്ടറായി സൗദിയിലെത്തുന്ന സബിതയെന്ന കഥാ പാത്രത്തിന് ഇടപഴകേണ്ടിവന്ന വ്യത്യസ്തദേശക്കാരിൽ നിന്നും ലഭിച്ച അറിവുകൾ വിവിധസംസ്കാരങ്ങളെകുറിച്ചുള്ള അവബോ ധമാണ് നൽകിയത്. ഇത്തരം അറിവുകൾ സ്വന്തംദേശത്തിന്റെ സാംസ്കാരിക പശ്ചാത്തലവുമായുള്ള ഒരു താരതമ്യപ്പെടുത്തലി ലേയ്ക്ക് പ്രവാസിയെ നയിക്കുന്നുണ്ട്. സൗദി സ്ത്രീകളുടെ അറിവും അവകാശബോധവും പ്രവാസത്തിലൂടെ സബിതയറിഞ്ഞ അനുഭ വമാണ്. അധികാരത്തോടെ കടന്നുചെന്ന് ഗർഭധാരണവുമായി ബന്ധപ്പെട്ടുള്ള വിഷമതകൾ ഡോക്ടറോടു വിശദീകരിക്കാൻ അവർ കാണിക്കുന്ന ആർജ്ജവം സബിതയിൽ അൽഭുതം ജനിപ്പിക്കുന്നു. “അറബി പെണ്ണുങ്ങൾക്ക് മെഡിക്കൽ വിഷയങ്ങളിൽ നല്ല അവഗാഹം തന്നെ. നമ്മുടെ നാട്ടിലെ ഗർഭിണികൾ എത്ര സെന്റീ മീറ്ററായി എന്നു ഡോക്ടറോടു ചോദിക്കുന്നതു ഏതു കാലത്താ യിരിക്കും.”[21] ആരോഗ്യകരവും സ്വകാര്യതയെ സംരക്ഷിക്കുന്നതു മായ അന്തരീക്ഷമാണ് സൗദി ആശുപത്രികൾക്കുള്ളത്. പരിശോ ധനാ കട്ടിലിൽ ശുഭ്രമായ വിരിപ്പ്. വേറൊരു വെളുത്ത ഷീറ്റ് രണ്ടായി മടക്കി കാൽക്കലിട്ടിരിക്കുന്നു. രോഗിണി വന്നുകഴിഞ്ഞാൽ അവളെ പുതപ്പിക്കാനാണ്. അങ്ങനെ മറച്ചുകഴിഞ്ഞേ രോഗിയെ പരിശോ ധിക്കാൻ തുടങ്ങൂ. ഗർഭിണിയുടെ പരവേശം കണ്ട് ഡോക്ടർ പെട്ടന്നു പരിശോധിച്ചോട്ടെയെന്നു കരുതി ചട്ടങ്ങൾ പാലിക്കാതെ ഡ്രസ്സുയർത്താൻ സിസ്റ്ററെങ്ങാൻ തുനിഞ്ഞാൽ ഒറ്റ അലർച്ചയായി

രിക്കും. സ്ത്രീയുടെ സ്വകാര്യതയ്ക്ക് അവിടെ വളരെയേറെ പ്രാധാന്യമുണ്ട്."[27] നാട്ടിലെ ആശുപത്രികളിലെ സ്ത്രീകളുടെ അവസ്ഥ സബിതയിലേക്കോടിയെത്തുന്നുണ്ട്. "തന്റെ ശരീരത്തിന്റെ സ്വകാര്യതയെ ബലമായി പരസ്യപ്പെടുത്തി, സ്ത്രീവ്യക്തിത്വങ്ങളെ ഞെളുക്കി വികൃതമാക്കുന്നതിൽ നാട്ടിലെ സർക്കാരാശുപത്രികളും ഡോക്ടർമാരും വലിയൊരു പങ്കാണു വഹിക്കുന്നതെന്ന് അവൾക്കപ്പോൾ തോന്നി. ... കരച്ചിലുകളെ, വേദനകളെ ഉള്ളിലമർത്തി, ഡോക്ടറെയും നഴ്സിനെയും ഭയപ്പെട്ട് അവർ നിശബ്ദം പരിശോധനകൾക്കു വഴങ്ങുന്നു. ഇല്ലാത്ത കർട്ടനെപറ്റിയും തരാനാകാത്ത സൗകര്യങ്ങളെപറ്റിയും പരാതി പറയാതെ."[23]

ഉത്തർപ്രദേശുകാരി ദക്തൂറ, ഷഹീനയോടോ ബാംഗ്ലൂർസ്വദേശി വഹീദയോടൊ, കാഷ്മീരി നദീറയോടോ തോന്നാത്ത അടുപ്പം ബംഗ്ലാദേശിൽ നിന്നും വന്നവരോട് സബിതയ്ക്കു തോന്നുന്നുണ്ട്. അതിനു കാരണം ആകാരത്തിലും വേഷവിധാനത്തിലും സ്വഭാവത്തിലുമുള്ള സാദൃശ്യമാണെന്നു സബിത മനസ്സിലാക്കുന്നു. "ചോറും മീനും തന്നെയാണ് ബംഗാളികളുടേയും ഇഷ്ടഭോജ്യം. മലയാളികളെപ്പോലെ പതുങ്ങിയ സ്വഭാവപ്രകൃതക്കാരാണ് ബംഗാളികൾ. പാക്കിസ്ഥാനികളുടെ ജാടയോ, ഒച്ചവെയ്ക്കലോ, ബഹളമോ ഒന്നുമില്ല."[24] വ്യത്യസ്ത ദേശക്കാരെ മനസ്സിലാക്കുന്നതിന് പ്രവാസം സബിതയെ പ്രാപ്തയാക്കുന്നു. മാത്രമല്ല വിവിധ ഭാഷകൾ പഠിക്കുന്നതിന് സബിതയ്ക്കു സാധിക്കുന്നത് ബഹുസാംസ്കാരികാന്തരീക്ഷം നൽകിയ ബഹുഭാഷാ പശ്ചാത്തലമാണ്. "ഉറുദു സംസാരിക്കുന്ന ഇന്ത്യാക്കാരും പാക്കിസ്ഥാനികളുമുണ്ട് ഇഷ്ടംപോലെ. ഇത്രകാലവും ഉറുദുവെന്നാൽ ഒരു ഇന്ത്യൻ മുസ്ലീംഭാഷയെന്നാണ് സബിത

കരുതിയിരുന്നത്. ദക്കൂറാവഹീദും ഷാഹീനും രോഗികളുമൊക്കെ സംസാരിക്കുന്നതു കേട്ടപ്പോഴാണ് ഇതു താൻ സ്കൂളിലും കോളേജിലുമൊക്കെ പഠിച്ച ഹിന്ദി ഭാഷ തന്നെയാണല്ലോയെന്ന് സബിതയ്ക്കു തോന്നിയത്."[25]

സുഡാനി സ്ത്രീകളുടെ പ്രസവമെടുക്കൽ സങ്കീർണ്ണത സൃഷ്ടിക്കുന്നതാണെന്ന അറിവ് സബിതയ്ക്കുണ്ടായത് സൗദിയിലെ ആശുപത്രിയിൽ നിന്നാണ്. തൊണ്ണൂറ്റിയെട്ടു ശതമാനം സുഡാനി സ്ത്രീകളും 'ഫീമെയിൽ സർക്കംസിഷൻ' എന്ന കിരാത കർമ്മത്തിനു വിധേയരായവരാണ്. സ്ത്രീകളുടെ ലൈംഗികഭാഗങ്ങൾ മുറിച്ചുകളയുന്ന ക്രൂരമായ സമ്പ്രദായം ആ നാട്ടിൽ (സുഡാനിൽ) ഇന്നും നിലനില്ക്കുന്നു. എന്ന തിരിച്ചറിവ് ഞെട്ടിക്കുന്നതായിരുന്നു. "ലൈംഗികോത്തേജനത്തിനു സഹായിക്കുന്ന ഭാഗങ്ങളാണ് അവർ ഛേദിച്ചുകളയുന്നത്. അതിക്രൂരമായ സെക്ഷ്വൽ മ്യൂട്ടിലേഷൻ! പെൺകുട്ടികളുടെ മാതാപിതാക്കളും, സമുദായനേതൃത്വവും വളരെ ചിട്ടയോടെ മതാചാരമെന്നമട്ടിൽ ഈ ഇരുപതാംനൂറ്റാണ്ടിലും ഇതു നിലനിർത്തികൊണ്ടു പോകുന്നത് എന്തു കിരാതത്വമാണ്."[26]

വിവിധങ്ങളായ സംസ്കാരങ്ങളോട് ഇടപഴകേണ്ടിവരുന്ന പ്രവാസിക്ക് സ്വന്തം നാടിനെപറ്റിയുള്ള ചിന്തകളും സാംസ്കാരികസവിശേഷതകളും കൂടുതൽ ബോധ്യമാകുന്നത് ഇത്തരം സാഹചര്യങ്ങളിൽ കൂടിയാണ്. ഡോക്ടർ ഇക്ബാലുമായുള്ള സബിതയുടെ സംഭാഷണം ഇതു വ്യക്തമാക്കുന്നുണ്ട്. "..സ്വർഗ്ഗത്തിൽ കഴിഞ്ഞ് അതിനെ തിരിച്ചറിയാതെ പോയവരാണ് ഞങ്ങൾ. ഇപ്പോൾ ഇവിടെയിരിക്കുമ്പോഴാണ് ഉപേക്ഷിച്ചുപോന്നതൊരു സ്വർഗ്ഗമായിരുന്നെന്ന് ഞങ്ങളറിയുന്നത്."[27] സ്വന്തം ദേശത്തെയും സ്വത്വത്തെയും തിരിച്ചറിയുന്നത് ഇത്തരം ബഹുസ്വരതയുടെ അന്തരീക്ഷത്തിലാണെന്ന് ബർസ നമ്മെ ഓർമ്മിപ്പിക്കുന്നു. സി.ഡബ്ളിയു വാട്സൺ

പറയുന്നു. “അനുഭവത്തിന് നിരവധി മാനങ്ങളുണ്ടെന്ന് നമ്മെ ഓർമ്മിപ്പിക്കാൻ ബഹുസാംസ്കാരികത സഹായമാകുന്നു. സ്വത്വബോധവും, ആത്മാഭിമാനവും, സ്വന്തമായ വേരുകളോടുള്ള മമതയും പിറന്ന മണ്ണിനോടുള്ള പ്രതിബദ്ധതയും സ്ഥലബോധവും, സ്വന്തമെന്നു പറയാൻ ഒരു സ്ഥലവും ഭാഷയും ഉണ്ടെന്ന സുരക്ഷിതത്വവും അതിലൂടെ വളരുന്ന ചരിത്രബോധവും ഇതിന്റെ പ്രത്യേകതകളാണ്.”[28]

ഈ ദേശബോധമാണ് പ്രവാസനാടുകളിൽ മലയാളികളെ തമ്മിൽ ഇണക്കിച്ചേർക്കുന്നത്. അന്യനാടുകളിൽ കൂട്ടായ്മകളും സംഘടനകളും മലയാളികൾ ഉണ്ടാക്കിയെടുക്കുന്നതും ദേശീയ, പ്രാദേശിക ആഘോഷങ്ങൾ ഒന്നുചേർന്നാഘോഷിക്കുന്നതിനും മലയാളികളെ പ്രേരിപ്പിക്കുന്നത് ഈ സ്വത്വബോധമാണ്. അറേബ്യൻനാടുകളിൽ മലയാളികൾക്കു തുണയായി മലയാളികൾ മാറുന്നതും ദേശബോധത്തിന്റെയും സ്വത്വസംരക്ഷണത്തിന്റെയും ഭാഗമായാണ് തിരിച്ചറിയപ്പെടേണ്ടത്. ആടുജീവിതത്തിൽ നജീബിനു തുണയായി കുഞ്ഞിക്ക കടന്നു വരുന്നതു ഇതിനുദാഹരണമാണ്. “.... ബത്ത മാർക്കറ്റിലെ മലയാളികൾക്ക് ഒരത്താണിയായ കുഞ്ഞിക്കായുടെ ഹോട്ടലിന്റെ മുന്നിലാണ് ഞാനന്നു തളർന്നുവീണത്.”[29]

പ്രവാസാന്തരീക്ഷം വ്യത്യസ്ത സംസ്കാരങ്ങളുടെ ബഹുത്വത്തിൽ ജീവിക്കാനും പുത്തൻ അനുഭവങ്ങൾക്കു വഴിയൊരുക്കുന്നതിനുമുള്ള വേദിയെന്നതിനോടൊപ്പം തന്നെ സ്വന്തം സംസ്കാരത്തെ തിരിച്ചറിയുന്നതിനും നിമിത്തമാകുന്നുണ്ട്.

## 6.2.1.2 ബഹുസാംസ്കാരികാന്തരീക്ഷം പ്രവാസിയിൽ സൃഷ്ടിച്ച സംഘർഷങ്ങൾ

വിവിധ ദേശങ്ങളിൽ നിന്നുവന്ന വ്യത്യസ്തപ്രകൃതക്കാരായ തൊഴിലാളികളോട് ഇടപെട്ട് താമസസ്ഥലത്തും തൊഴിലിടങ്ങളിലും അതിജീവനം സാധിക്കുക പ്രവാസിയെ സംബന്ധിച്ച് ബുദ്ധിമുട്ടേറിയതാണ്. പൊരുത്തപ്പെടാനാകാത്ത സാംസ്കാരികസ്വഭാവം പ്രകടിപ്പിക്കുന്നവരുമായുള്ള സഹവാസമാണ് 'ഒരു തക്കാളികൃഷിക്കാരന്റെ സ്വപ്നങ്ങളി'ലെ അസീസിനെ സംഘർഷത്തിലാഴ്ത്തുന്നത്. ബംഗാളികളോടൊപ്പമുള്ള താമസമാണ് അസീസിന്റെ പ്രശ്നഭൂമികയാകുന്നത്. രാത്രിയിൽ ഉറക്കെ ടി.വി വെച്ച് മറ്റുള്ളവരുടെ ഉറക്കം കെടുത്തുന്ന ബംഗാളികളുടെ മര്യാദയില്ലായ്മ അസീസിനെ രോഷം കൊള്ളിക്കുന്നു. "രാത്രിയിൽ മറ്റു തോട്ടങ്ങളിൽനിന്നും ബംഗാളികൾ വരും. പിന്നെ റൂമിനുള്ളിൽ പൂരത്തിന്റെ ബഹളമാണ്. മസൂൽ ടി.വിയും വി.സി.ആറും ഓണാക്കി രാജാഹിന്ദുസ്ഥാനി എന്ന സിനിമ വെയ്ക്കും. മുപ്പത്തിമൂന്നുതവണ ഞാനാ സിനിമ കണ്ടു സുലൈമാനേ .... എല്ലാവരും സ്ഥലം വിട്ടശേഷം ഉറക്കമാകുമ്പോഴേക്കും സമയം രണ്ടുമണിയെങ്കിലും ആകും."[30]

സഹതൊഴിലാളികളുമായുള്ള സംഘർഷമാണ് അസീസിനെ ഗൾഫിൽ നിന്നും പോരാൻ പ്രേരിപ്പിക്കുന്നത്. കിടപ്പുമാത്രമല്ല, ഭഷണരീതികളിലും അസീസിനു പൊരുത്തപ്പെട്ടു പോകാനാകുന്നില്ല. ഒരു പാത്രത്തിൽ നിന്നും ഒരുമിച്ചു കഴിക്കുക എന്ന അറേബ്യൻരീതി അസീസിനു ദുഷ്കരമായിരുന്നു. "ഒരു പ്ലെയ്റ്റിൽ നിന്നാണ് നാലുപേരും കഴിക്കേണ്ടത്. മൂന്നുപേരും വാരിവലിച്ചു തിന്നുകയാണ്. വായിൽ നിന്നും ചോറിന്റെ വറ്റുകൾ താഴെ പ്ലെയ്റ്റിൽ വീഴുന്നു. കയ്യിട്ടു കുഴച്ചതിന്റെ ഒരു ഭാഗം സ്നേഹ

ത്തിന്റെ പേരിൽ എനിക്കു നീട്ടി തരുന്നു. വിയർപ്പും, ഉമിനീരും എല്ലാം ചേർന്ന ഭക്ഷണം. ... ഇനി ഇവിടുന്ന് പോകേണ്ടി വന്നാലും ഒരു പ്ലെയ്റ്റിൽ നിന്നും കഴിക്കുന്ന സമ്പ്രദായത്തിനു ഞാനില്ലെന്നു നിശ്ചയിച്ചു. പിന്നീട് ഭക്ഷണംകഴിക്കാൻ അവരോടൊപ്പം കൂടിയിട്ടില്ല."[31]

ബഹുസാംസ്കാരികാന്തരീക്ഷം സൃഷ്ടിക്കുന്ന ഭാഷാപരമായ പ്രശ്ന ങ്ങൾ ചെറുതല്ലെന്ന് 'ബർസ'യിൽ വ്യക്തമാകുന്നുണ്ട്. സബിതയെന്ന ഡോക്ടർക്ക് ചികിത്സിക്കേണ്ടിയിരുന്ന വിവിധ രാജ്യക്കാരായ രോഗികളോട് സംസാരിക്കുക എളുപ്പമല്ല. "ഏതെല്ലാം രാജ്യങ്ങളിൽ നിന്നുള്ള രോഗിക ളാണ് ഒ.പിയിൽ ഒരു ദിവസം വന്നു പോകുന്നതെന്ന് സബിത ആദ്യമൊക്കെ അദ്ഭുതത്തോടെ ആലോചിക്കാറുണ്ട്. സൗദികൾ, മിസ്രികൾ, പാക്കിസ്ഥാ നികൾ, സുഡാനികൾ, സൊമാലിയക്കാർ, സിറിയക്കാർ, പലസ്തീനികൾ, ബംഗ്ലാദേശികൾ, ഇന്തോനേഷ്യക്കാർ, ഇന്ത്യക്കാർ അങ്ങനെയങ്ങനെ... ഇവ രൊന്നും അറബി സംസാരിക്കാത്തവരായതുകൊണ്ട് ഡോക്ടർമാർ ശരിക്കും വലഞ്ഞുപോകും. പേർഷ്യനും തുർക്കി ഭാഷയുമൊന്നുമല്ലാതെ അധികം പേർക്കും വേറൊരു ഭാഷയിലും സംസാരിക്കാനാകില്ല. ക്ലിനിക്കൽ ഫൈൻഡിങ്ങ്സ് മാത്രം വെച്ചുള്ള ചികിത്സയേ നടക്കൂ."[32] സാംസ്കാരിക മായി വ്യതിരിക്തത പുലർത്തുന്ന പ്രവാസാന്തരീക്ഷം ഇത്തരത്തിൽ നിര വധിയായ സംഘർഷങ്ങൾക്കു വേദിയാകുന്നുണ്ട്.

### 6.2.1.3 വ്യത്യസ്ത ദേശഭാഷാഭേദങ്ങൾക്കപ്പുറത്ത് സമാനമായ സംഘർഷങ്ങളെ നേരിടുന്ന ഒറ്റ പ്രവാസിസമൂഹം

വ്യവസായയുഗത്തിലെ പ്രവാസങ്ങൾ സാമ്പത്തികനേട്ടം കൈവരി ക്കുക എന്ന ലക്ഷ്യത്തിനു വേണ്ടിയായിരുന്നു ഏറെയും നടന്നത്. സ്വദേ

ശത്തെ ഉപേക്ഷിച്ച് സമ്പന്നനാടുകളിലേക്ക് കുടിയേറാൻ നിർബന്ധിക്കപ്പെട്ടവരായിരുന്നു ഇത്തരം പ്രവാസികൾ. “ഈ പ്രയാണം പ്രധാനമായും വികസ്വരലോകത്തു നിന്നും വികസിത ലോകത്തേക്കാണു നടക്കുന്നത്. സാമ്പത്തികമായി നേട്ടങ്ങൾ കൈവരിച്ചാലും പ്രവാസി എന്നും സാംസ്കാരികമായി ഒരു അഭയാർത്ഥി - കീഴാളൻ തന്നെ.”[33] സാധാരണക്കാരായ മൂന്നാംലോകരാജ്യപ്രവാസികൾ അറേബ്യൻതൊഴിലിടങ്ങളിൽ നേരിട്ട യാതനകൾക്ക് സമാനതകളുണ്ട്. ഒരേപ്രശ്നങ്ങളും ഒരേപീഡനങ്ങളുമാണ് അവർ കൂട്ടമായി നേരിട്ടത്. ഭാഷയുടെ വ്യത്യസ്തതകൾക്കപ്പുറത്ത് ദേശഭേദങ്ങളുടെ അതിർത്തികളെ ഭേദിച്ചുകൊണ്ട് ഒരേ പ്രതിസന്ധിയെ നേരിട്ട ഇവർ തൊഴിലിടങ്ങളിലെ പീഡനങ്ങളിലും ദുരിതങ്ങളിലും പരസ്പരം സഹായഹസ്തമായി. അറേബ്യൻ നാടുകളിലെ പ്രാദേശികകൂട്ടായ്മകൾ മലയാളികൾക്കു തുണയായതിനു പുറമെ പാർശ്വവത്കരിക്കപ്പെട്ട മൂന്നാംലോകരാജ്യപ്രവാസികളുടെ ഐക്യം ബഹുസാംസ്കാരികാന്തരീക്ഷത്തിൽ നിലനില്ക്കുന്നതു കാണാം.

വിവിധ ദേശങ്ങളിൽ നിന്നുവന്ന പ്രവാസികൾ ഒരുമിച്ചു താമസിക്കുമ്പോഴുണ്ടാകുന്ന പൊരുത്തക്കേടുകൾക്കപ്പുറത്ത്, പ്രതിസന്ധികളെ നേരിടുമ്പോൾ അവരിലെ ദേശീയത ദൃഢപ്പെടുകയും കീഴാളസ്വത്വംപേറുന്ന മൂന്നാംലോകരാജ്യപ്രവാസികൾ ഒരേമനസ്സോടെ പ്രതികൂലസാഹചര്യങ്ങളെ മറികടക്കുന്ന കാഴ്ച്ചയാണ് ബഹുസ്വരതയിൽ കാണുന്നത്. ‘ആടുജീവിത’ത്തിൽ നജീബിനും ഹക്കീമിനും മരുഭൂമിയിലെ മസറയിൽ നിന്നും രക്ഷപ്പെടാൻ വഴികാട്ടിയാകുന്നത് അന്യദേശക്കാരനായ ഇബ്രാഹിം ഖാദരിയാണ്. വന്യമായ മരുഭൂമിയിലൂടെയുള്ള പലായനത്തിൽ ഹക്കീമിനെയും നജീബിനെയും താങ്ങി നിറുത്തിയത് സൊമാലിയക്കാരനായ ഖാദരിയാ

യിരുന്നു. "മരുഭൂമിയിൽ രണ്ട് അനാഥശവങ്ങളെപ്പോലെ ഞാനും ഹക്കീമും വീണുകിടന്നു. അന്നേരം വേണമെങ്കിൽ ഞങ്ങളെ ഉപേക്ഷിച്ച് ഇബ്രാഹിമിനു രക്ഷയുടെ വഴിതേടാമായിരുന്നു. പക്ഷെ അവൻ പിന്നെ ഞങ്ങൾ രാത്രി കണ്ണു തുറക്കുന്നതുവരെ ഞങ്ങൾക്കു കാവലിരുന്നു."[34] മരുഭൂമിയിലെ പലായനത്തിൽ വെള്ളംകിട്ടാതെ ഹക്കീം മരണപ്പെടുന്നുണ്ട്. പിന്നീടുള്ള യാത്രയിൽ അവർ വെള്ളത്തിന്റെ ഉറവ കണ്ടെത്തുന്നു. നനഞ്ഞ തുണികഷ്ണം നജീബിന്റെ വായിലേക്കിറ്റിച്ചുകൊടുത്ത് ശരീരത്തെ പാകപ്പെടുത്തിയതിനുശേഷം വെള്ളം കോരികൊടുത്ത് നജീബിന്റെ ദാഹമകറ്റിയിട്ടു മാത്രമേ ഇബ്രാഹിം തന്റെ ദാഹമകറ്റാൻ ശ്രമിക്കുന്നുള്ളൂ. ഇതു സൂചിപ്പിക്കുന്നത്, ഭാഷാ-ദേശഭേദങ്ങൾക്കതീതമായി പ്രശ്നങ്ങളിൽ തുണയാകുന്ന പ്രവാസിസമൂഹത്തിന്റെ മാനവികതയെയാണ്.

'ഒരു തക്കാളികൃഷിക്കാരന്റെ സ്വപ്നങ്ങളി'ൽ അന്യദേശക്കാരുടെ പൊരുത്തപ്പെടാനാകാത്ത ഇടപെടലുകൾ അസീസിൽ പകയും അമർഷവും ജനിപ്പിക്കുന്നുണ്ടെങ്കിലും, അവർക്കു നേരിടേണ്ടി വരുന്ന വിഷമഘട്ടങ്ങളിൽ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും വിരൽസ്പർശം അത്തരം പൊരുത്തകേടുകളെ മായ്ച്ചുകളയുന്നതു കാണാം. അസീസിന്റെ സഹതൊഴിലാളികൾ ബംഗ്ലാദേശികളാണ്. ഭാഷകൊണ്ടും സംസ്കാരംകൊണ്ടും സമാനതയില്ലാത്ത ഇവരോടൊന്നിടച്ചുള്ള ജീവിതം അസീസിനു കഠിനമായിരുന്നു. ഒറ്റപ്പെട്ട പ്രവാസജീവിതത്തിന്റെ ദുഃഖങ്ങളിൽ പരസ്പരം നീറുമ്പോൾ വിദ്വേഷത്തിന്റെ മുള്ളുകൾ പ്രവാസിയുടെ മനസ്സിൽനിന്ന് അകന്നുപോകുന്നതു കാണാം. കൗസറിന്റെ ദുഃഖത്തിൽ അസീസ് പങ്കുചേരുന്നത് ഇതിനുദാഹരണമാണ്. കൗസർ തന്റെ ശബ്ദം ടേപ്പുചെയ്ത് വീട്ടിലയയ്ക്കുന്നതിന് ദൃക്സാക്ഷിയാകുകയാണ്

അസീസ്. "ചില വാക്കുകൾ മനസ്സിലാകുന്നുണ്ട്. പിന്നെ കൗസറിന്റെ ശബ്ദം ഇടറിത്തുടങ്ങി. വിങ്ങിപ്പൊട്ടികൊണ്ടാണ് ഇപ്പോൾ സംസാരിക്കുന്നതെന്ന് ഞാൻ ശ്രദ്ധിച്ചു. കണ്ണുകൾ നിറഞ്ഞിട്ടുണ്ട്. അവരുടെ റൂമിലാണെങ്കിൽ പറയുന്നതെല്ലാം മറ്റു രണ്ടുപേരും മനസ്സിലാക്കുമെന്നുള്ളതുകൊണ്ടാണ് അവൻ ഇങ്ങോട്ടുവന്നിരിക്കുന്നത്. എന്നാൽ എനിക്കും കുറെയൊക്കെ മനസ്സിലാവുന്നു. സന്തോഷവും ദുഃഖവും വേദനയും തിരിച്ചറിയാൻ എന്തിനാണു ഭാഷ?"[35] ഒഴിവു നേരങ്ങളിൽ വ്യത്യസ്തദേശക്കാർ തമ്മിൽ സിനിമാഗാനങ്ങൾ പാടികേൾപ്പിക്കുന്നത് പതിവായിരുന്നു. അസീസും അതിൽ പങ്കുചേർന്ന് മലയാള ഗാനങ്ങൾ പാടിഒപ്പിക്കുമായിരുന്നു. അത്തരം സന്ദർഭങ്ങളിൽ ദേശഭേദങ്ങൾക്കതീതമായി പരസ്പരം ഒരാത്മബന്ധം ഉടലെടുക്കുന്നുണ്ടെന്ന് അസീസ് തിരിച്ചറിയുന്നുണ്ട്. "അമീറിന് ഏറ്റവും ഇഷ്ടപ്പെട്ട ഗാനമാണ് 'പൂക്കാലം വന്നു പൂക്കാലം'. അതുശ്രദ്ധിച്ച് അമീർ അനുകരിക്കും 'പൂവുന്തോ തേനുന്തോ ... അപ്പോൾ ഭാഷയും ദേശവും വഴിമാറുന്നു. അജ്ഞാതമായ ഒരാത്മബന്ധം ഉടലെടുക്കുന്നു. അമീർ പാക്കിസ്ഥാനിയും ഞങ്ങൾ ഇന്ത്യക്കാരുമല്ല. സ്നേഹത്തിന്റെ ഭാഷ പങ്കുവയ്ക്കുന്ന പ്രവാസികൾ."[36]

കൊടുങ്കാറ്റിൽ വീണുപരിക്കേറ്റ അമീറിനെയോർത്ത് അസീസ് വേദനിക്കുന്നുണ്ട്. തന്നെപ്പോലെ കഠിനമായ തൊഴിലുകളിലേർപ്പെട്ട് വിയർപ്പൊഴുക്കി കുടുംബത്തെ പുലർത്താൻ പാടുപെടുന്ന പ്രവാസി എന്ന സമഭാവനയാണ് അസീസിൽ സഹതാപം ജനിപ്പിക്കുന്നത്. ഗൾഫിലെ മലയാളികളുടെ പ്രാദേശികകൂട്ടായ്മകളും പ്രവർത്തനങ്ങളും പ്രവാസികൾക്കാശ്വാസമാണെങ്കിലും മൂന്നാംലോകരാജ്യക്കാരായ പ്രവാസികളുടെ പൊതുകൂട്ടായ്മ - (ദേശീയത) അറേബ്യൻ തൊഴിലിടങ്ങളിൽ രൂപപ്പെടുന്നതു

കാണാം. ഇവർ പൊതുവെ അനുഭവിക്കുന്ന അടിമത്തമാണ് ഒറ്റ പ്രവാസസമൂഹമെന്ന പൊതുദേശീയത ദൃഢമാകാൻ കാരണമായത്.

സമ്പന്നരാജ്യം വികസ്വരരാഷ്ട്രക്കാരെ അടിമകളെപ്പോലെ നോക്കി കാണുന്ന രാഷ്ട്രീയപശ്ചാത്തലമാണ് അറേബ്യയിലും നിലനിൽക്കുന്നത്. എത്ര ഉന്നത തൊഴിലെടുക്കുന്ന മൂന്നാംലോകരാജ്യപ്രവാസിയുടെ ഉള്ളിലും കീഴാളന്റേതായ സ്വത്വം രൂപപ്പെടുന്നത് ഇത്തരം രാഷ്ട്രീയസാഹചര്യങ്ങളിൽ നിന്നുമാണ്. 'ബർസ'യിലെ സബിതയ്ക്ക് ഡോക്ടറായിരുന്നിട്ടും നേരിടേണ്ടിവന്ന പരിഹാസങ്ങൾ ഇതിനുദാഹരണമാണ്. അറബികൾ മൂന്നാംലോക പ്രവാസികളോടു കാണിക്കുന്ന പുച്ഛം ഏതുമേഖലയിലും ദൃശ്യമാണ്. ഡോക്ടർ വഹീദ സബിതയോടു പറയുന്ന വാക്കുകൾ തെളിയിക്കുന്നതിതാണ് - "അന്യനാട്ടുകാരെ അവർ അജമികൾ എന്നാണ് പരിഹസിക്കുക. അജമികൾ എന്നാൽ ഊമകൾ എന്നർത്ഥം."[37]

ഇത്തരത്തിൽ ഊമകളാക്കപ്പെട്ട, സ്വന്തംഭാഷയെയും സംസ്കാരത്തെയും അന്യനാട്ടിലെ സമ്പത്തിനുമുമ്പിൽ അടിയറവുവെച്ച പാർശ്വവത്ക്കരിക്കപ്പെട്ട മൂന്നാംലോകരാജ്യപ്രവാസികൾ പൊതുദേശീയസംസ്കാരം ഉൾവഹിക്കുന്നുണ്ട്. സമ്പന്നരാഷ്ട്രങ്ങളിൽ കീഴാളന്മാരാക്കപ്പെട്ട ഇവരുടെ പൊതുസ്വത്വം, പ്രതിസന്ധികളിൽ ഒരുമിക്കുന്നതിനും ചൂഷണങ്ങൾക്കുനേരെ കൈക്കോർക്കുന്നതിലും അതിശയോക്തിയില്ല.

പ്രവാസം സൃഷ്ടിച്ച ബഹുസാംസ്കാരികാന്തരീക്ഷത്തിലെ വിവിധങ്ങളായ അനുഭവങ്ങളും, സാംസ്കാരികവ്യതിയാനങ്ങളും, സംഘർഷങ്ങളും, ജന്മദേശത്തെ തിരിച്ചറിയാനും വേരുകളിലേക്ക് മടങ്ങാനുമുള്ള പ്രവാസിയുടെ ആന്തരികദാഹത്തെ തീവ്രമാക്കി.

## 6.3 വേരുകളിലേക്കുള്ള പ്രവാസിയുടെ മടക്കം

അന്യവത്കൃത ഇടങ്ങളിലെ അസ്വാതന്ത്ര്യവും കഠിനമായ തൊഴിൽ സാഹചര്യങ്ങളും വേരുകളിലേക്കു മടങ്ങാനുള്ള പ്രവാസിയുടെ ആഗ്രഹത്തെ ശക്തമാക്കുന്നു. സമ്പത്ത്, തൊഴിൽ, പദവി എന്നതിലെല്ലാമുപരിയാണ് ദേശംനൽകുന്ന സ്വാതന്ത്ര്യവും ആത്മാഭിമാനവും എന്ന തിരിച്ചറിവാണ് സ്വദേശത്തിന്റെ ഊഷ്മളതയിലേക്ക് മടങ്ങാൻ പ്രവാസിക്ക് പ്രചോദനമാകുന്നത്. ഭാഷയും, സംസ്കാരവും അന്യമാകുന്ന പ്രവാസിക്ക് അന്യനാട്ടിലെ പ്രതികൂലഇടങ്ങളിൽ പിടിച്ചുനിൽക്കാൻ സാധിക്കാതെ വരുമ്പോഴാണ് ദേശത്തിന്റെ മഹത്വവും ജൈവികബോധവും അവനിൽ ഉടലെടുക്കുന്നത്. "ഭാഷയിലും സംസ്കാരത്തിലും നൈതികതയെ ഉറപ്പുവരുത്താൻ സ്ഥലകേന്ദ്രീകൃതമായ ഒരു സംസ്കൃതിക്കേ കഴിയൂ"[38]

ജന്മദേശത്തിൽനിന്നും പറിച്ചുനടപ്പെട്ട ന്യൂനപക്ഷങ്ങളെ ആവിഷ്കരിക്കുന്ന കലയും സാഹിത്യവും ആത്യന്തികമായി ലക്ഷ്യംവയ്ക്കുന്നത് അത്തരം സാഹചര്യങ്ങളെ പ്രതിരോധിക്കാനാണ്. സ്വന്തംഭാഷയിലൂടെയും ദേശസാംസ്കാരികതയിലൂടെയും കടന്നുകയറ്റങ്ങളെ പ്രതിരോധിക്കാനും ചൂഷണങ്ങളെ ചെറുക്കാനും സാഹിത്യവും ഭാഷയും നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. ഇത് തിരിച്ചറിഞ്ഞ പ്രവാസികൾ ആന്തരികതലത്തിലെങ്കിലും ഒരു മടങ്ങിപ്പോക്ക് ആഗ്രഹിക്കുന്നവരാണ്.

### 6.3.1 പ്രവാസികളുടെ നാട്ടിലേക്കുള്ള പിന്മടക്കം – നോവലുകളിൽ

"വേരുകൾ മനുഷ്യനും മരത്തിനും മണ്ണിലാണ്."[39] എന്ന തിരിച്ചറിവാണ് സ്വന്തം മണ്ണിലേക്ക് – ജന്മദേശത്തേക്ക് മടങ്ങാൻ പ്രവാസിയെ പ്രേരി

പ്പിക്കുന്നത്. ദേശത്തിൽ നിന്നുള്ള അകൽച്ച സ്വദേശത്തെ ഉറ്റുനോക്കാനും അതിന്റെ തനിമയെയും പാരമ്പര്യത്തെയും വിവേചിച്ചറിയുവാനും പ്രവാസിയെ സഹായിക്കുന്നു. ക്ലിഫോർഡ് ജെയിംസ് തന്റെ 'ഡയസ്പോറാസ് കൾച്ചറൽ ആന്ത്രോപോളജി' എന്ന പ്രബന്ധത്തിൽ അന്യവൽകൃത പ്രവാസി ന്യൂനപക്ഷങ്ങൾ പരസ്പരം പങ്കുവെയ്ക്കുന്നതും അവരിൽ നിറഞ്ഞു നിൽക്കുന്നതും ജന്മദേശത്തെക്കുറിച്ചുള്ള ഗൃഹാതുരസ്മരണകളാണെന്ന് എടുത്തുപറയുന്നുണ്ട്. വേരുകളിലേക്കു മടങ്ങാനുള്ള തീവ്രാഭിലാഷമാണ് ഇത്തരം പ്രവാസികളിൽ മുന്നിട്ടു നിൽക്കുന്നതെന്ന് അദ്ദേഹം വിശദീകരിക്കുന്നു.[40]

'ബർസ' യിലെ സബിതയ്ക്ക് നാട്ടിലേക്കു മടങ്ങുവാൻ പ്രേരണയാകുന്നത് ദേശചിന്തകളാണ്. "നിങ്ങൾക്കില്ലേ റഷീദ് നൊസ്റ്റാൾജിയകൾ? തിരിച്ചു പോകാൻ തീരുമാനമെടുത്തതിനു പിന്നിൽ ഞാൻ മാത്രമായിരുന്നോ? എനിക്കറിയാം. നിങ്ങൾക്കൊരറേബ്യൻ മുസ്ലീമൊന്നുമാകാൻ കഴിയില്ലെന്ന്. ഏഴുകൊല്ലങ്ങൾക്കപ്പുറം നിങ്ങളുടെ വേരുകളും പുതഞ്ഞു നിൽക്കുന്നത് വേറൊരു മണ്ണിലല്ലയോ?"[41] ഭാഷയിലും സംസ്കാരത്തിലും അടിയുറച്ചതാണ് ഓരോ മലയാളികളുടെയും ദേശത്തിന്റെ വേരുകൾ. അതുനഷ്ടപ്പെട്ടാൽ കാലുറച്ചു നിൽക്കാനുള്ള ഇടമാണ് ഇല്ലാതാവുക എന്ന ചിന്തയാണ് സബിതയുടെ വാക്കുകളിൽ പ്രതിഫലിക്കുന്നത്.

പൗരൻ എന്ന നിലയിൽ സ്വദേശം നൽകുന്ന സാമൂഹിക, രാഷ്ട്രീയ സുരക്ഷിതത്വവും, സ്വാതന്ത്ര്യവും ദേശമാറ്റത്തോടെ പ്രവാസിക്ക് നഷ്ടമാകുന്നു. തീവ്രമായ സ്വാതന്ത്ര്യ വാഞ്ചയാണ് പ്രവാസിയിൽ പ്രകടമാകുന്നത്. ഏകാന്തമായ തൊഴിലിടങ്ങളിൽ, അന്യഭാഷക്കാരുടെ നടുവിൽ കഠിനമായ തൊഴിലുകളിലേർപ്പെടേണ്ടി വന്ന പ്രവാസിക്ക് സ്വാതന്ത്ര്യം

ഒരു സ്വപ്നമായി മാറുന്നുണ്ട്. 'ഒരു തക്കാളി കൃഷിക്കാരന്റെ സ്വപ്നങ്ങളി'ലെ അസീസിന് ബംഗ്ലാദേശികളായ സഹതൊഴിലാളികളോടൊപ്പമുള്ള താമസവും, കഠിനമായ അദ്ധ്വാനവും മരവിപ്പുണ്ടാക്കുന്നു. ആരും സംസരിക്കാനില്ലാത്ത മരുഭൂമിയുടെ വിജനതയിൽ സ്വാതന്ത്ര്യത്തിനായി അയാൾ ദാഹിക്കുന്നു. ഏകാന്തതയുടേയും കഠിനാദ്ധ്വാനത്തിന്റേയും മടുപ്പിൽനിന്നു രക്ഷനേടാൻ ഒരു രാത്രി സ്വയം നഗ്നനാക്കപ്പെട്ട അസീസ്, സ്വാതന്ത്ര്യത്തിനായി ദാഹിക്കുന്ന പ്രവാസികളെയാണ് പ്രതീകവത്ക്കരിക്കുന്നത്. "വസ്ത്രങ്ങൾ ഓരോന്നായി ഊരി കയ്യിൽ പിടിച്ചു. പരിപൂർണ്ണ നഗ്നൻ. കൈയ്യിൽ പിടിച്ച വസ്ത്രങ്ങൾ വല്ലാത്തൊരു ബാധ്യതയാകുന്നു. ഇന്നു റൂമിലേക്കു പിറന്നപടി കയറി ചെല്ലണം. ചുറ്റുമുള്ള പ്രകൃതിയല്ലാതെ ആരു കാണാൻ. വസ്ത്രങ്ങൾ മണൽ കുന്നിലുപേക്ഷിച്ചു. നാളെ രാത്രി വന്ന് എടുക്കാം. നഷ്ടപ്പെടുകയാണെങ്കിൽ ആവട്ടെ. ഇപ്പോൾ വല്ലാത്തൊരു സ്വാതന്ത്ര്യം അനുഭവപ്പെടുന്നു."[42]

പണത്തിനും പദവിയ്ക്കും മേലെയാണ് നാടുനൽകുന്ന സ്വാതന്ത്ര്യം എന്ന തിരിച്ചറിവാണ് ദേശമാറ്റാനുഭവങ്ങൾ പ്രവാസിക്കു നൽകിയത്. 'ബർസ'യിലും സൂചിതമാകുന്നത് ഇതേ അനുഭവമാണ്. എന്തിനുവേണ്ടിയാണ് നാട്ടിലേക്കു മടങ്ങുന്നത് എന്ന ചോദ്യത്തിന് സബിത നൽകുന്ന മറുപടി ശ്രദ്ധേയമാണ്. "അതെ. പിന്നെ എന്തിനാണു പോകുന്നത്? നിനക്കാനക്കൊട്ടിലുണ്ട്. പനംപട്ടയുണ്ട്. അവിലും ശർക്കരയും തരാൻ ഭക്തരുണ്ട്. കിരീടം വെച്ച് എഴുന്നള്ളിച്ച് നിന്നെ ക്ഷേത്രനടയിലിരുത്തുന്നുണ്ട്. എന്നിട്ടും എന്തേ ആനേ, നിന്റെ മനസ്സിൽ നിന്ന് കാനനപ്പച്ചയും അരുവികളും കരിമ്പനക്കൂട്ടങ്ങളും കൂട്ടുകാരും മരണംവരെ മാഞ്ഞുപോകുന്നില്ല! കാലിലെ ചങ്ങലകൊളുത്തുകളൂരാൻ നിസ്സഹായനായി നിന്റെ മനസ്സു

കുതിക്കുന്നതെന്തിന്? നെഞ്ചുപുകഞ്ഞ കണ്ണീർ ഒലിച്ചിറങ്ങുമ്പോൾ കുഞ്ഞുബാലൻ മാത്രം അദ്ഭുതത്തോടെ വിളിച്ചു പറയുന്നു : ദേച്ഛാ, ആന കരയ്ണ് .....”[43]

നാട്ടിലേക്കുള്ളമടക്കം പ്രവാസിയെ സംബന്ധിച്ച് ഒരു ദേശ ത്തിലേക്കുള്ള മടക്കം മാത്രമല്ല. ഗൃഹത്തിലേക്കുള്ള – പ്രകൃതിയിലേക്കുള്ള മടക്കം കൂടിയാണ്.

### 6.3.2 പരിസ്ഥിതിബോധവും പ്രവാസികളും

വികസിതമുതലാളിത്തം നഗരങ്ങളെ പ്രവാസകേന്ദ്രങ്ങളാക്കുകയും മനുഷ്യൻ ‘ദേശസമൂഹ’മെന്ന വേരിനെ നഷ്ടപ്പെടുത്തി അതിർത്തികൾ താണ്ടി സമ്പത്ത് കയ്യാളുന്ന ഇത്തരം നഗരകേന്ദ്രങ്ങളിലേക്ക് ചേക്കേറുക വഴി അന്യവത്ക്കരണവും അസ്ഥിത്വവ്യഥകളും പേറുന്ന ആധുനികമനു ഷ്യൻ ഉദയം ചെയ്തു. പ്രവാസംവഴി ഉടലെടുത്ത സംസ്കാരസങ്കലനം ദുരന്തവും വേദനയും അന്യഥാബോധവും സംസ്കാരപ്രതിസന്ധിയും ആന്തരികസംഘർഷങ്ങളുംപേറുന്ന സ്വത്വത്തിന്റെ അവതരണമായി സാഹിത്യത്തിലും ആവിഷ്കരിക്കപ്പെട്ടു. വിക്ടർ യൂഗോ പ്രവാസത്തെ “വീടിനെകുറിച്ചുള്ള നീണ്ട സ്വപ്നം” എന്നാണ് വിവരിച്ചത്.[44]

ചൂഷണത്തിലധിഷ്ഠിതമായ നഗരസംസ്കാരവും നഗരസംസ്കാ രത്തെ വളർത്തുന്ന പ്രവാസവും മനുഷ്യന്റെ നിലനിൽപിനെത്തന്നെ പ്രതി സന്ധിയിലാക്കുന്ന ഘട്ടത്തിൽ ഒരുതിരിച്ചുപോക്ക് പ്രവാസിക്ക് അനിവാ ര്യമായിത്തീരുന്നു. “ഓർമ്മ സാഹിത്യത്തിന്റെ ആഖ്യാനകലയിലെ അസാ ധാരണമായ സൂചകങ്ങളിലൊന്നാണ്. യഥാതഥ സാഹിത്യരചനകളിൽ ഓർമ്മ ഗൃഹാതുരതയുടെയും ഭൂതകാലത്തിന്റെയും നിർവാഹക

മായിരുന്നെങ്കിൽ ആധുനികതാവാദ സാഹിത്യത്തിൽ അത് സ്വത്വത്തിന്റെയും ചരിത്രത്തിന്റെയും പാഠരൂപങ്ങൾ തന്നെയായി മാറി."[45] ഓർമ്മകളുടെ വീണ്ടെടുപ്പ് ദേശത്തിന്റെയും പാരമ്പര്യത്തിന്റെയും വേരുകളിലേക്ക് മടങ്ങാനുള്ള പ്രവാസിയുടെ ആഗ്രഹത്തെ തീവ്രമാക്കി. ഭൂതകാലത്തിന്റെ തുടർച്ചകളിലൂടെ സ്വത്വത്തെ രൂപപ്പെടുത്തിയ സാംസ്കാരികപാരമ്പര്യങ്ങളിലേക്കുള്ള മടക്കമെന്ന നിലയിലാണ് പ്രവാസി തന്റെ ദേശസങ്കല്പത്തെ നിർവചിക്കുന്നത്.

മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ഇഴപിരിക്കാനാവാത്ത ജൈവബന്ധമാണ് മലയാളിയുടെ നാടൻസംസ്കൃതി. കൃഷിയും അതിനെ നിർണ്ണയിച്ച പ്രകൃതിയും പ്രകൃത്യാരാധനയും മിത്തുകളും വിശ്വാസങ്ങളും അനുഷ്ഠാനങ്ങളും ചേർന്ന സംസ്കാരപരിസരമാണ് കേരളീയന്റേത്. ഈ നഷ്ടമായ ജൈവീകപരിസരങ്ങളിലേക്കുള്ള തിരിച്ചുവരവാണ് പ്രവാസി ആഗ്രഹിക്കുന്നത്. ആധുനികമനുഷ്യൻ മുറിച്ചുമാറ്റിയ പ്രകൃതി-മനുഷ്യബന്ധത്തെ വിളക്കിചേർക്കാൻ പ്രവാസിയെ ശക്തനാക്കിയത് പ്രവാസകാലത്ത് അവർ അഭിമുഖീകരിച്ച ജീവന്റേയും നിലനില്പിന്റേയും പ്രശ്നങ്ങളാണ്. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ജൈവബന്ധത്തിന്റെ മൂല്യം തിരിച്ചറിയുന്നതുകൊണ്ടാണ് ഏതു പ്രവാസിയുടെയും ശ്രദ്ധ കൃഷിയിടങ്ങളിലേക്കു തിരിയുന്നത്. പ്രകൃതിയുടെ ഭാഗമായി നിലനിന്നുപോന്ന മലയാളിസ്വത്വത്തിന്റെ പൈതൃകത്തിലേക്കാണ് പ്രവാസിയുടെ നോട്ടം ചെന്നെത്തുന്നത്. പ്രകൃതിയും മനുഷ്യനും ഇഴചേർന്നു നിൽക്കുന്ന ദേശത്തിന്റെ ഭൂതകാലപ്രത്യയശാസ്ത്രത്തിലേക്കുള്ള തിരിഞ്ഞുനോട്ടം മൂലമാണ്, നഷ്ടപ്പെടുത്തിയത് സ്വർഗ്ഗമാണെന്ന് പ്രവാസികൾ തിരിച്ചറിയുന്നത്. ആ പ്രകൃതിയെ തിരിച്ചുപിടിക്കാനും അതിനെ തകർത്തെറിയുന്ന ആധുനികമുതലാളിത്തത്തെ പ്രതിരോധിക്കുവാനുമാണ് പ്രവാസികൾ ശ്രമിക്കുന്നത്.

'ബർസ'യിലെ സബിത നാട്ടിലെത്തിയാൽ കൃഷിചെയ്യണമെന്നാഗ്രഹിക്കുന്നത് പ്രകൃതിയിലേക്ക് മാനസികമായി പ്രവാസി നടത്തുന്ന തിരിച്ചുപോക്കിനേയാണ് സൂചിപ്പിക്കുന്നത്. "ചുറ്റും മുറ്റമുള്ള പുതിയ വീട്ടിൽ ഞാൻ നല്ലൊരു പൂന്തോട്ടമുണ്ടാക്കും, ഒതുക്കുകല്ലുകളുടെ ഇടുക്കുകളിലും അതിരുകളിലും പോലും. പച്ചപ്പു പൊട്ടിമുളയ്ക്കുന്ന നാട്ടിലെ മണ്ണ് മാടിവിളിക്കാൻ തുടങ്ങിയിട്ടേറെയായി. നല്ലൊരു പച്ചക്കറിത്തോട്ടവും വേണം വീട്ടിൽ. സ്വയം നനച്ചുണ്ടാക്കിയ പച്ചക്കറികൾ പാകംചെയ്ത് മകനെ ഊട്ടണം ..... ഇതുവരെ ജീവിച്ചതൊന്നും ജീവിതമേയല്ല."[46] പ്രകൃതിയുടെ പച്ചപ്പിലും കൃഷിയിലുമാണ് സബിത ജീവിതത്തിന്റെ താളം കണ്ടെത്തുന്നത്. തിരിച്ചുവരവ് പ്രകൃതിയിലേക്കു കൂടിയാണ്. സ്വദേശത്തുനിന്നുള്ള പറിച്ചുനടലാണ് ജൈവികമായ പാരിസ്ഥിതികബോധത്തെ പ്രവാസിയിൽ ഉണർത്തിയത്. വേരുകളും സ്വത്വവും നഷ്ടമായ ജനതയ്ക്കുമാത്രമേ ദേശത്തിന്റേയും പ്രകൃതിയുടേയും പ്രാധാന്യം തിരിച്ചറിയാനാവൂ. സബിത ഈ സത്യം തിരിച്ചറിയുന്നുണ്ട്. "ശരിയാണ്. സ്വർഗ്ഗത്തിൽ കഴിഞ്ഞ് അതിനെ തിരിച്ചറിയാതെ പോയവരാണ് ഞങ്ങൾ. ഇപ്പോൾ ഇവിടെയിരിക്കുമ്പോഴാണ് ഉപേക്ഷിച്ചു പോയതൊരു സ്വർഗ്ഗമായിരുന്നെന്ന് ഞങ്ങളറിയുന്നത്."[47] സബിതയുടെ കുഞ്ഞിലും നാടിനെക്കുറിച്ചുള്ള ഓർമ്മകൾ നിറയുന്നത് പ്രകൃതിയുമായി ബന്ധപ്പെട്ടു തന്നെയാണ്. "അബ്ദുക്കയെങ്ങാൻ തന്നെയിവിടെ പിടിച്ചു നിർത്തിയാലോ?" പിന്നെയെങ്ങനെ നാട്ടിൽപ്പോയി താൻ ചിഞ്ചുവിനെ കാണും? തോട്ടുവെള്ളത്തിന്റെ തിമിർപ്പു കണ്ടുകണ്ടങ്ങനെ, ഉമ്മാമയും ഉപ്പാപ്പയുമുള്ള നിറയെ പഴുത്തപേരയ്ക്കകൾ തൂങ്ങുന്ന മരങ്ങളുള്ള തറവാട്ടു വീട്ടിലേക്ക് ചിഞ്ചുവിനേയും കൂട്ടി നടന്നുപോകും."[48] നാട്ടിലെ പ്രകൃതിയുമായി ചേർന്നുള്ള

ജീവിതമാണ് മരുഭൂമിയിലെ സമ്പത്തിനേക്കാൾ മനഃസുഖം തരികയെന്ന കാഴ്ച്ചപ്പാടാണ് നാട്ടിലേക്കുള്ള തിരിച്ചുപോക്കിന് അസീസിന് (ഒരു തക്കാളി കൃഷിക്കാരന്റെ സ്വപ്നങ്ങൾ) പ്രേരണയാകുന്നത്. "കിടപ്പാടം പോലും പണയം വെച്ച് പറന്നുവരാൻ കാത്തുനിൽക്കുന്ന ആയിരക്കണക്കിന് പേർക്കിടയിലൂടെ, ബോധോദയം നേടിയ ഗൾഫുകാരൻ തിരിച്ചുപോവുകയാണ്. കൂലിപ്പണിയാണെങ്കിലും സുഖമായി കഴിയുവാനുള്ള അവസ്ഥ നാട്ടിലാണുള്ളതെന്ന് ആരെപ്പറഞ്ഞു മനസ്സിലാക്കും."[49]

മരവും, പുഴയും, തോടും നിറയെപച്ചപ്പുമുള്ള പ്രകൃതിയെ അതിശയത്തോടെ നോക്കികാണുകയും, അതിനെ ചരക്കുവത്ക്കരിക്കാതെ അതിനോടു ചേർന്നുനിൽക്കുന്ന മാനവികതയിലേക്കുള്ള തിരിച്ചുപോക്കുകൂടിയാണ് പ്രവാസിയുടെ നാട്ടിലേക്കുള്ള മടക്കം.

## കുറിപ്പുകൾ


1. Homi, K. Bhabha; (1994) The Location of Culture, London Rout ledge, P. 7.
2. Svetlana, Boym; (2001) The Future of Nostalgia., Cambridge Harvard University Press, P.P. 252 - 254.
3. ബെന്യാമിൻ; (2009) ആടു ജീവിതം, ഗ്രീൻ ബുക്ക്സ്, തൃശ്ശൂർ, പുറം:75.
4. ___ ___ ___ പുറം. 65.
5. ___ ___ ___ പുറം. 57.
6. ___ ___ ___ പുറം. 77.
7. ___ ___ ___ പുറം. 66.
8. ___ ___ ___ പുറം. 23.
9. ___ ___ ___ പുറം. 74.
10. ___ ___ ___ പുറം. 129.
11. ___ ___ ___ പുറം. 77.
12. റഷീദ്, പാറയ്ക്കൽ; (2011) ഒരു തക്കാളികൃഷിക്കാരന്റെ സ്വപ്നങ്ങൾ, ഗ്രീൻ ബുക്ക്സ്, തൃശ്ശൂർ, പുറം. 43.
13. ബെന്യാമിൻ; (2009) ആടുജീവിതം, ഗ്രീൻ ബുക്ക്സ്, തൃശ്ശൂർ, പുറം.103.
14. റഷീദ്, പാറയ്ക്കൽ; (2011) ഒരു തക്കാളികൃഷിക്കാരന്റെ സ്വപ്നങ്ങൾ, ഗ്രീൻ ബുക്ക്സ്, തൃശ്ശൂർ, പുറം. 57.
15. ഖദീജാ മുംതാസ്; (2010) ബർസ, ഡി.സി. ബുക്ക്സ്, കോട്ടയം, പുറം.57.
16. ___ ___ ___ പുറം. 79.
17. Homi, K. Bhabha; (1994), The Location of culture, London Rutledge, P.7.
18. മധുസൂദനൻ, ജി; (2006), ഭാവുകത്വം ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ, ഡിസിബുക്സ്, കോട്ടയം, പുറം.105.

19. Hall, Stuart; (1993), Cultural Identity and Diaspora in Colonial Discourse and post colonial theory, Patriek Williams and Laura Chrisman, (Ed), London: Longman, Page.402.

20. Manjit Inder Singh, (Ed); (2007) Contemporary Diasporic Literature. Writing History, Culture , Self, Anurag Jain for pencraft International, P.75.

21. ഖദീജ മുതാംസ്; (2010) ബർസ, ഡി.സി.ബുക്സ്, കോട്ടയം, പുറം.30.

22. ——— ——— ——— പുറം.29.

23. ——— ——— ——— പുറം.29.

24. ——— ——— ——— പുറം.52.

25. ——— ——— ——— പുറം.53.

26. ——— ——— ——— പുറം.103.

27. ——— ——— ——— പുറം.129.

28. മധുസൂദനൻ, ജി; (2006) ഭാവുകത്വം ഇരുപത്തിയൊന്നാംനൂറ്റാണ്ടിൽ, ഡി.സി.ബുക്സ്, കോട്ടയം, പുറം.107.

29. ബെന്യാമിൻ; (2009) ആടുജീവിതം, ഗ്രീൻബുക്സ്, തൃശൂർ, പുറം.190.

30. റഷീദ്, പാറയ്ക്കൽ; (2011) ഒരു തക്കാളികൃഷിക്കാരന്റെ സ്വപ്നങ്ങൾ, ഗ്രീൻബുക്സ്, തൃശൂർ, പുറം.39.

31. ——— ——— ——— പുറം.39.

32. ഖദീജാ മുതാംസ്; (2010) ബർസ, ഡിസി.ബുക്സ്, കോട്ടയം, പുറം.54.

33. മധുസൂദനൻ, ജി; (2006) ഭാവുകത്വം ഇരുപത്തിയൊന്നാംനൂറ്റാണ്ടിൽ, ഡി.സി.ബുക്സ്, കോട്ടയം, പുറം.244.

34. ബെന്യാമിൻ; (2009) ആടുജീവിതം, ഗ്രീൻബുക്സ്, തൃശൂർ, പുറം.168.

35. റഷീദ്, പാറയ്ക്കൽ; (2011) ഒരു തക്കാളികൃഷിക്കാരന്റെ സ്വപ്നങ്ങൾ, ഗ്രീൻബുക്സ്, തൃശൂർ, പുറം.46.

36. ——— ——— ——— പുറം.70.

37. ഖദീജ മുതാംസ്; (2010) ബർസ, ഡിസി.ബുക്സ്, കോട്ടയം, പുറം.30.

38. പ്രകാശ്., കെ.എസ്, ഷാനവാസ്., എസ്.കെ. (എഡിറ്റേഴ്സ്); (2010) മലയാളഭാഷയും ആഗോളവത്ക്കരണവും, പ്രകാശ്. എസ്.കെ അഡീഷണൽ ഡയറക്ടർ ഇൻചാർജ്ജ് ഡിപ്പാർട്ടുമെന്റ് ഓഫ് പബ്ലിക്കേഷൻസ് ഫോർദി യൂണിവേഴ്സിറ്റി ഓഫ് കേരള, തിരുവനന്തപുരം, പുറം.112.

39. രാമകൃഷ്ണൻ, മലയാറ്റൂർ; (1998) വേരുകൾ, ഡി.സി.ബുക്സ്, കോട്ടയം, പുറം.155.

40. Clifford, James; (1994) Diasporas, "Cultural Anthropology, 9(3) page. 305

41. ഖദീജാ മുതാംസ്; (2010) ബർസ,ഡി.സി.ബുക്സ്, കോട്ടയം, പുറം.188.

42. റഷീദ്, പാറയ്ക്കൽ; (2011) ഒരു തക്കാളികൃഷിക്കാരന്റെ സ്വപ്നങ്ങൾ, ഗ്രീൻബുക്സ്, തൃശൂർ, പുറം.68.

43. ഖദീജാ മുതാംസ്; (2010) ബർസ, ഡി.സി.ബുക്സ്, കോട്ടയം,പുറം.183.

44. രാജകൃഷ്ണൻ, വി; (1998) ഭ്രഷ്ടിന്റെ നാനാർത്ഥങ്ങൾ, കറന്റ് ബുക്സ്, തൃശൂർ, പുറം.41.

45. ഷാജി ജേക്കബ്; (2013) ഭാവനയുടെ രാഷ്ട്രീയം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം.130.

46. ഖദീജാ മുതാംസ്; (2010) ബർസ, ഡി.സി.ബുക്സ്, കോട്ടയം, പുറം.181.

47. ——— ——— ——— പുറം.129.

48. ——— ——— ——— പുറം.188.

49. റഷീദ്, പാറയ്ക്കൽ; (2011) ഒരു തക്കാളികൃഷിക്കാരന്റെ സ്വപ്നങ്ങൾ, ഗ്രീൻബുക്സ്, തൃശൂർ, പുറം.134.

# ഉപസംഹാരം

സ്വാതന്ത്ര്യത്തിന് മുൻപും പിൻപും ധാരാളം ഇന്ത്യക്കാർ വിദേശങ്ങളിലേക്ക് കുടിയേറുകയുണ്ടായി. ഇന്ത്യയുടെ സാമ്പത്തിക രാഷ്ട്രീയ പിന്നോക്കാവസ്ഥ മുതലാളിത്ത രാജ്യങ്ങളിലേക്കുള്ള ഇന്ത്യൻ പൗരന്മാരുടെ ഒഴുക്കിനെ വർദ്ധിതമാക്കി. പെട്രോളിയം ഉല്പാദന കേന്ദ്രമായ അറേബ്യൻ നാടുകളിലേക്ക് തൊഴിലന്വേഷകരായിപ്പോയ ഇന്ത്യക്കാരിൽ കൂടുതലും കേരളീയരായിരുന്നു. ഉപജീവനത്തിനാവശ്യമായ തൊഴിലും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളും പരിമിതമായ, കേരളത്തിന്റെ രാഷ്ട്രീയ സാമ്പത്തിക സാഹചര്യങ്ങളുമാണ് സാധാരണക്കാരായ പ്രവാസികളെ കടൽ കടക്കാൻ പ്രേരിപ്പിച്ചത്. അക്ഷരജ്ഞാനം പോലുമില്ലാത്ത അവിദഗ്ധ തൊഴിലാളികളായിരുന്നു കടൽ കടന്നവരിൽ ഭൂരിഭാഗവും. അവർക്കവിടെ നേരിടേണ്ടിവന്നത് ഏറെ പ്രതികൂലമായ സാഹചര്യങ്ങളായിരുന്നു. ക്രൂരവും ഭീതിദവുമായ ജീവിതാവസ്ഥകളാണ് കടൽ കടന്ന് അറേബ്യൻ നാടുകളിൽ എത്തിച്ചേർന്ന പലർക്കും നേരിടേണ്ടിവന്നത്.

അറേബ്യൻ നാടുകളിലെ സാധാരണക്കാരായ ന്യൂനപക്ഷ തൊഴിലാളികൾക്ക് അനുഭവിക്കേണ്ടിവന്ന അടിമത്തസാഹചര്യങ്ങളും തൊഴിലെടുപ്പിന്റെ കഠിനതകളും സൂക്ഷ്മമായി അനാവരണം ചെയ്തത് സാഹിത്യമായിരുന്നു. പുറംലോകം അറിയാതെപ്പോയ പ്രവാസ ജീവിതത്തിന്റെ ദുരന്തമുഖം പ്രവാസികളുടെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ സൂക്ഷ്മവും വ്യക്തവുമായി അവതരിപ്പിച്ചത് സമകാലിക മലയാളനോവലുകളാണ്. അതുകൊണ്ടുതന്നെയാണ് മൂന്നാംലോകരാജ്യപ്രവാസികളുടെ മുതലാളിത്തരാജ്യങ്ങളിലെ ജീവിതം നോവലുകളെ അടിസ്ഥാനമാക്കി വിശദപഠനത്തിന് വിധേയമാക്കിയത്.

തൊഴിലന്വേഷകരായി ഇന്ത്യയ്ക്കുപുറത്ത് ജീവിക്കേണ്ടിവരുന്ന

മലയാളികളുടെ എണ്ണം വർദ്ധിച്ചു വരുന്ന സമകാലീനതയിൽ സമൂഹത്തിന്റെ പ്രതിഫലനമായ സാഹിത്യത്തിലും പ്രവാസം നിർണ്ണായക സാന്നിദ്ധ്യമായി മാറി. സാധാരണക്കാരന്റെ ജീവിതം മെച്ചപ്പെട്ടത് പ്രവാസം വഴിയായിരുന്നു. ചൈന കഴിഞ്ഞാൽ കുടിയേറ്റക്കാർ കൂടുതലുള്ള രാജ്യം എന്ന സ്ഥാനം ഇന്ത്യയ്ക്കവകാശപ്പെട്ടതാണ്. ലോകത്തെമ്പാടും ഇന്ത്യക്കാർ വിവിധ മേഖലകളിൽ പ്രവാസികളായി ജീവിക്കുന്നുണ്ട്. തൊഴിലില്ലായ്മ കുറയ്ക്കാനും വിദേശനാണ്യം നേടുക വഴി ഇന്ത്യയുടെ സമ്പദ്വ്യവസ്ഥയിൽ വമ്പിച്ച മുതൽകൂട്ടാവാനും വിദേശപ്രവാസികൾ വഹിച്ച പങ്ക് ചെറുതല്ല. പെട്രോൾ ശേഖരം കണ്ടെത്തിയതോടുകൂടി ഗൾഫ് മേഖലയിലുണ്ടായ സമ്പദ്വളർച്ചയും തൊഴിൽസാധ്യതയും കേരളത്തിൽ നിന്ന് ഗൾഫിലേക്കുള്ള തൊഴിൽപ്രവാസത്തിന്റെ ആക്കം വർദ്ധിപ്പിച്ചു. അതുവഴിയായി കേരളത്തിന്റെ മുഖച്ഛായതന്നെ മാറിയെന്നത് നിസ്തർക്കമാണ്. "സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ് നടത്തിയ കേരള മൈഗ്രന്റ് സർവെ റിപ്പോർട്ടിൽ പറയുന്നത് 2011 -12 സാമ്പത്തികവർഷം കേരളത്തിലേക്കൊഴുകിയത് 49,965 കോടി രൂപയാണെന്നാണ്. സംസ്ഥാനത്തെ ആഭ്യന്തര ഉൽപ്പാദനത്തിന്റെ 31.2 ശതമാനം വരും ഈ തുക."[1] ഗൾഫ് പ്രവാസംകൊണ്ട് വ്യക്തിക്കുണ്ടായ ഭൗതികനേട്ടങ്ങൾ വിസ്മരിക്കാവുന്നതല്ല. ഭൂമിക്കച്ചവടം, മാളികകൾ, ഫ്ളാറ്റുകൾ, സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംങ് മാളുകൾ എന്നിവ പെരുകിയതിലും അത്യാധുനിക സൗകര്യങ്ങളോടുകൂടിയ വാഹനങ്ങൾ, ലാപ്പ്ടോപ്പ്, ടെലിവിഷൻ, മൊബൈൽ തുടങ്ങിയവയുടെ ഉപയോഗത്തിലുണ്ടായ ക്രമാധീതമായ വർദ്ധനവിന്റെയും പ്രധാന സ്രോതസ്സ് ഗൾഫ്പണമാണ്. ബാങ്ക് നിക്ഷേപത്തിലാകട്ടെ വൻവർദ്ധനവാണ് ഓരോവർഷവും

ഉണ്ടായിക്കൊണ്ടിരിക്കുന്നത്. 'ഇന്ന് മലയാളികളിൽ പത്തിലൊരാൾ വിദേശത്താണ്. ജൂൺ 2012 ലെ കണക്കനുസരിച്ച് നമ്മുടെ സംസ്ഥാനത്തെ ബാങ്കുകളിലെ വിദേശ നിക്ഷേപം 55,663 കോടി രൂപയാണ്. 2011 ജൂണിൽ ഇത് 38,556 കോടി രൂപയായിരുന്നു. ഒരു വർഷം കൊണ്ട് 17,107 കോടി രൂപയുടെ വർദ്ധനവാണ് ഉണ്ടായത്".[2] 25000 കോടി രൂപയാണ് പ്രവാസികളായ മലയാളികൾ കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് ഓരോ വർഷവും മുതൽ കൂട്ടുന്നത്. ഈ കണക്കുകളെല്ലാം സൂചിപ്പിക്കുന്നത് സാമ്പത്തികമായി വൻനേട്ടം കൊയ്തവരാണ് പ്രവാസികൾ എന്ന യാഥാർത്ഥ്യത്തിലേക്കാണ്.

ഒരു നാണയത്തിന്റെ ഇരുവശം പോലെ പ്രാധാന്യമർഹിക്കുന്നതാണ് പ്രവാസം വഴിയുണ്ടായ നേട്ടങ്ങളും നഷ്ടങ്ങളും. ഭൗതിക നേട്ടങ്ങളെക്കാൾ പ്രവാസം വഴി വ്യക്തിയ്ക്കുണ്ടായ നഷ്ടങ്ങളെക്കുറിച്ചാണ് സർഗ്ഗാത്മക സാഹിത്യം സംവദിച്ചത്. സർഗ്ഗാത്മകസാഹിത്യത്തെ അടിസ്ഥാനമാക്കി നിർവഹിച്ച ഈ പ്രബന്ധം അടയാളപ്പെടുത്തുന്നതും ലാഭത്തേക്കാൾ വ്യക്തിസ്വത്വത്തിനു സംഭവിച്ച നഷ്ടങ്ങളെക്കുറിച്ചാണ്. പ്രവാസം വ്യക്തിജീവിതത്തിൽ ഉണ്ടാക്കിയ വിടവുകൾ, പ്രവാസിയുടെ ആന്തരികവും ബാഹ്യവുമായ സംഘർഷങ്ങൾ തുടങ്ങി പുറംലോകം അറിയാതെപ്പോയ പർശ്വവത്കരിക്കപ്പെട്ട പ്രവാസികളുടെ ജീവിതാനുഭവങ്ങളിലേക്കാണ് നോവൽ സാഹിത്യം കണ്ണാടി തിരിച്ചത്. അറേബ്യൻ നാടുകളിൽ സാമ്പത്തികമായി വൻനേട്ടം കൊയ്ത പ്രവാസികൾ നിരവധിയുണ്ടെങ്കിലും ഒരു വിഭാഗം പ്രവാസികളെങ്കിലും മാനുഷിക പരിഗണനകൾ ലഭിക്കാതെയും, അർഹതപ്പെട്ട വേതനം ലഭിക്കാതെയും നാട്ടിലേക്കു തിരിച്ചുവരാൻ കഴിയാതെയും കഠിനമായ യാതനകൾ അനുഭവിക്കുന്നവരാണ്. മരുഭൂമികളിൽ സാമ്പത്തികനേട്ടങ്ങളൊന്നും കൈവരിക്കാനാവാതെ

ജീവിതം നഷ്ടപ്പെടുത്തിയ ഈ വിഭാഗം ശരാശരിയിലും താഴെയുള്ളവരാണ്. സാമ്പത്തികമായും വിദ്യാഭ്യാസപരമായും താഴ്ന്ന ഇത്തരം അവിദഗ്ദ്ധ തൊഴിലാളികളുടെ അറേബ്യൻ നാടുകളിലെ തൊഴിൽപ്രവാസം സാമ്പത്തികനേട്ടത്തേക്കാൾ ചൂഷണങ്ങൾക്കും മനുഷ്യാവകാശ ലംഘനങ്ങൾക്കുമാണ് വഴിയൊരുക്കിയത്.

കോളനി വാഴ്ചയിലൂടെ അധിനിവേശ രാജ്യങ്ങൾ മൂന്നാംലോക രാജ്യങ്ങളിലെ ജനതയെ അടിമകളാക്കി അവരുടെ സമ്പത്തും പ്രകൃതിവിഭവങ്ങളും ചൂഷണം ചെയ്യുകയും അധിനിവേശ സംസ്കാരം അടിച്ചേൽപ്പിക്കുകയും ചെയ്തത് അറുപതുകൾക്ക് മുൻപാണ്. പ്രക്ഷോപങ്ങളും വിമോചനപ്രസ്ഥാനങ്ങളും ശക്തി പ്രാപിച്ചതോടെയാണ് രാഷ്ട്രീയ വിമോചനം ഇത്തരം രാഷ്ട്രങ്ങൾക്ക് സാധ്യമാകുന്നത്. രാഷ്ട്രീയവിമോചനത്തോടെ ഇന്നലെവരെ അടിമകളായിരുന്ന മാനവരാശിയുടെ ബഹുഭൂരിപക്ഷം വരുന്ന ദേശവാസികൾ (natives) മനുഷ്യരായി മാറിയെന്ന് ഫ്രാൻസ് ഫാനൻ സൂചിപ്പിക്കുന്നുണ്ട്.[3]

മൂന്നാംലോകരാഷ്ട്രങ്ങളുടെ സാമ്പത്തിക പിന്നോക്കാവസ്ഥയും രാഷ്ട്രീയ അരാജകത്വവും മൂലം കോളനിയനന്തര ജനതയ്ക്ക് നിലനില്പ്പിന്റെ ഭാഗമായി മുതലാളിത്ത രാഷ്ട്രങ്ങളിൽ സാമ്പത്തിക അഭയാർത്ഥികളാകേണ്ടിവന്നു. രാഷ്ട്രീയ വിമോചനത്തിൽ നിന്നും രാഷ്ട്രീയ അടിമത്തത്തിലേക്കുള്ള തിരിച്ചുപോക്കായിരുന്നു ഈ പ്രവാസത്തിന്റെ പ്രത്യക്ഷഫലം. മുതലാളിത്തരാഷ്ട്രങ്ങളുടെ സാമ്പത്തികമേൽക്കോയ്മക്കു കീഴിൽ നിശബ്ദം കഠിനമായ തൊഴിലെടുപ്പിന് വിധേയമാക്കപ്പെട്ടവരാണ് മൂന്നാംലോകരാജ്യ പ്രവാസികൾ. ഒരു തൊഴിലാളി വർഗ്ഗസംഘടനയിലും അവന് അംഗത്വമില്ല.

തൊഴിലാളിക്കു വേണ്ടതായ ഒരു നിയമപരിരക്ഷയും അവനെ തുണയ്ക്കാനില്ല. പീഡനങ്ങളും മനുഷ്യാവകാശധ്വംസനങ്ങളും സഹിക്കുക മാത്രമാണ് അതിജീവനത്തിന് പ്രവാസിക്കു വേണ്ട ഏക പോംവഴി. ഇതിലൂടെ വികസ്വരരാജ്യങ്ങളുടെ സാമ്പത്തിക പിന്നോക്കാവസ്ഥയെയാണ് മുതലാളിത്ത രാജ്യങ്ങൾ ചൂഷണം ചെയ്യുന്നത്. ഇവർ മൂന്നാംലോകരാജ്യ പ്രവാസികളെ പാർശ്വവത്കൃതരും കീഴാളരുമായി കണക്കാക്കുകയും മനുഷ്യാവകാശങ്ങളെല്ലാം അവർക്കു നിഷേധിച്ചുകൊണ്ട് നിർവ്യക്തീകരണ പ്രക്രിയയ്ക്ക് അവരെ വിധേയരാക്കുന്നു. നവകൊളോണിയലിസത്തിന്റെ ഭാഗമായി ഈ ചൂഷണത്തെ തിരിച്ചറിയേണ്ടിയിരിക്കുന്നു. പ്രവാസികൾ ചരക്കുകളായി(Commodity) മാറുന്നു. ഉൽപ്പാദനത്തെ ത്വരിതപ്പെടുത്താൻ സഹായിക്കുന്ന ചരക്കുകളും യന്ത്രങ്ങളും മാത്രമായി മൂന്നാംലോകരാജ്യ പ്രവാസിയെ തരംതാഴ്ത്തുകയും അവരുടെ അദ്ധ്വാനത്തെ പരമാവധി ചൂഷണം ചെയ്യുകയുമാണ് മുതലാളിത്തരാജ്യങ്ങൾ ചെയ്തു വരുന്നത്. മനുഷ്യനെന്ന സ്ഥാനത്തു നിന്നും പ്രവാസിയെ നിഷ്കാസിതനാക്കുകയും അടിമയെന്ന പ്രാകൃതസമ്പ്രദായത്തിലൂടെമാത്രം അവരെ വീക്ഷിക്കുകയുമാണ് ഇവർ ചെയ്യുന്നത്. അതുവഴി മനുഷ്യനായി ജീവിക്കാൻ വേണ്ട പരിതോവസ്ഥയിൽ നിന്നുമാണ് മൂന്നാംലോകരാജ്യപ്രവാസി നീക്കം ചെയ്യപ്പെടുന്നത്.

ഈ സൈബർ കാലഘട്ടത്തിലും മൂന്നാംലോകരാഷ്ട്രത്തിന് തൊഴിൽ പ്രവാസത്തിലൂടെ അടിമത്തസാഹചര്യങ്ങൾ അനുഭവവേദ്യമാകുന്നുവെന്നത് സമകാലിക യാഥാർത്ഥ്യമാണ്. മൂന്നാംലോകരാജ്യങ്ങൾ മുതലാളിത്ത രാജ്യങ്ങളുടെ മേൽകോയ്മയും ആധിപത്യവും ഉറപ്പിക്കുകയാണ് ഇതുവഴി ചെയ്യുന്നത്. ഇന്ത്യൻ സാമ്പത്തിക രാഷ്ട്രീയാവസ്ഥയുടെ പരാജിതമുഖമാണ്

ഇതു നമുക്കു കാണിച്ചു തരുന്നത്. 'സാമ്പത്തിക സ്വയം പര്യാപ്തത' എന്നത് സ്വാതന്ത്ര്യം ലഭിച്ചതു മുതൽ സാമ്പത്തിക നയപ്രഖ്യാപനം മാത്രമായി ഒതുങ്ങിപ്പോയതിന്റെ നേർസാക്ഷ്യമാണ് പ്രവാസികളുടെ മുതലാളിത്ത രാജ്യങ്ങളിലെ അടിമത്തം. ഇന്ത്യയുടെ വിഭവശേഷി കാര്യക്ഷമമായി വിനിയോഗിച്ചാൽ വികസനം സാധ്യമാകുമെന്ന യാഥാർത്ഥ്യം രാഷ്ട്രീയ അരാജകത്വംമൂലം നടപ്പിലാകാതെ പോകുന്നു. രാഷ്ട്രീയ ബലപ്രയോഗ ങ്ങൾമൂലം കാര്യക്ഷമതയില്ലാതെ പ്രവർത്തിക്കുന്ന ഭരണകൂടം ജനങ്ങളുടെ ദാരിദ്രമകറ്റുന്നതിനും വേണ്ടത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അപര്യാപ്തമാണ്. ഇത് ദേശാന്തരഗമനത്തെ ശക്തിപ്പെടുത്തുകയും മുതലാളിത്തശക്തികൾക്ക് പിടിച്ചടക്കലിന്റെയും ചൂഷണത്തിന്റെതുമായ പുതിയ പാത ഒരുക്കിക്കൊടുക്കുകയും ചെയ്യുന്നു.

മുതലാളിത്തരാജ്യങ്ങൾ ഇന്ത്യയെപ്പോലുള്ള മൂന്നാംലോക രാജ്യപ്രവാസികളെ ചൂഷണം ചെയ്യുന്നതിന്റെ രീതിശാസ്ത്രമാണ് അറേബ്യൻ പ്രവാസികളിലൂടെ ആവിഷ്കൃതമായത്. ദേശമാറ്റം ഉണ്ടാക്കുന്ന ആത്മസംഘർഷങ്ങൾ സാഹിത്യത്തിൽ പുതിയ വിഷയമല്ല. ഇന്ദുലേഖ മുതൽ ഇതിന്റെ ആവിഷ്കാരം കാണാം. ആധുനികകാലഘട്ടത്തിലെ ഒ.വി. വിജയൻ, ആനന്ദ്, മുകുന്ദൻ തുടങ്ങിയ എഴുത്തുകാരെല്ലാം ദേശമാറ്റം സൃഷ്ടിച്ച സംഘർഷങ്ങളും അതുവഴി സംഭവിച്ച സ്വത്വപ്രതിസന്ധിയും ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൽ നിന്നെല്ലാം വ്യത്യസ്തമായി പ്രവാസ സാഹിത്യത്തിലെ ആരും ആവിഷ്കരിക്കാതെപോയ മനുഷ്യ സങ്കല്പനത്തിനജ്ഞാതമായ അടിമ ജീവിതത്തിന്റെ ഭീകരമുഖമാണ് സമകാലിക അറേബ്യൻപ്രവാസ നോവലുകളിൽ കാണാൻ സാധിച്ചത്. സ്വന്തം ഗ്രാമത്തിൽ നിന്നും നഗരത്തിലെത്തിച്ചേർന്ന ഒരു വ്യക്തിയുടെ

വിഹ്വലതകൾക്കപ്പുറത്ത് ശാരീരികമായും മാനസികമായും പീഡനങ്ങൾ നേരിടേണ്ടിവന്ന - വ്യക്തിത്വനിരാസം സംഭവിക്കുന്ന പ്രവാസിയുടെ പ്രശ്നങ്ങളാണ് ഈ നോവലുകൾ ആവിഷ്കരിച്ചത്. പൗരൻ എന്ന രാഷ്ട്രീയസ്ഥാനവും മനുഷ്യൻ എന്ന സാമൂഹികാവസ്ഥയും നഷ്ടമായി വെറും മൃഗജീവിതമായി മാറിപ്പോകുന്ന പ്രവാസികളുടെ ജീവിതാവിഷ്കാരങ്ങൾ സാഹിത്യലോകത്തും വായനക്കാരിലും വൻചലനമാണ് സൃഷ്ടിച്ചത്. പച്ചയായ പ്രവാസജീവിതത്തിന്റെ നേർസാക്ഷ്യങ്ങളായ ആഖ്യാനങ്ങൾ വഴിയായി പ്രവാസം എന്ന പരികല്പനയ്ക്ക് പുതിയ അർത്ഥമാനങ്ങളും വ്യാപ്തിയും കൈവന്നു.

മുതലാളിത്തരാജ്യത്തിന്റെ ചൂഷകകർതൃത്വവും നിർവ്യക്തീകരണ പ്രക്രിയയും മൂന്നാംലോകരാജ്യ പ്രവാസികളുടെയുള്ളിൽ സ്വദേശത്തെക്കുറിച്ചുള്ള ചിന്തകൾ ദൃഢമാകുന്നതിനും പ്രകൃതി മനുഷ്യ പാരസ്പര്യത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നതിനും സഹായകരമായി. മുതലാളിത്തരാജ്യത്തിന്റെ ചൂഷകസ്വഭാവം അനുഭവിച്ചറിഞ്ഞ പ്രവാസികൾ മുതലാളിത്തം ഇല്ലാത്ത ഒരു ദേശത്തെ ഭാവനയിൽ സൂക്ഷിച്ചു. മുതലാളിത്തസമൂഹത്തിൽ പ്രകൃതി മനുഷ്യ പാരസ്പര്യമാണ് നഷ്ടമാകുന്നത്. മനുഷ്യൻ പ്രകൃതിയിൽ നിന്നും അന്യവത്കൃതനാകുന്നു. “മുതലാളിത്തം വരുന്നതിനുമുൻപ് അദ്ധ്വാനത്തിന്റെ ഉദ്ദേശം ഒരു ജന്തുവംശം എന്ന നിലയിലെ മനുഷ്യന്റെ കർതൃത്വവത്കരണമാണ്. കാരണം മനുഷ്യൻ അവരുടെ ചേതനയിൽ ബൗദ്ധികമായി മാത്രമല്ല, സക്രിയമായും യഥാർത്ഥമായും പുനരുൽപാദനം നടത്തുന്നു. അതുകൊണ്ടുതന്നെ സ്വയം സൃഷ്ടിച്ച ഒരു ലോകത്തെക്കുറിച്ച് മനുഷ്യർക്ക് വിഭാവന ചെയ്യാൻ കഴിയുന്നുവെന്ന് മാർക്സ് പറയുന്നുണ്ട്.”[4]

ഇത്തരത്തിൽ മുതലാളിത്തം അസ്തമിച്ച ഒരു നാടിനെയാണ് പ്രവാസികൾ വിഭാവനം ചെയ്യുന്നത്. നാട്ടിലേയ്ക്കുള്ള പ്രവാസിയുടെ മടക്കം മുതലാളിത്തിന്റെ ചൂഷക കതൃത്വത്തിൽനിന്നുള്ള മോചനവും പ്രകൃതിയുടെ സ്വാതന്ത്ര്യത്തിലേക്കുള്ള പിൻമടക്കവുമാണ്.

പ്രവാസകാലത്തെ അനുഭവങ്ങളിൽ നിന്നും പ്രവാസിയുടെജീവിതം ദേശം എന്ന സങ്കല്പനത്തിൽ ഒതുക്കാവുന്നതല്ലെന്നു കാണാം. ഒരു ദേശജീവിതത്തിൽ നിന്നും വ്യത്യസ്തമായ ഇടത്തിലാണ് പ്രവാസി നിലയുറപ്പിക്കുന്നത്. വേരുകൾ നഷ്ടപ്പെടുക എന്നതിൽ നിന്നും വ്യത്യസ്തമായി ഭൂമിയിൽ തന്നെ അല്ലാതിരിക്കുന്ന അവസ്ഥ - മനുഷ്യനല്ലാതാവുക എന്ന പ്രത്യേക ജീവിതാവസ്ഥ അറേബ്യൻ പ്രവാസിക്കു അനുഭവിക്കേണ്ടിവരുന്നുണ്ടെന്നു കണ്ടെത്താം. പ്രവാസിയുടേതു മാത്രമായപ്രശ്നങ്ങളും, അയാൾക്കു നേരിടേണ്ടിവരുന്ന ദ്വന്ദ്വവ്യക്തിത്വവും പ്രവാസിക്കു മാത്രം ലഭിക്കുന്നതായ സാംസ്കാരികാനുഭവങ്ങളും പ്രവാസാവിഷ്കാരങ്ങളെ സാഹിത്യത്തിൽ നിർണ്ണായകമാക്കുന്നുണ്ട്. പ്രവാസസാഹിത്യം എന്ന സംജ്ഞതന്നെ പ്രവാസിയുടെ വേറിട്ട ജീവിതത്തെ സൂചിപ്പിക്കുന്നു. അതുകൊണ്ടുതന്നെ പ്രവാസി സാഹിത്യത്തെ പഠനവിധേയമാക്കിയതിന്റെ ആവശ്യകത അനിഷേധ്യമാണ്.

ഈ പഠനത്തിന്റെ പ്രധാന കണ്ടെത്തലുകളെ ഇങ്ങനെ ക്രോഡീകരിക്കുന്നു.

1. കേരളത്തിന്റെ സാമ്പത്തിക രാഷ്ട്രീയ സാഹചര്യങ്ങൾ ദാരിദ്ര്യം, തൊഴിലില്ലായ്മ എന്നിവയെ പരിഹരിക്കാൻ അപര്യാപ്തമാണ്. ഇത് സാധാരണക്കാരായവരുടെ അറേബ്യൻ നാടുകളിലേയ്ക്കുള്ള തൊഴിൽ പ്രവാസത്തെ വർദ്ധിപ്പിച്ചു.

2. സാധാരണക്കാരും അവിദഗ്ധരുമായ പ്രവാസികൾ അറേബ്യൻ തൊഴിലിടങ്ങളിൽ നിരവധിയായ ചൂഷണങ്ങൾക്ക് വിധേയമായി. സാമ്പത്തികമായി ഒന്നും നേടാനാവാതെ അടിമ ജീവിതം നയിക്കേണ്ടിവന്ന ഇത്തരം പ്രവാസികളെ പ്രതിനിധീകരിക്കുന്ന നോവൽ ആഖ്യാനങ്ങൾ മുതലാളിത്തരാജ്യങ്ങൾ മൂന്നാംലോകരാജ്യപ്രവാസികളെ ചൂഷണം ചെയ്യുന്നതിന്റെ വ്യക്തമായ ചിത്രമാണ് പകരുന്നത്.

3. മൂന്നാംലോകരാജ്യപ്രവാസികൾ അറേബ്യൻ തൊഴിലിടങ്ങളിൽ നിർവ്യക്തീകരണത്തിന് ഇരയാക്കപ്പെടുന്നു. ഭാഷയിലും സംസ്കാരത്തിലും കീഴാളത്വം പേറുന്ന അന്യവത്കൃത സമൂഹമായി ഇവർ തരംതാഴ്ത്തപ്പെട്ടു. തൊഴിലിടങ്ങളിൽ പ്രവാസികൾ നേരിടുന്ന ചൂഷണങ്ങൾക്ക് ഭൂമികയാകുന്നത് രാഷ്ട്രീയ നിസ്സംഗതയാണ്.

4. പ്രവാസദേശത്തെ അടിമത്തസാഹചര്യങ്ങളും സാംസ്കാരിക വൈരുദ്ധ്യങ്ങളും പ്രവാസിയുടെ ആന്തരികസംഘർഷങ്ങളെ തീവ്രമാക്കി.

5. ഭാഷ, മതം, ദേശം, സംസ്കാരം എന്നിവയോടുള്ള ആഭിമുഖ്യം അറേബ്യൻപ്രവാസിയിൽ തീവ്രമാണ്. തികച്ചും പ്രാദേശികമായ ദേശസങ്കല്പത്തെയാണ് ഇവർ ഉൾവഹിക്കുന്നത്.

6. പ്രതികൂലസാഹചര്യങ്ങളെ പ്രവാസികൾ അതിജീവിക്കുന്നതും പ്രതിരോധിക്കുന്നതും സ്വന്തം ഭാഷയിലൂടെയും സ്വദേശചിന്തകൾ പകരുന്ന ശക്തിയിലൂടെയുമാണ്.

7. ഓർമ്മകളിലൂടെ പ്രവാസി പുനഃസൃഷ്ടിക്കുന്ന ദേശം യഥാർത്ഥ വർത്തമാനകാലദേശ ബോധമല്ല. പാരമ്പര്യഭൂതകാലവീക്ഷണമാണതിൽ ഉയർന്നു നിൽക്കുന്നത്. മുതലാളിത്തം അസ്തമിച്ച ഒരു ദേശത്തിന്റെ

പ്രകൃതി - മനുഷ്യബന്ധത്തിലധിഷ്ഠിതമായ സാമൂഹ്യവ്യവസ്ഥിതിയിലേയ്ക്കാണ് പ്രവാസി മടങ്ങിപ്പോകാൻ ആഗ്രഹിക്കുന്നത്.

8. ദേശമാറ്റം വഴിയായി പുതിയ ജീവിതസാഹചര്യം ആവശ്യപ്പെടുന്ന സാംസ്കാരിക സമരസപ്പെടലുകളുടെ വ്യതിരിക്തപാഠങ്ങളെ പ്രവാസിക്ക് ഉൾക്കൊള്ളേണ്ടിവന്നു.

9. ബഹുസാംസ്കാരികത വഴിയായി നിരവധിയായ സംഘർഷങ്ങൾ പ്രവാസിയെ അലട്ടുന്നുണ്ടെങ്കിലും വിവിധ സംസ്കാരങ്ങളെ അടുത്തറിയാൻ പ്രവാസിക്ക് അവസരം ലഭിച്ചു. സമാനമായ സംഘർഷങ്ങളെ നേരിടുന്ന ഒറ്റപ്രവാസിസമൂഹം എന്ന ബോധം സൃഷ്ടിക്കാൻ മൂന്നാംലോകരാജ്യ പ്രവാസികൾക്ക് സാധിച്ചത് ബഹുസംസ്കാരികത വഴിയാണ്.

10. പണത്തിനും പദവിയ്ക്കും മുകളിലാണ് ജന്മനാട് നൽകുന്ന സ്വാതന്ത്ര്യം എന്ന തിരിച്ചറിവാണ് ദേശമാറ്റാനുഭവങ്ങൾ പ്രവാസിക്കു നൽകിയത്.

## കുറിപ്പുകൾ


1. ബൈജു ഭാസ്കർ; (2013) പണംകായ്ക്കുന്ന മരങ്ങൾ,ജനപഥം, ഇൻഫർമേഷൻ പബ്ലിക്ക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം, പുസ്തകം 1, ലക്കം 11, പുറം.63.

2. മാണി, കെ. എം; (2013) വികസനത്തിന്റെ പ്രവാസവഴികൾ, ജനപഥം, ഇൻഫർമേഷൻ - പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം, പുസ്തകം1, ലക്കം 11, പുറം.13.

3. സുധാകരൻ, ടി. സി; (2000) ഉത്തരാധുനികത. നവസിദ്ധാന്തങ്ങൾ, ഡി.സി.ബുക്ക്സ്, കോട്ടയം, പുറം. 35.

4. മധുസൂദനൻ, ജി; (2011) സംസ്കാരം: ആവാസവ്യവസ്ഥയെന്നനിലയിൽ, മലയാളപഠന സംഘം. (സമ്പാ.), സംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, പുറം.475.

# ഗ്രന്ഥസൂചി

**പ്രഥമ ആകരഗ്രന്ഥങ്ങൾ**


ഖദീജാ മുംതാസ്; (2010) ബർസ, ഡി.സി.ബുക്സ്, കോട്ടയം.

ബെന്യാമിൻ; (2009) ആടുജീവിതം, ഗ്രീൻ ബുക്സ്, തൃശ്ശൂർ.

നിസാമുദ്ദീൻ, റാവുത്തർ; (2011) ഒരു തക്കാളികൃഷിക്കാരന്റെ സ്വപ്നങ്ങൾ,ഗ്രീൻ ബുക്സ്, തൃശ്ശൂർ.

റഷീദ്, പാറയ്ക്കൽ; (2011) ഒരു തക്കാളികൃഷിക്കാരന്റെ സ്വപ്നങ്ങൾ, ഗ്രീൻ ബുക്സ്, തൃശ്ശൂർ.


**ദ്വിതീയ ആകരഗ്രന്ഥങ്ങൾ**

**മലയാളം**


അച്ച്യുതൻ, എം; (1983) നോവൽ പ്രശ്നങ്ങളും പഠനങ്ങളും, ഡി.സി. ബുക്സ്, കോട്ടയം.

അജയ് ശേഖർ; (2009) സംസ്കാരം. പ്രതിനിധാനം. പ്രതിരോധം, ഫാബിയൻ ബുക്സ്, മാവേലിക്കര.

അനിൽകുമാർ, എ.വി; (2007) പ്രവാസികൾ ഭാഷയിലും ജീവിതത്തിലും, കൈരളി ബുക്സ്, കണ്ണൂർ.

അപ്പൻ, കെ.പി; (1997) ഉത്തരാധുനികത, വർത്തമാനവും വംശാവലിയും, ഡി.സി.ബുക്സ്, കോട്ടയം.

അപ്പൻ, കെ.പി; (1996) സമയപ്രവാഹവും സാഹിത്യകലയും, ഡി.സി.ബുക്സ്, കോട്ടയം.

ആനന്ദ്; (2003) കണ്ണാടി ലോകം, കറന്റ് ബുക്സ്, തൃശൂർ.

ആനന്ദ്; (1998) ജൈവമനുഷ്യൻ, ഡി.സി. ബുക്സ്, കോട്ടയം.

ഉണ്ണികൃഷ്ണൻ, എ.എം; (1993) മുകുന്ദന്റെ കല അസ്ഥിത്വത്തിന്റെ അർത്ഥാന്തരങ്ങൾ, ഡി.സി. ബുക്സ്, കോട്ടയം.

ഉമർ, തറമേൽ, അനിൽ, കെ.എം; (2012) മതേതരം, റാസ്ബെറി ബുക്സ്, കോഴിക്കോട്.

ഉമ്മർ, എം.എ. (എഡിറ്റർ); (2006) ആഗോളീകരണം. അർത്ഥം വ്യാപ്തി സിദ്ധാന്തം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ഉസ്മാൻ, ഇരുമ്പുഴി; (2001) പ്രവാസത്തിന്റെ പുസ്തകം, പാപ്പിയോൺ, കോഴിക്കോട്.

കാരശ്ശേരി, എം. എൻ; (2012) മതേതരവാദത്തെ മുസ്ലീങ്ങൾ പേടിക്കേണ്ടതുണ്ടോ, ഡി.സി. ബുക്സ്, കോട്ടയം.

കാരശ്ശേരി, എം.എൻ; (2006) ശരിഅത്ത്. ചില വർത്തമാനങ്ങൾ, പാപ്പിയോൺ, കോഴിക്കോട്.

കാറൽ മാക്സ്, ഫെഡറിക് ഏംഗൽസ്; (1981), കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ, പ്രോഗ്രസ്സ് പബ്ലിക്കേഷൻസ്, മോസ്കോ.

കുശലകുമാരി, പി.കെ; (1997) സമൂഹമനസ്സും മലയാളനോവലും, മലയാള പഠനഗവേഷണ കേന്ദ്രം, തൃശൂർ.

കൃഷ്ണൻപിള്ള, എൻ; (2002) കൈരളിയുടെ കഥ, ഡി.സി. ബുക്സ്, കോട്ടയം.

കൃഷ്ണപ്പിള്ള, ചങ്ങമ്പുഴ; (1981) രമണൻ, സാഹിത്യപ്രവർത്ത സഹകരണസംഘം, കോട്ടയം.

കൃഷ്ണൻ നമ്പൂതിരി, എം; (2009) നോവൽ കലയും ദർശനവും, ഹരിത ബുക്സ്, കോഴിക്കോട്.

ഗോപാലകൃഷ്ണൻ, പി.കെ; (2008) കേരളത്തിന്റെ സാംസ്കാരിക ചരിത്രം, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ഗ്രീൻ ബുക്സ്. (എഡി.); (2015) ആടുജീവിതം കഥപറയുമ്പോൾ, ഗ്രീൻ ബുക്സ്, തൃശൂർ.

ചന്ദ്രശേഖരൻ, എം.ആർ; (2007) മലയാളനോവൽ ഇന്നുംഇന്നെലെയും, സമയം പബ്ലിക്കേഷൻസ്, കണ്ണൂർ.

ജയകൃഷ്ണൻ, എൻ. (എഡിറ്റർ); (2002) പെണ്ണെഴുത്ത്, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ജോർജ്ജ്, ഇരുമ്പയം; (1984) മലയാളനോവൽ, പത്തൊമ്പതാം നൂറ്റാണ്ടിൽ, എസ്.പി.സി.എസ്, കോട്ടയം.

ജോർജ്ജ്മാത്യു, എ.ഡി; (1999) മനഃശാസ്ത്ര വിജ്ഞാനകോശം, സി.പി.ആർ.എസ്, കോട്ടയം.

തരകൻ, കെ. എം; (1992) ആധുനികനോവൽ ദർശനം, എസ്.പി.സി.എസ്, കോട്ടയം.

തരകൻ, കെ.എം.; (1978) മലയാളനോവൽ സാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശൂർ.

ദിനേശൻ, ഇ.കെ. (എഡിറ്റർ); ആടുജീവിതം. വായന. വിചാരണ, പ്രവാസി ബുക്സ് ട്രസ്റ്റ്, ദുബായ്.

ദിനേശൻ, ഇ.കെ. (എഡിറ്റർ); (2013) പ്രവാസജീവിതം, ഒലിവ്, കോഴിക്കോട്.

ദിലീപ്രാജ്; (2000) നവചരിത്രവാദം നവസിദ്ധാന്തങ്ങൾ-5, ഡി.സി.ബുക്സ്, കോട്ടയം.

ദേവിക, ജെ; (2006) ആണരശുനാട്ടിലെ കാഴ്ചകൾ, വുമൺസ് ഇംപ്രിന്റ്, തിരുവന്തപുരം.

ദേശായി, എ.ആർ; (1973) ഇന്ത്യൻ ദേശീയതയുടെ സാമൂഹിക പശ്ചാത്തലം, ശ്രീകുമാരൻ ഉണ്ണി കെ. (പരിഭാഷ), കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

പണിക്കർ, കെ. എൻ; (2002) സംസ്കാരവും ദേശീയതയും, കറന്റ് ബുക്സ്, തൃശൂർ.

പത്മനാഭപിള്ള, ജി. ശ്രീകണ്ഠേശ്വരം ; (1967) ശബ്ദതാരാവലി, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.

പരമേശ്വരൻപിള്ള, എരുമേലി; (2006) മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ, പ്രതിഭ ബുക്സ്, മാവേലിക്കര.

പവിത്രൻ, പി. (2000) ആധുനികതയുടെ കുറ്റസമ്മതം, സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം.

പവിത്രൻ, പി; (2007) സംസ്കാര പഠനം, ചരിത്രം സിദ്ധാന്തം പ്രയോഗം, തൃശൂർ.

പൊതുവാൾ, പി.പി.കെ; (2007) പരിസ്ഥിതി ബോധവും സംസ്കാരവും, മാതൃഭൂമി ബുക്സ്.

പോക്കർ, പി.കെ.; (2000) ആധുനികോത്തരതയുടെ കേരളീയ പരിസരം, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.

പോക്കർ, പി.കെ; (2008) ഭാവനയും ഭാവുകത്വവും, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്.

പോൾ, എം. പി;(1930) നോവൽ സാഹിത്യം, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്.

പോൾ, എം. പി; (2006) സാഹിത്യവിചാരം, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്.

പ്രകാശ്, പി. വി; (2008) പ്രവാസവും നോവലും, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്.

പ്രകാശ്, എസ്.കെ, ഷാനവാസ് എസ്.എ. (സമ്പാ); മലയാള ഭാഷയും ആഗോളവത്കരണവും, ഡോ. കെ.എസ്. പ്രകാശ്, അസി. ഡയറക്ടർ, ഇൻചാർജ്ജ്, ഡിപ്പാർട്ട്മെന്റ് ഓഫ് പബ്ലിക്കേഷൻസ്, കേരള യൂണിവേഴ്സിറ്റി, തിരുവന്തപുരം.

പ്രസന്നരാജൻ; (2011) ഉത്തരാധുനിക ചർച്ചകൾ. സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം.

പ്രസാദ്, സി.ആർ; (2013) ഭാഷയും ഭാവനയും പ്രതിരോധത്തിന്റെ അടയാളങ്ങൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ബാലകൃഷ്ണൻ, പി.കെ; (1989) നോവൽ സിദ്ധിയും സാധനയും, എസ്. പി.സി.എസ്, കോട്ടയം.

ബാലചന്ദ്രൻ, വടക്കേടത്ത്; (1999) വായനയുടെ ഉപനിഷത്ത്, മാലിബെൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം.

ബെഞ്ചമിൻ, ഡി; (1994) നോവൽ സാഹിത്യപഠനങ്ങൾ, മാലിബെൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം.

ബൈബിൾ, പി.ഒ.സി, പബ്ലിക്കേഷൻസ്, കൊച്ചി.

ഭാസ്കരനുണ്ണി, പി; (2000) പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം, കേരള സാഹിത്യഅക്കാദമി, തൃശൂർ.

മണികണ്ഠൻ, പി; (2009) മലയാളിയുടെ സ്വത്വാന്വേഷണങ്ങൾ, കേരളസാഹിത്യ അക്കാദമി, തൃശൂർ.

മധു, ടി. വി.; (2011) ഞാൻ എന്ന (അ)ഭാവം. തത്വചിന്താപരമായ പഠനങ്ങൾ, കേരള സാഹിത്യ അക്കാദമി, തൃശൂർ.

മധുസൂദനൻ, ജി; (2000) കഥയും പരിസ്ഥിതിയും, കറന്റ് ബുക്സ്, തൃശൂർ.

മധുസൂദനൻ, ജി; (2006) ഭാവുകത്വം ഇരുപത്തൊന്നാം നൂറ്റാണ്ടിൽ, ഡി.സി. ബുക്സ്, കോട്ടയം.

മലയാള പഠനസംഘം. (സമ്പാ); (2011) സംസ്കാരപഠനം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.

മാധവൻപിള്ള, സി; (1980) സമഗ്രമായ മലയാളം - മലയാളം ഇംഗ്ലീഷ് നിഘണ്ടു, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.

മീരാനന്ദ; (2007) ഉത്തരാധുനികത. മധ്യവർഗ്ഗം. ഹിന്ദുത്വം, ചിന്താ പബ്ലിക്കേഷൻസ്, തിരുവനന്തപുരം.

മുകുന്ദൻ, എം; (2010) ആധുനികത ഇന്നെവിടെ, ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്.

മുരളീധരൻ, നെല്ലിക്കൽ; (2003) വിശ്വസാഹിത്യദർശനങ്ങൾ, ഡി.സി.ബുക്സ്, കോട്ടയം.

മുസാഫിർഅഹമ്മദ്, വി; (2014) കുടിയേറ്റക്കാരന്റെ വീട്, ഡി.സി.ബുക്സ്, കോട്ടയം.

മുസാഫിർ; (2008) ദേശാടനത്തിന്റെ മിശിഹകൾ. കേരളീയ പ്രവാസത്തിന്റെ അമ്പതുവർഷം, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

മുഹമ്മദ് ബഷീർ, വൈക്കം; (2010) പാത്തുമ്മായുടെ ആട്, ഡി.സി.ബുക്സ്, കോട്ടയം.

രവികുമാർ, കെ. എസ്; (2002) കഥയും ഭാവുകത്വപരിണാമവും, കറന്റ് ബുക്സ്, കോട്ടയം.

രവീന്ദ്രൻ, എൻ. കെ; (2010) പെണ്ണെഴുതുന്ന ജീവിതം, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

രവീന്ദ്രൻ, പി. പി; (1999) ആധുനികാനന്തരം. വിചാരം വായന, കറന്റ് ബുക്സ്, തൃശൂർ.

രവീന്ദ്രൻ, പി. പി; (1997) ഇടപെടലുകൾ. സാഹിത്യം. സിദ്ധാന്തം. രാഷ്ട്രീയം, ഡി.സി. ബുക്സ്, കോട്ടയം.

രവീന്ദ്രൻ, പി.പി; (2006) വീണ്ടെടുപ്പുകൾ സാഹിത്യം സംസ്കാരം ആഗോളത, ഡി.സി.ബുക്സ്, കോട്ടയം.

രാജകൃഷ്ണൻ, വി; (1998) ഭ്രഷ്ടിന്റെ നാനാർത്ഥങ്ങൾ, കറന്റ് ബുക്സ്, തൃശൂർ.

രാജഗോപാലൻ, ഇ.പി. (എഡിറ്റർ); (2001) ഇന്ദുലേഖ - വായനയുടെ ദിശകൾ, കേരളസാഹിത്യഅക്കാദമി, തൃശൂർ.

രാജീവൻ, ബി; (2009) വാക്കുകളും വസ്തുക്കളും, ഡി.സി.ബുക്സ്, കോട്ടയം.

രാജശേഖരൻ, പി.കെ; (1999) അന്ധനായ ദൈവം. മലയാള നോവലിന്റെ നൂറുവർഷങ്ങൾ, ഡിസി. ബുക്സ്, കോട്ടയം.

രാജശേഖരൻ, പി. കെ; (2007) ഏകാന്ത നഗരങ്ങൾ. ഷിഫ്റ്റ്; ഡി.സി. ബുക്സ്, കോട്ടയം.

രാജശേഖരൻ, പി.കെ; (1994) പിതൃഘടികാരം, ഡി.സി.ബുക്സ്, കോട്ടയം.

രാമകൃഷ്ണൻ, ഇ.വി. (2001) അക്ഷരവും ആധുനികതയും.സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം.

രാമകൃഷ്ണൻ, ഇ.വി; (2012) അനുഭവങ്ങളെ ആർക്കാണ് പേടി, ഡി.സി.ബുക്സ്, കോട്ടയം.

രാമകൃഷ്ണൻ, ഇ.വി; (2001) ദേശീയതകളും സാഹിത്യവും, ഡി.സി. ബുക്സ്, കോട്ടയം.

രാമകൃഷ്ണൻ, ഇ.വി; (1997) വാക്കിലെ സമൂഹം, ഡി.സി. ബുക്സ്, കോട്ടയം.

രാമകൃഷ്ണൻ, മലയാറ്റൂർ; (1998) വേരുകൾ, ഡി.സി. ബുക്സ്, കോട്ടയം.

ലിയോടോൾസ്റ്റോയ്; (2010) മതവും സ്ത്രീപുരുഷബന്ധവും, അജിത്കുമാർ (പരിഭാഷ), പാപ്പിയോൺ.

വിജയൻ, എം. എൻ; (1998) പുതിയ വർത്തമാനങ്ങൾ, ഇംപ്രിന്റ് ബുക്സ്, കൊല്ലം.

വിജയൻ, എം. എൻ; (2000) മനുഷ്യർ പാർക്കുന്ന ലോകങ്ങൾ, ഡി.സി. ബുക്സ്, കോട്ടയം.

വിജയൻ, എം. എൻ; (2009) സമ്പൂർണ്ണകൃതികൾ, വാല്യം 1, കറന്റ് ബുക്സ്, തൃശൂർ.

വിജയൻ, ഒ.വി; (2001) അന്ധനും അകലങ്ങൾ കാണുന്നവനും, ഡി.സി. ബുക്സ്, കോട്ടയം.

വസന്തൻ, എസ്.കെ; (2006) നമ്മൾ നടന്ന വഴികൾ, മലയാള പഠന ഗവേഷണകേന്ദ്രം, തൃശൂർ.

വർഗ്ഗീസ്, വി.ജെ; വിജയമോഹൻപിള്ള, എൻ; സ്കറിയാ സക്കറിയ, (എഡിറ്റേഴ്സ്); (1999) 500 വർഷത്തെ കേരളം. ചില അറിവടയാളങ്ങൾ, താരതമ്യപഠനസംഘം, ചങ്ങനാശ്ശേരി.

ശങ്കരൻ നമ്പ്യാർ, പി; (2001) മലയാളസാഹിത്യചരിത്രസംഗ്രഹം, കേരള സാഹിത്യഅക്കാദമി, തൃശൂർ.

ശോഭ, വി. (എഡിറ്റർ); (2014) വീടുമാറുന്നവർ. അറേബ്യൻ പ്രവാസ സാഹിത്യം. ഗ്രീൻ ബുക്സ്, തൃശൂർ.

ശ്രീവത്സൻ, ടി.വി; (2001) നവമനോവിശ്ലേഷണം, ഡി.സി.ബുക്സ്, കോട്ടയം.

ഷാജി ജേക്കബ്; (1996) ചരിത്രത്തിന്റെ രാഷ്ട്രീയം. ആനന്ദിന്റെ ദർശനം, ഡി.സി.ബുക്സ്, കോട്ടയം.

ഷാജി ജേക്കബ്; (2003) നോവൽ ചരിത്രത്തിന്റെ പാഠഭേദം, കറന്റ് ബുക്സ്, കോട്ടയം.

ഷാജി ജേക്കബ്; (2008) നോവലും സംസ്കാരവും, പാപ്പിയോൺ, കോഴിക്കോട്.

ഷാജി ജേക്കബ്; (2013) ഭാവനയുടെ രാഷ്ട്രീയം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ഷാജി ജേക്കബ്; (2010) മലയാള നോവൽ. ദേശഭാവനയും രാഷ്ട്രീയ ഭൂപടങ്ങളും, കേരളസാഹിത്യഅക്കാദമി, തൃശൂർ.

സ്ക്കറിയാ സ്ക്കറിയ; (1958) നോവൽപഠനങ്ങൾ, സി.എം. പ്രസ്സ്, കോട്ടയം.

സിഗ്മണ്ട് ഫ്രോയ്ഡ്; (2010) പ്രണയത്തിന്റെയും രതിയുടെയും മനഃശാസ്ത്രം, സത്യൻ പി.പി. (പരിഭാഷ), ചിന്ത പബ്ലിക്കേഷൻസ്.

സുധാകരൻ, സി.ബി; (2000) ഉത്തരാധുനികത. നവസിദ്ധാന്തങ്ങൾ, ഡി.സി. ബുക്സ്, കോട്ടയം.

സുരേന്ദ്രൻ, കെ; (2006) നോവൽ സ്വരൂപം, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്.

ഹമീദ്, ചേന്നമംഗലൂർ; (2011) അധിനിവേശത്തിന്റെ അറേബ്യൻ മുഖം, ഗ്രീൻ ബുക്സ്, തൃശൂർ.

റാഫേൽ ജോയ്സി; (2013) സൗദികളുടെ അടിമകൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

**ആനുകാലികങ്ങൾ**

അഷറഫ്, സി; (2011) ദേശാന്തര ജീവിതം. മലയാളിയുടെ പ്രയാണങ്ങൾ, ഭാഷാപോഷിണി വാർഷികപതിപ്പ്, പുസ്തകം 34 ലക്കം 12, പുറം 164-190.

കരുണാകരൻ; (2008) ഭാവനയിലെ ദേശം, മാതൃഭൂമി ആഴ്ചപ്പതിപ്പ്, ജൂൺ 2008, പുസ്തകം 89, ലക്കം 14, പുറം 26-28.

കൃഷ്ണദാസ്; (2014) പ്രവാസത്തിന്റെ അടയാളങ്ങൾ, ചന്ദ്രിക ആഴ്ചപ്പതിപ്പ്, ജൂൺ, പുറം 12 - 17.

ദിനേശൻ,ഇ.കെ; (2014) ഭാഷാസ്നേഹം ദേശാന്തരജീവിതത്തിൽ, അകം, മാർച്ച്, പുസ്തകം 4, ലക്കം 44, പുറം 34, 35.

രാജശേഖരൻ, പി.കെ; (2011) പ്രവാസ രേഖകൾ, ഭാഷാപോഷിണി, പുസ്തകം 34, ലക്കം 12, മെയ്, പുറം 63-69.

വെങ്കിടേശ്വരൻ, സി.എസ്; (2013) എന്താണ് നമ്മളിവരോട് സംസാരിക്കാത്തത്. മാതൃഭൂമി ആഴ്ചപ്പതിപ്പ്, ജൂൺ, പുസ്തകം 91, ലക്കം 12, പുറം 8-13.

ശിഹാബുദ്ദീൻ, പൊയ്തുംകടവ്; (2011) ഗൾഫുകാരന്റെ കാലം, ഭാഷാ പോഷിണി, ജനുവരി, പുറം 6-8.

ഷാജഹാൻ, മാടമ്പാട്ട്; (2011) പ്രവാസിയുടെ നേരുകളും നോവുകളും, മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുസ്തകം 89, ലക്കം 12, മെയ് 29- ജൂൺ 4, പുറം. 25-31.

സന്തോഷ്, എച്ചിക്കാനം; (2014) മണിൽക്കാറ്റിന്റെ ചൂളംവിളി, ചന്ദ്രിക ആഴ്ചപ്പതിപ്പ്, ജൂൺ, പുറം 18-21.

സേതുനാഥ്, കെ.പി; (2013) ജനപഥം, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം, ജനുവരി, പുസ്തകം 1, ലക്കം 11.

ഹാഷിം, ഇ. എം; (2014) പ്രവാസത്തിന്റെ മലർപ്പൊടികൾ, അകം, മാർച്ച്, പുസ്തകം 4, ലക്കം 44, പുറം 8, 9.

# ENGLISH BOOKS


Ahmad, Aijaz; (1992) in Theory: Classes, Nations, Literatures, Delhi: Oxford UP.

Anderson, Benedict; (1983) 'Imagined Communities' Reflections on the origin and spread of Nationalism, London and NewYork.

Appadurai, Arjun; (1996) modernity at large cultural Dimensious of Globalization; minneapolis, University of Minnesota press.

Ashcroft, Bill; (2001) on post-colonial futures Transformations of colonial culture, London and NewYork: Continum.

Bhabha, Homi. K; (ed) (1990) Nation and Narration, London, Routledge.

Bhabha, Homi K; (1994) The Location of Culture, London, Routledge.

Boyarin, Daniel, and Jonathan, Boyarin;, (2003) "Diaspora: Generation and the ground of Jewish Diaspora" Theorizing Diaspora, Jana Evans Braziel and Anita Mannur Malden: Blackwell.

Brah, Avtar; (2002) Cartographics of Diaspora: Contesting Identities, London Routledge.

Braziel, Jana Evans, and Anita Mannur. (Ed); (2003) Theorizing Diaspora: A Reader :, Oxford: UK BlackBell Publishing.

Castle, Gregory. (ed); (2001) post colonial Discourse: An Anthopology, Oxford: Black well.

Castle, stephen; (1998) The age of migration: International Population Movements in the modern world, Basingtoke: Macmillan.

Chambers, Iain; (1994) Migrancy, Identity, Culture, London and NewYork, Routledge.

Chatterjee, Partha; (1993) The Nation and its Fragments: Colonial and Post Colonial Histories, New Jersey: Princeton University press.

Childs, Peter, and Willams, Patrick; (1997) An Introduction to post colonial Theory, London: Pretice Hall.

Chow, Ray; (1993) Writing Diaspora: Tactics Intervention in contemporary Cultural Studies, Indian University press.

Christman, Laura and Benita parry. (eds); (2000) Post Colonial Theory and criticism, cambridge: Ds Brewer.

Clifford, James; (1994) Further inflections: Toward Ethnographies of the future, cultural Anthropology. 9:3

Clifford, James; (1994) 'Diasporas'. Cultural Anthropology 9(3).

Clifford, James; (1992) "Travelling Theories". Cultural Studies, Lawrence Grossberg, Cary Nelson, and PaulaTreichler.(ed), NewYork: Rouledge.

Cohen, Robert; (1997) Global Diasporas: An Introduction, London, UCL press.

Connor, W; (1986) The impact of home lands upon diaspora, Gabriel Sheffer (ed) modern diaspora in International politics, London: Croom, Helm.

Deepkumar, J. Trivedi; Indian Diasporic Literature Theory, Themes & Problems, ShantiPrakashan, Rohtak.

Eagleton, Terry; (1983) Literary Theory: An Introduction, Delhi: Maya Blackwell.

Gilroy, Paul; (1993) The Black Atlantic: modernity and Double Consciousness, verso.

Gyan, Prakash (ed); (1995) After colonialism: Imperal Aistorics and post-colonial Displacement, Princeton: Princeton University press.

Hall, Stuart; (1993) Cultural Identity and Diaspora in Colonial Discourse and Post Colonial Theory, Patrick Williams and Laura Chrisman, London: Longman.

Hall, Stuart; (1996) Inbtroduction:Who needs identity? Questions of cultural identity, Stuart Hall and Pawl Du Gay, London: Sae Publications.

Hall, Stuart; (1990) "Culture, Identity and Diaspora". Identity: Community, Culture, Diffrence, J. Rutherford (ed), London: Lawrence & Wishart.

Hannerz, UIF; (1996) Transnational connections; culture, people places, London and NewYork: Routledge.

Harris, Wilson; (1983) The Womb of Space: The cross-cultural Imagination, London: Green Wood press.

Jain, Jasbir. (ed); (1998) Writers of the Indian Diaspora, Jaipur: Rawat Pubications.

Judit, M.Brown; (2007) Globlel South Asians. Introducing the modern dispora, Cambridge University press, India.

King, Bruce (ed); (1999) New National and post colonial Literatures, Oxford: Clarendon press.

King, Russell, John, Connell and Paul, White. (eds); (1995) writing Across world: Literature and migration, London Routledge.

Loomba, Ania; (1998). Colonialism and post colonialism, NewYork, Routledge.

Manjit,Inder Singh (ed); (2007) Contemporary Disaporic Literature. Writing History, Culture, Self. Pencraft international, Delhi.

Mcleod, John; (2000) Beginning post colonialism, NewYork: Manchester University press.

Mongia, Padmini; (1996) Contemporary post colonial Theory: A Reader, London: Arnold, 1996.

Morley, David, and Rohins, Kevin; (1995) Spaces of Identity, London: Routledge.

Paranjape, Makarand; (2001) In Diaspora, Newdelhi: Indialog Publications.

Pratt, Mary Louisie; (1992) Imperial eyes: Travel writing and Trans culturation, London: Routledge

Radhakrishnan, R; (2004) Theory in an uneven world, preface, London: Blackwell.

Radhakrishnan, R; (1996) Diasporic Mediations: Between Home and Location, Minne apolis University of minnesota press.

Rukmini, Bhaya Nair; (2002) Laying on the postcolonial, couch: The Idea of Indefference, introduction, New Delhi: Oxford University press.

Rushdie, Salman; (1991) Imaginary Homelands: Essays and criticism 1981-1991, London Granta.

Said, E; (1993) Culture and imperialism, NewYork, Knopf.

Said, E; (1978) Orientalism, NewYork: Random House.

Said. E; (1983) The world, The text and the critic, Cambridge, M.A., Harvard University press.

Simpson, John. (ed); (1995) The Oxford Book of Exile, Oxford: Oxford University press.

Spivak, Gayatri Chakravorthy; (1998) "can the subaltern speak?" Marxism and the interpretation of culture, cary Nelson and LLawrence crossberg, Urbana: U of Illinois P.

Svetlana, Boym; (2001) The future of Nostalgia, Cambridge, Harvard University press.

Taylor, Charles; (1994) The politics of Recognition. Multiculturalism: Examining the Politics of Recognition, Amy Gutmann, NewYork: Routledge.

Uma, Parmeswaran;(2003) Writers of the Indian diaspora, Rawat Publications, Jaipur and NewDelhi.

Van Hear, Nicholas; (1998) New Diaspora: The Mass Exodus Dispersal and regrouping of migrant communities, Seattle university of washington.

Walder, Dennis; (1998) post colonial literatures in Englsh: History, Language, Theory, Oxford: Blackwell.

Williams Raymond; (1958) Culture and Society, Chatto and windus, London.

Williams, Raymond; (1977) Marxism and Literature, Oxford: Oxford UP.

Willkymlicka, Baogangle, (1995) multiculturalism in Asia, United States, Oxford University press, NewYork.

Young, Robert, (1995) Colonial Desire. 'Hybridity in Theory, Culture and race, London, Routledge.

## ARTICLES

Barnali, Dutta; (2013) Diasporic Identity and Journey in Jumpa Lahiri's The name sake, International Journal of humanities and social science inventions, G.R.F.D.T, Vol.3, Issue-12.

Bhabha, Homi; "Cultures in Between" questions of cultural identity, Stuart Hall and Paul Dugy, London: Sage.

Fatin, A. Abuhilal; The Discourse of Palestinian Diaspora in Edward said's out of Place: A memoir: A post-orientalism Analysis; Journal of post colonial cultures and societies, ISSN No. 1948-1853.

Parry, B; (1987) Problems in current Theories of colonial Discourse, Oxford Literary review, 9.

Ratzaby, S; (1995) The polemic about the 'Negation of the Diaspora' in the 1936s and its roots, The journal of Israel: History Vol. 16. No.1.

Richard, L.W. Clarke; Stuart Hall "Culural Identity and Diaspora, LITS 3304 Notes 12B.

# അനുബന്ധം -1

## ഖദീജാ മുംതാസുമായി നടത്തിയ അഭിമുഖം

? എഴുത്തിനെയും പ്രൊഫഷനെയും കുറിച്ച്...

നാല്പതു വയസ്സു കഴിഞ്ഞിട്ടാണ് ഞാൻ എഴുത്തിലേക്ക് വന്നത്. പഠിച്ചു ഡോക്ടറായെങ്കിലും ജീവിതത്തിന് ഒരു പൂർണ്ണതയുണ്ടായിരുന്നില്ല. ഇവിടെയൊന്നുമല്ല ഞാൻ എന്നൊരു തോന്നൽ. എന്റെ തീരം ഇതൊന്നുമല്ല എന്ന വിചാരം. എഴുത്തിലേക്ക് തിരിഞ്ഞപ്പോഴാണ് ജീവിതത്തിന് പൂർണ്ണത കൈവന്നത്. ചികിത്സയും ഒരു തരത്തിൽ എനിക്കിഷ്ടമായിരുന്നു. അതിലൊരു സർഗ്ഗാത്മകതയുണ്ട്. രോഗിയുടെ പുറകിലുള്ള കുടുംബം, സമൂഹം അതിന്റെയൊക്കെ ഒരു റിഫ്ളക്ഷൻ നമുക്കു കിട്ടുന്നുണ്ട്.

? ബർസയിലെ സബിതയുടെ സംഘർഷാത്മകമായ ജീവിത തലങ്ങളെക്കുറിച്ച് വിശദീകരിക്കാമോ...

എനിക്ക് ഗൾഫ് അനുഭവങ്ങൾ കുറച്ചുണ്ട്. എനിക്കവിടുന്നു കിട്ടിയ എക്സ്പീരിയൻസ് – ഇസ്ലാമിക ജീവിതത്തെക്കുറിച്ചൊക്കെയുള്ള പുതിയ അറിവുകൾ എന്തുകൊണ്ടിങ്ങനെ എന്നു ചോദിപ്പിക്കുന്നതായിരുന്നു. മാത്രമല്ല അവിടുന്നുകിട്ടിയ ഒരു കൾച്ചർ ജീവിതം, ഭക്ഷണം അത്തരത്തിൽ ഒരു വലിയ എക്സ്പീരിയൻസും ഉണ്ട്. അത് ആവിഷ്കരിക്കുക എന്നതിനോടൊപ്പം ആശയപരമായ സംഘർഷങ്ങൾകൂടി കടന്നുവന്നു.

ഇതെല്ലാം എഴുത്തിൽ ആവിഷ്കരിക്കാൻ മുസ്ലിംസ്ത്രീയേക്കാൾ കൂടുതൽ നല്ലത് ഒരു കൺവെർട്ടഡ് സ്ത്രീയാണെന്നു തോന്നി. മറ്റൊരു മതത്തിൽ നിന്നാകുമ്പോൾ ഫ്രഷ്ടു ഇസ്ലാം ആണ്. അപ്പോൾ അവർക്ക് എന്തും ചോദിക്കാം. കുട്ടിക്ക് ഒരു നിഷ്കളങ്കതയില്ലേ. കുട്ടിക്ക് എന്തും ചോദിക്കാമല്ലോ അമ്മയോട്. അതു പോലെ ഒരു നവമുസ്ലിമിന് എന്തും ചോദിക്കാം. അത് ആൻസർ ചെയ്യപ്പെടണം. പിന്നെ കുറച്ചൊരു എസ്കേപ്പിസവും കൂടിയാകാം എന്നുതോന്നി. കുറേയൊക്കെ അനുഭവങ്ങൾ എന്റേതുകൂടിയാണ്. അത് ഒരു കഥാപാത്രത്തിലേക്കു മാറ്റണം എന്നുണ്ടായിരുന്നു.

? മതമാണോ, പ്രവാസമാണോ സംഘർഷങ്ങൾക്കു നിദാനം...

പ്രവാസത്തിലൂടെ സബിതയ്ക്കനുഭവിക്കേണ്ടി വരുന്നത് മതത്തിന്റെ മറ്റൊരു തലമാണ്. മറ്റൊരാവിഷ്കാരമാണ്. പ്രവാസവും പ്രവാസം കൊണ്ട് അവൾ അനുഭവിക്കുന്ന, അവൾ കണ്ടിട്ടില്ലാത്ത അവൾക്കു പറ്റാത്തതരത്തിലുള്ള മതവും കൂടിയാണ് അവിടെ നേരിടേണ്ടി വരുന്നത്, സംഘർഷമുണ്ടാക്കുന്നത്.

? പ്രവാസാനുഭവങ്ങളെ എങ്ങനെ കാണുന്നു...

എനിക്ക് ശരിക്കും പുറത്തേക്ക് പോകണമെന്ന് ആഗ്രഹമുണ്ടായിരുന്നില്ല. ഭർത്താവിന്റെ ആഗ്രഹത്തിന്റെ പുറത്താണ് ഞാനും പോയത്. സ്ഥിരമായി അവിടെ താമസിക്കാൻ എനിക്കു താൽപര്യമുണ്ടായിരുന്നില്ല. കുറച്ചൊക്കെ എന്റെ അനുഭവങ്ങൾ തന്നെയാണ് ഞാൻ 'ബർസ'യിൽ ആവിഷ്കരിച്ചിട്ടുള്ളത്.

? സ്ത്രീയുടെ വൈകാരികലോകത്തെ ഉൾക്കൊള്ളാതിരിക്കുക

മതങ്ങളുടെ പൊതുസ്വഭാവമാണ്. ഇസ്ലാംമതം അതിൽ വേറിട്ടു നിൽക്കുന്നുണ്ടോ..

സ്ത്രീകളുടെ സ്വാതന്ത്ര്യം എന്നുപറഞ്ഞാൽ അത് ഒരു കാലഘട്ടത്തിന്റെ പാശ്ചാത്തലത്തിൽ നോക്കേണ്ടതാണ്. 1400 വർഷം മുൻപുള്ള തീരെ സ്വാതന്ത്ര്യമില്ലാതിരുന്ന ഒരു കാലത്താണ് മുഹമ്മദ്നബി സ്ത്രീകളുടെകൂടെ സഭയിൽ ഒന്നിച്ചിരുന്ന് ചർച്ച ചെയ്യുകയുമൊക്കെ ചെയ്തിട്ടുള്ളത്. വലിയൊരു വിപ്ലവമായിരുന്നു അന്നത്. പിന്നീടത് മാറി. സമൂഹത്തിന്റെ നിയന്ത്രണം കയ്യിലാവുക എന്നാൽ സ്ത്രീയെ നിയന്ത്രണത്തിലാക്കുക എന്നായി മാറിയിരിക്കുന്നു. എന്നുവെച്ചാൽ കുടുംബമാണ് ഒരു പ്രധാനയൂണിറ്റ്. രാഷ്ട്രീയമാണ് ശരിക്കുമത്. സ്വാതന്ത്ര്യത്തെപ്പറ്റി ഇന്നു കൂടുതൽ ചിന്തിക്കുന്നത് മുസ്ലീംസ്ത്രീകളാണ്. കൂടുതൽ സഹിക്കേണ്ടി വരുന്നതുകൊണ്ടാണ് അവൾ ആ തരത്തിൽ ചിന്തിക്കുന്നത്. ഖുർആനെ ഇങ്ങനെയും വിശകലനം ചെയ്യാം എന്ന സാധ്യതകൾ സ്ത്രീകളാണ് കൂടുതലും ആവിഷ്കരിക്കുന്നത്.

? സ്വന്തം മതദർശനം...

എനിക്ക് സത്യം പറഞ്ഞാൽ മതം വേണമെന്നു നിർബന്ധമില്ല. ആത്മീയതയ്ക്കു മതം ആവശ്യമില്ല എന്നുതന്നെയാണ് ഞാൻ വിശ്വസിക്കുന്നത്. എന്റെ ആത്മീയതയിൽ മതം ഒരു എലമെന്റേയല്ല. പക്ഷെ സമൂഹത്തിന്റെ ഭാഗമായതുകൊണ്ട് മതത്തെ നമ്മൾ ആദരിക്കേണ്ടിവരും. രാവിലത്തെ പ്രാർത്ഥന എനിക്കിഷ്ടമാണ്. സ്ട്രിക്ട് ആയിട്ട് ആ രീതിയിൽ ചെയ്തില്ലെങ്കിൽ ശിക്ഷിക്കും എന്നു പറയുന്ന ദൈവമല്ല, സ്നേഹത്തിന്റെ ദൈവമാണ് എന്റേത്. എന്റെ ആത്മീയത അതാണ്.

? ഏകഭാര്യാത്വം ഇന്ത്യൻ ഇസ്ലാമികപാരമ്പര്യത്തിൽ വരുത്തിയ മാറ്റങ്ങളെക്കുറിച്ച്...

സംസ്കൃതചിത്തരായ ഇന്ത്യൻ മുസ്ലീംങ്ങൾക്കൊന്നും ബഹുഭാര്യാത്വം മനസ്സുകൊണ്ട് സ്വീകരിക്കാൻ പറ്റും എന്നെനിക്കു തോന്നുന്നില്ല. ബഹുഭാര്യാത്വം ഇന്നും നിലനിൽക്കുന്നില്ലേ എന്നു ചോദിച്ചാൽ ഉണ്ട്. പ്രത്യേകമായ ഒരു മതബോധം വരുന്നതിന്റെ ഭാഗമായിട്ട് കുറേപേരൊക്കെ അതു ചൂഷണം ചെയ്യുന്നുണ്ട്.

? സൗദിയെപ്പോലുള്ള രാഷ്ട്രങ്ങളിൽ സ്ത്രീകൾ അനുഭവിക്കുന്ന അടിമത്തത്തിന്റെ തലങ്ങളെ വിശദീകരിക്കാമോ...

നമ്മൾ മിസ്കീനുകളാണ്. നമ്മൾ ജോലിതേടി അവിടെ വന്നവരല്ലേ. അവരുടെ പണം കൊണ്ടാണല്ലോ നമ്മൾ ജീവിക്കുന്നത്. അതിന്റെയൊരഹങ്കാരം അവർ കാണിക്കും. അമേരിക്കയിൽ നിന്നെത്തുന്നവർക്കൊക്കെ നല്ല ട്രീറ്റ്മെന്റാണ് കിട്ടുന്നത്. നേരെമറിച്ച് മൂന്നാംലോകരാഷ്ട്രങ്ങളിൽനിന്നും വരുന്നവരോട് പുച്ഛമാണ്. എങ്കിലും ഡോക്ടർമാരെയൊക്കെ ഒരുവിധം അംഗീകരിക്കും.

? സ്വദേശം പ്രവാസിയെ അലട്ടുന്നതിനെക്കുറിച്ച്...

അമേരിക്കപോലെയുള്ള രാജ്യങ്ങളിൽ എസ്റ്റാബ്ലിഷ്ഡ് ആയതു കൊണ്ട് അവിടെ ജീവിക്കാനാണ് കൂടുതൽപേരും ആഗ്രഹിക്കുക. സൗദിയിലാണെങ്കിൽ നമ്മുടെ മനസ്സൊക്കെ ഇവിടെയായിരിക്കും. നമ്മൾ ഒരുകാലൂന്നികൊണ്ടുമാത്രമേ അവിടെ നിൽക്കുന്നുള്ളൂ. ഇങ്ങോട്ടു വരണമെന്നുള്ള ആഗ്രഹമാണ് മനസ്സിൽ. നിയന്ത്രണങ്ങൾ കൂടുതലുള്ളതുകൊണ്ട് കൂടിയായിരിക്കും അങ്ങനെ തോന്നുന്നത്.

?	പ്രവാസം സൃഷ്ടിക്കുന്ന ഭാഷാപരമായ സംഘർഷങ്ങളെക്കുറിച്ച്...

സൗദിയിലൊക്കെ ആയിരിക്കുമ്പോൾ ഭാഷയെപ്പറ്റിയൊക്കെ നമുക്കൊരു വേവലാതിയുണ്ടാകും. നാലുദിവസം കഴിഞ്ഞാലെ മലയാളംപത്രം കിട്ടുകയുള്ളൂ. ഒന്നായിട്ടാണ് കിട്ടുക. എന്നാലും മുഴുവനും അവിടെയിരുന്ന് വായിച്ചുതീർക്കും. ഭാഷ വായിക്കണം എന്ന ആഗ്രഹമാണ് കൂടുതൽ അലട്ടുന്നത്. പലരും ചോദിക്കാറുണ്ട് ഇംഗ്ലീഷ്പത്രം വായിച്ചാൽ പോരെയെന്ന്. ന്യൂസിനുവേണ്ടിയല്ല. നാടിന്റെ തുടിപ്പുകൾത്തന്നെ കിട്ടണം എന്നതാണ് അതിനു പിന്നിലുള്ളത്.

?	സ്ത്രീ പ്രവാസത്തെക്കുറിച്ചുള്ള രചനകൾ അധിവും ഉണ്ടാകുന്നില്ല. അഭിപ്രായം...

നമ്മൾ മനസ്സിൽ തന്നെ ഉണ്ടാക്കിയെടുക്കുന്ന കുറേ റെസ്ട്രിക്ഷൻസ് ഉണ്ട്. അങ്ങനെ എഴുതുന്നതിലൊക്കെ നമുക്ക് അത്തരം നിയന്ത്രണങ്ങൾ ഫീൽ ചെയ്യും. ആരെയും വെറുപ്പിക്കരുത്, മതത്തെ വെറുപ്പിക്കരുത് എന്നു ചിന്തിച്ച് എഴുതുമ്പോൾ എഴുത്തിന് ജീവനില്ലാതെയാകും. സമൂഹത്തെ ഭയന്ന് എഴുതേണ്ടായെന്നു വെയ്ക്കുന്നവരുണ്ടാകും.

# അനുബന്ധം - 2

## ബെന്യാമിനുമായി നടത്തിയ അഭിമുഖം

? ഗൾഫ് അനുഭവങ്ങൾ എഴുത്തിനെ സ്വാധീനിച്ചിട്ടുണ്ടോ?

എഴുത്തിൽ വഴിത്തിരിവായ ഘടകത്തെക്കുറിച്ച്...

എന്റെ രചനകൾ മൊത്തത്തിൽ എടുത്തു നോക്കുകയാണെങ്കിൽ ഗൾഫ് അനുഭവങ്ങൾ കുറവാണ്. എന്നാൽ ഗൾഫിലെ ജീവിതമാണ് എന്നെ എഴുത്തിലേക്കു കൊണ്ടുവന്നത് എന്നു പറയാം. ഗൾഫിലെ ഒരു ദീർഘമായ കാലയളവ് വായനയുടേതായിരുന്നു. അതാണെന്നെ എഴുത്തിലേക്കു കൊണ്ടുവന്നത്. ഗൾഫിൽ അനുഭവിക്കേണ്ടിവന്ന ഏകാന്തത, അതിന്റെയൊരു മരവിപ്പ് ഒക്കെ മറികടക്കാനാണ് വായനയിലേക്ക് തിരിഞ്ഞത്. പിന്നെ മറ്റൊരുകാര്യം ജോലികഴിഞ്ഞു കിട്ടുന്ന അധികസമയം അതെങ്ങനെ വിനിയോഗിക്കണമെന്ന ഭ്രാന്തമായ അന്വേഷണം, ഇതൊക്കെയാണ് എന്നെ എഴുത്തിലേക്കു തിരിച്ചുവിട്ടത്. ഗൾഫിലെ ജീവിതം എന്നെ എഴുതാൻ പ്രേരിപ്പിച്ച പ്രധാനഘടകമാണ്.

? നജീബ് എന്ന വ്യക്തിയെ കണ്ടുമുട്ടിയതു മാത്രമാണോ 'ആടുജീവിത' ത്തിനു പ്രേരകമായത് ?

അങ്ങനെയല്ല. എന്റെയുള്ളിൽ അതിനു മുൻപുതന്നെ രണ്ടു കാര്യങ്ങളുണ്ടായിരുന്നു. ഒന്ന് ഗൾഫിൽ നിന്ന് രചനകൾ ഉണ്ടാകുന്നില്ല

എന്ന യാഥാർത്ഥ്യം. ഗൾഫിലെ ജീവിതം ആവിഷ്കരിക്കാൻ ഞാൻ വല്ലാതെ ആഗ്രഹിച്ചിരിക്കുന്ന സമയം. മറ്റൊന്ന് ഒരു മനുഷ്യൻ വല്ലാതെ ഒറ്റപ്പെട്ടുപോയാൽ അവനും ദൈവവും മാത്രമുള്ള ഒരു ലോകം. എങ്ങനെയായിരിക്കും അവൻ അതിനെ അതിജീവിക്കുക എന്ന ചോദ്യം ഞാൻ ഉള്ളിൽ ചോദിച്ചുകൊണ്ടേയിരുന്നു. ഒരാൾ ഒറ്റയ്ക്ക് – ഒരാൾ മാത്രമുള്ള ലോകം. എങ്ങനെ അതിനെ എഴുത്തിലേക്കു കൊണ്ടുവരും? അതിനെ ഒരു ഫ്രെയിം വർക്കിലേക്ക് കൊണ്ടുവരാനുള്ള കഥ നമ്മുടെ കയ്യിൽ ഇല്ല. ഈ വിഷയം എന്റെയുള്ളിൽ കിടക്കുന്ന സമയത്താണ് ഞാൻ നജീബിനെ കണ്ടുമുട്ടുന്നത്. കഥ കേട്ടപ്പോൾ ഈ ചിന്തകളെല്ലാം ഇറക്കിവെയ്ക്കാൻ പറ്റിയ കഥാപാത്രമാണെന്നു തോന്നി. അല്ലാതെ ഒരു കഥ കേട്ടപ്പോൾ എന്നാൽ പിന്നെ അതെഴുതാം എന്നു വിചാരിച്ചതല്ല.

? ആത്മീയതയെക്കുറിച്ച് – നിരീശ്വരവാദിയായ യഥാർത്ഥ നജീബിനെ ഈശ്വരവിശ്വാസിയാക്കിയതിന്റെ അടിസ്ഥാനം ....

ജീവിതത്തിൽ ഒറ്റയ്ക്കാവുകയും നമ്മളും ദൈവവും മാത്രമാവുകയും ചെയ്യുന്ന അവസ്ഥയിലാണ് യാഥാർത്ഥ ആത്മീയത ഉണ്ടാകുന്നത്. പ്രകൃതിയാണ് അവന്റെ വഴികാട്ടിയായിത്തീരുന്നത്. നജീബിന് രക്ഷപ്പെടലിന്റെ എല്ലാ സൂചനകളും കൊടുക്കുന്നത് പ്രകൃതിയാണ്. പ്രകൃതിയാണ് നമ്മുടെ പാഠം. നമ്മൾ ഒരു സമൂഹത്തിലായിരിക്കുമ്പോഴാണ് മതത്തിന്റേതായ പ്രശ്നങ്ങളിലേക്കു പോകുന്നതും മതം ആത്മീയതുടെ മുകളിൽ ഇടം സ്ഥാപിക്കുകയുമൊക്കെ ചെയ്യുന്നത്. അതൊക്കെയിറക്കി വയ്ക്കാൻ പറ്റിയ കഥ കിട്ടി എന്നതിൽ ഞാൻ സന്തോഷവാനാണ്.

? മറ്റൊരാളുടെ ജീവിതകഥ എന്നതിനപ്പുറം എഴുത്തുകാരനുൾപ്പെടെയുള്ള പ്രവാസ ലോകത്തെ 'ആടുജീവിതം' പ്രതിനിധീകരിക്കുന്നുണ്ടോ ? ഏതു വിഭാഗത്തെയാണ് പ്രതിനിധീകരിക്കുന്നത് ?

എന്നു പറയാൻ പറ്റില്ല. പ്രവാസലോകത്തിന്റെ ഒരേടുമാത്രമാണത്. ഇതേസ്ഥലത്തുപോയി നല്ല ജീവിതം നയിക്കുന്ന ധാരാളം പേരുണ്ടാകാം. ജീവിതം മെച്ചപ്പെട്ട അവസ്ഥകളുമുണ്ട്. എങ്കിലും എവിടെയൊക്കെയോ ചില ഇടങ്ങളിൽ വെച്ച് നജീബ് തങ്ങളുടെ ഓരോരുത്തരുടേയും ജീവിതവുമായി കൂട്ടിമുട്ടുന്നുണ്ടോ എന്ന് ഓരോ മലയാളിയും ചിന്തിച്ചെടുക്കുമ്പോഴാണ് തങ്ങളുടെ കഥയെന്ന് തോന്നുന്നത്. കഥാസന്ദർഭങ്ങൾ ഒരുപക്ഷെ അവരുടെ ജീവിതത്തിൽ ഉണ്ടായിട്ടില്ലായിരിക്കാം. പക്ഷെ മറ്റിടങ്ങളിൽ - ഭാര്യയെ പിരിഞ്ഞുപോകുന്ന അവസരങ്ങളായിരിക്കാം, ആളുകളുടെയിടയിൽ ഒറ്റപ്പെട്ടുപോകുന്ന അവസ്ഥകൾ ഉണ്ടാകുമ്പോൾ അവൻ അവന്റെ ദേശത്തെക്കുറിച്ചു ചിന്തിക്കുന്നു. ഏതെങ്കിലും രീതിയിലൊക്കെ ഈ കഥ വായിക്കുമ്പോൾ ഞാനുമായി ഫെയ്സ് ടു ഫെയ്സ് വരുന്നുണ്ടോയെന്ന് മലയാളികൾക്ക് തോന്നിപ്പോകും. എന്നാൽ പൊതുവെ പറയുമ്പോൾ ഗൾഫ് ജീവിതത്തിന്റെ ഒരേടു മാത്രമായി ഇതിനെ കാണേണ്ടിവരും.

? ബഹുസാംസ്കാന്തരീക്ഷം പ്രവാസിയിൽ ചെലുത്തുന്ന സ്വാധീനം വിശദമാക്കുക ?

കേരളത്തിൽ നിന്നുപോകുന്ന ഒരാളെ സംബന്ധിച്ച് നൂറിലധികം രാജ്യങ്ങളിൽ നിന്നുവരുന്ന മനുഷ്യരുമായി ഇടകലർന്നു ജീവിക്കുക

പ്രയാസം തന്നെയാണ്. ഒരു ലേബർക്ലാസിനെ സംബന്ധിച്ച്, ലേബർ ക്യാമ്പിൽ ഒരേ മുറിയിൽ വിവിധദേശങ്ങളിൽ സംസ്കാരങ്ങളിൽ നിന്നുള്ളവരുമായി കഴിയേണ്ടിവരിക, വിവിധ മതങ്ങളും ഭാഷകളും പരസ്പരം പങ്കുവെക്കുക അതിനെല്ലാമുള്ള സാഹചര്യങ്ങളുണ്ട്. അവിടെവെച്ച് അവന്റെ പുതിയൊരു ഐഡിന്റിറ്റി തന്നെ കണ്ടെത്താം. എഴുത്തുകാരനെന്ന നിലയിൽ നോക്കി കാണുമ്പോൾ വിവിധയിടങ്ങളിൽ നിന്നുവന്നു ചേർന്നിട്ടുള്ള ആളുകളെ, അനുഭവങ്ങളെ കണ്ടുമുട്ടുകയാണ്. നമ്മുടെ അനുഭവമണ്ഡലം വല്ലാതെ വികസിക്കുകയും നമ്മൾ മറ്റൊരു മനുഷ്യനായിത്തന്നെ മാറുകയും ചെയ്യുന്നു.

? ദേശമാറ്റത്തിൽ ഒരാൾക്ക് ആദ്യം നഷ്ടപ്പെടുക ഭാഷയായിരിക്കും. നജീബിനാകട്ടെ രണ്ടുഭാഷയും അന്യമാണ്. ഈ ഭാഷാ പ്രതിസന്ധിയെക്കുറിച്ച് വിശദമാക്കാമോ ?

അതൊരു വല്ലാത്ത വീർപ്പുമുട്ടലാണ് എന്നുള്ളതാണ്. നമ്മുടെ സ്വത്വപ്രതിസന്ധിയുടെ ആദ്യഘട്ടം തുടങ്ങുന്നത് ഭാഷ നഷ്ടപ്പെടുന്നതോടു കൂടിയാണ്. അവിടുത്തെ ഭാഷയറിയില്ല. ഇവിടുത്തെ ഭാഷ പ്രയോജനമില്ലാത്ത ഒരു ഭാഷയായിത്തീരുകയും ചെയ്യുന്നു. ഉള്ളിലുള്ള കാര്യങ്ങൾ എങ്ങനെ എക്സ്പ്രസ്സ് ചെയ്യണം എന്ന വീർപ്പുമുട്ടൽ - അതാണെന്നു തോന്നുന്നു, ഏതൊരു പ്രവാസജീവിതത്തിന്റേയും ആദ്യ സംഘർഷങ്ങളിലൊന്ന്. ദേശനഷ്ടത്തേക്കാൾ ഒരുപക്ഷെ ഭാഷാനഷ്ടമാണ് പ്രവാസിയെ അലട്ടുന്നത്.

? 'മസറ'യിൽ നജീബിന്റെ ജീവിതംപോലെ ചൂഷണത്തിനിരകളാക്കപ്പെടുന്നവർ നയിക്കുന്ന അടിമത്തം മൂന്നാംലോകരാജ്യപ്രവാസികൾക്കു നേരെ നടത്തുന്ന ചൂഷണമായാണോ തിരിച്ചറിയപ്പെടേണ്ടത് ?

അങ്ങനെത്തന്നെയാണ്. കാരണം പ്രവാസികൾക്ക് നിയമങ്ങളെക്കുറിച്ച് കൃത്യമായുള്ള ധാരണയില്ലായ്മ, ഇവരെ അയയ്ക്കുന്ന രാജ്യങ്ങൾക്ക് ഇവരെക്കുറിച്ച് ഉത്തരവാദിത്വമില്ലായ്മ ഇതെല്ലാം ഇതിന്റെ ഭാഗമാണ്. ഇന്ത്യയിൽ നിന്ന് ഒരാളെ അയയ്ക്കുമ്പോൾ അയാൾ ഏതു ജോലി ചെയ്യുന്നു? എങ്ങനെ ജീവിക്കുന്നു? ആരാണ് അയാളുടെ സ്പോൺസർ? ഈ വക കാര്യങ്ങളെക്കുറിച്ചുള്ള യാതൊരമ്പേഷണവും സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകുന്നില്ല. മറ്റു മൂന്നാംലോകരാജ്യങ്ങളിൽ നിന്നു വരുന്നവരൊക്കെയും അങ്ങനെയാണ്. സാധാരണക്കാരായ തൊഴിലാളികളുടെ തൊഴിലിടങ്ങളിലൊക്കെയും ഈ പ്രശ്നമുണ്ട്. നജീബിന്റേത് ഒറ്റപ്പെട്ട പ്രശ്നമാകാം. എല്ലാ തൊഴിലിടങ്ങളിലും ഇവരുടെ ഈ അജ്ഞതയെ മുതലെടുക്കുകയും അവൻ ഈ പ്രശ്നങ്ങളിലൊക്കെ ചെന്നുപെടുകയും ചെയ്യുന്നു. അവന് കൃത്യമായ വേതനം നൽകാതിരിക്കുക, അവന് കൃത്യമായ അവധി നൽകാതിരിക്കുക, കൂടുതൽ സമയം പണി ചെയ്യിപ്പിക്കുക, അവനെ ക്രൂരമായ മർദ്ദനങ്ങൾ ഏൽപ്പിക്കുക ഇത്തരത്തിലുള്ള നടപടികൾ ഇന്നും നിലനിൽക്കുന്നുണ്ട്. അതിന്റെ റപ്രസന്റേഷനായി നജീബിനെ കാണാം.

? ഇത്തരം ചൂഷണങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടാതെ പോകുന്നുണ്ടോ ? ഗവൺമെന്റുകൾക്ക് ഇടപെടാൻ കഴിയാത്തതിന്റെ സാഹചര്യം വിശദമാക്കാമോ ?

ഇതു രണ്ടും ഉണ്ടെന്നുള്ളതാണ്. നമ്മുടെ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ദേശം വിട്ടുപോകുന്നവർ എത്രയെന്നതിനെ സംബന്ധിച്ച് കൃത്യമായ കണക്കില്ല. കണക്കുണ്ടെങ്കിൽ തന്നെ പുറത്തു പറ

യുന്നില്ല. കാരണം അന്താരാഷ്ട്ര സമൂഹത്തിനു മുമ്പിൽ ഇത്രയും ആൾക്കാർ തൊഴിലില്ലാതെ പുറംദേശത്തേക്കു പോകുന്നു എന്നു പറയുന്നതിന് ഇന്ത്യക്ക് ചെറിയ പ്രശ്നമുള്ളതുകൊണ്ടാണ് ഇത് ഒളിപ്പിച്ചുവെയ്ക്കുന്നത്. പ്രവാസികൾ അവിടെ ചെന്നു കഴിഞ്ഞാൽ തന്നെ അവിടുത്തെ രാജ്യത്തിന്റെ നിയമങ്ങളിലേക്ക് ഇവിടുത്തെ സർക്കാറിന് – എംബസിക്കു പോലും ഇടപെടാൻ കഴിയാത്ത അവസ്ഥയാണ്. ഇതുരണ്ടും കൂടിചേർന്ന അവസ്ഥയാണ് ഈ കാര്യത്തിലുള്ളത്. മറ്റുചില രാജ്യങ്ങളൊക്കെ കൃത്യമായ ധാരണകളോടെയാണ് പ്രവാസികളെ വിടുന്നത്. അപ്പോൾ നമ്മുടെ സർക്കാരിന്റെ അനാസ്ഥ ഒരു പ്രധാന കാരണം തന്നെയാണ്. അത് അവർ കൃത്യമായി മുതലെടുക്കുകയാണ്.

? ഗൃഹാതുരത ഗൾഫ് പ്രവാസിയിൽ തീവ്രമാകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

കുടുംബത്തെ നാട്ടിലുപേഷിച്ചു പോകുന്നവർ ഒരുപക്ഷെ ഗൾഫിൽ പോകുന്നവർ മാത്രമായിരിക്കും. കുടുംബം ഇവിടെയായി എന്നത് ഗൾഫ് പ്രവാസികളുടെ വലിയൊരു വിഷമമാണ്. മറ്റൊരു കാര്യം അവർക്ക് ഒരിക്കലും അവിടെ വേരുവപ്പിക്കാൻ കഴിയില്ല എന്നതാണ്. അവൻ തിരിച്ചുവരേണ്ടവനാണ്, അവന്റെ മണ്ണിതാണ് എന്ന ഒരു വലിയ ബോധ്യവും അവന്റെയുള്ളിലുണ്ട്. ഈ രണ്ടുകാര്യങ്ങൾ കൊണ്ടാണ് അവന് ഗൃഹാതുരത തീവ്രമാകുന്നത്. മാത്രമല്ല അവന് അവിടെ അനുഭവിക്കേണ്ടിവരുന്നത് ഏകാന്തത കൂടിയാകുമ്പോൾ അതിന്റെ ആക്കം വല്ലാതെ വർദ്ധിക്കുന്നു. എപ്പോഴും മണ്ണിങ്ങനെ തിരിച്ചു വിളിക്കുന്നു എന്ന തോന്നലാണവന്.

? ഇബ്രാഹിം ഖാദരി എന്ന സുഡാൻകാരനാണ് നജീബിന് മസറ യിൽനിന്നും രക്ഷപ്പെടാൻ വഴികാട്ടിയായി മാറുന്നത്. അന്യദേശ ക്കാരനെ രക്ഷകനാക്കിയതിനു പിന്നിലെ കാരണം?

ഇബ്രാഹിം ഖാദരിയെ രക്ഷകനാക്കിയതിനു കാരണം മരുഭൂമിയെ ക്കുറിച്ച് ധാരണയുള്ള ഒരാൾ ആയിരിക്കണം എന്നുള്ള ഒരു കാഴ്ച പ്പാടിൽ നിന്നാണ്. പുറത്തുനിന്നുവരുന്ന ഒരാൾക്ക് മരുഭൂമിയുടെ ദിശയറിയുക സാധ്യമായ കാര്യമല്ല. മരുഭൂമിയെക്കുറിച്ച് ജ്ഞാന മുള്ള,പ്രകൃതിയുമായി അടുത്തു പരിചയമുള്ള, മരുഭൂമിയിൽ ജീവിച്ചുപരിചയമുള്ള ഒരാൾക്കു മാത്രമേ മരുഭൂമിയുടെ ഓരോ ഇടവും തിരിച്ചറിയാനാവൂ. നോവലിൽ തന്നെ പല്ലിയെ കണ്ടിട്ടാണ് മരുഭൂമി യിൽ വെള്ളമുള്ള സ്ഥലം ഖാദരി തിരിച്ചറിയുന്നത്. അത് പുറത്തു നിന്നു വരുന്ന ഒരാൾക്ക് മനസ്സിലാക്കാൻ കഴിയില്ല. ശരിക്കു മരുഭൂ മിയെ അറിയുന്ന ഒരാൾക്ക് മാത്രമേ അതറിയാനാവൂ. അതുകൊ ണ്ടാണ് ഞാനതുപോലുള്ള ഒരു കഥാപാത്രത്തെ സൃഷ്ടിച്ചത്. അതു മാത്രമല്ല അയാൾ മനുഷ്യസ്നേഹികൂടിയാണ്. കുറ്റവാളികളുടെ കൂട്ട ത്തിലാണ് നോവലിന്റെ ആദ്യം ഇയാളെ കണ്ടുമുട്ടുന്നത്. ഒരു ദേശം കുറ്റവാളിയെന്നു മുദ്രകുത്തിയ ഒരാളിൽ പോലും അന്യനോടുള്ള സഹാനുഭുതി എത്രയെന്നു കാണിക്കുന്നതിനു വേണ്ടി കൂടിയാണ് അങ്ങനെയൊരു കഥാപാത്രത്തെ ആ രീതിയിൽ ചിത്രീകരിച്ചത്.

? നജീബിന്റെ അർബാബ് മൊത്തം അറബ് സമൂഹത്തെ പ്രതിനിധിക രിക്കുന്നുണ്ടോ?

ഒരിക്കലുമില്ല. സംസ്കാരചിത്തരായ ധാരാളം മനുഷ്യർ ഉള്ള ദേശ

മാണത്. ധാരാളം സ്നേഹസമ്പന്നരായ മനുഷ്യർ ഉണ്ടവിടെ. ചെറിയ ന്യൂനപക്ഷം മാത്രമാണ് നജീബിന്റെ അർബാബിനെപ്പോലുള്ളവർ. എന്നാൽ മൊത്തം മുതലാളിമാരെ അയാൾ പ്രതിനിധികരിക്കുന്നുമുണ്ട്. മുതലാളിമാരിൽതന്നെ നല്ലവരും ക്രൂരന്മാരുമുണ്ട്. നജീബിനെ രക്ഷപ്പെടുത്തികൊണ്ടുപോകുന്നത് കാറിൽ കേറ്റികൊണ്ടുപോകുന്നത് സ്നേഹസമ്പന്നനായ മറ്റൊരു അറബിയാണ്. അതുകൊണ്ടുതന്നെ അത് മൊത്തം അറബ്ലോകത്തെ പ്രതിനിധികരിക്കുന്നുവെന്ന് നമുക്കു പറയാൻ കഴിയില്ല.

? തിരിച്ചുവരവ് എല്ലാ പ്രവാസികളെയും ഒരുപോലെ അലട്ടുന്ന ഒന്നാണോ?

പ്രവാസിയുടെ ദേശഭാവനയെക്കുറിച്ച്......

കേരളത്തെ ആഴത്തിൽ ശ്രദ്ധിക്കുന്നത് പ്രവാസികളാണ്. തിരിച്ചുവരവ് ആഗ്രഹിക്കുന്നവൻ എന്ന നിലയിൽ നാടിന്റെ രാഷ്ട്രീയസാമൂഹിക മാറ്റങ്ങളെക്കുറിച്ച് അവർക്ക് ആശങ്കയാണ്. ഇവിടെയൊരു കലാപമുണ്ടായാൽപോലും അതവനെ ബാധിക്കുന്ന പ്രശ്നമായി തോന്നും. മറ്റൊന്ന് പുറത്തുപോയവരെ സംബന്ധിച്ച് അവൻ പുറത്തുപോയ കാലത്ത് സ്റ്റക്ക്ഡ് ആണ്. അതിൽനിന്നു പിന്നെ കേരളം വളർന്നതിനെക്കുറിച്ച് അവർ ബോധവാന്മാരല്ല. ഇവിടെ വന്നതിനു ശേഷം പിന്നെ ആ കാലത്തിൽ ജീവിക്കാനാഗ്രഹിക്കുകയും അന്നത്തെ പുഴയും തോടും ഒക്കെ സ്വപ്നം കാണുകയും ചെയ്യുകയാണ്. അവൻ മനസ്സിൽ സങ്കൽപ്പിക്കുന്ന ദേശത്തെക്കുറിച്ചുള്ള ഉട്ടോപ്യയല്ല ഇവിടെ നിലനിൽക്കുന്നത്. അവൻ അനുഭവിക്കുന്ന ദുരിതങ്ങളൊന്നുമില്ലാത്ത ദേശത്തെ അവൻ സങ്കൽപ്പിക്കുകയാണ്. പക്ഷെ ഇവിടെ വന്ന് പത്താംനാൾ അവൻ തിരിച്ചറിയും ഇതൊന്നുമല്ല ഇവിടെ നിലനിൽക്കുന്നതെന്ന

# അനുബന്ധം - 3

## ഗവേഷണപ്രബന്ധവുമായി ബന്ധപ്പെട്ട ലേഖനങ്ങളുടെ വിവരങ്ങൾ

1. Jaisy David (2015) "പ്രവാസത്തിന്റെ നാനാർത്ഥങ്ങൾ", *Research Scholar, peer refereed quarterly inter Disciplinary Research Journal.* Vol. 5, No. 1, March, ISSN 2249 – 6696.

2. Jaisy David and Dr. A.N. Krishnan (2015) "പ്രവാസ ജീവിതവും അന്യവൽക്കരണവും - പ്രവാസിയുടെ കടൽ എന്ന നോവലിനെ ആസ്പദമാക്കി ഒരു പഠനം.", *Research scholar, peer refereed quarterly inter Disciplinary Research Journal.* Vol. 5, No. 2, June, ISSN 2249 – 6696.

## ഗവേഷണവുമായി ബന്ധപ്പെട്ട പ്രബന്ധാവതരണങ്ങളുടെ വിവരങ്ങൾ

1. "പ്രവാസജീവിതം - സാഹിത്യത്തിൽ" National seminar on *'literature: writing and reading'* organized by Malayalam post graduate department. K.K.T.M Govt. College, P.O.Pullut, Thrissur.

2. "കോളനിയനന്തര ആഖ്യാനം - വേരുകളിൽ" National Seminar on *regionalism and Nationalism in post colonial India* organized by the department of Malayalam, Vimala College, Thrissur, 9th and 10th October 2014.

3. “പ്രവാസത്തിന്റെ നാനാർത്ഥങ്ങൾ” UGC sponsored national seminar on *‘storytelling beyond Aesthetics’* organized by post graduate and research department of Malayalam, Sree Keralavarma College, Thrissur, 11th, 12th, 13th February 2015.

*******************************